# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

2017 മാർച്ച് 9, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 165 – നമ്പർ 10

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

2017 മാർച്ച് 9, വ്യാഴം

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ.വി.കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ.ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

52/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....32

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....32
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....85

**II അടിയന്തരപ്രമേയം**

സദാചാര ഗുണ്ടായിസം

— ശ്രീ. ഹൈബി ഈഡൻ

(അവതരണാനുമതി നിഷേധിച്ചു) ....378

**III മേശപ്പുറത്തുവച്ച കടലാസുകൾ**

ചട്ടം 236(6) പ്രകാരമുള്ളത് ....401

**IV റിപ്പോർട്ട് സമർപ്പണം**

1. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ പന്ത്രണ്ട് മുതൽ ഇരുപത്തിയൊൻപത് വരെയുള്ള റിപ്പോർട്ടുകൾ ....405
2. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട ....405
3. സബ്ജക്ട് കമ്മിറ്റി V-ന്റെ 2016- ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് ....405

**V ധനകാര്യം**

2016-17 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും ....406

**VI അനുബന്ധം** ...460

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

*2017 മാർച്ച് 9, വ്യാഴം*

വാല്യം 165] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10

നിയമസഭ 2017 മാർച്ച് മാസം 9-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......... ഓർഡർ........ ചോദ്യം നമ്പർ *211

### വനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ഭൂമി

1 (*211) ശ്രീ. പി. ടി. തോമസ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ നിയമം പൂർണ്ണതോതിൽ സംസ്ഥാനത്ത് പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇതുവരെ എത്രപേർക്ക് ഭൂമിയിൽ അവകാശം നൽകി;

(സി) വനാവകാശ നിയമം നടപ്പിലാക്കുന്നതിൽ വനം വകുപ്പിന്റെ ഭാഗത്തുനിന്നും ഏതെങ്കിലും തരത്തിലുള്ള എതിർപ്പ് ഉണ്ടാകുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ഉപജീവനത്തിന് വനത്തെ ആശ്രയിക്കുന്ന കൊറഗ സമുദായം ഉൾപ്പെടുന്ന കാസർഗോഡ് ജില്ലയിൽ വനാവകാശ നിയമം ബാധകമാക്കി യിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഇ) ആദിവാസി വിഭാഗത്തിൽപ്പെടുന്ന അർഹതയുള്ള എല്ലാവർക്കും ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി ഭൂമി ലഭ്യമാക്കുമോ എന്നറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

(എ) വനാവകാശ നിയമം പൂർണ്ണ തോതിൽ സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(ബി) സംസ്ഥാനത്താകെ വനാവകാശ നിയമപ്രകാരം 25081 പേർക്ക് 33,778 ഏക്കർ സ്ഥലം വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ 164 സാമൂഹിക അവകാശങ്ങൾക്ക് (കമ്മ്യൂണിറ്റി റൈറ്റ്സ്) അംഗീകാരം നൽകിയിട്ടുണ്ട്.

469 അപേക്ഷകളിന്മേൽ 204 ഏക്കർ ഭൂമിക്ക് വികസന അവകാശങ്ങൾക്ക് (ഡെവലപ്മെന്റ് റൈറ്റ്സ്) അംഗീകാരം നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് വനാവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി ആകെ 38164 അപേക്ഷകൾ ലഭിച്ചിരുന്നു. 2006-2011 കാലഘട്ടത്തിൽ 36123 അപേക്ഷകളും 2011-2016-ൽ 943 അപേക്ഷകളും 2016-17-ൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1098 അപേക്ഷകളുമാണ് ലഭിച്ചത്. 8008 അപേക്ഷകൾ നിരസിക്കപ്പെട്ടു. വിതരണം ചെയ്യാൻ ബാക്കിയുള്ള 5075 അപേക്ഷകളിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നു. 31-3-2017-നകം നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വിതരണം ചെയ്യണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2006-2011 കാലഘട്ടത്തിൽ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ആകെ 16723 പേർക്ക് 20502 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. അക്കാലത്ത് നടപടിക്രമങ്ങൾ പൂർത്തീകരിച്ച 5720 പേർക്ക് 2011-2016 കാലഘട്ടത്തിലാണ് കൈവശാവകാശ രേഖകൾ നൽകിയത്. 2011-2016 കാലഘട്ടത്തിൽ

നടപടിക്രമങ്ങൾ പൂർത്തീകരിച്ച നൽകിയ 2502 പേരടക്കം 8222 പേർക്കാണ് ആർ.ഒ.ആർ. നൽകിയത്.

(സി) വനാവകാശ നിയമപ്രകാരം ജില്ലാതല സമിതിയിൽ (ഡി.എൽ.സി.) താഴെപ്പറയുന്ന സ്ഥലങ്ങളിൽ നിലവിലുള്ള ക്ലെയിമുകളെ സംബന്ധിച്ച് വനംവകുപ്പ് തർക്കങ്ങൾ ഉന്നയിച്ചിട്ടുണ്ട്.

1. പത്തനംതിട്ട ജില്ലയിലെ ചാലക്കയം, മൂഴിയാർ മേഖലകളിൽ 25 മലമ്പണ്ടാര സമുദായത്തിൽപ്പെട്ടവർക്ക് വനാവകാശം നൽകുന്നതിന് വനം വകുപ്പിന്റെ എതിർപ്പുകാരണം കഴിഞ്ഞിട്ടില്ല.
2. എറണാകുളം ജില്ലയിലെ താളുകണ്ടം പുനരധിവാസ കോളനിയിൽ സ്ഥലത്തിന്റെ അവകാശം സംബന്ധിച്ച് കോളനിക്കാരും വനം വകുപ്പുമായി തർക്കം നിലനിൽക്കുന്നുണ്ട്.
3. തൃശ്ശൂർ ജില്ലയിൽ ഒളകര കോളനിയിലെ 40 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വനം വകുപ്പിന്റെ എതിർപ്പുമൂലം വനാവകാശ രേഖ നൽകുവാൻ കഴിഞ്ഞിട്ടില്ല.
4. പാലക്കാട് ജില്ലയിൽ ജില്ലാതല കമ്മിറ്റി അംഗീകരിച്ച് വനാവകാശരേഖ നൽകുന്നതിന് അനുമതി നൽകിയിരുന്ന ക്ലെയിമുകളിൽ 63 എണ്ണം വനം വകുപ്പ് എതിർപ്പ് പ്രകടിപ്പിച്ചതിനെ തുടർന്ന് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. പാലക്കാട് ജില്ലയിലെ കടപ്പാറയിൽ വനാവകാശം നൽകുന്നതിനുള്ള അപേക്ഷ ജില്ലാതല കമ്മിറ്റി പാസ്സാക്കിയിട്ടും വനംവകുപ്പ് അധികൃതരുടെ തടസ്സവാദംമൂലം നൽകുവാൻ കഴിഞ്ഞിട്ടില്ല.

(ഡി) കാസർഗോഡ് വനം ഡിവിഷനിൽ വനാവകാശ നിയമം നടപ്പിലാക്കിയിട്ടില്ല. കാസർഗോഡ് വനം ഡിവിഷന്റെ പരിധിക്കകത്ത് പട്ടികവർഗ്ഗക്കാർ താമസിക്കുന്ന കോളനികളോ സെറ്റിൽമെന്റുകളോ ഇല്ലെന്ന് വനംവകുപ്പ് അധികൃതർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ കൊറഗ വിഭാഗക്കാർ വനമേഖലയോട് ചേർന്ന് ജീവിച്ചുവരുന്നവരല്ല. അവരുടെ

പരമ്പരാഗത തൊഴിലായ കുട്ടനെയ്ത്തിന് ആവശ്യമായ വള്ളികൾ ശേഖരിക്കുന്നതിന് കർണ്ണാടക സംസ്ഥാനത്തെ സുള്ള്യ പ്രദേശത്തെ വനത്തെ ആശ്രയിച്ചിരുന്നുവെങ്കിലും ഇപ്പോൾ പ്രാദേശികമായി ശേഖരിച്ചുവരികയാണ്.

(ഇ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന അർഹതയുള്ള എല്ലാവർക്കും വനാവകാശ നിയമപ്രകാരമുള്ള ഭൂമി സമയബന്ധിതമായി നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഇനി വിതരണം പൂർത്തീകരിക്കാനുള്ള 5075 അപേക്ഷകളിൽ 31-3-2017-നകം നടപടികൾ പൂർത്തീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിനെ തുടർന്ന് കാലഹരണപ്പെട്ട സബ് ഡിവിഷൻ, ജില്ലാതല സമിതികൾ പുനഃസംഘടിപ്പിക്കുകയും 133 പേർക്കുകൂടി 705 ഏക്കർ സ്ഥലത്തിനുള്ള ആർ.ഒ.ആർ. നൽകുകയും ചെയ്തിട്ടുണ്ട്.

ശ്രീ. പി. ടി. തോമസ്: സർ, സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ പട്ടികവർഗ്ഗ സമൂഹത്തിനുവേണ്ടി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ചെലവാക്കിയ തുക ഓരോ വ്യക്തിയുടെയും പേരിൽ നിക്ഷേപിച്ചിരുന്നുവെങ്കിൽ കോടിക്കണക്കിന് രൂപ ഓരോ പട്ടികവർഗ്ഗക്കാരന്റെയും പേരിൽ ഉണ്ടാകുമായിരുന്നു. നിർഭാഗ്യവശാൽ ഇടനിലക്കാരുടെ ചൂഷണമടക്കമുള്ള ക്രമക്കേടുകളുടെയും തിരിമറികളുടെയും തുടർച്ചയായി ആ മേഖലകളിൽ കാര്യമായ മാറ്റമൊന്നും വന്നിട്ടില്ല. വ്യക്തിഗത വനാവകാശം, സാമൂഹിക വനാവകാശം, വികസനാവകാശം തുടങ്ങിയ പട്ടികവർഗ്ഗക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ യു.പി.എ. സർക്കാർ വനാവകാശനിയമം നടപ്പാക്കാൻ തീരുമാനിച്ചത്. ഇവിടെ വ്യക്തിഗത വനാവകാശവും സാമൂഹിക വനാവകാശവും വികസനാവകാശവും നൽകുന്നതിലുണ്ടാകുന്ന വീഴ്ച സമയബന്ധിതമായി പരിഹരിക്കാൻ സർക്കാർ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിക്കുന്നത്; അതുസംബന്ധിച്ച ഗവൺമെന്റ് നയം വ്യക്തമാക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. ഭൂമിപ്രശ്നവുമായി ബന്ധപ്പെട്ട് ശാശ്വതമായ പരിഹാരം കാണാൻ നമുക്ക് കഴിയാത്തതിനാലാണ് കേന്ദ്രഗവൺമെന്റ് 2006-ൽ കേന്ദ്രവനാവകാശ നിയമം നടപ്പിലാക്കിയത്. അതിനുശേഷം ഇന്ത്യയിൽ 47 ലക്ഷം അപേക്ഷകൾ വന്നതിൽ 15 ലക്ഷം അപേക്ഷകൾ മാത്രമേ പരിഗണിച്ചിട്ടുള്ളൂ. അർഹതപ്പെട്ടവർക്കുപോലും

ഭൂമി നൽകാൻ കഴിഞ്ഞിട്ടില്ല. ആ സാഹചര്യത്തിൽ ഈ നിയമം നടപ്പാക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടിയാണ് അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചത്. അതിന്റെ ഭാഗമായി മുപ്പതിനായിരത്തോളം അപേക്ഷകളിൽ ഇരുപത്തിഅയ്യായിരത്തോളം പൂർത്തീകരിക്കാൻ കഴിഞ്ഞു. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ സാമൂഹ്യ വനാവകാശവും വികസനവുമായി ബന്ധപ്പെട്ടുള്ള വനാവകാശ നിയമങ്ങളും നടപ്പിലാക്കുന്ന കാര്യത്തിൽ ഇനിയും നമ്മൾ നല്ല രീതിയിൽ മുന്നോട്ട് പോകേണ്ടതുണ്ട്. അക്കാര്യത്തിൽ ശക്തമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ഇപ്പോൾ പന്ത്രണ്ടായിരത്തോളം ആദിവാസികൾക്കാണ് ഭൂമി ലഭ്യമാക്കാനുള്ളത്. അതും നമുക്ക് പൂർത്തീകരിക്കാൻ കഴിയും. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം വിളിക്കുകയും അതിനുശേഷം സബ്ജക്ട് കമ്മിറ്റിയിൽ ഈ വിഷയം ചർച്ച ചെയ്യുകയും ചെയ്തു. വനാവകാശ നിയമപ്രകാരം 4000 ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. 2005-ൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി കേന്ദ്രഗവൺമെന്റിൽ ശക്തമായ സ്വാധീനം ചെലുത്തിയതിന്റെ ഫലമായി സുപ്രീംകോടതി വിധിപ്രകാരം പത്തൊമ്പതിനായിരത്തോളം ഏക്കർ ഭൂമി ലഭിച്ചിരുന്നു. നിർഭാഗ്യവശാൽ ആ ഭൂമി വിതരണം നടത്താൻ കഴിഞ്ഞിട്ടില്ല. 19000 ഏക്കർ ഭൂമിയിൽ വിതരണം നടത്താൻ യോഗ്യമായത് 7000 ഏക്കറാണ്. ബാക്കി ഭൂമി പാറപ്രദേശമാണ്. അതിൽത്തന്നെ 1260.76 ഏക്കർ ഭൂമിയേ വിതരണം നടത്താൻ കഴിഞ്ഞിട്ടുള്ളൂ. ബാക്കി 5000 ഏക്കറോളം ഭൂമിയുണ്ട്. 4000-ത്തോളം ആദിവാസികളുടെ പ്രശ്നമാണ് പിന്നെയുള്ളത്. ടി.ആർ.ഡി.എം., ലൈഫ് പദ്ധതി, സമ്പൂർണ്ണ പാർപ്പിട പദ്ധതി എന്നിവവഴി ഈ പ്രശ്നം രണ്ടുവർഷംകൊണ്ട് പൂർണ്ണമായി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഏറ്റവും മനോഹരമായി വനങ്ങൾ സംരക്ഷിച്ചിട്ടുള്ളത് ആദിവാസികളാണ്. എന്നാൽ സാമൂഹിക വനാവകാശത്തിന്റെ അടിസ്ഥാനത്തിൽ 680 ഗ്രാമസഭകൾക്കുള്ള അവകാശമാണ് കേരളത്തിൽ കൊടുക്കേണ്ടിയിരിക്കുന്നത്. ആദിവാസികൾക്ക് വനവിഭവങ്ങൾ സംഭരിക്കാൻ സഞ്ചരിക്കാവുന്ന ദൂരമുൾപ്പെടെയുള്ള പ്രശ്നങ്ങളുണ്ട്. വനാവകാശവുമായി ബന്ധപ്പെട്ട് ആദിവാസികളുടെ പ്രശ്നം പരിശോധിച്ചാൽ, ഏകദേശം 15000 കുട്ടികൾ ഡിഗ്രിക്കായി കേരളത്തിൽ പഠിക്കുന്നുണ്ട്. 1970-നുശേഷം കേരളത്തിൽ പ്രീ-മെട്രിക് ഹോസ്റ്റലുകളൊന്നും ആരംഭിച്ചിട്ടില്ല. ഇപ്പോഴും കുട്ടികൾക്ക് ഹോസ്റ്റലിൽ

താമസിക്കാൻ കഴിയാതെവരുന്നു. അതുപോലെ അട്ടപ്പാടിയിലും ഇടമലക്കുടിയിലുമുണ്ടായ ശിശുമരണങ്ങൾ; 120 കുട്ടികൾ കഴിഞ്ഞ കാലഘട്ടങ്ങളിൽ അട്ടപ്പാടിയിൽ മാത്രം മരണമടഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ: അങ്ങ് ഇത് പ്രസംഗിക്കാനുള്ള അവസരമായി ഉപയോഗിക്കരുത്.

ശ്രീ. പി. ടി. തോമസ്: സർ, ആദിവാസിയെപ്പറ്റി വല്ലപ്പോഴുമൊരിക്കൽ വരുന്ന ചോദ്യത്തിന് ഇത്രയും വിശദമായി ചോദിക്കണ്ടേ?

മി. സ്പീക്കർ: വനാവകാശ നിയമത്തെക്കുറിച്ചാണ് ചോദ്യം. ഒരു മണിക്കൂർ സമയത്തിനുള്ളിൽ സഭയിലെ പരമാവധി അംഗങ്ങൾക്ക് ചോദിക്കാൻ അവസരം ലഭിക്കണം.

ശ്രീ. പി. ടി. തോമസ്: സർ, കുടുംബശ്രീ വഴി ആദിവാസികൾക്ക് ഭക്ഷണം നൽകുന്നുണ്ട്. ആദിവാസികൾക്ക് റാഗി, തിന തുടങ്ങിയ പരമ്പരാഗത വിളകൾ കൃഷി ചെയ്യാനുള്ള സൗകര്യമാണ് വേണ്ടത്. അങ്ങനെയൊരു സൗകര്യം ചെയ്തുകൊടുക്കുന്നതിന് ഗവൺമെന്റ് മുൻകയ്യെടുക്കുമോ; അത്തരത്തിലുള്ള സമീപനം സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നമാണ് ബഹുമാനപ്പെട്ട മെമ്പർ ചോദിക്കുന്നത്. മറുപടി ചുരുക്കിപ്പറയാം, വനവിഭവങ്ങൾ എടുക്കുന്നതിൽ ചില സ്ഥലങ്ങളിൽ നിയന്ത്രണങ്ങളുണ്ട്. വനവിഭവങ്ങൾ ആദിവാസികൾക്ക് അവകാശപ്പെട്ടതാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അക്കാര്യത്തിൽ നല്ല നിലപാട് സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ശിശുമരണനിരക്ക് കേരളത്തിൽ ദേശീയ ശരാശരിയെക്കാൾ കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. അത് ഈ ഗവൺമെന്റിന്റെ നേട്ടമായി ഞാൻ പറയുന്നില്ല. കേന്ദ്രത്തിന്റെ ശിശുമരണനിരക്ക്, 1000 സ്ത്രീകൾ പ്രസവിക്കുമ്പോൾ ശരാശരി കുഞ്ഞുങ്ങളുടെ മരണം 46 ആണ്. കേരളത്തിൽ അത് 16 ആണെങ്കിൽ അട്ടപ്പാടി മേഖലയിൽ 8 ആയി കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. പോഷകാഹാരക്കുറവിന്റെ പ്രശ്നമില്ല. ആദിവാസി മേഖലയിൽ ശിശുമരണ നിരക്ക് ദേശീയ ശരാശരിയെക്കാൾ ഇനിയും കുറച്ചുകൊണ്ടുവരുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഇപ്പോൾ അവിടെ അലാമിംഗായിട്ടുള്ള ഒരു സിറ്റുവേഷനുമില്ല. പ്രീ-മെട്രിക് ഹോസ്റ്റലുകൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും അതിനുമുൻപും തുടങ്ങിയിട്ടുണ്ട്. 1970-നുശേഷം പ്രീ-മെട്രിക് ഹോസ്റ്റൽ

തുടങ്ങിയിട്ടില്ലെന്ന് ശ്രീ. പി. ടി. തോമസ് പറയുന്നത് ശരിയല്ല. ഞാൻ മന്ത്രിയായപ്പോഴും തുടങ്ങിയിട്ടുണ്ട്. അന്ന് തുടങ്ങിയ അതിരപ്പിള്ളി ഹോസ്റ്റലിലെ കുട്ടികളോടൊപ്പം ഭക്ഷണം കഴിക്കാൻ ഞാൻ പോയിരുന്നു. എം.ആർ.എസ്.-ഉം പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും തുടങ്ങിയിട്ടുണ്ട്. ഇപ്പോൾ 248-ഓളം പ്രീ-മെട്രിക് ആന്റ് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുണ്ട്. ഏറ്റവും നല്ല നിലവാരത്തിലുള്ള ഹോസ്റ്റലുകളാണ് എം.ആർ.എസ്. ആദിവാസി കുട്ടികൾ താമസിച്ച് പഠിക്കുന്ന 18 എം.ആർ.എസ്.കളിൽ നൂറുശതമാനം വിജയമാണ്. കുട്ടികൾക്ക് അവിടെ ഒരു ബുദ്ധിമുട്ടുമില്ല. അവർക്കവിടെ നല്ല ഭക്ഷണമാണ് നൽകുന്നത്. കുട്ടികളുടെ മെനു അംഗീകരിക്കുകയാണ്. ഓരോ സമയവും കുട്ടികളോട് ഓപ്ഷൻ ചോദിച്ചാണ് ഭക്ഷണം കൊടുക്കുന്നത്. ആഴ്ചയിൽ ഒരു ദിവസം ബിരിയാണി നിർബന്ധമാണ്. അതുകൊണ്ട് കുട്ടികളെ സംബന്ധിച്ച് ഹോസ്റ്റലുകളിൽ യാതൊരു ബുദ്ധിമുട്ടുമില്ല. ഏതെങ്കിലും മണ്ഡലത്തിൽ ഹോസ്റ്റലുകളുടെ കുറവുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാം. കിഫ്ബിയിൽ ഉൾപ്പെടുത്തി 100 കോടി രൂപ ചെലവിൽ എം.ആർ.എസ്.-കൾ പണിയുന്നതിനുള്ള നടപടികൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യപ്രശ്നം, പോഷകാഹാരം തുടങ്ങിയ കാര്യങ്ങളിൽ ഫലപ്രദമായ ഇടപെടലുകൾ ഗവൺമെന്റ് സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. ഐ. സി. ബാലകൃഷ്ണനുവേണ്ടി <u>ശ്രീ. സണ്ണി ജോസഫ്</u>: സർ, വനാവകാശ നിയമപ്രകാരവും ആദിവാസി പുനരധിവാസ പദ്ധതിയുടെ ഭാഗമായും വനത്തിനുള്ളിലും വനത്തോടുചേർന്നും താമസിക്കുന്ന ആദിവാസികളുടെ യാത്ര, വിദ്യാഭ്യാസം, പാർപ്പിട പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? അതിൽ ഏറ്റവും പ്രധാനപ്പെട്ടത് വന്യജീവികളിൽ നിന്നുള്ള ആക്രമണമാണ്. ഇന്നലെ എന്റെ നിയോജകമണ്ഡലത്തിൽ, ആറളത്ത്, ഒരു സ്ത്രീ ആനയുടെ ആക്രമണത്തിൽ മരണപ്പെട്ടു. ഇത്തരം സന്ദർഭങ്ങളിൽ അവരെ രക്ഷിക്കുന്നതിനുള്ള പ്രായോഗികമായ പദ്ധതികൾ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പും വനംവകുപ്പുംകൂടി ആലോചിച്ച് നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. വനാന്തരങ്ങളിൽ താമസിക്കുന്ന ആദിവാസികളുടെ സുരക്ഷ വെല്ലുവിളിക്കപ്പെടുകയാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി ഉൾക്കാടുകളിലുള്ള ആനകളും മറ്റ് മൃഗങ്ങളും ആദിവാസികൾ താമസിക്കുന്ന

സെറ്റിൽമെന്റ് ഏരിയയിലേയ്ക്ക് വരികയും അവയുടെ ആക്രമണംമൂലം മരണങ്ങൾ സംഭവിക്കുകയും ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുമായി ഇക്കാര്യം ചർച്ച ചെയ്യുകയും ശക്തമായ നിലപാട് സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വന്യജീവികളുടെ ആക്രമണത്തിൽ മരണപ്പെട്ടാൽ 5 ലക്ഷം രൂപ വനംവകുപ്പ് കൊടുക്കുന്നതിന് പുറമേ ക്യാബിനറ്റ് തീരുമാനിച്ച് പ്രത്യേക ആനുകൂല്യങ്ങളും കൊടുക്കുന്നുണ്ട്. ഏതാണ്ട് 31000 വീടുകൾ സ്പിൽ ഓവറായിരുന്നു. അതിൽ ഇന്ദിരാ ആവാസ് യോജന പദ്ധതിയുടെ കോൺട്രിബ്യൂഷൻ കൊടുക്കുന്നതിലുണ്ടായ പ്രശ്നം പരിഹരിക്കാനുണ്ട്. എന്നാലും 16000-ത്തോളം ആദിവാസികൾക്ക് ഇനിയും വീട് കണ്ടെത്തേണ്ടിവരും. 7000 വീടുകൾ കഴിഞ്ഞ വർഷം അനുവദിച്ചിരുന്നു. ഈ വർഷവും 7000 വീടുകൾ അനുവദിക്കുന്നുണ്ട്. അങ്ങനെ വീടിന്റെ പ്രശ്നം പരിഹരിക്കാൻ സാധിക്കും. പശ്ചാത്തല സൗകര്യം ഒരുക്കുന്നതിൽ വനപ്രദേശത്തിനുള്ളിൽ, പ്രത്യേകിച്ച് വെസ്റ്റഡ് ഫോറസ്റ്റിന്റെയും റിസർവ്ഡ് ഫോറസ്റ്റിന്റെയും ഉള്ളിൽ, നമുക്ക് കുറച്ച് നിയന്ത്രണങ്ങളുണ്ട്. റോഡ്, വെള്ളം, വൈദ്യുതി തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ മറ്റ് പ്രദേശങ്ങളിലുള്ളതുപോലെ ചെയ്യാൻ സാധിക്കാത്ത പ്രശ്നമുണ്ട്. വൈദ്യുതി ലൈൻ വലിക്കുന്നതിന് ഇപ്പോൾ ഒരു പ്രശ്നവുമില്ല. ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് ആദിവാസി മേഖലകളിൽ വിതരണ ലൈൻ വലിക്കാൻ അവരുടെ പ്ലാൻ ഫണ്ടുകൊണ്ട് കഴിയില്ലെന്ന് പറഞ്ഞപ്പോൾ, 19 കോടി രൂപ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്ന് കൊടുത്തു. കോർപ്പസ് ഫണ്ട് ഉപയോഗപ്പെടുത്തി പരമാവധി റോഡുകൾ ചെയ്യാൻ സാധിക്കും. വനത്തിനുള്ളിൽ എല്ലാ സ്ഥലത്തും റോഡ് ടാർ ചെയ്ത് കൊടുക്കാൻ സാധിക്കില്ല. പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നല്ല ശ്രമം ഇപ്പോൾ ഗവൺമെന്റ് നടത്തുന്നുണ്ട്.

ശ്രീ. വി. പി സജീന്ദ്രൻ: സർ, വനം, ഐ.ടി.ഡി.പി., റവന്യൂ എന്നീ മൂന്ന് വകുപ്പുകൾ സംയുക്തമായിട്ടാണ് വനാവകാശരേഖ തയ്യാറാക്കുന്നത്. വനാവകാശ രേഖ തയ്യാറാക്കുന്നതിലും കൊടുക്കുന്നതിലും വനംവകുപ്പ് എതിർപ്പ് കാണിക്കുന്നതായി അങ്ങയുടെ മറുപടിയിൽത്തന്നെ പറയുകയുണ്ടായി. വനാവകാശ രേഖ കയ്യിൽ കിട്ടിയാൽ പിന്നെ അവർ മറ്റ് ഭൂമിക്ക് അർഹരല്ലാതായിത്തീരുകയാണ്. ഇവർക്ക് കൈവശരേഖയിലുള്ള സ്ഥലത്ത് താമസിക്കുകയും കൃഷി ചെയ്യുകയും ചെയ്യാം. വനാവകാശ രേഖ ലഭിച്ച ആളുകളെ അവിടെ കൃഷി ചെയ്യാൻ വനംവകുപ്പ് അനുവദിക്കുന്നില്ല. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശ്രീ. എസ്. രാജേന്ദ്രന്റെ മണ്ഡലത്തിലെ അടിമാലിയിൽ

തുമ്പിപ്പാറ എന്ന സ്ഥലത്ത് ഇത്തരത്തിലുള്ള പ്രശ്നങ്ങളുണ്ടായതായി പത്രവാർത്ത വന്നു. ഇത്തരത്തിൽ കൃഷി ചെയ്യാൻ അനുവദിക്കാത്ത സ്ഥലങ്ങളിൽ വനംവകുപ്പ് ജീവനക്കാർക്കെതിരെ നടപടിയെടുക്കാനും ആദിവാസികൾക്ക് അവിടെ കൃഷി ചെയ്യാനുള്ള അനുവാദം നൽകാനും നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇതിൽ റവന്യൂ, വനം, പട്ടികവർഗ്ഗ വകുപ്പുകൾ സംയുക്തമായിട്ടാണ് ഇടപെടുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവണ്മെന്റിന്റെ ഭരണകാലത്ത് ശക്തമായ ഇടപെടലുകൾ ഇക്കാര്യത്തിൽ നടത്തിയിരുന്നു. അതിന്റെ ഫലമായി കുറച്ച് ഗുണങ്ങളുണ്ടാകുകയും ചെയ്തു. ആദിവാസി കോളനികളിൽ ഞാൻ നേരിട്ട് പോയി ഈ വിഷയം മനസ്സിലാക്കിയതാണ്. വനാവകാശ നിയമത്തിന്റെ ഭാഗമായി ഭൂമി കൊടുക്കുകയും പിന്നീട് വനംവകുപ്പ് ജെണ്ട കെട്ടുകയും ചെയ്യുന്നു. എന്നുമാത്രമല്ല അവർക്ക് അവകാശപ്പെട്ട ഭൂമിയിൽനിന്ന് വനവിഭവങ്ങൾ എടുക്കുന്നതിനോ മുറിക്കാൻ തീരുമാനിച്ച മരങ്ങൾ മുറിക്കുന്നതിനോ ഒരു വിഭാഗം വനംവകുപ്പ് ജീവനക്കാർ സമ്മതിക്കാത്ത സ്ഥിതിയുണ്ടായിരുന്നു. അന്ന് ശക്തമായ നിലപാടെടുത്തതിനാൽ കുറച്ച് ഗുണമുണ്ടായി. റവന്യൂ, വനം വകുപ്പുമന്ത്രിമാരുമായി ചർച്ച ചെയ്ത് ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, വനാവകാശ നിയമപ്രകാരം ഭൂമിയിലുള്ള അവകാശത്തിനായി കൈവശമുള്ള ഭൂമിയുടെ കൃത്യമായ രേഖ സ്കെച്ചടക്കമാണ് ഒരോരുത്തർക്കും നൽകുന്നത്. ആ ഭൂമിയിൽ കൃഷി ചെയ്യുന്നതിന് യാതൊരു തടസ്സവും വനം വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുകയില്ല. അങ്ങനെ എവിടെയെങ്കിലും വനം വകുപ്പ് ഉദ്യോഗസ്ഥർ ഇടപെട്ട് പ്രശ്നമുണ്ടാക്കുന്നുവെന്ന് ചൂണ്ടിക്കാണിച്ചാൽ ശക്തമായി താക്കീത് ചെയ്യുന്നതായിരിക്കും.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ച കാര്യം സ്വാഗതാർഹമാണ്. വനംവകുപ്പ് കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ വനാവകാശ നിയമവുമായി ബന്ധപ്പെട്ട് ഉയർത്തിയിട്ടുള്ള പ്രശ്നങ്ങൾ അദ്ദേഹത്തിന്റെ മറുപടിയിൽ തന്നെയുണ്ട്. കഴിഞ്ഞ ദിവസം എന്റെ നിയോജകമണ്ഡലത്തിൽ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി വന്നപ്പോൾ ആദിവാസികൾ ഒരുമിച്ചെത്തി ഇതേ പരാതി പറയുകയുണ്ടായി. ഇവിടെ പരാമർശിച്ച വിഷയങ്ങൾക്കപ്പുറം ഏറ്റവും പ്രധാനമായി നിലനിൽക്കുന്നത്, നൂറ്റാണ്ടുകളായി വനമേഖലകളിൽ താമസിക്കുന്ന ആദിവാസികൾക്ക് ഏറ്റവും

കൂടുതൽ പ്രയാസങ്ങളുണ്ടാകുന്നത് വനംവകുപ്പ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കുകയും നിർദ്ദേശം നൽകുകയും ചെയ്യണം. ശ്രീ. എ. കെ. ആന്റണിയുടെ ശ്രമഫലമായി ആദിവാസികൾക്ക് നൽകുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് അനുവദിച്ച ഭൂമി, വ്യക്തികളും പ്രസ്ഥാനങ്ങളും ഗവൺമെന്റും കയ്യേറ്റം നടത്തിയതുകൊണ്ട് അവർക്കത് നൽകാൻ കഴിയാത്ത സാഹചര്യമാണ്. അതിന് പരിഹാരമായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പാലക്കാട് ജില്ലയിലുൾപ്പെടെ ഏതാണ്ട് 3000 ഏക്കറിലധികം ഭൂമി കണ്ടെത്തിയിരുന്നു. ആ ഭൂമി എത്രയും പെട്ടെന്ന് കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ റവന്യൂ, ഫോറസ്റ്റ്, പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമന്ത്രിമാരുടെ യോഗം വിളിച്ചുചേർത്ത് ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട് വ്യക്തത വരുത്തിയിരുന്നു. അതിന്റെ ഭാഗമായി വനാവകാശനിയമ പ്രകാരമുള്ള ഭൂമി 5000 ആദിവാസികൾക്ക് കൊടുക്കാനുണ്ട്; അത് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി ആയിരുന്നപ്പോൾ ഈ സഭയിൽ നടത്തിയ ഗംഭീര പ്രഖ്യാപനം അന്ന് നമ്മൾ കയ്യടിച്ച് പ്രോത്സാഹിപ്പിച്ചതാണ്. വലിയ ഇടപെടൽ നടത്തിയതിന്റെ ഭാഗമായി 19000 ഏക്കർ ഭൂമി റിലീസ് ചെയ്യുന്നതിന് ഒരു കേസുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ കേന്ദ്ര ഗവൺമെന്റ് നമുക്കനുകൂലമായ നിലപാടെടുത്തു. അതിന്റെ ഭാഗമായി നെറ്റ് പ്രസന്റ് വാല്യൂ എക്സംപ്റ്റ് ചെയ്ത് 19000 ഏക്കർ ഭൂമി നൽകാൻ തീരുമാനിച്ചു. അതിൽ 1260 ഏക്കർ ഭൂമി മാത്രമേ കൊടുക്കാൻ കഴിഞ്ഞിട്ടുള്ളൂ. ബാക്കിയുള്ള ഭൂമിയിൽ 8000 ഏക്കറോളം കൊടുക്കാൻ പറ്റുന്നതല്ല. ശേഷിക്കുന്ന ഭൂമിയും നമുക്ക് കൊടുക്കാൻ കഴിയുകയില്ല. അതുസംബന്ധിച്ച് റവന്യൂ ഉദ്യോഗസ്ഥർ പരിശോധന നടത്തുകയാണ്. സബ്ജക്ട് കമ്മിറ്റിയിലും ഈ വിഷയം വന്നതാണ്. എങ്ങനെയായാലും 4500-ഓളം ഏക്കർ ഭൂമി ലഭ്യമാകുമെന്നാണ് പറഞ്ഞത്. അതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. വനം വകുപ്പിന് അതിന്റേതായ ചില റിസർവേഷൻസുണ്ട്, അവർക്ക് ഇഷ്ടംപോലെ ഭൂമി നൽകാൻ സാധിക്കില്ല. കാരണം ഈ നിയമം 2006-ലാണ് പാസ്സാകുന്നത്. 2005 ഡിസംബർ മാസം 13-ാം തീയതിവരെ കൈവശം വച്ച ആദിവാസികൾക്കാണ് ഭൂമി ലഭിക്കുന്നത്. അതിനുശേഷമാണ് അവിടെ കയ്യേറിയതും താമസമാക്കിയതും. അതുകൊണ്ട് അവർക്ക് കൊടുക്കാൻ കഴിയില്ലെന്ന് വനംവകുപ്പ് പറയുമ്പോൾ

അവിടെ ഇന്റർപ്രെട്ടേഷൻ വരികയാണ്. ഇതെല്ലാം അമിക്കബിളായ ഒരു കോൺസൻസസിന്റെ ഭാഗമായാണ് ചെയ്യാൻ കഴിയുന്നത്. ആർബിട്രറിയായി ആരെയും അടിച്ചേൽപ്പിക്കാൻ കഴിയില്ല. കാരണം നിയമപ്രകാരം വനം വകുപ്പ് എതിർത്തുകഴിഞ്ഞാൽ നമുക്ക് ആർ.ഒ.ആറും കൊടുക്കാൻ കഴിയില്ല. ഒരു കോൺസൻസസോടുകൂടി ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടിയാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, അഞ്ചുവർഷക്കാലമായി ഇടുക്കി കളക്ടറേറ്റ് പടിക്കൽ ഒരു സെന്റ് ഭൂമി പോലുമില്ലാത്ത 123-ഓളം വരുന്ന ആദിവാസികൾ നിരന്തരമായി സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. 'ആശിക്കും ഭൂമി ആദിവാസിക്ക്' എന്ന പദ്ധതിയിൽ 33 പേരോളം അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അതിൽ ഒരാൾക്കുമാത്രമാണ് ഭൂമി ലഭിച്ചിട്ടുള്ളത്. ഇവർക്ക് ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട് ഏതാണ്ട് 70-ലധികം യോഗങ്ങൾ ജില്ലാ കളക്ടേറ്റിൽ ഗവൺമെന്റുതന്നെ മുൻകയ്യെടുത്ത് നടത്തിയെങ്കിലും അവർക്കുവേണ്ടി കണ്ടെത്തുന്ന ഭൂമിക്ക് പലപ്പോഴും പല തടസ്സങ്ങളുണ്ടാകുകയും അവർക്ക് ഭൂമി കിട്ടാത്ത സാഹചര്യമുണ്ടാവുകയും ചെയ്തിട്ടുണ്ട്. റവന്യൂ, ഫോറസ്റ്റ്, പട്ടികജാതി പട്ടികവർഗ്ഗ വകുപ്പടക്കം 3 മന്ത്രിമാർ സംയുക്തമായി യോഗം നടത്തിയെങ്കിൽ മാത്രമേ ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയൂ. 5 വർഷക്കാലമായി ഒരു തുണ്ടുഭൂമിപോലുമില്ലാതെ, ഭൂമിക്കുവേണ്ടി ഇടുക്കി കളക്ടറേറ്റ് പടിക്കൽ സമരം നടത്തുന്ന ആദിവാസികളുടെ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിന് ഗവൺമെന്റ് ഇടപെടുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ഇടുക്കി കളക്ടേറ്റിന് മുമ്പിൽ ആറുവർഷമായി സമരം നടത്തുന്ന പെരിഞ്ചാംകുട്ടിയിലെ ആദിവാസികൾക്ക് ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട് ഒരു ചർച്ച 16-9-2015-ന് മുൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയിരുന്നു. ആ യോഗത്തിലെടുത്ത തീരുമാനം ഇപ്രകാരമാണ്:

1. വനാവകാശ രേഖ അനുവദിക്കപ്പെട്ടതും 1-1-1997-ന് മുമ്പ് ഭൂമി കൈവശമുള്ളതുമായ കേസ്സുകളിൽ റവന്യൂ-വനം വകുപ്പുകളുടെ ജോയിന്റ് വെരിഫിക്കേഷൻ സമയബന്ധിതമായി പൂർത്തിയാക്കി പട്ടയം നൽകുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിക്കേണ്ടതാണ്.
2. പെരിഞ്ചാംകുട്ടിയിൽനിന്നും കുടിയിറക്കപ്പെട്ടവരുടെ പുനരധിവാസത്തിനായി ആനച്ചാൽ, ചെങ്കുളം ഡാമിന്റെ മറുകരയിൽ കെ.എസ്.ഇ.ബി.യുടെ

ഉടമസ്ഥതയിലുള്ള 25 ഹെക്ടർ ഭൂമി നടപടികൾ പൂർത്തീകരിച്ച് ഊർജ്ജ വകുപ്പ് റവന്യൂ വകുപ്പിന് കൈമാറുന്നതാണ്. ഈ ഭൂമി വിതരണത്തിനുള്ള നടപടികൾ സ്വീകരിക്കും.

3. കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിലുള്ള പത്തുചെയിൻ മേഖലയിൽ ഭൂമി ലഭ്യമാണോയെന്ന് റവന്യൂ വകുപ്പ് പരിശോധിച്ച് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കും.

ഇത് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെ കാലഘട്ടത്തിലെടുത്ത തീരുമാനമാണ്. ദേവികുളം താലൂക്കിൽ കാന്തല്ലൂർ, കീഴാന്തൂർ വില്ലേജുകളിൽ റവന്യൂ പുറമ്പോക്ക് തരിശ്ശ് രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയിൽ പട്ടയം നൽകുന്നതിനുള്ള സാദ്ധ്യത റവന്യൂ വകുപ്പ് പരിശോധിക്കണം. ഇക്കാര്യത്തിൽ റവന്യൂ വകുപ്പ് ഇപ്പോൾ പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. നല്ലൊരു തീരുമാനമാണ് നേരത്തേ എടുത്തതെങ്കിലും പ്രായോഗികമാക്കാൻ കഴിഞ്ഞിട്ടില്ല. റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ശ്രീമതി ഇ. എസ്. ബിജിമോൾ പറഞ്ഞതുമായ ഈ കാര്യം വളരെ ഗൗരവമായി ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, വനാവകാശ നിയമത്തിലൂടെ ആദിവാസികൾക്ക് അംഗീകാരമാണ് നൽകിയിട്ടുള്ളത്. വനം അവരുടെ ഹാബിറ്റാറ്റ് ആണെന്നുള്ള ഒരു അംഗീകാരം കൂടിയാണത്. ആദിവാസി വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും കാടിനെക്കുറിച്ച് നന്നായി അറിയാം. കാടിന്റെ ഉൾവഴികളും നീർച്ചാലുകളും അവിടത്തെ മൃഗങ്ങളുടെ സ്വഭാവസവിശേഷതകളും അറിയാം. ഇതൊക്കെയാണെങ്കിലും അവർക്ക് താമസിക്കാൻ ലഭിക്കുന്ന ഭൂമി തീരെ വാസയോഗ്യമല്ലാത്തതായി മാറുകയാണ്. ഇത്രയുമധികം കാടിനെക്കുറിച്ച് അറിയാവുന്ന ആദിവാസികൾക്കുപോലും താമസിക്കാൻ കഴിയാത്ത തരത്തിലുള്ള ഭൂമി ലഭ്യമാക്കുന്നുവെന്നുള്ള പരാതി മിക്കവാറും എല്ലാ നിയമസഭാ കമ്മിറ്റികളുടെയും മുമ്പിൽ ഗൗരവമായി വരികയാണ്. ഭൂമി വിതരണത്തിലുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രശ്നവും അതുതന്നെയാണ്. വാസയോഗ്യമല്ലാത്ത ഭൂമി കിട്ടുന്നതുകൊണ്ട് അവർക്ക് ഉപജീവനം നടത്തി അവിടെ ജീവിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടാകുന്നു. ആ കാര്യത്തിൽ നിഷ്കർഷത പാലിക്കുന്നതിനായി ഭൂമി വിതരണവുമായി ബന്ധപ്പെട്ട നിബന്ധനകൾ നിർബന്ധമാക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇക്കാര്യം കറക്ടാണ്. വാസയോഗ്യമല്ലാത്ത ഭൂമിയാണ് ചില സ്ഥലങ്ങളിൽ ആദിവാസികൾക്ക് ലഭിച്ചിട്ടുള്ളത്. അവരെ സംബന്ധിച്ചിടത്തോളം അവിടെ താമസിക്കാൻ കഴിയില്ല. കാരണം ഉപജീവനവുമായി ബന്ധപ്പെട്ട് ഉപയോഗിക്കാൻ സാധിക്കുന്ന ഭൂമിയല്ലത്. യഥാർത്ഥത്തിൽ കാട് എന്നുപറയുന്നത് ആദിവാസികൾക്ക് അവകാശപ്പെട്ടതാണ്. ഭൂപരിഷ്കരണ നിയമം വന്നതുകൊണ്ട് അവർക്ക് ഭൂമി നൽകാനും കഴിഞ്ഞില്ല. എന്നാൽ 1950-ലെ The Kerala Private Forests (vesting and assignment) Act പ്രകാരം വനഭൂമി കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിൽവന്നു. ഫോറസ്റ്റിൽ വെസ്റ്റ് ചെയ്ത ഭൂമി ആദിവാസികൾക്ക് അവകാശപ്പെട്ടതാണ്. അങ്ങനെയുള്ള 19000 ഏക്കർ ഭൂമി കൊടുക്കണമെന്ന് കേന്ദ്രഗവൺമെന്റ് പറഞ്ഞിട്ടും സുപ്രീംകോടതി വിധിയുണ്ടായിട്ടും നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. അത് പരിഹരിക്കുന്നതിനുള്ള നടപടികളെടുക്കും. എല്ലാ കാലഘട്ടങ്ങളിലും ആദിവാസി സമൂഹം നമ്മുടെ കൂടെ നിന്നുകൊള്ളണമെന്നില്ല. അവർക്ക് വേറെ ഒന്നുമില്ല; ഇപ്പോൾ ആർ.ഒ.ആർ. ആണ് നമ്മൾ കൊടുക്കുന്നത്. അത് alienate ചെയ്യാൻ കഴിയുന്നതല്ല. അവിടെയൊരു കുടിൽ വച്ച് താമസിക്കാനും എന്തെങ്കിലും ഭക്ഷിക്കാനുമുള്ള സൗകര്യമുണ്ടാക്കണമെന്നുമാത്രമേ അവർ പറയുന്നുള്ളൂ. അതിനെയും നമ്മൾ നിഷേധിക്കുന്ന ഒരു സമീപനമാണ് എടുക്കുന്നതെങ്കിൽ വല്ലാത്ത ഒരവസ്ഥയിലേയ്ക്ക് പോകും. അതുകൊണ്ടാണ് ചില സ്ഥലങ്ങളിലൊക്കെ പ്രശ്നങ്ങളുണ്ടാകുന്നത്. ഇതിൽ പൊതുസമൂഹത്തിന്റെ ഒരു consensus വേണം. ഭരണ-പ്രതിപക്ഷ ഭേദമന്യേ ആ പാവങ്ങളുടെ പ്രശ്നം പരിഹരിക്കുന്നതിനുള്ള ശക്തമായ നിലപാടെടുക്കുമ്പോൾ അതിന്റെകൂടെ നമ്മൾ നിൽക്കണം. അതിന് തെറ്റായ വ്യാഖ്യാനങ്ങൾ നൽകി ഒറ്റപ്പെടുത്തുന്ന സമീപനമെടുത്താൽ കൂടുതൽ പ്രശ്നങ്ങളുണ്ടാകും.

ശ്രീ. കെ. ബാബു: സർ, ആദിവാസി ഊരുകളിലെ ജനതക്കും അവരുടെ മെച്ചപ്പെട്ട ജീവിതത്തിനുംവേണ്ടി നിരവധി പ്രവർത്തനങ്ങൾ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നതിന്റെ ഉണർവ് ആദിവാസി ഊരുകളിലുണ്ട്. എന്നാൽ ആലത്തൂർ താലൂക്കിലെ കടപ്പാറ-മൂർത്തിക്കുന്ന് ആദിവാസി കോളനി നിവാസികൾക്ക് ഭൂമി നൽകുന്നതിനുവേണ്ടി റവന്യൂ-വനം-സർവ്വേ വകുപ്പുകളുടെ സംയുക്ത സർവ്വേ പൂർത്തീകരിച്ചു. അവിടേയ്ക്കാവശ്യമായ സർവ്വേ കല്ലുകൾ ബഹുമാനപ്പെട്ട ജില്ലാ കളക്ടർ തന്നെ കൊണ്ടെത്തിച്ചു. എന്നാൽ വനം വകുപ്പിന്റെ തടസ്സവാദംമൂലം കല്ലുകളിട്ട് അതിർത്തി തിരിച്ച് ആദിവാസികൾക്ക് ഭൂമി നൽകാൻ

കഴിഞ്ഞിട്ടില്ല എന്നത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ; ഇത്തരം ആദിവാസി ഊരുകളിലൊക്കെ മാവോവാദികൾ ഉൾപ്പെടെയുള്ള തീവ്രവാദികൾ കടന്നുകയറി സാമൂഹിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന അവസ്ഥയിലേയ്ക്ക് വരുന്നതും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, ഞാനിടപെടുകയും ചെയ്ത കാര്യമാണ്. കളക്ടർ റിപ്പോർട്ട് തന്നിട്ടുപോലും നമുക്ക് ആ ഭൂമി നൽകാൻ സാധിച്ചിട്ടില്ല. അതിൽ വനം വകുപ്പിനെ സംബന്ധിച്ചിടത്തോളം ഒരു സാങ്കേതിക പ്രശ്നമുണ്ട്. ഈ ആക്ട് പ്രകാരം 2005 ഡിസംബർ 1-ന് മുമ്പ് വനഭൂമി കൈവശംവച്ച ആദിവാസികൾക്കാണ് ഭൂമി നൽകുന്നത്. എന്നാൽ അവരുടെ ഇന്റർപ്രട്ടേഷൻ പ്രകാരം അതിനുശേഷമാണത് വരുന്നത്. അങ്ങനെയൊരു പ്രശ്നമാണ് അവർ പറയുന്നത്. സാധാരണനിലയിൽ വളരെ ഫ്ലെക്സിബിളായ ഒരു ആറ്റിറ്റ്യൂഡുണ്ടായാൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ റിജിഡ് ആയ ഒരു സമീപനമെടുത്തുകഴിഞ്ഞാൽ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയില്ല. അങ്ങനെയുള്ള ഒരു സമീപനമാണ് അവിടെയുണ്ടായത്. എന്നാലും റവന്യൂ-വനം-പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകൾ സംയുക്തമായി അവിടെനിന്ന് കുറച്ചുമാറി ഒരേക്കർ സ്ഥലം ഓരോ കുടുംബത്തിനും കൊടുക്കുന്നതിനുള്ള തീരുമാനമെടുത്തു. അത് നമ്മൾ കമ്മ്യൂണിക്കേറ്റ് ചെയ്തു. പക്ഷേ അവർ അവിടെനിന്ന് പോകാൻ തയ്യാറല്ല. അങ്ങനെയുള്ള ഒരു പ്രശ്നമിപ്പോഴുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട ജനപ്രതിനിധി ഇക്കാര്യത്തിൽ ഇടപെടണം. അവിടെനിന്ന് കുറച്ചുമാറി ഗവൺമെന്റ് നൽകാൻ തീരുമാനിച്ച ഭൂമി അവർക്ക് ലഭ്യമാക്കുന്നതിന് അവരെയുംകൂടി വിശ്വാസത്തിലെടുത്തുകഴിഞ്ഞാൽ നമുക്ക് ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കും. ആക്ടിന്റെ വയലേഷൻ എന്നുള്ള തരത്തിലാണ് വനം വകുപ്പ് ഇത് കാണുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇന്നലെയും ആനയുടെ കുത്തേറ്റ് എന്റെ മണ്ഡലത്തിൽ ഒരാൾ മരണപ്പെടുകയുണ്ടായി. വനംവകുപ്പാണ് ആ കാര്യങ്ങളിൽ നടപടി സ്വീകരിക്കേണ്ടത്. വനാവകാശ നിയമത്തെ സംബന്ധിച്ച് നിയമത്തിൽ പറയുന്നതുപോലെയല്ല, വളരെ വികലമാക്കിയാണ് അത് പ്രായോഗികതലത്തിൽ നടപ്പാക്കുന്നതെന്ന ആക്ഷേപം ആദിവാസി സംഘടനകൾക്കിടയിൽ ഉയർന്നുവരികയാണ്. അവർക്ക് കൊടുത്ത ഭൂമിയിൽ ഒരു വിധത്തിലുള്ള അവകാശവും വനംവകുപ്പ് നൽകുന്നില്ല. സത്യത്തിൽ ആ ഭൂമി കൃത്യമായി

ഉപയോഗിക്കാനും കൃഷിചെയ്യാനും അവിടെയുള്ള വനവിഭവങ്ങൾ ശേഖരിക്കാനു മൊക്കെയാണ് വനാവകാശപ്രകാരം ഭൂമി കൊടുക്കുന്നത്. ആ ഭൂമിയുടെ സ്റ്റാറ്റസ് വ്യക്തമാക്കണം. ഇത് റവന്യൂ ഭൂമിയായി പരിഗണിക്കുന്നില്ല, ആ ഭൂമി മറ്റൊരു കാര്യത്തിനും ഉപയോഗിക്കാൻ കഴിയില്ല, കേവലം അവിടെ കൃഷിക്കുമാത്രമാണ് കഴിയുന്നത്. എന്റെ മണ്ഡലത്തിലെ എടവാണി-ഭൂതയാർ മേഖലയിലെ ആദിവാസികൾ ഷിഫ്റ്റിംഗ് കൾട്ടിവേഷനാണ് നടത്തുന്നത്. ഒരു സീസണിൽ ഒരു ഭാഗത്ത് ആ സമയത്ത് വിളയുന്നവ കൃഷി ചെയ്യും. പിന്നെ അവർ വേറെ സ്ഥലത്തേയ്ക്ക് പോകും. അങ്ങനെ നിബിഡ വനത്തിനുള്ളിൽ ജീവിക്കുന്ന ആദിവാസികളുടെ ഇത്തരം അപേക്ഷകൾ ഇപ്പോഴും പെൻഡിംഗിലാണ്. ആക്ടുപ്രകാരം 2005 ഡിസംബർ മാസത്തിൽ ഒക്യുപൈഡായിട്ടുള്ള ആളുകൾക്ക് ഭൂമി കൊടുക്കുക എന്നതാണ്. പക്ഷേ ഈ ഒരു സാങ്കേതികത്വം പറഞ്ഞുകൊണ്ട് ഭൂമി നിഷേധിക്കുന്ന അവസ്ഥയുണ്ട്. ഇപ്പോഴും മണ്ണാർക്കാട് ഡിവിഷനിൽ 400 അപേക്ഷകൾ പെന്റിംഗുണ്ട്. ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിനുള്ള ഇടപെടലുണ്ടാകുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. എ. കെ. ബാലൻ: സർ, അട്ടപ്പാടിയിൽ ബഹുമാനപ്പെട്ട എം.എൽ.എ. തന്നെ നേതൃത്വംകൊടുത്ത ഒരു ജനകീയ സമിതിയുണ്ട്. അത് ഫലപ്രദമായി പ്രവർത്തിക്കണം. ഏതെങ്കിലും ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്ന് മോശമായിട്ടുള്ള സമീപനമുണ്ടെങ്കിൽ അതിൽ ഇടപെട്ട് തിരുത്താനും ആവശ്യമായിട്ടുള്ള നടപടിയെടുക്കാനുമുള്ള അധികാരം സർക്കാരിനുണ്ട്. നമ്മൾ ജണ്ടയിട്ട് കൊടുക്കുന്ന ഭൂമിയിൽ ഫോറസ്റ്റുകാർ വരുന്ന ചില സ്ഥിതിഗതികളുണ്ട്. ജനപ്രതിനിധികളും പഞ്ചായത്തുകളും നല്ലരീതിയിൽ ഇടപെട്ട് ഇവരുടെകൂടെ നിന്നുകഴിഞ്ഞാൽ ജണ്ടയിടാൻ ആരും വരില്ല. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അവരുടെ പാരമ്പര്യമായിട്ടുള്ള ഭക്ഷണസാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും വിതരണം നടത്തുന്നതിനുമുള്ള ഒരു പ്രത്യേക സ്കീം ഇപ്പോൾ കൃഷി വകുപ്പ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അത് നമുക്ക് വളരെ ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞാൽ ആദിവാസികളെ സംബന്ധിച്ചിടത്തോളം ഒരു സ്വയംതൊഴിൽ സംരംഭം ഉണ്ടാകുമെന്നുമാത്രമല്ല, നല്ലരൂപത്തിലുള്ള വരുമാന മാർഗ്ഗവും ഉണ്ടാക്കാൻ സാധിക്കും. അതിനെസംബന്ധിച്ച് കൃഷിവകുപ്പ് ഒരു പ്രോജക്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇവിടെ പറഞ്ഞതുപോലെ ഒരു

സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേയ്ക്കാണ് മൈഗ്രേറ്റ് ചെയ്യുന്നത് അവർക്ക് ജീവിക്കാനാവശ്യമായിട്ടുള്ള ഉൽപ്പന്നങ്ങൾ കൃഷി ചെയ്യുന്നതിനുവേണ്ടിയാണ്. അതിലും ചില തടസ്സങ്ങളുണ്ട് എന്നുള്ളത് ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചത് ശരിയാണ്. അക്കാര്യത്തിലും ഗവൺമെന്റ് ഇടപെടും.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സുപ്രീംകോടതി വിധിയെക്കുറിച്ച് പറഞ്ഞു. സുപ്രീംകോടതി വിധിപ്രകാരം ഭൂമി നഷ്ടപ്പെട്ട ആദിവാസികൾക്ക് ഒരേക്കറും പത്തേക്കർ ഭൂമി നഷ്ടപ്പെട്ടാൽ അഞ്ച് ഏക്കറെങ്കിലും കൊടുക്കണമെന്നുമുണ്ട്. ഭൂമി കിട്ടാതിരുന്നാൽ അത് ഏത് ഫണ്ടിൽനിന്നെടുക്കണമെന്നുവരെ സുപ്രീംകോടതി വിധിയുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കേരള ഹൈക്കോടതിയിൽ കേസ് കൊടുക്കുകയും അതിന് വിധിയുണ്ടാവുകയും ചെയ്തിട്ടുണ്ട്. വിധി കയ്യിൽക്കിട്ടി മൂന്നുമാസത്തിനുള്ളിൽ ഭൂമി കൊടുക്കണമെന്നാണ്. ആ വിധി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? ഭൂമി കിട്ടാനില്ലെങ്കിൽ പരസ്യം ചെയ്താൽ ഒരേക്കറിന് 12 ലക്ഷം രൂപയ്ക്ക് നല്ല കൃഷിഭൂമി കിട്ടും. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ആ ഭൂമി വാങ്ങിയെങ്കിലും ഇവർക്ക് കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ? 600 ആളുകളാണ് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളത്. ഹൈക്കോടതി വിധി അടിയന്തരമായി നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇതിന്റെ മറുപടി ഞാൻ നേരത്തേ പറഞ്ഞതാണ്. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ net present value exempt ചെയ്ത് നമുക്ക് കിട്ടിയിട്ടുള്ള ഭൂമി ആദിവാസികൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി വനം-റവന്യൂ-പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകൾ ആലോചിച്ചു കൊണ്ടിരിക്കുകയാണ്. ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന കുറെ ഭൂമി അവർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കും. ഇവിടെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധികൂടിയുണ്ട് എന്നുപറഞ്ഞത് ശരിയാണ്. അതിനനുസരിച്ചു തന്നെ ഗവൺമെന്റ് മുന്നോട്ടുപോകും.

മി. സ്പീക്കർ: ചോദ്യം ആദിവാസി പ്രശ്നത്തെക്കുറിച്ചായതുകൊണ്ടാണ് ചെയർ ഏകദേശം അരമണിക്കൂർ സമയം അനുവദിച്ചത്. ചോദ്യോത്തരവേള എങ്ങനെ പ്രയോജനപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട അംഗങ്ങളോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടും ആ നിലയിലല്ല ഉപയോഗപ്പെടുത്തുന്നത്. സമയം പരസ്പരം

അപഹരിച്ച് കൈ ഉയർത്തിയ ധാരാളം അംഗങ്ങൾക്ക് അവസരം ഇല്ലാതായിരിക്കുകയാണ്. അത് വളരെ നിർഭാഗ്യകരമാണ്. വളരെ പെട്ടെന്ന് ചോദിക്കുകയും ഉത്തരം പറയുകയും ചെയ്യുന്ന രീതി സ്വീകരിച്ചാൽ മാത്രമേ ചോദ്യോത്തരവേള ഫലപ്രദമാക്കാൻ സാധിക്കുകയുള്ളൂ. കിട്ടുന്ന സമയത്ത് വലിയ പ്രസ്താവനകളും പ്രസംഗങ്ങളും നടത്തി സമയം കളയുന്ന രീതി അവസാനിപ്പിക്കണം.

ശ്രീ. എ. കെ. ബാലൻ: സർ, ചില വിഷയങ്ങളുടെ പ്രാധാന്യം കണക്കിലെടുക്കുമ്പോൾ സ്വാഭാവികമായും അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും വിശദീകരണം വേണ്ടിവരും. ഇത് പട്ടികവർഗ്ഗ വിഭാഗത്തിന്റെ ലൈവായിട്ടുള്ള പ്രശ്നമായതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ കാണിച്ച ഔദാര്യത്തിന് ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. അടുത്ത ചോദ്യത്തിന് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതനുസരിച്ച് ഉത്തരം പറഞ്ഞുപോയാൽ നമുക്ക് രണ്ടുമൂന്ന് ചോദ്യംകൂടി എടുക്കാൻ സാധിക്കും.

**പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമപദ്ധതികൾ**

2 (*212) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ടോ;

(സി) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ കീഴിൽ ഉൽപ്പന്ന പ്രദർശനത്തിനും വിൽപ്പനക്കും കലാ പ്രകടനങ്ങൾക്കുമായി സ്ഥിരം വേദി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത കോർപ്പറേഷൻ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സംരംഭകത്വ പരിശീലനവും സ്വയം തൊഴിൽ വായ്പയും നൽകുന്നതിനായി ' ദിശ 2017 ' എന്ന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ,

(എ) പിന്നോക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ വിദ്യാഭ്യാസ പരിപാടികളാണ്. അവ ഒ.ബി.സി.. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, ഒ.ബി.സി.. പ്രീ-മെട്രിക് സ്കോളർഷിപ്പ്, ഓവർസീസ് സ്കോളർഷിപ്പ്, ഒ.ഇ.സി. ലംപ്സം ഗ്രാന്റ്, ഒ.ഇ.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്നിവയാണ്. വിദ്യാഭ്യാസ പദ്ധതികൾ കൂടാതെ പരമ്പരാഗത തൊഴിലുകൾ നവീകരിക്കുന്നതിനുള്ള പദ്ധതികളും ആട്ടോമൊബൈൽ മേഖലയിൽ തൊഴിൽ പരിശീലനം, മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം, ബാർബർ തൊഴിലാളികൾക്കുള്ള ധനസഹായം, പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള നൈപുണ്യ വികസന പരിശീലനത്തിനും ടൂൾകിറ്റ് വിതരണത്തിനുമുള്ള ധനസഹായം എന്നിവ നടപ്പിലാക്കുന്നു. തിരിച്ചടവില്ലാത്ത ഗ്രാന്റാണ് അനുവദിക്കുന്നത്. 1917-18-ൽ 16 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

(ബി) കോർപ്പറേഷന്റെ പ്രവർത്തനം കോർപ്പറേഷൻ തലത്തിലും സർക്കാർ തലത്തിലും അവലോകനം ചെയ്യുന്നുണ്ട്.

(സി) ഉണ്ട്. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ കീഴിൽ ഗുണഭോക്താക്കളുടെ ഉൽപ്പന്നങ്ങൾക്ക് ഒരു സ്ഥിരം വിപണന സംവിധാനം ഏർപ്പെടുത്തുന്നതിനുവേണ്ടി ടൂറിസം സാദ്ധ്യതകൾകൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തി 3 ക്രാഫ്റ്റ് വില്ലേജുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയുണ്ട്. ക്രാഫ്റ്റ് വില്ലേജുകൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) കേരള സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷൻ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സംരംഭകത്വ പരിശീലനവും സ്വയംതൊഴിൽ വായ്പയും നൽകുന്നതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി 'ദിശ 2017' എന്ന പരിപാടി സംഘടിപ്പിച്ചിരുന്നു. മെഡിക്കൽ ക്ലിനിക്, വെറ്ററിനറി ക്ലിനിക്, ഫിറ്റ്നസ് സെന്റർ, മെഡിക്കൽ ലബോറട്ടറി, സിവിൽ എഞ്ചിനീയറിംഗ് കൺസൾട്ടൻസി, ബ്യൂട്ടി പാർലർ, എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ്, കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്റർ, സോഫ്റ്റ്വെയർ കൺസൾട്ടൻസി,

ഫാം നഴ്സറി, ഡെയറിഫാം, ഗോട്ട് ഫാം, ഡിജിറ്റൽ സ്റ്റുഡിയോ, വീഡിയോ പ്രൊഡക്ഷൻ യൂണിറ്റ്, എഡിറ്റിംഗ് സ്റ്റുഡിയോ, ആട്ടോമൊബൈൽ വർക്ക്ഷോപ്പ്, റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റ്, ഫുഡ് പ്രോസ്സസിംഗ്, മിനി ടൂറിസം യൂണിറ്റുകൾ, ബേക്കറി, റസ്റ്റോറന്റുകൾ, ടാക്സി/പിക്കപ്പ് വാഹനങ്ങൾ തുടങ്ങി വൈവിധ്യമാർന്ന ഒട്ടേറെ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള രജിസ്ട്രേഷൻ ഈ പദ്ധതി പ്രകാരം ലഭ്യമായിട്ടുണ്ട്. സാങ്കേതിക/പ്രൊഫഷണൽ മേഖലകളിൽ ഉന്നത ബിരുദധാരികളായ ഒട്ടേറെ യുവതീ-യുവാക്കൾ സ്റ്റാർട്ടപ്പ് ഉൾപ്പെടെയുള്ള നവസംരംഭങ്ങൾ ആരംഭിക്കുന്നതിന് സന്നദ്ധരായി മുന്നോട്ട് വന്നിട്ടുണ്ട്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത 5200-ഓളം നവ സംരംഭകർക്കുവേണ്ടിയാണ് 'ദിശ 2017' സംഘടിപ്പിച്ചത്. 'ദിശ 2017' രണ്ടാംഘട്ട ഓൺലൈൻ രജിസ്ട്രേഷൻ 2017 മാർച്ച് ഒന്നാം തീയതി ആരംഭിച്ചു. ഏപ്രിൽ 15 വരെ രജിസ്റ്റർ ചെയ്യുന്നവർക്കുള്ള സെമിനാർ 2017 ഏപ്രിൽ 29-ന് സംഘടിപ്പിക്കും. ആദ്യഘട്ട സെമിനാറിൽ പങ്കെടുത്തവർക്ക് വായ്പ അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 2017-18-ൽ ഈ പദ്ധതിക്കായി 250 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അർഹതാ മാനദണ്ഡം പാലിക്കുന്ന രജിസ്റ്റർ ചെയ്ത മുഴുവൻ സംരംഭകർക്കും ഈ പദ്ധതിയിൻകീഴിൽ വായ്പ അനുവദിക്കുന്നതാണ്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, കേരളത്തിലെ ജനസംഖ്യയുടെ 69 ശതമാനത്തിലധികംവരുന്ന പിന്നോക്ക വിഭാഗത്തിനുവേണ്ടി പ്രവർത്തിക്കുന്ന പിന്നോക്ക വികസന കോർപ്പറേഷന് തിരുവനന്തപുരത്തൊരു ഹെഡ് ഓഫീസ് കഴിഞ്ഞാൽ രണ്ട് റീജിയണൽ ഓഫീസുകൾ മാത്രമാണ് നിലവിലുള്ളത്. അത് അപര്യാപ്തമാണെന്ന് എല്ലാവർക്കും അറിയാം. അതുകൊണ്ട് ഏറ്റവും കൂടുതൽ പിന്നോക്കക്കാർ താമസിക്കുന്ന പാലക്കാട് ജില്ലയിലുൾപ്പെടെ പിന്നോക്ക വികസന കോർപ്പറേഷന്റെ ഓഫീസുകൾ ആരംഭിക്കാൻ സാദ്ധ്യതയുണ്ടോ; അതോടൊപ്പം പിന്നോക്ക വികസന കോർപ്പറേഷന്റെ ഒരു സബ്സെന്റർ ഏറ്റവും കൂടുതൽ പിന്നോക്കക്കാരുള്ള ആലത്തൂർ താലൂക്കിന്റെ കേന്ദ്രത്തിൽ സ്ഥാപിക്കാൻ സന്നദ്ധമാകുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, പത്ത് ഉപജില്ലാ ഓഫീസുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. നിലവിൽ തിരുവനന്തപുരത്ത് മുഖ്യ കാര്യാലയവും ജില്ലാ ആസ്ഥാനങ്ങളിൽ ജില്ലാ ഓഫീസുകളും വർക്കല, ഹരിപ്പാട്, ചേലക്കര, പട്ടാമ്പി, വള്ളൂർ, തിരൂർ എന്നിവിടങ്ങളിൽ ഉപജില്ലാ ഓഫീസുകളും പ്രവർത്തിച്ചുവരുന്നു. പ്രവർത്തനം വിപുലപ്പെടുത്താൻ വളരെ സാദ്ധ്യതയുള്ളതാണ്

ഈ കോർപ്പറേഷൻ. അതിന്റെ ഭാഗമായി പത്ത് ഉപജില്ലാ ഓഫീസുകൾ ആരംഭിക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിലൊന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പാലക്കാടും ഉണ്ടാകും.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, പത്ത് ശതമാനത്തിൽ താഴെ വരുന്ന പട്ടികജാതി ജനവിഭാഗത്തിനുവേണ്ടിയുള്ള വകുപ്പ് മാതൃകാപരമായ പ്രവർത്തനങ്ങളാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ഇപ്പോൾ നടത്തി വരുന്നത്. എം.ആർ.എസ്., പ്രീ-മെട്രിക് ഹോസ്റ്റൽ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, പാലക്കാട് മെഡിക്കൽ കോളേജുൾപ്പെടെയുള്ളവ മാതൃകാപരമാണ്. അത്തരത്തിൽ തൊഴിൽ പരിശീലന കേന്ദ്രങ്ങളോ പ്രൊഫഷണൽ കോളേജുകളോ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ 70 ശതമാനത്തിലധികം പിന്നോക്കക്കാരുള്ള എന്റെ മണ്ഡലത്തിൽ ഒരു ലോ കോളേജ് അനുവദിക്കണമെന്ന എന്റെ അപേക്ഷ പരിഗണിക്കാൻ സാദ്ധ്യതയുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, നേരിട്ടുള്ള ഈ ചോദ്യത്തിന് ഇപ്പോൾ മറുപടി പറയാൻ കഴിയില്ല. കാരണം, ഇതൊരു ലോംഗ് പ്രോസസ്സാണ്. പ്ലാനിംഗ് വകുപ്പിലും ധനകാര്യ വകുപ്പിലുമൊക്കെ പോകേണ്ടതുണ്ട്. എന്തായാലും ഇത് പരിഗണിക്കേണ്ടൊരു വിഷയമാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, പിന്നോക്കക്കാരുടെ ക്ഷേമപദ്ധതി കളെക്കുറിച്ചാണ് എന്റെ ചോദ്യം. പിന്നോക്കക്കാരിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് കൊടുക്കുന്ന ആനുകൂല്യങ്ങളിൽ ഒരു വിഷയം നിലനിൽക്കുന്നു. അവരുടെ ചികിത്സാ സഹായത്തിനുള്ള വരുമാന പരിധി 50,000 രൂപയാണ്. എന്നാൽ ജനറൽ വിഭാഗത്തിന് ഇത് 1,00,000 രൂപയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 1,00,000 രൂപ വരുമാനപരിധിയുള്ള ജനറൽ വിഭാഗത്തിൽ സഹായം ലഭിക്കുന്നുണ്ട്. എന്നാൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വില്ലേജ് ഓഫീസർ 55,000 രൂപയുടെ വരുമാനസർട്ടിഫിക്കറ്റാണ് കൊടുക്കുന്നതെങ്കിൽ, അത് തിരിച്ചയയ്ക്കുകയാണ്. ഇത് അനീതിയാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയത്തിൽ ഇടപെട്ട് അനുകൂല നിലപാട് സ്വീകരിച്ച് അടിയന്തരമായി പ്രഖ്യാപിക്കുമോ ?

ശ്രീ. എ. കെ. ബാലൻ: സർ, ഇത് നേരത്തേയുള്ള ചോദ്യത്തിന്റെ ഉപചോദ്യമായി ചോദിക്കാമായിരുന്നു. ഇപ്പോൾ ചോദിക്കുന്നത് പിന്നോക്ക വിഭാഗത്തിന്റെ ചോദ്യങ്ങളാണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ

ചോദ്യങ്ങൾ കഴിഞ്ഞു. എന്നിരുന്നാലും, 50,000 രൂപ ഇൻകം സീലിംഗ് വച്ചത് 1,00,000 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കും.

ശ്രീ. പി. ടി. എ. റഹീം: സർ, ബഹുമാനപ്പെട്ട മന്ത്രി പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പുതിയ പത്ത് ശാഖകൾ രൂപീകരിക്കുമെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി പറയുകയുണ്ടായി. പുതിയ ശാഖകൾ തുടങ്ങുന്നത് എവിടെയെല്ലാമാണ്?

ശ്രീ. എ. കെ. ബാലൻ: സർ, ഇത് സ്വകാര്യമായി വയ്ക്കേണ്ട പ്രശ്നമല്ല. ഡിമാന്റ് ചർച്ചയുടെ ഭാഗമായി പറയാമെന്നാണ് ഞാൻ കരുതിയത്. തിരുവനന്തപുരം-നെയ്യാറ്റിൻകര, കൊല്ലം - പത്തനാപുരം, കൊല്ലം-കരുനാഗപ്പള്ളി, ആലപ്പുഴ - ചേർത്തല, ഇടുക്കി - ദേവികുളം, എറണാകുളം - മൂവാറ്റുപുഴ, പാലക്കാട് - വടക്കാഞ്ചേരി, കോഴിക്കോട് - പേരാമ്പ്ര, കണ്ണൂർ - കൂത്തുപറമ്പ്, കാസർഗോഡ് - കാഞ്ഞങ്ങാട് എന്നിവയാണ് ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലുള്ളത്.

ശ്രീ. കെ. ജെ. മാക്സിക്കുവേണ്ടി ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, ഒ.ബി.സി.. വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ വായ്പ, വിദ്യാഭ്യാസ വായ്പ, വിദേശ വിദ്യാഭ്യാസ വായ്പ, ബിസിനസ്സ് ആവശ്യത്തിനുള്ള വായ്പ എന്നിവയ്ക്കായി വിവിധ പദ്ധതികളുണ്ട്. എന്നാൽ ഇതേ പദ്ധതികളിൽ ചെറുകിട വ്യാപാരികൾക്ക് സ്വന്തം ജാമ്യത്തിൽ വായ്പ കൊടുക്കാറുണ്ട്. ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവർക്ക് വായ്പ ലഭിക്കുന്നതിന് ഉദ്യോഗസ്ഥ ജാമ്യമോ വസ്തു ജാമ്യമോ വേണം. അങ്ങനെ വരുമ്പോൾ ഇത് ഫലപ്രദമായി ലഭിക്കാത്തതിനാൽ വ്യവസ്ഥയിൽ ഇളവനുവദിക്കാൻ കഴിയുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഈ വിഷയത്തിൽ ഗവൺമെന്റ് ധാരാളം പുതിയ പദ്ധതികൾ ആലോചിക്കുന്നുണ്ട്. അത് പരിശോധിക്കുമ്പോൾ ഈ പറഞ്ഞ കാര്യങ്ങൾ കൂടി പരിഗണിക്കാം.

ശ്രീ. പി. കെ ശശി: സർ, പത്താം ക്ലാസ്സിന് മുകളിൽ പഠിക്കുന്ന ഒ.ബി.സി., ഒ.ഇ.സി. കുട്ടികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ് എപ്പോഴും കുടിശ്ശികയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും ഇത് കുടിശ്ശികയായിരുന്നു. പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ കുടിശ്ശിക തീർത്തെങ്കിലും വീണ്ടും അത് കുടിശ്ശികയായി കിടക്കുകയാണ്. സ്കോളർഷിപ് കുടിശ്ശികയില്ലാതെ

അതാത് വർഷംതന്നെ കൊടുത്തു തീർക്കാൻ നടപടിയുണ്ടാകുമോ; ജനസംഖ്യയിൽ 69 ശതമാനം വരുന്ന പിന്നോക്ക വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായി ഫണ്ട് വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ.എ.കെ. ബാലൻ: സർ, ജനസംഖ്യാനുപാതികമായിട്ടുള്ള ഫണ്ടിനേക്കാൾ കൂടുതലാണ് ഇപ്പോൾ ബജറ്റിന്റെ ഭാഗമായി വകയിരുത്തിയിരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിൽ ഒ.ഇ.സി.വിഭാഗത്തിൽ 30 സമുദായങ്ങൾ കൂടി പുതുതായി വന്നു. അപ്പോൾ 70,000 ഒ.ബി.സി. കുട്ടികൾ ഒ.ഇ.സി. ആയി മാറി. ഇതിന്റെ ഭാഗമായി എസ്.സി./എസ്.ടി. വിഭാഗത്തിന് കൊടുക്കുന്ന വിദ്യാഭ്യാസ ആനുകൂല്യം ഇവർക്കും കൊടുക്കുന്നതിന് നിർബന്ധിതമായി. നിങ്ങൾ ചെയ്ത കാര്യത്തെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. നിലവിൽ ഒ.ഇ.സി. വിഭാഗത്തിൽ 10 സമുദായങ്ങളെ ഉണ്ടായിരുന്നുള്ളൂ. ഒറ്റയടിക്ക് 30 വിഭാഗങ്ങളെക്കൂടി ഇതിലേയ്ക്ക് കൊണ്ടുവന്നു... .....ബഹളം.... ആനുകൂല്യത്തിന്റെ കാര്യം തന്നെയാണ് ഞാൻ പറഞ്ഞത്. അതിന് ക്രീമിലെയറുണ്ട്, 6,00,000 രൂപയാണ് വരുമാന പരിധി. 22-25-03 ആണ് ഒ.ബി.സി..-ഒ.ഇ.സി. ഹെഡ്. ഒ.ബി.സി.., ഒ.ഇ.സി. ആയി മാറിയപ്പോൾ നിലവിലുള്ള ഫണ്ടിന്റെ ഇരട്ടിയിലധികം തുക വേണ്ടിവന്നു. ഇങ്ങനെയാണ് കഴിഞ്ഞ മന്ത്രിസഭയുടെ കാലഘട്ടത്തിൽ ക്രൈസിസിലായത്. എന്നാലും ഇപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇടപെട്ട് അഡീഷണൽ ഓതറൈസേഷൻ കൊടുത്ത് ഈ കുടിശ്ശിക ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് വളരെ ശരിയാണ്. ബജറ്റ് മാമൂൽ പ്രകാരം തുക വകയിരുത്തി. പക്ഷേ കൊടുക്കേണ്ട തുക ഇപ്പോൾ വന്ന മാറ്റത്തോടുകൂടി വളരെ അധികരിച്ചിട്ടുണ്ട്. അതുകൊണ്ട് കുടിശ്ശിക അടിയന്തരമായി കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ പി. ഉബൈദുള്ള: സർ, വിദ്യാഭ്യാസ വായ്പ കൊടുക്കുമെന്ന് ബാങ്കുകൾ പറയുന്നുണ്ട്. എന്നാൽ വായ്പയ്ക്കുവേണ്ടി ചെന്നാൽ ബാങ്കുകൾ അക്കാര്യത്തിൽ വളരെ വിമുഖത കാണിക്കുന്നു. പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വിദ്യാഭ്യാസ വായ്പ സെക്യൂരിറ്റിയില്ലാതെ കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, സെക്യൂരിറ്റിയില്ലാതെ വായ്പ കൊടുത്താൽ വിദ്യാഭ്യാസ വായ്പ എന്ന പദ്ധതിക്ക് ഒരു സെക്യൂരിറ്റിയും ഉണ്ടാകില്ല. വിദ്യാഭ്യാസ വായ്പ 20 ലക്ഷം വരെ 4 ശതമാനം പലിശയ്ക്കാണ് പിന്നോക്ക വികസന കോർപ്പറേഷൻ കൊടുക്കുന്നത്. ഇത് വളരെ ഫലപ്രദമായ പദ്ധതിയാണ്. ഇതിന് ധാരാളം അപേക്ഷകർ വരുന്നുണ്ട്. അതുപോലെ സ്വയംതൊഴിൽ വായ്പ 10 ലക്ഷം രൂപ വരെ 5 ശതമാനം പലിശ നിരക്കിൽ അനുവദിക്കുന്നുണ്ട്. കൂടാതെ മൈക്രോ ക്രെഡിറ്റ് വായ്പ ഒരു കോടി രൂപ വീതം 3.5 ശതമാനം പലിശയ്ക്ക് സി.ഡി.എസ്-കൾക്ക് നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായി മഹിളാസമൃദ്ധി യോജന, ഒരു കോടി രൂപ വീതം 2.5 ശതമാനം പലിശയ്ക്ക് ഓരോ സി.ഡി.എസ്.-നും നൽകുന്നുണ്ട്. കഴിഞ്ഞ വർഷം 100 സി.ഡി.എസ്.-കൾക്ക് 100 കോടി രൂപയാണ് നൽകിയത്. മുൻകാലങ്ങളിലെ മൈക്രോ ഫിനാൻസുമായി ബന്ധപ്പെട്ട വിഷയങ്ങളൊക്കെ ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാവും. അതൊന്നും ഇപ്പോഴില്ല. ജന്യുവിനായിട്ടുള്ള സി.ഡി.എസ്.-കൾ പ്രമേയം പാസ്സാക്കി കൊണ്ടുവന്നാൽ മാത്രമേ വായ്പ നൽകുകയുള്ളൂ. സെക്യൂരിറ്റി ഉറപ്പുവരുത്തുന്നതിൽ എന്തൊക്കെ മാനദണ്ഡങ്ങൾ സ്വീകരിക്കണമെന്നത് പരിശോധിക്കാം.

ശ്രീ. റ്റി. വി. രാജേഷ്: സർ, കേന്ദ്ര സർക്കാർ ഒ.ബി.സി. ലിസ്റ്റിൽ പ്പെടുത്തുകയും എന്നാൽ സംസ്ഥാന സർക്കാർ ഒ.ബി.സി. ലിസ്റ്റിൽ പ്പെടുത്താതിരിക്കുകയും ചെയ്യുന്ന, അർഹരായിട്ടുള്ള, മഹാഭൂരിപക്ഷം വരുന്ന ദാരിദ്ര്യത്തിൽ കഴിയുന്ന ജനങ്ങളാണ് കണ്ണൂർ ജില്ലയിലെ മുഖാരി-മുവാരി വിഭാഗം. കഴിഞ്ഞ കുറേ വർഷങ്ങളായി ഇവർ ആനുകൂല്യത്തിനുവേണ്ടി നിരന്തരമായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പിന്നോക്ക വിഭാഗത്തിന്റെ ക്ഷേമത്തിനുവേണ്ടി ക്രിയാത്മകമായ ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കുന്ന ഈ സർക്കാർ വടക്കേ മലബാറിലെ രണ്ട് ജില്ലകളിൽപ്പെടുന്ന ഈ സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഒ. ബി. സി, ഒ. ഇ. സി, എസ്.സി/എസ്.ടി ലിസ്റ്റുകളിൽ ഉൾപ്പെടുത്തുന്നതിന് ഒരു നടപടിക്രമമുണ്ട്. അതിനുവേണ്ടി കിർത്താഡ്സ് എന്ന നരവംശ ശാസ്ത്ര വകുപ്പുണ്ട്. അതിന്റെ റെക്കമെന്റേഷൻ പിന്നോക്ക കമ്മീഷൻ മുൻപാകെ പോകണം. അവർ സ്ക്രൂട്ടിനി നടത്തിയതിനുശേഷം ക്യാബിനറ്റിൽ വരണം. ഇതൊന്നും പാലിക്കാതെയാണ് നേരത്തേ പറഞ്ഞ 30 സമുദായങ്ങളെ ഒ.ഇ.സി. ലിസ്റ്റിൽപ്പെടുത്തിയത്. ....ബഹളം.... ഞാൻ പറയട്ടെ, 30 വിഭാഗങ്ങളെ വിദ്യാഭ്യാസ ആവശ്യത്തിനായി ഉൾപ്പെടുത്തി.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റ് ആരെയും ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഒ.ഇ.സി.-യുടെ വിദ്യാഭ്യാസ ആനുകൂല്യം അവർക്കുംകൂടി നൽകുകയാണ് ചെയ്തത്. ആർക്കെങ്കിലും നടപടിക്രമങ്ങൾ പാലിക്കാതെ ലിസ്റ്റിൽ ഉൾപ്പെടുത്താൻ സാധിക്കുമോ?

<u>മി. സ്പീക്കർ</u>: പ്ളീസ്..പ്ളീസ്.. ഇരിക്കൂ... ബഹുമാനപ്പെട്ട മന്ത്രി എഴുന്നേറ്റ് നിൽക്കുകയാണ്. നിങ്ങൾ സംസാരിക്കാൻ അവസരം ചോദിച്ചില്ലല്ലോ; ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഒ.ഇ.സി.യിലേയ്ക്ക് നിങ്ങൾ 10 സമുദായത്തോടൊപ്പം 30 സമുദായത്തേയുംകൂടി കൊണ്ടുവന്നു എന്ന് പറഞ്ഞത് വിദ്യാഭ്യാസ ആനുകൂല്യം നൽകാൻ വേണ്ടിയാണ്. 6 ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായി ഒ.ഇ.സി.-ക്ക് സമാനമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകാൻ 30 സമുദായങ്ങളെക്കൂടി ഉൾപ്പെടുത്തിയത് നിങ്ങളുടെ കാലത്താണ്. അവർ നിലവിൽ എസ്.സി.ബി.സി.-യിൽത്തന്നെയാണ്, റിസർവേഷൻ പഴയതുതന്നെയാണ്. പക്ഷേ സാമ്പത്തിക ആനുകൂല്യം നൽകാൻ വേണ്ടിയാണ് നിങ്ങൾ അങ്ങനെ ചെയ്തത്. ....ബഹളം.....

<u>മി.സ്പീക്കർ</u>: മറുപടി വ്യക്തമാണ്. പ്ളീസ്...പ്ളീസ്...ആനുകൂല്യം കൊടുത്തു എന്നാണ് പറയുന്നത്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, നിങ്ങൾ പറയുന്നതിനോട് വിയോജിക്കുന്നില്ല. ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി എന്നല്ല, വിദ്യാഭ്യാസ ആനുകൂല്യത്തിനായി ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി എന്നാണ്. ആനുകൂല്യത്തിനായി 30 സമുദായത്തെയാണ് ഉൾപ്പെടുത്തിയത്. 30 സമുദായത്തിന് ആനുകൂല്യം നൽകാൻ തീരുമാനിച്ചപ്പോൾ പണമുണ്ടായിരുന്നില്ല. അതിന്റെ ഭാഗമായി 169 കോടി രൂപ കുടിശ്ശികയായി. ഞാൻ നിങ്ങളെ ന്യായീകരിച്ചാണ് പറഞ്ഞത്. നിങ്ങൾക്ക് നൽകാൻ കഴിയാതിരുന്നതിന്റെ പ്രധാനപ്പെട്ട കാരണം 70000 കുട്ടികൾ ഒ.ഇ.സി.യുടെ വിദ്യാഭ്യാസ ആനുകൂല്യം വാങ്ങാൻ നിർബന്ധിക്കപ്പെട്ടു എന്നതാണ്. അതാണ് ഞാൻ വ്യക്തമാക്കിയത്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷന്റെ കീഴിൽ ടൂറിസം സാദ്ധ്യതകളെ പ്രയോജനപ്പെടുത്തി ഗുണഭോക്താക്കളുടെ ഉൽപ്പന്നങ്ങൾക്ക് സ്ഥിരം വിപണന സംവിധാനം ഏർപ്പെടുത്തുന്നതിനുവേണ്ടി ഒരു ക്രാഫ്റ്റ് വില്ലേജ് രൂപപ്പെടുത്തുന്നതിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇടുക്കിയെ സംബന്ധിച്ചിടത്തോളം ടൂറിസവുമായി ബന്ധപ്പെട്ട് കരകൗശല വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന ധാരാളം യൂണിറ്റുകളുണ്ട്. ഇടുക്കിയിൽ ഒരു ക്രാഫ്റ്റ് വില്ലേജ് അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ക്രാഫ്റ്റ് വില്ലേജ് ഒരു നല്ല സംരംഭമാണ്. ഇപ്പോൾ പാലക്കാട് ബി.സി.ഡി.സി. എക്സ്പോ എന്ന പേരിൽ ഒരു പ്രദർശന വിപണനമേള നടത്തി; പിന്നോക്ക വിഭാഗങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയുമാണ്. 80 ലക്ഷം രൂപയുടെ ഉൽപ്പന്നങ്ങളാണ് അവിടെ വിറ്റഴിച്ചത്. അപ്പോഴാണ് ഇതൊരു സ്ഥിരം സംവിധാനമാക്കിയാലോ എന്ന് തോന്നിയത്. പിന്നോക്കവിഭാഗങ്ങൾ വീട്ടിലുണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനും അവരുടെ കലാപ്രകടനങ്ങൾ നടത്തുന്നതിനും വേണ്ടിയുള്ള ഈ മേള പാലക്കാട് പത്ത് ദിവസം നടന്നപ്പോൾ പതിനായിരങ്ങളാണ് അതിൽ പങ്കെടുത്തത്. ഒരു സ്ഥിരം ക്രാഫ്റ്റ് വില്ലേജിനെ സംബന്ധിച്ച് ആലോചിക്കുകയാണ്, അതിന് യാതൊരു ബുദ്ധിമുട്ടുമില്ല. മൂന്ന് സ്ഥലങ്ങൾ തെരഞ്ഞെടുക്കും; ഏത് സ്ഥലം വേണമെന്നുള്ളത് പിന്നീട് തീരുമാനിക്കാം.

ശ്രീ. സി. ദിവാകരൻ: സർ, പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ചാണ് ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. കേരളത്തിൽ പിന്നോക്ക വിഭാഗങ്ങൾക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും സംവരണമുണ്ട്. ആ സംവരണം ലഭിക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളതിനെ സംബന്ധിച്ച് മോണിറ്റർ ചെയ്യാൻ എന്തെങ്കിലും സംവിധാനമുണ്ടോ? 130000 തസ്തികകളിൽപോലും സംവരണമില്ലാത്ത ഒരു വലിയ മേഖല കേരളത്തിലുണ്ട്. പിന്നോക്കവിഭാഗങ്ങളുടെ ക്ഷേമത്തിനായി കുറേ കാശ് കൊടുക്കലും വീട് കൊടുക്കലും മാത്രം പോരാ, സമുദായത്തിൽ അവർക്ക് മാന്യമായ അംഗീകാരം ലഭിക്കാൻ, ഭരണഘടന അനുവദിച്ചിരിക്കുന്ന സംവരണം ഉറപ്പാക്കാൻ എന്താണ് നടപടിക്രമം?

ശ്രീ. എ. കെ. ബാലൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സംവരണം ഭരണഘടനപരമായി contemplate ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള ഒരു റിവ്യൂ കമ്മിറ്റിയുണ്ട്. അത് കൃത്യമായി യോഗം ചേർന്ന് പരിശോധിക്കുന്നുണ്ട്. ഇവിടെ പറഞ്ഞതുപോലെ സ്വകാര്യ മേഖലയിലെ സംവരണം ഒരു നയപ്രശ്നമാണ്. സ്വകാര്യമേഖലയിൽ ഇപ്പോൾ സംവരണമില്ല. ആ സംവരണം ഉറപ്പുവരുത്തുന്നതിനുള്ള നടപടികളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. അത് ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

### ജലവിതരണ ശൃംഖല കാര്യക്ഷമമാക്കാൻ നടപടി

3 (*213) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. ഹൈബി ഈഡൻ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരന്തരം പൈപ്പ് പൊട്ടൽ ഉണ്ടാകുന്നത് ഒഴിവാക്കി ജലവിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിന് കാലപ്പഴക്കം ചെന്ന സിമന്റ് പൈപ്പ് ലൈനുകൾ മാറ്റുന്നതിന് പദ്ധതിയുണ്ടോ ;

(ബി) കിഫ്ബിയുടെ സാമ്പത്തിക സഹായം ഇക്കാര്യത്തിനായി തേടിയിട്ടുണ്ടോ ;

(സി) കിഫ്ബിയുടെ അനുമതി ലഭിച്ച ശുദ്ധജല പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ; എന്ത് തുകയാണ് കിഫ്ബി വഴി ലഭിക്കുന്നത് ;

(ഡി) ഇതിൽ ഏതൊക്കെ പദ്ധതികളുടെ പ്രവർത്തനം ഇതിനകം ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ,

(എ) നിരന്തരം പൈപ്പ് പൊട്ടലുണ്ടാകുന്നത് ഒഴിവാക്കി ജലവിതരണ ശൃംഖല കാര്യക്ഷമ മാക്കുന്നതിന് കാലപ്പഴക്കം ചെന്ന സിമന്റ് പൈപ്പ് ലൈനുകൾ മാറ്റുന്നതിന് സ്റ്റേറ്റ് പ്ലാൻ, MLA-ADS, LSGD, Deposit work എന്നിവയിൽ ഉൾപ്പെടുത്തി കേരള ജല അതോറിറ്റി പദ്ധതികൾ നടപ്പിലാക്കിവരികയാണ്.

2016-17-ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി 77 സ്കീമുകളിലായി 128 കിലോമീറ്റർ എ. സി. പ്രിമോ പമ്പിംഗ് മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിന് 154 കോടി രൂപയും 174 സ്കീമുകളിലായി 488 കിലോമീറ്റർ എ. സി. പ്രിമോ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിന് 371 കോടി രൂപയും നീക്കിവച്ചിരുന്നു. അതിൽ 433.33 കോടി രൂപയുടെ 148 ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ, കാലപ്പഴക്കം ചെന്ന സിമന്റ് പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് സ്റ്റേറ്റ് പ്ലാൻ 2016-17-ൽ ഉൾപ്പെടുത്തി 32 പ്രൊപ്പോസലുകൾക്ക് 21.94 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. കിഫ്ബിയുടെ സാമ്പത്തിക സഹായം ഇക്കാര്യത്തിനായി തേടിയിട്ടുണ്ട്.

(സി&ഡി) 2016-17-ലെ പുതുക്കിയ ബജറ്റിൽ 10 മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കുമായി പ്രഖ്യാപിച്ച പദ്ധതികളിൽ ഷൊർണ്ണൂർ മുനിസിപ്പാലിറ്റിക്കും വാണിയംകുളം പഞ്ചായത്തിനുംവേണ്ടിയുള്ള വിപുലീകരണ പദ്ധതി, തിരുവല്ല-ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള വിപുലീകരണ പദ്ധതി, കൊല്ലം കോർപ്പറേഷൻ രണ്ടാംഘട്ട കുടിവെള്ള പദ്ധതി വിപുലീകരണം, കാസർഗോഡ് മുനിസിപ്പാലിറ്റിക്കും ചെമ്മനാട് പഞ്ചായത്തിനും വേണ്ടിയുള്ള കുടിവെള്ള പദ്ധതി ഒന്നാം ഘട്ടം, പൊന്നാനിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി, കൊയിലാണ്ടി മുനിസിപ്പാലിറ്റിക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി, തൊടുപുഴ മുനിസിപ്പാലിറ്റിക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം, കോട്ടയം മുനിസിപ്പാലിറ്റിക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം, തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി ഒന്നാംഘട്ടം, മട്ടന്നൂർ-ഇരിട്ടി മുനിസിപ്പാലിറ്റിക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി എന്നിവയ്ക്ക് 909 കോടി രൂപയുടെ അനുമതി കിഫ്ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്.

കൂടാതെ 2016-17-ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച വിതരണ ശൃംഖലകൾ ഇല്ലാത്തതും മുടങ്ങിക്കിടക്കുന്ന പദ്ധതികളുമായ ധർമ്മടം കുടിവെള്ള

പദ്ധതി വിപുലീകരണം, കോട്ടയം ഗ്രാമപഞ്ചായത്ത് (കണ്ണൂർ) കുടിവെള്ള പദ്ധതി - വിതരണ ശൃംഖല മെച്ചപ്പെടുത്തൽ, മാനന്തവാടി, എടവക, നല്ലൂർനാട് വില്ലേജുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ വിതരണശൃംഖല സ്ഥാപിക്കൽ, തിരുവാലിക്കും സമീപ വില്ലേജുകൾക്കുമായുള്ള പദ്ധതിയുടെ വിതരണ ശൃംഖല വിപുലീകരണം, നെന്മാറക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം, കടമക്കുടി പഞ്ചായത്തിന്റെ വിതരണശൃംഖല മെച്ചപ്പെടുത്തൽ, വാരാപ്പുഴ പഞ്ചായത്തിന്റെ വിതരണശൃംഖല മെച്ചപ്പെടുത്തൽ, പെരുനാട്-അത്തിക്കയം വില്ലേജുകളുടെ വിതരണശൃംഖല മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് 163.1 കോടി രൂപയുടെ അനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ 2016-17-ലെ പുതുക്കിയ ബജറ്റിന്റെ മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികളായ ചീക്കോട് കുടിവെള്ള പദ്ധതിയുമായി സംയോജിപ്പിച്ചുള്ള രാമനാട്ടുകര കുടിവെള്ള പദ്ധതിയുടെ മെച്ചപ്പെടുത്തൽ, കല്ലുവാതുക്കൽ-പാരിപ്പള്ളി-വെളിനല്ലൂർ വില്ലേജുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി ഒന്നാംഘട്ടം, അമ്പലപ്പാറ പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി, തച്ചനാട്ടുകര-അലനല്ലൂർ-കോട്ടോപാടം പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി, താനൂർ മുനിസിപ്പാലിറ്റിക്കും സമീപത്തെ നാല് പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി എന്നിവയ്ക്കായി 185 കോടി രൂപയുടെ അനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ 23 പദ്ധതികൾക്ക് 11-01-2017-ലെ സർക്കാർ ഉത്തരവ് (ആർ.ടി.)നമ്പർ 14/2017/ജ.വി.വ. പ്രകാരം 1257.1 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ കാസർഗോഡ് മുനിസിപ്പാലിറ്റിക്കും ചെമ്മനാട് പഞ്ചായത്തിനും വേണ്ടിയുള്ള കുടിവെള്ള പദ്ധതി ഒന്നാംഘട്ടം, കടമക്കുടി പഞ്ചായത്തിന്റെ വിതരണശൃംഖല മെച്ചപ്പെടുത്തൽ, വാരാപ്പുഴ പഞ്ചായത്തിന്റെ വിതരണശൃംഖല മെച്ചപ്പെടുത്തൽ, കല്ലുവാതുക്കൽ-പാരിപ്പള്ളി-വെളിനല്ലൂർ വില്ലേജുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി ഒന്നാംഘട്ടം ഒഴികെയുള്ള 19 പദ്ധതികൾ എന്നിവയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഷൊർണ്ണൂർ മുനിസിപ്പാലിറ്റിക്കും വാണിയംകുളം പഞ്ചായത്തിനും വേണ്ടിയുള്ള വിപുലീകരണ പദ്ധതി, പൊന്നാനിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ പാക്കേജ്-2, കൊയിലാണ്ടി മുനിസിപ്പാലിറ്റിക്കു

വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ പാക്കേജ് - 1, കോട്ടയം ഗ്രാമപഞ്ചായത്ത് (കണ്ണൂർ) കുടിവെള്ള പദ്ധതി - വിതരണശൃംഖല മെച്ചപ്പെടുത്തൽ, മാനന്തവാടി, എടവക, നല്ലൂർനാട് വില്ലേജുകൾക്ക് വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ വിതരണശൃംഖല സ്ഥാപിക്കൽ, തിരുവാലിക്കും സമീപ വില്ലേജുകൾക്കുമായുള്ള പദ്ധതിയുടെ വിതരണ ശൃംഖല വിപുലീകരണം എന്നിവയ്ക്ക് ടെണ്ടർ വിളിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, കാലപ്പഴക്കം ചെന്ന പൈപ്പ് മാറ്റുന്നതിനുവേണ്ടി കോടിക്കണക്കിന് രൂപയുടെ ഫണ്ട് ഇതിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ രണ്ട് ശതമാനം ചെലവഴിക്കുകയാണെങ്കിൽ, ജി.പി.എസ്. അടക്കമുള്ള സംവിധാനമുപയോഗിച്ച് പൈപ്പ് പൊട്ടുന്നത് നേരത്തേ അറിയാനുള്ള മാതൃകകൾ സ്ഥാപിക്കാം; അത് പലസ്ഥലത്തുമുണ്ട്. അതുപോലെ മോഡണൈസേഷനുവേണ്ടി എത്ര ഫണ്ടാണ് ഇപ്പോൾ മാറ്റിവച്ചിരിക്കുന്നത്?

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഭൂമി കുഴിക്കാതെ തന്നെ പൈപ്പിലെ ലീക്കുകൾ കണ്ടുപിടിക്കാനുള്ള യന്ത്രങ്ങൾ ഇപ്പോഴുണ്ട്. സൗണ്ട് സിസ്റ്റം ഉപയോഗിച്ചുകൊണ്ടുള്ളതിനാലാണ് അത് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയാത്തത്. രാത്രി സമയത്തും വാഹനങ്ങൾ ഓടാത്തപ്പോഴും മാത്രമാണ് അത് ഉപയോഗിക്കാൻ കഴിയുന്നത്. അത് കൂടുതൽ വ്യാപകമാക്കാൻ ശ്രമിക്കുന്നതാണ്.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, അടുത്തകാലത്ത് എല്ലാ ദിനപത്രങ്ങളിലും വന്ന ഒരു വാർത്തയാണ് - അരുവിക്കര ഡാമിൽ വെള്ളം കുറയുന്നതുകൊണ്ട് തൊട്ടടുത്തുള്ള നെയ്യാർ ഡാമിൽ നിന്നുള്ള വെള്ളം ഇങ്ങോട്ടെത്തിക്കാനുള്ള ഒരു പദ്ധതി. വകുപ്പിലെ ഉദ്യോഗസ്ഥർ അവിടെ പോയി സ്റ്റഡിയൊക്കെ നടത്തിയിരുന്നു. എന്റെ മണ്ഡലത്തിലെയും നെയ്യാറ്റിൻകര താലൂക്കിലെയും കാട്ടാക്കട താലൂക്കിലെയും ആളുകൾ കുടിവെള്ളത്തിനും അവിടത്തെ കാർഷിക ചെറുകിട പദ്ധതികൾക്കും വെള്ളമെടുക്കുന്നത് നെയ്യാർ ഡാമിൽ നിന്നാണ്. ഇപ്പോൾ അവിടെ 76 മീറ്റർ ജലമാണുള്ളത് എന്നാണ് മനസ്സിലാക്കുന്നത്. ഇതുപോലത്തെ ഒരു സ്കീം പ്രായോഗികമാകുമോ എന്ന് ജനങ്ങൾക്ക് ആശങ്കയുണ്ട്. ഈ സ്കീമുമായി സർക്കാർ മുന്നോട്ടുപോകുന്നുണ്ടോ; അങ്ങനെ മുന്നോട്ടുപോകുകയാണെങ്കിൽ ഇവിടെ ജലം ലഭ്യമാകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാകും?

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഈ വരൾച്ചക്കാലത്ത് തിരുവനന്തപുരം പട്ടണത്തിൽ കുടിവെള്ളം എത്തിക്കാൻ അടിയന്തരമായി സ്വീകരിക്കുന്ന നടപടികളുടെ ഭാഗമായി, നമ്മുടെ ഡാമുകളിൽ അല്ലെങ്കിൽ സ്രോതസ്സുകളിൽ

വെള്ളമില്ലാത്തപ്പോൾ, ബദൽ മാർഗ്ഗങ്ങൾ കണ്ടെത്താൻ വേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തുന്നുണ്ട്. ഒരു സ്ഥിരം സംവിധാനം എന്നതിലുപരി ഈ വരൾച്ചയെ അഭിമുഖീകരിക്കാൻ ഏത് പരിധിവരെ പോകാനും ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. മുരളീധരൻ: സർ, ഏറ്റവുമധികം പൈപ്പുകൾ പൊട്ടുന്നത് തിരുവനന്തപുരം പട്ടണത്തിലാണ്. 1970-കളുടെ തുടക്കത്തിൽ സ്ഥാപിച്ച പ്രീമോ പൈപ്പുകളെല്ലാം മാറ്റി പുതിയ പൈപ്പ് ലൈനിടണം. തലസ്ഥാനത്തിന് ഒരു പ്രത്യേക പ്രയോറിറ്റി എന്നുള്ള നിലയിൽ, പഴയത് മാറ്റി പുതിയ പൈപ്പുകളിടാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ? മാത്രമല്ല, വിതരണം ചെയ്യുന്നത് കലങ്ങിയ കുടിവെള്ളമാണ്, ഉപയോഗിക്കാൻ കൊള്ളാത്ത സ്ഥിതിവിശേഷമുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. മാത്യു ടി. തോമസ്: സർ, തിരുവനന്തപുരം പട്ടണത്തിലെ പ്രധാനപ്പെട്ട പ്രശ്നം, ഈ വരൾച്ചക്കാലത്ത് വെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കുക എന്നുള്ളതാണ്. പൈപ്പ് പൊട്ടുന്നത് നഗരത്തിന് ഭൂഷണമല്ല. തലസ്ഥാനനഗരിയിൽ 24 മണിക്കൂറും വെള്ളം ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ മുൻഗണന നൽകുന്നതാണ്. ശുദ്ധീകരിക്കാത്ത രീതിയിൽ എവിടെയെങ്കിലും ജലം വിതരണം ചെയ്യുന്നുവെന്ന് ശ്രദ്ധയിൽപ്പെടുത്തിയാൽ ആ ജലം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. അതിനുള്ള സംവിധാനം ഇപ്പോൾത്തന്നെ നമ്മുടെ ലാബുകളിലുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, നമ്മൾ നേരിടുന്ന വലിയ പ്രശ്നം, പല പദ്ധതികളും സമയത്തിന് പൂർത്തിയാക്കാൻ സാധിക്കാതെ അനിശ്ചിതമായി നീണ്ടുപോകുന്നതാണ്. ഓൺഗോയിംഗ് സ്കീമുകളെങ്കിലും സമയത്ത് പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; അതോടൊപ്പം ഈ വരൾച്ചക്കാലത്തെ നേരിടാൻ വാട്ടർ അതോറിറ്റിക്ക് പുതിയതായി ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ?

ശ്രീ. മാത്യു ടി. തോമസ്: സർ, ഈ വരൾച്ചാക്കാലത്തെ അടിയന്തര സാഹചര്യങ്ങൾക്കുവേണ്ടി 40 കോടി രൂപ ഇതിനോടകം അനുവദിച്ചിട്ടുണ്ട്. കൂടുതൽ തുക ആവശ്യമാണെങ്കിൽ അനുവദിക്കുന്നതാണ്. പദ്ധതികൾ വൈകുന്നുവെന്നുള്ളതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ആദ്യം ചോദിച്ചത്. പല കാരണങ്ങളാലാണ് വൈകുന്നത്. ടെണ്ടർ വിളിക്കുമ്പോൾ ചിലപ്പോൾ യോഗ്യതയില്ലാത്തവർ വരുന്നതും സിംഗിൾ ടെണ്ടർ വരുന്നതുമടക്കമുള്ള പ്രശ്നങ്ങളുണ്ടാകുന്നുണ്ട്. ചിലയിടത്ത് ഭൂമി കിട്ടാതെ വരുന്നുണ്ട്. കിഫ്ബിയിൽ

പ്രഖ്യാപിച്ച പദ്ധതിയിൽ കൊല്ലം കോർപ്പറേഷനിൽ 235 കോടി രൂപയുടെ പദ്ധതിയാണ്; പക്ഷേ അതിനാവശ്യമായ ഭൂമി ലഭിക്കുന്നില്ല. തൃശ്ശൂരിൽ 185 കോടി രൂപയുടെ പദ്ധതിയാണ്; ഭരണാനുമതി കിട്ടിക്കഴിഞ്ഞു; ഭൂമി ലഭ്യമാക്കാൻ കഴിയുന്നില്ല. പല കാരണങ്ങളാൽ വൈകുന്നുണ്ട്. ഭൂമി ലഭ്യമാക്കി പദ്ധതികളുടെ കാലതാമസം ഒഴിവാക്കുന്ന കാര്യത്തിൽ ജനപ്രതിനിധികളുടെ, പ്രത്യേകിച്ച് എം.എൽ.എ.-മാർ അടക്കമുള്ളവരുടെ, സഹായമഭ്യർത്ഥിക്കുകയാണ്. മറ്റ് സാങ്കേതികമായ നടപടിക്രമങ്ങൾ വേഗത്തിലാക്കാനുള്ള നിർദ്ദേശം നൽകുന്നതാണ്.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, എറണാകുളം, തൃക്കാക്കര, കളമശ്ശേരി, കൊച്ചി, തൃപ്പൂണിത്തുറ മേഖലകളിൽ 180 MLD ശുദ്ധജലം നൽകാൻ കഴിയാവുന്ന 236 കോടി രൂപയുടെ ഒരു വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന് മുൻസർക്കാരിന്റെ കാലത്ത് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ നൽകിയിരുന്നു. എറണാകുളത്തെ സ്മാർട്ട് സിറ്റി അടക്കമുള്ള മേഖലകളിലേയ്ക്ക് ജലം ലഭ്യമാക്കണമെങ്കിൽ ഇത് യാഥാർത്ഥ്യമാക്കണം. ഏറ്റവും വലിയ തടസ്സമെന്ന് പറയുന്നത്, ഇതിനായി 5 ഏക്കർ സ്ഥലം ലഭ്യമാക്കേണ്ടതുണ്ട്. വ്യവസായ വകുപ്പിന്റെ കിൻഫ്ര പാർക്ക്, കളമശ്ശേരി മെഡിക്കൽ കോളേജ് തുടങ്ങിയ സ്ഥലങ്ങൾ പ്രൊപ്പോസ് ചെയ്തിട്ടുണ്ട്. ഒരു ജോയിന്റ് മീറ്റിംഗിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും അങ്ങേക്കും കത്ത് നൽകിയത് ഇവിടത്തെ എം.എൽ.എ.-മാർ ഒരുമിച്ച് ചേർന്നാണ്. ഇത് യാഥാർത്ഥ്യമായാലേ അവിടത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ വേണ്ടിയിട്ടുള്ള സ്ഥലം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ. പല പ്രാവശ്യം ഈ വിഷയം എന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. നേരത്തേ ശ്രീ. കെ. സി. ജോസഫ് ചോദിച്ച ചോദ്യത്തിന്റെ ഉത്തരം തന്നെയാണ്. 235 കോടി രൂപയുടെ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ കഴിയാതെ വരുന്നത് സ്ഥലം ലഭ്യമാകാത്തതു കൊണ്ടാണ്. ഇന്നയിടത്ത് സ്ഥലമുണ്ട് എന്ന് ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞുവെങ്കിലും ഉത്തരവാദിത്വപ്പെട്ട ആളുകൾ ആ സ്ഥലം വിട്ടുതരാൻ തയ്യാറാകുന്നില്ല. കിൻഫ്രയുടെ സ്ഥലമാണെങ്കിലും മെഡിക്കൽ കോളേജിന്റെ സ്ഥലമാണെങ്കിലും ബന്ധപ്പെട്ടവർ വിട്ടുതന്നാൽ മാത്രമേ ആ പദ്ധതിയുമായി മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. സ്ഥലം ലഭ്യമാക്കാനുള്ള നടപടികൾ തുടർന്നുകൊണ്ടിരിക്കുകയാണ്. ശ്രീ. പി. ടി. തോമസ് അടക്കമുള്ള ആ പ്രദേശത്തുള്ള എം.എൽ.എ.-മാർ ഈ വിഷയം ഉന്നയിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാക്കുന്ന കാര്യത്തിൽ അവരുടെയെല്ലാം സഹായമുണ്ടാകണം.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വനങ്ങളുടെ സംരക്ഷണവും പരിപാലനവും

4 (*214) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും എന്തെല്ലാം പുതിയ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) നിലവിൽ ഏതെല്ലാം പദ്ധതികളാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നത്; വിവരിക്കുമോ;

(സി) ആരുടെയെല്ലാം സഹകരണത്തോടെയാണ് പുതിയ പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) നിലവിലുള്ള വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി താഴെപ്പറയുന്ന പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നു:

1. വനം കയ്യേറ്റം പൂർണ്ണമായും അവസാനിപ്പിക്കുവാൻ അതിർത്തി നിർണ്ണയം പൂർത്തിയാകാത്ത 3000 കിലോമീറ്ററിൽ അതിർത്തി ജണ്ടകൾ നിർമ്മിക്കുക;
2. ഇതിന്റെ ഭാഗമായി വനപാലകരെ സർവ്വേ പരിശീലനത്തിനായി നിയോഗിക്കലും നിയമപരമായി സർവ്വേയർമാരായി അംഗീകരിക്കലും;
3. കാലപ്പഴക്കമുള്ള വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ വാങ്ങുക;
4. വനമേഖലയിലെ വാർത്താവിനിമയം സുഗമമാക്കാൻ വയർലെസ് ശൃംഖല പൂർണ്ണമാക്കൽ;
5. അഞ്ചുവർഷംകൊണ്ട് 164 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ;

6. കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനായി വനേതര മേഖലയിൽ വൃക്ഷവൽക്കരണത്തിന് ഊന്നൽ നൽകി സാമൂഹ്യവനവൽക്കരണ പദ്ധതി പുനരാവിഷ്കരിക്കുക. ഇതിനായി ഔഷധസസ്യങ്ങളും ഫലവൃക്ഷങ്ങളും കൂടുതലായി ഉൾപ്പെടുത്തുക;
7. ശോഷിച്ച വനങ്ങളുടെ പുനരുദ്ധാരണം, വനമേഖലയിലെ ജലസംരക്ഷണം, വൃക്ഷവൽക്കരണം, കണ്ടൽകാടുകളുടെ സംരക്ഷണം എന്നിവയ്ക്കായി ഗ്രീൻ ഇന്ത്യാ മിഷൻ എന്ന സംയോജിത പദ്ധതി നടപ്പാക്കുക;
8. നബാർഡ് സഹായത്തോടെ ഫോറസ്റ്റ് റോഡുകൾ, ഫോറസ്റ്റ് സ്റ്റേഷനുകൾ എന്നിവ നവീകരിക്കൽ;
9. ഉൾവനങ്ങളിൽ പട്രോളിംഗിനായി ക്യാമ്പ്ഷെഡ്ഡുകൾ സ്ഥാപിക്കൽ;
10. ജൈവ വൈവിദ്ധ്യശോഷണത്തിന് കാരണമാകുന്ന കാട്ടുതീ അതിവേഗം കണ്ടെത്തി പ്രതിരോധിക്കുന്നതിന് സാറ്റലൈറ്റ് വഴിയുള്ള എസ്.എം.എസ്. അലേർട്ട് സംവിധാനം ഡെറാഡൂണിലെ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ സാങ്കേതിക സഹായത്താൽ നടപ്പാക്കി;
11. വന്യജീവികളുടെയും അവയുടെ ആവാസവ്യവസ്ഥയുടെയും സ്ഥിരമായ നിരീക്ഷണത്തിനും വനമേഖലയിൽ സ്ഥിരമായ ജാഗ്രത പുലർത്തുന്നതിനും ക്യാമറകൾ സ്ഥാപിക്കൽ;
12. പരിസ്ഥിതി വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ ഇക്കോടൂറിസം പദ്ധതി ശക്തിപ്പെടുത്തുക. ഇതുവഴി വനാശ്രിത സമൂഹത്തിന്റെ തൊഴിലവസരം വർദ്ധിപ്പിച്ച് വനാശ്രിതത്വം കുറയ്ക്കുക;
13. ഇക്കോടൂറിസവുമായി ബന്ധപ്പെട്ട് വനമേഖലയിലെ സന്ദർശനങ്ങൾ കൊണ്ട് വനമേഖലയിലുണ്ടാകുന്ന ആഘാതങ്ങൾ ലഘൂകരിക്കുന്നതിനുള്ള ശാസ്ത്രീയ പഠനം നടത്തൽ;
14. വനമേഖലയിലെ ജലസ്രോതസ്സുകളുടെ പരിപാലനവും ആദിവാസി ഭൂമിയിലെ മണ്ണ്-ജല സംരക്ഷണവും വനമേഖലയ്ക്കായുള്ള പ്രത്യേക തൊഴിലുറപ്പുപദ്ധതി പാക്കേജുവഴി നടപ്പാക്കൽ;
15. പുതുതായി നിയമനം ലഭിക്കുന്ന വനപാലകർക്ക് സർവ്വീസിന്റെ തുടക്കത്തിൽത്തന്നെ ശാസ്ത്രീയമായ പരിശീലനം നൽകൽ.

(ബി) നിലവിലുള്ള പദ്ധതികൾ താഴെ പറയുന്നു:

1. വനം അതിർത്തി സർവ്വേയും വന സംരക്ഷണവും
2. നാശോന്മുഖമായ വനപ്രദേശങ്ങളിൽ വനം വച്ചുപിടിപ്പിക്കലും ഔഷധ സസ്യ പരിപാലനവും
3. തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ
4. അടിസ്ഥാന സൗകര്യ വികസനം
5. ജൈവവൈവിദ്ധ്യ സംരക്ഷണവും സംരക്ഷിത പ്രദേശ പരിപാലനവും
6. പരിസ്ഥിതി വികസന പരിപാടി
7. വനാശ്രിത സമൂഹത്തിനായി വില്ലേജ് ഇക്കോ ഡെവലപ്മെന്റ് പദ്ധതി
8. പരിസ്ഥിതി വിനോദസഞ്ചാരം
9. മാനവശേഷി വികസനം
10. വിഭവ ആസൂത്രണവും ഗവേഷണവും
11. വനപരിപാലന വിവര സമ്പ്രദായവും ഭൗമവിവര സാങ്കേതിക സംവിധാനവും
12. എക്സ്റ്റൻഷൻ, കമ്മ്യൂണിറ്റി ഫോറസ്ട്രി, അഗ്രോ ഫോറസ്ട്രി
13. മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ
14. നീലഗിരി ബയോസ്ഫിയർ റിസർവ്
15. പ്രോജക്ട് എലിഫെന്റ്
16. അഗസ്ത്യമല ബയോസ്ഫിയർ റിസർവ്
17. നീർത്തടഭൂമി സംരക്ഷണ പദ്ധതി
18. വയനാട് വന്യജീവി സങ്കേതത്തിലെ സ്വയം സന്നദ്ധ പുനരധിവാസം.

(സി) സംസ്ഥാന സർക്കാർ ബജറ്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം എന്നിവയ്ക്കുപുറമേ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കെ.ഐ.ഐ.എഫ്.ബി), നബാർഡ്, തുടങ്ങിയവയുടെ സഹായത്തോടുകൂടി പുതിയ പദ്ധതികൾ നടപ്പാക്കിവരുന്നു.

**വന്യമൃഗങ്ങൾമൂലമുണ്ടാകുന്ന കാർഷിക നഷ്ടം**

5 (*215) ശ്രീ. എം. ഉമ്മർ:
ശ്രീ. പി. കെ.ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ഭൂമിയിലേയ്ക്ക് വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും അനുവദിച്ച തുക യഥാവിധി ചെലവാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ബി) അവലോകന യോഗങ്ങൾക്കും ഫീൽഡ് പരിശോധനകൾക്കും പുറമേ പ്രസ്തുത ഫണ്ടിന്മേൽ ആഡിറ്റിംഗ് നടത്താറുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഇത്തരത്തിലുള്ള ഫണ്ടിന്റെ വിനിയോഗത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) കൃഷി ഭൂമിയിലേയ്ക്ക് വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും അനുവദിച്ച തുക യഥാവിധി ചെലവാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ഫീൽഡ് പരിശോധനങ്ങളും വകുപ്പുതലത്തിലുള്ള അവലോകന യോഗങ്ങളും നടത്തുന്നുണ്ട്.

(ബി) ഉണ്ട്. വകുപ്പുതല ആഡിറ്റ് വിഭാഗവും അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് വിഭാഗവും പരിശോധന നടത്തുന്നുണ്ട്.

(സി) ഇത്തരത്തിലുള്ള ഫണ്ടിന്റെ വിനിയോഗത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല.

**കുടിവെള്ള ക്ഷാമം**

6 (*216) ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. സി.എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്നതിനായി തോടുകളിൽ ചെക്ക് ഡാം കെട്ടി ജലസംരക്ഷണം ഉറപ്പ് വരുത്തുന്നതിനുള്ള സർക്കാരിന്റെ സമീപനം എന്തെന്ന് വ്യക്തമാക്കാമോ;

(ബി) മഴവെള്ള സംഭരണികൾ നിർമ്മിക്കാൻ ധനസഹായമോ സബ്സിഡിയോ പ്രോത്സാഹനമോ നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ഇതിനായി കൂടുതൽ തുക വകയിരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്):

(എ) സംസ്ഥാനത്ത് വർഷത്തിന്റെ ഭൂരിഭാഗവും ജലദൗർലഭ്യം അനുഭവപ്പെടുകയും കുടിവെള്ള ആവശ്യം വർദ്ധിച്ചുകൊണ്ടിരിക്കുകയും അതേസമയം സ്വാഭാവിക സ്രോതസ്സുകൾ ശുഷ്കമായിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നദികളിലെയും തോടുകളിലെയും നീരൊഴുക്ക് സ്ഥാപിക്കുക, കാലവർഷ സമയത്ത് ലഭിക്കുന്ന അധികജലം തടഞ്ഞുനിർത്തി സമീപ പ്രദേശത്തെ ഭൂജലവിതാനം താഴാതെ നിലനിർത്തുക, കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കും ആവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് തടയണകൾ/റെഗുലേറ്ററുകൾ നിർമ്മിക്കുന്നത്. തടയണകൾ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ വിവിധ പദ്ധതികളിൽ (നബാർഡ് പദ്ധതി, ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ, പ്ലാൻസ്കീം, കാസർഗോഡ് പാക്കേജ്) ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. പണി പൂർത്തിയാക്കിയ തടയണകളിൽ വെള്ളം ശേഖരിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇത്തവണത്തെ വരൾച്ചയുടെ പശ്ചാത്തലത്തിൽ നീരൊഴുക്ക് കുറവുവന്നതായി കണ്ടെത്തിയ നദികൾക്ക് കുറുകെയായി റഗുലേറ്ററുകൾ പണിയുന്നതിന് 600 കോടി രൂപ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

രണ്ടാംഘട്ട ജലനിധി പദ്ധതിപ്രകാരം നടപ്പിലാക്കിവരുന്ന ശുദ്ധജല വിതരണ പദ്ധതികളുടെ സ്രോതസ്സുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ചെറുതും വലുതുമായ 229 ചെക്കുഡാമുകൾ നിർമ്മിക്കുന്നുണ്ട്. അതിൽ 157 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പഞ്ചായത്ത് പരിധിയിൽ 100 ചതുരശ്ര മീറ്ററിൽ താഴെ വാസഗൃഹങ്ങൾ ഉള്ളവർക്ക് പരമാവധി 10,000 രൂപയോ വിലയുടെ 75 ശതമാനമോ മഴവെള്ള സംഭരണി വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ധനസഹായം അനുവദിക്കുന്നുണ്ട്. കെ.ആർ.ഡബ്ല്യു.എസ്.എ.യുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴകേന്ദ്രം മുഖേന മഴവെള്ള സംഭരണവും ഭൂജല പരിപോഷണവും പദ്ധതിയിലൂടെ വ്യക്തിഗത കുടുംബങ്ങൾക്കായി സബ്സിഡി നിരക്കിൽ 10000 ലിറ്ററിന്റെ മഴവെള്ള സംഭരണികൾ നിർമ്മിച്ചു നൽകിവരുന്നു. പൊതു വിഭാഗത്തിന് 90 ശതമാനവും ബി.പി.എൽ. വിഭാഗത്തിന് 95 ശതമാനവും സബ്സിഡി ഇതിനായി നൽകിവരുന്നു. 15 ഗ്രാമപഞ്ചായത്തുകളിലായി ഇതിനകം ഏകദേശം 4000-ഓളം വ്യക്തിഗത കുടുംബങ്ങൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയുണ്ടായി. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ഫണ്ടുപയോഗിച്ച് കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഏകദേശം 840-ഓളം ഗവൺമെന്റ് സ്കൂളുകൾക്കായി സൗജന്യമായ 10000 ലിറ്ററിന്റെ മഴവെള്ള സംഭരണികൾ നിർമ്മിച്ചുനൽകുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഇതുമൂലം വിദ്യാർത്ഥികളുടെ ഇടയിലും അതുവഴി സമൂഹത്തിലും മഴവെള്ള സംഭരണത്തെക്കുറിച്ച് നല്ല അവബോധം നൽകുവാൻ സാധിക്കുന്നുണ്ട്.

(സി) ജലനിധിയുടെ പദ്ധതി സ്കീമുകൾ, പതിമൂന്നാം പഞ്ചവത്സര പദ്ധതി എന്നിവയിലുൾപ്പെടുത്തി മഴവെള്ള സംഭരണ മേഖലയിൽ കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ**

7 (*217) ശ്രീ. കെ. ആൻസലൻ:

ശ്രീ. കെ. ദാസൻ:

ശ്രീ. ജോൺ ഫെർണാണ്ടസ്:

ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായക്ഷേമ വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിൽ വകുപ്പിന്റെ ഭാഗത്ത് അനാസ്ഥയുണ്ടാകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ വിശദവിവരം നൽകുമോ;

(സി) പിന്നോക്ക വിഭാഗക്കാർക്കായുള്ള വിവിധ ക്ഷേമ പദ്ധതികളും വികസന പദ്ധതികളും സമയബന്ധിതമായും ഫലപ്രദമായും നടപ്പിൽ വരുത്തുന്നതിന് നടപടിയുണ്ടാകുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വകുപ്പിന്റെ പദ്ധതി വിഹിതം ചെലവഴിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്താൻ അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്. പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെയും പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങളും വകുപ്പുതലത്തിൽ സർക്കാർ അവലോകനം ചെയ്യുന്നുണ്ട്.

(സി) നിലവിൽ പിന്നോക്ക വിഭാഗക്കാർക്കായുള്ള വിവിധ ക്ഷേമപദ്ധതികളും വികസനപദ്ധതികളും സമയബന്ധതിമായും ഫലപ്രദമായും നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### മദ്യവിമുക്ത കേരളം

8 (*218) ശ്രീ. റോജി എം. ജോൺ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച മദ്യവിമുക്ത കേരളം പരിപാടിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സ്കൂൾ കോളേജ് ക്യാമ്പസ്സുകളിൽ മദ്യാസക്തിക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനും മദ്യവിരുദ്ധ പ്രചരണ പരിപാടികൾ എല്ലാ കുടുംബങ്ങളിലും എത്തിക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ഇതിന്റെ ഫലമായി മദ്യ ഉപയോഗത്തിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം കുറവുണ്ടായി?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>):

(എ) 17-12-2016-ലെ ജി.ഒ.(എം.എസ്) നമ്പർ.107/2016 പ്രകാരം മദ്യവിമുക്ത കേരളം പദ്ധതി "സുബോധം" അവസാനിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചും ആയതിന്റെ മാർഗ്ഗരേഖകൾ പ്രഖ്യാപിച്ചും 06-10-2016-ലെ ജി.ഒ.(എം.എസ്.)നമ്പർ 94/2016/ നി.വ. സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ദൂഷ്യവശങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവൽക്കരിക്കുന്നതിന് സ്കൂളുകളിലും കോളേജുകളിലും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയുണ്ടായി. തുടർന്നും എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ മറ്റ് സന്നദ്ധ സംഘടനകളുമായി ചേർന്ന് നിരവധി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് വരികയാണ്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' മുഖേന വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. 2017 ജനുവരി 30-ന് എല്ലാ സ്കൂളുകളിലും ലഹരിവിരുദ്ധ പ്രതിജ്ഞ നടത്തുകയുണ്ടായി. 2017 മാർച്ച് 8 മുതൽ മാർച്ച് 31 വരെയുള്ള തീയതികളിൽ സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് 'വിമുക്തി' സ്റ്റിക്കർ പതിക്കുന്നതിനും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ തുടർന്നും സജീവമായി മുന്നോട്ട് കൊണ്ടുപോകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെയും വൈവിധ്യമാർന്ന ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളുടെയും ഭാഗമായി 2016 ജൂൺ മുതൽ 2017 ജനുവരി വരെയുള്ള കാലയളവിലെ ബിയർ വിൽപ്പനയിൽ മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 32 ശതമാനത്തിന്റെ കുറവും വിദേശമദ്യത്തിന്റെ വിൽപ്പനയിൽ 2.56 ശതമാനത്തിന്റെ വർദ്ധനവും കാണുന്നു.

**മിനിമം വേതനം**

9 (*219) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ:
ശ്രീ. ബി. സത്യൻ:
ശ്രീ. കെ. ദാസൻ:
ശ്രീ. സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ മിനിമം വേതനം പുതുക്കി നിശ്ചയിക്കാത്ത ഏതൊക്കെ മേഖലകളാണ് ഉണ്ടായിരുന്നത്;

(ബി) ഈ മേഖലകളിൽ വേതനം പുതുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) മിനിമം വേതനത്തിന്റെ പരിധിയിൽ പുതുതായി ഏതൊക്കെ തൊഴിൽ മേഖലകൾ ഉൾപ്പെടുത്താനുദ്ദേശിക്കുന്നുവെന്നും അതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും അറിയിക്കാമോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ അൺ എയ്ഡഡ് സ്വകാര്യ സ്കൂളുകളിലേയും അധ്യാപക തസ്തിക കൂടി മിനിമം വേതനത്തിന്റെ പരിധിയിൽ കൊണ്ടു വരാൻ സാധിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ ):

(എ) മുൻ സർക്കാർ മിനിമം വേതനം പുതുക്കി നിശ്ചയിക്കാത്ത 66 മേഖലകളുണ്ടായിരുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 10 മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് അന്തിമ വിജ്ഞാപനവും 3

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മേഖലകളിൽ പ്രാഥമിക വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ പുതുതായി ഉൾപ്പെടുത്തിയ സ്കൂൾ പാചക തൊഴിലാളികൾക്കും മിനിമം വേതനം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ച 5 മേഖലകളിലടക്കം എല്ലാ മേഖലകളിലും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മിനിമം വേതനം പുതുക്കി 3 വർഷം പൂർത്തിയായ ബാക്കിയുള്ള മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കാൻ മിനിമം വേതന ഉപദേശക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) നിലവിൽ 'ചെറുകിടത്തോട്ടങ്ങൾ' എന്ന മേഖലയെ പുതുതായി മിനിമം വേതനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നു. ആയതിനായി 27-07-2016-ലെ 23511/ഇ 1/16/തൊഴിൽ നമ്പരായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകർക്ക് മിനിമം വേതനം അനുവദിക്കുന്നത് സംബന്ധിച്ച കരട് ബിൽ പൊതുവിദ്യാഭ്യാസവകുപ്പിന്റെ പരിഗണനയിലാണ്. മേൽ തസ്തികകൾ മിനിമം വേതനത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനായി മിനിമം വേതന നിയമത്തിൽ ഭേദഗതി കൊണ്ടുവരുന്ന വിഷയം സർക്കാർ പരിഗണിച്ചുവരുന്നു.

**കാട്ടുതീ ഒഴിവാക്കൽ**

10 (*220) ശ്രീ. കെ. രാജൻ:

ശ്രീ. സി. ദിവാകരൻ:

ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുതീമൂലം ഈ വർഷം സംസ്ഥാനത്തെ എത്രത്തോളം വനമേഖല കത്തിനശിച്ചുവെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ജനവാസകേന്ദ്രങ്ങൾക്ക് സമീപമുള്ള വനമേഖലയിലാണ് കൂടുതൽ കാട്ടുതീ ഉണ്ടാകുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് മനുഷ്യരുടെ പ്രവൃത്തികൾ കാരണമാകുന്നുണ്ടോ എന്നറിയിക്കുമോ;

(സി) അടിക്കാട് ഉൾപ്പെടെ കത്തിനശിക്കുമ്പോൾ നൂറ്റാണ്ടുകളിലൂടെ സ്വരൂപിക്കപ്പെട്ട ജൈവ വൈവിദ്ധ്യവും മണ്ണിന്റെ ജലസംഭരണ ശേഷിയും നഷ്ടപ്പെടുമെന്നും ജലദൗർലഭ്യം രൂക്ഷമാകുന്നതിന് കാട്ടുതീ കാരണമാകുമെന്നും ഉള്ള കാര്യങ്ങളെകുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ.രാജു):

(എ) കണക്കാക്കിയിട്ടുണ്ട്. ഈ വർഷം 28-2-2017 വരെ 2013.41 ഹെക്ടർ വനമേഖലയിൽ കാട്ടുതീ ബാധിച്ചിട്ടുണ്ട്.

(ബി) ജനവാസകേന്ദ്രങ്ങൾക്ക് സമീപമുള്ള വനമേഖലയിലും മറ്റു വനമേഖലകളിലും കാട്ടുതീ ഉണ്ടാകാറുണ്ട്. കാട്ടുതീ ഉണ്ടാകുന്നതിന് ഒരു പ്രധാന കാരണം തീയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ അശ്രദ്ധയോടുകൂടിയുള്ള മനുഷ്യന്റെ പ്രവൃത്തികളാണ്.

(സി) വനമേഖലയിൽ കാട്ടുതീ ബാധിക്കുന്നതിലൂടെ ഉണ്ടാകുന്ന വിപത്തുകളായ ജൈവവൈവിദ്ധ്യ ശോഷണം, മണ്ണിന്റെ ഘടനയിലുണ്ടാകുന്ന മാറ്റങ്ങൾ ജലസംഭരണ ശേഷി നഷ്ടപ്പെടൽ, ജലദൗർലഭ്യം രൂക്ഷമാകൽ തുടങ്ങിയവയെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിന് വിവിധ വന ഡിവിഷനുകളിലായി നാന്നൂറോളം ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. കൂടാതെ വാഹനങ്ങളിലെ യാത്രക്കാർക്കും പൊതുജനങ്ങൾക്കും കാട്ടുതീ പ്രതിരോധത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തി ലഘുലേഖകൾ വിതരണം നടത്തുന്നു. കാട്ടുതീ സാദ്ധ്യത ഏറിയ വനമേഖലകൾ കേന്ദ്രീകരിച്ച് റാലികളും തെരുവ് നാടകങ്ങളും, പരിസ്ഥിതി മാജിക്കും ഉൾപ്പെടെയുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. എക്സിബിഷനുകൾ പ്രദർശിപ്പിക്കുന്നതിനായി വനവും വന്യമൃഗ സംരക്ഷണവും ഉൾപ്പെടുത്തി വിവിധ മോഡലുകൾ, പ്രാദേശിക ടെലിവിഷൻ ചാനലിലൂടെ കാട്ടുതീ പ്രതിരോധ സന്ദേശം പ്രചരിപ്പിക്കുന്നതിലേയ്ക്കുള്ള ഹ്രസ്വചിത്രം ഉൾപ്പെടെയുള്ള ബോധവൽക്കരണ പരിപാടികൾ വനം വകുപ്പ് നടത്തിവരുന്നു.

## നിയുക്തി 2017

11 (*221) ശ്രീ. കെ. ജെ. മാക്സി:

ശ്രീ. എ. എം. ആരിഫ്:

ശ്രീ. പി.വി. അൻവർ:

ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യമേഖലയിലെ പ്രധാന തൊഴിൽദാതാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് "നിയുക്തി 2017" എന്ന പേരിൽ ജോബ്ഫെയർ സംഘടിപ്പിച്ചിരുന്നോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് ഇത് സംഘടിപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തൊഴിൽ മേളയിൽ ഉദ്യോഗദായകരും ഉദ്യോഗാർത്ഥികളുമായി എത്ര പേർ പങ്കെടുത്തുവെന്നതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ ആയത് നൽകുമോ;

(ഡി) ഈ ജോബ്ഫെയറിൽ സ്പോട്ട് നിയമനം ഏർപ്പെടുത്തിയിരുന്നോ; വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ ):

(എ) സംഘടിപ്പിച്ചിരുന്നു.

(ബി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രീകരിച്ചാണ് "നിയുക്തി-2017" മെഗാ ജോബ്ഫെയർ സംഘടിപ്പിച്ചത്.

(സി) ലഭ്യമാണ്. കണക്ക് ചുവടെ ചേർക്കുന്നു:

പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ എണ്ണം - 24824

പങ്കെടുത്ത ഉദ്യോഗദായകരുടെ എണ്ണം - 252

(ഡി) ഏർപ്പെടുത്തിയിരുന്നു. " നിയുക്തി- 2017" മെഗാ ജോബ്ഫെയറിൽ 3338 പേർക്ക് സ്പോട്ട് നിയമനം ലഭിക്കുകയുണ്ടായി.

" നിയുക്തി-2017" തൊഴിൽ മേളയിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികൾ, ഉദ്യോഗദായകർ, പ്ലേസ്മെന്റ് തുടങ്ങിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ജോബ് ഫെയർ 2016-17 | പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ എണ്ണം | പങ്കെടുത്ത ഉദ്യോഗദായകരുടെ എണ്ണം | റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളുടെ എണ്ണം | ജോബ് ഓഫറുകൾ ലഭിച്ചവരുടെ എണ്ണം | പ്ലേസ്മെന്റ് ലഭിച്ചവരുടെ എണ്ണം |
|---|---|---|---|---|---|
| തിരുവനന്തപുരം | 8100 | 79 | 6684 | 2560 | 1254 |
| എറണാകുളം | 6086 | 81 | 3935 | 2013 | 203 |
| കോഴിക്കോട് | 10638 | 92 | 7022 | 2244 | 1881 |

**ജലനിധി രണ്ടാം ഘട്ടം പദ്ധതി**

12 (*222) ശ്രീ. കാരാട്ട് റസാഖ്:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. എം. സ്വരാജ്:
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി രണ്ടാം ഘട്ട പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) രണ്ടാം ഘട്ട പദ്ധതിയിൽ ഇതുവരെ പൂർത്തിയാക്കിയ പദ്ധതികളും ഒന്നാം ഘട്ടത്തിൽ നടപ്പാക്കിയ പദ്ധതികളും വരൾച്ചാക്കാലത്ത് കുടിവെള്ള പ്രശ്നം പരിഹരിക്കാൻ വേണ്ടത്ര സഹായപ്രദമാകാതെ പോയത് പദ്ധതിയുടെ ആസൂത്രണത്തിലെ വീഴ്ചകൊണ്ടാണോ എന്ന കാര്യം പരിശോധിച്ചിരുന്നോ;

(സി) ദേശീയ ഗ്രാമ കുടിവെള്ള പദ്ധതിപ്രകാരം ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചോ; ഈ പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച സഹായമെന്തെന്ന് അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്):

(എ) ജലനിധി രണ്ടാംഘട്ട പദ്ധതിയുടെ പുരോഗതി വിവിധ തലങ്ങളിലായി നിരന്തരം അവലോകനം ചെയ്യുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ഗ്രാമ പഞ്ചായത്തുതലം:

തെരഞ്ഞെടുത്തിട്ടുള്ള ഗ്രാമ പഞ്ചായത്തുകളിലെ പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് പദ്ധതി പങ്കാളികളായ ഗ്രാമപഞ്ചായത്ത്, ഗുണഭോക്തൃ സമിതികൾ, സഹായ സംഘടന, കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി എന്നിവരുടെ പ്രതിനിധികൾ പങ്കെടുത്തുകൊണ്ട് ഗ്രാമപഞ്ചായത്ത് തലത്തിൽ അവലോകനം നടത്തുകയും കുറവുകൾ പരിഹരിച്ചും പ്രശ്നപരിഹാരങ്ങൾ സംബന്ധിച്ച് കൂട്ടായ തീരുമാനമെടുത്തും മുന്നോട്ട് പോകുകയും ചെയ്യുന്നു.

2. റീജിയണൽ തലം:

ജലനിധി പദ്ധതിയുടെ റീജിയണൽ ഡയറക്ടർമാരുടെ നേതൃത്വത്തിൽ റീജിയണൽ തലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലുമുള്ള ഉദ്യോഗസ്ഥർ, സഹായ സംഘടനാ ഭാരവാഹികൾ എന്നിവരെ പങ്കെടുപ്പിച്ച് അവലോകന യോഗങ്ങൾ നടത്തുകയും പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിശദമായി ചർച്ചകൾ നടത്തി ഉചിതമായ തീരുമാനങ്ങളെടുത്ത് പദ്ധതി പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോവുകയും ചെയ്യുന്നു.

3. സംസ്ഥാന തലം:

ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ ഡയറക്ടർമാർ, റീജിയണൽ ലെവലിലുള്ള് ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ച് സംസ്ഥാന തലത്തിലുള്ള അവലോകനങ്ങളും നടത്തുന്നു. പദ്ധതി പ്രവർത്തനം സമയബന്ധിതമായും ഗുണകരമായും നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ജലനിധി ഗവേണിംഗ് കൗൺസിൽ യോഗങ്ങൾ പദ്ധതി പുരോഗതിയും അനുബന്ധ കാര്യങ്ങളും അവലോകനം ചെയ്യുകയും ഉചിതമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും തീരുമാനങ്ങളും എടുക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ജലനിധി ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം എന്ന പേരിൽ വികസിപ്പിച്ചെടുത്തിട്ടുള്ള സോഫ്റ്റ്‌വെയർ മുഖേന എല്ലാ സ്കീമുകളുടെയും പ്രവർത്തനം വിലയിരുത്തുന്നതിനും സമയാസമയങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുന്നതിനും കഴിയുന്നുണ്ട്.

ജലനിധി രണ്ടാംഘട്ടത്തിൽ ഇതുവരെ 115 ഗ്രാമ പഞ്ചായത്തുകളിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചു. മേൽപ്പറഞ്ഞ ഗ്രാമപഞ്ചായത്തുകളിലായി 2199 കുടിവെള്ള പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകി. 1428 സ്കീമുകൾ കമ്മീഷൻ

ചെയ്യതിലൂടെ 94389 കുടുംബങ്ങൾക്ക് കുടിവെള്ളം നൽകിവരുന്നു. 36376 കുടുംബങ്ങൾക്ക് സാനിട്ടറി കക്കൂസുകൾ നിർമ്മിച്ച് നൽകിയത് കൂടാതെ 342000 പേർക്ക് ഗുണകരമാകാവുന്ന തരത്തിൽ ശുചിത്വ സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഭൂജല പരിപോഷണത്തിനായി 39.67 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയതിൽ 9.77 കോടി രൂപയുടെ പദ്ധതികൾ ഇതുവരെ നടപ്പിലാക്കി കഴിഞ്ഞു.

(ബി) ജലനിധി ഒന്നാംഘട്ട പദ്ധതികളിൽ 112 ഗ്രാമ പഞ്ചായത്തുകളിലായി 3710 കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്യുകയും 191865 കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുകയും ചെയ്തിരുന്നു. രണ്ടാംഘട്ടത്തിൽ ഇതുവരെ 94389 കുടുംബങ്ങൾക്ക് കുടിവെള്ളം നൽകിവരുന്നു.

പദ്ധതിയുടെ തുടർ നടത്തിപ്പും പരിപാലനവും കുടിവെള്ളം ഉപയോഗിക്കുന്ന കുടുംബങ്ങൾ ഉൾപ്പെട്ട ഗുണഭോക്തൃ സമിതികൾ തന്നെയാണ് നടത്തുന്നത്. നടത്തിപ്പിലെ അപാകത, അനിയന്ത്രിതമായ ഉപയോഗം എന്നിവമൂലവും, കടുത്ത വേനലിൽ സ്രോതസ്സുകളിലെ ജലത്തിന്റെ അളവ് കുറഞ്ഞതിനാലും ചില സ്കീമുകൾ പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജലനിധി ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച കൊല്ലം ജില്ലയിലെ ചവറ, പന്മന ശുദ്ധജല വിതരണ പദ്ധതിയുടെ സ്രോതസ്സായ ശാസ്താംകോട്ട കായലിന്റെ ജലനിരപ്പ് വരൾച്ചാ കാലത്ത് താഴുന്നതുമൂലം ഈ പദ്ധതിയിൽ ജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. ജലദൗർലഭ്യം പരിഹരിക്കുന്നതിനായി നിലവിലുള്ള ശാസ്താംകോട്ട കാനൽ-പമ്പിംഗ് മെയിൻ, ചവറ-പന്മന ശുദ്ധജല വിതരണ പദ്ധതിയുടെ ട്രീറ്റ്മെന്റ് പ്ലാന്റുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തിക്കും പുതിയ പമ്പ് സെറ്റുകൾ വയ്ക്കുന്നതിനുവേണ്ടി 28 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഈ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ കേരള വാട്ടർ അതോറിറ്റി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാം ഘട്ട പദ്ധതിയിൽ നടപ്പാക്കിയ കുടിവെള്ള പദ്ധതികളും രണ്ടാംഘട്ട പദ്ധതിയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളും പൂർത്തീകരിച്ച് കഴിഞ്ഞ് ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ചുകഴിഞ്ഞാൽ സ്കീമുകളുടെ പ്രവർത്തനശേഷി കാലാനുസൃതമായി അവലോകനം ചെയ്യുന്നതിനും ആവശ്യമായ സാങ്കേതികവും ധനകാര്യ പിന്തുണയും നൽകുന്നതിനും നിലവിൽ സംസ്ഥാന തലത്തിൽ സംവിധാനമില്ല.

(സി) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി പ്രകാരം കേന്ദ്ര ധനസഹായത്തോടെ ഏറ്റെടുത്ത പദ്ധതികളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ധനലഭ്യത, സ്ഥല ലഭ്യത ഉൾപ്പെടെയുള്ള പ്രശ്നങ്ങൾമൂലം ചില പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കാലതാമസം വന്നിട്ടുണ്ട്. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി പ്രകാരം കുടിവെള്ള പദ്ധതിയ്ക്കായി 2010-11 സാമ്പത്തിക വർഷം മുതൽ 2016-17 സാമ്പത്തിക വർഷം (ജനുവരി 31) വരെ ലഭിച്ച കേന്ദ്ര ധനസഹായത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വർഷം | തുക (കോടി രൂപയിൽ) |
|---|---|---|
| 1 | 2010-11 | 147.82 |
| 2 | 2011-12 | 107.01 |
| 3 | 2012-13 | 245.65 |
| 4 | 2013-14 | 201.93 |
| 5 | 2014-15 | 119.56 |
| 6 | 2015-16 | 45.28 |
| 7 | 2016-17 | 39.32 |
| | ആകെ | 906.57 |

**വിമുക്തി ബോധവൽക്കരണ മിഷൻ**

13 (*223) ശ്രീ. സി. ദിവാകരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിമുക്തി എന്ന പേരിൽ ലഹരി വിരുദ്ധ ബോധവൽക്കരണ മിഷൻ നടപ്പാക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഏതൊക്കെ സംഘടനകളുടെ പങ്കാളിത്തത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്നറിയിക്കുമോ;

(സി) പദ്ധതി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു എന്നറിയിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>):

(എ) സംസ്ഥാനത്ത് "വിമുക്തി"എന്ന പേരിൽ ലഹരിവിരുദ്ധ ബോധവൽക്കരണ മിഷൻ രൂപീകരിച്ചിട്ടുണ്ട്. സമൂഹത്തിന്റെ എല്ലാ മേഖലകളിലും വ്യാപരിക്കുന്ന വിപത്തായി മാറിയിട്ടുള്ള മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ "വിമുക്തി"-യിലൂടെ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ, ഇവയുടെ ഉറവിടം എന്നിവ കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുകയാണ് ലക്ഷ്യം. കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ -"വിമുക്തി"-യുടെ നേതൃത്വത്തിൽ വരുംദിവസങ്ങളിൽ ശക്തമായ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) സ്കൂൾ കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എസ്.പി.സി, എൻ.എസ്.എസ്. കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന മഹിളാ സംഘടനകൾ, സാമൂഹിക സാംസ്കാരിക പ്രവർത്തകർ, കലാകായിക സാംസ്കാരിക സാഹിത്യ സന്നദ്ധ സംഘടനാ പ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ, വായനശാല ഭാരവാഹികൾ തുടങ്ങിയവരുടെ പങ്കാളിത്തത്തോടും സഹകരണത്തോടുംകൂടിയാണ് "ലഹരി വിമുക്ത കേരളം" എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനായി "വിമുക്തി" മിഷൻ മുഖേന പരിപാടികൾ ഏറ്റെടുത്തിട്ടുള്ളത്.

(സി) "വിമുക്തി" മിഷന് ഒരു സംസ്ഥാന ഗവേണിംഗ് ബോഡിയും സംസ്ഥാന തലത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. വിമുക്തിയുടെ താഴെ തലങ്ങളിൽവരെ പ്രവർത്തിക്കുന്നതിന് ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി, തദ്ദേശഭരണ സ്ഥാപനതലം (ബ്ലോക്ക്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/ പഞ്ചായത്ത്) വാർഡുതല കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. വിമുക്തി മിഷന്റെ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി 20-11-2016-ന് യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽ കൂടിയ യോഗത്തിൽവച്ച് നിർവ്വഹിച്ചു.

സംസ്ഥാനത്തെ ഡീ-അഡിക്ഷൻ സെന്ററുകളുടെ ഭാരവാഹികളെ ഉൾപ്പെടുത്തികൊണ്ടുള്ള ഒരു സെമിനാർ 21-12-2016-ന് തിരുവനന്തപുരം ഐ.എം.ജി.യിൽ വച്ച് എക്സൈസ് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംഘടിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ച് ഡീ-അഡിക്ഷൻ സെന്ററുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ കീഴിൽ പുനരധിവാസ സംവിധാനങ്ങളടക്കമുള്ള ഒരു മാതൃകാ ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ സഹായവും പ്രതീക്ഷിക്കുന്നു.

ജനുവരി 12-ന്റെ ദേശീയ യുവജനദിനത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ ഹൈസ്കൂൾ/ഹയർസെക്കണ്ടറി/കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ലഹരിക്കെതിരെ യുവത്വം എന്ന വിഷയത്തെ ആസ്പദമാക്കി പോസ്റ്റർ രചനാ മത്സരം സംഘടിപ്പിച്ചിരുന്നു. മത്സരത്തിലെ വിജയികൾക്ക് ട്രോഫിയും പങ്കെടുത്ത എല്ലാ പേർക്കും സർട്ടിഫിക്കറ്റും വിതരണം ചെയ്തു. സംസ്ഥാനത്തെ എല്ലാ ഹൈസ്കൂൾ/ഹയർസെക്കണ്ടണ്ടറി സ്കൂളുകളിലും 2017 ജനുവരി 30-ന് സ്കൂൾ അസംബ്ലികളിൽ ലഹരി വിരുദ്ധ പ്രതിജ്ഞയെടുത്തു.

4-3-2017-ലെ ജി.ഒ. (എം എസ്.) നമ്പർ 11/2017/നി.വ ഉത്തരവിലൂടെ അന്തർദേശീയ വനിതാദിനമായ 2017 മാർച്ച് 8-ന് ആരംഭിച്ച് മാർച്ച് 31-ൽ പൂർത്തീകരിക്കുന്ന തരത്തിൽ ലഹരി വിരുദ്ധ സന്ദേശം എല്ലാ വീടുകളിലും എത്തിക്കുന്നതിനായുള്ള "വിമുക്തി" സ്റ്റിക്കർ പതിക്കുന്ന പ്രവർത്തനം കുടുംബശ്രീ പ്രവർത്തകർ, ആശാ വർക്കർമാർ, അങ്കണവാടി ജീവനക്കാർ എന്നിവർ മുഖേന നിർവ്വഹിക്കുന്നതിന് ആവശ്യമായ മേൽനോട്ടം വഹിക്കുന്നത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് തലത്തിൽ "വിമുക്തി" മിഷന്റെ ഉദ്ഘാടന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനും തുടർന്ന് വാർഡ്-അയൽക്കൂട്ടതല കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ സജീവമായി ഏറ്റെടുക്കുന്നതിനും ലൈബ്രറി കൗൺസിൽ മുഖേന "വിമുക്തി" മിഷന്റെ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ സർക്കാർ ഓഫീസുകളിലും/ പൊതുമേഖലാ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ കമ്മിറ്റികൾ രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

വിമുക്തിയുടെ ഉദ്ഘാടന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും വീടുകളിൽ സ്റ്റിക്കറുകൾ പതിപ്പിക്കുന്ന പ്രാരംഭ ചെലവുകൾക്കുമായി കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും 50,000 രൂപ വീതവും ബ്ലോക്ക് പഞ്ചായത്തുകൾക്കും ഗ്രാമ പഞ്ചായത്തുകൾക്കും 25,000 രൂപ വീതവും "വിമുക്തി" മിഷനിൽനിന്നും അനുവദിച്ചു നൽകിയിട്ടുണ്ട്.

**വിദ്യാർത്ഥികളുടെ പിന്നോക്കാവസ്ഥ**

14 (*224) ശ്രീ. ബി.ഡി. ദേവസ്സി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. യു. ആർ. പ്രദീപ്:

ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില പട്ടിക ഗോത്രവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പിന്നോക്കാവസ്ഥയും പഠനം പൂർത്തീകരിക്കാതെ ഇടയ്ക്ക് നിർത്തേണ്ടി വരുന്നതിന്റെ കാരണങ്ങളും വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണ്;

(ബി) ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) കുട്ടികൾ ഇടയ്ക്കുവച്ച് പഠനം നിർത്തുന്നത് തടയാൻ രക്ഷിതാക്കളെക്കൂടി ബോധവത്കരിക്കുന്നതും രക്ഷിതാക്കൾക്ക് സ്ഥിര വരുമാനം ലഭിക്കത്തക്കവിധം തൊഴിലുറപ്പ് പദ്ധതി മുഖേന തൊഴിൽ നൽകുന്നതും പരിഗണിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പരിശോധിച്ചിട്ടുണ്ട്. കുടുംബ പ്രശ്നങ്ങൾ, രക്ഷിതാക്കളുടെ താൽപ്പര്യമില്ലായ്മ, കോളനി നിവാസികൾക്കിടയിലെ മദ്യപാനം, കോളനികളിലെ പ്രത്യേക സാമൂഹ്യ അന്തരീക്ഷം, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭാഷാപരവും സാമൂഹ്യപരവുമായ ഒറ്റപ്പെടൽ എന്നിവയാണ് പ്രധാന കാരണങ്ങൾ. പ്രധാനമായും വയനാട്, ഇടുക്കി ജില്ലകളിലാണ് വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കൂടുതലായും കണ്ടുവരുന്നത്. കാപ്പി, കുരുമുളക് തുടങ്ങിയ കാർഷിക വിളകളുടെ വിളവെടുപ്പ് സമയത്ത് വിദ്യാർത്ഥികൾ രക്ഷിതാക്കളോടൊപ്പം വിളവെടുപ്പ് ജോലികളിൽ ഏർപ്പെടുന്നതിനാൽ ക്ലാസ്സുകളിൽ ഹാജരാകാത്ത സ്ഥിതിയും

അനുഭവപ്പെടുന്നുണ്ട്. പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെടുന്ന ചില സമുദായങ്ങളിൽനിന്നും കുട്ടികളെ പൊതുവിദ്യാഭ്യാസത്തിനായി സ്കൂളുകളിലേയ്ക്ക് അയയ്ക്കുന്നതിനും വിമുഖത ഉള്ളതായി ശ്രദ്ധയിൽ വന്നിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പ്രൊമോട്ടർമാർവഴി വ്യാപകമായ ബോധവൽക്കരണം വകുപ്പ് നടത്തിവരുന്നു. വിദൂര സ്ഥലങ്ങളിൽനിന്നും കുട്ടികൾക്ക് സ്കൂളുകളിൽ എത്തുന്നതിനായുള്ള വാഹന സൗകര്യത്തിനായി 'ഗോത്രസാരഥി' പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ മുടങ്ങാതെ സ്കൂളിൽ എത്തുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് പ്രോത്സാഹന ധനസഹായം നൽകിവരുന്നു. പട്ടികവർഗ്ഗക്കാർ ഏറ്റവും കൂടുതലുള്ള ജില്ലയായ വയനാട്ടിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഗോത്രവിഭാഗത്തിൽപ്പെട്ട ഓരോ അദ്ധ്യാപകരെ നിയമിക്കുന്ന 'ഗോത്രബന്ധു' പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുവഴി തനതുഭാഷയിൽ കുട്ടികൾക്ക് അവരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാനും അദ്ധ്യാപകർക്ക് പ്രശ്നങ്ങളിൽ ഇടപെടാനും പരിഹരിക്കാനും ലക്ഷ്യമിടുന്നു.

(സി) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്ക് പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർ, വുമൺ സോഷ്യൽ വർക്കർ തുടങ്ങിയവർവഴി ബോധവൽക്കരണം നടത്തിവരുന്നു. എല്ലാ കുടുംബങ്ങൾക്കും തൊഴിൽ കാർഡുകളും തൊഴിൽ ദിനങ്ങളും ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**വനമേഖലയ്ക്കുണ്ടാക്കാവുന്ന പ്രത്യാഘാതങ്ങൾ**

15 (*225) ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം അനുഭവപ്പെടുന്ന കടുത്ത വരൾച്ച സംസ്ഥാനത്തിന്റെ വനമേഖലയ്ക്കുണ്ടാക്കാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) വനത്തിനുള്ളിലെ ജലക്ഷാമം, കാട്ടുതീ സാദ്ധ്യതകൾ, തോട്ടങ്ങളിലുണ്ടാകുന്ന അപ്രതീക്ഷിത തീപിടുത്തം എന്നിവയുടെ കാര്യത്തിൽ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) 2016-ലെ തുലാവർഷത്തിലും കാലവർഷത്തിലും കാര്യമായ കുറവ് വന്നിട്ടുള്ളതും വേനൽമഴയുടെ അഭാവവും കടുത്ത വരൾച്ചയ്ക്ക് കാരണമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ വനമേഖലയിൽ കാട്ടുതീ ഉണ്ടാകാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്. ഇത് മുന്നിൽ കണ്ടുകൊണ്ട് വനം വകുപ്പ് വനമേഖലയിലുണ്ടാകാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് വിലയിരുത്തി വളരെ വിശദമായ മുൻകരുതലുകളും നടപടികളും ഇതിനോടകം സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

ഓരോ ഫോറസ്റ്റ് ഡിവിഷനുകീഴിലും വരുന്ന വനമേഖലയുടെ സ്വഭാവം, മുൻവർഷങ്ങളിലെ അനുഭവം, ഈ വർഷം ഇവ കത്താനുള്ള സാദ്ധ്യത എന്നിവ കണക്കിലെടുത്ത് വനമേഖലയെ High, Moderate, Low എന്നിങ്ങനെ വിവിധ സാദ്ധ്യതാ മേഖലകളിലായി തരംതിരിക്കുകയും ഹോട്ട്സ്പോട്ടുകൾ അടയാളപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓരോ ഡിവിഷൻ തലത്തിലും കാട്ടുതീയെ ഫലപ്രദമായി നേരിടാനുള്ള പ്രവൃത്തികൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഫയർ മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുകയും സർക്കിൾ തലവന്മാർ ഇവ പരിശോധിച്ച് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ വനമേഖലയിലെയും കാട്ടുതീ സാദ്ധ്യതയും സ്ഥലത്തിന്റെ പ്രത്യേകതയും കണക്കിലെടുത്ത് കാട്ടുതീയെ നേരിടാനുള്ള തന്ത്രം ആവിഷ്കരിച്ചിട്ടുണ്ട്. വിവിധ സ്കീമുകളിലും പദ്ധതികളിലും ലഭ്യമായ തുക ക്രോഡീകരിച്ച് കാട്ടുതീ ഉണ്ടാകവാനുള്ള സാദ്ധ്യത കണക്കിലെടുത്ത് അവയ്ക്ക് അനുസരണമായി തുക വിനിയോഗിച്ചുവരുന്നു. തീ പടർന്ന് പിടിക്കാതിരിക്കാനുള്ള മുൻകരുതൽ എന്ന നിലയിൽ ഫയർ ലൈനുകൾ ജനുവരി അവസാനത്തോടെതന്നെ തെളിച്ചുകഴിഞ്ഞു. കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാവുകയാണെങ്കിൽ ആയത് ഉപഗ്രഹത്തിന്റെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ ഒരുക്കിയിട്ടുള്ള ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തിവരുന്നുണ്ട്. ഇതിലേയ്ക്കായി സംസ്ഥാനത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡന്മാരും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും ഫോറസ്റ്റ് സ്റ്റേഷന്റെ ചാർജ്ജുള്ള ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും ഇതിൽ പേര് രജിസ്റ്റർ ചെയ്ത് പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തിവരുന്നു.

അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാനതലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ്

സെൽ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തിര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു.

കാട്ടുതീയുടെ സാന്നിദ്ധ്യം എത്രയുംവേഗം കണ്ടെത്തി ബന്ധപ്പെട്ട ജീവനക്കാർക്ക് ആയത് നിയന്ത്രിക്കുന്നതിലേയ്ക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിന് സംസ്ഥാന വ്യാപകമായി സ്ഥിരം/താൽക്കാലിക വാച്ച് ടവറുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. കാട്ടുതീയുണ്ടായാൽ ഉടൻതന്നെ അതിനെ ഫലപ്രദമായി നിയന്ത്രിക്കാനായി ഫയർ മസ്ദൂർമാരെയും പ്രായേണ വലിയ തീയെ നേരിടാൻ ഫയർ ഗ്യാംഗുകളെയും നിയമിച്ചിട്ടുണ്ട്.

വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെ നേതൃത്വത്തിൽ ജനവാസ മേഖലയോട് അടുത്ത വനമേഖലകളിൽ കാട്ടുതീ പ്രതിരോധ/ബോധവൽക്കരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഇത്തരം കാട്ടുതീയെ ഫലപ്രദമായി നേരിടുന്നതിനുള്ള നൈപുണ്യം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് വനം വകുപ്പ് ജീവനക്കാർക്ക് നൽകിവരുന്നുണ്ട്. കാട്ടുതീയെ പ്രതിരോധിക്കുന്നതിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങളും പ്രത്യേക ബൂട്ട്സ്, ഹെൽമറ്റ്, വസ്ത്രങ്ങൾ എന്നിവയും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

വനത്തിനകത്തുതന്നെ മഴവെള്ളം സംഭരിച്ചു നിർത്താനും അതുവഴി വനത്തിനകത്ത് ആർദ്രത നിലനിർത്താനും കാട്ടുതീയുടെ സാദ്ധ്യത കുറയ്ക്കാനും വേണ്ട നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിലവിലുള്ള ജലാശയങ്ങൾ ആഴം കൂട്ടുകയും മണ്ണ് നീക്കം ചെയ്യുകയും പുതുതായി ചെക്ക് ഡാമുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി ഇനിയും തുടരുന്നതാണ്.

ഈ വർഷം കാട്ടുതീമൂലമുണ്ടാകുന്ന ആപത്തിനെക്കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുകയും പ്രതിരോധ പ്രവർത്തനങ്ങളിൽ അവരെ ഭാഗഭാക്കാക്കുന്നതിന്റെയും ഭാഗമായി പോസ്റ്ററുകൾ, ബാനറുകൾ, റാലികൾ, തീയറ്ററുകളിൽ സ്ലൈഡുകൾ, തെരുവു നാടകങ്ങൾ തുടങ്ങിയവയും സംഘടിപ്പിച്ചു വരുന്നു.

(ബി) വനത്തിനുള്ളിലെ ജലക്ഷാമം, കാട്ടുതീ സാദ്ധ്യതകൾ, തോട്ടങ്ങളിലുണ്ടാകുന്ന അപ്രതീക്ഷിത തീപിടിത്തങ്ങൾ എന്നിവയുടെ കാര്യത്തിൽ ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വനംവകുപ്പ് തുടർന്നും കർശനമായ ജാഗ്രത പുലർത്തുന്നതാണ്.

**ക്ഷേമ പദ്ധതികൾ**

16 (*226) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. സി. കെ.നാണു :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-15 കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ നടപ്പാക്കിയിട്ടുള്ള സ്വയംപര്യാപ്ത ഗ്രാമം പദ്ധതി, ഗാന്ധിഗ്രാം പദ്ധതി, ഭൂരഹിത പുനരധിവാസ പദ്ധതി എന്നിവയിൽ വ്യാപകമായ ക്രമക്കേട് നടന്നിട്ടുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് നിലവിൽ എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പട്ടികജാതിപിന്നോക്കക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിൽ ഏകോപനം ഇല്ലാത്തതിനാൽ ഗുണഭോക്താക്കൾക്ക് അർഹിക്കുന്ന ആനുകൂല്യം ലഭിക്കുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടിയെടുക്കാൻ ഉദ്ദേശ്യമുണ്ടോ;

(സി) വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന പട്ടികജാതി കോളനി നവീകരണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ ഉദ്ദേശ്യമുണ്ടോ എന്നറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) സ്വയം പര്യാപ്ത ഗ്രാമം പദ്ധതിപ്രകാരം ഇടുക്കി ജില്ലയിലെ ചെങ്ങറ കുരിശുമല, പള്ളനാട്, സാൽടോസ്, മുള്ളരിങ്ങാട്, ആദിയാർപുരം, തൊട്ടിക്കാനം എന്നീ പട്ടികജാതി കോളനികളിൽ നിർവ്വഹണ ഏജൻസിയായ KAICO നടത്തിയ പ്രവൃത്തികളിൽ ക്രമക്കേട് നടന്നിട്ടുണ്ടെന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ വിജിലൻസ്/പോലീസ് അന്വേഷണം നടന്നുവരുന്നു. വയനാട് ജില്ലയിലെ ഭൂരഹിത പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട് വ്യാപകമായ ക്രമക്കേട് നടന്നതായി മാധ്യമ വാർത്ത

വന്നിരുന്നു. ഇക്കാര്യം വിജിലൻസിന്റെ പരിശോധനയിലാണ്. എന്നാൽ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം പഞ്ചായത്ത് മുനിസിപ്പാലിറ്റി കോർപ്പറേഷൻ എന്നിവിടങ്ങളിൽ യഥാക്രമം സെന്റൊന്നിന് വകുപ്പ് നൽകിവരുന്ന 75,000, 15,000, 2,00,000 രൂപയിൽ കുറഞ്ഞവിലയ്ക്ക് ഇടുക്കി പോലുള്ള ജില്ലകളിലെ ഉൾപ്രദേശങ്ങളിൽ ഭൂമി ലഭിക്കുമെന്നതിനാൽ ചിലയാളുകൾ തുച്ഛമായ വിലയ്ക്ക് ഏക്കർ കണക്കിന് ഭൂമി വാങ്ങി സർക്കാർ അനുവദിക്കുന്ന തുകയ്ക്ക് തുല്യമായ വിലയിൽ വിൽക്കാൻ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടപ്പോൾ വകുപ്പുതലത്തിൽ അന്വേഷണം നടത്തുകയും വകുപ്പിലെ ചില ഉദ്യോഗസ്ഥർ ഇതിന് കൂട്ടു നിൽക്കുന്നതായി ശ്രദ്ധയിൽപ്പെടുകയും ഇവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുള്ളതും വിജിലൻസ് അന്വേഷണം നടന്നുവരുന്നതുമാണ്. ഗാന്ധിഗ്രാമം പദ്ധതിയുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയിലെ ചില്ലിത്തോട് പട്ടികജാതി കോളനിയിൽ നിർവ്വഹണ ഏജൻസിയായ FIT നടത്തിയ പ്രവൃത്തികളിൽ ക്രമക്കേട് നടന്നിട്ടുണ്ടെന്ന പരാതിയെത്തുടർന്ന് വിജിലൻസ് കേസ്സ് നിലവിലുണ്ട്. ഇതുകാരണം തുടർ ഗഡു തുക അനുവദിച്ചു നൽകിയിട്ടില്ല.

(ബി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന പട്ടികജാതി കോളനി നവീകരണ പ്രവർത്തനങ്ങൾ പുനരാരംഭിച്ച് മാർച്ച് 31-നകം പൂർത്തിയാക്കുന്നതിന് എല്ലാ ഏജൻസികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഛിദ്രശക്തികളുടെ പ്രവർത്തനം**

17 (*227) <u>ശ്രീ. ഇ. പി. ജയരാജൻ :</u>
<u>ശ്രീ. പുരുഷൻ കടലുണ്ടി :</u>
<u>ശ്രീ. എം. മുകേഷ് :</u>
<u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വതന്ത്ര ചിന്തകർക്കും സാംസ്കാരിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചവർക്കുമെതിരെ സങ്കുചിത വർഗ്ഗീയ ശക്തികളുടെ ആക്രമണം വർദ്ധിച്ചു വരുന്നത് പരിശോധനാ വിധേയമാക്കിയിരുന്നോ;

(ബി) ഇത്തരം ഛിദ്രശക്തികൾ പ്രവർത്തനം വ്യാപിപ്പിക്കുന്നത് പ്രതിരോധിക്കാനായി സാംസ്കാരിക സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ;

(സി) സമൂഹത്തെയാകെ ഭീതിപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള, യുക്തിചിന്തയെ എതിർക്കുന്ന, ഇത്തരം പ്രവർത്തനങ്ങളെ നിയന്ത്രിക്കാനായി മഹാരാഷ്ട്രയിലെ മാതൃകയിൽ അന്ധവിശ്വാസ വിരുദ്ധ നിയമം രൂപീകരിക്കാൻ തയ്യാറാകുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ&ബി) ജ്ഞാനപീഠം ജേതാവ് ശ്രീ. എം. ടി. വാസുദേവൻ നായർ, പ്രമുഖ സംവിധായകനും ചലച്ചിത്ര അക്കാദമി ചെയർമാനുമായ ശ്രീ. കമൽ തുടങ്ങി സ്വതന്ത്ര ചിന്തകർക്കും സാംസ്കാരിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചവർക്കുമെതിരെ സങ്കുചിത വർഗ്ഗീയ ശക്തികളുടെ ആക്രമണം വർദ്ധിച്ചുവരുന്നത് പരിശോധനാ വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഇത്തരം പ്രവണതകളെ ചെറുക്കുന്നതിന് സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ സ്ഥാപനങ്ങളെയും സജ്ജമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. മതേതര സംസ്കാരം അനുവർത്തിച്ചുപോരുന്ന നമ്മുടെ സമൂഹത്തെ അതിന്റെ അർത്ഥവ്യാപ്തി മുഴുവൻ ഉൾക്കൊള്ളുന്ന രീതിയിലും വെല്ലുവിളികളെ നേരിടാൻ പ്രാപ്തമാക്കുന്നതിനും സാഹിത്യ സാംസ്കാരിക സ്ഥാപനങ്ങളെ മുന്നോട്ട് കൊണ്ടു പോകാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സാംസ്കാരിക മേഖലയെ വർഗ്ഗീയവൽക്കരിക്കുന്നത് തടയുന്നതിനും ജനാധിപത്യ ക്രമത്തിന് അനിവാര്യമായ സാമുദായിക സാമൂഹ്യ അഭേദം പരിപോഷിപ്പിക്കുന്നതിനും മാനവികതക്കും നവോത്ഥാന മൂല്യങ്ങൾക്കുമെതിരെ പ്രതിലോമ ശക്തികൾ നടത്തുന്ന കടന്നാക്രമണം പ്രതിരോധിക്കാനും സാംസ്കാരിക സ്ഥാപനങ്ങൾ മുൻകയ്യെടുത്ത് പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്. അതിന്റെ ആദ്യ പടിയാണ് നമുക്ക് ജാതിയോ മതമോ ഇല്ല എന്ന പ്രഖ്യാതമായ ശ്രീനാരായണഗുരു വിളംബരത്തിന്റെ 100-ാം വാർഷികം വിവിധ സാംസ്കാരിക സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ആഘോഷിക്കാൻ സർക്കാർ മുൻകയ്യെടുത്തത്. ഈ പരിപാടി സംസ്ഥാനമൊട്ടാകെ 6000-ത്തോളം സ്ഥലങ്ങളിൽ സംഘടിപ്പിച്ചിട്ടുണ്ട്.

സാംസ്കാരിക നവോത്ഥാനത്തിന് ഉതകുന്ന ഇത്തരം പരിപാടികൾ തുടർന്നും സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി കേരള ലളിതകലാ അക്കാദമിയുടെ

നേതൃത്വത്തിൽ 2017 മാർച്ച് 20 മുതൽ 29 വരെ തൃശ്ശൂരിൽ 'പന്തിഭോജനം' കലാക്യാമ്പും പന്തിഭോജനവും സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നമ്മുടെ സാംസ്കാരിക നവോത്ഥാന നായകന്മാരെക്കുറിച്ചുള്ള പ്രഭാഷണ പരമ്പര, ചിത്രകലാ ക്യാമ്പ് എന്നിവയിലൂടെ മഹത്തായ ആശയങ്ങളുടെ വിചിന്തനവും ആവിഷ്കാരവും ഉദ്ദേശിക്കുന്നതിനുപുറമേ നാനാതുറകളിലുള്ള ആളുകളെ ജാതിമത പരിഗണന കൂടാതെ പങ്കെടുപ്പിച്ചുകൊണ്ട് പന്തിഭോജനം നടത്താൻ ഉദ്ദേശിക്കുന്നു. ഈ നിലയിൽ സാംസ്കാരിക നവോത്ഥാനത്തിന് സഹായകരമായ സന്ദേശം നൽകുന്ന വിധത്തിലായിരിക്കും 'പന്തിഭോജനം' സംഘടിപ്പിക്കുന്നത്.

ഛിദ്രശക്തികളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനെ പ്രതിരോധിക്കുന്നതിനും വിവിധ സാംസ്കാരിക സാഹിത്യ സ്ഥാപനങ്ങൾ ഫലപ്രദമായ കർമ്മ പരിപാടികൾ ആവിഷ്കരിച്ചുവരുന്നു. ഗുരുവിന്റെ അദ്വൈതാശ്രമ വിളംബരത്തിന്റെ ശതാബ്ദിയാഘോഷങ്ങളും പ്രതിരോധത്തിനുവേണ്ടിയുള്ള ജനതയുടെ ആവിഷ്കാരങ്ങളെക്കുറിച്ചുള്ള സെമിനാറുകളും ആവിഷ്കാര സ്വാതന്ത്ര്യത്തിന് പിന്തുണ നൽകുന്ന രചനകളുടെ പ്രസിദ്ധീകരണങ്ങളും എല്ലാം ഈ ലക്ഷ്യത്തെ മുൻനിർത്തിയുള്ളതാണ്.

(സി) അന്ധവിശ്വാസങ്ങളും അതിന്റെ പേരിൽ നടന്നുവരുന്ന ചൂഷണങ്ങളും അനാചാരങ്ങളും അതിക്രമങ്ങളും തടയുക എന്ന ലക്ഷ്യത്തോടെ ഒരു നിയമ നിർമ്മാണം നടത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ ആഭ്യന്തര വകുപ്പുമുഖേന പരിശോധിച്ചുവരുന്നു.

**കർഷകത്തൊഴിലാളി ക്ഷേമനിധി**

18 (*228) <u>ശ്രീ. ഹൈബി ഈഡൻ:</u>
<u>ശ്രീ. അട്ടൂർ പ്രകാശ്:</u>
<u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ.എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ പണം അടച്ചവരും 60 വയസ്സ് കഴിഞ്ഞവരുമായവർക്ക് അടച്ച തുകയും പെൻഷനും നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) അപേക്ഷ, പാസ്സ് ബുക്ക്, ഐഡന്റിറ്റി കാർഡ് എന്നിവ ക്ഷേമനിധി ഓഫീസുകളിൽ വാങ്ങിവച്ചതിനുശേഷം വളരെക്കാലമായി തുക ലഭിക്കാതിരിക്കുന്ന അനേകം ആളുകൾ നിലവിലുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽ അപേക്ഷ നൽകി കാത്തിരിക്കുന്ന ആളുകൾക്ക് തുകയും പെൻഷനും നൽകുന്നതിന് എന്താണ് തടസ്സമെന്ന് വിശദീകരിക്കാമോ;

(ഡി) അപേക്ഷ നൽകി കാത്തിരിക്കുന്നവർക്ക് അടിയന്തരമായി പണം വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ&ബി) ഉണ്ട്.

(സി) കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമാകുന്ന തൊഴിലാളി പ്രതിവർഷം 60 രൂപയാണ് ക്ഷേമനിധി വിഹിതമായി അടച്ചു വരുന്നത്. 60 വയസ്സ് പൂർത്തിയാക്കി ക്ഷേമനിധിയിൽനിന്നും വിരമിക്കുന്ന തൊഴിലാളിക്ക് അവരുടെ അംഗത്വ കാലത്തിന് അനുസൃതമായിട്ടാണ് പ്രതിവർഷം 625 രൂപ നിരക്കിൽ റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നത്. ഒരു തൊഴിലാളിക്ക് ശരാശരി 11,000 രൂപ ഈ ഇനത്തിൽ നൽകേണ്ടി വരും. ക്ഷേമനിധി വിഹിതവും ഭൂവുടമാ വിഹിതവുമായി ബോർഡിന് ആകെ 9 കോടി രൂപ വരുമാനം വരുമ്പോൾ റിട്ടയർമെന്റ് ആനുകൂല്യം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, പ്രസവ ധനസഹായം എന്നീ ഇനങ്ങളിൽ 40 കോടിയോളം രൂപ ചെലവ് വരുന്നുണ്ട്. ബോർഡിന്റെ വരുമാനത്തിലും ചെലവിനത്തിലുമുള്ള ഭീമമായ അന്തരമാണ് ആനുകൂല്യം സമയബന്ധിതമായി നൽകുന്നതിന് ബോർഡിന് സാധിക്കാതെ വരുവാനുള്ള കാരണം. 2016 ഡിസംബർ വരെയുള്ള കർഷകത്തൊഴിലാളി പെൻഷൻ തുക അനുവദിച്ച് നൽകിയിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിലെ പെൻഷൻ തുക അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

(ഡി) തൊഴിലാളികൾക്കുള്ള ക്ഷേമനിധി ആനുകൂല്യം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അപേക്ഷകരുടെ സീനിയോരിറ്റികൂടി കണക്കിലെടുത്ത് ബോർഡിൽനിന്നും നൽകിവരുന്നു.

## വന്യമൃഗ ശല്യം

19 (*229) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്ത് വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലിറങ്ങി മനുഷ്യജീവിതം ദുസ്സഹമാക്കുന്ന സ്ഥിതിവിശേഷത്തിന് പരിഹാരമുണ്ടാക്കാൻ വനം വകുപ്പ് പുതിയ പദ്ധതികൾ തയ്യാറാക്കുന്നുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) സ്ഥിരമായി ജനവാസകേന്ദ്രങ്ങളിലിറങ്ങി നാശനഷ്ടമുണ്ടാക്കുന്ന വന്യമൃഗങ്ങൾ ഏതൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(സി) നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യത്തിൽ വനം വകുപ്പിനെക്കുറിച്ച് കർഷകരുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ള ആക്ഷേപങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ.രാജു):

(എ) വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലിറങ്ങി കൃഷി നശിപ്പിക്കുകയും നാട്ടിലുള്ള വളർത്തു മൃഗങ്ങൾക്കും മനുഷ്യർക്കും ഭീഷണി ആവുകയും ചെയ്യുന്നത് തടയുന്നതിന് നിലവിൽ അവലംബിച്ചുവരുന്ന മാർഗ്ഗങ്ങൾ കൂടാതെ പുതിയതായി പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. 7-2-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 51/2017/വനം പ്രകാരം മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ തദ്ദേശീയരും ജനപ്രതിനിധികളും വനം വകുപ്പ് ഉദ്യോഗസ്ഥരും ചേർന്നുള്ള ഒരു സമിതിയാണ് ടി ജനജാഗ്രതാ സമിതി. കൂടാതെ ജനവാസ മേഖലയിൽ ആനയോ മറ്റു വന്യജീവികളോ കടന്നിട്ടുള്ളതായി അറിഞ്ഞാൽ പ്രദേശവാസികളുടെ മൊബൈൽ ഫോണുകളിലേയ്ക്ക് എസ്.എം.എസ് മുഖാന്തരം അറിയിപ്പു നൽകി അപകടം കുറയ്ക്കുന്നതിനുള്ള Early Warning SMS Alert System മൂന്നാർ, വയനാട്, ആറളം മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് മേഖലകളിൽ നടപ്പിലാക്കുവാനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

(ബി) കേരളത്തിൽ കർഷകർ ഏറ്റവും കൂടുതൽ വന്യജീവി ആക്രമണം നേരിടുന്നത് കാട്ടാനകളിൽ നിന്നാണ്. കൂടാതെ കാട്ടുപന്നി, മാനുകൾ, കുരങ്ങ്, കടുവ എന്നിവയിൽ നിന്നുമുള്ള പ്രശ്നങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. കേരളത്തിലെ വനങ്ങളിലെ വന്യജീവികളുടെ കണക്കെടുപ്പുപ്രകാരം മുൻ വർഷങ്ങളെ അപേക്ഷിച്ച് വന്യജീവികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായാണ് കണ്ടുവരുന്നത്. ഏറ്റവും ഒടുവിൽ നടത്തിയ കണക്കെടുപ്പ് പ്രകാരം കേരളത്തിൽ 6177 കാട്ടാനകളും, 48034 കാട്ടുപന്നികളും, 136 കടുവകളും, 43000 മാനുകളും 50000-ഓളം കുരങ്ങുകളും അധിവസിക്കുന്നുണ്ട്. വനാതിർത്തിയിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള വിളകളുടെ കൃഷിയും വന്യമൃഗങ്ങൾ നാട്ടിലേക്കിറങ്ങുന്നതിന് കാരണമാകുന്നുണ്ട്.

(സി) വന്യജീവി ആക്രമണംമൂലം പരിക്കോ, മരണമോ, കൃഷിനാശമോ മറ്റു നാശനഷ്ടങ്ങളോ സംഭവിച്ചാൽ 1980-ലെ കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്റ്റിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം കർഷകർക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ കർഷകരുടെ ഭാഗത്തുനിന്നും ആക്ഷേപം ഉണ്ടായാൽ ആയത് പരിശോധിച്ച് പരിഹരിക്കുവാനും നടപടി സ്വീകരിക്കുന്നുണ്ട്.

### പാലുൽപ്പാദനത്തിലെ സ്വയംപര്യാപ്തത

20 (*230) <u>ശ്രീമതി വീണാ ജോർജ്ജ്:</u>

<u>ശ്രീ. ജെയിംസ് മാത്യു:</u>

<u>ശ്രീ. കെ. ബാബു:</u>

<u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലുൽപ്പാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കാനുള്ള പരിപാടിയുടെ വിശദാംശം നൽകുമോ; നിലവിൽ ആവശ്യകതയും ഉല്പാദനവും തമ്മിലുള്ള അന്തരം എത്രയാണ്;

(ബി) കാലിത്തീറ്റയുടെ കാര്യത്തിൽ നിലവിലുള്ള പ്രശ്നങ്ങളും തീറ്റപ്പുല്ലിന്റെ ലഭ്യതയിലുള്ള കുറവും പരിഹരിക്കാൻ എന്ത് മാർഗ്ഗമാണ് ആലോചിക്കുന്നത്;

(സി) സംസ്ഥാനത്ത് ക്ഷീര സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കാനായി പദ്ധതികളുണ്ടോ;

(ഡി) മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടു വരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്ത് ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽക്കൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പാൽഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, അവശ്യാധിഷ്ഠിത ധനസഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. കൂടാതെ ക്ഷീര കർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാപെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം എന്നിവയും നൽകിവരുന്നു. സംസ്ഥാനത്ത് പ്രതിദിനം ഏകദേശം 87 ലക്ഷം ലിറ്റർ പാൽ ആവശ്യമാണ്. ഇതിൽ ഏകദേശം 78 ലക്ഷം ലിറ്റർ പാൽ ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്നതായി കണക്കാക്കുന്നു. പാൽ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത ലഭ്യമാക്കുന്നതിനുവേണ്ടി മിൽമയുടെ മേഖല യൂണിയനുകൾ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്ത് ഗുണമേന്മയുള്ള കാലിത്തീറ്റ ലഭ്യത ഉറപ്പാക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിലുള്ള കേരളാ ഫീഡ്സ് എന്ന സ്ഥാപനവും മിൽമയും കൂടാതെ സ്വകാര്യ മേഖലയിലും കാലിത്തീറ്റ ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. കാലിത്തീറ്റയ്ക്ക് വേണ്ടിയുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും വിലക്കയറ്റവും കാലിത്തീറ്റ ഉൽപ്പാദനത്തെ ഗുരുതരമായി ബാധിക്കുന്നുവെങ്കിലും പൊതുമേഖലയിലും സഹകരണമേഖലയിലും പ്രവർത്തിക്കുന്ന കാലിത്തീറ്റ കമ്പനികളുടെ ഉൽപ്പാദന ശേഷി പൂർണ്ണമായി വിനിയോഗിച്ചുകൊണ്ട് കാലിത്തീറ്റയുടെ ലഭ്യത ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2016-17 വർഷം 2045 ഹെക്ടർ സ്ഥലത്ത് തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 5 വനിതകൾ അടങ്ങിയ സ്വാശ്രയ ഗ്രൂപ്പുകൾക്ക് ചുരുങ്ങിയത് ഒരു ഏക്കർ സ്ഥലത്ത് പുൽക്കൃഷി നടത്തുന്നതിന് ഗോപാലിക ഗ്രൂപ്പ് പദ്ധതി പ്രകാരവും ധനസഹായവും നൽകുന്നു.

സംസ്ഥാനത്തിന് ആവശ്യമായ ഏകദേശം 23.2 ദശലക്ഷം ടൺ തീറ്റപ്പുല്ലിന്റെ സ്ഥാനത്ത് കേവലം 5.1 ദശലക്ഷം ടൺ മാത്രമാണ് ഇവിടെ ഉൽപാദിപ്പിക്കുന്നത്. നിലവിലുള്ള വിളകൾക്കിടയിൽ സാദ്ധ്യമായത്ര സ്ഥലങ്ങളിൽ ഇടവിളയായി തീറ്റപ്പുല്ല് വളർത്തൽ പ്രോത്സാഹിപ്പിച്ചുവരുന്നു. ഭൂമിയുടെ ലഭ്യതയിലുള്ള കുറവ്, ജൈവവളത്തിന്റെ കുറവ്, മണ്ണൊലിപ്പുമൂലമുള്ള മണ്ണിന്റെ ഫലപുഷ്ടിക്കുറവ് എന്നിവ തീറ്റപ്പുൽ കൃഷിവ്യാപനത്തിന് തടസ്സമായി നിൽക്കുന്നുണ്ട്. ഇതിനായി കൃഷിയോഗ്യമായ ഭൂമിയുടെ കേവലം 10 ശതമാനം മാത്രമേ മാറ്റി വയ്ക്കുവാൻ കഴിയുന്നുള്ളൂ. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള തരിശുഭൂമി ഇതിനായി ഉപയോഗപ്പെടുത്താൻ പദ്ധതി ആസൂത്രണം ചെയ്തുവരുന്നു.

(സി) പദ്ധതികളുണ്ട്.

(ഡി) മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന പാലിന്റെ സാമ്പിളുകൾ ചെക്ക്പോസ്റ്റിൽവച്ചും വിവിധ വിപണന സ്ഥലങ്ങളിൽനിന്നും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ലാബുകളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്താറുണ്ട്. ഭക്ഷ്യഗുണനിലവാര നിയമം 2006 പ്രകാരം ഗുണനിലവാരം പാലിക്കാത്തവർക്കെതിരെ ഫുഡ് സേഫ്റ്റി വിഭാഗം നിയമനടപടികൾ സ്വീകരിച്ചുവരുന്നു. പാലിന്റെ ഉപഭോഗം വളരെ കൂടുന്ന ഓണം തുടങ്ങിയ വിശേഷ അവസരങ്ങളിൽ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് സാമ്പിൾ ശേഖരിച്ച് പരിശോധന നടത്താറുണ്ട്.

തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലകൾ ആസ്ഥാനമാക്കി ഫുഡ് സേഫ്റ്റി കമ്മീഷണറുടെ കീഴിൽ പ്രവർത്തിക്കുന്ന മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളുടെ സേവനവും ഈ പരിശോധനകളിൽ പ്രയോജനപ്പെടുത്തിവരുന്നു. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ ഇ-മാറ്റ് എന്ന ഉപകരണം ഉപയോഗിച്ച് പാൽ സാമ്പിളുകളുടെ പരിശോധന നടത്തി വരുന്നു.

ക്ഷീരവികസന വകുപ്പിന്റെ കീഴിൽ NABL (National Accreditation Board for Testing and Calibration Laboratories) അക്രിഡിറ്റേഷനോടുകൂടിയ സ്റ്റേറ്റ് ഡെയറി ലാബ് തിരുവനന്തപുരം പട്ടത്ത് പ്രവർത്തിക്കുന്നു. കൂടാതെ കോട്ടയം, ആലത്തൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ റീജിയണൽ ലാബുകൾ സജ്ജമാക്കിവരുന്നു. ഇതു കൂടാതെ എല്ലാ ജില്ലാ ആസ്ഥാനത്തും ക്വാളിറ്റി കൺട്രോൾ ഓഫീസറുടെ കീഴിൽ 14 ലാബുകൾ പ്രവർത്തിക്കുന്നു. ഈ ലാബുകളിൽ പാലിന്റെ പോഷക മൂല്യം, പ്രിസർവേറ്റീവ്സ്, മായം ചേർക്കൽ, രാസഘടന, സൂക്ഷ്മാണുക്കൾ, ആന്റിബയോട്ടിക്കുകൾ എന്നിവ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങളുണ്ട്.

ഓണക്കാലത്ത് മാത്രമായി ക്ഷീരവികസന വകുപ്പ് താൽക്കാലിക ചെക്ക് പോസ്റ്റുകൾ സംസ്ഥാന അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിച്ച് പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന മുഴുവൻ പാലിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. എന്നാൽ പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ചെക്ക് പോസ്റ്റുകളിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സ്ഥിരം തൊഴിലും വരുമാനവും**

21 (*231) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികഗോത്രവർഗ്ഗ ജനതയെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി, സ്ഥിരം തൊഴിലും വരുമാനവും ഉറപ്പാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പുതു തലമുറയിൽപ്പെട്ടവർക്ക് വിദ്യാഭ്യാസ നിലവാരം ഉറപ്പാക്കുന്നതിനോടൊപ്പം മറ്റുള്ളവർക്ക് സ്വാശ്രയ അതിജീവനത്തിനുതകുന്ന രീതിയിൽ കൃഷി, മൃഗപരിപാലനം തുടങ്ങിയ മേഖലകളിൽ ആധുനിക രീതി പ്രചരിപ്പിക്കാൻ സാധിക്കുമോ;

(സി) ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്ന് ഇവരെ മോചിപ്പിക്കുവാൻ ഉതകുന്ന തരത്തിൽ സ്വയംസഹായ സംഘങ്ങളെയും സഹകരണ സംഘങ്ങളെയും ശക്തിപ്പെടുത്താൻ സാധിക്കുമോ?

പട്ടികജാതി- പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികവർഗ്ഗ യുവാക്കൾക്ക് 'സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം' എന്ന ബജറ്റ് ശീർഷകം പ്രകാരം വിവിധ നൈപുണ്യ വികസന പരിശീലനങ്ങൾ നൽകിവരുന്നു. കൂടാതെ വിവിധ സ്കീമുകളായ കോർപ്പസ് ഫണ്ട്, ആർട്ടിക്കിൾ 275(1), എസ്.സി.എ. ടു ടി.എസ്.പി., കേന്ദ്രസർക്കാരിന്റെ ധനസഹായം മുഖേനയും പട്ടികവർഗ്ഗക്കാരായ യുവാക്കളുടെ നൈപുണ്യ വികസന പരിശീലനത്തിനായി പദ്ധതികൾ നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യ വികസനം നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) പുതുതലമുറയിൽപ്പെട്ടവർക്ക് വിദ്യാഭ്യാസ നിലവാരം ഉറപ്പാക്കുന്നതിനോടൊപ്പം മറ്റുള്ളവർക്ക് സ്വാശ്രയ അതിജീവനത്തിനുതകുന്ന രീതിയിൽ കൃഷി,

മൃഗപരിപാലനം തുടങ്ങിയ മേഖലകളിൽ ആധുനിക രീതി പ്രചരിപ്പിക്കാൻ സാധിക്കുന്ന രീതിയിലുള്ള പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

പരമ്പരാഗത കന്നുകാലി വളർത്തൽ കൂടുതൽ ശാസ്ത്രീയമായ രീതിയിൽ നടത്തി കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്നതിന് ഉതകുന്ന ആധുനിക പശു വളർത്തൽ കേന്ദ്രങ്ങൾ എറണാകുളം (50 കുടുംബങ്ങൾ), ഇടുക്കി (45 കുടുംബങ്ങൾ), തൃശ്ശൂർ (50 കുടുംബങ്ങൾ), മലപ്പുറം (40 കുടുംബങ്ങൾ), കാസർഗോഡ് (100 കുടുംബങ്ങൾ) എന്നീ ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കുടുംബശ്രീ മുഖേന അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വനിതകൾക്ക് വിത്ത് വിതരണ പദ്ധതിയുടെ ഭാഗമായി 18.71 ലക്ഷം രൂപയും കൂടാതെ കുടുംബശ്രീ മുഖേന പട്ടികവർഗ്ഗ സുസ്ഥിര വികസന പദ്ധതിയുടെ ഭാഗമായി അയൽക്കൂട്ട രൂപീകരണത്തിനും ലഘു സമ്പാദ്യ പ്രവർത്തനത്തിനുമുള്ള പ്രത്യേക പരിപാടി, ഉപജീവന പ്രവർത്തന പരിപാടി, സാമൂഹിക വികസന പരിപാടി, ഇടമലക്കുടി, വയനാട്, ആലപ്പുഴ എന്നിവിടങ്ങളിൽ പ്രത്യേക ഉപജീവന പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതിനായി 3.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷൻ മുഖേന സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു. ഈ തുക ഉപയോഗിച്ച് സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുക മുൻകൂർ നൽകി വരുന്നതിനാൽ പട്ടികവർഗ്ഗ വിഭാഗക്കാർ ശേഖരിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ഇടത്തട്ടുക്കാരുടെ ചൂഷണമില്ലാതെതന്നെ മാർക്കറ്റ് നിരക്കിൽ സൊസൈറ്റി ഏറ്റെടുത്ത് ആയതിനുള്ള വില നൽകിവരുന്നു. കുടുംബശ്രീ മുഖേന പട്ടികവർഗ്ഗ സ്വയംസഹായ സംഘങ്ങൾ ശാക്തീകരിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**കുടിവെള്ള ക്ഷാമം**

22 (*232) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. എം. രാജഗോപാലൻ:

ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ അടിയന്തര സഹായത്തിനായി ജലവിഭവ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്;

(ബി) നിലവിലുള്ള ജലസ്രോതസ്സുകൾ നവീകരിച്ച് ഉപയോഗയോഗ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) ജലക്ഷാമമുള്ള പ്രദേശങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിൽ കുഴൽക്കിണറുകൾ നിർമ്മിക്കാൻ പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്):

(എ) ഗ്രാമപ്രദേശങ്ങളിൽ ഉൾപ്പെടെയുള്ള കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കേരള ജല അതോറിറ്റിക്ക് 40 കോടി രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. ഈ തുക വിവിധ ജില്ലകളിലെ പ്രവൃത്തികൾക്കായി ഉപയോഗിക്കുന്നതാണ്.

കൂടാതെ കടുത്ത ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം നേരിടാൻ താഴെപ്പറയുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്.

1. തദ്ദേശഭരണ സ്ഥാപനങ്ങൾ റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ കിയോസ്കുകൾവഴി ജലവിതരണം നടത്തുന്ന സ്ഥലങ്ങളിലേയ്ക്ക് ആവശ്യമായ കുടിവെള്ളം ജല അതോറിറ്റിയുടെ വിവിധ പദ്ധതികളിൽനിന്നും നൽകുന്നതാണ്.
2. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പുവരുത്തുന്നു.
3. ജല അതോറിറ്റിയുടെ നിലവിലുള്ള സ്രോതസ്സുകളിലെ ചെളിയും മാലിന്യവും നീക്കം ചെയ്തും ഇൻഫിൽട്രേഷൻ ഗ്യാലറികൾ പുനരുദ്ധരിച്ചും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പുവരുത്തുന്നുണ്ട്.
4. ഇറിഗേഷൻ-വൈദ്യുത വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
5. അടിക്കടി ലീക്കുമൂലം ജലനഷ്ടം സംഭവിക്കുന്ന വിതരണലൈനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകി ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നു.
6. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പുസെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നു.

7. കൂടുതൽ പമ്പിംഗ് ആവശ്യമായ സ്ഥലങ്ങളിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നുണ്ട്.

8. ആവശ്യമാകുന്ന സ്ഥലങ്ങളിൽ വാൽവുകൾ നിയന്ത്രിച്ച് സാദ്ധ്യമായ അളവിൽ എല്ലാവർക്കും ജലലഭ്യത ഉറപ്പാക്കുന്നു.

9. ജല ശുദ്ധീകരണ ശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നുണ്ട്.

10. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിനും ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ഉപയോഗപ്പെടുത്തുകയും നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

11. പ്രതിമാസം 50 കിലോ ലിറ്ററിന് മുകളിൽ ഉപഭോഗം കണക്കാക്കുന്ന പുതിയ കണക്ഷനുകൾ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

12. നിലവിൽ കൂടുതലായി ജലം ഉപയോഗിക്കുന്ന വ്യാവസായിക വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

13. ജലശുദ്ധീകരണ ശാലകളിൽ ബാക്ക് വാഷിംഗ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് കഴിയുന്നത്ര നിയന്ത്രിക്കുന്നുണ്ട്.

14. വളരെക്കാലമായി കേടായ വാട്ടർ മീറ്റർ മാറ്റിവയ്ക്കാത്ത ഉപഭോക്താക്കൾക്ക് കണക്ഷൻ വിച്ഛേദിക്കുവാൻ നോട്ടീസ് നൽകുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

ആവശ്യത്തിന് ജലലഭ്യതയുള്ള പാറമടകൾ, കുളങ്ങൾ തുടങ്ങിയ സ്രോതസ്സുകൾ കണ്ടെത്തി ഗുണനിലവാര പരിശോധന നടത്തി അവ ഉപയോഗപ്പെടുത്താനുള്ള സാദ്ധ്യത പരിശോധിക്കാൻ ഫീൽഡ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽപ്പറഞ്ഞ നടപടികൾ കൂടാതെ വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഇതിനകം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ വച്ച് മേഖലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വരൾച്ച സംബന്ധിച്ച് വിശദമായ അവലോകനം നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ തീരുമാനിച്ച കാര്യങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് വീഡിയോ കോൺഫറൻസ് വഴി അവലോകനവും നടത്തിയിരുന്നു.

ഭൂജലവകുപ്പ്:

ഭൂജല വകുപ്പ് കുഴൽ കിണറുകൾ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളും കുഴൽ കിണൽ കൈപമ്പ് പദ്ധതികളും ഗ്രാമപ്രദേശങ്ങളിലും നടപ്പാക്കിവരുന്നു. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 1240.33 ലക്ഷം രൂപ രാജീവ് ഗാന്ധി പദ്ധതിയിൽപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. 550 കൈപമ്പുകളുടെ അറ്റകുറ്റപ്പണികളും 585 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവികരണത്തിനുമുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇതിൽ 2600 കൈപമ്പുകളുടെ അറ്റകുറ്റപ്പണികളും 88 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

ജലനിധി:

ഗ്രാമപഞ്ചായത്തുകളിൽ താഴെപ്പറയുന്ന അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. പൂർത്തീകരണ ഘട്ടത്തിലുള്ള 166 പദ്ധതികൾ ഫെബ്രുവരി-ഏപ്രിൽ മാസങ്ങളിലായി കമ്മീഷൻ ചെയ്യുന്നതാൽ 21000 വീടുകൾക്ക് കുടിവെള്ളം എത്തിക്കാൻ സാധിക്കുന്നതാണ്.
2. വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുമൂലം വൈകുന്ന പദ്ധതികൾക്ക് അടിയന്തരമായി കണക്ഷൻ ലഭ്യമാക്കി പദ്ധതി കമ്മീഷൻ ചെയ്യുന്നതാണ്. ഇതുവഴി ഏകദേശം 2700 വീടുകൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതാണ്.
3. സ്രോതസ്സിന്റെയും ജലസംഭരണിയുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും, ജലവിതരണ പൈപ്പുകൾ സ്ഥാപിച്ചു വരുന്നതുമായ പദ്ധതികൾക്ക് (ബാച്ച് 3-ൽ ഉൾപ്പെട്ടിട്ടുള്ള

പഞ്ചായത്തുകളിലെ) എത്രയും വേഗം വൈദ്യുതി കണക്ഷൻ സ്ഥാപിച്ച് ഭാഗികമായെങ്കിലും ജലവിതരണം ആരംഭിക്കുവാൻ കഴിയുന്നതാണ്. ഇപ്രകാരം 100 പദ്ധതികളിലായി 5500 കുടുംബങ്ങൾക്ക് വരൾച്ചാ കാലത്ത് കുടിവെള്ളം എത്തിക്കുവാൻ സാധിക്കുമെന്ന് കണക്കാക്കുന്നു.

4. ഭൂജലസംരക്ഷണവും പരിപോഷണവും ജലനിധി പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നുണ്ട്. തടയണകൾ, കിണർ റീ-ചാർജ്ജ്, സ്രോതസ്സ് സംരക്ഷണം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. പദ്ധതി നടപ്പാക്കിവരുന്ന പഞ്ചായത്തുകളിൽ 1562 ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരിക്കുന്നു. ഇതിൽ 1499 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ പൂർത്തീകരിച്ച് വേനൽക്കാലത്ത് ജലനിധി പദ്ധതികളിൽ ജലലഭ്യത ഉറപ്പുവരുത്താൻ ശ്രമിക്കുന്നുണ്ട്.
5. ജലസ്രോതസ്സുകൾ വറ്റുന്ന പഞ്ചായത്തുകളിലെ സാദ്ധ്യമായ സ്ഥലങ്ങളിൽ ബോർവെൽ വഴി ഭൂഗർഭജലം പ്രയോജനപ്പെടുത്താനും ഉദ്ദേശിക്കുന്നു.
6. ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയുള്ള ജലസംരക്ഷണം വഴിയും ജലവിനിയോഗം നിയന്ത്രിച്ചും വരൾച്ചയെ നേരിടുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(ബി) <u>ജലസേചന വകുപ്പ്:</u>

ജലസ്രോതസ്സുകളുടെ നവീകരണം ഉൾപ്പെടെയുള്ള ജലവിഭവ സംരക്ഷണത്തിന് ഊന്നൽ നൽകിക്കൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഹരിത കേരള മിഷന് തുടക്കം കുറിച്ചിട്ടുണ്ട്. ജലവിഭവ സംരക്ഷണത്തിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ കുളങ്ങളും തോടുകളും പുനരുജ്ജീവിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള പ്രവർത്തനങ്ങളും രണ്ടാം ഘട്ടത്തിൽ നദികൾ കായലുകൾ മറ്റു ജലസ്രോതസ്സുകൾ ഉൾപ്പെടെയുള്ളവയുടെ ശുചീകരണ നവീകരണ പ്രവർത്തനങ്ങളും വിവിധ വകുപ്പുകളുടെ ഏകോപനത്തോടും, ജനപങ്കാളിത്ത ത്തോടെയും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

കേരള ജല അതോറിറ്റി:

ആവശ്യത്തിന് ജലലഭ്യത ഉള്ള പാറമടകൾ, കുളങ്ങൾ തുടങ്ങിയ സ്രോതസ്സുകൾ കണ്ടെത്തി ഗുണനിലവാര പരിശോധന നടത്തി അവ ഉപയോഗപ്പെടുത്താനുള്ള സാദ്ധ്യത പരിശോധിക്കാൻ ഫീൽഡ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അരുവിക്കര സംഭരണിയിൽ അടിഞ്ഞിരിക്കുന്ന ഫ്ലോട്ടിംഗ് മാലിന്യങ്ങളായ ആമ്പൽ, താമര, കുളവാഴ തുടങ്ങിയവ ജലസേചന വകുപ്പിന്റെ സഹായത്തോടെ മാറ്റിയിട്ടുണ്ട്. പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി അണ്ടൂർക്കോണം പഞ്ചായത്തിലെ ആനതാഴ്ചിറ കുളത്തിന്റെയും പാറശ്ശാല പഞ്ചായത്തിലെ വണ്ടിച്ചിറ കുളത്തിന്റെയും പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നു.

ഭൂജല വകുപ്പ്:

ഭൂജല വകുപ്പ് രാജീവ് ഗാന്ധി പദ്ധതിയുടെ കീഴിൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 2600 കൈപമ്പുകളുടെ അറ്റകുറ്റപ്പണികളും 88 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

ജലനിധി:

ജലനിധി ഒന്നാംഘട്ട പദ്ധതിയിൽ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനക്ഷമമല്ലാത്ത പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിന് ശേഷിക്കുന്ന ഫണ്ട് പ്രയോജനപ്പെടുത്താവുന്നതാണ്.

(സി) ജലക്ഷാമമുള്ള പ്രദേശങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിച്ച് ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പാക്കിവരുന്നു. നിലവിലെ ജലസ്രോതസ്സുകളിൽ വെള്ളം കുറയുന്ന സാഹചര്യത്തിൽ ഭൂഗർഭജലം ഉറപ്പുള്ള സ്ഥലങ്ങളിൽ അത് പ്രയോജനപ്പെടുത്താനും ഉദ്ദേശിക്കുന്നു. താൽക്കാലിക അടിസ്ഥാനത്തിൽ കുഴൽ കിണർ നിർമ്മിക്കുവാൻ ഉദ്ദേശിച്ചിട്ടില്ല.

**അംബേദ്കർ ഗ്രാമപദ്ധതി**

23 (*233) ശ്രീ. കെ. കുഞ്ഞിരാമൻ:

ശ്രീ. രാജു എബ്രഹാം:

ശ്രീ. കെ. വി. വിജയദാസ്:

ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ആവിഷ്കരിച്ച അംബേദ്കർ ഗ്രാമപദ്ധതിയുടെ വിശദാംശം നൽകാമോ;

(ബി) ഈ പദ്ധതി പ്രകാരം എത്ര പട്ടികജാതി പട്ടിക ഗോത്ര വർഗ്ഗ സങ്കേതങ്ങൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നെന്നും പദ്ധതി ആരംഭിച്ചിട്ടുണ്ടോ എന്നും അറിയിക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(ഡി) മുൻ സർക്കാർ പ്രഖ്യാപിച്ച സ്വയംപര്യാപ്ത പട്ടികജാതി കോളനി പദ്ധതി പ്രകാരം ആ സർക്കാരിന്റെ കാലത്ത് എത്ര കോളനികളുടെ നവീകരണം പൂർത്തിയാക്കിയിരുന്നു; വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസനത്തിൽ പിന്നാക്കം നിൽക്കുന്നതുമായ പട്ടികജാതി കോളനികളിൽ പരമാവധി 1,00,00,000 രൂപ വീതം ചെലവഴിച്ച് അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ നടത്തി ഇവയെ ആധുനികവൽക്കരിക്കുവാനാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

(ബി) ഈ പദ്ധതി പ്രകാരം ഒരു നിയമസഭാ മണ്ഡലത്തിലെ 2 പട്ടികജാതി കോളനികൾവീതം തെരഞ്ഞെടുത്ത് 280 പട്ടികജാതി സങ്കേതങ്ങൾ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി ആരംഭിച്ചിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പിൽ ഹാംലറ്റ് വികസന പദ്ധതിയാണ് നടപ്പാക്കിവരുന്നത്.

(സി) അംബേദ്കർ ഗ്രാമം പദ്ധതി സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. പദ്ധതി അംഗീകരിച്ചതിനുശേഷമേ ഏജൻസികളെ ചുമതലപ്പെടുത്താൻ കഴിയുകയുള്ളൂ.

(ഡി) മുൻ സർക്കാർ പ്രഖ്യാപിച്ച സ്വയം പര്യാപ്ത പട്ടികജാതി കോളനി പദ്ധതി പ്രകാരം 216 കോളനികളെ തെരഞ്ഞെടുത്തിരുന്നു. 37 കോളനികളുടെ നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്. 2012-13 വർഷം മുതൽ 2016-17 വരെ 138,34,93,473 രൂപ ഇതിലേക്കായി ചെലവഴിച്ചിട്ടുണ്ട്. ഇവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സമഗ്ര കുടിവെള്ള പദ്ധതികൾ

24 (*234) ശ്രീ. എസ്. ശർമ്മ:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പ്രഖ്യാപിച്ച സമഗ്ര കുടിവെള്ള പദ്ധതികൾ എന്തെല്ലാമെന്നും അവയുടെ നിർമ്മാണ പ്രവർത്തനത്തിന് തുടക്കമിടാൻ സാധിച്ചിട്ടുണ്ടോ എന്നും അറിയിക്കുമോ;

(ബി) ഡിസ്ട്രിബ്യൂഷൻ ലൈനുകൾ ഇല്ലാത്തതുകൊണ്ട് പൂർത്തിയാകാതെ കിടന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) ജലചോർച്ച തടയാനായി പൈപ്പുകൾ മാറ്റിയിടാൻ പ്രഖ്യാപിച്ച പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്):

(എ) 2016-17-ലെ പുതുക്കിയ ബജറ്റിൽ 10 മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കുമായി പ്രഖ്യാപിച്ച പദ്ധതികളിൽ ഷൊർണ്ണൂർ മുനിസിപ്പാലിറ്റിക്കും വാണിയംകുളം പഞ്ചായത്തിനും വേണ്ടിയുള്ള വിപുലീകരണ പദ്ധതി, തിരുവല്ല-ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള വിപുലീകരണ പദ്ധതി, കൊല്ലം കോർപ്പറേഷൻ രണ്ടാംഘട്ടം കുടിവെള്ള പദ്ധതി വിപുലീകരണം, കാസർഗോഡ് മുനിസിപ്പാലിറ്റിക്കും ചെമ്മനാട് പഞ്ചായത്തിനും വേണ്ടിയുള്ള കുടിവെള്ള പദ്ധതി ഒന്നാം ഘട്ടം, പൊന്നാനിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി, കൊയിലാണ്ടി മുനിസിപ്പാലിറ്റിക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി, തൊടുപുഴ മുനിസിപ്പാലിറ്റിയ്ക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം, കോട്ടയം മുനിസിപ്പാലിറ്റിയ്ക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകൾക്കുംവേണ്ടിയുള്ള കുടിവെള്ള പദ്ധതി ഒന്നാം ഘട്ടം, മട്ടന്നൂർ-ഇരിട്ടി മുനിസിപ്പാലിറ്റികൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി എന്നിവയ്ക്ക് 909 കോടി രൂപയുടെ അനുമതി കിഫ്ബിയിൽനിന്ന് ലഭിച്ചിട്ടുണ്ട്. മേൽപദ്ധതികൾക്ക് ഭരണാനുമതി

നൽകിയിട്ടുണ്ട്. കൂടാതെ ഇതിൽ കാസർഗോഡ് മുനിസിപ്പാലിറ്റിക്കും ചെമ്മനാട് പഞ്ചായത്തിനും വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ഒന്നാം ഘട്ടം ഒഴികെയുള്ള 9 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഷൊർണ്ണൂർ മുനിസിപ്പാലിറ്റിക്കും വാണിയംകുളം പഞ്ചായത്തിനും വേണ്ടിയുള്ള വിപുലീകരണ പദ്ധതി, പൊന്നാനിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ പാക്കേജ്-2, കൊയിലാണ്ടി മുനിസിപ്പാലിറ്റിക്ക വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ പാക്കേജ്-1 എന്നിവയ്ക്ക് ടെണ്ടർ വിളിച്ചിട്ടുണ്ട്. ബാക്കിയുള്ള പദ്ധതികൾക്ക് എസ്റ്റിമേറ്റ് അംഗീകരിക്കുന്ന മുറയ്ക്ക് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ, 2016-17 ലെ പുതുക്കിയ ബജറ്റിന്റെ മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികളായ ചീക്കോട് കുടിവെള്ള പദ്ധതിയുമായി സംയോജിപ്പിച്ചുള്ള രാമനാട്ടുകര കുടിവെള്ള പദ്ധതിയുടെ മെച്ചപ്പെടുത്തൽ, കല്ലുവാതുക്കൽ-പാരിപ്പള്ളി-വെളിനല്ലൂർ വില്ലേജുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ഒന്നാംഘട്ടം, അമ്പലപ്പാറ പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി തച്ചനാട്ടുകര-അലനല്ലൂർ-കോട്ടോപാടം പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി, താനൂർ മുനിസിപ്പാലിറ്റിക്കും സമീപ 4 പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി എന്നിവയ്ക്കായി 185 കോടി രൂപയുടെ അനുമതി കിഫ്ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. മേൽപദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഇതിൽ കല്ലുവാതുക്കൽ-പാരിപ്പള്ളി-വെളിനല്ലൂർ വില്ലേജുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി ഒന്നാംഘട്ടം ഒഴികെയുള്ള 4 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് അംഗീകരിക്കുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ പദ്ധതികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) 2016-17 -ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച വിതരണ ശൃംഖലകൾ ഇല്ലാത്തതുകൊണ്ട് മുടങ്ങിക്കിടക്കുന്ന പദ്ധതികളായ ധർമ്മടം കുടിവെള്ള പദ്ധതി വിപുലീകരണം, കോട്ടയം ഗ്രാമ പഞ്ചായത്ത് (കണ്ണൂർ) കുടിവെള്ള പദ്ധതി - വിതരണശൃംഖല മെച്ചപ്പെടുത്തൽ, മാനന്തവാടി, എടവക, നല്ലൂർനാട് വില്ലേജുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ വിതരണശൃംഖല സ്ഥാപിക്കൽ, തിരുവാലിക്കും സമീപ വില്ലേജുകൾക്കുമായുള്ള പദ്ധതിയുടെ വിതരണശൃംഖല വിപുലീകരണം, നെന്മാറക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം, കടമക്കുടി പഞ്ചായത്തിന്റെ വിതരണശൃംഖല മെച്ചപ്പെടുത്തൽ, വാരാപ്പുഴ പഞ്ചായത്തിന്റെ വിതരണ ശൃംഖല

മെച്ചപ്പെടുത്തൽ, പെരുനാട്-അത്തിക്കയം വില്ലേജുകളുടെ വിതരണശൃംഖല മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് 163.1 കോടി രൂപയുടെ അനുമതി കിഫ്ബിയിൽനിന്ന് ലഭിച്ചിട്ടുണ്ട്. മേൽ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഇതിൽ കടമക്കുടി പഞ്ചായത്തിന്റെ വിതരണശൃംഖല മെച്ചപ്പെടുത്തൽ, വാരാപ്പുഴ പഞ്ചായത്തിന്റെ വിതരണശൃംഖല മെച്ചപ്പെടുത്തൽ എന്നിവ ഒഴികെയുള്ള 6 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കോട്ടയം ഗ്രാമപഞ്ചായത്ത് (കണ്ണൂർ) കുടിവെള്ള പദ്ധതി - വിതരണ ശൃംഖല മെച്ചപ്പെടുത്തൽ, മാനന്തവാടി, എടവക, നല്ലൂർനാട് വില്ലേജുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ വിതരണശൃംഖല സ്ഥാപിക്കൽ, തിരുവാലിക്കും സമീപ വില്ലേജുകൾക്കുമായുള്ള പദ്ധതിയുടെ വിതരണശൃംഖല വിപുലീകരണം എന്നിവയ്ക്ക് ടെണ്ടർ വിളിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാക്കി എഗ്രിമെന്റ് ചെയ്യുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതിക്ഷിക്കുന്നു.

(സി) ജലചോർച്ച തടയാനായി 2016-17 പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി 77 സ്കീമുകളിലായി 128 കിലോമീറ്റർ എ.സി.പ്രിമോ പമ്പിംഗ് മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിന് 154 കോടി രൂപയും 174 സ്കീമുകളിലായി 488 കിലോമീറ്റർ എ.സി.പ്രിമോ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിന് 371 കോടി രൂപയും നീക്കിവച്ചിരുന്നു. അതിൽ 433.33 കോടി രൂപയുടെ 148 ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു.

### തൊഴിലാളി സൗഹൃദ നിലപാട്

25 (*235) ശ്രീ. പി. കെ. ശശി:
ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ:
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നൽകുന്ന സ്ഥാപനങ്ങൾക്ക്, തൊഴിലാളി സൗഹൃദ നിലപാടുകളുടെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ മാനദണ്ഡം എന്താണെന്നും ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്ന നേട്ടം എന്തെന്നും അറിയിക്കുമോ;

(സി) സർക്കാർ തൊഴിൽ നയം പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാന തത്വം എന്താണെന്ന് അറിയിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ ):

(എ) ഉണ്ട്.

(ബി) ഗ്രേഡിംഗ് സംബന്ധിച്ച് അവലംബിക്കുന്ന മാനദണ്ഡങ്ങൾ ചുവടെപ്പറയുന്നവയാണ്.

1. തൊഴിൽ നിയമങ്ങളുടെ വ്യവസ്ഥകൾക്കനുസൃതമായ പ്രവർത്തനം
2. തൊഴിലാളികൾക്ക് നൽകുന്ന സാമ്പത്തികാനുകൂല്യങ്ങൾ
3. തൊഴിലാളികൾക്ക് അനുവദിക്കുന്ന അവധി ആനുകൂല്യങ്ങൾ
4. ജോലി സമയം
5. മിനിമം വേതനം
6. ആരോഗ്യ സംരക്ഷണത്തിന് നൽകുന്ന പരിഗണന
7. ശുചിത്വപരിപാലനം
8. സ്ത്രീ സൗഹൃദാന്തരീക്ഷം, വിശ്രമ മുറികൾ, യാത്രാസൗകര്യം, ഹോസ്റ്റൽ, ക്രഷ് സൗകര്യം
9. സമീപ പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങളിലുള്ള ശ്രദ്ധയും പങ്കാളിത്തവും
10. ഉപഭോക്താക്കൾക്ക് ലഭ്യമാകുന്ന സേവനത്തിന്റെ ഗുണനിലവാരം
11. സംഘടനാ സ്വാതന്ത്ര്യം, തൊഴിലാളി-തൊഴിലുടമാ ബന്ധം
12. തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട സന്നദ്ധ പ്രവർത്തനങ്ങളിലെ സഹകരണം.

മെച്ചപ്പെട്ട തൊഴിൽബന്ധം എല്ലാ മേഖലകളിലും വളർത്തിയെടുക്കുക എന്നതാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന പ്രധാന നേട്ടം. നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ മൂല്യനിർണ്ണയം ചെയ്യാനും ഈ മാനദണ്ഡങ്ങൾ പാലിക്കുന്ന സ്ഥാപനങ്ങളെ മാതൃകാ സ്ഥാപനങ്ങളായി പ്രഖ്യാപിക്കാനും സാധിക്കും. മെച്ചപ്പെട്ട തൊഴിൽ - സാമൂഹിക അന്തരീക്ഷം പുലർത്തുന്ന സ്ഥാപനങ്ങൾ സമൂഹമദ്ധ്യത്തിൽ ഔദ്യോഗിക തലത്തിൽ അംഗീകരിക്കപ്പെടുന്നതോടൊപ്പം സ്ഥാപനങ്ങളുടെ മത്സരക്ഷമത, വാണിജ്യപരമായ വിശ്വാസ്യത എന്നിവ വർദ്ധിപ്പിക്കാനും കഴിയും.

(സി) കരട് തൊഴിൽ നയം സർക്കാർ പരിഗണനയിലാണ്.

## താറാവ് കർഷകർക്ക് നഷ്ടപരിഹാരം

26 (*236) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീ. മുല്ലക്കര രത്നാകരൻ:

ശ്രീ. ഇ. കെ. വിജയൻ:

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പക്ഷിപ്പനിമൂലം 2016-ൽ താറാവുകൾ കൂട്ടത്തോടെ ചത്തൊടുങ്ങിയ സാഹചര്യത്തിൽ, താറാവ് കർഷകർക്ക് നഷ്ടപരിഹാരം നല്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) വൻകിടക്കാർക്കാണ് ഇത്തരത്തിൽ നഷ്ടപരിഹാരം ലഭിക്കുന്നതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നഷ്ടപരിഹാരം നല്കുന്നതിന് പരിധി വയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) അനർഹർ മറ്റ് മേഖലകളിൽ നിന്ന് താറാവുകളെ കൊണ്ടുവന്ന് നഷ്ടപരിഹാരം തട്ടിയെടുക്കാൻ ശ്രമിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ അത് തടയുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നഷ്ടപരിഹാരം നൽകുന്നതിന് പരിധി നിശ്ചയിച്ചിട്ടില്ല. പരിധി നിശ്ചയിക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ട്.

(ഡി) ഇതുമായി ബന്ധപ്പെട്ട പരാതിയിന്മേൽ അന്വേഷണം നടത്തിയതിൽ ഒരു കർഷകൻ ഇത്തരത്തിൽ 10500 താറാവിൻ കുഞ്ഞുങ്ങളെ പക്ഷിപ്പനി ബാധയ്ക്കുശേഷം കൊണ്ടുവന്നതായി കണ്ടെത്തിയതിനെ തുടർന്ന് നഷ്ടപരിഹാരം നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

കോട്ടയം ജില്ലയിലെ 7281 വളർത്തു പക്ഷികളെയും (താറാവ് അല്ലാത്തവ) നഷ്ടപരിഹാരം നൽകുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്തൽ**

27 (*237) ശ്രീ. റ്റി. വി. രാജേഷ് :

ശ്രീമതി യു. പ്രതിഭ ഹരി :

ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന് കീഴിലുള്ള എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്റ്റർ ചെയ്ത അബ്കാരി കേസ്സുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) വ്യാജമദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം തടയുന്നതിന് എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സ്കാനർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ചെക്ക്പോസ്റ്റുകൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി മറ്റെന്തെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നതോടൊപ്പം പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) എക്സൈസ് വകുപ്പിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 25 പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. ജില്ലാ അധികാരികളായ 14 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ ഉപയോഗത്തിന് പുതിയ വാഹനങ്ങൾ വാങ്ങുവാൻ അനുമതി നൽകിയിട്ടുണ്ട്. എക്സൈസ് ഫീൽഡ് ഓഫീസുകൾ ശക്തിപ്പെടുത്തുന്നതിനായി കൂടുതൽ ആയുധങ്ങൾ പുതുതായി വാങ്ങുന്ന വിഷയം പരിഗണിച്ചുവരുന്നു. 7 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ കണ്ടെയ്നർ മോഡ്യൂളുകൾ സ്ഥാപിക്കുന്നതിനും 25 ചെക്ക്പോസ്റ്റുകളിൽ സോളാർ എൽ.ഇ.ഡി. ഹൈമാസ്റ്റ് ലാമ്പ് സ്ഥാപിക്കുന്നതിനും മുത്തങ്ങ, ചിന്നാർ എന്നീ എക്സൈസ് ചെക്ക്

പോസ്റ്റുകളിൽ സോളാർ ലൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനും 14 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കേസ്സുകളുടെയും കുറ്റവാളികളുടെയും അടക്കമുള്ള വിവരങ്ങൾ സ്വരൂപിച്ച് ആയതിന്റെ ഫലപ്രദമായ ഏകോപനം നടപ്പാക്കി എൻഫോഴ്സമെന്റ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഒരു വെബ് ബെയ്സ്ഡ് ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ നിർമ്മിക്കുവാൻ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. എക്സൈസ് വകുപ്പ് ആധുനീകരിക്കുന്നതിന്റെ ഭാഗമായി പുതിയ കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പുകൾ, സ്കാനർ, പ്രിന്റർ, യു.പി.എസ്. മുതലായവ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അട്ടപ്പാടിയിലും വയനാട്ടിലും നിലവിലുള്ള ജനമൈത്രി എക്സൈസ് സർക്കിൾ ഓഫീസുകൾക്ക് പുറമേ നിലമ്പൂരിലും ദേവികുളത്തും ഓരോ ജനമൈത്രി എക്സൈസ് ഓഫീസുകൾ സ്ഥാപിക്കുന്നതിനും കോട്ടയം, പാലക്കാട്, തൃശ്ശൂർ, വയനാട് ജില്ലകളിൽ എക്സൈസ് ടവറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 6 ജില്ലകളിൽ എക്സൈസ് ടവറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

എക്സൈസ് സേനയിൽ സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്ന കാര്യവും എക്സൈസ് ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തുന്ന കാര്യവും പരിശോധിച്ചുവരുന്നു. കൂടാതെ മേജർ കേസ്സുകളുടെ ഫലപ്രദമായ അന്വേഷണത്തിന് പ്രത്യേക വിഭാഗം രൂപീകരിക്കുന്നതിനും പുതുതായി രൂപീകൃതമായ താലൂക്കുകളിൽ എക്സൈസ് സർക്കിൾ ഓഫീസുകൾ സ്ഥാപിക്കുന്ന കാര്യവും പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന 25-5-2016 തീയതി മുതൽ 31-1-2017 തീയതി വരെ 18591 അബ്കാരി കേസ്സുകൾ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2015-16 വർഷത്തെ സമാന കാലയളവിനെ അപേക്ഷിച്ച് അബ്കാരി കേസ്സുകളുടെ എണ്ണത്തിൽ 60 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) 7 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ കണ്ടെയ്നർ മോഡ്യൂൾ സ്ഥാപിക്കുന്നതിനും 25 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ അനർട്ടിന്റെ സഹായത്തോടെ സോളാർ എൽ.ഇ.ഡി ഹൈമാസ്റ്റ് ലാമ്പ് സ്ഥാപിക്കുന്നതിനും മുത്തങ്ങ, ചിന്നാർ എന്നീ എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സോളാർ ലൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനും 14 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്.

**വന്യജീവികളുടെ ആക്രമണം**

28 (*238) ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. ഉണ്ണി:
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര മേഖലകളിൽ മനുഷ്യനും വിളകൾക്കും നേരെയുള്ള വന്യജീവികളുടെ ആക്രമണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വൈദ്യുതി വേലി, കിടങ്ങ് തുടങ്ങിയ ബജറ്റ് പ്രഖ്യാപനങ്ങൾ നടപ്പാക്കാനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മുൻകൂട്ടി അപായസൂചന നൽകുന്നതിനായി ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള അപായസൂചന സംവിധാനം ഒരുക്കാനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ പ്രവർത്തനം ആരംഭിക്കാനും ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിനായുള്ള പ്രവർത്തന പുരോഗതി അറിയിക്കാമോ;

(സി) വിളകൾക്കുണ്ടാകുന്ന നഷ്ടം വിലയിരുത്തി ആയത് പൂർണ്ണമായും പരിഹരിക്കാൻ സംവിധാനം ഏർപ്പെടുത്തുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബിയിൽ ഉൾപ്പെടുത്തി ഈ വർഷം 25 കോടി രൂപ ചെലവിൽ പ്രശ്നബാധിത മേഖലയിൽ 220.5 കിലോമീറ്റർ സൗരോർജ്ജ കമ്പിവേലി, 2.91 കിലോമീറ്റർ ആന പ്രതിരോധ മതിൽ, 11.35 കിലോമീറ്റർ റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കിഫ്ബി മാനദണ്ഡങ്ങൾക്കനുസൃതമായി സ്റ്റേറ്റ് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിയെ (സംസ്ഥാന വന വികസന സമിതിയെ) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

(ബി) മനുഷ്യ-വനജീവി സംഘർഷം രൂക്ഷമായ മേഖലകളിൽ വന്യജീവികൾ നാട്ടിലേക്കിറങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ ആയത് പ്രദേശവാസികളെ SMS മുഖാന്തരം അറിയിക്കുന്ന Early Warning SMS Alert System വയനാട്, മൂന്നാർ, ആറളം എന്നീ മേഖലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ആയത് മറ്റു പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചുവരുന്നു. സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിലായി നിലവിൽ 14 റാപ്പിഡ് റെസ്പോൺസ് ടീം പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) വന്യജീവി ആക്രമണംമൂലം കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നിലവിൽ 8-1-2015-ലെ ജി.ഒ.(എം എസ്.) നമ്പർ 02/ 2015/ വനം പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

**വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

29 (*239) ശ്രീ. ബി. സത്യൻ:

ശ്രീമതി വീണാ ജോർജ്ജ്:

പ്രൊഫ. കെ. യു. അരുണൻ:

ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഏതൊക്കെയെന്നും ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ആനുകൂല്യങ്ങളിൽ വരുത്തിയ വർദ്ധനവ് എത്രയെന്നും അറിയിക്കുമോ; ഈ തുക പര്യാപ്തമാണോ; ഇല്ലെങ്കിൽ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വിദ്യാർത്ഥികൾക്ക് ലാപ് ടോപ് കമ്പ്യൂട്ടർ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏത് ക്ലാസ്സിൽ പഠിക്കുന്നവർക്കെന്ന് അറിയിക്കുമോ; ലാപ് ടോപ്പ് വാങ്ങാൻ അനുമതിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) I. പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>പ്രീമെട്രിക് സ്കോളർഷിപ്പ്</u>

1 മുതൽ X വരെയുള്ള വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റിന് പുറമേ ദുർബ്ബലവിഭാഗത്തിന് സ്റ്റൈപ്പെന്റ് നൽകിവരുന്നു.

9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റിന് പുറമേ കേന്ദ്ര ഗവൺമെന്റ് സ്കോളർഷിപ്പ് നൽകുന്നു.

ഡേ സ്കോളർ - 2250 രൂപ

ഹോസ്റ്റലേഴ്സ് - 4500 രൂപ

2. <u>പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്</u>

പ്ലസ് വൺ മുതൽ ബിരുദാനന്തരബിരുദം, പ്രൊഫഷണൽ കോഴ്സുകൾ എന്നിവയ്ക്കു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നു.

3. <u>പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്</u>

1 മുതൽ 4 വരെയുള്ള വിദ്യാർത്ഥികൾക്ക് സ്കൂൾ വർഷാരംഭത്തിൽ ബാഗ്, കുട, ചെരിപ്പ് എന്നിവ വാങ്ങുന്നതിനായി "പ്രൈമറി എഡ്യൂക്കേഷൻ എയ്ഡായി" 2000 രൂപ നിരക്കിൽ നൽകുന്നു.

4. <u>അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്</u>

(100% CSS) 9-ാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം പരിശീലനവും എൻട്രൻസ് കോച്ചിങ്ങും നൽകുന്ന പദ്ധതി. കേന്ദ്ര സ്കീംപ്രകാരം ഹോസ്റ്റലേഴ്സിനു 25,00 രൂപ നൽകുന്നു. 9-ാം ക്ലാസ്സിൽ വെച്ചു തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥിക്ക് 12-ാം ക്ലാസ്സു വരെ ഈ ആനുകൂല്യം ലഭിക്കും.

5. <u>9,10 ക്ലാസ്സുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (100% CSS)</u>

6. <u>ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ്</u>

(2.5 ലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ളവർക്ക്)

7. സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് 5,500 രൂപ

(എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക്)

8. ലാപ്ടോപ് വാങ്ങുന്നതിന് 25,000 രൂപ

9. പ്രാരംഭച്ചെലവുകൾ

ഒന്നാം വർഷ ബി.ടെക്ക് വിദ്യാർത്ഥികൾക്ക് 5000 രൂപ വീതവും എം.ബി.ബി.എസ്./ബി.ഡി.എസ്.,ബി.എ.എം.എസ്./ ബി.എച്ച്.എം.എസ് വിദ്യാർത്ഥികൾക്ക് 10,000 രൂപ വീതവും നൽകുന്നു.

10. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കായുള്ള ധനസഹായം

ഇതുപ്രകാരം 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പെന്റ് 110 രൂപ (10 മാസം)

അഡ്ഹോക്ക് ഗ്രാന്റ് - 750 രൂപ (ഡേ സ്കോളേഴ്സ്)

" 1000 രൂപ (ഹോസ്റ്റലേഴ്സ്)

11. അയ്യാങ്കാളി ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് സ്കീം

4,7 ക്ലാസ്സുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ 10-ാം ക്ലാസ്സുവരെ പ്രതിവർഷം 4500 രൂപ അനുവദിക്കുന്നു (കുടുംബ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപ)

12. വിഷൻ 2013- മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി

പ്ലസ് വൺ, പ്ലസ് ടു പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് തെരഞ്ഞെടുക്കപ്പെട്ട കോച്ചിങ്ങ് സെന്ററുകളിൽ പരിശീലനം നേടുന്നതിന് പ്രതിവർഷം 10,000 രൂപ വീതം 2 വർഷത്തേയ്ക്ക് 20,000 രൂപ അനുവദിക്കുന്നു. (വിദ്യാർത്ഥികളുടെ കുടുംബ വാർഷിക വരുമാന പരിധി 4.5 ലക്ഷം രൂപ)

13. പ്രത്യേക പ്രോത്സാഹനസമ്മാനം

(എസ്.എസ്.എൽ.സി., പ്ലസ് ടു., ടി.ടി.സി., ഡിപ്ലോമ, ഡിഗ്രി, പി.ജി. പ്രൊഫഷണൽ കോഴ്സുകൾക്ക് ഉന്നത വിജയം കരസ്ഥമാക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക്)

14. <u>ബുക്ക് ബാങ്ക് സ്കീം</u>

(50% CSS) പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് റഫറൻസ് പുസ്തകങ്ങൾ വാങ്ങാൻ ബന്ധപ്പെട്ട സ്ഥാപനത്തിന് ധനസഹായം

15. <u>പാരലൽ കോളേജുകളിൽ പഠിക്കുന്നവർക്ക് ധനസഹായം</u>

16. <u>വിദേശ പഠനസഹായം</u>

II. <u>പട്ടികവർഗ്ഗവിഭാഗം വിദ്യാർത്ഥികൾക്ക് താഴെപ്പറയുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നു.</u>

1. നഴ്സറി സ്കൂൾ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് പ്രീമെട്രിക് തലം

2. ഒന്ന് മുതൽ 10 വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്

3. <u>പോസ്റ്റ് മെട്രിക് തലം</u>

സർക്കാർ അംഗീകരിച്ച ഫീസ് (വരുമാനപരിധിയില്ലാതെ) വാർഷിക ലംപ്സം ഗ്രാന്റ് പ്രതിമാസ സ്റ്റൈപ്പെന്റ്, കോളേജ്/അംഗീകൃത ഹോസ്റ്റലേഴ്സിന് ABLC-യും പോക്കറ്റ് മണിയും നൽകുന്നു.

4. കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക്ക് തലം 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷ സ്കോളർഷിപ്പ് 1500 രൂപ

5. ബുക്കുകൾ തുടങ്ങിയ പഠന സാമഗ്രികൾ വാങ്ങുന്നതിനുള്ള ഗ്രാന്റ് 750 രൂപ

6. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് (2.5 ലക്ഷം കുടുംബ വാർഷിക വരുമാനമുള്ള) 3500 രൂപ

7. പെരിപ്പതറ്റിക്ക് സെന്റർ, ഏകാദ്ധ്യാപക വിദ്യാലയം എന്നിവിടങ്ങളിലെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റ്/പ്രതിമാസ സ്റ്റൈപ്പെന്റ്.

8. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് സ്കീം

9. ട്യൂട്ടോറിയൽ ഗ്രാന്റ്

10. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം
11. ബെറ്റർ എഡ്യൂക്കേഷൻ
12. ലാപ്ടോപ് വിതരണം
13. മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനം
14. വിദേശ പഠനധനസഹായം

ഇതിനെല്ലാമുപരിയായി 2-7-2009-ലെ സ.ഉ.(പി) 50/2009/പജ.പവ.വിവ. ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് നൽകിവന്നിരുന്ന ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവയിൽ 25 ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്. (25-6-2016-ലെ സ.ഉ. (എം എസ്.)43/2016/പജപവവിവ. പ്രകാരം)

നിലവിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) നിലവിൽ B.Tech, M.Tech, MCA, Polytechnic (Computer science), B.Sc (Computer Science), M.Sc (Computer Science), BAMS, MBA, MBBS, BDS, B.V.Sc. & AH എന്നീ കോഴ്സുകൾക്ക് 1-ാം വർഷം പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങുന്നതിനായി 25,000 രൂപ ധനസഹായം അനുവദിക്കുന്നുണ്ട്.

29-6-2016-ലെ സ.ഉ. (സാധാ) 879/2016/പജപവവിവ. 24-10-2016-ലെ സ.ഉ.(സാധാ)1602/2016/പജപവവിവ. ഉത്തരവുകൾ പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

6-8-2016-ലെ സ.ഉ.(സാധാ)1072/2016/പജപവവിവ. നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച താഴെപ്പറയുന്ന 12 കോഴ്സുകൾക്ക് രണ്ടാം വർഷം പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് അനുവദിച്ച് നൽകുന്നുണ്ട്.

1. എം.ബി.ബി.എസ്.
2. ബി.ഡി.എസ്.

3. ബി.എ.എം.എസ്.

4. ബി.എച്ച്.എം.എസ്.

5. ബി.വി.എസ്.സി & എ.എച്ച്.

6. ബി.ടെക്ക്/ബി.ആർക്ക്

7. എം.ടെക്ക്

8. എം.ബി.എ

9. ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്

10. എം.എസ്.സി.

11. പി.എച്ച്.ഡി.

12. എം.സി.എ.

2016-17 വർഷം മേൽ കോഴ്സുകളിൽ രണ്ടാം വർഷം അദ്ധ്യയനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം ചെയ്യുന്നതിനായി 10-11-2016-ലെ സ.ഉ.(സാധാ)1791/2016/പജപവവിവ. പ്രകാരം 199 ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിനായി ഇ-ടെണ്ടർ ക്ഷണിച്ച് സപ്ലൈ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

**വിവാഹ ധനസഹായം**

30 (*240) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. ബാബു:

ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ നിർദ്ധനരായ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്; എത്രപേർക്ക് ഇതിന്റെ ആനുകൂല്യം നൽകിയെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കുമോ;

(സി) പ്രസ്തുത ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(ഡി) ഈ ധനസഹായം അർഹരായവർക്കുതന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികജാതി വിഭാഗത്തിലെ നിർദ്ധനരായ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷം ഇതിലേയ്ക്ക് 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 15-2-2017 വരെ 9869 പേർക്ക് 49.32 കോടി രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്.

(സി) 1-7-2016-ലെ സ.ഉ. (കൈ)നമ്പർ 893/16/പജപവവിവ. പ്രകാരം വിവാഹ ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി വിവാഹ തീയതി മുതൽ ഒരു വർഷമായി ദീർഘിപ്പിച്ചിട്ടുണ്ട്.

(ഡി) ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, പെൺകുട്ടികളുടെ പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, വിവാഹ ക്ഷണക്കത്ത്, വിവാഹം നിശ്ചയിച്ച എന്നതിന്റെ സമുദായ സംഘടനയുടെ/ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം തദ്ദേശഭരണ സ്ഥാപനത്തിൽനിന്ന് ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ സഹിതമുള്ള അപേക്ഷകൾ ബ്ലോക്ക്/മുനിസിപ്പൽ കോർപ്പറേഷൻ/ പട്ടികജാതി വികസന ഓഫീസർ പരിശോധിച്ച് അർഹത ഉറപ്പുവരുത്തിയാണ് ധനസഹായം നൽകുന്നത്. വരുമാന പരിധി 50,000 രൂപയാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### റാപ്പിഡ് ആക്ഷൻ ഫോഴ്സ്

1 (2494) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ റാപ്പിഡ് ആക്ഷൻ ഫോഴ്സ് നിലവിലുണ്ടോ; എങ്കിൽ എവിടെയൊക്കെയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) റാപ്പിഡ് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) റാപ്പിഡ് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വനം വകുപ്പിൽ റാപ്പിഡ് ആക്ഷൻ ഫോഴ്സ് നിലവിലുണ്ട്. കൊല്ലം സതേൺ സർക്കിളിന് കീഴിൽ കോന്നി ഡിവിഷനിലും (പത്തനംതിട്ട ജില്ല), പാലക്കാട് ഈസ്റ്റേൺ സർക്കിളിന് കീഴിൽ നിലമ്പൂർ നോർത്ത് ഡിവിഷനിലും (മലപ്പുറം ജില്ല) റാപ്പിഡ് ആക്ഷൻ ഫോഴ്സ് നിലവിലുണ്ട്.

(ബി) വനത്തിലോ വനാതിർത്തിയിലോ പെട്ടെന്നുണ്ടാകുന്ന വൻതോതിലുള്ള കയ്യേറ്റ ശ്രമങ്ങൾ, അനധികൃത മരം മുറി ശ്രമങ്ങൾ, കഞ്ചാവ് കൃഷികൾ, വ്യാജ വാറ്റ് തുടങ്ങിയ പ്രശ്നങ്ങളിൽ ഇടപെടുകയാണ് റാപ്പിഡ് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനങ്ങൾ.

(സി) പരിഗണനയിലില്ല.

**രേഖ ലഭ്യമല്ലാത്ത ഭൂമി**

2 (2495) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പുമായി തർക്കം നിലനിൽക്കുന്നതിനാൽ ഭൂമി രേഖ ലഭ്യമല്ലാത്ത എത്ര ഹെക്ടർ ഭൂമി വയനാട് ജില്ലയിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂമി സംബന്ധമായ തർക്കങ്ങൾ പരിഹരിക്കുന്നതിന് വനം വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വയനാട് ജില്ലയിലെ സൗത്ത് വയനാട് ഡിവിഷനിൽ വരുന്ന വൈത്തിരി താലൂക്കിൽപ്പെട്ട മുപ്പൈനാട്, തൃക്കൈപ്പെറ്റ, വെള്ളരിമല, കോട്ടപ്പടി, കുന്നത്തിടവക വില്ലേജുകളിലായി വനംവകുപ്പുമായി തർക്കം നില നിൽക്കുന്നതിനാൽ ഏകദേശം 531 ഹെക്ടർ ഭൂമിക്ക് കൈവശക്കാരിൽനിന്നും ഭൂനികുതി സ്വീകരിക്കുന്നില്ല എന്ന പരാതി നിലവിലുണ്ട്.

(ബി) ജില്ലാ കളക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഈ സ്ഥലത്ത് റവന്യൂ, വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തുന്നതിനായി 22-5-2010-ലെ സാധാരണ 2443/2010/റവന്യൂ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. അപ്രകാരം ഭൂമി കൈവശം വച്ചിരിക്കുന്നവരിൽനിന്നും അപേക്ഷ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സംയുക്ത പരിശോധന നടന്നുവരികയാണ്. ഇതിന് വനം വകുപ്പിന്റെ പൂർണ്ണ സഹകരണം നൽകിവരുന്നുണ്ട്.

**ജണ്ട കെട്ടി സംരക്ഷിച്ച വനഭൂമി**

3 (2496) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ എത്ര കിലോമീറ്റർ വനഭൂമി ജണ്ട കെട്ടി സംരക്ഷിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) വനാതിർത്തി സംരക്ഷണത്തിന് സാറ്റലൈറ്റ് സാങ്കേതികവിദ്യ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഏകദേശം 8905 കിലോമീറ്റർ വനാതിർത്തി ജണ്ടകെട്ടി സംരക്ഷിച്ചുവരുന്നു.

(ബി) വനത്തിലുണ്ടാകുന്ന തീ സംബന്ധമായ ജാഗ്രത സന്ദേശം ലഭ്യമാക്കുന്നതിന് സാറ്റലൈറ്റ് സാങ്കേതിക വിദ്യ ഉപയോഗിച്ചുവരുന്നുണ്ട്.

**വനഭൂമി വിട്ടു നൽകാത്തതുമൂലമുള്ള പ്രശ്നങ്ങൾ**

4 (2497) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ പ്രത്യേക അനുമതി ലഭിക്കാത്തതുമൂലം വനഭൂമിയിൽ നടത്തേണ്ട വിവിധ വകുപ്പുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) ഏറനാട് മണ്ഡലത്തിൽ ഇത്തരം എത്ര പ്രവൃത്തികൾ വനഭൂമി വിട്ട് കിട്ടാത്തതിന്റെ/അനുമതി കിട്ടാത്തതിന്റെ പേരിൽ മുടങ്ങിക്കിടക്കുന്നുണ്ട് ; വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് വനംവകുപ്പിന്റെ അനുമതി അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വനഭൂമി പൊതു ആവശ്യങ്ങൾക്ക് വിട്ട് നല്കുന്നതിന്റെ മാനദണ്ഡം എന്തെല്ലാമാണ്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. വന (സംരക്ഷണ) നിയമം 1980, 2003-ലെ വന (സംരക്ഷണ) ചട്ടങ്ങൾ എന്നിവ പ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷകൾ വിവിധ തലങ്ങളിൽ നടപടികൾ പൂർത്തീകരിക്കുന്നതിന് നിശ്ചിത സമയക്രമം ആവശ്യമാണ്. അപ്രകാരം ലഭിച്ച അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഏറനാട് നിയമസഭാമണ്ഡലത്തിൽ നിന്ന് ലഭിച്ചിട്ടുള്ള ആറ് അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) നിലവിലെ നിയമങ്ങൾക്ക് വിധേയമായി അനുമതി നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചുവരുന്നു.

(ഡി) വന (സംരക്ഷണ) നിയമം 1980, വന (സംരക്ഷണ) ചട്ടങ്ങൾ 2003, കാലാകാലങ്ങളിൽ കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന വകുപ്പ് നൽകുന്ന Guidelines എന്നിവ പ്രകാരമാണ് വനഭൂമി വനേതര ആവശ്യങ്ങൾക്ക് വിട്ടുനൽകുന്നത്.

**അടിസ്ഥാന സൗകര്യ വികസനം**

5 (2498) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് വനഭൂമി വിട്ടുനൽകാൻ എന്തെങ്കിലും നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെ എത്ര ഭൂമി വിട്ടുനൽകാനാണ് ആവശ്യം വന്നിരിക്കുന്നത്;

(ബി) എന്ത് നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് ഇത്തരത്തിൽ വനഭൂമി ആവശ്യപ്പെട്ടിരിക്കുന്നത്;

(സി) ഇതിന്മേൽ എന്ത് നടപടിയാണ് വനം വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; ഇതുസംബന്ധിച്ച ഫയൽ ഇപ്പോൾ എവിടെയാണ്; ഇനി എന്തൊക്കെ നടപടികളാണ് വനഭൂമി വിട്ടു നൽകുന്നതുമായി ബന്ധപ്പെട്ട് പൂർത്തീകരിക്കാനുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ശബരിമലയിൽ അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട് വനഭൂമി വിട്ടു നൽകാനുള്ള നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

(ബി &സി) മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

**സാമൂഹ്യവനവൽക്കരണ പദ്ധതി**

6 (2499) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവത്കരണ പദ്ധതി നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഓരോ വർഷവും (2010 മുതൽ) ഈ പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച തുക ജില്ല തിരിച്ച് അറിയിക്കാമോ;

(ഡി) ഇതിന് വേണ്ടി കരാർ/ദിവസവേതന അടിസ്ഥാനത്തിൽ ജീവനക്കാരുടെ നിയമനം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സാമൂഹ്യ വനവൽക്കരണ പദ്ധതി നിലവിലുണ്ട്.

(ബി) സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി ഹരിത കേരളം പദ്ധതിയിലൂടെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി എന്റെ മരം നമ്മുടെ മരം എന്നീ പദ്ധതികൾവഴി എല്ലാ വർഷവും തൈകൾ വിതരണം ചെയ്തുവരുന്നു. കൂടാതെ വിവിധയിനം വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ യൂത്ത് ക്ലബ്ബുകൾ തുടങ്ങിയ സംവിധാനങ്ങൾ മുഖാന്തരം പൊതു ജനങ്ങൾക്ക്

വിതരണം ചെയ്യുന്നു. സർക്കാർ സ്ഥലങ്ങളിലും വിവിധ സ്ഥാപനങ്ങളുടെ കൈവശമുള്ള സ്ഥലങ്ങളിലും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ സഹകരണത്തോടെ വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചുവരുന്നു. പാതയോരങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന വഴിയോരത്തണൽ പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.

(സി) തുക ജില്ലാടിസ്ഥാനത്തിൽ (ലക്ഷത്തിൽ)

| ജില്ല | 2010-11 | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 |
|---|---|---|---|---|---|---|
| തിരുവനന്തപുരം | 63.56 | 78.14 | 114.84 | 131.42 | 123.93 | 90.82 |
| കൊല്ലം | 57.87 | 82.06 | 107.18 | 68.04 | 91.53 | 67.38 |
| പത്തനംതിട്ട | 48.61 | 56.06 | 56.62 | 58.13 | 72.13 | 66.72 |
| ആലപ്പുഴ | 52.00 | 120.00 | 230.00 | 130.00 | 112.00 | 70.00 |
| കോട്ടയം | 28.97 | 48.00 | 87.48 | 75.50 | 68.63 | 65.00 |
| എറണാകുളം | 9.00 | 10.16 | 24.38 | 29.27 | 42.19 | 39.32 |
| ഇടുക്കി | 34.25 | 33.16 | 58.52 | 59.42 | 58.65 | 52.83 |
| പാലക്കാട് | 62.82 | 58.26 | 91.76 | 75.92 | 87.07 | 66.28 |
| തൃശ്ശൂർ | 70.67 | 50.00 | 55.67 | 68.48 | 76.46 | 88.17 |
| കോഴിക്കോട് | 33.42 | 61.59 | 46.68 | 49.49 | 56.60 | 57.65 |
| മലപ്പുറം | 27.86 | 52.29 | 41.12 | 62.04 | 77.18 | 62.00 |
| വയനാട് | 10.51 | 33.77 | 40.82 | 65.60 | 78.12 | 53.00 |
| കണ്ണൂർ | 29.48 | 39.03 | 48.06 | 69.11 | 86.40 | 64.00 |
| കാസർഗോഡ് | 79.44 | 69.69 | 44.83 | 39.13 | 49.20 | 73.00 |
| ആകെ | 608.46 | 792.21 | 1047.96 | 981.55 | 1080.90 | 917.17 |

(ഡി) സാമൂഹ്യവനവൽക്കരണ പദ്ധതിയ്ക്കുവേണ്ടി സാമൂഹ്യവനവൽക്കരണ വിഭാഗത്തിൽ അംഗീകൃത തസ്തികകളിൽ ദിവസവേതനക്കാരെ നിയമിക്കാറില്ല. എന്നാൽ അംഗീകരിച്ച വിവിധ അടങ്കലുകൾ പ്രകാരം അത്യാവശ്യഘട്ടങ്ങളിൽ മാത്രം ഫോറസ്റ്റ് മിനിമം വേജസ് അടിസ്ഥാനത്തിൽ ദിവസവേതന ജോലിക്ക് മസ്ദൂർമാരെ നിയോഗിക്കാറുണ്ട്.

## കാട്ടുതീ

7 (2500) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൊടുംവേനലിൽ വനപ്രദേശങ്ങളിൽ കാട്ടുതീ പടർന്ന് പിടിയ്ക്കാൻ ഉള്ള സാധ്യതകൾ കണക്കിലെടുത്ത് വനംവകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ കാട്ടുതീ കൊണ്ട് എന്തെങ്കിലും കഷ്ടനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഓരോ ഫോറസ്റ്റ് ഡിവിഷനുകീഴിലും വരുന്ന വനമേഖലയുടെ സ്വഭാവം, മുൻവർഷങ്ങളിലെ അനുഭവം, ഈ വർഷം ഇവ കത്താനുള്ള സാദ്ധ്യത എന്നിവ കണക്കിലെടുത്ത് വനമേഖലയെ High, Moderate, Low എന്നിങ്ങനെ വിവിധ സാദ്ധ്യതാ മേഖലകളായി തരം തിരിക്കുകയും ഹോട്ട്സ്പോട്ടുകൾ അടയാളപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓരോ ഡിവിഷൻ തലത്തിലും കാട്ടുതീയെ ഫലപ്രദമായി നേരിടാനുള്ള പ്രവൃത്തികൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഫയർ മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുകയും സർക്കിൾ തലവന്മാർ ഇവ പരിശോധിച്ച് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ വനമേഖലയിലെയും കാട്ടുതീ സാദ്ധ്യതയും സ്ഥലത്തിന്റെ പ്രത്യേകതയും കണക്കിലെടുത്ത് കാട്ടുതീയെ നേരിടാനുള്ള തന്ത്രം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാനതലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമേ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തിര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു.

(ബി) 2017 വർഷത്തിൽ 28-2-2017 വരെ 441 സ്ഥലങ്ങളിലായി 2013 ഹെക്ടർ വനഭൂമിയിൽ തീ ബാധിച്ചിട്ടുള്ളതും ആയതിലൂടെ സർക്കാരിന് 2,43,258 രൂപയുടെ നഷ്ടം ഉണ്ടായതായും കണക്കാക്കിയിട്ടുണ്ട്.

## കാട്ടുതീ തടയാൻ നടപടി

8 (2501) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരൂക്ഷമായ വേനൽ ചൂടും വരൾച്ചയും കാരണം കാട്ടുതീ വ്യാപിക്കുന്നതിനുള്ള സാധ്യതകൾ ഏറെയായതിനാൽ ഇത്തരം പ്രദേശങ്ങൾ മുൻകൂറായി കണ്ടെത്തി കാട്ടുതീയുടെ വ്യാപനം തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടോ;

(ബി) വനാന്തരങ്ങളിലെ നീരുറവകളുടെ സംരക്ഷണത്തിനായി വനം വകുപ്പിന്റെ നേതൃത്തിൽ കർമ്മ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ;

(സി) ഇല്ലെങ്കിൽ ഇതിനായുള്ള പദ്ധതി രൂപീകരണത്തിനുള്ള നടപടികൾ സ്വീകരിക്കാമോ?

### ഉത്തരം

(എ) കാട്ടുതീ വ്യാപനം തടയുന്നതിന് ആവശ്യമായ നടപടികൾ സ്വികരിച്ചിട്ടുണ്ട്. അതിരൂക്ഷമായ ചൂടും വരൾച്ചയുംകാരണം കാട്ടുതീ വ്യാപിക്കുന്നതിനുള്ള സാദ്ധ്യതകൾ ഏറെയായതിനാൽ ഓരോ ഫോറസ്റ്റ് ഡിവിഷനുകീഴിലും വരുന്ന വനമേഖലയുടെ സ്വഭാവം, മുൻവർഷങ്ങളിലെ അനുഭവം, ഈ വർഷം ഇവ കത്താനുള്ള സാദ്ധ്യത എന്നിവ കണക്കിലെടുത്ത് വനമേഖലയെ High, Moderate, Low എന്നിങ്ങനെ വിവിധ സാദ്ധ്യതാ മേഖലകളായി തരം തിരിക്കുകയും ഹോട്ട്സ്പോട്ടുകൾ അടയാളപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓരോ ഡിവിഷൻ തലത്തിലും കാട്ടുതീയെ ഫലപ്രദമായി നേരിടാനുള്ള പ്രവൃത്തികൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഫയർ മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുകയും സർക്കിൾ തലവന്മാർ ഇവ പരിശോധിച്ച് അംഗീകരിക്കുകയും അതനുസരിച്ച് കാട്ടുതീയുടെ വ്യാപനം തടയുന്നതിന് നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(ബി) വനത്തിനകത്തുതന്നെ മഴവെള്ളം സംഭരിച്ചു നിർത്താനും അതുവഴി വനത്തിനകത്ത് ആർദ്രത നിലനിർത്താനും കാട്ടുതീയുടെ സാദ്ധ്യത കുറയ്ക്കാനുംവേണ്ട നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിലവിലുള്ള ജലാശയങ്ങൾ ആഴം കൂട്ടുകയും മണ്ണ് നീക്കം ചെയ്യുകയും പുതുതായി ചെക്ക് ഡാമുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. വനാന്തരങ്ങളിലെ നീരുറവകളുടെ സംരക്ഷണത്തിനായി വനം വകുപ്പിന്റെ നേതൃത്വത്തിൽ മൂന്നൂറിൽപ്പരം തടയണ/കുളങ്ങൾ വൃത്തിയാക്കുകയും ഇരുപത്തഞ്ചോളം തടയണ/കുളങ്ങളും മുപ്പതിൽപ്പരം താൽക്കാലിക തടയണകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ബാധകമല്ല.

## വന്യജീവി ആക്രമണം

9 (2502) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങളിൽ ജീവൻ നഷ്ടപ്പെടുന്നവർക്ക് നൽകുന്ന സഹായങ്ങളുടെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഇപ്രകാരം എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) നിലവിൽ വന്യജീവി ആക്രമണങ്ങളിൽ ജീവൻ നഷ്ടപ്പെടുന്നവർക്ക് 5 ലക്ഷം രൂപയും വനത്തിനു പുറത്തുവച്ചുള്ള പാമ്പുകടിമൂലമുള്ള ജീവനാശത്തിന് ഒരു ലക്ഷം രൂപയും നഷ്ടപരിഹാരമായി നൽകിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യജീവികൾമൂലമുള്ള ജീവനാശത്തിന് നഷ്ടപരിഹാരമായി 161.15 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

## കണ്ടൽക്കാടുകളുടെ സംരക്ഷണം

10 (2503) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിനും ടൂറിസ്റ്റുകളെ കൂടുതൽ ആകർഷിക്കുന്നതിനും ഇതിനെക്കുറിച്ച് പഠനം നടത്തുന്നതിനും എന്തെങ്കിലും പദ്ധതി ആവിഷ്കരിയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ബഹുമാനപ്പെട്ട മന്ത്രി സ്ഥലം സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച് തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കണ്ണൂർ ഫോറസ്റ്റ് ഡിവിഷനുകീഴിൽ കണ്ണൂർ ജില്ലയിൽ വിവിധ സർക്കാർ വകുപ്പുകളുടെ അധീനതയിലുള്ള 237.926 ഹെക്ടർ കണ്ടൽ വനപ്രദേശം റിസർവ് വനമായി നോട്ടിഫൈ ചെയ്തു സംരക്ഷിച്ചുപോരുന്നുണ്ട്. ജില്ലയിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള 496.77 ഹെക്ടർ കണ്ടൽ വനപ്രദേശങ്ങൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനങ്ങൾ എടുക്കേണ്ടതുണ്ട്. റിസർവ് വനമായി നോട്ടിഫൈ ചെയ്ത കണ്ടൽ പ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി തീരദേശ വനസംരക്ഷണ സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ജില്ലയിലെ കണ്ടൽ പ്രദേശങ്ങൾ സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടൽ വനങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി സമഗ്രമായ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**റാപ്പിഡ് റെസ്പോൺസ് ടീം**

11 (2504) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന് കീഴിൽ സംസ്ഥാനത്ത് റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.ടി.) പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ ലക്ഷ്യമെന്താണ്; സംസ്ഥാനത്ത് ഇങ്ങനെ പ്രവർത്തിക്കുന്ന എത്ര യൂണിറ്റുകളുണ്ട്; എവിടെയൊക്കെ എന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ആർ.ആർ.ടി. യൂണിറ്റിൽ ആവശ്യമായ ഉദ്യോഗസ്ഥരോ വാഹനമോ അനുവദിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആവശ്യമായ ജീവനക്കാരെയും വാഹനവും എന്നത്തേയ്ക്ക് അനുവദിക്കാനാകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. വന്യജീവികൾ ജനവാസ മേഖലകളിൽ ഇറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും നാശനഷ്ടം വരുത്തുന്ന അടിയന്തിര സാഹചര്യം ഉണ്ടാകുമ്പോൾ സമയോചിതമായി പ്രവർത്തിച്ച് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ തുരത്തുന്നതിനും ആർ.ആർ.ടി.-യുടെ സേവനം വിനിയോഗിച്ചു വരുന്നു.

സംസ്ഥാനത്ത് 14 ആർ.ആർ.ടി.-കൾ ചുവടെ പറയുന്ന സ്ഥലങ്ങൾ കേന്ദ്രമാക്കി പ്രവർത്തിക്കുന്നുണ്ട്:

1. പേപ്പാറ
2. പുനലൂർ
3. റാന്നി
4. മൂന്നാർ
5. പീരുമേട്
6. മലയാറ്റൂർ
7. ഒലവക്കോട്
8. മണ്ണാർക്കാട്
9. നിലമ്പൂർ
10. താമരശ്ശേരി
11. സുൽത്താൻ ബത്തേരി
12. തളിപ്പറമ്പ്
13. കൽപ്പറ്റ
14. കാസർഗോഡ്

(ബി) 28-2-2014-ലെ സർക്കാർ ഉത്തരവ് (എം എസ്.) നമ്പർ 73/2014/വനം പ്രകാരം കാസർഗോഡ് ഉൾപ്പെടെ 5 ആർ.ആർ.ടി.കൾ രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിൽ ടി ആർ.ആർ.ടി-കൾക്ക് വേണ്ടി പുതിയ തസ്തികകൾക്കോ വാഹനങ്ങൾക്കോ അനുമതി ഉണ്ടായിരുന്നില്ല. ആയതിനാൽ നിലവിലുള്ള ജീവനക്കാർ, വാഹനങ്ങൾ എന്നിവ പുനഃക്രമീകരിച്ചുകൊണ്ടും അടിസ്ഥാന സൗകര്യങ്ങൾ പുനഃസംവിധാനം ചെയ്തുകൊണ്ടും ആർ.ആർ.ടി.-കളുടെ പ്രവർത്തനം നടന്നുവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കാസർഗോഡ് ആർ.ആർ.ടി.-ക്ക് വാഹനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വികരിക്കുന്നതാണ്.

**മരങ്ങൾമൂലം ശ്വാസകോശ രോഗങ്ങൾ**

12 (2505) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിനുകീഴിലുള്ള പ്ലാന്റേഷനുകളിൽ അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ മരങ്ങൾ വച്ച് പിടിപ്പിക്കുന്നതുമൂലം സമീപ പ്രദേശത്തുള്ളവർക്ക് ആസ്ത്മ തുടങ്ങിയ ശ്വാസകോശ രോഗങ്ങളും മറ്റും പടർന്നു പിടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) അസുഖങ്ങളുണ്ടാക്കുന്ന ഇത്തരം മരങ്ങൾക്കു പകരം ഫലവൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ സർക്കാരിന്റെ നയമെന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ പ്ലാന്റേഷനുകളിൽ നിലവിൽ അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ മരങ്ങൾ വച്ചുപിടിപ്പിക്കുന്നില്ല. ശ്വാസകോൾ രോഗങ്ങൾ പടർന്നു പിടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ പ്ലാന്റേഷനുകളിൽ മുൻപ് വച്ചു പിടിപ്പിച്ചതായ അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റി പകരം തദ്ദേശീയ ഫലവൃക്ഷത്തൈകൾ ഉൾപ്പെടുത്തിയിട്ടുള്ള സ്വാഭാവിക വനവൽക്കരണം നടത്തുന്ന വനദീപ്തി പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ പൊതുജനങ്ങൾക്ക് ഫലവൃക്ഷങ്ങൾ ഉൾപ്പെടെയുള്ള തദ്ദേശീയ വൃക്ഷത്തൈകൾ വിതരണം ചെയ്തുവരുന്നുണ്ട്.

**വൃക്ഷത്തൈ വച്ചുപിടിപ്പിക്കൽ**

13 (2506) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്ഷത്തൈ വച്ചുപിടിപ്പിക്കൽ പദ്ധതി നിലവിലുണ്ടോ;

(ബി) ഇതിനായി എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) വൃക്ഷത്തൈ വച്ചുപിടിപ്പിക്കൽ പ്രോത്സാഹിപ്പിക്കാനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പൊതു ആവശ്യങ്ങൾക്കായി വെട്ടിമാറ്റുന്ന മരങ്ങൾക്ക് പകരം മരം വച്ച് പിടിപ്പിക്കുന്നതിന് നിബന്ധനകൾ നിലവിലുണ്ടോ, ഇതിനായി നിബന്ധനകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി ഹരിത കേരളം പദ്ധതിയിലുൾപ്പെടുത്തി "എന്റെ മരം" , " നമ്മുടെ മരം" പദ്ധതികൾ വഴി സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് വൃക്ഷത്തൈകൾ വിതരണം ചെയ്തുവരുന്നു. കൂടാതെ പഞ്ചായത്തുകൾ, മാധ്യമങ്ങൾ, മറ്റ് യുവജന മത സാമൂഹ്യ സംഘടനകൾ, പൊതുജനങ്ങൾ എന്നിവർക്കും വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നുണ്ട്. പാതയോരങ്ങളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്ന വഴിയോര തണൽ പദ്ധതിയും അർബൻ ഫോറസ്ട്രി പദ്ധതിയും നടപ്പിലാക്കിവരുന്നു.

(സി) സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കുന്നതിനായി ഇൻസെന്റിവൈസേഷൻ ഓഫ് പ്രൈവറ്റ് ഫോറസ്ട്രി പദ്ധതിപ്രകാരം വ്യക്തികൾക്ക് ധനസഹായം നൽകിവരുന്നു. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പത്ര മാധ്യമങ്ങൾ, മത സ്ഥാപനങ്ങൾ മുതലായവർക്ക് സൗജന്യമായി വൃക്ഷത്തൈകളും നൽകിവരുന്നു.

(ഡി) പൊതു ആവശ്യങ്ങൾക്കായി വെട്ടിമാറ്റുന്ന മരങ്ങൾക്ക് ഒരു മരത്തിന് പകരം 10 മരങ്ങൾ വച്ച് പിടിപ്പിക്കണമെന്ന നിബന്ധനയോടെയാണ് അനുമതി നൽകിവരുന്നത്.

**ഇക്കോ ടൂറിസം പദ്ധതി**

14 (2507) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് നിയോജക മണ്ഡലത്തിലെ ആഢ്യൻപാറ ടൂറിസം കേന്ദ്രത്തോടനുബന്ധിച്ച് ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് കൊണ്ടുള്ള അപേക്ഷ ലഭിച്ചിരുന്നോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആഢ്യൻപാറ ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട് അപേക്ഷകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

**ട്രൈബൽ സ്കൂൾ**

15 (2508) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടത്തോട് ട്രൈബൽ സ്കൂളിനായി വനംവകുപ്പിന്റെ സ്ഥലം വിട്ടു നൽകുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഈ അപേക്ഷയിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് പറയാമോ; ഇതു സംബന്ധിച്ചുള്ള ഫയൽ ഇപ്പോൾ എവിടെയാണ് ഉള്ളത്;

(ബി) സ്കൂളിനായി എത്ര സ്ഥലമാണ് ആവശ്യപ്പെട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അട്ടത്തോട് ട്രൈബൽ സ്കൂളിനായി വനഭൂമി വിട്ടു നൽകുന്നതിനായി അപേക്ഷ ലഭിച്ചിരുന്നു. അട്ടത്തോട് ട്രൈബൽ സ്കൂളിനായി ഒരു ഹെക്ടർ സ്ഥലത്തിനാണ് പത്തനംതിട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർ അപേക്ഷിച്ചിരുന്നത്. എന്നാൽ ടി അപേക്ഷ പരിശോധിച്ചതിൽ അപേക്ഷിച്ച ആവശ്യത്തിന് 0.50 ഹെക്ടർ ഭൂമി മതിയാകും എന്നതിനാൽ ഇക്കാര്യത്തിൽ തന്റെ വിവേചനാധികാരമുപയോഗിച്ച് റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 0.50 ഹെക്ടർ ഭൂമി അനുവദിക്കുകയുണ്ടായി. ഇതുസംബന്ധിച്ച ഫയൽ റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലാണുള്ളത്.

(ബി) പത്തനംതിട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർ അട്ടത്തോട് ട്രൈബൽ സ്കൂളിനായി ഒരു ഹെക്ടർ സ്ഥലത്തിനായാണ് അപേക്ഷിച്ചിരുന്നത്.

**രൂക്ഷമായ കാട്ടുതീ**

16 (2509) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ കാടുകൾ രൂക്ഷമായ കാട്ടുതീ ഭീതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാട്ടുതീ തടയുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിൽ നടപ്പിലാക്കി വരുന്നത്;

(സി) കാട്ടുതീ തടയുന്നതിന് അത്യാധുനിക ഉപകരണങ്ങൾ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വയനാട് വന്യജീവി സങ്കേതം രൂക്ഷമായ വരൾച്ചയും കാട്ടുതീ ഭീഷണിയും അഭിമുഖീകരിക്കുന്നുണ്ട്. 16-2-2017-ൽ കർണ്ണാടകയിൽ ബന്ദിപ്പൂർ ടൈഗർ റിസർവ്വിൽ കാട്ടുതീ പടർന്നു പിടിക്കുകയും വയനാട് ജില്ലയുടെ കിഴക്കൻ അതിർത്തിയിലേയ്ക്ക് ബന്ദിപ്പൂരിൽനിന്നും പടർന്ന തീ വയനാട് വന്യജീവി സങ്കേതത്തിന്റെ അതിർത്തിയിലേയ്ക്ക് എത്തുകയും കേരള വനം

വകുപ്പുദ്യോഗസ്ഥരുടെ രാപ്പകൽ ഭേദമന്യേയുള്ള ശ്രമഫലമായി അതിർത്തി കടന്നുവരാതെ സംരക്ഷിക്കുകയുമുണ്ടായി. വണ്ടിക്കടവ്, ഗോളൂർ, ഗ്ലളിക്കൽ, ദൊഡ്ഡക്കുളസ്സി, മാടപ്പള്ളിപ്പാറ, എല്ലക്കൽ, രാമ്പൂർ എന്നീ ഭാഗങ്ങൾ ഇപ്പോഴും കാട്ടുതീ ഭീഷണി നേരിടുന്നു. വനത്തിന്റെ വളരെ ചെറിയ ഒരു ഭാഗം അതിർത്തിയിൽ മാത്രമേ ഫയറെഞ്ചിൻ എത്തിപ്പെടുവാൻ കഴിയുകയുള്ളൂ. അതിനാൽ ഭൂരിഭാഗം അതിർത്തിയിലും ഫോർവീലുള്ള ജീപ്പുകളും, ക്യാമ്പറുകളും ഉപയോഗിച്ച് വനപാലകരെ പലഭാഗങ്ങളിൽ എത്തിച്ചശേഷം അവിടെനിന്നും കാൽനടയായി അതിർത്തി ഭാഗങ്ങളിൽ എത്തിയാണ് കാട്ടുതീ കെട്ടുത്തിക്കൊണ്ടിരിക്കുന്നത്. അതിർത്തികളിൽ 10.40 മീറ്റർ വിസ്തൃതിയിൽ ഫയർലൈൻ നിർമ്മിച്ച് നിയന്ത്രിച്ചു വരുന്നു.

കാട്ടുതീ തടയുന്നതിനായി ഫീൽഡ് ജീവനക്കാർ പട്രോളിംഗ് നടത്തുന്നുണ്ട്. ഫയർ ലൈൻ നിർമ്മിക്കുകയും ഫയർ വാച്ചർമാർ, ഫയർഗ്യാങ് എന്നിവരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കാട്ടുതീ ബോധവൽക്കരണ ക്യാമ്പ് വനത്തിനോട് ചേർന്ന പ്രദേശങ്ങളിലും ആദിവാസി കോളനികളിലും സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കുമായി സംഘടിപ്പിച്ചിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫയർ കൺട്രോൾ റൂം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. എസ്.എം.എസ്. അലർട്ട് സിസ്റ്റം വഴി സ്റ്റാഫുകൾക്കും ഫയർ വാച്ചർമാർക്കും പൊതുജനങ്ങൾക്കും സന്ദേശം നൽകിവരുന്നു. ബോധവൽക്കരണവുമായി ബന്ധപ്പെട്ട് 600-ഓളം സ്കൂൾ കുട്ടികളെ ഉപയോഗിച്ച് നോട്ടീസ് വിതരണം നടത്തുകയും ബാനർ, ബോർഡ് എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കാട്ടുതീ ബോധവൽക്കരണത്തിനായി തീയേറ്ററുകളിൽ സ്ലൈഡുകൾ പ്രദർശിപ്പിച്ചുവരുന്നുണ്ട്. വാച്ചർമാർക്കും സ്റ്റാഫിനും ഷൂ, ഫയർബീറ്റർ, സ്പ്രെയർ, വാട്ടർ ബോട്ടിൽ, വാട്ടർ ക്യാൻ, ഫയർ റെയ്ക്ക് എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ ഫയർ ഫൈറ്റിങ് ഉപകരണങ്ങളായ ഹോണ്ടാ ഒലിയോമാക് പമ്പ് സെറ്റ്, ഫോഴ്സ് ഗൺ വിത്ത് ഹോസ് എന്നിവ നൽകിയിട്ടുണ്ട്.

(സി) കാട്ടുതീ തടയുന്നതിന് നിലവിൽ ലഭ്യമായ, കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങളായ battery operated sprayers, High tech 16 Ltr. Manual Sprayers, Force gun, Oleo mac Sprayer with 708 petrol engine, Honda made 5 Hp engine coupled high pressure sprayer, pump set എന്നിവ വാങ്ങി അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## സന്നദ്ധസേവകർക്ക് സഹായം

17 (2510) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവൽക്കരണം നടത്തുന്നതിന് തയ്യാറാകുന്ന സന്നദ്ധ സേവകർക്ക് ഏതെങ്കിലും തരത്തിലുള്ള സഹായം നൽകിവരുന്നുണ്ടോ;

(ബി) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രമായ കൊടിക്കുത്തിമല പ്രദേശത്ത് വനവൽക്കരണം നടത്തുന്നതുമായി ബന്ധപ്പെട്ട ഏതെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത പ്രദേശത്ത് വനവൽക്കരണം നടത്തുന്നതിന് ആവശ്യമായ സഹായം അഭ്യർത്ഥിച്ച് കൊണ്ട് പി.ടി.എം.എച്ച്.എസ്.എസ് താഴേക്കോട് സ്കൂളിലെ എൻ.എസ്.എസ് യൂണിറ്റ് സമർപ്പിച്ച അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ വനവൽക്കരണം നടത്തുന്നതിന് തയ്യാറായി വരുന്ന സന്നദ്ധ സേവകർക്കും വിദ്യാർത്ഥികൾക്കും ആവശ്യമായ സഹായവും മാർഗ്ഗനിർദ്ദേശവും നൽകുന്നതിന് സന്നദ്ധമാകുമോയെന്ന് അറിയിക്കുമോ;

### ഉത്തരം

(എ) വനവൽക്കരണം നടത്തുന്നതിന് തയ്യാറാകുന്ന സന്നദ്ധസേവകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു.

(ബി) ഇല്ല.

(സി) ഉണ്ട്. ടി അപേക്ഷ മലപ്പുറം (സോഷ്യൽ ഫോറസ്ട്രി) അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് തുടർ നടപടികൾക്കായി നൽകിയിട്ടുണ്ട്. എൻ.എസ്.എസ് വോളണ്ടിയർമാരെക്കൂടി ഉൾപ്പെടുത്തി കൊടികുത്തിമല പ്രദേശത്ത് വരുന്ന മാസങ്ങളിൽ വനവൽക്കരണം നടപ്പിലാക്കുന്നതാണ്.

(ഡി) വനവൽക്കരണം നടത്തുന്നതിന് തയ്യാറായിവരുന്ന സന്നദ്ധ സേവകർക്കും വിദ്യാർത്ഥികൾക്കും ആവശ്യമായ സഹായവും മാർഗ്ഗനിർദ്ദേശവും നൽകിവരുന്നുണ്ട്.

**ബിജുവിന്റെ കുടുംബത്തിന് സഹായം**

18 (2511) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കേളകത്ത് കാട്ടാനയുടെ ആക്രമണത്തിൽ മരണമടഞ്ഞ അഞ്ചാനിക്കൽ ബിജുവിന്റെ കുടുംബത്തിന് എത്ര രൂപ ധനസഹായം അനുവദിച്ചു ; വിശദമാക്കുമോ;

(ബി) പ്രസ്തുത കുടുംബത്തിലെ ഒരംഗത്തിന് സർക്കാർ ജോലി നൽകുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ കേളകത്ത് കാട്ടാനയുടെ ആക്രമണത്തിൽ മരണമടഞ്ഞ അഞ്ചാനിക്കൽ ബിജുവിന്റെ കുടുംബത്തിന് നിലവിലെ സർക്കാർ ഉത്തരവിന് വിധേയമായി 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ മരണാനന്തര ചടങ്ങുകളുടെ ചെലവുകൾക്കായി ആറളം ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിയിൽ നിന്നും 15,000 രൂപയും നൽകിയിട്ടുണ്ട്.

(ബി) സർക്കാർ ജോലി നൽകുന്ന കാര്യം പരിഗണനയിലില്ല. 1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം മരണം സംഭവിച്ച വ്യക്തിയുടെ കുടുംബത്തിലെ അംഗത്തിന് സർക്കാർ ജോലി നൽകുന്നതിന് വ്യവസ്ഥയില്ല.

**സോളാർ ഫെൻസിംഗ്**

19 (2512) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ വെട്ടിക്കുഴി മുതൽ കണ്ണംകുഴി വരെ സ്ഥാപിച്ചിട്ടുള്ള സോളാർ ഫെൻസിംഗ് പ്രവർത്തനക്ഷമമല്ലാത്തത് പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ അടിയന്തര നടപടിയുണ്ടാകുമെന്ന ഉറപ്പ് നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ വെട്ടിക്കുഴി മുതൽ കണ്ണംകുഴിവരെ സ്ഥാപിച്ചിട്ടുള്ള സോളാർ ഫെൻസിംഗ് പ്രവർത്തനക്ഷമമല്ലാത്തത് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) 2017-18 സാമ്പത്തിക വർഷത്തെ വന്യമൃഗ സംഘർഷം ലഘൂകരിക്കുന്ന പ്രവൃത്തികളിൽ ടി പ്രവൃത്തിക്ക് മുൻഗണന നൽകിയിട്ടുണ്ട്.

**ജോലി സ്ഥിരപ്പെടുത്താൻ നടപടി**

20 (2513) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പറമ്പിക്കുളത്തെ ട്രൈബൽ വാച്ചർമാരുടെ ജോലി സ്ഥിരപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

വനം വകുപ്പിൽ 700 ട്രൈബൽ വാച്ചർമാരെ 2013 വർഷത്തിൽ നിയമിച്ചതിൽ പറമ്പിക്കുളത്തുനിന്നും 10 വാച്ചർമാർക്ക് നിയമനം നൽകിയിട്ടുണ്ട്. ഇവരുടെ നിയമനം ക്രമപ്പെടുത്തുന്നതിന് പോലീസ് വകുപ്പിൽനിന്നും പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നും വെരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമാക്കാൻ നടപടി എടുത്തിട്ടുണ്ട്.

**ആന പുനരധിവാസ കേന്ദ്രം**

21 (2514) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ.എസ്.ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീലങ്കയിലെ പിന്നെവാല ആന പുനരധിവാസ കേന്ദ്രത്തിന്റെ മാതൃകയിൽ കേരളത്തിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു ആന പുനരധിവാസ കേന്ദ്രം സ്ഥാപിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് സർക്കാർ നിയന്ത്രണത്തിലാണോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രത്തിനായി എവിടെയെങ്കിലും സ്ഥലം കണ്ടെത്തിയിട്ടുണ്ടോ;

(സി) കേന്ദ്രസർക്കാർ നാട്ടാന പരിപാലനത്തിന് നൽകുന്ന സഹായം പര്യാപ്തമാണോയെന്ന് അറിയിക്കുമോ; പര്യാപ്തമല്ലെങ്കിൽ അത് വർദ്ധിപ്പിച്ചു കിട്ടുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ആയത് സർക്കാർ നിയന്ത്രണത്തിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷന്റെ കീഴിലുള്ള കോട്ടൂർ എന്ന സ്ഥലത്തെ നിലവിലെ ആന പുനരധിവാസ കേന്ദ്രം വിപുലപ്പെടുത്തുവാനാണ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്.

(സി) 2016-17-ൽ 52.5 ലക്ഷം രൂപയുടെ പദ്ധതി ഇന്ത്യാ ഗവൺമെന്റ് ക്യാപ്റ്റീവ് എലിഫന്റ് മാനേജ്മെന്റ് ആന്റ് വെൽഫെയർ സ്കീമിൽ അംഗീകരിക്കുകയും ആയതിന്റെ കേന്ദ്ര സഹായമായ 60 ശതമാനം തുകയായ 31.5 ലക്ഷം രൂപയിൽ 25.20 ലക്ഷം രൂപ ഇതുവരെ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട സ്കീമിൽ ബാക്കി തുക ലഭ്യമാക്കുവാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**കുരങ്ങുശല്യം**

22 (2515) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ വെള്ളറട, അമ്പൂരി തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിൽ വേനൽക്കാലത്ത് അതിരൂക്ഷമായ കുരങ്ങുശല്യം ഉണ്ടാകുന്നതു കാരണം ജനങ്ങളുടെ സ്ഥാപന, സാധന സാമഗ്രികൾക്കും കാർഷിക മേഖലക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(ബി) തമിഴ്നാടിന്റെ ഉൾപ്രദേശങ്ങളിൽ നിന്നും പിടിക്കുന്ന കുരങ്ങൻമാരെ സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശത്തോടു ചേർന്നുവരുന്ന വനമേഖലകളിൽ സ്വതന്ത്രരാക്കുന്നതിലൂടെ പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) പാറശ്ശാല മണ്ഡലത്തിലെ വെള്ളറട, അമ്പൂരി തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിൽ വേനൽക്കാലത്ത് അതിരൂക്ഷമായ കുരങ്ങുശല്യം

ഉണ്ടാകുന്നതുകാരണം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് നേരിടുന്നതിന് കൂട്ടുകൾ സ്ഥാപിച്ച് കുരങ്ങുകളെ പിടികൂടി ഉൾവനങ്ങളിൽ സുരക്ഷിതമായി തുറന്നുവിടുന്നതിന് വനം വകുപ്പിന്റെ കീഴിൽ പേപ്പാറ കേന്ദ്രമായി പ്രവർത്തിക്കുന്ന RRT (Rapid Response Team)-യുടെ അംഗസംഖ്യ വർദ്ധിപ്പിച്ച് പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) തമിഴ്നാടിന്റെ ഉൾപ്രദേശങ്ങളിൽനിന്നും പിടിക്കുന്ന കുരങ്ങുകളെ സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശത്തോടു ചേർന്നുവരുന്ന വന മേഖലകളിൽ സ്വതന്ത്രരാക്കുന്നതിലൂടെ പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് RRT -ഉം പരുത്തിപ്പള്ളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറും ടീമും പ്രസ്തുത പ്രദേശം സന്ദർശിക്കുകയും കുരങ്ങുകളെ പിടികൂടുന്നതിനായി അടിയന്തിരമായി 2 കൂടുകൾ സ്ഥാപിക്കുകയും ടി പ്രദേശത്ത് നിരന്തരം പട്രോളിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. കൂടാതെ തമിഴ്നാട്ടിലുള്ള ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് വസിക്കുന്ന കുരങ്ങുകളേയും മറ്റും അമ്പൂരി വെള്ളറട ഭാഗങ്ങളിൽ തുറന്നുവിടുന്നത് ചൂണ്ടിക്കാട്ടി അതിനെതിരെ നടപടികൾ സ്വീകരിക്കണമെന്ന് കന്യാകുമാരി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**കുരങ്ങുകളുടെ ഭീഷണി**

23 (2516) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ രാമന്തളിയിൽ കുരങ്ങുകൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് പ്രവേശിച്ച് ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുരങ്ങുകളുടെ ഉപദ്രവം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

(സി) കുരങ്ങുകളെ നിയന്ത്രിക്കുന്നതിനും ജനവാസ കേന്ദ്രങ്ങളിൽ നിന്ന് അവയെ അകറ്റുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുരങ്ങുകളുടെ ഉപദ്രവം തടയുന്നതിന്, അവയെ കൂടുവച്ച് പിടിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) രാമന്തളി ഭാഗം സ്ഥിതി ചെയ്യുന്നത് വനാതിർത്തിയിൽ നിന്ന് ഏകദേശം 30 കി. മീറ്റർ അകലെയാണ്. ടി ഭാഗത്തുള്ള കുരങ്ങുകളെ കൂടുവച്ചു പിടികൂടി വനത്തിൽ വിടുന്നതിനായുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

**കൃഷി നഷ്ടം**

24 (2517) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയുമായി അതിർത്തി പങ്കിടുന്ന നാദാപുരം മണ്ഡലത്തിലെ കാവിലുംപാറ, നരിപ്പറ്റ, വണിമേൽ, വളയം, ചെക്കിയാട് തുടങ്ങിയ പഞ്ചായത്തുകളിൽ ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് ശാശ്വത പരിഹാരത്തിനുവേണ്ടി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) 2016-17 കാലയളവിൽ ഈ മേഖലയിൽ വന്യമൃഗങ്ങൾമൂലം എത്ര രൂപയുടെ കൃഷി നാശം സംഭവിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) ഈ ഇനത്തിൽഎത്ര തുക നഷ്ട പരിഹാരം നൽകി എന്നും എത്ര തുക ഇനിയും നൽകാനുണ്ട് എന്നും വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. വനാതിർത്തിയിൽ 7.5 കി.മീറ്റർ ദൂരത്തിൽ സോളാർ പവർ ഫെൻസിംഗ് ചെയ്യുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വന്യമൃഗങ്ങളാൽ കൃഷിനാശം രൂക്ഷമായിട്ടുള്ള കരിങ്ങാട്, ചെമ്പോത്തുംപൊയിൽ ഭാഗത്ത് കൽമതിൽ കെട്ടുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(സി) 2016-17 കാലയളവിൽ ഈ മേഖലയിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചതിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി ലഭിച്ച അപേക്ഷകൾ പരിശോധിച്ചതിൽ 2,86,995 രൂപ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

(ഡി) ഈയിനത്തിൽ ഇതുവരെ 1,09,236 രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. 1,77,759 രൂപ നൽകുവാൻ ബാക്കിയുണ്ട്.

**വന്യമൃഗങ്ങളുടെ ശല്യം**

25 (2518) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭൂമിയിലും മനുഷ്യരുടെ വാസസ്ഥലങ്ങളിലും ഇറങ്ങുന്ന കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ ശല്യം ഒഴിവാക്കുന്നതിന് പ്രത്യേകം ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ചിട്ടുണ്ടെങ്കിൽ ഏതെല്ലാം മേഖലകളിലാണ് ഇത് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ആക്രമണത്തിനിരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുമോ; വിശദാംശങ്ങൾ എന്തെല്ലാമാണ്?

ഉത്തരം

(എ) കൃഷിഭൂമിയിലും മനുഷ്യരുടെ വാസസ്ഥലങ്ങളിലും ഇറങ്ങുന്ന കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ ശല്യം ഒഴിവാക്കുന്നതിന് പ്രത്യേകം ടാസ്ക് ഫോഴ്സ് എന്ന നിലയ്ക്ക് വനം വകുപ്പിൽ റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ സേവനം വിനിയോഗിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് 14 റാപ്പിഡ് റെസ്പോൺസ് ടീമുകൾ ചുവടെ പറയുന്ന സ്ഥലങ്ങൾ കേന്ദ്രമാക്കി നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

1. പേപ്പാറ
2. പുനലൂർ
3. റാന്നി
4. മൂന്നാർ
5. പീരുമേട്
6. മലയാറ്റൂർ
7. ഒലവക്കോട്
8. മണ്ണാർക്കാട്
9. നിലമ്പൂർ
10. താമരശ്ശേരി
11. സുൽത്താൻബത്തേരി
12. തളിപ്പറമ്പ്
13. കൽപ്പറ്റ
14. കാസർഗോഡ്

(സി) 1980-ലെ കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം വന്യമൃഗ ആക്രമണംമൂലം നഷ്ടം സംഭവിക്കുന്നവർക്ക് നൽകിവരുന്ന നഷ്ടപരിഹാരത്തുക കാലാകാലങ്ങളിൽ സർക്കാർ പുതുക്കി വരുന്നുണ്ട്. ആയതുപ്രകാരം നിലവിലെ നഷ്ടപരിഹാരത്തുക ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കഷ്ടനഷ്ടങ്ങളുടെ സ്വാഭവം | നഷ്ടപരിഹാരത്തുക |
|---|---|---|
| 1 | വന്യജീവി ആക്രമണം മൂലമുള്ള സ്ഥായിയായ അംഗഭംഗം. | പരമാവധി 75,000 രൂപ |
| 2 | വന്യജീവി ആക്രമണംമൂലമുള്ള വിളനാശം, വീട് നഷ്ടം, കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 75,000 രൂപ) |
| 3 | വന്യജീവി ആക്രമണംമൂലം മനുഷ്യർക്കുണ്ടാകുന്ന പരിക്ക് | പരമാവധി 75,000 രൂപ പട്ടിക വർഗ്ഗക്കാർക്ക് പരിധിയില്ലാതെ ചെലവായ മുഴുവൻ തുകയും നൽകും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) |
| 4 | വന്യജീവി ആക്രമണംമൂലമുള്ള മരണം | 5 ലക്ഷം രൂപ |
| 5 | വനത്തിനുപുറത്തു വച്ചുള്ള പാമ്പുകടിമൂലമുള്ള മരണം. | 1 ലക്ഷം രൂപ |

**പാൽ ഉൽപ്പാദനത്തിന്റെ അളവ്**

26 (2519) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ദിനംപ്രതിയുള്ള പാൽ ഉല്പാദനത്തിന്റെ അളവ് എത്രയെന്ന് അറിയിക്കാമോ ; ഇതിൽ മിൽമ വഴി വിതരണം ചെയ്യുന്ന പാലിന്റെ അളവെത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) സ്വകാര്യ പാൽ ഉല്പാദനകമ്പനികൾ വഴി ദിവസേന എത്ര അളവ് പാലാണ് കേരളത്തിൽ വിറ്റഴിയുന്നത്;

(സി) പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തൊക്കെ സഹായങ്ങളാണ് ക്ഷീരവികസനവകുപ്പ് മുഖേന കർഷകർക്ക് നൽകുന്നത് എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) അസംഘടിത മേഖലയിലും സഹകരണ മേഖലയിലും ഉൾപ്പെടെ ഏകദേശം 78 ലക്ഷം ലിറ്റർ പാൽ ആഭ്യന്തരമായി പ്രതിദിനം ഉൽപ്പാദിപ്പിക്കുന്നുണ്ട്.

ക്ഷീരസംഘങ്ങൾ മുഖേന പ്രതിദിനം ശരാശരി 16.43 ലക്ഷം ലിറ്റർ പാൽ സംഭരിക്കുന്നുണ്ട്. ഇതിൽ 10.2 ലക്ഷം ലിറ്റർ പാൽ മിൽമയ്ക്ക് നൽകുന്നുണ്ട്. മിൽമയുടെ പ്രതിദിന പാൽവിപണനം ഏകദേശം 13 ലക്ഷം ലിറ്റർ ആണ്.

(ബി) സ്വകാര്യ പാലുൽപ്പാദന കമ്പനികൾ കേരളത്തിൽ വിറ്റഴിക്കുന്ന പാലിന്റെ അളവ് കണക്കാക്കുന്നതിന് നിലവിൽ സംവിധാനമില്ല.

(സി) പാലിന്റെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്ത് പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽക്കൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലൂടെ കറവമാടുകളെ വാങ്ങുന്നതിനുള്ള സഹായം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം, പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബപെൻഷൻ, അവശതാപെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര സഹായം, ചികിത്സാ സഹായം, ക്ഷീരകർഷകരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവയും നൽകി വരുന്നു.

**തസ്തികകളുടെ പുനഃസ്ഥാപനം**

27 (2520) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ക്ഷീരവികസന യൂണിറ്റ് ഓഫീസിലെ ഏതെങ്കിലും തസ്തിക തലശ്ശേരി ക്ഷീരവികസന ഓഫീസിലേയ്ക്ക് മാറ്റിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇങ്ങനെ മാറ്റാനുണ്ടായ പ്രത്യേക കാരണം എന്താണെന്ന് വിശദമാക്കാമോ;

(സി) ഒരു ജീവനക്കാരന്റെ സ്വകാര്യ താല്പര്യത്തിന്റെ പേരിൽ അദ്ദേഹത്തെ സ്വന്തം ജില്ലയിലേയ്ക്ക് തസ്തിക മാറ്റി കൊണ്ടുപോകുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) കാസർഗോഡ് ജില്ലാ ക്ഷീരവികസന യൂണിറ്റ് ഓഫീസിൽ നിന്നും മാറ്റികൊണ്ടു പോയ തസ്തിക പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഓഫീസ് അറ്റൻഡന്റ് തസ്തിക. 1-3-1992 മുതൽ കാസർഗോഡ് ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റിലെ ശിപായി തസ്തിക കണ്ണൂർ ജില്ലയിലെ തലശ്ശേരി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റിലേയ്ക്ക് മാറ്റി സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഭരണപരമായ സൗകര്യാർത്ഥമാണ് തസ്തിക മാറ്റി സ്ഥാപിച്ചത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

**വളർത്തുമൃഗങ്ങളുടെ ചികിത്സ**

28 (2521) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളർത്തു മൃഗങ്ങളായ പശു, എരുമ, കാള, പോത്ത്, ആട് തുടങ്ങിയവയുടെ എണ്ണം കുറയുന്നതായി മൃഗസംരക്ഷണ വകുപ്പിന് വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) പശു, എരുമ, ആട് തുടങ്ങിയ മൃഗങ്ങൾക്ക് രാത്രി അടിയന്തര ചികിത്സ ആവശ്യമാകുന്ന ഘട്ടത്തിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നില്ലെന്ന കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 24 മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രികൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഡോക്ടർമാരുടെ കുറിപ്പ് ഇല്ലാതെ മരുന്ന് നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം ഡ്രഗ്സ് കൺട്രോളറെ കൊണ്ട് പരിശോധിപ്പിച്ച് നടപടി സ്വീകരിക്കുമോ;

(ഇ) മൃഗസംരക്ഷണ വകുപ്പിലെ ഡോക്ടർമാർക്ക് 24 മണിക്കൂറും പ്രവർത്തിക്കുവാൻ ആവശ്യമായ സൗകര്യം ഒരുക്കുമോ; രാത്രികാലങ്ങളിൽ കർഷകന്റെ വീട്ടിൽ എത്തുവാൻ ഡോക്ടർമാർക്ക് ഉണ്ടാകുന്ന പ്രായോഗികമായ ബുദ്ധിമുട്ട് പരിശോധിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിൽ പരിഗണനയിലില്ല.

(ഡി) ഡോക്ടർമാരുടെ കുറിപ്പടിയില്ലാതെ മരുന്ന് നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഡോക്ടർമാർക്ക് രാത്രികാലങ്ങളിൽ കർഷകന്റെ വീട്ടിൽ എത്തി ചികിത്സ നൽകുവാൻ വാഹനസൗകര്യം ഉൾപ്പെടെയുള്ള പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. ഈ കുറവ് പരിഹരിക്കുന്നതിന് തെരഞ്ഞെടുത്ത 65 ബ്ലോക്കുകളിൽ രാത്രികാല അടിയന്തിര മൃഗചികിത്സാ സേവനത്തിനായി കരാറടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയോഗിച്ചിട്ടുണ്ട്.

**മൃഗസംരക്ഷണ വകുപ്പ് പദ്ധതികൾ**

29 (2522) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണമേന്മയുള്ളതും ഉത്പാദനക്ഷമത കൂടിയതും കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് വളരാനാകുന്നതുമായ പക്ഷിമൃഗാദികളെ ഉൽപാദിപ്പിച്ചും വളർത്തിയും മിതമായ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ എന്തെല്ലാം പദ്ധതികളാണ് മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നതെന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകൾവഴി ലഭ്യതയനുസരിച്ച് ആട്, കോഴി, താറാവ്, പന്നി എന്നിവ മിതമായ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുന്ന പദ്ധതികൾ വകുപ്പുവഴി നടപ്പാക്കുന്നുണ്ട്.

(ബി) കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഒരു വ്യക്തിയ്ക്ക് 12,500 രൂപ വകയിരുത്തിയിട്ടുള്ളതിൽ 6,250 രൂപ ഗുണഭോക്തൃ വിഹിതവും 3,125 രൂപ വീതം സ്റ്റേറ്റ് ഫണ്ടും പഞ്ചായത്ത് ഫണ്ടും ചേർന്നതാണ്. കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ പ്രീമിയം തുകയുടെ 25 ശതമാനം തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്.

കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം വിനിയോഗിച്ച് പശു, കിടാരി, ആട്, കോഴി വളർത്തൽ പദ്ധതികൾ, മൃഗസംരക്ഷണ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങൽ, മൃഗസംരക്ഷണ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണവും അറ്റകുറ്റപ്പണികളും തെരുവുനായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രണ പദ്ധതി, ക്യാമ്പ് ഡിസ്പെൻസറികളും ഫാം സന്ദർശനങ്ങളും, വറ്റകറവ തീറ്റ വിതരണ പദ്ധതി, ന്യായവില മെഡിക്കൽ സ്റ്റോറുകൾ എന്നിവ മൃഗസംരക്ഷണ വകുപ്പുമുഖേന നടപ്പിലാക്കിവരുന്നു.

**മൃഗസംരക്ഷണ വകുപ്പിലെ പ്രൊമോഷൻ**

30 (2523) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിൽ 2012 മുതൽ സീനിയോറിറ്റി മറികടന്ന് വെറ്ററിനറി സർജൻമാരുടെ പ്രൊമോഷൻ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇടുക്കി കൽത്തൊട്ടി വെറ്ററിനറി ഡിസ്പെൻസറിയിലെ വെറ്ററിനറി സർജനായ ഡോ. ടെസ്സി സബിതയുടെ ജൂനിയറായ എത്ര പേർക്ക് നാളിതുവരെ പ്രമോഷൻ നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) ഡോ. ടെസ്സി സബിതയ്ക്ക് ഇതുവരെ പ്രൊമോഷൻ നൽകാതെ തടഞ്ഞുവയ്ക്കുവാനുണ്ടായ കാരണം വിശദമാക്കാമോ;

(ഡി) ഡോ. ടെസ്സി സബിതയ്ക്ക് മുൻകാല പ്രാബല്യത്തോടെ പ്രമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഇവർക്ക് പ്രൊമോഷൻ നൽകുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) മൃഗസംരക്ഷണ വകുപ്പിൽ 2012-ൽ തയ്യാറാക്കിയ വെറ്ററിനറി സർജന്മാരുടെ സീനിയോറിറ്റി ലിസ്റ്റാണ് നിലവിലുള്ളത്. അതിൽനിന്നും യോഗ്യരായവരെ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി തെരഞ്ഞെടുക്കുന്നത്

അനുസരിച്ചാണ് ഉദ്യോഗക്കയറ്റം നൽകിയിട്ടുള്ളത്. അപ്രകാരം സീനിയോറിറ്റി ലിസ്റ്റിൽനിന്നും ഉദ്യോഗക്കയറ്റത്തിന് അർഹതരല്ലാത്തവരെ മറികടന്ന് യോഗ്യരായവരുടെ പട്ടിക ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി തയ്യാറാക്കി നൽകിയതനുസരിച്ച് അയോഗ്യരെ ഒഴിവാക്കി ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. സീനിയോറിറ്റി നമ്പർ 36, 37, 40, 41, 49, 53, 66, 67, 70, 71, 125, 127, 131, 133, 144, 157, 160, 165, 167, 168, 170, 173, 175, 176 പ്രകാരമുള്ള ഉദ്യോഗസ്ഥർക്കും വിവിധ കാരണങ്ങളാൽ ഡി.പി.സി. അയോഗ്യരായി കണ്ട് ഒഴിവാക്കിയതിന്റെ അടിസ്ഥാനത്തിൽ മറ്റുള്ള യോഗ്യരായവർക്ക് ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. 2017-ലേയ്ക്കുള്ള യോഗ്യരായവരുടെ പട്ടിക അംഗീകരിച്ച ഡി.പി.സി.യും ടി സീനിയോറിറ്റി നമ്പറിലുള്ള ഉദ്യോഗസ്ഥരെ അയോഗ്യരായി കണ്ട് ഒഴിവാക്കിയിട്ടുണ്ട്.

(ബി) ഡോ. ടെസ്സി സബിതയുടെ ജൂനിയറായ 117 പേർക്ക് ഡി.പി.സി. തെരഞ്ഞെടുത്തപ്രകാരം ഇതിനകം ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. അവരുടെ സീനിയോറിറ്റി നമ്പറുകൾ ഇപ്രകാരമാണ്. 38,39, 42 മുതൽ 48, 50, 51, 52, 54 മുതൽ 65, 68, 69, 72 മുതൽ 124, 126, 128 മുതൽ 130, 132, 134 മുതൽ 143, 145 മുതൽ 156, 158 മുതൽ 159, 161 മുതൽ 164, 166, 169, 171, 172, 174.

(സി) ഡോ. ടെസ്സി സബിത എറണാകുളം ജില്ലയിലെ കരുമാലൂർ വെറ്ററിനറി ഡിസ്പെൻസറിയിൽ ജോലി നോക്കിയിരുന്ന അവസരത്തിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിനും കൃത്യവിലോപം നടത്തിയതിനും അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നതിനാലും അച്ചടക്കനടപടി നാളിതുവരെ പൂർത്തിയാകാത്തതിനാലുമാണ് ടിയാൾക്ക് ഉദ്യോഗക്കയറ്റം നൽകാൻ യോഗ്യതയില്ലെന്ന് കണ്ട് ടിയാളെ ഡി.പി.സി. യോഗ്യരായവരുടെ പട്ടികയിൽനിന്ന് ഒഴിവാക്കിയത്.

(ഡി & ഇ) ഡോ. ടെസ്സി സബിതയ്ക്കെതിരായ അച്ചടക്ക നടപടി പൂർത്തിയാകുന്ന മുറക്കും ആ സമയത്ത് കൂടുന്ന ഡി.പി.സി. തീരുമാനത്തിന് വിധേയമായിട്ടും മാത്രമേ ടിയാൾക്ക് ഉദ്യോഗക്കയറ്റം നൽകുന്ന വിഷയം പരിഗണിക്കാനാകൂ. വീഴ്ച വരുത്തിയതായി കാണുന്നില്ല.

## നിർത്തലാക്കിയ തസ്തികകൾ

31 (2524) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിൽ 2003 ൽ നിർത്തലാക്കിയ 67 ൽപരം തസ്തികകൾ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് ധനകാര്യവകുപ്പുമായി കത്ത് ഇടപാടുകൾ നടന്നിട്ടുണ്ടോ;എങ്കിൽ പ്രസ്തുത കത്തിന് ലഭിച്ച മറുപടിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) മൃഗസംരക്ഷണ വകുപ്പിൽ വെറ്ററിനറി സർജൻമാരുടെ കുറവുണ്ടോ; ഗവൺമെന്റ് നടപ്പിലാക്കിവരുന്ന പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകുന്നതിന് വേണ്ടി കൂടുതൽ അസിസ്റ്റന്റ് സർജൻമാരെ നിയമിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇതുസംബന്ധിച്ച് ധനകാര്യ വകുപ്പുമായി കൂടിയാലോചന നടന്നിട്ടുണ്ട്. ധനകാര്യ വകുപ്പ് നൽകിയ അഭിപ്രായം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) മൃഗസംരക്ഷണ വകുപ്പിൽ വെറ്ററിനറി സർജന്മാരുടെ കുറവുണ്ട്. നിലവിൽ വകുപ്പിലുള്ള 11 വെറ്ററിനറി സർജന്മാരുടെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ആയതിനുള്ള നിയമന ശിപാർശ വരുന്ന മുറയ്ക്ക് അവർക്ക് നിയമനം നൽകുന്നതാണ്.

## മൃഗസംരക്ഷണ വകുപ്പിന്റെ സേവനങ്ങൾ

32 (2525) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ക്ഷീര വികസനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന സേവനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) മൃഗസംരക്ഷണ വകുപ്പിന്റെ സേവനങ്ങൾ വെറ്ററിനറി പോളീക്ലിനിക്ക്, ഡിസ്പെൻസറികൾ എന്നിവിടങ്ങളിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) താഴെപ്പറയുന്ന സേവനങ്ങൾ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്നു.

1. കൃത്രിമ ബീജസങ്കലനവും പ്രഥമ ശുശ്രൂഷയും നൽകൽ
2. വകുപ്പുമായി ബന്ധപ്പെട്ട് സേവനങ്ങൾ ലഭിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ നൽകൽ (ഹെൽത്ത്/ഇൻഷ്വറൻസ് മുതലായവ)
3. ചികിത്സാ സേവനം ലഭ്യമാക്കൽ
4. സർക്കാർ ഫാമുകൾ (കന്നുകാലി/കോഴി ഫാമുകൾ) സന്ദർശിക്കാനും ഉരുക്കളെയും പക്ഷികളെയും വാങ്ങുന്നതിനുമുള്ള സേവനം
5. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തൽ
6. അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന മൃഗങ്ങൾക്ക് പ്രവേശനാനുമതി നൽകുന്നത് (ചെക്ക് പോസ്റ്റ് മുഖേന)
7. മൃഗോൽപ്പന്നങ്ങൾക്കും സമുദ്രോൽപ്പന്നങ്ങൾക്കും കയറ്റുമതിയ്ക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ നൽകൽ.
8. മൃഗസംരക്ഷണ മേഖലയിൽ സംരംഭകരെ സൃഷ്ടിക്കാനുതകുന്ന വിവിധ പരിശീലനങ്ങൾ
9. സംസ്ഥാന പദ്ധതി നിർവ്വഹണം ഗുണഭോക്തൃ അടിസ്ഥാനത്തിൽ
10. പ്രകൃതി ദുരന്തനിവാരണം, നഷ്ടപരിഹാര വിതരണം
11. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ വികേന്ദ്രീകരണ ആസൂത്രണം വഴി വ്യക്തിഗത ആനുകൂല്യങ്ങൾ, സ്വയം സഹായ സംഘങ്ങൾക്കുള്ള ആനുകൂല്യങ്ങൾ എന്നിവയ്ക്കുള്ള പദ്ധതി നടപ്പിലാക്കൽ
12. വകുപ്പിന്റെ കീഴിലുള്ള ലബോറട്ടറികൾ മുഖേന രോഗനിർണ്ണയം (Telepathology)
13. ജന്തുജന്യ രോഗങ്ങളുടെ നിർണ്ണയവും നിർമ്മാർജ്ജനവും
14. പക്ഷിമൃഗാദികളിൽ കാണപ്പെടുന്ന രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ മരുന്നിന്റെ ഉൽപ്പാദനം, വിതരണം, കുത്തിവെയ്പുകൾ
15. പ്രത്യേക രോഗവിമുക്ത മേഖല സൃഷ്ടിക്കൽ
16. ABC (Animal Birth Control Programme) നടത്തിപ്പ്.

(ബി) മേൽ വിവരിച്ച സേവനങ്ങൾ വെറ്ററിനറി പോളിക്ലിനിക്, ഡിസ്പെൻസറികൾ എന്നിവിടങ്ങളിൽ നിലവിൽ ലഭ്യമാണ്.

## കാലിത്തീറ്റ ഫാക്ടറിയുടെ പ്രവർത്തനം

33 (2526) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന സെൻട്രൽ ഹാച്ചറിയിൽ കാലിത്തീറ്റ ഫാക്ടറിയുടെ പ്രവർത്തനങ്ങൾ ആരംഭിയ്ക്കാത്തതിന്റെ കാരണം വിശദീകരിക്കുമോ;

(ബി) സെൻട്രൽ ഹാച്ചറിയിൽ ഇപ്പോൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ ഹാച്ചറിയിലെ ഉൽപ്പാദനമേഖലയ്ക്ക് എത്രമാത്രം ഗുണം ചെയ്യുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഹാച്ചറിയിൽ കാലിത്തീറ്റ ഫാക്ടറി പ്രവർത്തിപ്പിക്കുവാനും മറ്റുല്പാദന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനും എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശ്യമില്ല. എന്നാൽ കോഴിത്തീറ്റ നിർമ്മിക്കുന്നതിന് ഒരു പുതിയ പ്ലാന്റ് ഇൻസ്റ്റാൾ ചെയ്തു കഴിഞ്ഞു. പ്ലാന്റ് പ്രവർത്തിക്കുന്നതിനും ആവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനും നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) പുതിയ ഷെഡ്ഡുകൾ നിർമ്മിക്കുന്നതിന് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് 1500 പേരന്റ് സ്റ്റോക്കിനെ കൂടുതലായി വളർത്തുവാൻ കഴിയും. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ 5-6 കോടി രൂപ മുടക്കി റ്റു-ടയർ, സംവിധാനത്തിലുള്ള പുതിയ ഷെഡ്ഡുകൾ നിർമ്മിക്കുന്നതിന് നബാർഡിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. ഫണ്ട് റിലീസ് ചെയ്തുകിട്ടുന്ന മുറയ്ക്ക് വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. വികസന പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഹാച്ചറിയിൽ മുട്ടയുൽപ്പാദനവും കോഴിക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനവും വർദ്ധിക്കുന്നതാണ്.

(സി) ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നില്ല. കോഴിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പുതിയ ഷെഡ്ഡുകളുടെ പണി പൂർത്തീകരിക്കുന്നതോടെ 1500 പാരന്റ് സ്റ്റോക്കിനെ കൂടുതൽ വളർത്താനും അതുവഴി പ്രതിവർഷം 2,70,000 മുട്ടയും 1,80,000 കോഴിക്കുഞ്ഞുങ്ങളെയും അധികം ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു.

## മൃഗസംരക്ഷണം കാര്യക്ഷമമാക്കൽ

34 (2527) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണം കൂടുതൽ കാര്യക്ഷമമായി പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കുന്നത്;

(ബി) കുട്ടനാട്ടിൽ ക്ഷീര കർഷകർക്കും താറാവ് കർഷകർക്കും കൂടുതൽ ആനുകൂല്യങ്ങൾ നല്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കറവയന്ത്രം സ്ഥാപിക്കുന്നതിനുവേണ്ടി 25,000 രൂപയുടെ ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. 2017-18-ൽ കന്നുകാലി ഇൻഷ്വറൻസിനുവേണ്ടി "ഗോ സമൃദ്ധി" പദ്ധതി നടപ്പിലാക്കുന്നതിനായി 5 കോടി രൂപ 2017-18 ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ക്ഷീരവികസന വകുപ്പ് മുഖേന 2017-18 വർഷം സംസ്ഥാനത്തെ തെരഞ്ഞെടുത്ത 50 ബ്ലോക്കുകളെ ഡെയറി സോണായി പരിഗണിച്ചും 5 ഗ്രാമപഞ്ചായത്തുകളെ ക്ഷീരഗ്രാമമായി തെരഞ്ഞെടുത്തും സമഗ്ര ക്ഷീരവികസന പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ബാങ്കുവായ്പ എടുത്ത് വാങ്ങിയ പശുക്കൾ ചത്തുപോയതുമൂലമോ ഉൽപ്പാദനം കുറഞ്ഞതുമൂലമോ വായ്പ തിരിച്ചടയ്ക്കാനാവാതെ കടക്കെണിയിലായ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി 5 കോടി രൂപയുടെ കടാശ്വാസ പദ്ധതി നടപ്പിലാക്കുന്നു.

സർക്കാർ-പൊതുമേഖല-സ്വകാര്യ മേഖലയിൽ തരിശ്ശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി തീറ്റപ്പുൽക്കൃഷി വാണിജ്യാടിസ്ഥാനത്തിൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## മൃഗാശുപത്രി

35 (2528) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ കേന്ദ്രമായി ഒരു അത്യാധുനിക സൗകര്യമുള്ള മൃഗാശുപത്രി സ്ഥാപിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിൽ നിന്ന് എന്തെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

മൃഗസംരക്ഷണ വകുപ്പിൽനിന്നും ഇതിനായി പദ്ധതികൾ ഒന്നുംതന്നെ സമർപ്പിച്ചിട്ടില്ല.

**നഷ്ടപരിഹാരം**

36 (2529) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലികൾ ചത്താൽ നഷ്ടപരിഹാരം നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) 2016-17-ലെ ബജറ്റിൽ ഇതിനായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്;

(സി) കന്നുകാലികൾ ചത്തതിന് നഷ്ടപരിഹാരമാവശ്യപ്പെട്ട് ലഭിച്ച അപേക്ഷകളിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആകെ എന്ത് തുക അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ, ആന്ത്രാക്സ്, പേവിഷബാധ, വന്യമൃഗങ്ങളുടെ ആക്രമണം, ഇടിമിന്നൽ, മുങ്ങി മരണം, വൈദ്യുതാഘാതം, സൂര്യാഘാതം, അപകടം തുടങ്ങിയവയാൽ കന്നുകാലികൾ മരണപ്പെട്ടാൽ നഷ്ടപരിഹാരം നൽകുന്ന പദ്ധതി നിലവിലുണ്ട്.

(ബി) 2016-17-ലെ ബജറ്റിൽ 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നഷ്ടപരിഹാരം ആവശ്യപ്പെട്ട് ലഭിച്ച അപേക്ഷകളിൽ എല്ലാ ജില്ലകൾക്കുമായി 84 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

**ശ്രീകൃഷ്ണപുരം മൃഗാശുപത്രി**

37 (2530) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ബ്ലോക്ക് കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ശ്രീകൃഷ്ണപുരം മൃഗാശുപത്രിയെ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തണമെന്ന ആവശ്യം സർക്കാരിന്റെ

പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി സമർപ്പിക്കപ്പെട്ട പ്രോജക്റ്റിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ബ്ലോക്ക് കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ശ്രീകൃഷ്ണപുരം മൃഗാശുപത്രിയെ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തണമെന്ന ആവശ്യം സംബന്ധിച്ച് പ്രൊപ്പോസലുകളൊന്നും ലഭിച്ചിട്ടില്ല.

## കന്നുകാലികളുടെ വംശവർദ്ധനവ്

38 (2531) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലികളുടെ വംശ വർദ്ധനവ് ത്വരിതപ്പെടുത്തുന്നതിനുവേണ്ടി വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികളുടെ വിശദവിവരം നൽകുമോ;

(ബി) കേരളത്തിൽ മുൻപുണ്ടായിരുന്ന പല നാടൻ കന്നുകാലികളും വംശനാശ ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അവയെ സംരക്ഷിച്ച് നിലനിർത്തുന്നതിന് സമഗ്രമായ പദ്ധതി നടപ്പിലാക്കുമോ?

ഉത്തരം

(എ) കന്നുകാലികളുടെ വംശവർദ്ധനവ് ത്വരിതപ്പെടുത്തിന്നതിനുവേണ്ടി 2978 കൃത്രിമ ബീജധാനകേന്ദ്രങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. ഈ കേന്ദ്രങ്ങൾ മുഖേന കന്നുകാലി പ്രജനന നയം അനുശാസിക്കുന്ന രീതിയിലുള്ള ജനിതക മേന്മയുള്ള വിത്തുകാളകളുടെ ഗാഢശീതീകരിച്ച ബീജം ലഭ്യമാക്കുന്നുണ്ട്. കൂടാതെ ഉയർന്ന ജനിതക ശേഷിയുള്ള അഞ്ച് ഹോൾസ്റ്റീൻ ഫ്രീഷ്യൻ വിത്തുകാളകളെ ജർമ്മനിയിൽനിന്നും നാല് ജഴ്സി വിത്തുകാളക്കുട്ടികളെ ഡെൻമാർക്കിൽനിന്നും ഇറക്കുമതി ചെയ്തുകഴിഞ്ഞു. ഇവയുടെ ബീജമാത്രകൾ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്യുന്നതാണ്. ഇതിനുപുറമേ ഉയർന്ന ജനിതക മൂല്യമുള്ള വിത്തുകാളകളുടെ ബീജമാത്രകളും ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകളും ഇറക്കുമതി ചെയ്യാനുള്ള നടപടികളും അന്തിമ ഘട്ടത്തിലാണ്.

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ വിതരണം ചെയ്തുവരുന്നതുമൂലം കന്നുകുട്ടികൾ നിർദ്ദിഷ്ട പ്രായത്തിൽത്തന്നെ മദിയിൽ വരികയും വംശവർദ്ധനവിന് സഹായമാകുകയും ചെയ്യുന്നുണ്ട്.

അംശമൂലകങ്ങളുടെ കുറവുമൂലമുള്ള വന്ധ്യത പരിഹരിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം 2 കോടി രൂപയുടെ ധാതുലവണ മിശ്രിതം സൗജന്യമായി മൃഗാശുപത്രികൾവഴി വിതരണം ചെയ്യുന്നുണ്ട്.

കൂടാതെ വന്ധ്യതാ നിവാരണത്തിനുള്ള വിവിധതരം ഹോർമോണുകൾ, വിരമരുന്ന് മുതലായവയും വകുപ്പിന്റെ ചികിത്സാ കേന്ദ്രങ്ങൾവഴി വിതരണം നടത്തിവരുന്നു.

(ബി) കേരളത്തിലെ തനതു നാടൻ ജനുസ്സുകളായ വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളെ സംരക്ഷിച്ച് നിലനിർത്തുന്നതിന് സമഗ്രമായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഈ ജനുസ്സുകളിൽപ്പെട്ട പശുക്കളെ വളർത്തി സംരക്ഷിക്കുന്ന കർഷകർക്ക് 10,000 രൂപ ഒറ്റത്തവണ ധനസഹായമായി കെ.എൽ.ഡി. ബോർഡ് നൽകിവരുന്നുണ്ട്. കൂടാതെ ഈയിനത്തിൽപ്പെട്ട പശുക്കളെ ബീജധാനം നടത്തുന്നതിന് ഇതേ ജനുസ്സുകളിൽപ്പെട്ട വിത്തുകാളകളുടെ ഗാഢശീതികരിച്ച ബീജം ആവശ്യമുള്ള കേന്ദ്രങ്ങളിലെല്ലാം എത്തിച്ചുകൊടുക്കുന്നുണ്ട്.

കേരളത്തിന്റെ തനതു ജനുസ്സായ കാസർഗോഡ് കുള്ളൻ പശുക്കളെ വംശനാശ ഭീഷണിയിൽനിന്നും സംരക്ഷിക്കുന്നതിലേയ്ക്ക് മാത്രമായി ബദിയഡുക്കയിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ "ബദിയഡുക്ക കന്നുകാലി ഫാം" പ്രവർത്തിച്ചുവരുന്നു.

മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകളായ വിതുര ജഴ്സി ഫാം, കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം എന്നിവയിൽ വെച്ചൂർ ഇനത്തിൽപ്പെട്ട കന്നുകാലി ജനുസ്സിന്റെ സംരക്ഷണത്തിനായി പശുക്കളെയും വിത്തുകാളകളെയും വളർത്തുന്നുണ്ട്.

**നെയ്യാറ്റിൻകര മൃഗാശുപത്രി**

39 (2532) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രി ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രം ആക്കി മാറ്റുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത മൃഗാശുപത്രി പോളിക്ലിനിക് ആക്കി ഉയർത്തുന്ന നടപടി എന്തായിയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നടപടി സ്വീകരിച്ചിട്ടില്ല.

(ബി) സംസ്ഥാനത്തെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് നെയ്യാറ്റിൻകരയിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയെ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തുന്ന കാര്യം തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

**അറവുമാടുകൾ**

40 (2533) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും അറവുമാടുകളെ കൊണ്ടുവരുന്നത് മതിയായ രേഖകളില്ലാതെയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രോഗം ബാധിച്ച മൃഗങ്ങളെ കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മതിയായ രേഖകളില്ലാതെ കൊണ്ടുവരുന്നവയെ കേരളത്തിലേയ്ക്ക് കടത്തി വിടാതെ മടക്കി അയയ്ക്കുകയാണ് ചെയ്യുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പാലിന്റെ വില വർദ്ധന

41 (2534) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമ പാലിന്റെ വില വർദ്ധിപ്പിച്ചതുമായി ബന്ധപ്പെട്ട് ഉപഭോക്താക്കൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉപഭോക്താക്കളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ക്ഷീര കർഷകർക്ക് സബ്സിഡി നൽകി വില വർദ്ധനവ് പിൻവലിക്കുന്നതിന് നിർദ്ദേശം നൽകുമോ;

(സി) തിരുവനന്തപുരം നഗരസഭ നടപ്പിലാക്കുന്ന പ്ലാസ്റ്റിക് നിരോധനത്തോടനുബന്ധിച്ച് പ്ലാസ്റ്റിക് കവറുകളിൽ പാൽ വിൽക്കുന്നതിനു പകരമായി മിൽമ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതു സംബന്ധിച്ച് ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഇതിന്റെ സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്.

(സി) കേരളമുൾപ്പെടെ ഇന്ത്യയിലെ സംസ്ഥാനങ്ങളിലെല്ലാംതന്നെ ഡെയറികളിലൂടെ പാൽ വിതരണം ചെയ്യപ്പെടുന്നതിന്റെ ഭൂരിഭാഗവും പ്ലാസ്റ്റിക് (എൽഡിപിഇ - Low Density Polyethylene) പാക്കറ്റുകളിലാണ്. ഇതിനുപകരമായി വിപുലമായ രീതിയിലുള്ള പാക്കിംഗ് സംവിധാനം ഇതുവരെയും നിലവിൽ വന്നിട്ടില്ല. ഫുഡ് സേഫ്റ്റി നിയമം അനുശാസിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചുള്ള പാക്കിംഗ് ഫിലിം ഉപയോഗിച്ചാണ് മിൽമ പായ്ക്ക് ചെയ്ത് വിതരണം ചെയ്യുന്നത്.

## ക്ഷീരോൽപ്പാദക മേഖലയിലുണ്ടായ പ്രശ്നങ്ങൾ

42 (2535) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ച മൂലം ക്ഷീരോൽപ്പാദക മേഖലയിലുണ്ടായിട്ടുള്ള പ്രശ്നങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) അന്തരീക്ഷ താപനിലയിലുണ്ടായ വർദ്ധനവുമൂലം പാലുൽപ്പാദനത്തിൽ കുറവുണ്ടായിട്ടുണ്ടോ;

(സി) അന്യ സംസ്ഥാനങ്ങളിൽനിന്നും പ്രതിദിനം എത്ര ലിറ്റർ പാൽ കേരളത്തിൽ എത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) സഹകരണമേഖലയിൽ നിന്നും പ്രതിദിനം എത്ര ലിറ്റർ പാലാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ; വരൾച്ചമൂലം ഇതിന് കുറവുണ്ടായിട്ടുണ്ടോ;

(ഇ) വരൾച്ചമൂലം കടക്കെണിയിലായ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തുണ്ടായിട്ടുള്ള കടുത്ത വരൾച്ചകാരണം ശുദ്ധജലത്തിന്റെയും കാലിത്തീറ്റ വിളകളുടെയും ലഭ്യതക്കുറവുണ്ടായിട്ടുണ്ട്. ഇതിന്റെ ഫലമായി 2017 ജനുവരിയിൽ 2016 ഡിസംബർ മാസത്തേക്കാൾ പാലുൽപ്പാദനത്തിൽ ഏകദേശം 2 ശതമാനത്തിന്റെ കുറവ് വന്നിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള വൈക്കോലിന്റെയും കാലിത്തീറ്റ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെയും വരവും കുറഞ്ഞിട്ടുണ്ട്.

(ബി) കുറവുണ്ടായിട്ടുണ്ട്.

(സി) മിൽമ പ്രതിദിനം ഏകദേശം 2.8 ലക്ഷം ലിറ്റർ പാൽ കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നു. സ്വകാര്യ ഏജൻസികളും വ്യക്തികളും കൊണ്ടുവരുന്ന പാലിന്റെ കണക്ക് ലഭ്യമല്ല.

(ഡി) ക്ഷീരസഹകരണ സംഘങ്ങൾവഴി പ്രതിദിനം ശരാശരി 16.43 ലക്ഷം ലിറ്റർ സംഭരിച്ച് വിതരണം നടത്തുന്നുണ്ട്. ക്ഷീരസഹകരണ സംഘങ്ങൾ സംഭരിക്കുന്ന പാലിന്റെ അളവിലും വരൾച്ചമൂലം കുറവ് വന്നിട്ടുണ്ട്.

(ഇ) ബാങ്ക് വായ്പ എടുത്ത് വാങ്ങിയ പശുക്കൾ ചത്തുപോയതുമൂലമോ ഉൽപ്പാദനം കുറഞ്ഞതുമൂലമോ വായ്പ തിരിച്ചടയ്ക്കാനാവാതെ കടക്കെണിയിലായ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി 5 കോടി രൂപയുടെ കാർഷിക കടാശ്വാസ പദ്ധതിയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കത്തക്ക രീതിയിൽ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി തീറ്റപ്പുൽക്കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കടുത്ത വരൾച്ചമൂലം കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് 2017 മാർച്ച് 1 മുതൽ 31 വരെ ക്ഷീരസഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന കാലിത്തീറ്റയ്ക്ക് 50 കിലോ ചാക്കൊന്നിന് 100 രൂപ പ്രത്യേക കിഴിവ് നൽകിവരുന്നുണ്ട്.

**ക്ഷീരോൽപ്പാദനം**

43 (2536) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരോത്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(ബി) ക്ഷീരോത്പാദനരംഗത്തെ വളർച്ചക്കായി ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) നമ്മുടെ നാടിന് അനുയോജ്യമായതും ഒട്ടേറെ ഔഷധഗുണമുള്ള പാൽ ലഭിക്കുന്നതുമായ വെച്ചൂർ പശുവിനെപ്പോലുള്ള നാടൻ പശുക്കളെ സംരക്ഷിക്കുന്നതിനും കൂടുതലായി ഇവയെ വളർത്തുവാൻ ക്ഷീരകർഷകരെ പ്രേരിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(ഡി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്ത് പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽക്കൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലൂടെ കറവമാടുകളെ വാങ്ങുന്നതിനുള്ള സഹായം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം, കറവപ്പശുക്കൾക്ക് വായ്പയെടുത്തതുമായി ബന്ധപ്പെട്ട് കടക്കെണിയിലായ കർഷകരെ സഹായിക്കുന്നതിനുള്ള പദ്ധതി, പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, വിവാഹധനസഹായം, മരണാനന്തര സഹായം, ചികിത്സാ സഹായം, ക്ഷീരകർഷകരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവയും നൽകിവരുന്നു. ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മിൽമയുടെ മേഖലാ യൂണിയനുകൾ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പുവർഷം ഉൽപ്പാദനക്ഷമതയുള്ള സങ്കരയിനം കറവപ്പശുക്കളെ ക്ഷീരകർഷകർക്ക് എം.എസ്.ഡി.പി. പദ്ധതിയിലൂടെ ലഭ്യമാക്കുന്നുണ്ട്. ഒരു പശു, 2 പശു, 5 പശു, 10 പശു, 5 കിടാരി, 10 കിടാരി വീതമുള്ള ഡെയറി യൂണിറ്റുകൾക്ക് ക്ഷീരകർഷകർക്ക് സഹായം നൽകുന്നു.

ക്ഷീരകർഷകർക്കാവശ്യമായ പച്ചപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് തീറ്റപ്പുൽക്കൃഷി വികസന പദ്ധതി, കാലിത്തീറ്റ വിലവർദ്ധനവിൽ കർഷകരെ സഹായിക്കുന്നതിന് കാലിത്തീറ്റ സബ്സിഡി പദ്ധതി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

2017-18 വർഷത്തിൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 50 ബ്ലോക്കുകളിൽ സമഗ്ര ക്ഷീരവികസന പദ്ധതിയിലൂടെയും 5 ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതിയിലൂടെയും ഉൽപ്പാദനക്ഷമത കൂടിയ മേൽത്തരം കറവപ്പശുക്കളെ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്.

ക്ഷീരോൽപ്പാദന രംഗത്തേയ്ക്ക് കൂടുതൽ കർഷകരെ കൊണ്ടുവരുന്നതിന് സാങ്കേതിക വിദ്യകളും ഈ രംഗത്തുള്ള നൂതന പ്രവണതകളും കർഷകരിലേയ്ക്ക് എത്തിക്കുന്നതിന് നിലവിലുള്ള ക്ഷീരപരിശീലനകേന്ദ്രങ്ങളെ സംരംഭകത്വ പ്രോത്സാഹന പരിശീലനകേന്ദ്രങ്ങളാക്കി മാറ്റുന്നതിനും അതിലൂടെ പാലിൽനിന്നും വൈവിദ്ധ്യമാർന്ന ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും പരിശീലനത്തിനും വിപണന സൗകര്യത്തിനുമുള്ള സഹായങ്ങൾ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ക്ഷീരകർഷകവൃത്തി കാർഷികവൃത്തിയായി പരിഗണിച്ച് മറ്റു കർഷകർക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ക്ഷീരകർഷകർക്കും ലഭ്യമാക്കുന്നതിന്റെ ആവശ്യം സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്.

(സി) സ്വീകരിച്ചുവരുന്നു.

(ഡി) കേരളത്തിന്റെ തനതു നാടൻ ജനുസ്സായ വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളുടെ പാൽ മേന്മയേറിയതാണെങ്കിലും ശരാശരി ഉൽപ്പാദനം 2 ലിറ്ററിന് താഴെയാണ്. സംസ്ഥാനത്ത് പാലിന് സ്വയംപര്യാപ്തത നേടുന്നതിന് ഉൽപ്പാദനം കൂടിയ സങ്കരയിനം കന്നുകാലികൾ ആവശ്യമാണ്. എന്നിരുന്നാലും വെച്ചൂർ പശുക്കളെ വളർത്താൻ താൽപ്പര്യമുള്ള കർഷകർക്ക് ഗുണനിലവാരമുള്ള ഉരുക്കളെ നൽകുന്നതിന് കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന വെച്ചൂർ കൺസർവേഷൻ ട്രസ്റ്റ് സഹായിക്കുന്നുണ്ട്. കൂടാതെ ഈ ജനുസ്സുകളിൽപ്പെട്ട പശുക്കളെ വളർത്തി സംരക്ഷിക്കുന്ന കർഷകർക്ക് 10,000 രൂപ ഒറ്റത്തവണ ധനസഹായമായി കെ.എൽ.ഡി. ബോർഡ് (കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ) നൽകിവരുന്നുണ്ട്.

- കെ.എൽ.ഡി. ബോർഡിന്റെ തൃശ്ശൂർ പുത്തൂരുള്ള ഫാമിൽ നാടൻ ജനുസ്സുകളിൽപ്പെട്ട വെച്ചൂർ, കാസർഗോഡ് കുള്ളൻ കന്നുകാലികളെ വളർത്തി വംശനാശ ഭീഷണിയിൽനിന്നും സംരക്ഷിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു.
- മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കാസർഗോഡ് കുള്ളൻ പശുക്കളുടെ സംരക്ഷണത്തിനായി കാസർഗോഡ് ജില്ലയിലെ ബദിയടുക്കയിൽ ഫാം പ്രവർത്തിച്ചുവരുന്നു.
- തിരുവനന്തപുരം കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ വെച്ചൂർ ഇനത്തിൽപ്പെട്ട പശുക്കളെയും കാളകളെയും സംരക്ഷിച്ചുവരുന്നു.
- തിരുവനന്തപുരം വിതുര ജഴ്സി ഫാമിൽ വെച്ചൂർ ഇനത്തിൽപ്പെട്ട പശുക്കളെയും കാളകളെയും സംരക്ഷിച്ചുവരുന്നു.
- കെ.എൽ.ഡി. ബോർഡ് വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നീ ജനുസ്സുകളിൽപ്പെട്ട കാളകളുടെ ബീജമാത്രകൾ മൃഗസംരക്ഷണ വകുപ്പിന്റെ കൃത്രിമബീജധാന കേന്ദ്രങ്ങൾവഴി വിതരണം നടത്തുന്നുണ്ട്.
- കൂടാതെ സംസ്ഥാനത്ത് ഇവയുടെ സംരക്ഷണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഗവൺമെന്റേതര സന്നദ്ധ സംഘടനകൾ (NGO's) പ്രവർത്തിക്കുന്നുണ്ട്. അവർക്ക് വേണ്ട എല്ലാ സഹായ സഹകരണങ്ങളും മൃഗസംരക്ഷണ വകുപ്പ് നൽകിവരുന്നു.

**ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധി**

44 (2537) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാലിത്തീറ്റയ്ക്ക് എത്ര പ്രാവശ്യം വില വർദ്ധിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) കാലിത്തീറ്റ സബ്സിഡിയായി ക്ഷീര സംഘങ്ങൾ മുഖേന കർഷകർക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; പാലിന്റെ വിലയിൽ ഉണ്ടായ വർദ്ധനവിന്റെ നേട്ടം കർഷകന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1-10-2016-ലും 16-1-2017-ലുമായി രണ്ട് തവണ 50 കിലോ കാലിത്തീറ്റ ചാക്കൊന്നിന് 10 രൂപ വീതം വില വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന കാലിത്തീറ്റയുടെ വില 12-1-2017 മുതൽ 50 കിലോ ചാക്കൊന്നിന് 75 രൂപയും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ക്ഷീരസംഘങ്ങൾ മുഖേന കർഷകർ സംഘങ്ങളിൽ അളക്കുന്ന പാലിന് 1 ലിറ്ററിന് ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകിവരുന്നു. കൂടാതെ ത്രിതല പഞ്ചായത്തുകൾ മുഖേന ഡിപ്പാർട്ട്മെന്റ് സബ്സിഡിക്ക് പുറമെ ഒരു ലിറ്റർ പാലിന് പരമാവധി 3 രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി കർഷകർക്ക് നൽകുന്നതിനും അനുമതിയുണ്ട്. നിലവിൽ സംസ്ഥാനത്തെ ഭൂരിപക്ഷം തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

പാലിന്റെ വിലയിലുണ്ടായ വർദ്ധനവിന്റെ നേട്ടം കർഷകന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പാലുൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി**

45 (2538) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽ കനത്തതോടെ സംസ്ഥാനത്തെ പാൽ ഉൽപ്പാദനത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രതിദിന ഉൽപ്പാദനത്തിൽ എത്ര ലിറ്റർ പാലിന്റെ കുറവാണ് ഇപ്പോഴുള്ളത്;

(സി) പച്ചപ്പുല്ലിന്റെയും വൈക്കോലിന്റെയും കുറവ്, ശുദ്ധജല ദൗർലഭ്യം എന്നിവ പാലുൽപ്പാദന രംഗത്ത് സൃഷ്ടിച്ച പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പാലുൽപ്പാദനം വർദ്ധിപ്പിക്കാനും പാൽവില ഉയരാതിരിക്കാനും എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദമാക്കുമോ?

ഉത്തരം

(എ) കുറവ് സംഭവിച്ചിട്ടുണ്ട്.

(ബി) 2017 ജനുവരിയിൽ 2016 ഡിസംബറിനേക്കാൾ പാലുൽപ്പാദനത്തിൽ ഏകദേശം 2 ശതമാനം കുറവു വന്നിട്ടുണ്ട് (പ്രതിദിനം ഏകദേശം 1.5 ലക്ഷം ലിറ്റർ).

(സി) പരിശോധിച്ചിട്ടുണ്ട്.

(ഡി) കാലിത്തീറ്റ വിളകളുടെയും തീറ്റപ്പുല്ലിന്റെയും ലഭ്യതക്കുറവ്, ജലത്തിന്റെ ലഭ്യതക്കുറവ് എന്നിവ പാലുൽപ്പാദനത്തെ ബാധിച്ചിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്ന വൈക്കോലിന്റെയും കാലിത്തീറ്റ നിർമ്മാണത്തിനുപയോഗിക്കുന്ന മറ്റു വസ്തുക്കളുടെയും അളവിലുണ്ടായ കുറവ് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇങ്ങനെയുണ്ടാകുന്ന വർദ്ധിച്ച ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനായി ക്ഷീരസംഘങ്ങളിൽ അളക്കുന്ന പാലിന് ആനുപാതികമായി സബ്സിഡി നൽകുന്നു. കൂടാതെ, ബാങ്ക് വായ്പ എടുത്തു വാങ്ങിയ പശുക്കൾ ചത്തുപോയതുമൂലമോ ഉൽപ്പാദനം കുറഞ്ഞതുമൂലമോ വായ്പ തിരിച്ചടയ്ക്കാനാവാതെ കടക്കെണിയിലായ ക്ഷീരകർഷകരെ സഹായിക്കുന്നതിനായുള്ള കടാശ്വാസ പദ്ധതിയ്ക്ക് 5 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. അടുത്ത സാമ്പത്തികവർഷം മുതൽ നടപ്പിലാക്കത്തക്ക രീതിയിൽ ഗ്രീൻബുക്കിൽ ഉൾപ്പെടുത്തി തീറ്റപ്പുൽക്കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

മിൽമയുടെ 3 മേഖലാ യൂണിയനുകൾ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത**

46 (2539) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ.പി. അനിൽ കുമാർ:
ശ്രീ. സണ്ണി ജോസഫ്:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ എന്തെല്ലാം നൂതന പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) നിലവിൽ എന്തെല്ലാം പദ്ധതികളാണ് ക്ഷീരോല്പാദന വികസനത്തിനായി പ്രയോജനപ്പെടുത്തുന്നത്?

<u>ഉത്തരം</u>

(എ) പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഉൽപ്പാദനക്ഷമതയുള്ള സങ്കരയിനം കറവപ്പശുക്കളെ ക്ഷീരകർഷകർക്ക് എം.എസ്.ഡി.പി. (മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം) പദ്ധതിയിലൂടെ ലഭ്യമാക്കുന്നുണ്ട്. ഒരു പശു, 2 പശു, 5 പശു, 10 പശു, 5 കിടാരി, 10 കിടാരി വീതമുള്ള ഡെയറി യൂണിറ്റുകൾക്ക് ക്ഷീരകർഷകർക്ക് സഹായം നൽകുന്നു.

ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് 1 ലിറ്റർ പാലിന് 1 രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകിവരുന്നു. ഡിപ്പാർട്ട്മെന്റ് സബ്സിഡിക്ക് പുറമേ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന 1 ലിറ്റർ പാലിന് 3 രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

2017-18 വർഷത്തിൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 50 ബ്ലോക്കുകളിൽ സമഗ്ര ക്ഷീരവികസന പദ്ധതിയിലൂടെയും 5 ഗ്രാമ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതിയിലൂടെയും ഉൽപ്പാദനക്ഷമത കൂടിയ മേൽത്തരം കറവപ്പശുക്കളെ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തരിശ്ശായിക്കിടക്കുന്ന സർക്കാർ, പൊതുമേഖല, സ്വകാര്യ ഭൂമി കണ്ടെത്തി തീറ്റപ്പുൽക്കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുന്നതാണ്.

(ബി) ക്ഷീരോൽപ്പാദന രംഗത്തേക്ക് കൂടുതൽ കർഷകരെ കൊണ്ടുവരുന്നതിന് സാങ്കേതിക വിദ്യകളും ഈ രംഗത്തുള്ള നൂതന പ്രവണതകളും കർഷകരിലേയ്ക്ക് എത്തിക്കുന്നതിന് നിലവിലുള്ള ക്ഷീരപരിശീലന കേന്ദ്രങ്ങളെ സംരംഭകത്വ പ്രോത്സാഹന പരിശീലനകേന്ദ്രങ്ങളാക്കി മാറ്റുന്നതിനും അതിലൂടെ പാലിൽനിന്നും വൈവിദ്ധ്യമാർന്ന ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും പരിശീലനത്തിനും വിപണനസൗകര്യത്തിനുമുള്ള സഹായങ്ങൾ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ക്ഷീരകർഷകവൃത്തി കാർഷിവൃത്തിയായി പരിഗണിച്ച് മറ്റു കർഷകർക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ക്ഷീരകർഷകർക്കും ലഭ്യമാക്കുവാൻ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്.

(സി) ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്ത് പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽക്കൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലൂടെ കറവമാടുകളെ വാങ്ങുന്നതിനുള്ള സഹായം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം, കറവപ്പശുക്കൾക്ക് വായ്പയെടുത്തതുമായി ബന്ധപ്പെട്ട് കടക്കെണിയിലായ കർഷകരെ സഹായിക്കുന്നതിനുള്ള പദ്ധതി, പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബപെൻഷൻ, അവശതാപെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര സഹായം, ചികിത്സാ സഹായം, ക്ഷീരകർഷകരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവയും നൽകിവരുന്നു. പാൽ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത ലക്ഷ്യമാക്കുന്നതിന് വേണ്ടി മിൽമയുടെ മേഖല യൂണിയനുകൾ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

<u>മലബാർ മേഖലാ യൂണിയൻ:</u>

1. കിടാരി സംരക്ഷണ പദ്ധതി
2. നിലമ്പൂർ, അട്ടപ്പാടി, പട്ടാമ്പി, കോട്ടയ്ക്കൽ എന്നിവിടങ്ങളിലെ കർഷകർക്ക് പശുക്കളെ വാങ്ങുന്നതിന് സംഘങ്ങൾക്ക് മിൽമയുടെ ഫണ്ടുപയോഗിച്ച് റിവോൾവിംഗ് ഫണ്ട് നൽകി.
3. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സാമ്പത്തിക സഹായത്തോടെ പശുക്കളെ വിതരണം ചെയ്തു.
4. പച്ചപ്പുല്ല്, മറ്റു ഉൽപ്പാദനോപാധികൾ മിൽമ വക സബ്സിഡിയോടെ കർഷകർക്ക് ലഭ്യമാക്കുന്നു.
5. " ഫാം സപ്പോർട്ട് " വഴി ഡയറി ഫാമുകൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു.
6. കേന്ദ്ര പദ്ധതികളായ എൻ.ഡി.പി., (നാഷണൽ ഡെയറി പ്ലാൻ) എൻ.പി.ഡി.ഡി.ബി.ബി. (നാഷണൽ പ്രോഗ്രാം ഫോർ ബോവൈൻ ബ്രീഡിംഗ് ആന്റ് ഡെയറി ഡെവലപ്മെന്റ്), ആർ.കെ.വി.വൈ. (രാഷ്ട്രീയ കൃഷി വികാസ് യോജന) പദ്ധതികൾ വഴി ക്ഷീരോൽപ്പാദന വർദ്ധനവിനും വർദ്ധിച്ചുവരുന്ന പാൽ ശീതികരിക്കുന്നതിനും സംസ്കരിക്കുന്നതിനും മൂല്യ വർദ്ധിത ക്ഷീര ഉൽപ്പന്നങ്ങൾ ആക്കുന്നതിനും സംവിധാനങ്ങൾ സൃഷ്ടിച്ചുകൊണ്ട് നടപടികൾ സ്വീകരിച്ചുവരുന്നു.
7. ക്ഷീരകർഷകർക്കും കന്നുകാലികൾക്കും കുറഞ്ഞ നിരക്കിൽ ഇൻഷ്വറൻസ് പരിരക്ഷയും നൽകിവരുന്നു.

<u>തിരുവനന്തപുരം മേഖലാ യൂണിയൻ:</u>

1. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി
2. മിനി ഡെയറി പദ്ധതി
3. കാലിത്തൊഴുത്ത് നവീകരണം
4. ആട്ടോമാറ്റിക് മിൽക്കിംഗ് മെഷീൻ
5. സംഘം ഭരണസമിതി അംഗങ്ങൾക്കുള്ള ഓറിയന്റേഷൻ
6. അകിടുരോഗ നിർമ്മാർജനം
7. ക്ഷീരസംഘം ജീവനക്കാർക്കായുള്ള ഇൻസെന്റീവ്

<u>എറണാകുളം മേഖലാ യൂണിയൻ:</u>

1. ലിറ്ററിന് രണ്ട് രൂപ വരെ ഉൽപ്പാദകർക്ക് വേനൽക്കാല ഇൻസെന്റീവ് നൽകുന്നുണ്ട്.
2. പ്രതിദിനം 50 ലിറ്ററിൽ കൂടുതൽ പാൽ സംഘത്തിന് നൽകുന്ന ക്ഷീര കർഷകർക്ക് ലിറ്ററിന് 50 പൈസ നിരക്കിൽ ഫാം ഇൻസെന്റീവ് നൽകുന്നുണ്ട്.
3. ബാങ്ക് വായ്പയെടുത്ത് പശുക്കളെ വാങ്ങുന്ന കർഷകർക്ക് പശു ഒന്നിന് 2000 രൂപ നിരക്കിൽ ഒരു കർഷകന് 4 പശുക്കൾക്ക് വരെ പലിശ സബ്സിഡി നൽകുന്നുണ്ട്.
4. ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിൽ പശുക്കളെ മാസ്റ്റർ പോളിസിയ്ക്ക് കീഴിൽ ഇൻഷ്വർ ചെയ്തിട്ടുണ്ട്.
5. കുറഞ്ഞ നിരക്കിൽ വൈക്കോൽ കർഷകർക്ക് എത്തിച്ചുകൊടുത്തു.
6. ഡെയറി ഫാമുകളുടെ യന്ത്രവൽക്കരണത്തിന് ധനസഹായം നൽകുന്നുണ്ട്.
7. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കറവപശുക്കളെയും കിടാരികളെയും നൽകുന്ന പദ്ധതി ബന്ധപ്പെട്ട വകുപ്പുകളുടെ ധനസഹായത്തോടെ നടപ്പിലാക്കിവരുന്നു.

## ഇ.എസ്.ഐ. നിയമം

47 (2540) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1948-ൽ പ്രാബല്യത്തിൽ വന്ന ഇ.എസ്.ഐ. നിയമം ബാധകമാകാത്ത 700 -ൽപരം വില്ലേജുകൾ സംസ്ഥാനത്ത് ഉണ്ടായിരുന്നോ;

(ബി) 31-01-2017-ന് കേന്ദ്ര സർക്കാർ സംസ്ഥാനം മുഴുവനായും ഇ.എസ്.ഐ. നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരികയുണ്ടായോ;

(സി) എങ്കിൽ ഇ.എസ്.ഐ. നിയമം സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ എന്തൊക്കെ മാറ്റങ്ങൾക്ക് കാരണമാവും;

(ഡി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ ഇ.എസ്.ഐ. നിയമം മുഖേന ലഭ്യമാകും; വിശദാംശങ്ങൾ നല്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ടായിരുന്നു.

(ബി) 31-1-2017-ലെ വിജ്ഞാപനം മുഖേന 1-2-2017 മുതൽ സംസ്ഥാനം മുഴുവനായും ഇ.എസ്.ഐ. നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരികയുണ്ടായി.

(സി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിലോ അതിനുശേഷമോ ഏതെങ്കിലും ഒരു ദിവസം പത്തോ അതിലധികമോ തൊഴിലാളികൾ ജോലിചെയ്യുന്ന മേഖലകളിലെ തൊഴിലാളികളുടെ സാമൂഹ്യ പരിരക്ഷയ്ക്കുള്ള സമഗ്ര പരിപാടിയാണ് ഇ.എസ്.ഐ. പദ്ധതി. ഇതിൽ സീസണൽ തൊഴിൽ മേഖലയും പ്ലാന്റേഷൻ മേഖലയും ഉൾപ്പെടുന്നില്ല. പ്രതിമാസം 21,000 രൂപ വരെ വേതനം ലഭിക്കുന്ന വ്യവസായശാലകളിലെയും സ്ഥാപനങ്ങളിലെയും തൊഴിലാളികൾക്ക് ഇ.എസ്.ഐ. നിയമത്തിൻകീഴിലുള്ള സാമൂഹ്യ സുരക്ഷയ്ക്ക് അവകാശമുണ്ട്. പരിരക്ഷിത തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പണമായി ആനുകൂല്യങ്ങൾ നൽകാനുള്ള ഉത്തരവാദിത്വം കോർപ്പറേഷന്റേതായതിനാൽ വേതനം നഷ്ടപ്പെടുന്ന തരത്തിലുള്ള രോഗം, ജോലിക്കിടെ പരിക്ക് അഥവാ ശാരീരിക അവശത

എന്നിവമൂലം തൊഴിലാളികൾക്കുണ്ടാകുന്ന ശാരീരിക ക്ലേശങ്ങൾ എന്നീ സാഹചര്യങ്ങളിൽ തൊഴിലുടമകൾ എല്ലാവിധ ഉത്തരവാദിത്വങ്ങളിൽനിന്നും വിമുക്തരാകുന്നു. ഇ.എസ്.ഐ. പദ്ധതിയുടെ പരിധിയിൽ വരുന്ന എല്ലാ തൊഴിൽ മേഖലയിലേയും തൊഴിലാളികൾക്ക് സാമൂഹ്യസുരക്ഷിതത്വം ലഭിക്കുന്നുണ്ട്.

(ഡി) പത്തോ അതിലധികമോ തൊഴിലാളികളെ നിയോഗിച്ചിട്ടുള്ള വ്യവസായശാലകൾക്കും മറ്റു സ്ഥാപനങ്ങൾക്കും അതാത് റോഡ് ഗതാഗത സ്ഥാപനങ്ങൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, സിനിമ തിയേറ്ററുകൾ, വർത്തമാന പത്ര സ്ഥാപനങ്ങൾ, കടകൾ, വിദ്യാഭ്യാസ/മെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഇ.എസ്.ഐ. പദ്ധതി ബാധകമാണ്. രോഗാനുകൂല്യം, അവശതാനുകൂല്യം, ആശ്രിതാനുകൂല്യം, പ്രസവാനുകൂല്യം, ചികിത്സാനുകൂല്യം, മൃതസംസ്കാര ചെലവുകൾ, തൊഴിൽ പരിശീലനം, ശാരീരിക പുനരധിവാസം, വിരമിച്ചതിന് ശേഷമുള്ള ആനുകൂല്യം എന്നിവയാണ് ഈ നിയമംമുഖേന ലഭ്യമാകുന്ന ആനുകൂല്യങ്ങൾ.

**ഐ.ടി.ഐ.-കൾ ലോകോത്തര നിലവാരത്തിൽ**

48 (2541) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.റ്റി.ഐ.-കളെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതി ഏതൊക്കെ ഐ.റ്റി.ഐ.കളിലാണ് നടപ്പിലാക്കിയത്;

(ബി) ഇതിനായി ഇതുവരെ എന്ത് തുക ചിലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

<u>ഉത്തരം</u>

(എ) 2016-17 ബജറ്റിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ ഗവ. ഐ.ടി.ഐ. ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവ. ഐ.ടി.ഐ. കോഴിക്കോട് എന്നിവയെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കിഫ്ബി) സഹായത്തോടെ ധനുവച്ചപുരം, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 ഐ.ടി.ഐ. കളെയും അന്താരാഷ്ട്ര നിലവാരത്തിലുള്ളതാക്കി മാറ്റുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**മെച്ചപ്പെട്ട ജീവിത സാഹചര്യം**

49 (2542) ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഒരുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് താമസസൗകര്യം ലഭ്യമാക്കാൻ 'അപ്നാ ഘർ' പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) എല്ലാ ഇതര സംസ്ഥാനതൊഴിലാളികൾക്കും നിലവിൽ തിരിച്ചറിയൽ കാർഡുകൾ നൽകിയിട്ടുണ്ടോ;ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഇവരുടെ വിവരശേഖരണവും ആരോഗ്യസംരക്ഷണവും ലക്ഷ്യമാക്കി ആവാസ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇതര സംസ്ഥാനത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് തൊഴിലാളികളുടെ സൗകര്യവും ശുചിത്വവും ഉറപ്പുവരുത്തുന്നതിനായി 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 3-8-2016-ൽ സ.ഉ (സാധാ) 960/16/തൊഴിൽ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇവരുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിലേയ്ക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 17-12-2015-ലെ ജി.ഒ. (ആർ.ടി.) 1717/15/തൊഴിൽ നമ്പർ ഉത്തരവുപ്രകാരം ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറും ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യ വകുപ്പ്), ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്) എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ടുള്ള ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്ത് ഊർജ്ജിതമായി നടന്നുവരുന്നു. ഇതര സംസ്ഥാനത്തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട്

'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങളും പുരോഗമിച്ചുവരുന്നു.

(ബി) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 'ഭവനം ഫൗണ്ടേഷൻ കേരള' നടപ്പിലാക്കി വരുന്ന ഭവനപദ്ധതികളിലൊന്നാണ് 'അപ്നാഘർ' പദ്ധതി. ഇതര സംസ്ഥാനത്തൊഴിലാളികൾക്കുവേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് ഈ പദ്ധതി വഴി നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് ആരംഭിച്ചിട്ടുണ്ട്. 768 പേർക്ക് എല്ലാവിധ സൗകര്യങ്ങളുമുള്ള ഹോസ്റ്റലാണിവിടെ പണിതു വരുന്നത്. ടി മാതൃകയിൽ തിരുവനന്തപുരം/എറണാകുളം/കോഴിക്കോട് നഗരങ്ങളിലും ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പാർപ്പിട സൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(സി) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് മുഖേന നടത്തുന്ന കുടിയേറ്റത്തൊഴിലാളി ക്ഷേമപദ്ധതിയിൽ ടി ബോർഡിന്റെ കണക്കുപ്രകാരം 31-12-2016 വരെ 54350 ഇതര സംസ്ഥാനത്തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ഇതര സംസ്ഥാനത്തൊഴിലാളികളുടെ വിവരശേഖരണം നടത്തി ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡ് നൽകുന്നതിനാണ് പദ്ധതി വിഭാവന ചെയ്യുന്നത്.

(ഡി) ഉണ്ട്. ഇതര സംസ്ഥാനത്തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നത്. പദ്ധതിയിൽ അംഗമാകുന്ന ഇതര സംസ്ഥാനത്തൊഴിലാളികൾക്ക് ഓരോരുത്തർക്കും 15,000 രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രിയിൽനിന്നും എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രിയിൽനിന്നും ലഭ്യമാക്കുന്നതാണ്. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷ്വറൻസ് പദ്ധതി മുഖേന ഇതര

സംസ്ഥാനത്തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി ഡാറ്റാബാങ്ക് തയ്യാറാക്കാനും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും.

**കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട്**

50 (2543) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബിൽഡിംഗ് ആന്റ് അദർ കണസ്ട്രക്ഷൻ വർക്കേഴ്സ് ആക്റ്റ് പ്രകാരം തൊഴിൽ വകുപ്പ് പിരിച്ചു വരുന്ന ബിൽഡിംഗ് സെസ്സ് എത്ര ശതമാനമാണ്; എത്ര ലക്ഷം രൂപയുടെ കെട്ടിടങ്ങൾക്കാണ് സെസ്സ് ബാധകമാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ നിശ്ചയിച്ച പരിധിയിൽ അധികം ചെലവ് വരുന്ന കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഈടാക്കുന്നത് സെസ്സ് അധികമായി വരുന്ന തുകയ്ക്ക് മാത്രമാണോ അല്ലെങ്കിൽ അത്തരത്തിൽ അധികമായി വരുന്ന തുകയ്ക്ക് മാത്രമായി സെസ്സ് ഈടാക്കുന്നതിന് നിയമ ഭേദഗതി നടത്താമോ?

ഉത്തരം

(എ) 3-11-1995-ൽ നിലവിൽ വന്ന ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ടിന്റെ 3-ാം വകുപ്പുപ്രകാരം ആകെ നിർമ്മാണ ചെലവിന്റെ ഒരു ശതമാനം മുതൽ രണ്ട് ശതമാനം വരെ സെസ്സ് ഈടാക്കുമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ 26-9-1996-ലെ എസ്.ആർ.ഒ.നമ്പർ 2899 പ്രകാരം ആയത് ആകെ നിർമ്മാണ ചെലവിന്റെ ഒരു ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. സ്വകാര്യ വ്യക്തികൾ നിർമ്മിക്കുന്ന പത്ത് ലക്ഷം രൂപയിൽ അധികരിക്കുന്ന നിർമ്മാണ ചെലവുവരുന്ന വാസഗൃഹങ്ങൾക്കും വ്യവസായ/ വാണിജ്യ ആവശ്യങ്ങൾക്കായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കും സർക്കാർ/ അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേനയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കും സെസ്സ് ബാധകമാണ്.

(ബി) അല്ല. കെട്ടിടത്തിന്റെ മുഴുവൻ നിർമ്മാണച്ചെലവിന്റെ ഒരു ശതമാനമാണ് ബിൽഡിംഗ് സെസ്സ് ആയി കണക്കാക്കുന്നത്. ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് സെസ്സ് ആക്ടിൽ ഭേദഗതി വരുത്തേണ്ടത് കേന്ദ്ര സർക്കാരാണ്.

## മിനിമം കൂലി

51 (T* 2544) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി തൊഴിലാളികളുടെ മിനിമം കൂലി എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) മിനിമം കൂലി അവസാനമായി പുതുക്കിയത് എപ്പോഴാണ് ;

(സി) മിനിമം കൂലി പുതുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ &ബി) ഖാദി തൊഴിലാളികളുടെ മിനിമം കൂലി അവസാനമായി പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള 2010 ജനുവരി 8-ലെ സ.ഉ. (കൈ) നമ്പർ. 5/2010/തൊഴിൽ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഖാദി മേഖലയിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കാൻ സർക്കാർ മിനിമം വേതന ഉപദേശക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ശമ്പള വിതരണം

52 (2545) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ.മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലേബർ ഓഫീസിന്റെ പരിധിയിലുള്ള സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ജനുവരി മുതലുള്ള ശമ്പളം വേജ് പ്രൊട്ടക്ഷൻ സിസ്റ്റം വഴി വിതരണം ചെയ്യണമെന്ന നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) നിലവിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കാണ് ഈ പദ്ധതി പ്രാവർത്തികമാക്കിയിട്ടുള്ളത്;

(സി) ഈ സിസ്റ്റം വഴി ശമ്പളം വിതരണം ചെയ്യാത്ത സ്ഥാപന ഉടമകൾക്കെതിരെ ശിക്ഷാനടപടിയ്ക്ക് വ്യവസ്ഥയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

(എ) ലേബർ ഓഫീസിന്റെ പരിധിയിലുള്ള സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ശമ്പളം വേജ് പ്രൊട്ടക്ഷൻ സിസ്റ്റം വഴി വിതരണം ചെയ്യണമെന്ന നിർദ്ദേശം സംസ്ഥാനത്തെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ മുഖേന നടപ്പിലാക്കിവരുന്നു.

(ബി) പ്രാരംഭ ഘട്ടത്തിൽ കടകൾ, വാണിജ്യ സ്ഥാപനങ്ങൾ, സ്റ്റാർ ഹോട്ടലുകൾ, സെക്യൂരിറ്റി സർവ്വീസുകൾ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ, സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നീ മേഖലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്. എന്നാൽ നിലവിൽ എല്ലാത്തരം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിവരുന്നു.

(സി) പട്ടികയിൽ ഉൾപ്പെട്ട തൊഴിൽ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ വേതനം ഈ പദ്ധതിവഴി വിതരണം ചെയ്യുന്നത് നിർബന്ധമാക്കിക്കൊണ്ട് 1948-ലെ മിനിമം വേതന ചട്ടത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത വ്യവസ്ഥയുടെ ലംഘനം മിനിമം വേതന ചട്ടത്തിന്റെ ലംഘനമായി കണക്കാക്കുന്നു. നിലവിൽ ഇതിനുള്ള ശിക്ഷ 500 രൂപ മാത്രമാണ്. ആയത് വർദ്ധിപ്പിക്കുന്നതിന് മിനിമം വേതന ചട്ടം ഭേദഗതി ചെയ്യുന്ന വിഷയം പരിഗണനയിലാണ്.

## സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

53 (2546) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങി വരുന്ന മലയാളികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യങ്ങൾ നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ കൂടുതൽ ജനവിഭാഗങ്ങളെ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വിദേശ രാജ്യങ്ങളിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട മടങ്ങിവരുന്ന മലയാളികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് പദ്ധതികൾ ഒന്നുംതന്നെ നിലവിലില്ല.

(ബി) സമൂഹത്തിലെ വിവിധ തുറകളിലെ ജനങ്ങളുടെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് പ്രസ്തുത പദ്ധതി വികസിപ്പിച്ചു കൊണ്ടിരിക്കുന്നു.

**ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ബോർഡ്**

54 (2547) ഡോ. എൻ. ജയരാജ്:

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ബോർഡ് എന്നാണ് നിലവിൽ വന്നത്;

(ബി) ഈ സ്ഥാപനത്തിന്റെ സ്പെഷ്യൽ റൂൾ പ്രാബല്യത്തിലുണ്ടോ; ജീവനക്കാർക്ക് ഏതു ചട്ട പ്രകാരമാണ് ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നത്;

(സി) ഈ സ്ഥാപനത്തിൽ ജീവനക്കാർ എല്ലാവരും സ്ഥിരം അടിസ്ഥാനത്തിൽ ജോലി ലഭിച്ചവരാണോ; താല്ക്കാലികം, ഡെപ്യൂട്ടേഷൻ, സ്ഥിരം അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെത്ര വീതമെന്ന് വിശദമാക്കാമോ;

(ഡി) താല്ക്കാലികാടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിച്ച എത്രപേരെ ഇതുവരെ സ്ഥിരപ്പെടുത്തി; ഏത് ചട്ടപ്രകാരം എന്ന് വിശദാംശം ലഭ്യമാക്കാമോ;

(ഇ) താല്ക്കാലിക ജീവനക്കാർക്ക് ഡിഎ, തുടങ്ങിയ ആനുകൂല്യങ്ങൾ കൊടുത്തിട്ടുണ്ടോ; ഏത് ചട്ടപ്രകാരമെന്ന് വ്യക്തമാക്കാമോ;

(എഫ്) സ്പെഷ്യൽ റൂൾ രൂപപ്പെടുത്താനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2006 ഒക്ടോബർ 31-ാം തീയതിയിലെ 2615/ലെഗ്. സി.2/2005/നിയമം നമ്പർ വിജ്ഞാപന പ്രകാരമാണ് നിലവിൽ വന്നത്.

(ബി) ഇല്ല. ഡെപ്യൂട്ടേഷൻ വഴി ജോലി ചെയ്യുന്ന ജീവനക്കാർക്ക് അവരുടെ മാതൃസ്ഥാപനത്തിലെ വേതന നിരക്കിലും, ദിവസവേതനക്കാർക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലും ബഹു. ഹൈക്കോടതിയുടെ W.A.41/13 നമ്പർ കേസ്സിലെ 3-6-2013-ലെ ഉത്തരവിന്റെ വെളിച്ചത്തിൽ തുടരുന്ന 24 ജീവനക്കാർക്ക് 1-3-2011-ലെ ജി.ഒ. (എം എസ്.) നമ്പർ42/2011/തൊഴിൽ, 10-11-2016-ലെ ജി.ഒ (എം എസ്.) നമ്പർ 177/2016/തൊഴിൽ എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലും ശമ്പളംനൽകിവരുന്നു.

(സി) അല്ല. 26 പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും 12 പേർ ദിവസ വേതന നിരക്കിലും 24 പേർ W.A.41/13-ൽ 03-06-2013-ലെ ബഹു. ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ താൽക്കാലികമായും ജോലി ചെയ്തുവരുന്നു.

(ഡി) 1-3-2011-ലെ 42/2011/തൊഴിൽ നമ്പർ സർക്കാർ ഉത്തരവുപ്രകാരം ദിവസ വേതനക്കാരായ 26 പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ഇതിൽ രണ്ടുപേർ പിരിഞ്ഞു പോയിട്ടുണ്ട്. എന്നാൽ 11-11-2011-ലെ 172/2011/തൊഴിൽ നമ്പർ സർക്കാർ ഉത്തരവുപ്രകാരം പ്രസ്തുത നിയമനം റദ്ദ് ചെയ്യുകയുണ്ടായെങ്കിലും W.A.41/13-ൽ ബഹു. ഹൈക്കോടതിയുടെ 3-6-2013-ലെ ഉത്തരവനുസരിച്ച്, സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതുവരെ ഇവരെ തുടരാൻ അനുവദിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. W.A.No.41/2013-ൽ 3-6-2013-ലെ ബഹു. ഹൈക്കോടതി ഉത്തരവുപ്രകാരം Pre-revised Scale-ൽ തുടരുന്ന 24 ജീവനക്കാർക്ക് പ്രസ്തുത സ്കെയിലിന് ആനുപാതികമായ ഡി.എ നൽകുന്നതിനും കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് പുതിയ നിരക്കിലുള്ള ദിവസ വേതനം നൽകുന്നതിനും 10-11-2016-ലെ 177/16/തൊഴിൽ നമ്പർ സർക്കാർ ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(എഫ്) സ്പെഷ്യൽ റൂൾ രൂപപ്പെടുത്താനുള്ള നടപടികൾ സർക്കാർ പരിശോധിച്ചു വരുന്നു.

## തൊഴിൽ നിയമ ലംഘനം

55 (2548) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിലെ തൊഴിൽ നിയമ ലംഘനവുമായി ബന്ധപ്പെട്ട പരാതികൾ ഈ സർക്കാരിന്റെ കാലത്ത് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരം തൊഴിൽ നിയമ ലംഘനവുമായി ബന്ധപ്പെട്ട പരാതികളിൽ തൊഴിലാളികൾക്ക് പരിരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ടെക്സ്റ്റൈൽ മേഖലയിലെ തൊഴിൽ ചൂഷണം കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. മിനിമം വേതനം ലഭിക്കുന്നില്ല. ആനുകൂല്യങ്ങൾ, ശമ്പള കുടിശ്ശിക, അവധി ദിനങ്ങളിൽ ജോലി ചെയ്യുതിനുള്ള ഇരട്ടി വേതനം, ലീവ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നില്ല, അധികസമയം ജോലി ചെയ്യിപ്പിക്കുക എന്നീ പ്രശ്നങ്ങൾ ഉന്നയിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) നിയമലംഘനങ്ങൾ നടക്കുന്നതായി പരാതികൾ ലഭിക്കുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി നിയമനടപടികൾ സ്വീകരിക്കാറുമുണ്ട്. നിശ്ചിത ഇടവേളകളിലുള്ള സ്ഥാപന പരിശോധനകളിലൂടെ കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർ നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)മാരുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകളും നടത്താറുണ്ട്. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനുമായി തിരുവനന്തപുരം ജില്ലയിൽ ആരംഭിച്ച വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ്) മറ്റ് ജില്ലകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ

മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും ഓൺലൈനായിത്തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ചവരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാനും കഴിയും.

(സി) 18-6-2016-ന് സംസ്ഥാനമൊട്ടാകെയുള്ള 42 ടെക്സ്റ്റൈൽ ഷോപ്പുകളിൽ നടത്തിയ സ്പെഷ്യൽ പരിശോധനയിൽ മിനിമം വേതനം, ലീവ് ആനുകൂല്യങ്ങൾ, ശമ്പളകുടിശ്ശിക, അവധിദിനങ്ങളിൽ ജോലി ചെയ്യതിനുള്ള ഇരട്ടി വേതനം എന്നിവ നൽകാതിരിക്കുക, തൊഴിൽ നിയമപ്രകാരമുള്ള രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കാതിരിക്കുക, വിശ്രമമുറി, തൊഴിലാളികളുടെ എണ്ണത്തിന് ആനുപാതികമായുള്ള ടോയ്‌ലറ്റ് സൗകര്യം, ക്രഷ് എന്നിവ ഏർപ്പെടുത്താതിരിക്കുക എന്നീ നിയമലംഘനങ്ങൾ കണ്ടെത്തുകയും ആയത് പരിഹരിക്കുന്നതിന് നോട്ടീസ് നൽകുകയും ചെയ്തു. തൊഴിൽ വകുപ്പിന്റെ ശക്തമായ ഇടപെടലിനെ തുടർന്ന് മിക്ക സ്ഥാപനങ്ങളും അപാകതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കിയിട്ടുണ്ട്. നിയമലംഘനങ്ങൾ പരിഹരിക്കാത്ത സ്ഥാപന ഉടമകൾക്കെതിരെ കാരണം കാണിക്കൽ നോട്ടീസ്, ക്ലെയിം പെറ്റീഷൻ, പ്രോസിക്യൂഷൻ എന്നീ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**സ്വാശ്രയ അദ്ധ്യാപകർക്ക് വേതനം**

56 (2549) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ സി.ബി.എസ്.ഇ. സ്കൂളുകളിൽ ജോലിനോക്കിവരുന്ന അധ്യാപകർക്ക് നാമമാത്രമായ വേതനമാണ് നൽകി വരുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്കൂളുകളിൽ മിനിമം വേതനം സുപ്രീംകോടതി വിധി പ്രകാരം നിശ്ചയിച്ചുകൊണ്ട് നിയമനിർമ്മാണം നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കാമോ;

(സി) വ്യാജരേഖകളുണ്ടാക്കി അമിത ലാഭം കൊയ്യുന്ന ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകർക്ക് മിനിമം വേതനം അനുവദിക്കുന്നത് സംബന്ധിച്ച കരട് ബില്ല് പൊതുവിദ്യാഭ്യാസവകുപ്പിന്റെ പരിഗണനയിലാണ്.

(സി) നിലവിൽ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് തൊഴിൽ വകുപ്പിന് അധികാരമില്ല.

**ക്ഷേമനിധി പെൻഷൻ**

57 (2550) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും തൊഴിലാളികൾക്ക് നൽകിയിട്ടുള്ള പെൻഷനിൽ അധികം തുക നൽകിയിട്ടുള്ളത് സംബന്ധിച്ച് വിശദ വിവരം നല്കുമോ;

(ബി) ജില്ല തിരിച്ച് നല്കിയ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ ജില്ല തിരിച്ച് എത്ര രൂപ തിരിച്ച് പിടിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) ഇങ്ങനെ അധികരിച്ച് തുക നല്കിയതിൽ പലിശ ഇനത്തിലും മറ്റ് ഓഫീസ് ചെലവുകൾക്കുമായി ബോർഡിന് എത്ര രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്; വിശദ വിവരങ്ങൾ നല്കാമോ?

(ഇ) നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന് ഉണ്ടായ ആകെ നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ വിഷയത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദ വിവരങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ചെക്ക് മുഖേന നേരിട്ടാണ് ഗുണഭോക്താക്കൾക്ക് നൽകിവന്നിരുന്നത്. എന്നാൽ ഇപ്രകാരം ചെക്ക് മുഖേന

ആനുകൂല്യങ്ങൾ നൽകുമ്പോൾ ഇടനിലക്കാർ ഇതിന്റെ വിഹിതം കൈപ്പറ്റുന്നതായ പരാതിയെ തുടർന്ന് സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സമയംവരെ ആനുകൂല്യങ്ങൾ ചെക്ക് മുഖേന നേരിട്ട് നൽകിയിരുന്ന വ്യവസ്ഥിതി മാറ്റി തുടർന്ന് തൊഴിലാളികളുടെയും പെൻഷണേഴ്സിന്റെയും ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് പെൻഷനും ആനുകൂല്യങ്ങളും അയച്ച നൽകുന്നതിന് നടപടി സ്വീകരിച്ചു. ഇപ്രകാരം പഴയ വ്യവസ്ഥയിൽ നിന്നും പുതിയ രീതിയിലേയ്ക്ക് മാറിയതിനെത്തുടർന്ന് ബോർഡിന്റെ ജില്ലാ ആഫീസുകളിൽനിന്നും ബാങ്ക് മുഖേന പെൻഷണേഴ്സിന്റെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് പെൻഷൻ അയച്ച കൊടുക്കുന്ന സന്ദർഭങ്ങളിൽ യഥാർത്ഥത്തിൽ അയയ്ക്കേണ്ട തുകയ്ക്ക് പകരം അധികരിച്ച് തുക അയച്ചതായി ചീഫ് ആഫീസിൽ നിന്നുള്ള പരിശോധനയിൽ കണ്ടെത്തുകയും തുടർന്ന് പരിശോധന നടത്തി ഇപ്രകാരം അധികരിച്ച് അയച്ച തുക നേരിട്ടും തുടർന്നുള്ള ക്വാർട്ടർ പെൻഷനിൽ നിന്നും ക്രമീകരിച്ചും ആയത് ഈടാക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ എക്സിക്യൂട്ടീവ് ആഫീസർമാർ മേൽ നടപടി സ്വീകരിച്ചുവരുന്നു. ടി വിഷയത്തിൽ കൊല്ലം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, പാലക്കാട്, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ 7/13 മുതൽ 3/15 വരെയുള്ള കാലയളവിലെയും മലപ്പുറം ജില്ലാ ആഫീസിൽ 4/13 മുതൽ 7/15 വരെയുള്ള കാലയളയവിലെയും തിരുവനന്തപുരം ജില്ലാ ഓഫീസിൽ 23-5-2014-ൽ പെൻഷൻ, റീഫണ്ട് പലിശ, ഗ്രാറ്റുവിറ്റി എന്നീ ആനുകൂല്യങ്ങൾ വിതരണം ചെയ്തപ്പോഴും സംഭവിച്ച വീഴ്ചകളാണ് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളത്.

(ബി) ഇപ്രകാരം അധികരിച്ച് അയച്ചതായി കണ്ടെത്തിയ തുകകൾ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പരിശോധന പൂർത്തിയായ മേൽപ്പറഞ്ഞ ഓരോ ജില്ലകളിലും താഴെപ്പറയുംപ്രകാരം അധികരിച്ച് നൽകിയ തുക നേരിട്ടും തുടർന്നുള്ള ക്വാർട്ടർ പെൻഷൻ അനുവദിക്കുന്നതിൽ ക്രമീകരിച്ചും തിരികെ ഈടാക്കിയിട്ടുള്ളതായി ബന്ധപ്പെട്ട ജില്ലാ എക്സിക്യൂട്ടീവ് ആഫീസർമാർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ തുടർപരിശോധന നടത്തി ആയത് ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) അധികരിച്ച് നൽകിയ തുക തിരികെ ലഭ്യമാക്കുന്നതിനും തിട്ടപ്പെടുത്തുന്നതിനും മേൽ നടപടി സ്വീകരിച്ചുവരുന്നു. ടി നടപടി പൂർത്തീകരിച്ച് ഇക്കാര്യത്തിൽ പലിശ ഇനത്തിലും മറ്റു ചെലവുകൾ ഇനത്തിലുമുണ്ടായ നഷ്ടം തിട്ടപ്പെടുത്തുന്നതിന് മേൽ നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) പെൻഷൻ തുക അധികരിച്ച് അയച്ച ഇനങ്ങളിലുണ്ടായ നഷ്ടം കണക്കാക്കുന്നതിലേയ്ക്ക് മേൽ പരിശോധനകൾ നടത്തി ആവശ്യമായ തുടർ നടപടി സ്വീകരിച്ചുവരുന്നതും ടി നടപടിക്രമങ്ങൾ പൂർത്തിയാകുന്ന ക്രമത്തിൽ ബോർഡിനുണ്ടായ ആകെ നഷ്ടം തിട്ടപ്പെടുത്താവുന്നതുമാണ്.

(എഫ്) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിലെ തൊഴിലാളികൾക്കും പെൻഷണർമാർക്കും പെൻഷൻ ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങൾ പാസ്സാക്കി അനുവദിച്ച് നൽകുന്നത് ബന്ധപ്പെട്ട ജില്ലാ എക്സിക്യൂട്ടീവ് ആഫീസർമാരാണ്. ഇപ്രകാരം പെൻഷൻ പാസ്സാക്കി ആയതിന്റെ ലിസ്റ്റും, ക്വാർട്ടർ പെൻഷനുള്ള ലിസ്റ്റും തയ്യാറാക്കി പ്രസ്തുത ലിസ്റ്റും ഉത്തരവും ബില്ലും സഹിതം ഇതിലേയ്ക്ക് ആവശ്യമായ ഫണ്ട് ലഭിക്കുന്നതിന് ജില്ലാ ആഫീസർമാർ ചീഫ് ആഫീസിലേയ്ക്ക് അയച്ചു കൊടുക്കുകയും ചീഫ് ആഫീസിൽ നിന്നും ഫണ്ട് അനുവദിച്ച് നൽകുകയും ചെയ്യുന്നു. തുടർന്ന് ബന്ധപ്പെട്ട ജില്ലാ എക്സിക്യൂട്ടീവ് ആഫീസർമാർ ഓരോ പെൻഷണർക്കുമുള്ള പെൻഷൻ ബാങ്കുമുഖേന അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് NEFT മുഖേനയാണ് അയച്ച് നൽകുന്നത്. ഇപ്രകാരം പെൻഷൻ ലിസ്റ്റ് തയ്യാറാക്കി, ആയത് അംഗീകരിച്ച് പെൻഷൻ തുക അയച്ചു നൽകുന്ന ബന്ധപ്പെട്ട ജില്ലാ എക്സിക്യൂട്ടീവ് ആഫീസർമാരും പ്രസ്തുത ചുമതല വഹിക്കുന്ന ജില്ലാ ആഫീസിലെ കീഴ് ജീവനക്കാരുമാണ് ടി വീഴ്ചകൾക്ക് ഉത്തരവാദികൾ. ടിയാളുകളുടെ വിശദീകരണം വാങ്ങി അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**നോക്കുകൂലി**

58 (2551) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോക്കുകൂലി ഭരണഘടനാവിരുദ്ധമാണെന്ന ഹൈക്കോടതി പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നോക്കുകൂലിക്കെതിരെ ഡി.ജി.പി. പുറപ്പെടുവിച്ച സർക്കുലർ പോലീസ് ഉദ്യോഗസ്ഥൻമാർ കർശനമായി പാലിക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിക്കുകയുണ്ടായോ;

(സി) എങ്കിൽ ഹൈക്കോടതി നിർദ്ദേശം തൊഴിൽ മേഖലയിൽ ഉണ്ടാക്കിയ ചലനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) ഹൈക്കോടതി ഇതുമായി ബന്ധപ്പെട്ട് നടത്തിയ പരാമർശങ്ങളുടെ വിശദാംശങ്ങൾ എന്തൊക്കെ;

(ഇ) ഇതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പ് എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിർദ്ദേശിക്കുകയുണ്ടായി.

(സി) നോക്കുകൂലിയെ ഇതിനകംതന്നെ വിവിധ ട്രേഡ് യൂണിയനുകൾ തള്ളിപ്പറഞ്ഞിട്ടുള്ളതിനാലും നിലവിലെ നിയമവ്യവസ്ഥകൾ ഉപയോഗിച്ചുതന്നെ അത്തരം പരാതികളിന്മേൽ തൊഴിൽ, ആഭ്യന്തരം എന്നീ വകുപ്പുകൾ നടപടികൾ സ്വീകരിച്ചുവരുന്നതിനാലും ബഹുമാനപ്പെട്ട ഹൈക്കോടതി വിധി തൊഴിൽ മേഖലയിൽ എന്തെങ്കിലും കാര്യമായ ചലനങ്ങളുണ്ടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നോക്കുകൂലി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് പോലീസ് സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് പൈനാടത്ത് ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത 24706/16 റിട്ട് പെറ്റീഷനുമേൽ ബഹുമാനപ്പെട്ട ഹൈക്കോടതി 19-12-2016-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹർജിക്കാരന് പോലീസ് സംരക്ഷണം ഉറപ്പു വരുത്തുന്നതോടൊപ്പം നോക്കുകൂലി നിയമപരമാണോയെന്ന് കോടതി പരിശോധിക്കുകയും ആയതിന്റെ വിവിധ വശങ്ങൾ പരിശോധിച്ച ബഹുമാനപ്പെട്ട കോടതി ജോലി ചെയ്യാതെ ഒരാൾ വേതനം ആവശ്യപ്പെടുന്നത് ഭരണഘടനയോ രാജ്യത്തെ നിലവിലുള്ള നിയമങ്ങളോ അനുവദിക്കുന്നില്ലെന്ന് വിധിക്കുകയും ചെയ്തു. കൂടാതെ കേരള ലോഡിംഗ് & അൺലോഡിംഗ് (റെഗുലേഷൻ ഓഫ് വേജസ് & റെസ്ട്രിക്ഷൻ ഓഫ് അൺലാഫുൾ പ്രാക്ടീസസ്) ആക്ട്, 2002 പിൻവലിച്ചതിനെ സംബന്ധിച്ചും കോടതി പരാമർശിക്കുകയും നിയമവിരുദ്ധമായ നോക്കുകൂലി നിർമ്മാർജ്ജനം ചെയ്യുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനായി ഈ വിഷയം സർക്കാരിന്റെ പരിഗണനയ്ക്ക് വിടുകയും ചെയ്തു. സംസ്ഥാന പോലീസ് മേധാവിയുടെ 26-3-2012-ലെ 7/12 നമ്പർ സർക്കുലർ എല്ലാ പോലീസ് ഉദ്യോഗസ്ഥരും കൃത്യതയോടെ നടപ്പിലാക്കേണ്ടതാണെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിക്കുകയുണ്ടായി.

(ഇ) നോക്കുകൂലി വാങ്ങുന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ പ്രശ്നത്തിൽ ഇടപെടുകയും അമിതമായോ അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽനിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങി കൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ ചുമട്ടുതൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമനടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്.

## തൊഴിൽ ദിനങ്ങൾ

59 (2552) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ തൊഴിലാളികൾക്കും പഞ്ചായത്ത് തലത്തിൽ രജിസ്ട്രേഷൻ സൗകര്യമുണ്ടാക്കി തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇവരുടെ പെൻഷൻ, ചികിത്സാനുകൂല്യങ്ങൾ എന്നിവ കാലാനുസൃതമായി വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നിർമ്മാണത്തൊഴിലാളികളുടെ അംശദായത്തോടൊപ്പം ക്ഷേമനിധി ബോർഡിലേയ്ക്ക് സെസ്സ് ഇനത്തിൽ വരേണ്ടതായ തുക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ബോർഡിൽ നിലവിൽ ജില്ലാ ആഫീസുകളിൽവച്ചാണ് തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടികൾ കൈക്കൊണ്ടുവരുന്നത്. പ്രസ്തുത രജിസ്ട്രേഷൻ നടപടി പഞ്ചായത്ത് തലത്തിൽ നടത്തുന്നത് സംബന്ധിച്ച് ഇതുവരെ തീരുമാനമൊന്നും എടുത്തിട്ടില്ല.

(ബി) കേരള നിർമ്മാണ തൊഴിലാളി ക്ഷേമബോർഡിലെ പെൻഷണർമാർക്കുള്ള കുറഞ്ഞ പെൻഷൻ തുക 6-8-2016-ലെ സ.ഉ.(കൈ) നമ്പർ 129/2016/തൊഴിൽ പ്രകാരം 600 രൂപയിൽ നിന്നും 1000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുള്ളതാണ്. കൂടാതെ 22-12-2015-ലെ സ.ഉ.(സാധാ) നമ്പർ 212/2015/തൊഴിൽ നമ്പർ ഉത്തരവുപ്രകാരം മാരകരോഗ ചികിത്സാ ധനസഹായം 22,000 രൂപയിൽനിന്നും 50,000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുള്ളതും അപകട ചികിത്സാ ധനസഹായം ആദ്യത്തെ 5 ദിവസത്തിന് 500 രൂപ നിരക്കിൽ നൽകിയിരുന്നത് 750 രൂപയായും തുടർന്നുള്ള ഓരോ ദിവസത്തിനും (പരമാവധി 20,000 രൂപ എന്ന ക്രമത്തിൽ) 70 രൂപ എന്നത് 100 രൂപയാക്കിയും വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) നിർമ്മാണത്തൊഴിലാളികളുടെ അംശദായത്തോടൊപ്പം ക്ഷേമനിധി ബോർഡിലേയ്ക്ക് സെസ്സ് ഇനത്തിൽ വരേണ്ടതായ തുക ഒന്നിച്ച് പിരിച്ചെടുക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. അംശദായം നിർമ്മാണ തൊഴിലാളികൾ ഒടുക്കുന്നതും ക്ഷേമനിധി ബോർഡിലേയ്ക്കുള്ള സെസ്സ്, പത്ത് ലക്ഷം രൂപയിലേറെ നിർമ്മാണച്ചെലവുവരുന്ന കെട്ടിടങ്ങളുടെ ഉടമസ്ഥരിൽനിന്ന് നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് നിർമ്മാണച്ചെലവിനെ അടിസ്ഥാനമാക്കി ജില്ലാ ലേബർ ഓഫീസർമാർ ഈടാക്കുന്ന തുകയുമാണ്. അവ രണ്ടും ഒരുമിച്ച് ഈടാക്കുന്ന കാര്യം പ്രായോഗികമല്ല.

**ബാറുകൾക്ക് ലൈസൻസ്**

60 (2553) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മേയ് 25-ന് ശേഷം പുതിയതായി അനുവദിച്ച ബിയർ/വൈൻ പാർലർ ലൈസൻസുകൾ എത്രയാണ് ; ജില്ലതിരിച്ച് കണക്ക് നൽകുമോ?

<u>ഉത്തരം</u>

25-5-2016-നുശേഷം കെ.ടി.ഡി.സി.-യുടെ കീഴിൽ രണ്ട് ബിയർ/വൈൻ പാർലറുകൾ അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| കൊല്ലം ജില്ല | - 1 |
| ആലപ്പുഴ ജില്ല | - 1 |

**തുല്യജോലിക്ക് തുല്യവേതനം**

61 (2554) ശ്രീ.ബി.ഡി. ദേവസ്സി :

ശ്രീ. സി.കൃഷ്ണന്‍ :

ശ്രീ. എം. നൗഷാദ് :

ശ്രീ. എസ്. രാജേന്ദ്രന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) തുല്യജോലിക്ക് തുല്യ വേതനവും ആനുകൂല്യവും എല്ലാ തൊഴിലാളികളുടെയും അവകാശമാണെന്ന സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തില്‍ സംസ്ഥാന സര്‍ക്കാര്‍ കൈക്കൊണ്ട നടപടികള്‍ എന്തെല്ലാമാണ്;

(ബി) കേന്ദ്ര സര്‍ക്കാര്‍ ഇക്കാര്യത്തില്‍ ഏതെങ്കിലും തരത്തിലുള്ള ഉത്തരവുകള്‍ ഇറക്കുകയോ സംസ്ഥാനത്തിന് എന്തെങ്കിലും നിര്‍ദ്ദേശം നല്‍കുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തുല്യജോലിക്ക് തുല്യ വേതനവും ആനുകൂല്യവും എല്ലാ തൊഴിലാളികളുടെയും അവകാശമാണെന്ന സുപ്രീംകോടതി ഉത്തരവ് വരികയാണ്. പരാമര്‍ശിച്ച പത്രറിപ്പോര്‍ട്ട് അന്വേഷണത്തിനും അനന്തര നടപടികള്‍ക്കുമായി കേരള മനുഷ്യാവകാശ കമ്മീഷന്‍ വഴി ലഭ്യമായത് സര്‍ക്കാര്‍ പരിശോധിച്ച് വരികയാണ്.

(ബി) ഈ വിഷയത്തില്‍ കേന്ദ്ര സര്‍ക്കാര്‍ ഉത്തരവ് പുറപ്പെടുവിച്ചതായ വിവരമോ അത്തരത്തിലുള്ള നിര്‍ദ്ദേശമോ തൊഴില്‍ വകുപ്പിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടില്ല.

**നോട്ടുനിരോധനം**

62 (2555) ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:

ശ്രീ. പി. ഉബൈദുള്ള:

ശ്രീ. അബ്ദുല്‍ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) നോട്ടുനിരോധനത്തെ തുടര്‍ന്ന് കേരളത്തിലെ തൊഴില്‍ മേഖലയിലുണ്ടായ മാറ്റങ്ങള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(ബി) തൊഴിൽമേഖലയുടെ സംരക്ഷണത്തിനായി സർക്കാർ ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ;

(സി) ഇതരസംസ്ഥാന തൊഴിലാളികൾ തൊഴിൽ തേടി ധാരാളമായി വന്നുകൊണ്ടിരുന്ന സ്ഥിതിവിശേഷത്തിൽ നോട്ടുനിരോധനം എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്ലാന്റേഷൻ, കാഷ്യൂ, മത്സ്യബന്ധന-വിപണന മേഖല, നിർമ്മാണ മേഖല, പ്ലൈവുഡ് മേഖല, ടെക്സ്റ്റൈൽസ്-ചെറുകിട കച്ചവടം എന്നീ മേഖലകളിൽ പ്രധാനമായും പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ട്.

(ബി) പതിനാല് ജില്ലകളിലും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗംകൂടി നിലവിലെ അവസ്ഥ അവലോകനം ചെയ്യുകയും ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതിന് ജില്ലാ ലേബർ ഓഫീസർ കൺവീനറായി കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തു. ലീഡ് ബാങ്കുകൾ മുഖേന അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവും ഇതോടൊപ്പം നടത്തുകയുണ്ടായി. പ്രതിസന്ധി റിപ്പോർട്ട് ചെയ്ത സ്ഥാപനങ്ങളിൽ അടിയന്തരമായി ഇടപെട്ട് ബാങ്ക് അക്കൗണ്ട് ഇല്ലാത്ത തൊഴിലാളികൾക്ക് ബാങ്ക് അക്കൗണ്ട് ആരംഭിക്കാൻ നടപടിയെടുത്തിട്ടുണ്ട്. നിർമ്മാണം, പ്ലൈവുഡ്, പ്ലാന്റേഷൻ, കടകളും വാണിജ്യ സ്ഥാപനങ്ങളും പരമ്പരാഗത തൊഴിൽ മേഖലകൾ, ഫാക്ടറികൾ തുടങ്ങിയ മേഖലകളിലെ തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം നൽകുന്നതിനുള്ള അടിയന്തര ശ്രമങ്ങളുടെ ഭാഗമായി ബാങ്കുകളുടെ സഹായത്തോടെ ഈ കാലയളവിൽ സംസ്ഥാനമൊട്ടാകെ 303 ക്യാമ്പുകൾ സംഘടിപ്പിക്കുകയും ബാങ്ക് അക്കൗണ്ട് ഇല്ലാത്ത 13252 തൊഴിലാളികൾക്ക് പുതുതായി ബാങ്ക് അക്കൗണ്ട് ഈ സ്പെഷ്യൽ ഡ്രൈവിലൂടെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്ലാന്റേഷൻ, കാഷ്യൂ, മത്സ്യബന്ധന-വിപണന മേഖല, നിർമ്മാണ മേഖല, പ്ലൈവുഡ് മേഖല, ടെക്സ്റ്റൈൽസ്-ചെറുകിട കച്ചവടം എന്നീ മേഖലകളിൽ തൊഴിൽ പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ട്.

**ക്ഷേമനിധികളിലെ വിഹിതം**

63 (2556) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷേമനിധികളിൽ വിഹിതം അടച്ച് കാലാവധിയെത്തുമ്പോൾ പെൻഷൻ ആനുകൂല്യം വാങ്ങുന്നവർക്ക് ക്ഷേമ പെൻഷനുകൾക്ക് അപേക്ഷിക്കുന്നതിൽ എന്തെങ്കിലും നിയന്ത്രണം നിലവിലുള്ളതായി അറിയാമോ ; വിശദമാക്കാമോ?

<u>ഉത്തരം</u>

ക്ഷേമനിധികളിൽ വിഹിതമടച്ച് കാലാവധി എത്തുമ്പോൾ സ്വയം പര്യാപ്തതയുള്ള ബോർഡുകൾ ഒഴികെയുള്ള ക്ഷേമനിധി ബോർഡുകളിൽനിന്നും പെൻഷൻ ആനുകൂല്യം വാങ്ങുന്നവർക്ക് അവർ വാങ്ങിക്കൊണ്ടിരുന്ന ഏതെങ്കിലുമൊരു സാമൂഹ്യ സുരക്ഷാ പെൻഷൻകൂടി പ്രതിമാസം 600 രൂപ നിരക്കിൽ തുടർന്നും ലഭിക്കുന്നതിനുള്ള അർഹതയുണ്ട്. (6-2-2017-ലെ ജി.ഒ. (എം.എസ്.) 67/2017/ധനം പ്രകാരം.

**പെൻഷൻ**

64 (2557) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്ക്ഷോപ്പ് ജീവനക്കാരുടെയും ഉടമകളുടെയും ക്ഷേമബോർഡിന്റെ ആഭിമുഖ്യത്തിൽ അവർക്ക് പെൻഷൻ നൽകുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര തുക വീതമാണ് പെൻഷനായി അനുവദിക്കുന്നതെന്നും എത്രപേർക്ക് പെൻഷൻ അനുവദിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളിക്ഷേമ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് പെൻഷൻ നൽകുന്നതിന് സ്കീമിൽ വ്യവസ്ഥയില്ല.

**ക്ഷേമനിധി**

65 (2558) <u>ശ്രീ. വി. ഡി. സതീശൻ:</u>

<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി:</u>

<u>ശ്രീ. ഐ.സി.ബാലകൃഷ്ണൻ:</u>

<u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട്ടുജോലിക്കാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) ഈ വിഭാഗത്തിൽ ജോലി ചെയ്യുന്നവർക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) ഗാർഹിക തൊഴിലാളികളുടെ ക്ഷേമത്തിനായി 2011-ലെ കേരള ഡൊമസ്റ്റിക് വർക്കേഴ്സ് ക്ഷേമനിധി പദ്ധതി നിലവിലുണ്ടായിരുന്നു. 2008-ലെ അസംഘടിത തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷിതത്വ ആക്ടിലെ (2008-ലെ 33-ാം കേന്ദ്ര ആക്ട്) വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ച 2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ കേരള ഡൊമസ്റ്റിക് വർക്കേഴ്സ് ക്ഷേമനിധി ലയിപ്പിച്ചതിന്റെ ഭാഗമായി ഗാർഹിക തൊഴിലാളികൾ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളായി. ഈ പദ്ധതിയിൽ തുടർന്നും വീട്ടുജോലിക്കാർക്ക് അംഗങ്ങളാകാവുന്നതാണ്.

(സി) സംസ്ഥാനത്തെ ഗാർഹിക തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ 29-12-2016-ലെ സ.ഉ. (അച്ചടി) നമ്പർ 202/2016/തൊഴിൽ (എസ്.ആർ.ഒ. നമ്പർ 20/2017) പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

**രജിസ്ട്രേഷൻ**

66 (2559) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ ഉള്ള ഇതരസംസ്ഥാനത്തൊഴിലാളികളുടെ കൃത്യമായ കണക്ക് സർക്കാരിന്റെ പക്കലുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള തൊഴിലാളികളുടെ കണക്ക് സംസ്ഥാനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ക്രിമിനലുകളും ആക്രമണവാസനയുള്ളവരും തൊഴിലാളികളുടെ ലേബലിൽ കേരളത്തിലേയ്ക്ക് എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരക്കാരെ നിയന്ത്രിക്കാൻ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കേരളത്തിലെത്തുന്ന ഇതരസംസ്ഥാനത്തൊഴിലാളികൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിലുള്ള തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് ഉൾപ്പെടെ നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഇതര സംസ്ഥാനത്തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട് എന്നതിന്റെ കൃത്യമായ കണക്ക് തൊഴിൽ വകുപ്പിന്റെ കൈവശമില്ല. തിരുവനന്തപുരം ആസ്ഥാനമായുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ 2013-ൽ നടത്തിയ പഠന റിപ്പോർട്ട് പ്രകാരം ഏകദേശം 25 ലക്ഷത്തിൽ കൂടുതൽ ഇതര സംസ്ഥാനത്തൊഴിലാളികൾ കേരളത്തിൽ വിവിധ തൊഴിലിടങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. സംസ്ഥാനം തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(ബി) ഉണ്ട്. ഇവരെ നിയന്ത്രിക്കാൻ പ്രത്യേക സംവിധാനങ്ങളില്ല.

(സി) ഇതര സംസ്ഥാനത്തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ഇതര സംസ്ഥാനത്തൊഴിലാളികളുടെ വിവരശേഖരണം നടത്തി ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡ് നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷ്വറൻസ് പദ്ധതി മുഖേന ഇതര സംസ്ഥാനത്തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി ഡാറ്റാബാങ്ക് തയ്യാറാക്കാനും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും.

**പുതിയ കോഴ്സുകൾ**

67 (2560) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.- കളിൽ പഠിപ്പിക്കുന്ന പല കോഴ്സുകളും കാലഹരണപ്പെട്ടതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇത്തരം കോഴ്സുകൾക്ക് പകരം പുതിയ കാലഘട്ടത്തിൽ തൊഴിൽ ലഭിക്കാൻ സാധ്യമാകുന്ന തരത്തിലുള്ള കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കേരളത്തിലും പുറത്തും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന വ്യവസായ സ്ഥാപനങ്ങളെയും കൂടി സഹകരിപ്പിച്ച് കൊണ്ടു ഐ.ടി.ഐ. കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. 2014-15 വർഷത്തിൽ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ്, പ്രയോജനപ്രദമല്ലാത്തതും തൊഴിൽ സാദ്ധ്യത കുറഞ്ഞതുമായ 20-ഓളം ട്രേഡുകൾ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ടി ട്രേഡുകൾക്ക് പകരം ജനപ്രിയവും തൊഴിൽ സാദ്ധ്യതയേറിയതുമായ ട്രേഡുകൾ ഐ.ടി.ഐ.-കളിൽ ആരംഭിച്ചിട്ടുണ്ട്. 2017-18-ലും ഇതുമായി ബന്ധപ്പെട്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഐ.ടി.ഐ.-കളിലെ പരിശീലനാർത്ഥികൾക്ക് ആധുനിക സാങ്കേതികവിദ്യയിൽ പരിജ്ഞാനം ലഭ്യമാക്കുന്നതിനും അതുവഴി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുമായി മെ. മാരുതി സുസുകി, മെ. വോക്സ് വാഗൺ, മെ. ടൊയോട്ട കിർലോസ്കർ ലിമിറ്റഡ്, മെ. മഹീന്ദ്ര & മഹീന്ദ്ര, മെ. സാംസങ് തുടങ്ങിയ വ്യവസായ സ്ഥാപനങ്ങളുമായി വിവിധ ഐ.ടി.ഐ.-കൾ ധാരണാ പത്രത്തിൽ ഏർപ്പെടുകയും പ്രത്യേക പരിശീലന കേന്ദ്രങ്ങൾ ഐ.ടി.ഐ.-കളിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

**മിനിമം വേതനം**

68 (2561) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൈവറ്റ് ഐ.റ്റി.സി.-കളിലും, ടെക്നിക്കൽ ഇൻസ്റ്റിട്യൂട്ടുകളിലും ജോലി ചെയ്യുന്ന ഇൻസ്ട്രക്ടർമാർക്ക് മിനിമം വേതനത്തിന് അർഹതയുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ ജിവനക്കാർക്ക് മിനിമം വേതനം ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ വരുന്ന സംസ്ഥാനത്തെ പ്രൈവറ്റ് ഐ.ടി.ഐ.-കളിൽ (മുൻപ് ഐ.ടി.സി.-കൾ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്) ജോലി ചെയ്യുന്ന ഇൻസ്ട്രക്ടർമാർ മിനിമം വേജസ് ആക്ടിലെ വർക്ക്മെൻ എന്ന കാറ്റഗറിയിൽ ഉൾപ്പെടുന്നില്ല എന്നതിനാൽ ടി ജീവനക്കാർക്ക് മിനിമം വേജസ് നിശ്ചയിച്ചിട്ടില്ല. എൻ.സി.വി.റ്റി. അഫിലിയേഷൻ ലഭിച്ചിട്ടുള്ള പ്രൈവറ്റ് ഐ.ടി.ഐ.-യിലെ ഫാക്കൽറ്റി/സ്റ്റാഫ് മെമ്പേഴ്സിന് സർക്കാർ ഐ.ടി.ഐ.-കളിലെ ജീവനക്കാർക്ക് നൽകുന്ന ശമ്പളത്തിന്റെ 2/3 ഭാഗം ശമ്പളം മിനിമം വേതനമായി നൽകണമെന്ന് ഡി.ജി.ടി. അറിയിച്ചിട്ടുണ്ട്. ടി നിർദ്ദേശം കർശനമായി പാലിക്കണമെന്നും കൂടാതെ

പുതുതായി ആരംഭിക്കുന്ന പ്രൈവറ്റ് ഐ.ടി.ഐ. മാനേജ്മെന്റുകളിൽനിന്നും മേൽ നിർദ്ദേശം പാലിക്കുന്നതിനുള്ള ഒരു അണ്ടർടേക്കിംഗ് വാങ്ങണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അതിൻപ്രകാരമുള്ള ഉത്തരവ് ട്രെയിനിംഗ് ഡയറക്ടർ എല്ലാ പ്രൈവറ്റ് ഐ.ടി.ഐ. മേധാവികൾക്കും നൽകുകയും പുതുതായി പ്രൈവറ്റ് ഐ.ടി.ഐ. ആരംഭിക്കുന്ന മാനേജ്മെന്റുകളിൽനിന്നും അത്തരത്തിലുള്ള ഒരു അണ്ടർടേക്കിംഗ് വാങ്ങുകയും ചെയ്യുന്നുണ്ട്. എന്നാൽ പ്രൈവറ്റ് ഐ.ടി.ഐ.-കൾക്ക് അഫിലിയേഷൻ നൽകുന്നത് കേന്ദ്ര മന്ത്രാലയത്തിനുകീഴിലുള്ള ഡി.ജി.ടി. ആയതിനാൽ ടി പ്രൈവറ്റ് ഐ.ടി.ഐ.-കളിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകളിൽ ഇടപെടുന്നതിന് വകുപ്പിന് ഇപ്പോൾ പരിമിതികളുണ്ട്.

ആയതിനാൽ പ്രൈവറ്റ് ഐ.ടി.ഐ. ജീവനക്കാരുടെ സേവനവേതന വ്യവസ്ഥയിൽ തൊഴിൽ വകുപ്പിന് ഇടപെടാനുതകുന്നതരത്തിൽ നിയമനിർമ്മാണം നടത്തുന്നതിനാവശ്യമായ ശിപാർശ തയ്യാറാക്കി സമർപ്പിക്കുവാൻ ട്രെയിനിംഗ് ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ കോഴ്സ്**

69 (2562) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായി ഗവൺമെന്റ് ഐ.ടി.ഐ.-യിലെ ഹെൽത്ത് & സാനിറ്ററി ഇൻസ്പെക്ടർ കോഴ്സിന് എൻ.സി.വി.റ്റി. യുടെയും പി.എസ്.സി.യുടെയും അംഗീകാരമുണ്ടോ;

(ബി) അംഗീകാരം ഇല്ലെങ്കിൽ അംഗീകാരം ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) നടപടി സ്വീകരിച്ചിട്ടില്ലായെങ്കിൽ പ്രസ്തുത കോഴ്സിന് അംഗീകാരം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത കോഴ്സിലേയ്ക്ക് ഇപ്പോൾ പ്രവേശനം നടത്തി വരുന്നുണ്ടോ;വിശദമാക്കാമോ?

<u>ഉത്തരം</u>

(എ - സി) മാടായി ഐ.ടി.ഐ.-യിലെ ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ ട്രേഡിന് (HSI) എൻ.സി.വി.റ്റി.-യുടെയും പി.എസ്.സി.-യുടെയും അംഗീകാരമുണ്ട്. എന്നാൽ ആരോഗ്യവകുപ്പിലെയും തദ്ദേശസ്വയംഭരണ വകുപ്പിലെയും ജൂനിയർ

ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II നിയമനങ്ങൾക്ക് HSI ട്രേഡ് സർട്ടിഫിക്കറ്റ് പരിഗണിക്കാൻ കഴിയില്ലെന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അറിയിച്ചിട്ടുണ്ട്. ഇതുപ്രകാരം ടി ട്രേഡിന് പി.എസ്.സി. വഴി തൊഴിൽ സാദ്ധ്യതകൾ നഷ്ടമായി. കൂടാതെ കേരളത്തിൽ സ്വകാര്യമേഖലയിലും സ്വയംതൊഴിലായും തൊഴിൽ സാദ്ധ്യതകൾ ഇല്ലാത്തതിനാൽ 2015 സെഷൻ മുതൽ HSI ട്രേഡിലെ അഡ്മിഷൻ നടപടികൾ നിർത്തലാക്കിയിരുന്നു. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ മേൽ തീരുമാനം പുനഃപരിശോധിക്കുന്നതിന് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) ടി ട്രേഡ് നിർത്തലാക്കിയ സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നതിനാൽ 2015 സെഷൻ മുതൽ പ്രവേശനം നടത്തുന്നില്ല.

**കൈവല്യ പദ്ധതി**

70 (2563) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. എൽദോസ് കുന്നപ്പിള്ളി:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്കുള്ള തൊഴിൽ പുനരധിവാസ പദ്ധതിയായ കൈവല്യയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ഭിന്നശേഷിക്കാരുടെ സമഗ്ര തൊഴിൽ പുനരധിവാസം എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന നവീന പദ്ധതിയാണ് 'കൈവല്യ'. ഈ പദ്ധതിയിൽ തുല്യപ്രാധാന്യമുള്ള 4 ഘടകങ്ങളുണ്ട്.

(1) വൊക്കേഷണൽ & കരിയർ ഗൈഡൻസ്

(2) കപ്പാസിറ്റി ബിൽഡിംഗ്

(3) മത്സരപ്പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി

(4) പലിശരഹിത സ്വയംതൊഴിൽ വായ്പ പദ്ധതി

പ്രസ്തുത 4 ഘടകപദ്ധതികളിലൂടെ ഭിന്നശേഷിക്കാരുടെ സമഗ്ര തൊഴിൽ പുനരധിവാസം സാദ്ധ്യമാക്കുകയെന്നതാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്.

(ബി)

1. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ഒരു ഡാറ്റാബാങ്ക് തയ്യാറാക്കുകയാണ് ആദ്യം ചെയ്യുക.
2. പ്രസ്തുത ഡാറ്റാ ബാങ്കിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് അവരുടെ അഭിരുചി, താൽപ്പര്യം എന്നിവ മനസ്സിലാക്കി ആവശ്യമായ പരിശീലനം നൽകുന്നതാണ്.
3. സ്വയം തൊഴിൽ പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് വിദഗ്ധ പരിശീലനം നൽകുന്നതാണ്.
4. സ്വയംതൊഴിൽ മേഖലയിൽ ഉദ്യോഗാർത്ഥികൾക്ക് താൽപ്പര്യം സൃഷ്ടിക്കുന്നതിനും അവരെ പ്രാപ്തരാക്കുന്നതിനും സംരംഭകത്വ പരിശീലനം നൽകുന്നതാണ്.
5. ഉദ്യോഗാർത്ഥികൾക്ക് താൽപ്പര്യമുള്ള മേഖലയിൽ പ്രത്യേക പരിശീലനം ആവശ്യമുണ്ടെങ്കിൽ അത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പരിശീലനം നൽകുന്നതാണ്.
6. റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, എംപ്ലോയബിലിറ്റി സെന്റർ, വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ തുടങ്ങി ഈ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളുമായി ഇക്കാര്യത്തിൽ സഹകരിക്കുന്നതാണ്.

(സി) കൈവല്യ പദ്ധതി പൂർണ്ണമായും സർക്കാർ പദ്ധതിയാണ്. പദ്ധതി നടത്തിപ്പിന്റെ പൂർണ്ണ ചുമതല എംപ്ലോയ്മെന്റ് വകുപ്പിനാണ്.

**ചാലക്കുടി ഐ.ടി.ഐ.**

71 (2564) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾക്കും, സംവിധാനങ്ങൾക്കുമടക്കം എന്തെല്ലാം വികസന പ്രവർത്തനങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളത് എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

10 ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതിയിൽ ചാലക്കുടി ഐ.ടി.ഐ.യെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-ന്റെ അംഗീകാരം ലഭിക്കുന്നതിന് വിശദമായ പദ്ധതി റിപ്പോർട്ട് കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) തയ്യാറാക്കിവരുന്നു.

ചാലക്കുടി ഐ.ടി.ഐ.-യിലെ ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ് & കമ്പ്യൂട്ടർ സ്കിൽ ബേസിക് മോഡ്യൂളിന് പകരമായി മെക്കാനിക് മെഡിക്കൽ ഇലക്ട്രോണിക്സ് അഡീഷണൽ യൂണിറ്റും പി.എൽ.സി.& ആട്ടോമൊബൈൽ ട്രേഡിന് പകരമായി മെക്കാനിക് ഓട്ടോ ബോഡി പെയിന്റിംഗ് ട്രേഡും അഡ്വാൻസ്ഡ് വെൽഡർ ട്രേഡിന് പകരമായി വെൽഡർ (വെൽഡിംഗ് & ഇൻസ്പെക്ഷൻ) ട്രേഡും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

2013-14 സാമ്പത്തിക വർഷത്തിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ രണ്ടാം നില നിർമ്മാണത്തിനും ട്രാൻസ്ഫോർമർ ക്യാബിന്റെ നിർമ്മാണത്തിനും അനുമതി നൽകിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ ഹൈ ടെൻഷൻ കണക്ഷൻ എടുക്കുന്നതിനും ചുറ്റുമതിൽ ജലസംഭരണി എന്നിവയുടെ നിർമ്മാണത്തിനും അനുമതി നൽകിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ വിവിധ വർക്ക്ഷോപ്പ് കെട്ടിടങ്ങളുടെ ഇലക്ട്രിഫിക്കേഷൻ, പഴയ ബ്ലോക്കുകൾ റീവയറിംഗ്, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, എം.എം.വി. ട്രേഡിന്റെ ഗ്യാരേജ് കൺസ്ട്രക്ഷൻ, എം.ആർ.ടി.വി. ലാബ് നവീകരണം തുടങ്ങിയവയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. 2016-17 വർഷം ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കും അനുമതി നൽകിയിട്ടുണ്ട്.

**തിരുവമ്പാടി ഗവൺമെന്റ് ഐ.ടി.ഐ.**

72 (2565) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി ഗവൺമെന്റ് ഐ.റ്റി.ഐ. കെട്ടിട നിർമ്മാണത്തിന് സ്ഥലം വിട്ടുകിട്ടുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ & ബി) തിരുവമ്പാടി വില്ലേജിൽ ഒ.എസ്.-146 പാർട്ടിൽപ്പെട്ട 1 ഏക്കർ 48.25 സെന്റ് റവന്യൂ ഭൂമി തിരുവമ്പാടി ഐ.ടി.ഐ.-ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ലഭ്യമാക്കുന്നതിന് വ്യാവസായിക പരിശീലന വകുപ്പ് കോഴിക്കോട് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സ്ഥലം ഇതുവരെ കൈമാറി ലഭിച്ചിട്ടില്ല. സ്ഥലം കൈമാറി ലഭിക്കുന്നമുറയ്ക്ക് ഐ.ടി.ഐ.-ക്കായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്.

## കരിമ്പുഴ ഐ.ടി.ഐ.

73 (2566) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിലെ കരിമ്പുഴയിൽ എന്നാണ് ഐ.ടി.ഐ. സ്ഥാപിച്ചത്; ഏതെല്ലാം കോഴ്സുകൾ നിലവിലുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) കരിമ്പുഴ സർക്കാർ ഐ.ടി.ഐ.- യിൽ എത്ര ഉദ്യോഗസ്ഥാനുദ്യോഗസ്ഥ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) നിലവിൽ എത്ര ഉദ്യോഗസ്ഥന്മാരുടെ ഒഴിവുകൾ ഉണ്ട്; ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഉത്തരം

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കരിമ്പുഴ പഞ്ചായത്തിലുള്ള എലുമ്പുലാശ്ശേരിയിൽ 2015 അദ്ധ്യയന വർഷം മുതൽ ഐ.ടി.ഐ. പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ ഐ.ടി.ഐ.-യിൽ ഡ്രാഫ്റ്റ്സ്മാൻ (സിവിൽ), പ്ലംബർ എന്നീ ട്രേഡുകൾ നിലവിലുണ്ട്.

(ബി) എലുമ്പുലാശ്ശേരി ഐ.ടി.ഐ.-യിൽ പ്രിൻസിപ്പാൾ ക്ലാസ് II-1, ജൂനിയർ ഇൻസ്ട്രക്ടർ -4, എ.സി.ഡി. ഇൻസ്ട്രക്ടർ-1, ക്ലാർക്ക്-1, ഓഫീസ് അറ്റൻഡന്റ്-1 എന്നീ 8 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി)

| തസ്തികയുടെ പേര് | ഒഴിവുകളുടെ എണ്ണം | റിമാർക്സ് |
|---|---|---|
| ജൂനിയർ ഇൻസ്ട്രക്ടർ | 1 | ടി ഐ.ടി.ഐ.-യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, പ്ലംബർ എന്നീ ട്രേഡുകളിലായി 3 യൂണിറ്റുകൾ മാത്രമേ ആരംഭിച്ചിട്ടുള്ളൂ. ആയതിനാൽ ഇൻസ്ട്രക്ടർമാരെ നിയമിച്ചിട്ടുണ്ട്. പ്ലംബർ ട്രേഡിൽ ഒരു യൂണിറ്റ് കൂടി ആരംഭിക്കുന്ന മുറയ്ക്ക് ശേഷിക്കുന്ന ഒരു ഇൻസ്ട്രക്ടർ തസ്തികയിൽകൂടി നിയമനം നടത്തുന്നതാണ് |
| എ.ഡി.സി. ഇൻസ്ട്രക്ടർ | 1 | എ.സി.ഡി. ഇൻസ്ട്രക്ടർ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല. റാങ്ക് ലിസ്റ്റ് നിലവിൽ വരുന്നമുറയ്ക്ക് സ്ഥിരം നിയമനം നടത്തുന്നതാണ്. |

**രജിസ്ട്രേഷൻ പുതുക്കാത്തവർക്ക് അവസരം**

74 (2567) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ യഥാസമയം പുതുക്കാത്തവർക്ക് അവസരം നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ബി) സീനിയോറിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) 24-9-2016-ലെ സ.ഉ. (സാധാ) 1196/16/തൊഴിൽ പ്രകാരം 1-1-1995 മുതൽ 30-9-2016 വരെയുള്ള കാലയളവിൽ റദ്ദായ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ അവരുടെ തനത് സീനിയോറിറ്റി നിലനിർത്തി പുതുക്കുന്നതിന് 2016 ഒക്ടോബർ 1 മുതൽ 31 വരെ ഉദ്യോഗാർത്ഥികൾക്ക് അവസരം നൽകിയിരുന്നു.

**പൂക്കോട്ടുകാവിൽ ഐ.ടി.ഐ.**

75 (2568) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പൂക്കോട്ടുകാവിൽ ഐ.ടി.ഐ. സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിലുണ്ടോ;

(ബി) അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) അടുത്ത അധ്യയന വർഷം മുതൽ പൂക്കോട്ടുകാവ് ഐ.ടി.ഐ. പ്രവർത്തിക്കുന്ന തരത്തിൽ എന്തെല്ലാം നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയും എന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ – സി) പൂക്കോട്ടുകാവിൽ ഐ.ടി.ഐ. സ്ഥാപിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**വാസസ്ഥലങ്ങൾ**

76 (2569) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പണിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങൾ ആരോഗ്യപരമായി സംരക്ഷിക്കുന്നതിന് തൊഴിലുടമകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; നിർദ്ദേശങ്ങൾ പാലിക്കാത്തവർക്കുമേൽ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഇത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഇതര സംസ്ഥാനത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് തൊഴിലാളികളുടെ സൗകര്യവും ശുചിത്വവും ഉറപ്പുവരുത്തുന്നതിനായി 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 3-8-2016-ൽ സ.ഉ. (സാധാ) 960/16/തൊഴിൽ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇവരുടെ ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുന്നതിലേയ്ക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 17-12-2015-ലെ ജി.ഒ. (ആർ.ടി.) 1717/15/ തൊഴിൽ നമ്പർ ഉത്തരവുപ്രകാരം ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറും ജില്ലാ മെഡിക്കൽ ഓഫീസർ

(ആരോഗ്യ വകുപ്പ്), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്) എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ടുള്ള ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്ത് ഊർജ്ജിതമായി നടന്നുവരുന്നു. സംസ്ഥാനത്ത് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)-മാരുടെ നേതൃത്വത്തിൽ 1979-ലെ കുടിയേറ്റത്തൊഴിലാളി നിയമം, 1970-ലെ കരാർത്തൊഴിലാളി നിയമം, 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വെൽഫെയർ ആക്ട് എന്നീ നിയമങ്ങൾ പ്രകാരം നടത്തുന്ന പരിശോധനയിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ച് ടി തൊഴിലാളികളുടെ ആരോഗ്യം, തൊഴിൽ സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നു.

**പുനരധിവാസ പദ്ധതി**

77 (2570) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുമ്പോൾ തൊഴിലാളികളെ പുനരധിവസിപ്പിക്കാനുള്ള എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഇതിനായി എത്ര ഫണ്ടാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) തൊഴിലാളികളുടെ പുനരധിവാസത്തിനായി നാളിതുവരെ എത്ര ഫണ്ട് ചെലവഴിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(ഡി) ഇത്തരത്തിൽ അനുവദിക്കുന്ന ഫണ്ട് സമയബന്ധിതമായി വിനിയോഗിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) വിവിധ തോട്ടം മേഖലകളിലെ കെട്ടിക്കിടക്കുന്ന ഫണ്ട് സംബന്ധിച്ച് വിശദമാക്കുമോ?

ഉത്തരം

(എ) തോട്ടം തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുമ്പോൾ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ സാമ്പത്തിക പ്രതിസന്ധിമൂലം പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ

തൊഴിലാളികൾക്ക് 1951-ലെ പ്ലാന്റേഷൻ ലേബർ ആക്റ്റ്, റൂൾസ് എന്നിവപ്രകാരം ലഭിക്കേണ്ട ആനുകൂല്യങ്ങളും സൗകര്യങ്ങളും നടപ്പിലാകാത്തതിനാൽ തൊഴിലാളികളുടെ സമാശ്വാസ പ്രവർത്തനങ്ങൾക്കായി പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. റിലീഫ് ഫണ്ട് കമ്മിറ്റികളുടെ ചെയർമാൻമാർ അതാത് ജില്ലാ കളക്ടർമാരും കൺവീനർമാർ അതാത് ജില്ലകളിലെ ജില്ലാ ലേബർ ഓഫീസർമാരുമാണ്.

പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റികൾ മുഖേന പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസ സഹായം, സ്കൂൾ കുട്ടികൾക്ക് യൂണിഫോമുകളും പഠനോപകരണങ്ങളും, മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായം, പെൺമക്കൾക്ക് വിവാഹ ധനസഹായം. ചികിത്സാ ധനസഹായം എന്നിവയും നൽകുന്നുണ്ട്. കൂടാതെ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകളും നടത്തുന്നുണ്ട്. തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിലാണ് പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നത്.

(ബി) ഇടുക്കി ജില്ലാ പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിക്ക് 2012-13 സാമ്പത്തിക വർഷം 3 കോടി രൂപയും 2013-14 സാമ്പത്തിക വർഷം 62 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിക്ക് 2012-13 -ൽ 49 ലക്ഷം രൂപയും 2013-14-ൽ 50 ലക്ഷം രൂപയും 2014-15-ൽ 60 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പാലക്കാട് പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിക്ക് 2013-14 സാമ്പത്തിക വർഷം 16 ലക്ഷം രൂപയും 2014-15-ൽ 25 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ 2013-14-ൽ 51 ലക്ഷം രൂപയും 2014-15-ൽ 25 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ സമാശ്വാസ പ്രവർത്തനങ്ങൾക്കായി 2012-13 കാലയളവ് മുതൽ നാളിതുവരെ ഇടുക്കി ജില്ലയിൽ 3,28,66,002 രൂപയും തിരുവനന്തപുരം ജില്ലയിൽ 38,19,270 രൂപയും പാലക്കാട് ജില്ലയിൽ 7,57,201 രൂപയും വയനാട് ജില്ലയിൽ 18,92,569 രൂപയും പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റികൾ മുഖേന ചെലവഴിച്ചിട്ടുണ്ട്.

(ഡി) പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിക്ക് ലഭിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നുണ്ട്.

(ഇ) ഇടുക്കി ജില്ലാ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിയിൽ 2016-17 സാമ്പത്തിക വർഷത്തിൽ 33,33,998 രൂപ നീക്കിയിരുപ്പുണ്ട്. പാലക്കാട് ജില്ലയിൽ 58,82,219 രൂപയും വയനാട് ജില്ലയിൽ 67,39,879 രൂപയും നീക്കിയിരുപ്പുണ്ട്. തിരുവനന്തപുരം ജില്ലയിൽ പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ അക്കൗണ്ടിൽ 1,97,90,320 രൂപയും പി.ഡബ്ല്യൂ.ഡി.-യുടെ കൈവശം 42 ലക്ഷം രൂപയും നിലവിലുണ്ട്.

**ക്ഷേമപ്രവർത്തനങ്ങൾ**

78 (2571) ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഇതരസംസ്ഥാന തൊഴിലാളികൾക്കായി നടപ്പാക്കിയ ക്ഷേമപ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനും വിവരശേഖരണം നടത്തുന്നതിനും രജിസ്ട്രേഷൻ, ആരോഗ്യപരിപാലനം എന്നിവ ഉറപ്പാക്കുന്നതിനുമായി ആവാസ് എന്ന പേരിൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഇതിനായി ഏതൊക്കെ സർക്കാർ ഏജൻസികളുടെയും വകുപ്പുകളുടെയും പ്രവർത്തനങ്ങളാണ് ഏകോപിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇതര സംസ്ഥാനത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് തൊഴിലാളികളുടെ സൗകര്യവും ശുചിത്വവും ഉറപ്പുവരുത്തുന്നതിനായി 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 3-8-2016-ൽ സ.ഉ. (സാധാ) 960/16/തൊഴിൽ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കാൻ എല്ലാ ജില്ലാ ലേബർ

ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ആവാസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) ഐ.ടി. മിഷൻ, അക്ഷയ, ചിയാക്ക്, യു.ഐ.ഡി. എന്നീ ഏജൻസികളുമായാണ് പ്രാഥമികമായി പദ്ധതി നിർവ്വഹണത്തിന് ചർച്ച നടത്തിയത്. കൂടാതെ ആഭ്യന്തരം, ആരോഗ്യം, റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനവും പദ്ധതി നിർവ്വഹണത്തിന് ഉദ്ദേശിക്കുന്നു.

### തൊഴിൽ സാദ്ധ്യതയ്ക്കായുള്ള പദ്ധതികൾ

79 (2572) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഭിന്നശേഷിക്കാരുടെ തൊഴിൽ സാധ്യതയ്ക്കായുള്ള എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ പുനരധിവാസത്തിനായി 'കൈവല്യ' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഭിന്നശേഷിക്കാർക്ക് മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നത് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭിന്നശേഷിക്കാരുടെ സമഗ്രതൊഴിൽ പുനരധിവാസം ലക്ഷ്യമാക്കി കേരള സർക്കാർ 'കൈവല്യ' എന്ന നവീന പദ്ധതി ആവിഷ്ക്കരിച്ച് 2016-17

സാമ്പത്തിക വർഷം മുതൽ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ പ്രസ്തുത വകുപ്പുമുഖേന നടപ്പിലാക്കിയിട്ടുള്ള ശരണ്യ സ്വയംതൊഴിൽ സഹായപദ്ധതിയിൽ ഭിന്നശേഷിക്കാരായ സ്ത്രീകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) 'കൈവല്യ' പദ്ധതി ഈ സാമ്പത്തിക വർഷം (2016-17) മുതൽ നടപ്പിൽ വന്നിട്ടുണ്ട്. 15-2-2017-ൽ പദ്ധതി സംസ്ഥാനതലത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു.

- ഈ പദ്ധതിയിൽ തുല്യ പ്രാധാന്യമുള്ള നാല് ഘടകങ്ങളുണ്ട്.

1. വൊക്കേഷണൽ & കരിയർ ഗൈഡൻസ്
2. കപ്പാസിറ്റി ബിൽഡിംഗ്
3. മത്സരപ്പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി
4. പലിശരഹിത സ്വയംതൊഴിൽ വായ്പാ പദ്ധതി

1) വൊക്കേഷണൽ & കരിയർ ഗൈഡൻസ്:

രജിസ്റ്റർ ചെയ്തവരിൽ സമാന ഗ്രൂപ്പുകളെ കണ്ടെത്തി അവർക്ക് കരിയർ ഗൈഡൻസ്, മോട്ടിവേഷൻ, തൊഴിൽ സാദ്ധ്യതകളെ സംബന്ധിച്ച വിവരങ്ങൾ, ലഭിക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ നൽകുന്നതാണ്. ഗൈഡൻസും മോട്ടിവേഷനും സംബന്ധിച്ച പ്രവർത്തനങ്ങളിൽ ആവശ്യമെങ്കിൽ രക്ഷിതാക്കളെക്കൂടി ഉൾപ്പെടുത്തുന്നതാണ്.

2) കപ്പാസിറ്റി ബിൽഡിംഗ്:

ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ ട്രെയിനിംഗ് നൽകി അവരെ ലക്ഷ്യത്തിലെത്തിക്കാൻ പ്രാപ്തരാക്കുക എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. സോഫ്റ്റ് സ്കിൽ ട്രെയിനിംഗ്, സംരംഭകത്വ വികസന പരിശീലനം എന്നിവ ഇതിലുൾപ്പെടുന്നു.

3) മത്സരപ്പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി:

സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്ക് അപേക്ഷ അയയ്ക്കുന്നതിനുൾപ്പെടെ സഹായിക്കുകയും തുടർപരിശീലനത്തിലൂടെ ലക്ഷ്യത്തിലെത്തിക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പരിശീലന കാലയളവിൽ സ്റ്റൈപ്പെന്റ്, സൗജന്യ ഭക്ഷണം എന്നിവ നൽകുന്നതുമാണ്.

4) <u>പരിശരഹിത സ്വയംതൊഴിൽ വായ്പാ പദ്ധതി:</u>

ഭിന്നശേഷിയുള്ളതും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ഉദ്യോഗാർത്ഥികൾക്ക് 50,000 (അമ്പതിനായിരം) രൂപ വരെ പലിശരഹിത വായ്പ നൽകുന്നതാണ്. വായ്പാതുകയുടെ 50% സബ്സിഡി നൽകുന്നതുമാണ്. സംരംഭം സ്വന്തമായി നടത്തുവാൻ കഴിയാത്തത്ര അംഗവൈകല്യമുള്ളപക്ഷം അടുത്ത ബന്ധുവിനെക്കൂടി ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതാണ്.

(സി) കൈവല്യ പദ്ധതിയ്ക്ക് ഈ സാമ്പത്തികവർഷം (2016-17) 50,01,000 (അമ്പതുലക്ഷത്തി ആയിരം രൂപ മാത്രം) രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) കൈവല്യ പദ്ധതിയുടെ ഒരു ഘടക പദ്ധതിയായി മത്സരപ്പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലനം നൽകുന്നുണ്ട്. ഈ വർഷം പ്രസ്തുത പരിശീലന ക്ലാസ്സുകൾ നെയ്യാറ്റിൻകര, തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ മേഖലകളിൽ സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. തുടർ പരിശീലനത്തിലൂടെ ഉദ്യോഗാർത്ഥികളെ ലക്ഷ്യത്തിലെത്തിക്കുന്ന വിധത്തിലാണ് ഈ പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്.

**ആം ആദ്മി ബീമാ യോജന**

80 (2573) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആം ആദ്മി ബീമാ യോജന പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം എവിടെയെല്ലാം ലഭ്യമാണ്;

(ബി) ഈ പദ്ധതി പ്രകാരം രജിസ്റ്റർ ചെയുന്നതിന്റെ മാനദണ്ഡവും നടപടിക്രമങ്ങളും വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി പ്രകാരം ഒരിക്കൽ രജിസ്റ്റർ ചെയ്താൽ രജിസ്ട്രേഷൻ പുതുക്കേണ്ട ആവശ്യമുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ടോ;

(ഡി) ഈ പദ്ധതിയെക്കുറിച്ചുള്ള സംശയനിവാരണത്തിന് ജില്ലാ തലത്തിൽ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ അക്ഷയ കേന്ദ്രങ്ങൾ വഴി ആം ആദ്മി ബീമാ യോജനയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

(ബി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിവിധ മേഖലകളിൽപ്പെട്ട കുടുംബങ്ങളും വിവിധ ക്ഷേമനിധികളിൽ അംഗങ്ങളായവരുമാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ആബി (AABY) രജിസ്ട്രേഷനുവേണ്ടി കുടുംബത്തിലെ ഏതെങ്കിലും ഒരു അംഗം ആവശ്യമായ രേഖകൾ (റേഷൻ കാർഡ്, ആധാർ, അർഹത തെളിയിക്കുന്ന മറ്റ് രേഖകൾ) സഹിതം അടുത്തുള്ള അക്ഷയ കേന്ദ്രത്തിൽ ചെന്നാൽ മതിയാകും. കുടുംബനാഥൻ അല്ലെങ്കിൽ കുടുംബത്തിലെ വരുമാനമുള്ള ഒരു വ്യക്തിക്കുമാത്രമാണ് ആബി അംഗത്വം നൽകുന്നത്. രജിസ്ട്രേഷനായി റേഷൻ കാർഡ് (അസ്സലും പകർപ്പും), ആധാർ കാർഡ്, അർഹത തെളിയിക്കുന്ന രേഖകളുടെ പകർപ്പുകൾ എന്നിവ അക്ഷയ കേന്ദ്രത്തിൽ ഹാജരാക്കണം. അപേക്ഷകന്റെ വിവരങ്ങൾ അക്ഷയ ജീവനക്കാർ ആബി ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയും ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അപേക്ഷകന് നൽകുകയും ചെയ്യുന്നു. ഒരു പദ്ധതി വർഷം സാധാരണഗതിയിൽ പരമാവധി രണ്ട് മാസംവരെ അപേക്ഷിക്കാൻ സമയം നൽകുകയും പ്രസ്തുത വിവരം പത്രമാധ്യമങ്ങൾ വഴി ജനങ്ങളെ അറിയിക്കാറുള്ളതുമാണ്.

(സി) ഈ പദ്ധതിപ്രകാരം ഒരിക്കൽ രജിസ്ട്രേഷൻ ചെയ്തവർക്ക് പിന്നീടുള്ള പദ്ധതി വർഷങ്ങളിൽ രജിസ്ട്രേഷൻ പുതുക്കേണ്ട ആവശ്യമില്ല. രജിസ്റ്റർ ചെയ്ത അംഗത്തിന് 60 വയസ്സ് തികയുന്നതുവരെ ടി പദ്ധതിയിലെ അംഗമായി തുടരാവുന്നതുമാണ്. ഈ വിവരം പത്രമാധ്യമങ്ങളിലൂടെ ഗുണഭോക്താക്കളെ അറിയിക്കുകയും ചെയ്യുന്നു.

(ഡി) ടി പദ്ധതിയുടെ നിർവ്വഹണത്തിനും സംശയനിവാരണത്തിനും ചിയാക്കിനെയാണ് സംസ്ഥാന സർക്കാർ നിയോഗിച്ചിരിക്കുന്നത്. ചിയാക്കിന്റെ ജില്ലാതല ഭാരവാഹിയായ അസിസ്റ്റന്റ് ഡിസ്ട്രിക്ട് കോ-ഓർഡിനേറ്ററെയാണ് ജില്ലാതലത്തിൽ ഗുണഭോക്താക്കളുടെ സംശയനിവാരത്തിനും പ്രശ്ന പരിഹാരത്തിനും നിയോഗിച്ചിരിക്കുന്നത്. ഇവർ ജില്ലാ ലേബർ ഓഫീസ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു.

## ഇ.എസ്.ഐ. പദ്ധതി

81 (2574) <u>ശ്രീ. പി. സി. ജോർജ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിസിനസ്സ് സ്ഥാപനങ്ങളിൽ ഇ. എസ്. ഐ. പദ്ധതി നടപ്പിലാക്കുന്ന രീതി വിവരിക്കുമോ;

(ബി) ഒരു ബിസിനസ്സ് സ്ഥാപനത്തിൽ എത്ര ജോലിക്കാർ ഉണ്ടെങ്കിലാണ് അത് ഇ. എസ്. ഐ. പദ്ധതിയുടെ പരിധിയിൽ വരുന്നത്;

(സി) ഒരു സ്ഥാപനത്തിലെ തൊഴിലാളികളെ പ്രോവിഡന്റ് ഫണ്ട് പരിധിയിൽപ്പെടുത്തണമെങ്കിൽ എത്ര ജോലിക്കാർ വേണമെന്നാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഭാരത സർക്കാരിന്റെ 31-1-2017-ലെ S-38013/04/2017-SSI വിജ്ഞാപനപ്രകാരം കേരളത്തിലെ എല്ലാ റവന്യൂ വില്ലേജുകളും ഇ.എസ്.ഐ. പരിധിയിൽ വന്നിട്ടുണ്ട്. കേരളത്തിലെ ഏതെങ്കിലും സ്ഥാപനത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിലോ അതിനുശേഷമോ ഏതെങ്കിലും ഒരു ദിവസം പത്തോ അതിലധികമോ തൊഴിലാളികൾ ജോലിചെയ്യുന്നുണ്ടെങ്കിൽ ആ സ്ഥാപനം ഇ.എസ്.ഐ. പദ്ധതിയുടെ പരിധിയിൽ വരുന്നതാണ്. വ്യവസായ സ്ഥാപനങ്ങൾക്ക് www.esic.in എന്ന ഇ.എസ്.ഐ.സി. വെബ് പോർട്ടലിലൂടെ ഓൺലൈനായി സ്ഥാപനത്തിന് ഇ.എസ്.ഐ. രജിസ്ട്രേഷൻ നമ്പർ എടുക്കാവുന്നതാണ്. തൊഴിലുടമാ പേജിലൂടെ തൊഴിലുടമയ്ക്ക് വെബ് പോർട്ടലിൽ പ്രവേശിക്കാവുന്നതും തൊഴിലാളികളെ രജിസ്റ്റർ ചെയ്യാവുന്നതുമാണ്. രജിസ്ട്രേഷൻ പ്രക്രിയ പൂർത്തിയായാൽ തൊഴിലാളിക്ക് ഒരു ഇൻഷ്വറൻസ് നമ്പർ അനുവദിച്ചുകിട്ടും. ഓരോ തൊഴിലാളിയുടെയും ശമ്പളത്തിന്റെ 1.75% തൊഴിലാളികളും 4.75% തൊഴിൽ ഉടമയും ഇ.എസ്.ഐ. ഫണ്ടിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്യണം. (ആകെ ശമ്പളത്തിന്റെ 6.5%). 21,000 രൂപ വരെ ശമ്പളം വാങ്ങുന്ന തൊഴിലാളികൾ ഇ.എസ്.ഐ. പരിധിയിൽ ഉൾപ്പെടുന്നു.

(ബി) പത്തോ അതിലധികമോ ജോലിക്കാർ ഉണ്ടെങ്കിൽ അത് ഇ.എസ്.ഐ. പദ്ധതിയുടെ പരിധിയിൽ വരും.

(സി) 1952-ലെ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ആന്റ് മിസലേനിയസ് ആക്ട് പ്രകാരം ഇരുപതോ അതിലധികമോ തൊഴിലാളികൾ ജോലിചെയ്യുന്ന സ്ഥാപനങ്ങൾ പ്രൊവിഡന്റ് ഫണ്ടിന്റെ പരിധിയിൽ വരുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## ഡീ-അഡിക്ഷൻ സെന്ററുകൾ

82 (2575) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെയും മദ്യത്തിന്റെയും മയക്ക മരുന്നിന്റെയും ഉപയോഗം കൂടി വരുന്നത് കണക്കിലെടുത്ത് സർക്കാരിന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും ഡീ- അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

ഉദ്ദേശിക്കുന്നുണ്ട്. എല്ലാ ജില്ലകളിലും ജില്ലാ ആശുപത്രിയോട് ചേർന്ന് ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ലഹരി വസ്തുക്കളുടെ വിതരണം

83 (2576) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം നിയന്ത്രിക്കുന്നതിനും ലഹരിക്ക് അടിമപ്പെട്ടവരുടെ ലഹരിമുക്ത ജീവിതത്തിനും വേണ്ടി എന്തെല്ലാം പദ്ധതികളാണ് നടത്തിവരുന്നത് എന്ന് വിശദീകരിക്കുമോ;

(ബി) 2016 ജൂൺ 1 മുതൽ ഡിസംബർ 31 വരെയുള്ള കാലത്ത് കൊല്ലം ജില്ലയിൽ എത്ര കേസ്സുകൾ എടുത്തിട്ടുണ്ടെന്നും എത്ര അളവ് കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി മരുന്നുകൾ പിടിച്ചെടുത്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) സ്കൂൾ വിദ്യാർത്ഥികൾക്ക് ലഹരി വസ്തുക്കൾ വിതരണം ചെയ്യുന്ന മാഫിയാ സംഘങ്ങൾ സംസ്ഥാനത്ത് പ്രവൃത്തിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ലഹരി വസ്തുക്കളുടെ ഉപയോഗം ഇല്ലായ്മ ചെയ്യുവാനും ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ "വിമുക്തി" രൂപീകരിച്ചിട്ടുണ്ട്. വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ ബൃഹത്തായ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. എല്ലാ ജില്ലാ

ആശുപത്രികളോടും ബന്ധപ്പെട്ട് ആരോഗ്യവകുപ്പുമായി സഹകരിച്ച് ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ എക്സൈസ് വകുപ്പിന്റെ നിയന്ത്രണത്തിൻകീഴിൽ സംസ്ഥാനതലത്തിൽ അന്തർദേശീയ നിലവാരത്തിലുള്ള ഒരു മാതൃകാ ഡീ-അഡിക്ഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികളും പ്രാരംഭ ഘട്ടത്തിലാണ്.

(ബി) അബ്കാരി കേസ്സുകൾ - 1651 എണ്ണം

| | |
|---|---|
| എൻ.ഡി.പി.എസ്. | - 248 എണ്ണം |
| കോട്പ കേസ്സുകൾ | - 3010 എണ്ണം |
| തൊണ്ടിസാധനങ്ങൾ | - |
| കഞ്ചാവ് | - 47.337 കി. ഗ്രാം |
| കഞ്ചാവ് ചെടി | - 8 എണ്ണം |
| ബ്യൂഫിനോർഫിൻ ആംപ്യൂൾ | - 10 എണ്ണം |
| പാൻമസാല | - 368969 പായ്ക്കറ്റ് |
| സിഗററ്റ് | - 5539 പായ്ക്കറ്റ് (സ്കൂൾ പരിസരത്തുനിന്നും) |
| ബീഡി | - 4927 പായ്ക്കറ്റ് (സ്കൂൾ പരിസരത്തുനിന്നും) |
| പുകയില | - 4.12 ഗ്രാം |
| വ്യാജ മദ്യം | - 119.575 ലിറ്റർ |
| സ്പിരിറ്റ് | - 496 ലിറ്റർ |
| ചാരായം | - 140 ലിറ്റർ |
| കോട | - 8411 ലിറ്റർ |

(സി) സ്കൂൾ വിദ്യാർത്ഥികൾക്ക് ലഹരി വസ്തുക്കൾ വിതരണം ചെയ്യുന്ന മാഫിയാ സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലഹരി വസ്തുക്കളുടെ സംഭരണം, വിതരണം എന്നിവയ്ക്കെതിരെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം എക്സൈസ് വകുപ്പ് നടത്തുന്നുണ്ട്. കൂടാതെ പോലീസ്, വനം, റവന്യൂ വകുപ്പുമായി ചേർന്നും ലഹരിക്കെതിരെയുള്ള

പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് സ്കൂൾ/കോളേജ് തലത്തിൽ ലഹരിക്കെതിരെ പ്രവർത്തിക്കുന്നതിന് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിനുള്ളിൽ പുകയില ഉൽപ്പന്നങ്ങളുടെ വിൽപ്പന നിരോധിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ചുമയ്ക്കെതിരെ ഉപയോഗിക്കുന്ന കഫ് സിറപ്പുകൾ, ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള ചില മരുന്നുകൾ ലഹരിമരുന്നുകളായി വ്യാപകമായി, പ്രത്യേകിച്ച് വിദ്യാർത്ഥികൾ ഉപയോഗിക്കുന്നതായി അറിവ് ലഭിച്ചിട്ടുണ്ട്. ടി വിഷയത്തിന്റെ ഗൗരവം മുന്നിൽക്കണ്ട് ഡ്രഗ്സ് കൺട്രോളർ ഉൾപ്പെടെയുള്ള ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇത്തരം മരുന്നുകൾ കൂടുതലായി വിറ്റഴിക്കപ്പെടുന്നുവെന്ന് സംശയം തോന്നുന്ന മെഡിക്കൽ ഷോപ്പുകളിൽ ടി സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിൽ അതാത് ജില്ലകളിലെ ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥരുമായി ചേർന്ന് വിശദമായ പരിശോധന നടത്തുവാൻ എല്ലാ ജില്ലകളിലേയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും വിതരണവും**

84 (2577) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി പദാർത്ഥങ്ങൾ സംസ്ഥാനത്ത് വ്യാപകമായി വിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിന് എക്സൈസ് വകുപ്പ് കൈക്കൊണ്ട നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ;

(സി) ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും വിതരണവും തടയുവാൻ നിയമപരമായി എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും വിതരണവും തടയുവാൻ പ്രത്യേക സ്ക്വാഡിനെ ഏൽപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് ഹോസ്റ്റലുകളിൽ ലഹരി മരുന്നുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇതിനെ തടയുവാൻ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാന തലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കിവരുന്നത്. കൂടാതെ നിലവിൽ മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ്, എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡ് എന്നിവ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിനുള്ളിൽ പുകയില ഉൽപ്പന്നങ്ങളുടെ വിൽപ്പന നിരോധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ചുമയ്ക്കെതിരെ ഉപയോഗിക്കുന്ന കഫ് സിറപ്പുകൾ, ജീവൻ രക്ഷാമരുന്നുകൾ ഉൾപ്പെടെയുള്ള ചില മരുന്നുകൾ എന്നിവ ലഹരി മരുന്നുകളായി വ്യാപകമായി, പ്രത്യേകിച്ച് വിദ്യാർത്ഥികൾ ഉപയോഗിക്കുന്നതായി അറിവ് ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്കൂളുകളുടെ പരിസരങ്ങളിലുള്ള മെഡിക്കൽ സ്റ്റോറുകളിൽ ഇത്തരത്തിലുള്ള മരുന്നുകളുടെ വിപണനം ഡോക്ടറുടെ കുറിപ്പടി ഇല്ലാതെയാണോ നടക്കുന്നതെന്നും ലഹരി വിരുദ്ധ ക്ലബ്ബുകൾ, എസ്.പി.സി., എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ, വിദ്യാർത്ഥി-യുവജന-മഹിളാ-സന്നദ്ധസംഘടനകളുടെ പങ്കാളിത്തത്തോടും സഹകരണത്തോടുംകൂടി "ലഹരി മുക്ത കേരളം" എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനായി വിദ്യാർത്ഥികളിലും യുവജനങ്ങളിലും പൊതു സമൂഹത്തിലും ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു.

ഇതര സംസ്ഥാനങ്ങളിൽനിന്നും കഞ്ചാവ് അടക്കമുള്ള ലഹരി പദാർത്ഥങ്ങൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ട്രെയിൻ മുഖാന്തരമുള്ള ലഹരി വസ്തുക്കളുടെ കടത്ത് തടയുന്നതിന് പോലീസ്, റെയിൽവേ, ആർ.പി.എഫ്. വിഭാഗങ്ങളുമായി സഹകരിച്ച് കർശനമായ പരിശോധനകൾ നടത്തുന്നു.

ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചിട്ടുണ്ട്.

നവീന സാമൂഹ്യമാധ്യമങ്ങളിലൂടെ എക്സൈസ് കമ്മീഷണറുമായി പൊതുജനങ്ങൾക്ക് ബന്ധപ്പെടുന്നതിന് "9447178000 " എന്ന ഔദ്യോഗിക മൊബൈൽ ഫോൺ നമ്പരും "ലഹരിമുക്തി" പദ്ധതിപ്രകാരം ഐഡിയ മൊബൈൽ കമ്പനി "9061178000" എന്ന നമ്പറിൽ ഒരു സൗജന്യ വാട്സ് ആപ്പ് ലൈനും ലഭ്യമാക്കിയിട്ടുണ്ട്. ലഹരിവിരുദ്ധ ബോധവൽക്കരണ സെമിനാറുകൾ, ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ ഹ്രസ്വ ചിത്രങ്ങൾ, ബോധവൽക്കരണ ക്ലാസ്സുകൾ, സ്കൂൾ/കോളേജ് പി.റ്റി.എ.-കളുമായി സഹകരിച്ചുകൊണ്ട് ബോധവൽക്കരണ മീറ്റിംഗുകൾ എന്നിവയും സംഘടിപ്പിച്ചുവരുന്നുണ്ട്.

വിദ്യാർത്ഥികളെയും യുവജനങ്ങളെയും ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായും അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ലഹരി വിരുദ്ധ പ്രവർത്തനം നടത്തുന്ന മികച്ച സംഘടന, സംഘടനാ പ്രവർത്തകൻ, മികച്ച പ്രവർത്തനം നടത്തുന്ന സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, ക്ലബ്ബ് പ്രവർത്തകർ, ക്ലബ്ബുകൾ പ്രസിദ്ധീകരിക്കുന്ന മികച്ച ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ മാഗസിനുകൾ, മാഗസിൻ സൃഷ്ടികൾ എന്നിവയ്ക്ക് അവാർഡും പ്രശംസാപത്രവും നൽകിവരുന്നുണ്ട്.

(സി) ഇല്ല.

(ഡി) നിലവിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

(ഇ) ഹോസ്റ്റലുകളിൽ ലഹരി മരുന്നുകൾ ഉപയോഗിക്കുന്നുണ്ടോയെന്ന് എക്സൈസ് വകുപ്പ് പരിശോധിക്കാറുണ്ട്. ഹോസ്റ്റലുകളിൽ ലഹരി മരുന്നുകൾ ഉപയോഗിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഹോസ്റ്റലിന്റെ ചുമതലയുള്ളവരുടെ സാന്നിദ്ധ്യത്തിൽ ആകസ്മിക പരിശോധന നടത്തുന്നതും സംശയമുള്ള ഹോസ്റ്റലുകൾ കൂടുതലായി നിരീക്ഷിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുന്നതിനും ഹോസ്റ്റലിൽ താമസിക്കുന്നവരിൽ സംശയ മുളവാക്കുന്നവരുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനുംവേണ്ട നടപടി സ്വീകരിക്കുന്നതിന് എല്ലാ ഡെപ്യൂട്ടി കമ്മീഷണർമാർക്കും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഹോസ്റ്റലിന്റെ ചുമതലക്കാർക്കും ഇതുസംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**ലഹരിവിരുദ്ധ ബോധവൽക്കരണം**

85 (2578) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ.ആർ. രാമചന്ദ്രൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വിരുദ്ധ ബോധവൽക്കരണത്തിന്റെ ഭാഗമായി, വിവാഹ വീടുകളിലെ മദ്യസത്കാരം തടയുന്നതിനായി എക്സൈസ് വകുപ്പിന് പദ്ധതിയുണ്ടോ;

(ബി) വിവാഹ വീടുകളിലെത്തി മദ്യപാനം മൂലമുള്ള വിപത്തുകളെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും നിയമപരമായ മുന്നറിയിപ്പ് നൽകുന്നതിനും എക്സൈസ് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) വിവാഹ വീടുകൾ കണ്ടെത്തുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും ആവശ്യമായ അംഗബലം എക്സൈസ് സേനയ്ക്കുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി & സി) മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മദ്യ മയക്കുമരുന്ന് ഉപഭോഗംമൂലമുണ്ടാകുന്ന വിപത്തുകൾ ചൂണ്ടിക്കാട്ടിയും അതിശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് സംസ്ഥാന ലഹരി വർജ്ജനമിഷൻ 'വിമുക്തി' രൂപീകരിച്ചിട്ടുണ്ട്. മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി അന്താരാഷ്ട്ര വനിതാദിനമായ മാർച്ച് 8-ന് ആരംഭിച്ച് 2017 മാർച്ച് 31-ന് പൂർത്തിയാകുന്നതരത്തിൽ സംസ്ഥാനത്തെ എല്ലാ വീടുകളിലും 'വിമുക്തി' സ്റ്റിക്കർ പതിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**ക്യാന്റീൻ സൗകര്യം**

86 (2579) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എക്സൈസ് വകുപ്പ് ജീവനക്കാർക്ക് പോലീസ് ജീവനക്കാർക്കുള്ളതുപോലെ ക്യാന്റീൻ സൗകര്യം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

ഇക്കാര്യം പരിശോധിച്ചുവരുന്നു.

**വിജിലൻസ് വിഭാഗം**

87 (2580) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ സ്ഥിര താമസക്കാരായ ജീവനക്കാർ തൃശ്ശൂർ, പാലക്കാട്, ആലപ്പുഴ ജില്ലകളിൽ നിരവധി വർഷങ്ങളായി ജോലി ചെയ്തുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ പേര്, തസ്തിക എന്നിവ ലഭ്യമാക്കുമോ;

(ബി) എക്സൈസ് വകുപ്പിൽ വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനം വിശദീകരിക്കുമോ;

(സി) ക്രിമിനൽ കേസ്സ്സിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർ, അമിതസ്വത്ത് സമ്പാദനത്തിന് നടപടികൾ നേരിടുന്ന ഉദ്യോഗസ്ഥർ, വകുപ്പുതല ശിക്ഷാ നടപടികൾ നേരിടുന്ന ഉദ്യോഗസ്ഥർ എന്നിവരുടെ പേരും വിവരങ്ങളും അറിയിക്കുമോ;

(ഡി) സേനാവിഭാഗമായ വകുപ്പിൽ ഉന്നത ഉദ്യോഗസ്ഥർ സഹിതം ഔദ്യോഗിക പരിപാടികളിലും ഓഫീസിലും യൂണിഫോം ഉപയോഗിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വകുപ്പിലെ ഉദ്യോഗസ്ഥർക്ക് യൂണിഫോം ധരിക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലുണ്ടോ; എങ്കിൽ അവയുടെ വിവരം അറിയിക്കുമോ;

(എഫ്) യൂണിഫോം ധരിക്കാത്തതിനാൽ സേന എന്ന നിലയിൽ അച്ചടക്കമില്ലായ്മ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. എക്സൈസ് വകുപ്പിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ സ്ഥിര താമസക്കാരായ ജീവനക്കാർ തൃശ്ശൂർ, പാലക്കാട്, ആലപ്പുഴ ജില്ലകളിൽ വർഷങ്ങളായി ജോയി ചെയ്തുവരുന്നവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

<u>തൃശ്ശൂർ</u>

| | |
|---|---|
| കെ. പ്രദീപ് കുമാർ | എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ |
| ദിവാകരൻ കെ. | എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ |
| ഷിബു. സി | എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ |
| ഖലമുദ്ദീൻ എസ്. | എക്സൈസ് ഇൻസ്പെക്ടർ |
| ശങ്കർ ജി.എ. | എക്സൈസ് ഇൻസ്പെക്ടർ |
| മധുസൂദനൻ പിള്ള | എക്സൈസ് ഇൻസ്പെക്ടർ |

<u>പാലക്കാട്</u>

| | |
|---|---|
| മിനു എം.എസ്. | പ്രിവന്റീവ് ഓഫീസർ |
| ബഷീർകുട്ടി കെ. | പ്രിവന്റീവ് ഓഫീസർ |
| ബോസ് വെൽ എസ്. | പ്രിവന്റീവ് ഓഫീസർ |
| ടി. സെബാസ്റ്റ്യൻ | പ്രിവന്റീവ് ഓഫീസർ |
| രവികുമാർ എസ്. | പ്രിവന്റീവ് ഓഫീസർ |
| സന്തോഷ് കുമാർ ജി. | പ്രിവന്റീവ് ഓഫീസർ |
| ഷംനാദ് എസ്. | പ്രിവന്റീവ് ഓഫീസർ |
| സഞ്ചു എസ്. | പ്രിവന്റീവ് ഓഫീസർ |
| സി. രാജു | പ്രിവന്റീവ് ഓഫീസർ |
| മനോജ് എ. | പ്രിവന്റീവ് ഓഫീസർ |
| ബിനുലാൽ എസ്. | സിവിൽ എക്സൈസ് ഓഫീസർ |
| നവാസ് എസ് | സിവിൽ എക്സൈസ് ഓഫീസർ |
| രാധാകൃഷ്ണപിള്ള എം. | സിവിൽ എക്സൈസ് ഓഫീസർ |
| മോഹനകുമാർ പി. | സിവിൽ എക്സൈസ് ഓഫീസർ |
| പ്രസന്നൻ കെ.ഒ. | സിവിൽ എക്സൈസ് ഓഫീസർ |
| ജയപ്രകാശ് കെ. | സിവിൽ എക്സൈസ് ഓഫീസർ |
| ഷാജികുമാർ. സി.എൻ | സിവിൽ എക്സൈസ് ഓഫീസർ |

| | |
|---|---|
| റായി ആർ. | സിവിൽ എക്സൈസ് ഓഫീസർ |
| സ്റ്റാലിൻ സ്റ്റീഫൻ | സിവിൽ എക്സൈസ് ഓഫീസർ |
| എ. സി. സോൾ | സിവിൽ എക്സൈസ് ഓഫീസർ |
| ശ്രീജി ബി. ജെ. | സിവിൽ എക്സൈസ് ഓഫീസർ |
| സുദർശനൻ നായർ | സിവിൽ എക്സൈസ് ഓഫീസർ |
| ശ്രീജിത്ത് എ. മിരാൻഡ | സിവിൽ എക്സൈസ് ഓഫീസർ |
| പ്രദീപ്കുമാർ പി.പി. | സിവിൽ എക്സൈസ് ഓഫീസർ |
| സതീഷ് കുമാർ എം. | സിവിൽ എക്സൈസ് ഓഫീസർ |
| ഷിബുകുമാർ സി | സിവിൽ എക്സൈസ് ഓഫീസർ |
| സജീവ് എ. | സിവിൽ എക്സൈസ് ഓഫീസർ |
| ആർ. എസ്. സുരേഷ് | സിവിൽ എക്സൈസ് ഓഫീസർ |
| മേഘനാഥൻ ഡി. | സിവിൽ എക്സൈസ് ഓഫീസർ |
| ജോസ് ജെ. | സിവിൽ എക്സൈസ് ഓഫീസർ |
| ദേവകുമാർ വി. | സിവിൽ എക്സൈസ് ഓഫീസർ |
| രമേശൻ. ഡി | സിവിൽ എക്സൈസ് ഓഫീസർ |
| അഹമ്മദ് സുധീർ എസ്. | സിവിൽ എക്സൈസ് ഓഫീസർ |
| കെ. സി. ഏലിയാസ് | സിവിൽ എക്സൈസ് ഓഫീസർ |
| രാജേഷ് കെ. | സിവിൽ എക്സൈസ് ഓഫീസർ |
| അജിത്കുമാർ. പി | സിവിൽ എക്സൈസ് ഓഫീസർ |
| അജിത് ജെ. ആർ | സിവിൽ എക്സൈസ് ഓഫീസർ |
| ജിജിലാൽ ആർ. | സിവിൽ എക്സൈസ് ഓഫീസർ |
| ഷാജികുമാർ എ. | സിവിൽ എക്സൈസ് ഓഫീസർ |
| ജോജൻ ജോൺ | സിവിൽ എക്സൈസ് ഓഫീസർ |
| സന്തോഷ് കുമാർ ആർ. | സിവിൽ എക്സൈസ് ഓഫീസർ |
| ഷിജു ആർ. | സിവിൽ എക്സൈസ് ഓഫീസർ |
| പൊന്നുവാവ ടി. | വനിതാ സിവിൽ എക്സൈസ് ഓഫീസർ |

ആലപ്പുഴ

| | |
|---|---|
| ഐ. ഷിഹാബ് | പ്രിവന്റീവ് ഓഫീസർ |
| സന്തോഷ് കുമാർ | സിവിൽ എക്സൈസ് ഓഫീസർ |
| സദാശിവൻ പിള്ള | അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) |
| എച്ച്. ഷാജി | അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) |

(ബി) കേരള എക്സൈസ് വകുപ്പിൽ കേരള പോലീസിലെ എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥൻ മേധാവിയായി എക്സൈസ് വിജിലൻസ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. എക്സൈസ് വിജിലൻസ് വിഭാഗം മേധാവിയ്ക്ക് സംസ്ഥാനതലത്തിലുള്ള അധികാരപരിധിയാണുള്ളത്.

എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ പെരുമാറ്റദൂഷ്യം, അച്ചടക്കലംഘനം, കൃത്യവിലോപം എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ, ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള കൃത്യനിർവ്വഹണത്തിലെ ഗുരുതര വീഴ്ചകൾ, വകുപ്പിലെ വിവിധ ഓഫീസുകളിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്ന കേസ്സുകളിൽ അന്വേഷണഘട്ടത്തിലുണ്ടാകുന്ന വിവാദങ്ങൾ, ആരോപണങ്ങൾ, ഉദ്യോഗസ്ഥരുടെ അഴിമതി തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കി തുടർനടപടികൾക്കായി ബഹുമാനപ്പെട്ട എക്സൈസ് കമ്മീഷണർക്ക് സമർപ്പിക്കുകയാണ് എക്സൈസ് വിജിലൻസ് വിഭാഗത്തിന്റെ പ്രധാന ചുമതലകൾ.

(സി) ക്രിമിനൽ കേസിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർ, അമിതസ്വത്ത് സമ്പാദനത്തിന് നടപടികൾ നേരിടുന്ന ഉദ്യോഗസ്ഥർ, വകുപ്പുതല ശിക്ഷാ നടപടികൾ നേരിടുന്ന ഉദ്യോഗസ്ഥർ എന്നിവരുടെ പേരും വിവരങ്ങളും അനുബന്ധമായി* ചേർക്കുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) എക്സൈസ് & പ്രൊഹിബിഷൻ സർവ്വീസ് & എക്സൈസ് & പ്രൊഹിബിഷൻ സബോർഡിനേറ്റ് സർവ്വീസ് (യൂണിഫോം റൂൾസ് - ഷെഡ്യൂൾ I & II)-ൽ എക്സൈസ് ഉദ്യോഗസ്ഥർ യൂണിഫോം ധരിക്കുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(എഫ്) ഉത്തരം 'ഡി'-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## യൂണിഫോം ഇടേണ്ട ഉദ്യോഗസ്ഥർ

88 (2581) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന സേനാ വിഭാഗമായ എക്സൈസ് വകുപ്പിൽ മിനിസ്റ്റീരിയൽ തസ്തികയിൽ സേനയിലെ യൂണിഫോം ഇടേണ്ട ഉദ്യോഗസ്ഥർ സേവനം അനുഷ്ഠിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികയിൽ എത്ര ജീവനക്കാർ വീതം എന്ന വിവരം അറിയിക്കുമോ;

(ബി) വകുപ്പിൽ മിനിസ്റ്റീരിയൽ ക്ലറിക്കൽ വിഭാഗം ജോലികൾ പ്രിവന്റീവ് ഓഫീസർമാരാണ് കൈകാര്യം ചെയ്യുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മിനിസ്റ്റീരിയൽ വിഭാഗത്തിലെ സേവനത്തിന് വേണ്ട അക്കാദമി/ഡിപ്പാർട്ട്മെന്റൽ പരീക്ഷാ യോഗ്യത പ്രിവന്റീവ് ഓഫീസർമാർക്കില്ലാത്തതിനാൽ മിനിസ്റ്റീരിയൽ വിഭാഗം കാര്യക്ഷമമല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ക്ലറിക്കൽ ജോലികളിൽ പ്രിവന്റീവ് ഓഫീസർമാർ ജോലി ചെയ്യുന്നതുകാരണം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് ഇവരുടെ സേവനം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വർദ്ധിച്ചുവരുന്ന മയക്കുമരുന്നുകളുടെയും മറ്റും വ്യാപനത്തെ നിയന്ത്രിക്കുന്നതിന് കൂടുതൽ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നതിലേയ്ക്കായി മിനിസ്റ്റീരിയൽ വിഭാഗത്തിൽ അനർഹമായി ജോലി ചെയ്യുന്ന പ്രിവന്റീവ് ഓഫീസർമാരെ എൻഫോഴ്സ്മെന്റിലേയ്ക്ക് മാറ്റി നിയമിക്കുമോ;

(എഫ്) ഒട്ടേറെ അർഹതപ്പെട്ടവർ റാങ്ക് ലിസ്റ്റുകളിൽ തൊഴിൽ ലഭിക്കാതെ കാത്തിരിക്കുമ്പോൾ ഈ വകുപ്പിൽ മാത്രം മിനിസ്റ്റീരിയൽ വിഭാഗം ശക്തിപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ജി) വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗം ശക്തിപ്പെടുത്തുന്നതിനും അർഹതപ്പെട്ടവരെ നിയമിച്ച് പ്രസ്തുത വിഭാഗം കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എക്സൈസ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് എന്നിവരടങ്ങുന്ന മിനിസ്റ്റീരിയൽ തസ്തികയിൽ സേനയിലെ യൂണിഫോം ഇടേണ്ട ഉദ്യോഗസ്ഥർ സേവനമനുഷ്ഠിക്കുന്നില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പിലെ സ്പെഷ്യൽ റൂൾസ് പ്രകാരം പ്രിവന്റീവ് ഓഫീസർമാർക്ക് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കുന്നതിന് 3 വർഷത്തെ ബോർഡ് യൂണിറ്റ് സേവനത്തിന്റെ ഭാഗമായി ഓഫീസ് ജോലികൾ ചെയ്യേണ്ടതുണ്ട്. അതിൻപ്രകാരം സംസ്ഥാനത്തുടനീളം വകുപ്പിൽ 165 പ്രിവന്റീവ് ഓഫീസർമാർ ക്ലറിക്കൽ ജോലികൾ ചെയ്തുവരുന്നുണ്ട്. വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ ക്ലാർക്ക് തസ്തിക അനുവദിക്കപ്പെട്ടിട്ടില്ല.

(സി) എക്സൈസ് വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് തസ്തികകളാണ് നിലവിലുള്ളത്. ഇവയിൽ നിർദ്ദിഷ്ട യോഗ്യതയുള്ളവരാണ് ജോലിചെയ്തുവരുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) എക്സൈസ് വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗത്തിൽ അനർഹമായി പ്രിവന്റീവ് ഓഫീസർമാർ ആരുംതന്നെ ജോലി ചെയ്യുന്നില്ല.

(എഫ്) എക്സൈസ് വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ശക്തിപ്പെടുത്തേണ്ട സാഹചര്യം നിലവിലില്ല.

(ജി) മിനിസ്റ്റീരിയൽ വിഭാഗത്തിലുള്ള ജീവനക്കാരുടെ കുറവ് അനുഭവപ്പെട്ടിട്ടില്ല. എക്സൈസ് വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം തസ്തികകളിലെ ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**എക്സൈസ് ജീവനക്കാർക്ക് ക്യാന്റീൻ**

89 (2582) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എക്സൈസ് ജിവനക്കാർക്ക് പോലീസ് ക്യാന്റീൻ മാതൃകയിൽ ക്യാന്റീൻ സൗകര്യം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എന്നത്തേയ്ക്ക് ഇത് സംബന്ധിച്ച ഉത്തരവ് ഉണ്ടാകും;

(സി) വിരമിച്ച എക്സൈസ് ജീവനക്കാർക്കും ക്യാന്റീന്റെ സൗകര്യം ലഭിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) ഇക്കാര്യം പരിഗണനയിലില്ല.

**സ്യൂട്ട് വിഭാഗം**

90 (2583) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ സംസ്ഥാനത്ത് വിവിധ കോടതികളിലായി ആകെ എത്ര കേസ്സ് തീർപ്പാക്കാനുണ്ട്; കമ്മീഷണറേറ്റ്, ജില്ലാ ഓഫീസുകൾ, സർക്കിൾ, റേഞ്ച് ഓഫീസുകൾ അടിസ്ഥാനത്തിലുള്ള വിവരം അറിയിക്കുമോ;

(ബി) വകുപ്പിൽ സ്യൂട്ട് വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം കാര്യാലയങ്ങളിൽ; എത്ര ഉദ്യോഗസ്ഥരെ ഇതിനായി നിയോഗിച്ചിട്ടുണ്ടെന്നും ഇവരുടെ പ്രവർത്തനം കാര്യക്ഷമമാണോ എന്നും വിശദീകരിക്കുമോ;

(സി) വകുപ്പ് കാര്യക്ഷമമായി കേസ്സുകൾ നടത്താത്തതിനാൽ കേസ്സുകൾ തോൽക്കുന്ന സാഹചര്യം നിലവിലുണ്ടോ; കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ വകുപ്പിനെതിരെ വിധിന്യായമുണ്ടായ കേസ്സുകൾ എത്ര വീതമെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(ഡി) വകുപ്പിലെ സ്യൂട്ട് വിഭാഗം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എക്സൈസ് വകുപ്പിൽ സംസ്ഥാനത്ത് ക്രൈം കേസ് ഒഴികെ (അബ്കാരി/എൻ.ഡി.പി.എസ്.) 660 കേസ്സുകൾ തീർപ്പാക്കാനുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു:

| ഓഫീസിന്റെ പേര് | തീർപ്പാക്കാൻ അവശേഷിക്കുന്ന കേസ്സുകളുടെ എണ്ണം |
|---|---|
| എക്സൈസ് കമ്മീഷണറേറ്റ് | 534 |
| അഡീഷണൽ എക്സൈസ് കമ്മീഷണറുടെ ഓഫീസ് (എൻഫോഴ്സ്മെന്റ് വിഭാഗം) | 11 |

| ജില്ലാ ഓഫീസുകൾ | |
|---|---|
| തിരുവനന്തപുരം | 7 |
| കൊല്ലം | --- |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 49 |
| കോട്ടയം | 6 |
| ഇടുക്കി | 12 |
| എറണാകുളം | 2 |
| തൃശ്ശൂർ | 10 |
| പാലക്കാട് | 7 |
| മലപ്പുറം | --- |
| കോഴിക്കോട് | 2 |
| വയനാട് | 1 |
| കണ്ണൂർ | 9 |
| കാസർഗോഡ് | 9 |

(ബി) എക്സൈസ് വകുപ്പിൽ പ്രത്യേകിച്ച് സ്യൂട്ട് വിഭാഗം പ്രവർത്തിക്കുന്നില്ല. എന്നാൽ എക്സൈസ് കമ്മീഷണറേറ്റിൽ ഫയലുകളിൽ നിയമോപദേശം ലഭ്യമാക്കുന്നതിന് ഒരു ലാ ഓഫീസറും എറണാകുളം ഹൈക്കോടതിയുമായി ബന്ധപ്പെട്ടുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിന് ഒരു ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറും (നിയമം) നിലവിലുണ്ട്. ഇവരുടെ പ്രവർത്തനം കാര്യക്ഷമമാണ്.

(സി) എക്സൈസ് വകുപ്പിൽ കേസുകൾ കാര്യക്ഷമമായി നടത്തിവരുന്നു. എന്നാൽ ചില കേസ്സുകളിൽ എക്സൈസ് വകുപ്പിന് പ്രതികൂലമായി വിധിന്യായമുണ്ടാകുന്നു. കഴിഞ്ഞ മൂന്ന് വർഷക്കാലയളവിലെ കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| ഓഫീസിന്റെ പേര് | വകുപ്പിനെതിരെ വിധിന്യായമുണ്ടായ കേസ്സുകളുടെ എണ്ണം |
|---|---|
| എക്സൈസ് കമ്മീഷണറേറ്റ് | 70 |
| അഡീഷണൽ എക്സൈസ് കമ്മീഷണറുടെ ഓഫീസ് (എൻഫോഴ്സ്മെന്റ് വിഭാഗം) | --- |
| <u>ജില്ലാ ഓഫീസുകൾ</u> | |
| തിരുവനന്തപുരം | -- |
| കൊല്ലം | -- |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | -- |
| കോട്ടയം | -- |
| ഇടുക്കി | 1 |
| എറണാകുളം | -- |
| തൃശ്ശൂർ | -- |
| പാലക്കാട് | -- |
| മലപ്പുറം | -- |
| കോഴിക്കോട് | -- |
| വയനാട് | -- |
| കണ്ണൂർ | 4 |
| കാസർഗോഡ് | -- |

(ഡി) എക്സൈസ് വകുപ്പിൽ പ്രത്യേകിച്ച് സ്യൂട്ട് വിഭാഗം പ്രവർത്തിക്കുന്നില്ല.

**റേവ് പാർട്ടികൾ**

91 (2584) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേവ് പാർട്ടികൾ, കൊക്കയിൻ പാർട്ടികൾ എന്നിവ സംഘടിപ്പിച്ച് ലഹരി ഉപയോഗം വർദ്ധിപ്പിക്കുന്നനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്:

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ;

(സി) വകുപ്പുതല നടപടികൾക്കുപുറമേ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

ഉത്തരം

(എ) സംസ്ഥാനത്ത് റേവ് പാർട്ടികൾ, കൊക്കയിൻ പാർട്ടികൾ തുടങ്ങിയവ നടത്തുന്നതിനെതിരെ എക്സൈസ് വകുപ്പ് നിതാന്ത ജാഗ്രത പുലർത്തുന്നുണ്ട്. ഇതുസംബന്ധിച്ച് പരിശോധനകൾ നടത്തുകയും നിയമലംഘനം ശ്രദ്ധയിൽപ്പെടുന്നപക്ഷം ഇത്തരം പാർട്ടികൾ സംഘടിപ്പിക്കുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(ബി) 2017 ജനുവരി 31 വരെ എക്സൈസ് വകുപ്പ് 18591 അബ്കാരി കേസ്സുകളും 2508 എൻ.ഡി.പി.എസ്. കേസ്സുകളും 48568 കോട്പ കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) സമൂഹത്തിന്റെ എല്ലാ മേഖലകളിലും വ്യാപരിക്കുന്ന വിപത്തായി മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപഭോഗം മാറിയിട്ടുണ്ട്. ഇതിനെതിരെ അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുവാനും എക്സൈസ് വകുപ്പ് നിതാന്ത ജാഗ്രത പുലർത്തിവരുന്നു. ബഹുജനങ്ങൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ഏകോപിപ്പിച്ചു നടത്തുവാൻ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' ക്ക് രൂപം നൽകിയിട്ടുണ്ട്. വിമുക്തിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും 2017 ജനുവരി 30-ന് ലഹരി വിരുദ്ധ പ്രതിജ്ഞ നടത്തുകയുണ്ടായി.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആശാവർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ, അയൽക്കൂട്ടങ്ങൾ, റസിഡന്റ്സ് അസോസിയേഷൻ എന്നിവരെ പങ്കെടുപ്പിച്ച് സംസ്ഥാനത്തെ എല്ലാ വീടുകളിലും ലഹരിവിരുദ്ധ സന്ദേശം ഉൾക്കൊള്ളുന്ന 'വിമുക്തി' സ്റ്റിക്കർ 2017 മാർച്ച് 8 മുതൽ 31 വരെ പതിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

വിമുക്തിയുടെ പ്രവർത്തനത്തിന്റെ ഭാഗമായി എല്ലാ ജില്ലാ ആശുപത്രികളോടും ചേർന്ന് ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുവാനും എക്സൈസ് വകുപ്പിന് കീഴിൽ സംസ്ഥാനത്ത് ദേശീയ നിലവാരത്തിലുള്ള ഒരു മാതൃകാ ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## എക്സൈസ് റേഞ്ച് ഓഫീസ്

92 (2585) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അമരവിളയിലെ എക്സൈസ് റേഞ്ച് ഓഫീസ് സ്ഥലപരിമിതിമൂലം ബുദ്ധിമുട്ടുന്നതിനാൽ ഓഫീസിന് പുതിയ മന്ദിരം നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

അമരവിള എക്സൈസ് റേഞ്ച് ഓഫീസിന് പുതിയ മന്ദിരം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് അമരവിള എക്സൈസ് റേഞ്ച് ഓഫീസിന്റെ നിലവിലെ കെട്ടിടത്തിന്റെ പകുതിയോളം ഭാഗം നഷ്ടപ്പെടുമെന്നുള്ളതിനാൽ അവശേഷിക്കുന്ന സ്ഥലത്ത് മൂന്നുനില കെട്ടിടം നിർമ്മിക്കുന്നതിനായ് 1,52,00,000 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റും പ്ലാനും സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ അംഗീകാരത്തോടുകൂടി ലഭ്യമാക്കുവാൻ പാറശ്ശാല പി.ഡബ്ല്യൂ.ഡി. (കെട്ടിട വിഭാഗം) അസിസ്റ്റന്റ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ആയത് അംഗീകാരം ലഭിച്ചാലുടൻ കെട്ടിടം പണിയുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## എക്സൈസ് സർക്കിൾ ഓഫീസ്

93 (2586) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ എക്സൈസ് സർക്കിൾ ഓഫീസ് കാലപ്പഴക്കത്താൽ ഏത് നിമിഷവും നിലം പൊത്താവുന്ന അവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓഫീസ് നിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് സ്ഥലം ലഭ്യമാക്കിയത് ഗവൺമെന്റിന്റെയും എക്സൈസ് വകുപ്പിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെട്ടിട നിർമ്മാണത്തിനായി നാളിതുവരെ എന്തെല്ലാം നടപടി കൈക്കൊണ്ടു; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി എക്സൈസ് വകുപ്പിന് അനുവദിച്ചു ലഭിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ പഞ്ചായത്ത് അധികാരികളുടെ ഭാഗത്തുനിന്നും നടന്നുവരുന്നു. ഭൂമി എക്സൈസ് വകുപ്പിന് ലഭിച്ചാലുടൻ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മദ്യത്തിന്റെ വിലവർദ്ധന**

94 (2587) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ബിവറേജസ് കോർപ്പറേഷൻ മദ്യത്തിന് വില വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വർദ്ധനയാണ് നടപ്പിലാക്കിയതെന്നും അതുമൂലമുള്ള വർദ്ധനവ് എത്രയെന്നും അറിയിക്കുമോ;

(ബി) മദ്യത്തിന്റെ വില കൂട്ടിയത് വഴി മദ്യ ഉത്പാദക കമ്പനികൾക്ക് അധിക സാമ്പത്തിക വരുമാനം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബിവറേജസ് കോർപ്പറേഷൻ റേറ്റ് കോൺട്രാക്ട് പർച്ചേസ് വില വർദ്ധിപ്പിച്ച് നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

**മദ്യത്തിന്റെ ലഭ്യത കുറയ്ക്കൽ**

95 (2588) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി.എസ്.ശിവകുമാർ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുവാൻ മദ്യത്തിന്റെ ലഭ്യത കുറയ്ക്കണമെന്ന ബഹു. സുപ്രീം കോടതിയുടെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) മദ്യത്തിന്റെ ലഭ്യത നിയന്ത്രിക്കുന്നതിനായി ബിവറേജസ് കോർപ്പറേഷന്റെ വിൽപ്പനകേന്ദ്രങ്ങൾ കുറയ്ക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വിൽപ്പന കേന്ദ്രങ്ങൾ നിർത്തലാക്കി;

(സി) മുൻസർക്കാരിന്റെ കാലത്ത് ഓരോ വർഷവും പത്ത് ശതമാനം വിൽപ്പന കേന്ദ്രങ്ങൾ പൂട്ടണമെന്ന തീരുമാനം എടുത്തിരുന്നോ; അതുപ്രകാരം ബിവറേജസ് കോർപ്പറേഷന്റെ എത്ര വിൽപ്പന കേന്ദ്രങ്ങൾ നിർത്തലാക്കി; വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദേശീയ/സംസ്ഥാന പാതകളുടെ 500 മീറ്ററിനകത്തുള്ള എല്ലാ വിദേശമദ്യ ചില്ലറ വിൽപ്പനകേന്ദ്രങ്ങളും 2017 മാർച്ച് 31-ന് മുൻപ് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉദ്ദേശ്യമില്ല. ഒരു വിദേശമദ്യ ചില്ലറ വിൽപ്പനശാലയും അടച്ചു പൂട്ടിയിട്ടില്ല.

(സി) തീരുമാനമെടുത്തിരുന്നു. അതുപ്രകാരം ബിവറേജസ് കോർപ്പറേഷന്റെ 68 വിദേശമദ്യ ചില്ലറ വിൽപ്പനശാലകൾ നിർത്തലാക്കുകയുണ്ടായി.

**വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം**

96 (2589) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവാക്കളിൽ ലഹരി ഉപയോഗം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ലഹരി വിമുക്തമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ലഹരി വസ്തുക്കളുടെ അനധികൃത ഉല്പാദനവും വിപണനവും തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഡി) ലഹരി വസ്തുക്കളുടെ അനധികൃത ഉല്പാദനവും വിപണനവും തടയുന്നതിനുവേണ്ടി ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന സമിതിയുടെ വിശദാംശങ്ങളും പ്രവർത്തനങ്ങളും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം ഇല്ലാതാക്കുവാനും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചിട്ടുണ്ട്. വിപുലമായ ബഹുജന പങ്കാളിത്തത്തോടുകൂടി ലഹരിവർജ്ജന ബോധവൽക്കരണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) ലഹരി വസ്തുക്കളുടെ അനധികൃത ഉൽപ്പാദനവും വിതരണവും തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി സ്കൂൾ/ കോളേജ് തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. യുവജന-മഹിളാ-സന്നദ്ധ സംഘടനകൾ, കുടുംബശ്രീ, ആശാവർക്കർമാർ, ലൈബ്രറി കൗൺസിൽ പ്രവർത്തകർ എന്നിവരുടെ സജീവ പങ്കാളിത്തത്തോടെ ഗ്രാമപഞ്ചായത്തുകളിലെ വാർഡുതലം വരെയുള്ള പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

(ഡി) ലഹരി വസ്തുക്കളുടെ അനധികൃത ഉൽപ്പാദനവും വിതരണവും തടയുന്നതിനുവേണ്ടി ജില്ലാതലത്തിൽ വിമുക്തി മിഷന്റെ ഭാഗമായി 'വിമുക്തി' ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും കോർപ്പറേഷൻ മേയർ/മുനിസിപ്പൽ ചെയർമാൻ വൈസ് ചെയർമാനും ജില്ലാ കളക്ടർ കൺവീനറും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ജോയിന്റ് കൺവീനറും ജില്ലാ മിഷൻ ഓഫീസർ ജില്ലാ കോ-ഓർഡിനേറ്ററും ആഭ്യന്തരം, ആരോഗ്യം, തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം, ധനകാര്യം, ഐ.&പി.ആർ.ഡി., സ്പോർട്സ്, യുവജനക്ഷേമം, SC/ST, സാംസ്കാരികക്ഷേമം, ഫിഷറീസ് തുടങ്ങിയ വകുപ്പുകളിലെ ജില്ലാ തലവൻമാരും കുടുംബശ്രീ പ്രതിനിധികൾ, കലാകായിക സാംസ്കാരിക സാഹിത്യ, മാധ്യമ രംഗത്തെ പ്രതിനിധികൾ, സന്നദ്ധസംഘടനാ പ്രതിനിധികൾ, ഗവൺമെന്റ് പ്ലീഡർ, ജില്ലാ ലൈബ്രറി കൗൺസിൽ പ്രതിനിധി, ജില്ലാ പോലീസ് മേധാവി, ജില്ലയിലെ ബഹുമാനപ്പെട്ട എം.പി./എം.എൽ.എ.-മാർ എന്നിവരും അംഗങ്ങളായുള്ള സമിതിയാണ് ജില്ലയിൽ പ്രവർത്തിക്കുന്നത്. സാമൂഹിക ക്രിയാത്മക ചുവടുവയ്പ്പുകൾ സ്കൂൾ/കോളേജ് വിദ്യാഭ്യാസ സ്ഥാപനതല പ്രവർത്തനങ്ങൾ, വിവര വ്യാപന സംവിധാനങ്ങൾ, മദ്യവും മയക്കുമരുന്നും ഉപയോഗിച്ചു തുടങ്ങിയവരെ തിരുത്തൽ പ്രക്രിയ, നിയമവിരുദ്ധ ലഹരി ഉൽപ്പന്നങ്ങളുടെ ലഭ്യതയും വിതരണവും ഇല്ലാതാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ, പുനരധിവാസം എന്നിവയാണ് പ്രവർത്തനങ്ങൾ.

## ബിവറേജസ് കോർപ്പറേഷൻ വിൽപ്പനകേന്ദ്രം

97 (2590) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടിയിൽ പ്രവർത്തിക്കുന്ന ബിവറേജസ് കോർപ്പറേഷൻ വിൽപ്പനകേന്ദ്രം അടച്ചുപൂട്ടണമെന്ന് ആവശ്യപ്പെട്ടുള്ള പ്രക്ഷോഭം ആദിവാസി വിഭാഗത്തിന്റെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ടോ;

(ബി) ആദിവാസികൾക്കെതിരെയുള്ള അതിക്രമം തടയൽ നിയമപ്രകാരം പ്രസ്തുത വില്പനശാല അടച്ചുപൂട്ടുവാൻ 2016 ആഗസ്റ്റ് 11 -ന് ജില്ലാ കളക്ടർ ഉത്തരവ് നൽകിയിരുന്നോ; അതിനെതിരെ ബിവറേജസ് കോർപ്പറേഷൻ സ്റ്റേ വാങ്ങിയിട്ടുണ്ടോ;

(സി) ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന പ്രസ്തുത മദ്യവില്പനകേന്ദ്രം അടച്ചുപൂട്ടി ആദിവാസി സമൂഹം ഇന്ന് നേരിടുന്ന മദ്യവിപത്തിൽ നിന്നും അവരെ രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉത്തരവ് നൽകിയിരുന്നു. ബിവറേജസ് കോർപ്പറേഷൻ സ്റ്റേ വാങ്ങിയിട്ടുണ്ട്.

(സി) അബ്കാരി നിയമത്തിലെ എല്ലാ നിയമങ്ങളും അനുസരിച്ച് പ്രവർത്തിക്കുന്ന മാനന്തവാടി ബിവറേജസ് ഔട്ട്ലെറ്റ് അടച്ചുപൂട്ടുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## എക്സൈസിന് സ്പീഡ് ബോട്ട്

98 (2591) ശ്രീ. തോമസ് ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ എക്സൈസിന് സ്പീഡ് ബോട്ട് നല്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കുട്ടനാട്ടിലെ എക്സൈസ് കോംപ്ലക്സ് പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

## മദ്യവിൽപ്പനയിലെ വർദ്ധനവ്

99 (2592) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മദ്യത്തിന്റെ വിൽപ്പനയിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ എത്രശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്;

(ബി) മദ്യ ഉപഭോഗം കുറയ്ക്കുന്നതിനും മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുന്ന നയം സ്വീകരിച്ചിട്ടും മദ്യ ഉപഭോഗത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് എന്തുകൊണ്ടാണ്; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം IMFL വിൽപ്പനയിൽ 3% വർദ്ധനവും ബിയർ വിൽപ്പനയിൽ 1% വർദ്ധനവും ആകെ വിൽപ്പന മൂല്യത്തിൽ 6% വർദ്ധനവും ഉണ്ടായിട്ടുണ്ട്.

(ബി) മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ദൂഷ്യവശങ്ങളെ സംബന്ധിച്ച് ബോധവൽക്കരിക്കുന്നതിനും മദ്യ ഉപഭോഗം കുറയ്ക്കുന്നതിനും മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'ക്ക് രൂപം നൽകിയിട്ടുണ്ട്. സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുകയാണ് 'വിമുക്തി'യുടെ പ്രവർത്തനലക്ഷ്യം.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എക്സൈസ് വകുപ്പ് കൈക്കൊണ്ട ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിലൂടെ വ്യാജമദ്യത്തിന്റെ വിപണനം നന്നായി കുറച്ചുകൊണ്ടുവരാനും മദ്യവിൽപ്പനയുടെ വർദ്ധനവ് മൂന്ന് ശതമാനത്തിലും ബിയർ വിൽപ്പനയുടെ വർദ്ധനവ് ഒരു ശതമാനത്തിലും നിയന്ത്രിച്ചുനിർത്താനും സാധിച്ചിട്ടുണ്ട്.

## ജലലഭ്യതയും ദൗർലഭ്യവും

100 (2593) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷകാലയളവിൽ, ഓരോ വർഷവും അണക്കെട്ടുകളിൽ ലഭിച്ചിരുന്ന ജലവും സംഭരണശേഷിയും സംഭരണവും എത്രയെന്നും (കുടിവെള്ള പദ്ധതികൾ ഉൾപ്പെടെ), നിലവിൽ ഓരോന്നിലുമുള്ള സംഭരണം എത്രയെന്നുമുള്ള വിവരം വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ അഞ്ച് വർഷമായി ഓരോ വർഷവും ലഭിച്ചിരുന്ന മഴ എത്രയെന്നും ഡിസംബറിനുശേഷം മഴ ലഭിച്ചുവോ എന്നും എങ്കിൽ ലഭിച്ച അളവ് എത്ര എന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഭൂഗർഭ ജലവിതാനത്തിന്റെ കഴിഞ്ഞ പത്ത് വർഷത്തെ കണക്ക് (വർഷം തിരിച്ച്) എത്രയെന്നും, നിലവിലെ അവസ്ഥ എന്തെന്നും വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ ഭൂഗർഭ ജലവിതാനം താഴുന്നതുൾപ്പെടെ സംസ്ഥാനത്തുണ്ടാകുന്ന ജലദൗർലഭ്യംമൂലം കഷ്ടപ്പെടുന്ന ജനങ്ങൾക്ക് കുടിവെള്ളം ഉറപ്പുവരുത്തുവാൻ എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(ഇ) ഭൂഗർഭ ജലവിതാനം താഴുന്നതു സംബന്ധിച്ചും, പരിഹാരമാർഗ്ഗങ്ങൾ ആരായുന്നതിനുമായി, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട പ്രഗത്ഭരെക്കൊണ്ട് ഒരു പഠനം നടത്തുവാൻ എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ഓരോ വർഷവും ഇറിഗേഷന്റെ അണക്കെട്ടുകളിൽ ലഭിച്ചിരുന്ന ജലം, സംഭരണശേഷി, സംഭരണം, നിലവിൽ ഓരോന്നിലുമുള്ള സംഭരണം എന്നിവ സംബന്ധിച്ച വിശദമായ പട്ടിക വർഷം തിരിച്ച് അനുബന്ധം* ആയി ചേർത്തിട്ടുണ്ട്. കേരള ജല അതോറിറ്റിയുടെ അധീനതയിലുള്ള പേപ്പാറ ഡാമിനെ സംബന്ധിച്ച പട്ടിക അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്,

(ബി) കേരളത്തിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ പെയ്ത മഴയുടെ ശരാശരി അളവ് താഴെ പ്രതിപാദിക്കുന്നു:

| വർഷം | മഴയുടെ അളവ് (മി.മീറ്റർ) |
|---|---|
| 2012 | 2208.00 |
| 2013 | 3334.70 |
| 2014 | 3200.00 |
| 2015 | 2690.7 |
| 2016 | 1924.20 |

2017 ജനുവരി, ഫെബ്രുവരി മാസങ്ങളിലായി കേരളത്തിൽ ശരാശരി 16.20 മി. മീറ്റർ മഴ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് ഇന്ത്യൻ മെറ്റീരിയോളജിക്കൽ വകുപ്പിന്റെ നോർമൽ വർഷപാതത്തിൽ നിന്നും 37.10% കുറവാണ്.

(സി) സംസ്ഥാനത്ത് ഭൂജല വിഭവശേഷി തിട്ടപ്പെടുത്തുന്നതിനായി ഭൂജല വകുപ്പിൽ 871 നിരീക്ഷണ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത കിണറുകളിൽനിന്നും എല്ലാ മാസവും ജലവിതാനം എടുക്കുകയും അപഗ്രഥന പഠനം നടത്തുകയും ചെയ്യുന്നു. സംസ്ഥാനത്ത് ഭൂഗർഭ ജലവിതാനത്തിന്റെ ഏറ്റക്കുറച്ചിലുകൾ അറിയുവാൻ ഭൂജലവകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി നിരീക്ഷണ കിണറുകളിൽനിന്നുള്ള ഡാറ്റാ പ്രകാരം പഠനം നടത്തി ഭൂജലത്തിന്റെ അളവ് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 2011 മാർച്ചിലെ ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ (ജി.ഇ.സി.) അനുസരിച്ചുള്ള ഭൂജല ലഭ്യതയുടെ പകർപ്പ് അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

ഡയനാമിക് ഗ്രൗണ്ട് വാട്ടർ റിസോഴ്സ് ഓഫ് കേരള 2011 വരെയുള്ള റിപ്പോർട്ട് അനുസരിച്ച് ഭൂഗർഭ ജലത്തിന്റെ സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷണ ബ്ലോക്കായും കാസർഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവ ക്രിട്ടിക്കൽ ബ്ലോക്കുകളായും കണ്ണൂർ ജില്ലയിൽ കല്യാശ്ശേരി ബ്ലോക്ക്, പാനൂർ ബ്ലോക്ക്, തലശ്ശേരി ബ്ലോക്ക്, ഇടുക്കി ജില്ലയിലെ കട്ടപ്പന, നെടുങ്കണ്ടം ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, കാറഡുക്ക (കാഞ്ഞങ്ങാട്), കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, കുന്നമംഗലം, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, തിരൂരങ്ങാടി, പാലക്കാട്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്,

ജില്ലയിലെ പട്ടാമ്പി, തൃത്താല, തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, നെടുമങ്ങാട്, പാറശ്ശാല ബ്ലോക്കുകൾ, തൃശ്ശൂർ ജില്ലയിലെ തളിക്കുളം, മതിലകം ബ്ലോക്കുകൾ, എറണാകുളം ജില്ലയിലെ പാമ്പാക്കുട, പാറക്കടവ്, വൈപ്പിൻ ബ്ലോക്കുകൾ സെമി ക്രിട്ടിക്കൽ വിഭാഗത്തിലും ബാക്കിയുള്ള 126 ബ്ലോക്കുകൾ സേഫ് വിഭാഗത്തിലുമാണ് ഉൾപ്പെടുന്നത്.

(ഡി) ഇത്തരത്തിൽ ഭൂഗർഭ ജലവിതാനം താഴുന്നതിനാൽ കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗീകമായോ ഇല്ലാത്ത പ്രദേശങ്ങളിൽ ഭൂജല പര്യവേഷണം നടത്തി കുഴൽക്കിണറുകൾ നിർമ്മിച്ച് ജലലഭ്യതയുള്ള കിണറുകളിൽ ചെറുകിട കുടിവെള്ള പദ്ധതികളും ജലലഭ്യത കുറഞ്ഞ കിണറുകളിൽ കൈപ്പമ്പ് പദ്ധതികളും ഭൂജലവകുപ്പ് നടപ്പാക്കിവരുന്നു.

കൂടാതെ കാലവർഷത്തിലുണ്ടായ കുറവ് പരിഗണിച്ച് വിവിധ നദികളിലെ ജലദൗർലഭ്യത്തിനുള്ള സാദ്ധ്യത കണക്കിലെടുത്ത് കുടിവെള്ളക്ഷാമം നേരിടാൻ കേരള ജല അതോറിറ്റി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പുവരുത്തുന്നു.
2. ഇറിഗേഷൻ, വൈദ്യുത വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
3. അടിക്കടി ലീക്കുമൂലം ജലനഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകി ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നു.
4. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്താനുള്ള പ്രവൃത്തികൾ നടപ്പാക്കുന്നു.
6. തദ്ദേശഭരണ സ്ഥാപനങ്ങൾ റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ കിയോസ്കുകൾ വഴി ജലവിതരണം നടത്തുന്ന സ്ഥലങ്ങളിലേയ്ക്ക് ആവശ്യമായ കുടിവെള്ളം ജല അതോറിറ്റിയുടെ വിവിധ പദ്ധതികളിൽനിന്നും നൽകുന്നതാണ്.

7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നു.

8. കൂടുതൽ പമ്പിംഗ് ആവശ്യമായ സ്ഥലങ്ങളിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നുണ്ട്.

9. ആവശ്യമാകുന്ന സ്ഥലങ്ങളിൽ വാൽവുകൾ നിയന്ത്രിച്ച് സാദ്ധ്യമായ അളവിൽ എല്ലാവർക്കും ജലലഭ്യത ഉറപ്പാക്കുന്നു.

10. ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നുണ്ട്.

11. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിനും ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ഉപയോഗപ്പെടുത്തുകയും നിയമാനുസൃത നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

12. പ്രതിമാസം 50 കിലോലിറ്ററിന് മുകളിൽ ഉപഭോഗം കണക്കാക്കുന്ന പുതിയ കണക്ഷനുകൾ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

13. നിലവിൽ കൂടുതലായി ജലം ഉപയോഗിക്കുന്ന വ്യാവസായിക വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

14. ജലശുദ്ധീകരണശാലകളിൽ ബാക്ക് വാഷിംങ്ങ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് കഴിയുന്നത്ര നിയന്ത്രിക്കുന്നുണ്ട്.

മേൽപ്പറഞ്ഞ നടപടികൾ കൂടാതെ വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനകം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ വച്ച് മേഖലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വരൾച്ച സംബന്ധിച്ച് വിശദമായ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ തീരുമാനിച്ച കാര്യങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് വീഡിയോ കോൺഫറൻസ് വഴി അവലോകനവും നടത്തിവരുന്നു. 2017 മേയ് മാസത്തിനുള്ളിൽ പണി

പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ കഴിയുന്ന പദ്ധതികൾ കണ്ടെത്തി അവ പൂർത്തിയാക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ പാറമടകൾ, കുളങ്ങൾ തുടങ്ങിയ സ്രോതസ്സുകൾ കണ്ടെത്തി ഗുണനിലവാര പരിശോധന നടത്തി അവ ഉപയോഗപ്പെടുത്താനുള്ള സാദ്ധ്യത പരിശോധിക്കാൻ ഫീൽഡ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് ഭൂഗർഭ ജലവിതാനത്തിന്റെ ഏറ്റക്കുറച്ചിലുകൾ അറിയുവാൻ ഭൂജലവകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി നിരീക്ഷണ കിണറുകളിൽ നിന്നുള്ള ഡാറ്റാ പ്രകാരം പഠനം നടത്തിവരുന്നുണ്ട്.

**കടൽവെള്ളം കുടിവെള്ളമാക്കുന്ന പദ്ധതി**

101 (2594) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(ബി) മറ്റ് സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലും നടപ്പിലാക്കുന്നതു പോലെ കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളമാക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ പദ്ധതിയുടെ പ്രായോഗികത പരിശോധിക്കുന്നതിനും പ്രായോഗികമാണെങ്കിൽ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ തീരദേശങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി തീരദേശ വികസന പദ്ധതികൾ, ഡെപ്പോസിറ്റ് വർക്കുകൾ, SAGY പദ്ധതികൾ എന്നിവയിൽ ഉൾപ്പെടുത്തി വിവിധ കുടിവെള്ള പദ്ധതികളുടെ പ്രവൃത്തികൾ നടന്നുവരുന്നു. ഈ പദ്ധതികളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടികൾ എടുത്തുവരുന്നു.

(ബി - ഡി) ഇത്തവണത്തെ വരൾച്ചയുടെ പശ്ചാത്തലത്തിൽ സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു.

**മലിനജലം**

102 (2595) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള പദ്ധതികൾക്കായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിന്റെ വിനിയോഗം കാര്യക്ഷമമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മലിന ജലം ടാങ്കുകളിൽ കൊണ്ടുവരുന്നത് തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കുടിവെള്ള പദ്ധതികൾക്കായി 2016-17 സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിക്ക് അനുവദിച്ച തുകയുടെ വിശദവിവരം താഴെക്കൊടുക്കുന്നു:

| നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | നഗര ശുദ്ധജല വിതരണ പദ്ധതികളുടെ പുനരുദ്ധാരണവും മെച്ചപ്പെടുത്തലും | 6,000 |
| 2. | ഗ്രാമീണ ജലവിതരണ പദ്ധതികൾ | 8,735 |
| 3. | പ്രത്യേക സ്ഥാപനങ്ങൾക്കും സ്ഥലങ്ങൾക്കുമായുള്ള ജലവിതരണ പദ്ധതികൾ | 225 |
| 4. | അരുവിക്കര പമ്പിംഗ് സ്റ്റേഷന്റെ ആധുനികവൽക്കരണം | 1000 |
| 5. | ശുദ്ധജലത്തിന്റെ സുഗമവും സമുചിതവുമായ രീതിയിലുള്ള ഉൽപ്പാദനവും വിതരണവും | 10,536 |
| 6. | കേരള ജലവിതരണ പ്രോജക്ട്, ജിക്ക | 15,000 |
| 7. | തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തൽ - കുടിവെള്ള ശിൽപ്പശാലയുടെ ഫലമായുള്ള പദ്ധതി | 1100 |
| 8. | നബാർഡിന്റെ ധനസഹായത്തോടെയുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ | 11,000 |
| 9. | ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ (50 ശതമാനം സംസ്ഥാന വിഹിതം) | 10,000 |
| | ആകെ | 63596 |

വിവിധ കുടിവെള്ള പദ്ധതികൾക്കും നിലവിലുള്ളവയുടെ പുനരുദ്ധാരണത്തിനും മെച്ചപ്പെടുത്തലിനും നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിനുമായി മേൽപ്പറഞ്ഞ തുക ഉപയോഗപ്പെടുത്തുന്നു. ലഭ്യമായ പണം ഏറ്റവും അത്യാവശ്യമുള്ള പ്രവൃത്തികൾക്കായി ഫീൽഡ് ഓഫീസർമാരിൽ നിന്നും മുൻഗണനാടിസ്ഥാനത്തിൽ ലഭ്യമാക്കി ഭരണാനുമതി നൽകി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തികവർഷം ജലനിധി രണ്ടാം ഘട്ട പദ്ധതിക്കായി 314.42 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഉപയോഗയോഗ്യമല്ലാത്ത ജലം വിതരണം ചെയ്യുന്നത് തടയുവാൻ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**ചെറുകിട ജലസേചന പദ്ധതികൾ**

103 (2596) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ച രൂക്ഷമായികൊണ്ടിരിക്കുന്ന വയനാട്ടിൽ കബനി നദീജലം ഉപയോഗിച്ച് കൂടുതൽ ചെറുകിട ജലസേചന പദ്ധതികൾ നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) നിലവിൽ കബനി നദീജലം പൂർണമായും വയനാട്ടിൽ കൃഷിയ്ക്ക് ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പരിഗണനയിലുണ്ട്.

(ബി) ഉണ്ട്. ഭരണാനുമതി നൽകിയ പ്രവൃത്തികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് കബനി നദീജലം കൃഷിയ്ക്ക് കൂടുതലായി ലഭ്യമാക്കാൻ സാധിക്കും.

**കടൽഭിത്തി**

104 (2597) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ പഞ്ചായത്തിലെ കാപ്പിൽ-കൊപ്പൽ കടവ് കടപ്പുറത്ത് കടൽ ഭിത്തി നിർമ്മിക്കുന്നതിന് തയ്യാറാക്കിട്ടുള്ള എസ്റ്റിമേറ്റിന്

അനുമതി ലഭ്യമാക്കുന്നതിനായി (എസ്റ്റിമേറ്റ് ID No: 2016/1452/IA) എന്തെങ്കിലും തുടർനടപടികൾ ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) രൂക്ഷമായ കടലാക്രമണം ജില്ലയിലെ വീടുകൾക്ക് പോലും ഭീഷണി ഉയർത്തുന്ന സാഹചര്യത്തിൽ കാപ്പിൽ-കൊപ്പൽ കടവിൽ കടൽ ഭിത്തി നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ;വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ & ബി) പുതിയ കടൽഭിത്തിയായതിനാൽ CWPRS-ന്റെ പഠനം നടത്തി ഡിസൈൻ ലഭിക്കേണ്ടതുണ്ട്.

**കുടിവെള്ള പദ്ധതി**

105 (2598) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈലം-തലവൂർ കുടിവെള്ള പദ്ധതി ഏതെല്ലാം പഞ്ചായത്തുകളിൽ ശുദ്ധജല വിതരണം നടത്തുന്നതിനായാണ് രൂപകല്പന ചെയ്തിരുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; പദ്ധതി പൂർണ്ണമായും പ്രവർത്തന സജ്ജമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കാമോ?

ഉത്തരം

(എ) മൈലം, തലവൂർ പഞ്ചായത്തുകളിൽ ശുദ്ധജലവിതരണം നടത്തുന്നതിനായാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്.

(ബി & സി) മൈലം-തലവൂർ കുടിവെള്ള പദ്ധതിയുടെയും പട്ടാഴി, പട്ടാഴി-വടക്കേക്കര കുടിവെള്ള പദ്ധതിയുടെയും പൊതുഘടകങ്ങളായ ഇൻടേക്ക് വെൽ, റാ വാട്ടർ പമ്പിംഗ് മെയിൻ, 10.50 ദശലക്ഷം ലിറ്റർ ശേഷിയുള്ള

ജലശുദ്ധീകരണശാല, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പ്സെറ്റ്, പമ്പ് ഹൗസ്, പൂക്കുന്നിമലയിലുള്ള 16.90 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണി എന്നിവയുടെ പണികൾ പൂർത്തീകരിച്ചു. തലവൂർ പഞ്ചായത്തിൽ ശുദ്ധജല വിതരണം ആരംഭിച്ചിട്ടുണ്ട്.

ഈ പദ്ധതിയിൽ ഇനി അവശേഷിക്കുന്നത് പട്ടാഴി പൂക്കുന്നിമലയിലുള്ള ഉപരിതല ജലസംഭരണിയിൽനിന്നും മൈലം പഞ്ചായത്തിലെ ആക്കാവിളയിലുള്ള ജലസംഭരണിയിലേയ്ക്കുള്ള 7.98 കി. മീറ്റർ ദൈർഘ്യമുള്ള പ്രധാന ജലവിതരണക്കുഴലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും മൈലം പഞ്ചായത്തിന് വേണ്ടിയുള്ള 74 കി. മീറ്റർ വിതരണ ശൃംഖലയുമാണ്. ഈ പദ്ധതിയ്ക്കായി നൽകിയിരുന്ന ഭരണാനുമതിയിൽ 74. കി. മീ. വിതരണ ശൃംഖലയാണ് ഉൾപ്പെട്ടിരുന്നതെങ്കിലും പുതുക്കിയ റേറ്റ് റിവിഷൻ കാരണം 13 കി. മീ. വിതരണ ശൃംഖലയ്ക്കുള്ള തുക മാത്രമാണ് ഇതിൽനിന്നും കണ്ടെത്താൻ കഴിഞ്ഞത്. ശേഷിക്കുന്ന 61 കി. മീ. വിതരണ ശൃംഖല സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള 10.2 കോടി രൂപയുടെ വിശദമായ പ്രോജക്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കുടിവെള്ള പദ്ധതികൾ**

106 (2599) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം നിയോജകമണ്ഡലത്തിലെ വെങ്ങാനൂർ, കല്ലിയൂർ, തിരുവല്ലം പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതിയ്ക്കായി അറുപത്തി നാല് കോടി രൂപ ചെലവഴിച്ചുവെങ്കിലും വെങ്ങാനൂർ പ്രദേശത്ത് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വെങ്ങാനൂർ പഞ്ചായത്തിലെ വെണ്ണിയൂർ വാട്ടർ സപ്ലൈ സ്കീമിലെ കിണറ്റിലെ മാലിന്യം നീക്കം ചെയ്ത് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) വെങ്ങാനൂർ പഞ്ചായത്തിലെ നെല്ലിവിളയിലും വിഴിഞ്ഞത്തും കളക്ഷൻ സെന്ററുകൾ പുനഃസ്ഥാപിച്ച് മാസത്തിൽ രണ്ട് ദിവസമെങ്കിലും പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഈ മേഖലയുടെ കീഴിലുള്ള വെങ്ങാനൂർ, കല്ലിയൂർ പഞ്ചായത്തുകൾക്കും വിഴിഞ്ഞം കോർപ്പറേഷൻ ഏരിയയ്ക്കും വേണ്ടിയുള്ള പദ്ധതിയുടെ ഭാഗമായി കല്ലിയൂർ, വെങ്ങാനൂർ പഞ്ചായത്തുകളിൽ ഉപരിതല ജലസംഭരണികളുടെ പ്രവൃത്തികൾ പൂർത്തിയാക്കുകയും അവയിൽനിന്നുള്ള ശുദ്ധജലം നിലവിലുള്ള ജലവിതരണ ശൃംഖലവഴി വിതരണം നടത്തിവരികയുമാണ്. ഈ പദ്ധതിയിലെ ജലസംഭരണിയിൽനിന്നും പൂർണ്ണമായും ജലവിതരണം നടത്തുന്നതിനായി നിലവിലുള്ള ജലവിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പഞ്ചായത്തുകളിൽ പുതിയ ജലവിതരണ ശൃംഖല സ്ഥാപിക്കുന്നിനുവേണ്ടിയുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ബി) വെങ്ങാനൂർ പഞ്ചായത്തിലെ വാട്ടർസപ്ലൈ സ്കീമിന്റെ ജലസ്രോതസ്സ് വെണ്ണിയൂർ പമ്പ് ഹൗസ് ക്യാമ്പസിലുള്ള പ്രകൃതിദത്തമായ ഒരു ഉറവയാണ്. പ്രസ്തുത വാട്ടർ സപ്ലൈ സ്കീമിൽ നിലവിലുണ്ടായിരുന്ന രണ്ട് കിണറുകളിലെ വെള്ളത്തിന്റെ ഗുണനിലവാരം മോശമായതിനാൽ ഉപേക്ഷിക്കുകയും ഈ കിണറുകൾ ഭാഗികമായി മണ്ണിട്ട് നികത്തി മുകൾഭാഗം കോൺക്രീറ്റ് സ്ലാബ്കൊണ്ട് പ്ലഗ്ഗ് ചെയ്തിരിക്കുകയുമാണ്. നിലവിൽ ഈ പദ്ധതിക്കായി പുതിയ കിണർ നിർമ്മിച്ചിട്ടുണ്ട്.

(സി) നിലവിൽ പരിഗണനയിലില്ല.

**കാരാപ്പുഴ ജലസേചന പദ്ധതി**

107 (2600) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കാരാപ്പുഴ ജലസേചനപദ്ധതിയുടെ ആകെ അടങ്കൽ തുക എത്രയാണ്;

(ബി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ എത്ര തുക ചെലവായെന്നും പദ്ധതി പൂർത്തീകരണത്തിനായി എത്ര തുക ആവശ്യമായി വരുമെന്നും വ്യക്തമാക്കാമോ;

(സി) കാരാപ്പുഴ പദ്ധതി പ്രദേശം ടൂറിസ്റ്റ് കേന്ദ്രമാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2010 ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ച് കാരാപ്പുഴ ജലസേചന പദ്ധതിയുടെ അടങ്കൽ തുക 441.50 കോടി രൂപയാണ്.

(ബി) പ്രസ്തുത പദ്ധതിയ്ക്കായി 314.14 കോടി രൂപ ചെലവായിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്നതിനായി 127.36 കോടി രൂപ ആവശ്യമാണ്.

(സി) കാരാപ്പുഴ പദ്ധതിപ്രദേശം ടൂറിസ്റ്റ് കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി ടൂറിസം ഫണ്ടുപയോഗിച്ച് KIIDC മുഖേന ഏതാണ്ട് 4.91 കോടി രൂപയുടെ പ്രവൃത്തികൾ നടത്തിവരുന്നുണ്ട്.

**മാടായി കുടിവെള്ള പദ്ധതി**

108 (2601) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭരണാനുമതി ലഭിച്ച് പ്രവൃത്തി ആരംഭിച്ച കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി കുടിവെള്ളപദ്ധതിയുടെ പ്രവർത്തനപുരോഗതി അറിയിക്കുമോ; പ്രവൃത്തി എപ്പോഴേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

പദ്ധതിയുടെ വിവിധ ഘടകങ്ങളിൽ ജല സംഭരണിയുടെ പ്ലിന്ത് ബീം വരെയുള്ള പണികൾ പൂർത്തീകരിച്ചു. 250 എം.എം. DI K9 ഗ്രാവിറ്റി മെയിനിന്റെ ആകെയുള്ള 6500 മീറ്ററിൽ 400 മീറ്റർ സ്ഥാപിച്ചു. 350 എം.എം., 300 എം.എം. DI K9 വിതരണ ശൃംഖല 1300 മീറ്ററിൽ 150 മീറ്റർ സ്ഥാപിച്ചു. 5000 മീറ്റർ പി.വി.സി. വിതരണ ശൃംഖലയിൽ 2500 മീറ്റർ സ്ഥാപിച്ചു. ജിക്ക പട്ടുവം പദ്ധതിയിൽനിന്നുമുള്ള വെള്ളം ഉപയോഗപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്.

ഈ പദ്ധതി 2017 ജൂണിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കടൽഭിത്തി നിർമ്മാണം**

109 (2602) ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ സംരക്ഷണത്തിനായി കടൽഭിത്തി നിർമ്മിക്കുന്ന പദ്ധതി പ്രതീക്ഷിച്ച ഫലം കണ്ടെത്തിയിട്ടില്ലെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് പകരമായി എന്ത് പദ്ധതിയാണ് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന ജനപ്രതിനിധികളുമായും സംഘടനകളുമായും ഇക്കാര്യത്തിൽ ചർച്ച നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കടലാക്രമണമുള്ള പ്രദേശങ്ങളിൽ CWPRS നിർദ്ദേശിച്ച രീതിയിലാണ് ഇപ്പോൾ കടൽഭിത്തി നിർമ്മിക്കുന്നത്. കടൽഭിത്തി നിർമ്മാണം ഫലവത്താണ്. തീരദേശ സംരക്ഷണത്തിനായി കടൽഭിത്തി നിർമ്മിച്ച പ്രദേശങ്ങളിൽ കടലാക്രമണംമൂലമുള്ള പ്രകൃതി ദുരന്തം കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി&സി) ഫലപ്രദമായ ബദൽ മാർഗ്ഗങ്ങൾ പരിശോധിക്കുന്നതിനായി "കേരളത്തിന്റെ കടൽത്തീര സംരക്ഷണത്തെ സംബന്ധിച്ച് " ഈ മേഖലയിലെ പ്രശസ്തരായിട്ടുള്ള വിദഗ്ധരെ ഉൾപ്പെടുത്തി ഒരു ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി. Geo Textile Tube, Beach Formation, sand bag for emergency works, ശരിയായ രീതിയിൽ രൂപകല്പന ചെയ്ത Seawall/groins, കണ്ടൽവനങ്ങൾ വച്ചുപിടിപ്പിക്കുക മുതലായ പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുകയും ഓരോന്നിന്റെയും ഗുണദോഷങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. വിദഗ്ധരുടെ നിർദ്ദേശങ്ങൾ പരിഗണനയിലാണ്.

**ജലലഭ്യത**

110 (2603) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജലലഭ്യത സംബന്ധിച്ച (ഭൂജലനിരപ്പ്) കേന്ദ്ര ഭൂജലവകുപ്പിന്റെയും സംസ്ഥാന ജലവകുപ്പിന്റെയും 2010 മുതലുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കണക്കുകൾ പ്രകാരം നടപ്പുവർഷത്തെ ജലദൗർലഭ്യം എത്ര എന്നും (അതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ സഹിതം) ഇതു നേരിടാനും ജനങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്താനും സർക്കാർ നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ;

(സി) ഇക്കാര്യം മുതലെടുത്ത് ജലകച്ചവട മാഫിയ അനധികൃതമായി പല മേഖലകളിൽ നിന്നും ജലം ഊറ്റി അമിതവിലയ്ക്ക് വിപണനം നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ;

(ഡി) എങ്കിൽ ഇത് തടയുവാൻ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു വരുന്നു എന്നും ഇത്തരം കച്ചവടം നടത്തുന്ന മാഫിയാകളിൽ എത്രപേരെ കണ്ടെത്തി അവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി കേരളത്തിന്റെ ഭൂജല സ്ഥിതിയെപ്പറ്റി ബ്ലോക്കടിസ്ഥാനത്തിൽ പഠനം നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിക്കാറുണ്ട്. 2011 മാർച്ചിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ട് പ്രകാരം പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷണ ബ്ലോക്കായും കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവ ക്രിട്ടിക്കൽ വിഭാഗത്തിലും 23 ബ്ലോക്കുകൾ സെമി ക്രിട്ടിക്കൽ വിഭാഗത്തിലും 126 ബ്ലോക്കുകൾ സുരക്ഷിത വിഭാഗത്തിലുംപെടുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിലെ ജലവിതാനത്തെ അടിസ്ഥാനമാക്കിയാണ് റിപ്പോർട്ട് തയ്യാറാക്കുന്നത്. 2013-ലെ റിപ്പോർട്ട് അന്തിമ ഘട്ടത്തിലാണ്. 2011 മാർച്ചിൽ പ്രസിദ്ധീകരിച്ച ബ്ലോക്കടിസ്ഥാനത്തിലുള്ള ഭൂജല സമിതിയുടെ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) സംസ്ഥാനത്ത് ഭൂജല വിഭവ ശേഷി തിട്ടപ്പെടുത്തുന്നതിനായി ഭൂജല വകുപ്പിൽ 871 നിരീക്ഷണ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത കിണറുകളിൽനിന്നും എല്ലാ മാസവും ജലവിതാനം എടുക്കുകയും അപഗ്രഥന പഠനം നടത്തുകയും ചെയ്യുന്നു. മഴ കുറവുള്ള മാസങ്ങളിൽ ജലവിതാനത്തിൽ കുറവ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്,

സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ ഭൂജല വിഭവശേഷി തിട്ടപ്പെടുത്തുന്നതിനായി ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി പഠനം നടത്തി ഭൂജലത്തിന്റെ അളവ് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഡയനാമിക് ഗ്രൗണ്ട് വാട്ടർ റിസോഴ്സ് ഓഫ് കേരള-2011 വരെയുള്ള റിപ്പോർട്ട് അനുസരിച്ച് ഭൂഗർഭ ജലത്തിന്റെ സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷണ ബ്ലോക്കായും കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക് പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവ ക്രിട്ടിക്കൽ ബ്ലോക്കുകളായും കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി, പാനൂര്, തലശ്ശേരി, ഇടുക്കി ജില്ലയിലെ കട്ടപ്പന, നെടുങ്കണ്ടം, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വർ, കാറഡുക്ക, കാഞ്ഞങ്ങാട്, കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, കുന്നമംഗലം, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, തിരൂരങ്ങാടി, പാലക്കാട് ജില്ലയിലെ പട്ടാമ്പി, തൃത്താല, തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, നെടുമങ്ങാട്, പാറശ്ശാല, തൃശ്ശൂർ ജില്ലയിലെ തളിക്കുളം, മതിലകം, എറണാകുളം ജില്ലയിലെ പാമ്പാക്കുട, പാറക്കടവ്, വൈപ്പിൻ എന്നീ ബ്ലോക്കുകൾ സെമി ക്രിട്ടിക്കൽ വിഭാഗത്തിലും ബാക്കിയുള്ള 126 ബ്ലോക്കുകൾ സേഫ് വിഭാഗത്തിലുമാണ് ഉൾപ്പെടുന്നത്. 2011 മാർച്ചിലെ ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ (ജി.ഇ.സി.) റിപ്പോർട്ട് അനുസരിച്ചുള്ള ഭൂജല ലഭ്യത സംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 1240.33 ലക്ഷം രൂപ രാജീവ് ഗാന്ധി പദ്ധതിയിൽപ്പെടുത്തി ഭൂജല വകുപ്പിന് അനുവദിച്ചിട്ടുണ്ട്. 5505 കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും 585 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനുമുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇതിൽ 2991 കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും 93 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

(സി&ഡി) ഭൂജലം ലോറികളിലും ടാങ്കറുകളിലും വിപണനം നടത്തുന്നത് ഭൂജല വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാണിജ്യാടിസ്ഥാനത്തിൽ ഭൂജല ചൂഷണം നടത്തുന്ന എന്ന പരാതികളിൽ ഭൂജല വകുപ്പിന്റെ ജില്ലാ ഓഫീസുകൾ അന്വേഷണം നടത്തി സ്വീകരിച്ച നടപടികളുടെ ജില്ല തിരിച്ചുള്ള റിപ്പോർട്ട് താഴെച്ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | |
|---|---|
| തിരുവനന്തപുരം | 14 പേർക്ക് പിഴ ചുമത്തിയിട്ടുണ്ട്. അഞ്ചോളം പേർക്ക് സ്റ്റോപ് മെമ്മോ നൽകി വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. |
| കൊല്ലം | 3 പേർക്കെതിരെ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| പത്തനംതിട്ട | ഇത്തരം കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല |
| ആലപ്പുഴ | 6 പേർക്കെതിരെ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| കോട്ടയം | ഇത്തരം കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല |
| ഇടുക്കി | ഇത്തരം കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല |
| എറണാകുളം | പൊതുജനങ്ങളുടെ പരാതിയെത്തുടർന്ന് രണ്ട് കുപ്പിവെള്ള സ്ഥാപനങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്. ജില്ലാ ഓഫീസിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോടതി വിധിയിലൂടെ ഒരു പ്രദേശത്തെ ജലചൂഷണം നിർത്തിവച്ചു. |
| തൃശ്ശൂർ | ജല മാഫിയയുടെ കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| പാലക്കാട് | കുഴൽക്കിണറിൽനിന്നും അമിത ജലചൂഷണത്തിനും വിൽപ്പനക്കും ഒരാൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| മലപ്പുറം | ഒരാളുടെ പേരിൽ നടപടി സ്വീകരിച്ചു. |
| കോഴിക്കോട് | ഇത്തരം കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല |
| വയനാട് | ഇത്തരം കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല |
| കണ്ണൂർ | ഇത്തരം കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല |
| കാസർഗോഡ് | ഇത്തരം കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല |

**ശുദ്ധജല കിയോസ്കുകൾ**

111 (2604) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ദുരന്ത ലഘൂകരണ ആസൂത്രണരേഖയിൽ പ്രതിപാദിച്ചിട്ടുള്ള ശുദ്ധജല കിയോസ്കുകൾ (Water kiosk) സംസ്ഥാനത്തെ എല്ലാ വാർഡുകളിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ടാങ്കർ ലോറിയിലൂടെയുള്ള ജലവിതരണം ശുദ്ധജല കിയോസ്കുകളിലേയ്ക്ക് പരിമിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ശുദ്ധജല കിയോസ്കുകൾ ഇല്ലാത്ത സാഹചര്യത്തിൽ മാത്രമേ ടാങ്കർ ലോറികളിലൂടെയുള്ള ജലവിതരണം നടത്താൻ പാടുള്ളൂ എന്ന നിബന്ധന ഏർപ്പെടുത്തുന്നതിന് തയ്യാറാകുമോ?

ഉത്തരം

(എ-സി) കിയോസ്കുകൾ വഴിയുള്ള ജലവിതരണം റവന്യൂ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും ചുമതലയിലാണ് നടത്തുന്നത്.

**രൂക്ഷമായ വരൾച്ച**

112 (2605) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. കെ.ബി.ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായ വരൾച്ചയും കുടിവെള്ളക്ഷാമവും പ്രതിരോധിക്കാൻ ജലവിഭവ വകുപ്പ് എന്തൊക്കെ പദ്ധതികളാണ് ഇതേവരെ നടപ്പിലാക്കിയത് എന്ന് വിശദമാക്കാമോ;

(ബി) നാളിതുവരെ ഉണ്ടാകാത്ത വരൾച്ചയെ നേരിടാൻ പുതുതായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) വരൾച്ചാ പ്രതിരോധ പ്രവർത്തനത്തിന് കേന്ദ്ര ധനസഹായത്തിനായി എന്തെങ്കിലും പദ്ധതികൾ സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) <u>ജലസേചന വകുപ്പ്</u>

നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതുവഴി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനാണ് "ഹരിതകേരളം "പദ്ധതി ഊന്നൽ നൽകുന്നത്. ഇതിന്റെ ആദ്യഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 9453 കുളങ്ങൾ നവീകരിച്ച് മാലിന്യം, ചെളി, പായൽ ഇവ നീക്കം ചെയ്ത് അവയുടെ സംഭരണശേഷി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയാണ് പ്രവൃത്തി നടപ്പിലാക്കുന്നത്. ഇതിനായുള്ള വിശദാംശങ്ങൾ ജില്ലാ ഭരണാധികാരികൾക്ക് നൽകിയിട്ടുണ്ട്. കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കുമാവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ തടയണകൾ/ വി.സി.ബി./ ആർ.സി.ബി.-കൾ എന്നിവ വിവിധ പദ്ധതികളിലുൾപ്പെടുത്തി നടപ്പാക്കിവരുന്നു. പൂർത്തീകരിച്ച തടയണകൾ/വി.സി.ബി./ആർ.സി.ബി.കൾ എന്നിവയിൽ ഷട്ടർ ഇട്ട് വെള്ളം സംഭരിച്ചിട്ടുണ്ട്. നദികളിലേയ്ക്ക് കടലിൽനിന്നും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി 2016-17 സാമ്പത്തിക വർഷം വിവിധ ജില്ലകളിലായി 56 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

കാവേരി നദിജല ട്രൈബ്യൂണൽ വയനാട് ജില്ലയിലെ കബനി സബ് ബേസിനിലെ പദ്ധതികൾക്കായി അനുവദിച്ച ജലത്തിന്റെ വിഹിതം ഉപയോഗപ്പെടുത്തുന്നതിനായി നടപ്പുസാമ്പത്തിക വർഷം പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 35 കോടി രൂപ ചെലവിൽ 24 ചെക്ക്ഡാമുകൾ ഒരു റെഗുലേറ്റർ എന്നിവ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ നബാർഡ് ധനസഹായത്തോടെ ഏകദേശം 100 കോടി രൂപ ചെലവിൽ തടയണകളുടെയും റെഗുലേറ്ററുകളുടെയും പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.

<u>കേരള ജല അതോറിറ്റി:</u>

കാലവർഷത്തിലുണ്ടായ കുറവ് പരിഗണിച്ച് വിവിധ നദികളിലെ ജലദൗർലഭ്യത്തിനുള്ള സാദ്ധ്യത കണക്കിലെടുത്ത് കുടിവെള്ളക്ഷാമം നേരിടാൻ കേരള ജല അതോറിറ്റി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും ജല ലഭ്യത ഉറപ്പുവരുത്തുന്നു.
2. ഇറിഗേഷൻ വൈദ്യുത വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
3. അടിക്കടി ലീക്കുമൂലം ജലനഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകി ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു.
4. ജല ലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജല ലഭ്യത ഉറപ്പുവരുത്താനുള്ള പ്രവൃത്തികൾ നടപ്പാക്കുന്നു.
6. തദ്ദേശഭരണ സ്ഥാപനങ്ങൾ റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ കിയോസ്കുകൾ വഴി ജലവിതരണം നടത്തുന്ന സ്ഥലങ്ങളിലേയ്ക്ക് ആവശ്യമായ കുടിവെള്ളം ജല അതോറിറ്റിയുടെ വിവിധ പദ്ധതികളിൽനിന്നും നൽകുന്നതാണ്.
7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നു.
8. കൂടുതൽ പമ്പിംഗ് ആവശ്യമായ സ്ഥലങ്ങളിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നുണ്ട്.
9. ആവശ്യമാകുന്ന സ്ഥലങ്ങളിൽ വാൽവുകൾ നിയന്ത്രിച്ച് സാദ്ധ്യമായ അളവിൽ എല്ലാവർക്കും ജലലഭ്യത ഉറപ്പാക്കുന്നു.
10. ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നുണ്ട്.

11. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിനും ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ഉപയോഗപ്പെടുത്തുകയും നിയമാനുസൃത നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

12. പ്രതിമാസം 50 കിലോ ലിറ്ററിനുമുകളിൽ ഉപഭോഗം കണക്കാക്കുന്ന പുതിയ കണക്ഷനുകൾ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

13. നിലവിൽ കൂടുതലായി ജലം ഉപയോഗിക്കുന്ന വ്യാവസായിക വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

14. ജല ശുദ്ധീകരണ ശാലകളിൽ ബാക്ക് വാഷിംഗ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് കഴിയുന്നത്ര നിയന്ത്രിക്കുന്നുണ്ട്.

മേൽപ്പറഞ്ഞ നടപടികൾക്കുപുറമേ 2017 മേയ് മാസത്തിനുമുമ്പ് പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ കഴിയുന്ന നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ തെരഞ്ഞെടുത്ത് യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനകം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ വച്ച് മേഖലാടിസ്ഥാനത്തിൽ വിശദമായ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ തീരുമാനിച്ച കാര്യങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് വീഡിയോ കോൺഫറൻസ് വഴി അവലോകനവും നടത്തിയിരുന്നു. മേൽപ്പറഞ്ഞ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 40 കോടി രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്.

<u>ഭൂജല വകുപ്പ്:</u>

ഭൂജല വകുപ്പ് കുഴൽക്കിണറുകൾ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളും കുഴൽക്കിണർ കൈപ്പമ്പ് പദ്ധതികളും രാജീവ് ഗാന്ധി പദ്ധതിയിൻകീഴിൽ നടപ്പിലാക്കി വരുന്നു. രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൻകീഴിൽ 2016-17 സാമ്പത്തിക വർഷം ഒരു കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 32 ചെറുകിട കുടിവെള്ള പദ്ധതികളും 81 കുഴൽക്കിണർ നിർമ്മാണവും 20 കൈപ്പമ്പ് പദ്ധതികളും 810 ഹാന്റ് പമ്പ്

അറ്റകുറ്റപ്പണികളും ഇതുവരെ ഈ പദ്ധതിയിൻകീഴിൽ പൂർത്തീകരിച്ചിട്ടുണ്ട്. രാജീവ്ഗാന്ധി പദ്ധതിയിൽപ്പെടുത്തി വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് 1240.33 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 5505 കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും 585 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനുമുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 2726 കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും 88 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

ജലനിധി:

ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി 115 ഗ്രാമപഞ്ചായത്തുകളിലായി 2199 സ്കീമുകൾക്ക് സാങ്കേതികാനുമതി നൽകി പ്രവർത്തനം ആരംഭിക്കുകയും 1428 സ്കീമുകൾ കമ്മീഷൻ ചെയ്തതിലൂടെ 93809 കുടുംബങ്ങൾക്ക് നിലവിൽ കുടിവെള്ള വിതരണം നടത്തിവരികയും ചെയ്യുന്നു.

സംസ്ഥാനത്തെ കുടിവെള്ളക്ഷാമം നേരിടുന്നതിനായി ജലനിധി രണ്ടാം ഘട്ട പദ്ധതി മുഖേന താഴെപ്പറയുന്ന അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

1. പൂർത്തീകരണ ഘട്ടത്തിലുള്ള 166 പദ്ധതികൾ ഫെബ്രുവരി-ഏപ്രിൽ മാസങ്ങളിലായി കമ്മീഷൻ ചെയ്ത് 21000 വീടുകൾക്ക് കുടിവെള്ളമെത്തിക്കാൻ സാധിക്കുന്നതാണ്.

2. വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുമൂലം വൈകുന്ന പദ്ധതികൾക്ക് അടിയന്തരമായി കണക്ഷൻ ലഭ്യമാക്കി പദ്ധതി കമ്മീഷൻ ചെയ്യുന്നതാണ്. ഇതുവഴി ഏകദേശം 2700 വീടുകൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതാണ്.

3. സ്രോതസ്സിന്റെയും ജല സംഭരണിയുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും ജലവിതരണ പൈപ്പുകൾ സ്ഥാപിച്ചുവരുന്നതുമായ പദ്ധതികൾക്ക് (ബാച്ച് 3-ൽ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്തുകളിലെ) എത്രയുംവേഗം വൈദ്യുതി കണക്ഷൻ സ്ഥാപിച്ച് ഭാഗികമായെങ്കിലും ജലവിതരണം ആരംഭിക്കുവാൻ കഴിയുന്നതാണ്. ഇപ്രകാരം 100 പദ്ധതികളിലായി 5500 കുടുംബങ്ങൾക്ക് വരൾച്ചാ കാലത്ത് കുടിവെള്ളം എത്തിക്കുവാൻ സാധിക്കുമെന്ന് കണക്കാക്കുന്നു.

4. ഭൂജല സംരക്ഷണവും പരിപോഷണവും ജലനിധി പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നുണ്ട്. തടയണകൾ, കിണർ റീ-ചാർജ്ജ്, സ്രോതസ്സ് സംരക്ഷണം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. പദ്ധതി നടപ്പാക്കിവരുന്ന പഞ്ചായത്തുകളിൽ 1562 ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരിക്കുന്നു. ഇതിൽ 1499 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ പൂർത്തീകരിച്ച് വേനൽക്കാലത്ത് ജലനിധി പദ്ധതികളിൽ ജല ലഭ്യത ഉറപ്പുവരുത്താൻ ശ്രമിക്കുന്നുണ്ട്.
5. ജലസ്രോതസ്സുകൾ വറ്റുന്ന പഞ്ചായത്തുകളിലെ സാദ്ധ്യമായ സ്ഥലങ്ങളിൽ ബോർവെൽ വഴി ഭൂഗർഭജലം പ്രയോജനപ്പെടുത്താനും ഉദ്ദേശിക്കുന്നു.
6. ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ ജലസംരക്ഷണംവഴിയും ജലവിനിയോഗം നിയന്ത്രിച്ചും വരൾച്ചയെ നേരിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) <u>ജലസേചന വകുപ്പ്:</u>

കേന്ദ്ര സഹായം ലഭിക്കുന്നതിനായി താൽക്കാലിക തടയണകൾക്കും മറ്റ് അറ്റകുറ്റപ്രവൃത്തികൾക്കുമായി 9.38 കോടി രൂപയുടെ പദ്ധതി ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ) വകുപ്പിന്റെ പരിഗണനയ്ക്കായി ജലസേചന വകുപ്പ് സമർപ്പിച്ചിട്ടുണ്ട്.

### മുട്ട്, ബണ്ട്, തടയണ നിർമ്മാണം

113 (2606) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കായലിൽ നിന്ന് ഓരുവെള്ളം കയറുന്നത് തടയുന്നതിനായി മേജർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് മുഖാന്തരം ഈ വർഷം മുട്ടും, ബണ്ടും, തടയണയും നിർമ്മിക്കുകയുണ്ടായോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

(ബി) ഈ വർഷം ബണ്ട് നിർമ്മിക്കാത്തതിനാൽ ഓരുവെള്ളം കയറി ഹരിപ്പാട് നിയോജകമണ്ഡലത്തിലെയും, കുട്ടനാട് നിയോജകമണ്ഡലത്തിലെയും നെൽക്കൃഷി നശിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ബണ്ട് സ്ഥാപിക്കുന്നതിന് വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കായംകുളം കായലിൽനിന്ന് ഓരുവെള്ളം കയറുന്നത് തടയുന്നതിനായി കാർത്തികപ്പള്ളി വില്ലേജിൽ പുളിക്കീഴാറിനുകുറുകേ എല്ലാ വർഷവും താൽക്കാലിക തടയണ നിർമ്മിക്കാറുണ്ട്. ഈ വർഷവും ആയതിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ കായംകുളത്ത് നാലുകെട്ട് കവലയിൽ ജലസേചന വകുപ്പിന്റെ അനുമതിയോടെ NTPC എല്ലാ വർഷവും താൽക്കാലിക തടയണ നിർമ്മിക്കാറുണ്ട്.

(ബി&സി) അത്തരത്തിൽ റിപ്പോർട്ടുകൾ ലഭ്യമായിട്ടില്ല.

**വരൾച്ചാ നടപടികൾ**

114 (2607) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ വരൾച്ച കണക്കിലെടുത്ത് എറണാകുളം ജില്ലയിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ജല അതോറിറ്റി, മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ തുടങ്ങിയ വകുപ്പുകൾ മുഖാന്തരം നടപ്പിലാക്കുന്നതും നടപ്പിലാക്കാൻ അനുമതി നല്കിയിട്ടുള്ളതുമായ പ്രവൃത്തികൾ ഏതെല്ലാമെന്നും പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(സി) കൊച്ചി കോർപ്പറേഷനിലെ പതിനഞ്ച്, പതിനാറ് വാർഡുകളിൽ സ്ഥിതി ചെയ്യുന്നതും വൃത്തിയാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതുമായ പൊതു കിണറുകൾ ഉപയോഗയോഗ്യമാക്കാൻ നടപടി സ്വീകരിക്കാത്തതിന് കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത വാർഡുകളിലെ കുടിവെള്ള ക്ഷാമം കണക്കിലെടുത്ത് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള ജല അതോറിറ്റിയുടെ പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) <u>ജലസേചന വകുപ്പ്:</u>

രൂക്ഷമായ വരൾച്ച കണക്കിലെടുത്ത് ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തുകളെക്കൂടി സഹകരിപ്പിച്ച് കുളങ്ങൾ വൃത്തിയാക്കാനുള്ള

പദ്ധതി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. എറണാകുളം ജില്ലയിലെ 136 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ പ്രവർത്തന സജ്ജമാണ്. മറ്റ് ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ, റീഹാബിലിറ്റേഷൻ പ്രവൃത്തികൾ, എൽ.ഐ. സ്കീമുകളുടെ ആന്വൽ മെയിന്റനൻസ് വർക്കുകൾ എന്നിവയ്ക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. പൂർത്തിയാക്കിയ ചെക്ക് ഡാമുകളിൽ വെള്ളം തടഞ്ഞുനിർത്തി വരൾച്ച നിയന്ത്രിക്കാനും എൽ.ഐ. സ്കീമുകളിലേക്കും വാട്ടർ അതോറിറ്റി പമ്പ് ഹൗസുകളിലേയ്ക്കുമുള്ള ജലലഭ്യത ഉറപ്പാക്കുന്നതിനായി താൽക്കാലിക തടയണകളുടെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു.

കേരള ജല അതോറിറ്റി:

എറണാകുളം ജില്ലയിൽപ്പെട്ട ആലുവ, ചൊവ്വര, പെരുമ്പാവൂർ എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന ശുദ്ധീകരണശാലകളോട് അനുബന്ധിച്ച് റോ വാട്ടർ പമ്പ് ഹൗസിലേയ്ക്കുള്ള വെള്ളത്തിന്റെ ഒഴുക്ക് ശക്തിപ്പെടുത്തുന്നതിനായി ഇൻടേക്ക് പോയിന്റുകൾ അഴുക്കും ചെളിയും നീക്കം ചെയ്ത് വൃത്തിയാക്കിയിട്ടുണ്ട്. പട്ടിമറ്റം, കുറുപ്പംപടി എന്നിവിടങ്ങളിലെ വെള്ളത്തിന്റെ ലഭ്യത കൂടുതലുള്ള റൂറൽ പമ്പ് ഹൗസുകളിൽ ഷിഫ്റ്റ് കൂട്ടുകയും വാൽവ് ഓപ്പറേഷൻ നടത്തുകയും ചെയ്യുന്നുണ്ട്. പശ്ചിമ കൊച്ചിയിലേയ്ക്ക് JNNURM പദ്ധതിയിൽനിന്നും വെള്ളം എത്തിക്കാനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. തൃപ്പൂണിത്തുറ, തിരുവാങ്കുളം, ഉദയംപേരൂർ, തിരുവാണിയൂർ, പടവുംകോട്, പുത്തൻകുരിശ്, ഐക്കരനാട്, പുതുക്ക എന്നിവിടങ്ങളിലേയ്ക്ക് ജലം പമ്പ് ചെയ്യുന്ന ചൂണ്ടിരാമമംഗലത്തെ ജലശുദ്ധീകരണശാല സ്ഥിതി ചെയ്യുന്നിടത്ത് മൂവാറ്റുപുഴ ആറിൽ താൽക്കാലിക തടയണ കെട്ടി ജലനിരപ്പ് ഉയർത്തി പമ്പിംഗ് സുഗമമാക്കിയിട്ടുണ്ട്. കൂടാതെ പൊതുജനങ്ങളിൽനിന്നും ജലദൗർലഭ്യം സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നതിനായി ജല അതോറിറ്റിയിൽ ഉന്നതതല മോണിറ്ററിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്.

ഭൂജല വകുപ്പ്:

വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ തകരാറിലായി കിടക്കുന്ന 260 കുഴൽക്കിണർ കൈപ്പമ്പുകളും 2 ചെറുകിട കുടിവെള്ള പദ്ധതികളും പ്രവർത്തന സജ്ജമാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ പുരോഗമിക്കുന്നു.

ജലനിധി:

ലോകബാങ്ക് ധനസഹായത്തോടെ കേരള സർക്കാർ നടപ്പിലാക്കുന്ന ജലനിധി പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ മൾട്ടി ജി.പി. സ്കീമിൽ ഉൾപ്പെടുത്തി നെടുമ്പാശ്ശേരി, ശ്രീമൂലനഗരം, ചെങ്ങമനാട്, കാഞ്ഞൂർ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) ജല സേചന വകുപ്പ്

മേജർ ഇറിഗേഷൻ

എറണാകുളം ജില്ലയിൽ മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്തിൽ കോമേന്ത പള്ളിക്കുസമീപം കേരള ജല അതോറിറ്റി പമ്പ് ഹൗസിന് സമീപം പെരിയാർ നദിക്ക് കുറുകെയുള്ള താൽക്കാലിക തടയണയുടെ അടിയന്തര അറ്റകുറ്റപ്പണികൾ (15 ലക്ഷം രൂപ), എറണാകുളം ജില്ലയിൽ മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്തിൽ മലയാറ്റൂർ പാലത്തിന് താഴെ പള്ളിക്കടവിന് സമീപം പെരിയാർ നദിക്കു കുറുകേയുള്ള താൽക്കാലിക തടയണയുടെ അടിയന്തര അറ്റകുറ്റപ്പണികൾ (15 ലക്ഷം രൂപ), എറണാകുളം ജില്ലയിൽ കൂവപ്പടി പഞ്ചായത്തിൽ കാപ്രിക്കാട് എൽ.ഐ. സ്കീമിന് താഴെയായി പെരിയാർ നദിക്ക് കുറുകെയുള്ള താൽക്കാലിക തടയണയുടെ നിർമ്മാണം (20 ലക്ഷം രൂപ), എറണാകുളം ജില്ലയിൽ വേങ്ങൂർ പഞ്ചായത്തിൽ പാണാംകുഴി കടവിന് സമീപം പെരിയാർ നദിക്കു കുറുകെയുള്ള താൽക്കാലിക തടയണയുടെ നിർമ്മാണം (20 ലക്ഷം രൂപ) എന്നീ പ്രവൃത്തികൾ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി മേജർ ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കി വരുന്നു.

എറണാകുളം ജില്ലയിൽ മാഞ്ഞാലിത്തോടിന് കുറുകെ ചെറിയ തേക്കാനം സ്ലൂയിസിനുതാഴെയായി മാഞ്ഞാലി തോലാ തുരുത്തിന് സമീപം താൽക്കാലിക ബണ്ട് നിർമ്മാണം (8.815 ലക്ഷം രൂപ), കണക്കൻ കടവ് ബണ്ട്-പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിൽ കോഴിത്തുരുത്ത് സ്ലൂയിസ് അറേഞ്ച്മെന്റ്സും സ്ക്രീനിംഗ് പണികളും (5 ലക്ഷം രൂപ) എന്നീ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള ജല അതോറിറ്റിയുടെ ജലവിതരണ പദ്ധതിയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി രാമമംഗലം പാലത്തിന് താഴെ പുതുമന എൽ.ഐ. സ്കീമിന് സമീപം മൂവാറ്റുപുഴ നദിക്ക് കുറുകെയുള്ള തടയണയുടെ നിർമ്മാണം (784 ലക്ഷം രൂപ) എന്ന പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

ചാലക്കുടി പുഴയിൽ കണക്കൻകടവിൽ മണൽ ബണ്ട് നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി മെക്കാനിക്കൽ വിഭാഗം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ റെഗുലേറ്റിംഗ് സിസ്റ്റത്തിന്റെ പണികൾക്ക് 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഡാമുകളിൽനിന്നുള്ള നീരൊഴുക്ക് കുറവായതിനാൽ പുഴിയിലേയ്ക്ക് ഉപ്പുവെള്ളം തള്ളിക്കയറുന്നത് ഒരു പ്രധാന വെല്ലുവിളിയാണ്. പെരിയാറിന്റെ പ്രധാന കൈവഴികളിൽ കണക്കൻകടവ്, പാതാളം, മഞ്ഞുമ്മൽ എന്നീ സ്ഥലങ്ങളിലെ റെഗുലേറ്ററുകളും പുറപ്പിള്ളിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഷട്ടറുകളുടെ പണികളും പൂർത്തിയായതിനാൽ ഈ വർഷത്തെ വരൾച്ചമൂലമുള്ള ഓരുവെള്ള ഭീഷണി ഒരു പരിധി വരെ ലഘൂകരിക്കാവുന്നതാണ്.

<u>മൈനർ ഇറിഗേഷൻ</u>

ഉപ്പുവെള്ള നിയന്ത്രണത്തിനായി വിവിധ തോടുകളിലായി താൽക്കാലിക ബണ്ടുകൾ നിർമ്മിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ലിഫ്റ്റ് ഇറിഗേഷൻ കനാലുകൾ വൃത്തിയാക്കുന്നതിനുള്ള പദ്ധതികൾ പൂർത്തിയാക്കിവരുന്നു. 136 എൽ.ഐ. സ്കീമുകൾ വഴി ജലവിതരണം ആരംഭിച്ചിട്ടുണ്ട്. വിവിധ പദ്ധതികളിലായി 16 തടയണകൾക്ക് അനുമതി ലഭിച്ചതിൽ 9 എണ്ണം പൂർത്തിയായി. വിവിധ പദ്ധതികളിലായി 54 കുളങ്ങൾ നവീകരിക്കുന്നതിനുള്ള അനുമതി ലഭിച്ചതിൽ 44 എണ്ണം പൂർത്തിയായി.

<u>കേരള ജല അതോറിറ്റി</u>

എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ചൂണ്ടി ശുദ്ധജല വിതരണ പദ്ധതിയുടെ സ്രോതസ്സായ മൂവാറ്റുപുഴ ആറിൽ രാമമംഗലത്ത് ജലനിരപ്പ് ഉയർത്തുന്നതിനായി ജല അതോറിറ്റിയ്ക്ക് ലഭിച്ച 1100 ലക്ഷം രൂപയുടെ ഭരണാനുമതി ഉപയുക്തമാക്കി ദർഘാസ് നടപടികൾ ആരംഭിക്കുന്നതിന് ഇറിഗേഷൻ വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്.

<u>ഐ.ഡി. ആർ.ബി.</u>

എറണാകുളം ജില്ലയിൽ അമ്പനാട്ടുചിറ റോഡിൽ ബോക്സ് കൾവർട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട പര്യവേഷണ പ്രവൃത്തികൾക്കായി 2.15 ലക്ഷം രൂപയുടെയും പണ്ടാരചിറ റോഡിൽ ബോക്സ് കൾവർട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട പര്യവേഷണ പ്രവൃത്തികൾക്കായി 2.898 ലക്ഷം രൂപയുടെയും സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്.

ജലനിധി

കേരള ജല അതോറിറ്റിയിൽനിന്നും ശുദ്ധീകരിച്ച കുടിവെള്ളം ബൾക്കായി വാങ്ങി വിതരണം ചെയ്യുന്ന പദ്ധതിയുടെ ത്രികക്ഷി കരാർ കെ.ആർ.ഡബ്ല്യു.എസ്.എ. എക്സിക്യൂട്ടീവ് ഡയറക്ടർ കേരളാ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവർ ചേർന്ന് 21-1-2017-ൽ ഒപ്പിട്ടു. പൊതുഘടകങ്ങളുടെ നിർമ്മാണം, നവീകരണം എന്നിവ നടത്തുന്നത് കേരളാ ജല അതോറിറ്റിയാണ്. ആയതിനുവേണ്ട ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പൊതുകിണറുകൾ വൃത്തിയാക്കുന്നത് ജലവിഭവ വകുപ്പിന്റെ പരിധിയിൽ വരുന്ന വിഷയമല്ല.

(ഡി) കൊച്ചി കോർപ്പറേഷനിലെ 13, 14, 15, 16 വാർഡുകളിൽ ശുദ്ധജലം എത്തിക്കുന്നതിനായി അരൂർ-ഇടക്കൊച്ചി പാലം മുതൽ പാമ്പായി മൂലവരെ 500 എം.എം. എച്ച്.ഡി.പി.ഇ., 450 എം.എം. ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 495 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ**

115 (2608) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന ഓരോ പദ്ധതിയുടെയും കഴിഞ്ഞ ഒരു വർഷത്തെ പുരോഗതി അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ പദ്ധതികൾ ഏതെങ്കിലും ആരംഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ജലസേചന വകുപ്പ്

മലപ്പുറം മണ്ഡലത്തിൽ ജലസേചന വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ കഴിഞ്ഞ ഒരു വർഷത്തെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

കേരള ജല അതോറിറ്റി

എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കേരള ജല അതോറിറ്റി നടപ്പാക്കി വരുന്ന പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഭൂജല വകുപ്പ്

മലപ്പുറം മണ്ഡലത്തിൽ 2017 വരൾച്ചാ പദ്ധതിയിൽ കുഴൽക്കിണർ കൈപ്പമ്പ് റിപ്പയർ ചെയ്യുന്നതിനായി ആനക്കയം ഗ്രാമപഞ്ചായത്തിലെ നെട്ടവള്ളിക്കുണ്ട് അങ്കണവാടിയിൽ 9994 രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചു. കൂടാതെ മൊറയൂർ ഗ്രാമപഞ്ചായത്തിലെ 20 കുഴൽക്കിണർ കൈപ്പമ്പുകൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള 1,99,880 രൂപയുടെ പ്രവൃത്തി പുരോഗമിക്കുകയും ചെയ്യുന്നു.

(ബി) ജലസേചന വകുപ്പ്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം മണ്ഡലത്തിൽ കോഡൂർ പഞ്ചായത്തിലെ മങ്ങാട്ടുപുലത്ത് കടലുണ്ടി പുഴയുടെ തീരസംരക്ഷണം എന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

കേരള ജല അതോറിറ്റി

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി 5 പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

1. ആനക്കയം പഞ്ചായത്തിലെ അമ്പലവട്ടം കുടിവെള്ള പദ്ധതി
2. ആനക്കയം പഞ്ചായത്തിലെ ഉരുളിത്തല കുടിവെള്ള പദ്ധതി
3. ആനക്കയം പഞ്ചായത്തിലെ ചേപ്പൂർ കുടിവെള്ള പദ്ധതി
4. മലപ്പുറം മുനിസിപ്പാലിറ്റിയിലെ കാളന്തട്ട കുടിവെള്ള പദ്ധതി
5. കോഡൂർ ഗ്രാമപഞ്ചായത്തിലെ കാലപ്പറമ്പ കുടിവെള്ള പദ്ധതി

കൂടാതെ 2016-17-ലെ പുതുക്കിയ ബജറ്റിൽ ജലചോർച്ച തടയാനായി പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിന് 6 പ്രവൃത്തികൾക്ക് 28.63 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കുടിവെള്ള പദ്ധതികൾ**

116 (2609) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ജപ്പാൻ സഹായത്തോടെയുള്ള (ജിക്ക) കുടിവെള്ള പദ്ധതികൾ എന്നാണ് പ്രവൃത്തികൾ ആരംഭിച്ചത്; ഇത് ഏതൊക്കെ ജില്ലകളിലാണ് ഉള്ളത്; ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് ഇതുമൂലം ജലം എത്തിക്കാൻ വിഭാവനം ചെയ്തത്; വിശദവിവരങ്ങൾ നൽകാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ പദ്ധതികൾക്ക് എത്ര തുകയാണ് ചെലവ് പ്രതീക്ഷിച്ചത്; ഇപ്പോൾ എത്ര തുക ചെലവഴിച്ചു; ഇതിൽ എത്ര ശതമാനം തുകയാണ് സഹായമായി കിട്ടുന്നത്; എത്ര തുക കിട്ടി; വിശദവിവരങ്ങൾ നൽകാമോ;

(സി) സംസ്ഥാനത്ത് നിലവിൽ എവിടെയൊക്കെ ജപ്പാൻ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്തു; എത്ര കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിച്ചിട്ടുണ്ട്; ഇനി എവിടെയൊക്കെയാണ് പ്രവൃത്തികൾ തീരാനുള്ളത്; ഇത് എന്നേക്ക് പൂർത്തിയാകും; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) 2006-ൽ പ്രവർത്തനം ആരംഭിച്ച ജപ്പാൻ കുടിവെള്ള പദ്ധതികൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണുള്ളത്.

തിരുവനന്തപുരം പദ്ധതിയിലൂടെ തിരുവനന്തപുരം നഗരത്തിൽ പഴയ വിഴിഞ്ഞം, കഴക്കൂട്ടം പഞ്ചായത്ത് പ്രദേശങ്ങൾ ഒഴികെ മറ്റ് പ്രദേശങ്ങളിൽ ജപ്പാൻ കുടിവെള്ള പദ്ധതിയിൽനിന്നും ശുദ്ധജലം ലഭിക്കുന്നു. പഴയ നേമം, തിരുവല്ലം എന്നീ പഞ്ചായത്ത് പ്രദേശങ്ങളിൽ വിതരണ ശൃംഖല JNNRUM പദ്ധതി മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ ജലം ജപ്പാൻ പദ്ധതിയിൽനിന്നുമാണ് ലഭ്യമാക്കുന്നത്. കൊല്ലം ജില്ലയിലെ മീനാട് പദ്ധതിയിലൂടെ പറവൂർ മുനിസിപ്പാലിറ്റിക്കും കരവാളൂർ, അഞ്ചൽ, ഇടമുളക്കൽ, ചാത്തന്നൂർ, ഉമ്മന്നൂർ, ഇളമാട്, പൂയപ്പള്ളി, വെളിയം, നെടുമ്പന, ആദിച്ചനല്ലൂർ, ചിറക്കര, പൂതക്കുളം, മയ്യനാട് എന്നീ 13 പഞ്ചായത്തുകൾക്കും ആലപ്പുഴ ജില്ലയിലെ ചേർത്തല പദ്ധതിയിലൂടെ ചേർത്തല മുനിസിപ്പാലിറ്റിക്കും ചേർത്തല തെക്ക്, പള്ളിപ്പുറം, പാണാവള്ളി, തൈക്കാട്ടുശ്ശേരി, അരൂക്കുറ്റി, പെരുമ്പളം, അരൂർ, എഴുപുന്ന, കുത്തിയതോട്, തുറവൂർ, വയലാർ, പട്ടണക്കാട്, കടകരപ്പള്ളി, കോടംതുരുത്ത്, തണ്ണീർമുക്കം, മുഹമ്മ, കഞ്ഞിക്കുഴി, മാരാരിക്കുളം (വടക്ക്) എന്നീ 18 പഞ്ചായത്തുകൾക്കും കോഴിക്കോട് പദ്ധതിയിലൂടെ കോഴിക്കോട് കോർപ്പറേഷനും ബാലുശ്ശേരി, ചേളന്നൂർ, എലത്തൂർ, തലക്കുളത്തൂർ, നന്മണ്ട,

കാക്കൂർ, ബേപ്പൂർ, ചെറുവണ്ണൂർ, ഒളവണ്ണ, കടലുണ്ടി, കക്കോടി, നരിക്കുനി, കുന്ദമംഗലം, പെരുവയൽ, കുറുവട്ടൂർ, പെരുമണ്ണ എന്നി 16 പഞ്ചായത്തുകൾക്കും കണ്ണൂർ ജില്ലയിലെ പട്ടുവം പദ്ധതിയിലൂടെ തളിപ്പറമ്പ് മുനിസിപ്പാലിറ്റിക്കും ചപ്പാരപ്പടവ്, കടന്നപ്പള്ളി, പരിയാരം, കുറുമാത്തൂർ, പട്ടുവം, മാട്ടൂൽ, കല്ല്യാശ്ശേരി, പാപ്പിനിശ്ശേരി, ചെറുകുന്ന്, കണ്ണപുരം, ഏഴോം എന്നീ 11 പഞ്ചായത്തുകൾക്കും ജലം എത്തിക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) ഈ പദ്ധതികൾക്ക് എല്ലാംകൂടി 2987 കോടി രൂപയാണ് ചെലവ് പ്രതീക്ഷിച്ചത്. ഇപ്പോൾ 2563 കോടി രൂപ ചെലവഴിച്ചു. ഇതിൽ 89 ശതമാനം തുകയാണ് വിദേശ സഹായം. ഇതുവരെ 2216.74 കോടി രൂപ വായ്പയായി ലഭിച്ചിട്ടുണ്ട്. (ജപ്പാൻ ബാങ്കിൽനിന്നുള്ള ധനസഹായത്തിന്റെ കാലാവധി 27-07-2015-ൽ അവസാനിച്ചു. ശേഷിക്കുന്ന പണികൾക്കുള്ള തുക കേരള സർക്കാരിന്റെ ബജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു).

(സി) ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട പട്ടുവം, ചേർത്തല പദ്ധതികൾ വിഭാവനം ചെയ്ത ഘടകങ്ങൾ പൂർണ്ണമായും തിരുവനന്തപുരം, മീനാട്, കോഴിക്കോട് പദ്ധതികൾ ഭാഗികമായും കമ്മീഷൻ ചെയ്തിട്ടുണ്ട്. ഇതുവരെ ഏകദേശം ഒരുലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിച്ചിട്ടുണ്ട്. തിരുവനന്തപുരം, മീനാട്, കോഴിക്കോട് പദ്ധതികളുടെ വിതരണ ശൃംഖലയുടെ പണികൾ യഥാക്രമം ജൂൺ 2017, ഡിസംബർ 2017, ഡിസംബർ 2018-ഓടുകൂടി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**മൂലത്തറ ഡാം**

117 (2610) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചിറ്റൂർ പുഴ പദ്ധതിയിൽപ്പെട്ട മൂലത്തറ ഡാമിന്റെ ഷട്ടർ പുനഃനിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിന് ഏതെങ്കിലും കോടതികളിൽ കേസ്സ് നിലവിലുണ്ടോ; കേസ്സിന് ആസ്പദമായ കാര്യങ്ങൾ പരിഹരിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

## ഉത്തരം

മൂലത്തറ റെഗുലേറ്ററിലെ ഡ്രിപ്പ് ജോലികൾ സംബന്ധിച്ച് M/s. ജെൻ മെഷീൻസ് എഞ്ചിനിയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് ബഹു. കേരള ഹൈക്കോടതിയിൽ കേരള സർക്കാർ ഒന്നാം എതിർകക്ഷിയായി WP(C)No.33508/16 നമ്പർ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസ്സ് സംബന്ധിച്ച കാര്യവിവരണ പത്രിക (Statement of facts) ശിരുവാണി പ്രോജക്ട് സർക്കിൾ എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും കോടതിയിൽ സമർപ്പിക്കുകയുണ്ടായി. ബന്ധപ്പെട്ട സർക്കിളിലെയും ഐ.ഡി. ആർ.ബി.-യിലെയും ഉദ്യോഗസ്ഥർ അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ സ്റ്റേറ്റ് അറ്റോർണിയുമായും ഗവ. പ്ലീഡറുമായും കൂടിക്കാഴ്ചകൾ നടത്തി. 20-10-2016-ന് പുറപ്പെടുവിച്ച ഇടക്കാല ഉത്തരവുപ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നുമുള്ള ഉത്തരവ് നേടാതെ ടെണ്ടർ അന്തിമമാക്കരുതെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ട്. 18-11-2016-ലെ കോടതി ഉത്തരവ് പ്രകാരം മേൽപ്പറഞ്ഞ ഇടക്കാല ഉത്തരവ് 2 മാസത്തേക്കുകൂടി ദീർഘിപ്പിച്ചു.തുടർന്ന് 14-2-2017-ലെ കോടതി ഉത്തരവുപ്രകാരം മേൽപ്പറഞ്ഞ ഇടക്കാല ഉത്തരവ് രണ്ടാഴ്ചത്തേയ്ക്കുകൂടി ദീർഘിപ്പിക്കുകയുണ്ടായി. കേസ്സ് നടപടികൾ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

8-2-2017-ലെ 830316/ISWCI/16/WRD നമ്പർ കത്തുപ്രകാരം ഈ പ്രവൃത്തി സെൻട്രൽ വാട്ടർ കമ്മീഷന്റെ അനുമതിയോടെ റീ ടെണ്ടർ ചെയ്യുന്നതിന് സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി റീ-ടെണ്ടർ ചെയ്യുവാനുള്ള അനുമതിക്കായി CPMU-വിന് ഐ. ഡി. ആർ.ബി. ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും അപേക്ഷ നൽകിയതായി ചീഫ് എഞ്ചിനീയറെ അറിയിച്ചിട്ടുണ്ട്. റിട്ട് പെറ്റീഷൻ(C)നമ്പർ 33508/16-ൽ കോടതി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

മൂലത്തറ റെഗുലേറ്ററിലെ ഡ്രിപ്പ് ജോലികൾ റീ ടെണ്ടർ ചെയ്യണമെന്ന സർക്കാർ തീരുമാനത്തിനെതിരെ M/s. ജെൻ മെഷീൻസ് എഞ്ചിനിയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് WP(C)No.6910/2017 ആയി വീണ്ടും റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത റിട്ട് പെറ്റീഷൻ 7-3-2017-ന് കോടതിയുടെ പരിഗണനയിൽ വരുമെന്ന് അറിയിച്ചിട്ടുണ്ട്.

**ഇരിങ്ങൽ ബ്രാഞ്ച് കനാൽ**

118 (2611) ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ ഇരിങ്ങൽ ബ്രാഞ്ച് കനാലിൽ ഈ വർഷം ജലസേചനം നടത്തിയതിന്റെ പുരോഗതി വ്യക്തമാക്കുമോ; ഈ വർഷം എത്ര ദൂരം ജലസേചനം നടത്തിയെന്നും ഇനി എത്ര ദൂരം നടത്താൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ബി) ഈ കനാലിന്റെ പരിധി പ്രദേശങ്ങളിൽ ജലസേചനം പൂർണ്ണമായും നടത്താൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ ഇരിങ്ങൽ ബ്രാഞ്ച് കനാലിൽ ഈ വർഷം ചെയിനേജ് 16/100 കി.മീറ്റർ (തിക്കോടി പഞ്ചായത്തിന്റെ അതിർത്തി) വരെ ഒന്നാം ഘട്ടത്തിൽ ജലവിതരണം നടത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷത്തേക്കാൾ 7 കി. മീറ്ററോളം നീളം അധികമായി ഈ വർഷം ജലവിതരണം നടത്താൻ സാധിച്ചിട്ടുണ്ട്.

(ബി) ചെയിനേജ് 16/100 കി.മീറ്ററിന് ശേഷമുള്ള കുറച്ചുഭാഗം കനാൽ തകർന്ന അവസ്ഥയിലാണുള്ളത്. കനാലിന്റെ പുനർ നിർമ്മാണത്തോടൊപ്പം ശേഷമുള്ള ഭാഗത്തെ അറ്റകുറ്റപ്പണികൾ നടത്തുന്നമുറയ്ക്ക് കനാലിന്റെ പരിധി പ്രദേശങ്ങളിൽ ജലസേചനം പൂർണ്ണമായും നടത്താൻ സാധിക്കുന്നതാണ്.

**കിണറുകൾ റീ-ചാർജ് ചെയ്യുന്ന പദ്ധതി**

119 (2612) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്തെ കിണറുകൾ റീ-ചാർജ് ചെയ്യുന്നതിനായി നടക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) സർക്കാർ കെട്ടിടങ്ങളിൽ അടക്കം കിണർ റീ-ചാർജിംഗ് ഫലപ്രദമായി നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

## ഉത്തരം

(എ) ഭൂജലം സംരക്ഷിക്കുന്നതിനും കൃത്രിമ ഭൂജല സംപോഷണത്തിനുമായി ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി ഭൂജല വകുപ്പ് നടപ്പാക്കിവരുന്നു. തുറന്ന കിണറുകൾ, കുഴൽക്കിണറുകൾ വഴിയുള്ള ഭൂജല സംപോഷണം എന്നിവ പ്രസ്തുത പദ്ധതിയിൽ ലക്ഷ്യമിടുന്നു. നടപ്പു സാമ്പത്തിക വർഷം 40 ലക്ഷം രൂപ പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. തുറന്ന കിണർ വഴിയുള്ള 10 റീ-ചാർജിംഗ് പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 41 പദ്ധതികൾക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികൾ വിവിധ ജില്ലകളിൽ പുരോഗമിച്ചുവരുന്നു. ഭൂജല വകുപ്പിനെ കൂടാതെ കൃഷി വകുപ്പ്, ജലസേചന വകുപ്പ്, സോയിൽ കൺസർവേഷൻ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് തുടങ്ങിയവ വിപുലമായ രീതിയിൽ കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പുതിയ പദ്ധതിയാണ് ഹരിത കേരളം മിഷൻ. പ്രസ്തുത പദ്ധതിയിൽപ്പെടുത്തി കിണർ റീ-ചാർജിംഗ് വിപുലമായ രീതിയിൽ നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നു.

(ബി) ഭൂജലവകുപ്പ് ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതിയിൽപ്പെടുത്തി സർക്കാർ സ്കൂൾ കെട്ടിടങ്ങളിൽ തുറന്ന കിണർ/ കുഴൽക്കിണർ റീ-ചാർജിംഗ് പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കി വരുന്നു.

### ജലസംരക്ഷണ പദ്ധതികൾ

120 (2613) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ജലസ്രോതസ്സുകളായ നീർച്ചാലുകൾ, അരുവികൾ എന്നിവ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ബി) ജലസംരക്ഷണവുമായി ബന്ധപ്പെട്ട മുൻ സർക്കാരിന്റെ എന്തെല്ലാം പദ്ധതികൾ നിലവിൽ ഒഴിവാക്കിയിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലസംരക്ഷണവുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ജലസ്രോതസ്സുകളായ നീർചാലുകൾ, അരുവികൾ എന്നിവ സംരക്ഷിക്കുന്നതിനായി തടയണ നിർമ്മാണം, ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം എന്നീ പ്രവൃത്തികൾ സാമ്പത്തിക ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് നടപ്പിലാക്കി വരുന്നു.

(ബി) 2012-13 ബജറ്റ് പ്രസംഗത്തിൽ ജലസംരക്ഷണത്തിനായി ഒരു പഞ്ചായത്തിലെ ഒരു കുളം പുനരുദ്ധരിക്കാൻ വേണ്ട നടപടിയെടുക്കണമെന്നും 2013-14-ലെ ബജറ്റ് പ്രസംഗത്തിൽ 700 തടയണകളുടെ നിർമ്മാണം ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്നും പ്രഖ്യാപിച്ചിരുന്നു. മുൻ സർക്കാരിന്റെ കാലയളവിൽ മേൽ പ്രഖ്യാപന പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികൾ ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നിലവിലില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ സംരക്ഷണവുമായി ബന്ധപ്പെട്ട് ഹരിത കേരള മിഷൻ എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതുവഴി പ്രാദേശികതലത്തിൽ ജലസേചനത്തിനും കുടിവെള്ളത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനാണ് ഹരിത കേരള മിഷനിൽ ഉൾപ്പെട്ട ജലവിഭവ മിഷൻ ലക്ഷ്യമിടുന്നത്. കുളങ്ങളും തോടുകളും പരിസ്ഥിതി സൗഹാർദ്ദ പരിപാടികളിലൂടെ വൃത്തിയാക്കി പുനരുജ്ജീവിപ്പിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്.

നദികളിലെ ജലസാന്നിധ്യം ഉറപ്പാക്കുവാൻ പര്യാപ്തമാവുന്ന തരത്തിൽ റഗുലേറ്ററുകൾ പണിയുന്നതിന് 2017-18 സാമ്പത്തിക വർഷം 600 കോടി രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു.

**സ്റ്റേറ്റ് ലാന്റ് സ്കീം സാങ്ഷനിംഗ് കമ്മിറ്റി പദ്ധതി**

121 (2614) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ജലവിഭവ വകുപ്പിന്റെയും സംസ്ഥാനത്തിന്റെയും ധനസഹായത്തോട് കൂടിയ സ്റ്റേറ്റ് ലാന്റ് സ്കീം സാങ്ഷണിംഗ് കമ്മിറ്റി (SLSSC) പദ്ധതി പ്രകാരം 2014-17 കാലഘട്ടത്തിൽ ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് വാട്ടർ അതോറിറ്റി ഭരണാനുമതി നൽകിയിട്ടുള്ളത്;

(ബി) അവയിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്; ബാക്കി പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(സി) എസ്.എൽ.എസ്.എസ്.സി. യിൽ എടവണ്ണ പഞ്ചായത്ത് സമ്പൂർണ്ണ കുടിവെള്ള പദ്ധതിയ്ക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ടി തുക കൊണ്ട് എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) എടവണ്ണ കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടത്തിനാവശ്യമായ 22 കോടി രൂപയുടെ എസ്റ്റിമേറ്റിൻമേൽ ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എസ്.എൽ.എസ്.എസ്.സി. 2014-2017 കാലഘട്ടത്തിൽ ഏറനാട് മണ്ഡലത്തിൽ 2 പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

1. എസ്.എൽ.എസ്.എസ്.സി. 2014-കാവനൂർ പഞ്ചായത്തിലെ കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം- 1000 ലക്ഷം
2. എസ്.എൽ.എസ്.എസ്.സി. 2014-തിരുവാലിക്കും സമീപ പ്രദേശങ്ങൾക്കുള്ള പദ്ധതി മൂന്നാം ഘട്ടം- എടവണ്ണ പഞ്ചായത്തുകൾക്കും കുടിവെള്ള പദ്ധതി-500 ലക്ഷം

(ബി) മുകളിൽ പറഞ്ഞ 2 പദ്ധതികളുടെയും പൂർത്തീകരണമായിട്ടില്ല.

1. എസ്.എൽ.എസ്.എസ്.സി. 2014-കാവനൂർ പദ്ധതിയുടെ വിതരണ ശൃംഖലയുടെ പ്രവൃത്തി പുരോഗതിയിലാണ്.
2. എസ്.എൽ.എസ്.എസ്.സി. 2014-തിരുവാലിക്കും സമീപ പ്രദേശങ്ങൾക്കുള്ള കുടിവെള്ള പദ്ധതി - എടവണ്ണ പഞ്ചായത്തിനുള്ള കുടിവെള്ള പദ്ധതിയിൽ ആദ്യഘട്ടത്തിൽ അനുമതി ലഭിച്ച ഘടകങ്ങളിൽ ഉൾപ്പെട്ട ശുചീകരണശാല സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്ത് ഭൂമി കൈമാറിയിട്ടില്ല. (സി) എടവണ്ണ പഞ്ചായത്ത് കുടിവെള്ള പദ്ധതിയ്ക്ക് എസ്.എൽ.എസ്.എസ്.സി. 2014-ൽ 500 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ടി തുക കൊണ്ട് 4.5 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണശാല, പമ്പിംഗ് മെയിൻ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഡി) എടവണ്ണ കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് ധനലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്നതാണ്.

**കുളങ്ങളുടെ നവീകരണം**

122 (2615) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളങ്ങൾ നവീകരിക്കുന്നതിന് ഇറിഗേഷൻ വകുപ്പ് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കുളങ്ങളുടെ നവീകരണത്തിന് ഇറിഗേഷൻ വകുപ്പ് പദ്ധതികൾ തയ്യാറാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതുവഴി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനാണ് ഹരിത കേരളം പദ്ധതി ഊന്നൽ നൽകുന്നത്. ഇതിന്റെ ആദ്യഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 9453 കുളങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് കുളങ്ങളിലെ മാലിന്യം, ചെളി, പായൽ ഇവ നീക്കം ചെയ്ത് അവയുടെ സംഭരണ ശേഷി വർദ്ധിപ്പിച്ച് കാർഷികാവശ്യങ്ങൾക്കും മറ്റ് പാരിസ്ഥിതിക ധർമ്മങ്ങൾക്കും ജല ലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നതാണ്. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ MNREGS-ൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയാണ് പ്രവൃത്തി നടപ്പിലാക്കുന്നത്. ഇതിനായുള്ള വിശദാംശങ്ങൾ ജില്ലാ ഭരണാധികാരികൾക്ക് നൽകിയിട്ടുണ്ട്.

**കുടിവെള്ളം പാഴാക്കൽ**

123 (2616) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ കൃത്യനിർവ്വഹണ വീഴ്ചമൂലം വരൾച്ചാ സമയത്തും കുടിവെള്ളം നഷ്ടപ്പെടുന്നത് തടയുവാൻ വകുപ്പ് എന്തു നടപടി സ്വീകരിക്കുമെന്നറിയിക്കുമോ ; സംസ്ഥാനത്താകമാനം (വരൾച്ചാകാലയളവിലും ) കുടിവെള്ളം പല സ്ഥലത്തും പൈപ്പുപൊട്ടി പാഴാകുന്നതും ഇക്കാര്യം വിളിച്ചറിയിച്ചാൽ പോലും വാട്ടർ അതോറിറ്റി യഥാസമയം നടപടികൾ സ്വീകരിക്കാത്തതുമൂലം പാഴായിപോകുന്നതും ഇതുവഴി ഉല്പാദന ചെലവ് നഷ്ടമാകുന്നതും വകുപ്പ് പരിശോധിച്ചുവോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിക്കുമെന്നും, സംസ്ഥാനത്ത് ഇത്തരം വീഴ്ച വരുത്തിയ എത്ര ഉദ്യോഗസ്ഥരെ കണ്ടെത്തിയെന്നും വിശദമാക്കുമോ;

(സി) കുടിവെള്ള വിതരണ ശൃംഖല മെച്ചപ്പെടുത്തുവാനായി വകുപ്പിന് വർഷാവർഷം ശരാശരി എത്ര തുകയുടെ കേന്ദ്ര സംസ്ഥാന സഹായം ലഭിക്കുന്നു എന്നും ഇത് ഫലപ്രദമായി വകുപ്പ് അധികാരികൾ ഉപയോഗിക്കുന്നുണ്ടോ എന്നും ഇതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും എന്തു നടപടി നാളിതുവരെ വകുപ്പ് സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?_

ഉത്തരം

(എ) വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനായി കൺട്രോൾ റൂമുകൾ ജില്ലാടിസ്ഥാനത്തിൽ തുറന്നിട്ടുണ്ട്. ഇത് കൂടാതെ 24x7 അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു കേന്ദ്രീകൃത കൺട്രോൾ റൂം ഹെഡ് ഓഫീസിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കൺട്രോൾ റൂമുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പൊതുജനങ്ങളുടെ പരാതിയിന്മേൽ സത്വര നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കാനും ഒരു Drought Management Cell ഹെഡ് ഓഫീസിൽ പ്രവർത്തിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള സന്ദേശങ്ങൾ ഉടനടി ഉദ്യോഗസ്ഥതലത്തിൽ കൈമാറാനും തത്സമയം ആശയവിനിമയം നടത്താനുമായി ഫീൽഡ് എഞ്ചിനീയർമാരെയെല്ലാം ഉൾക്കൊള്ളിച്ച് ഒരു വാട്സ് ആപ് ഗ്രൂപ്പും ആരംഭിച്ചിട്ടുണ്ട്. പൈപ്പ് പൊട്ടൽ സംബന്ധിച്ച പരാതികൾ അടിയന്തരമായി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. എന്നാൽ തിരക്കേറിയ റോഡുകളിൽ റോഡ് മുറിക്കാനുള്ള അനുമതി ലഭിക്കാനുള്ള കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സാഹചര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പിന്റെ സഹകരണത്തോടെ കഴിയുന്നത്ര വേഗത്തിൽ അറ്റകുറ്റപ്പണികൾ നടത്തി ജലവിതരണം പുനഃസ്ഥാപിക്കുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അന്വേഷണം നടത്തി കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തി എന്ന് ബോദ്ധ്യപ്പെട്ടാൽ അത്തരം ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കുടിവെള്ള വിതരണ ശൃംഖല മെച്ചപ്പെടുത്തുവാനായി വകുപ്പിന് കഴിഞ്ഞ രണ്ടുവർഷ പ്ലാൻ ഇത്തരത്തിൽ ലഭിച്ച കേന്ദ്ര സംസ്ഥാന സഹായവും അവയുടെ വിനിയോഗവും ചുവടെ ചേർക്കുന്നു:

സംസ്ഥാന വിഹിതം (ലക്ഷം)

| വർഷം | | ചെലവാക്കിയത് |
|---|---|---|
| 2014-15 | 28338.72 | 38329.76 (മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് തുകയുൾപ്പെടെ) |
| 2015-16 | 51919.07 | 48221.60 |

കേന്ദ്ര വിഹിതം(ലക്ഷം)

| വർഷം | | ചെലവാക്കിയത് |
|---|---|---|
| 2014-15 | 11955.63 | 12948.17(മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് തുകയുൾപ്പെടെ) |
| 2015-16 | 4528.18 | 6112.86 (മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് തുകയുൾപ്പെടെ) |

കേന്ദ്ര സംസ്ഥാന സഹായം ഫലപ്രദമായി ഉപയോഗിച്ചുവരുന്നു.

**പ്രധാന തോടുകൾ**

124 (2617) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരസഭയിൽ ഉൾപ്പെടുന്ന പ്രധാന തോടുകൾ ഏതെല്ലാം; ഈ തോടുകൾ സ്ഥിതി ചെയ്യുന്നത്/കടന്നു പോകുന്നത് ഏതെല്ലാം പ്രദേശങ്ങളിലൂടെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തോടുകൾ പുനഃസ്ഥാപിക്കാനും ജലസംഭരണശേഷി കൂട്ടുവാനും നിലവിൽ ഏതെങ്കിലും പദ്ധതി നടക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത്തരം തോടുകളെ പുനഃസ്ഥാപിച്ച് പ്രയോജനപ്പെടുത്താൻ പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ?

<u>ഉത്തരം</u>

(എ) മറുപടി അനുബന്ധമായി ചേർക്കുന്നു*.

(ബി & സി) കുമൻതോട് നവീകരിക്കുന്നതിനായി കേന്ദ്ര പദ്ധതിയായ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY)യിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൊയിലാണ്ടി മുനിസിപ്പാലിറ്റി നിർദ്ദേശിച്ച പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നുണ്ട്.

**കുടിവെള്ള പദ്ധതികൾ**

125 (2618) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ അനുമതി ലഭിച്ചിട്ടും പ്രവൃത്തി തുടങ്ങാൻ സാധിക്കാത്ത ഏതൊക്കെ കുടിവെള്ള പദ്ധതികളാണുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ തുടങ്ങുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ അനുമതി ലഭിച്ചിട്ടും പ്രവൃത്തി തുടങ്ങാൻ സാധിക്കാത്ത കുടിവെള്ള പദ്ധതികൾ താഴെപ്പറയുന്നു.

1. എം.എൽ.എ. എ.ഡി.എഫ്. ഹെഡ്ഡിൽപ്പെട്ട കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി. ഈ പദ്ധതിയുടെ സ്രോതസ്സുമായി ബന്ധപ്പെട്ട് സ്ഥലവാസികളുന്നയിച്ച തർക്കംകാരണം തുടങ്ങുവാൻ സാധിച്ചിട്ടില്ല.
2. എം.പി. എൽ.എ.ഡി. ഹെഡ്ഡിൽപ്പെട്ട പുത്തിഗെ പഞ്ചായത്തിൽപ്പെട്ട കണ്ണൂർ കാമനവയൽ കുടിവെള്ള പദ്ധതി, മുകാരികണ്ടം കുടിവെള്ള പദ്ധതി.
3. മൈനോറിറ്റി ഹെഡ്ഡിൽപ്പെട്ട മംഗൽപ്പാടി പഞ്ചായത്തിലെ അഡ്ക കുടിവെള്ള പദ്ധതി, കഞ്ചിലമിയാപടവ് പദ്ധതി, മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ഹൈഡിലോഡി കുടിവെള്ള പദ്ധതി. കുമ്പടജെ പഞ്ചായത്തിലെ പി.ബി.എം. സ്കൂൾ മാവിനക്കട്ട കുടിവെള്ള പദ്ധതി.
4. ബന്തടുക്ക കരിവേടകം കുടിവെള്ള പദ്ധതി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മേൽ പദ്ധതികൾ (2-4)സ്ഥലം ലഭ്യമാക്കാത്തതിനാലാണ് തുടങ്ങുവാൻ സാധിക്കാത്തത്.

ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് ബാച്ചുകളിലായി കാസർഗോഡ് ജില്ലയിൽ കുടിവെള്ള വിതരണ പദ്ധതിയ്ക്കായി പുല്ലൂർ-പെരിയ, പുത്തിഗെ, പടന്ന, ബളാൽ, പൈവളികെ, ദേലംപാടി, ഈസ്റ്റ് എളേരി, ബെള്ളൂർ, കിണാനൂർ-കരിന്തളം, മീഞ്ച എന്നീ ഗ്രാമപഞ്ചായത്തുകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഈ ഗ്രാമപഞ്ചായത്തുകളിൽ അനുമതി ലഭിച്ചിട്ടുള്ള ജലനിധി പദ്ധതികൾ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതാണ്. പൂർത്തീകരിച്ച് കുടിവെള്ള വിതരണം നടത്തുന്ന പദ്ധതികളുമുണ്ട്.

(ബി) മേൽ പദ്ധതികളിൽ ഒന്നാമത്തേതിൽ പ്രസ്തുത പദ്ധതിയുടെ സ്രോതസ്സുമായി ബന്ധപ്പെട്ട് സ്ഥലവാസികൾ ഉന്നയിച്ച തർക്കം പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

മേൽപ്പറഞ്ഞ 2, 3, 4 പദ്ധതികൾക്ക് പഞ്ചായത്തിൽനിന്ന് സ്ഥലം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പാർശ്വഭിത്തി നിർമ്മാണം**

126 (2619) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കനാലുകൾക്ക് പാർശ്വഭിത്തി നിർമ്മിക്കേണ്ട എന്ന ഉത്തരവ്, ജലവിഭവ വകുപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യം വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള ജലാശയങ്ങളുടെയും ജലസംഭരണികളുടെയും ദീർഘകാല സംരക്ഷണത്തിന് പ്രസ്തുത ഉത്തരവ് പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ആയത് പുനഃപരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കനാലുകൾക്ക് പാർശ്വഭിത്തി നിർമ്മിക്കേണ്ട എന്ന ഉത്തരവുകളൊന്നുംതന്നെ നിലവിലില്ല

(ബി) ബാധകമല്ല.

## വരൾച്ചയെ നേരിടുന്നതിനായുള്ള മുന്നൊരുക്കങ്ങൾ

127 (2620) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചയെ നേരിടുന്നതിനായി കോഴിക്കോട് ജില്ലയിൽ നടത്തിയ മുന്നൊരുക്കങ്ങൾ എന്തെല്ലാം;

(ബി) കടുത്ത വരൾച്ച അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി എത്ര കിയോസ്കുകളാണ് ജില്ലയിൽ സ്ഥാപിക്കുന്നത്; എവിടെയെല്ലാം; പഞ്ചായത്ത്/ നിയോജക മണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഉത്തരം

(എ) ജലസേചന വകുപ്പ്:

കോഴിക്കോട് ജില്ലയിലെ എല്ലാ ഉപ്പുവെള്ള പ്രതിരോധ ബണ്ടുകളും അടയ്ക്കുകയും കൂടാതെ തോടുകളിൽ നിർമ്മിച്ചിരിക്കുന്ന വിസിബികളിൽ ഷട്ടർ ഇട്ട് വെള്ളം സംഭരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള എല്ലാ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിലും അറ്റകുറ്റപ്പണികൾ നടത്തി പമ്പിംഗ് തുടങ്ങി പാടങ്ങളിലേയ്ക്ക് വെള്ളം എത്തിച്ചിട്ടുണ്ട്. വിവിധ പുഴകളിൽ ഇതുവരെ പൂർത്തീകരിച്ച എല്ലാ തടയണകളിലും വെള്ളം സംഭരിച്ചിട്ടുണ്ട്. ഇതുമൂലം സമീപ പ്രദേശങ്ങളിലെ കിണറുകളിലും കുളങ്ങളിലും ജലനിരപ്പ് ഉയർന്നിട്ടുണ്ട്.

കുറ്റ്യാടി പുഴയിർ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി പെരിഞ്ചേരിക്കടവ് എന്ന സ്ഥലത്ത് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് 57.50 കോടി രൂപയുടെ പദ്ധതി, പി.എം.കെ.എസ്.വൈ.-യിൽ ഉൾപ്പെടുത്തി വിവിധ ജലസേചന പദ്ധതികൾ എന്നിവ തയ്യാറാക്കി പരിശോധിച്ചുവരുന്നു. കൂടാതെ കാരശ്ശേരി പഞ്ചായത്തിലെ ചുണ്ടത്തുമ്പോയിൽ എന്ന സ്ഥലത്ത് വിസിബി നിർമ്മാണം, തിരുവമ്പാടി പഞ്ചായത്തിലെ പുന്നയ്ക്കൽ എന്ന സ്ഥലത്തെ വിസിബി നിർമ്മാണം എന്നിവയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. കൂടരഞ്ഞി പഞ്ചായത്തിലെ 6-ാം വാർഡിൽ മാങ്കയം പുഴയിൽ തടയണ, ഏറാമല പഞ്ചായത്തിൽ വാർഡ് നമ്പർ 14-ൽ കൊമ്മേരി താഴെ പാലത്ത് എൻ.സി. കനാലിന് കുറുകേ ഒരു വിസിബി കം ബ്രിഡ്ജ്, വടകര

മുനിസിപ്പാലിറ്റിയിൽ കോട്ടയ്ക്കൽ എന്ന സ്ഥലത്തുള്ള തോടിനുകുറുകെയുള്ള വിസിബി എന്നിവയുടെ നിർമ്മാണം ദ്രുതഗതിയിൽ നടന്നുവരുന്നു.

കേരള ജല അതോറിറ്റി:

കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ താഴെപ്പറയുന്ന വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

1. ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെ സ്രോതസ്സുകളിൽ താൽക്കാലിക തടയണകൾ നിർമ്മിക്കുക.
2. മണ്ണും ചെളിയും മാറ്റി കിണറുകൾ വൃത്തിയാക്കുക
3. ഇൻഫിൽട്രേഷൻ ഗ്യാലറി വൃത്തിയാക്കുക.
4. പമ്പ് സെറ്റ്, ഇലക്ട്രിക്കൽ ഉപകരണങ്ങൾ തുടങ്ങിയവ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കുക
5. പൈപ്പ് ലൈൻ ലീക്കുള്ള സ്ഥലങ്ങളിൽ ലീക്ക് പരിഹരിച്ച് ജലനഷ്ടം ഒഴിവാക്കുക.
6. കോഴിക്കോട് ജില്ലയിലെ പരാതികൾ ഫോൺ വഴി സ്വീകരിക്കുന്നതിനായി കൺട്രോൾ റൂം തുറക്കുകയും പരാതികൾ പരിഹരിക്കുകയും ചെയ്തുവരുന്നു.
7. കൂടാതെ അത്യാവശ്യ ഘട്ടങ്ങളിൽ ടാങ്കർ ലോറി മുഖേന കുടിവെള്ള വിതരണം നടത്തുന്നതിന് ആവശ്യമായ ഫില്ലിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

ഭൂജല വകുപ്പ്:

വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ 316 കുഴൽക്കിണർ കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 117 എണ്ണം പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. കൂടാതെ കോഴിക്കോട് ജില്ലയിലെ കുഴൽക്കിണർ സ്രോതസ്സായിട്ടുള്ള 4 മിനി കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ നടന്നുവരുന്നു. ഒരെണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.

ജലനിധി:

ലോകബാങ്ക് ധനസഹായത്തോടെ കേരള സർക്കാർ നടപ്പിലാക്കുന്ന ജലനിധി കുടിവെള്ള വിതരണ ശുചിത്വ പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ കോഴിക്കോട് ജില്ലയിൽനിന്നും തെരഞ്ഞെടുത്ത ബാച്ച് ഒന്നിലെ താമരശ്ശേരി, ചെറുവണ്ണൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ 57 സ്കീമുകളിലൂടെ 3521 കുടുംബങ്ങൾക്ക് കുടിവെള്ളം നൽകിവരുന്നു. ബാച്ച് 2-ലും 3-ലും ഉൾപ്പെട്ട കട്ടിപ്പാറ, മണിയൂർ, കീഴരിയൂർ, എടച്ചേരി, പുറമേരി, ആയഞ്ചേരി, കോട്ടൂർ, നടുവണ്ണൂർ, ചക്കിട്ടപ്പാറ, വില്യാപ്പള്ളി, ചോറോട് തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിൽ സാങ്കേതികാനുമതി നൽകിയ 293 സ്കീമുകളിൽ 107 സ്കീം കമ്മീഷൻ ചെയ്ത് 5752 കുടുംബങ്ങൾക്ക് കുടിവെള്ളം നൽകിവരുന്നു. വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുകൊണ്ടുമാത്രം വൈകുന്ന പദ്ധതികൾക്ക് അടിയന്തരമായി കണക്ഷൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും (IEC) ജലസംരക്ഷണംവഴിയും ജലവിനിയോഗം നിയന്ത്രിച്ചും വരൾച്ചയെ നേരിടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) കിയോസ്കുകൾ വഴിയുള്ള ജലവിതരണം റവന്യൂവകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും ചുമതലയിലാണ് നടത്തുന്നത്.

**ആഴം കൂട്ടൽ**

128 (2621) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം ജില്ലയിലെ നദികളിലെയും തോടുകളിലെയും പോളകൾ നീക്കം ചെയ്യുന്നതിനും ഡ്രഡ്ജിങ്ങ് നടത്തി ആഴം കൂട്ടുന്നതിനും എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്?

ഉത്തരം

ജലഗതാഗതത്തിന് തടസ്സം വരുന്ന ഭാഗങ്ങളിൽ മറ്റു പ്രവൃത്തികളോടൊപ്പം താൽക്കാലികമായി പോള നീക്കം ചെയ്യാറുണ്ട്. ഇതുമുഴുവനും നീക്കം ചെയ്താലും വീണ്ടും ഇവ നിറയുന്നതിനാൽ സ്ഥിരമായി ഒരു സംവിധാനം നടപ്പിലാക്കിയിട്ടില്ല. ബോട്ട് റൂട്ടുകളിൽ ആവശ്യം വേണ്ട ഭാഗങ്ങളിൽ ഡ്രഡ്ജിങ്ങ് നടത്തി ആഴം കൂട്ടാറുണ്ട്. ഈ പ്രവൃത്തികൾ ആവശ്യകതയും ഫണ്ടിന്റെ ലഭ്യതയുമനുസരിച്ച് നടപ്പിലാക്കി വരുന്നു.

കോട്ടയം ജില്ലയിൽ ഈ സാമ്പത്തിക വർഷം പോള നിർമ്മാർജ്ജനത്തിനായി 3 പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

**ചെറുകിട ജലവിതരണ പദ്ധതി**

129 (2622) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ അനുമതി നൽകിയ ചെറുകിട ജലവിതരണ പദ്ധതികൾ ഏതെല്ലാം; പദ്ധതികൾക്കായി എത്ര തുക വകയിരുത്തി;

(ബി) വർദ്ധിച്ചു വരുന്ന ജലക്ഷാമം പരിഹരിക്കുന്നതിന് കൂടുതൽ തടയണകൾ നിർമ്മിക്കാൻ ആലോചനയുണ്ടോ;

(സി) ജലസ്രോതസ്സുകളായ കുളങ്ങളെ നവീകരിച്ച് സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കിളിമാനൂർ, പഴയ കുന്നുമ്മേൽ, മടവൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ഒരു കുടിവെള്ള പദ്ധതിയ്ക്ക് അനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയുടെ മൊത്ത അടങ്കൽ 31.0 കോടി രൂപയാണ്.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കിവരുന്ന ഹരിത കേരളം പദ്ധതിയിൽ ആദ്യഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 9453 കുളങ്ങൾ MGNREGS-മായി സഹകരിച്ച് നവീകരിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് കുളങ്ങളിലെ മാലിന്യം, ചെളി, പായൽ ഇവ നീക്കം ചെയ്ത് അവയുടെ സംഭരണശേഷി വർദ്ധിപ്പിച്ച് കാർഷികാവശ്യങ്ങൾക്കും മറ്റ് പാരിസ്ഥിതിക ധർമ്മങ്ങൾക്കും ജല ലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നതാണ്.

ജലസ്രോതസ്സുകളായ കുളങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി അണ്ടൂർക്കോണം പഞ്ചായത്തിലെ ആനതാഴ്ചിറ കുളത്തിന്റെയും പാറശ്ശാല പഞ്ചായത്തിൽ പരശുവയ്ക്കൽ വില്ലേജിലെ വണ്ടിച്ചിറ കുളത്തിന്റെയും പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നു.

മഴവെള്ള സംരക്ഷണത്തിലൂടെ വേനൽക്കാലത്തും കുളത്തിലെ ജലലഭ്യത ഉറപ്പുവരുത്തുകയാണ് ആനതാഴ്ചിറ കുളത്തിന്റെ പുനരുദ്ധാരണത്തിലൂടെ ലക്ഷ്യമിടുന്നത്. ചോർച്ച തടയുകയും ജലസംഭരണത്തിന്റെ വ്യാപ്തി വർദ്ധിപ്പിച്ച് ജല ലഭ്യത ഉറപ്പാക്കുകയുമാണ് വണ്ടിച്ചിറ കുളത്തിന്റെ പുനരുദ്ധാരണത്തിലൂടെ ലക്ഷ്യമിടുന്നത്.

ആനതാഴ്ചിറ കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികളിൽ ചെളിനീക്കലും സംരക്ഷണ ഭിത്തി നിർമ്മിക്കലും സമീപപ്രദേശങ്ങളിലെ മഴവെള്ളം കുളത്തിലെത്തിക്കുകയും ചെയ്യുന്ന പ്രവൃത്തികളിൽ ഒന്നാം ഘട്ടം പൂർത്തീകരിക്കുകയും രണ്ടാം ഘട്ടം പണികളിൽ 75 ശതമാനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ ഭാഗമായ ഈ പ്രവൃത്തിയുടെ രണ്ടാം ഘട്ടത്തിന് 441 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

പാറശ്ശാല പഞ്ചായത്തിലെ പാറശ്ശാല, പരശുവയ്ക്കൽ വില്ലേജുകൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിൽ വണ്ടിച്ചിറ കുളത്തിലെ ചെളി നീക്കം ചെയ്യലും വശങ്ങളിൽ കരിങ്കല്ല് പാകി എൽ.ഡി.പി.ഇ. ഫിലിം പതിപ്പിച്ചും ജലസ്രോതസ്സായ കുളത്തിനെ സംരക്ഷിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. പദ്ധതി 60 ശതമാനം പൂർത്തിയായി. ഈ പദ്ധതിയ്ക്ക് 244 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

കൂടാതെ ഉറവിട സംരക്ഷണവുമായി ബന്ധപ്പെട്ട് വെട്ടൂർ പഞ്ചായത്തിലെ കാക്കക്കുഴി കുടിവെള്ള പദ്ധതിയുടെ പുനരുദ്ധാരണവും നടന്നുവരുന്നു.

പഞ്ചായത്തുകളിൽ ജലസ്രോതസ്സുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ജലനിധി വിവിധ ഭൂജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ചെറുകുളങ്ങൾ സംരക്ഷിച്ചുവരുന്നു. ഇതിന് ലോകബാങ്കിന്റെ ധനസഹായവും വിനിയോഗിക്കുന്നു.

**ചിറകളുടെ നിർമ്മാണം**

130 (2623) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഴാനി ഡാമിന്റെ വലതുകര കനാലായ വടക്കാഞ്ചേരി പുഴയിൽ മണലൂർ മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ കാർഷികാഭിവൃദ്ധിക്കുള്ള ജലവിതരണം സുഗമമായി നടത്തുന്നതിനായി, നാല് ചിറകൾ നിർമ്മിക്കേണ്ടതുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ചിറകളുടെയും കനാലിന്റെയും വാർഷിക അറ്റകുറ്റ പണികൾക്കായി ഈ വർഷം എത്ര തുക ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വാഴാനി ഡാമിന്റെ വലതുകര കനാലായ വടക്കാഞ്ചേരി പുഴയിൽ മണലൂർ മണ്ഡലത്തിൽ നിലവിൽ പാറന്നൂർ ചിറ, പെരുവാൻ ചിറ എന്നീ രണ്ട് സ്ഥിരമായ ചിറകളുണ്ട്. കാർഷികാഭിവൃദ്ധിക്കുള്ള ജലവിതരണം സുഗമമായി നടത്തുന്നതിനായി പ്രസ്തുത മണ്ഡലത്തിലെ ഇവാന്നൂർ, കുന്നുഴ, ആയമുക്ക്, പറപ്പൂക്കാവ് എന്നീ 4 സ്ഥലങ്ങളിൽ ചിറകൾ നിർമ്മിക്കുന്നതിന് കർഷകർ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഇതിനുള്ള ഇൻവെസ്റ്റിഗേഷൻ പണികൾ പൂർത്തിയാക്കി വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്. തുടർന്ന് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ചിറകളുടെ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി & സി ) വാഴാനി ഡാമിനോടനുബന്ധിച്ചുള്ള ഏകദേശം 57 കി.മീ. നീളമുള്ള കനാലുകളുടെയും 23 ചിറകളുടെയും വാർഷിക അറ്റകുറ്റപ്പണികൾക്കായി ഒരുകോടി രൂപ 2016-17-ലെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ തുകയിൽനിന്നും മണലൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന കനാലുകളുടെയും 2 ചിറകളുടെയും ഒരു അക്വഡക്ടിന്റെയും അറ്റകുറ്റപ്പണികൾക്കായി ആകെ 5.56 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അവയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| കനാലിന്റെ അറ്റകുറ്റപ്പണികൾക്ക് | 3,00,000 രൂപ |
| പാറന്നൂർ ചിറയുടെ അറ്റകുറ്റപ്പണികൾക്ക് | 71,000 രൂപ |
| പെരുവാൻ ചിറയുടെ അറ്റകുറ്റപ്പണികൾക്ക് | 75,000 രൂപ |
| ആളൂർ അക്വഡക്ടിന്റെ അറ്റകുറ്റപ്പണികൾക്ക് | 1,10,000 രൂപ |

**വരൾച്ചാ ദുരിതാശ്വാസ പദ്ധതി**

131 (2624) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം അസംബ്ലി നിയോജക മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി 2014, 2015, 2016 കാലഘട്ടത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ എന്തൊക്കെയാണെന്നും ഇതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

2014-15-ൽ ജില്ലാ കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി കായംകുളം നിയോജകമണ്ഡലത്തിൽ 4 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിരുന്നു. എല്ലാം പൂർത്തീകരിച്ചുകഴിഞ്ഞു. പ്രവൃത്തികൾ താഴപ്പറയുന്നു.

1. DRW 2014-15 പട്ടോലി മാർക്കറ്റിലേയ്ക്ക് 63 എം.എം. പി.വി.സി. പൈപ്പ് ലൈൻ സ്ഥാപിക്കൽ

2. DRW 2014-15 (DC) കായംകുളം നിയോജകമണ്ഡലത്തിലെ കൃഷ്ണപുരം പഞ്ചായത്തിലെ വിവിധ വാർഡുകളിലേയ്ക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ

3. DRW 2014-15 (DC) കായംകുളം മുനിസിപ്പാലിറ്റിയിലെ വിവിധ വാർഡുകളിലേയ്ക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ

4. DRW 2014-15 (DC) കായംകുളം നിയോജകമണ്ഡലത്തിലെ പതിയൂർ പഞ്ചായത്തിലെ വിവിധ വാർഡുകളിലേയ്ക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ

2016-ൽ ജല അതോറിറ്റിയുടെ ഭരണാനുമതിയിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി കായംകുളം നിയോജകമണ്ഡലത്തിൽ 5 പ്രവൃത്തികൾ ഉണ്ടായിരുന്നു. എല്ലാം പൂർത്തീകരിച്ചു.

1. പതിയൂർ ശുദ്ധീകരണശാലയിൽ 3 എച്ച്.പി. വാക്വം പമ്പ് സ്ഥാപിക്കൽ

2. കാന്തള്ളൂർ പഞ്ചായത്തിലെ കാലാവള്ളി പമ്പ് ഹൗസിൽ 10 എച്ച്.പി. പമ്പും മോട്ടോറും മാറ്റി സ്ഥാപിക്കൽ.

3. കാന്തള്ളൂർ പഞ്ചായത്തിലെ ഓണമ്പള്ളി പമ്പ് ഹൗസിൽ 7.5 എച്ച്.പി. പമ്പും മോട്ടോറും മാറ്റി സ്ഥാപിക്കൽ.

4. ദേവികുളങ്ങര പഞ്ചായത്തിലെ കടശ്ശേരി മണ്ണേൽ പമ്പ് ഹൗസിൽ 10 എച്ച്.പി. പമ്പും മോട്ടോറും സ്റ്റാൻഡ് ബൈ ആയി സ്ഥാപിക്കൽ.

5. കൃഷ്ണപുരം പഞ്ചായത്തിലെ ചാലക്കൽ പമ്പ് ഹൗസിൽ 7.50 എച്ച്.പി. പമ്പും മോട്ടോറും മാറ്റി സ്ഥാപിക്കൽ.

## റീടെയിനിംഗ് സ്ട്രക്ച്ചർ

132 (2625) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ്-മണലൂർ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് ഏനാമാക്കൽ റഗുലേറ്ററിന് താഴെ കോലൂ മാട്ട് ഭാഗത്ത് ഒരു വാട്ടർ റീടെയിനിംഗ് സ്ട്രക്ച്ർ നിർമ്മിക്കാനുള്ള പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ, നിർമ്മാണം എന്നിവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(ബി) ജലസേചനത്തിനും കുടിവെള്ളത്തിനും മണലൂർ, വെങ്കിടങ്ങ് പഞ്ചായത്തുകൾക്കും സമീപ പ്രദേശങ്ങൾക്കും പ്രയോജനപ്പെടുന്നതും 2016-2017 ലെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ പ്രസ്തുത പദ്ധതി അടിയന്തിരമായി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ &ബി ) ഏനാമാക്കൽ റഗുലേറ്ററിന് താഴെ കോലുമാട് ഭാഗത്ത് ഒരു വാട്ടർ റീടെയിനിംഗ് സ്ട്രക്ച്ചർ നിർമ്മിക്കാനുള്ള പദ്ധതിയുടെ ഇൻവെസ്റ്റിഗേഷനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ട്.

## തടയണകളും സംരക്ഷണ ഭിത്തികളും

133 (2626) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 2011 മുതൽ 2015 വരെ ആകെ എത്ര തടയണകൾ നിർമ്മിച്ചിട്ടുണ്ട്; ഏതൊക്കെ ജില്ലയിൽ എത്ര വീതമെന്ന് വിശദമാക്കുമോ;

(ബി) 2011 മുതൽ 2015 വരെ സംസ്ഥാനത്ത് എത്ര നദികൾക്കും എത്ര തോടുകൾക്കും സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടുണ്ട്; ഏതൊക്കെ ജില്ലകളിൽ എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ സംരക്ഷണ ഭിത്തി കെട്ടുന്നതിന് എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്കായി ചെലവഴിക്കപ്പെട്ട തുകയുടെ കണക്ക് താലൂക്കടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ 2011 മുതൽ 2015 വരെ ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, ജലനിധി, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്നിവയുടെ കീഴിലായി ആകെ 682 തടയണകൾ നിർമ്മിച്ചിട്ടുണ്ട്. അവയുടെ വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) 2011 മുതൽ 2015 വരെ സംസ്ഥാനത്ത് വിവിധ നദികളിലും തോടുകളിലുമായി 2652 സംരക്ഷണ ഭിത്തികൾ നിർമ്മിച്ചിട്ടുണ്ട്. ജില്ല തിരിച്ച കണക്കുകൾ താഴെച്ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 217 |
| കൊല്ലം | 138 |
| കോട്ടയം | 620 |
| പത്തനംതിട്ട | 158 |
| ആലപ്പുഴ | 204 |
| ഇടുക്കി | 239 |
| തൃശ്ശൂർ | 74 |
| എറണാകുളം | 460 |
| പാലക്കാട് | 40 |
| കാസർഗോഡ് | 61 |
| കണ്ണൂർ | 103 |
| വയനാട് | 12 |
| കോഴിക്കോട് | 155 |
| മലപ്പുറം | 171 |
| ആകെ | 2652 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് വിവിധ പദ്ധതികളിലായി ഏകദേശം 33787.64 ലക്ഷം രൂപ ചെലവഴിച്ചു.

(ഡി) താലൂക്കടിസ്ഥാനത്തിൽ ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർത്തിരിക്കുന്നു.

**മാർജിനൽ ബണ്ട്**

134 (2627) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്യാശ്ശേരി മണ്ഡലത്തിലെ തെക്കുമ്പാട് ദ്വീപിന്റെ പടിഞ്ഞാറ് ഭാഗം അതിർത്തിയിൽ മാർജിനൽ എർത്തേൺ ബണ്ട് നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

പ്രസ്തുത പ്രവൃത്തിയുടെ പര്യവേക്ഷണ പ്രവൃത്തികൾക്ക് സാമ്പത്തിക അനുമതി നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു.

**മലിനജലം ഒഴുക്കിവിടുന്നത് തടയൽ**

135 (2628) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ആമയിഴഞ്ചാൻ തോട്ടിലേയ്ക്ക് സ്വീവറേജ് ടാങ്കിൽ നിന്നും മലിനജലം ഒഴുക്കി വിടുന്നതായി ദൃശ്യമാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) ആമയിഴഞ്ചാൻ തോടിന്റെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം സ്വീവറേജ് പദ്ധതിയുടെ എ-ബ്ലോക്ക് 1945-ലാണ് കമ്മീഷൻ ചെയ്തത്. നിലവിലെ ജനസംഖ്യാ വർദ്ധനവുമൂലം ഈ പദ്ധതിയിലെ സ്വീവർ നെറ്റ്‌വർക്കിന്റെ പരിധിക്കപ്പുറം മലിനജലം വരുന്ന സാഹചര്യങ്ങളിൽ ഓവർഫ്ലോ ഉണ്ടാകാറുണ്ട്. ഇതിന് പരിഹാരമായി കരമന നദി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി കുര്യാത്തി പമ്പ് ഹൗസിൽ പുതിയ പമ്പ് സെറ്റുകൾ സ്ഥാപിച്ച് പമ്പിംഗ് കാര്യക്ഷമമാക്കുകയും അതുമൂലം ഒരു പരിധിവരെ ഓവർഫ്ലോ പരിഹരിച്ചിട്ടുമുണ്ട്. കൂടാതെ അമൃത് പദ്ധതിയിലും പ്ലാൻ പദ്ധതിയിലും ഉൾപ്പെടുത്തി കൂടുതൽ നവീകരണ പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ആമയിഴഞ്ചാൻ തോടിന്റെ കണ്ണമ്മൂല മുതൽ ആക്കുളം വരെയുള്ള ഭാഗത്തെ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യുവാനും പാർശ്വഭിത്തി, നടപ്പാത, തുടങ്ങിയവ നിർമ്മിക്കുന്നതിനുമുള്ള 13,35,50,000 രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

**ചെറുകുളങ്ങൾ സംരക്ഷിക്കുന്നതിന് പദ്ധതി**

136 (2629) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകുളങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളത് എന്ന് വിശദീകരിക്കുമോ;

(ബി) സ്വകാര്യ വസ്തുവിലെ കുളങ്ങൾ വൃത്തിയോടെ സംരക്ഷിക്കുന്നതിനും ജല സംരക്ഷണം ഉറപ്പാക്കുന്നതിനും വേണ്ടി പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കുമോ;

(സി) സംസ്ഥാനത്തെ സർക്കാർ ഭൂമിയിലെ ചെറുകുളങ്ങളെ സംബന്ധിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ; ഇവയെ കയ്യേറ്റങ്ങളിൽ നിന്ന് സംരക്ഷിച്ച് പരിസ്ഥിതി സൗഹൃദമായി നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതുവഴി പ്രാദേശികതലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനാണ് ഹരിത കേരളം പദ്ധതി ഊന്നൽ നൽകുന്നത്. ഇതിന്റെ ആദ്യഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 9453 കുളങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് കുളങ്ങളിലെ മാലിന്യം, ചെളി, പായൽ ഇവ നീക്കം ചെയ്ത് അവയുടെ സംഭരണശേഷി വർദ്ധിപ്പിച്ച്, കാർഷികാവശ്യങ്ങൾക്കും മറ്റ് പാരിസ്ഥിതിക ധർമ്മങ്ങൾക്കും ജലലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നതാണ്. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ MGNREGS-ൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയാണ് പ്രവൃത്തി നടപ്പിലാക്കുന്നത്. ഇതിനായുള്ള വിശദാംശങ്ങൾ ജില്ലാ ഭരണാധികാരികൾക്ക് നൽകിയിട്ടുണ്ട്.

(ബി) ജലസേചന വകുപ്പിന് കീഴിൽ നിലവിലില്ല. എന്നാൽ MGNREGS പദ്ധതിയുടെ കീഴിൽ ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

(സി) പൊതു-സ്വകാര്യ-ക്ഷേത്രം വക കുളങ്ങളുടെ വിവര ശേഖരണം ചീഫ് എഞ്ചിനീയർ, I.D.R.B നടത്തിയിട്ടുണ്ട്. പൊതുകുളങ്ങളുടെ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ റവന്യൂ വകുപ്പിനെ അറിയിക്കാറുണ്ട്. ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുളങ്ങളുടെ നവീകരണം പരിസ്ഥിതി സൗഹാർദ്ദപരമായാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്.

**കുടിവെള്ളക്ഷാമം പരിഹരിക്കൽ**

137 (2630) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന കുടിവെള്ള ക്ഷാമം കണക്കിലെടുത്ത് കേരളത്തിലെ എല്ലാ ആറുകളിലും നദികളിലും തോടുകളിലും വിവിധതരത്തിലുള്ള തടയണകൾ പലസ്ഥലങ്ങളിൽ നിർമ്മിച്ച് വെള്ളം പലഘട്ടങ്ങളായി തടഞ്ഞു നിർത്തി സംരക്ഷിച്ച് കുടിവെള്ളം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) കേരളത്തിലെ പല ആറുകളിലും തോടുകളിലും നദികളിലും ചില സ്ഥലങ്ങളിൽ/കയങ്ങളിൽ കെട്ടി നിൽക്കുന്ന വെള്ളത്തിന് ചാലുകൾ തെളിച്ച് ഒഴുകുവാൻ അവസരം ഉണ്ടാക്കി വെള്ളം ഇല്ലാതെ വറ്റിവരണ്ടു കിടക്കുന്ന ഭാഗങ്ങളിലേയ്ക്ക് വെള്ളം എത്തിച്ച് ഈ പ്രദേശത്തെ ജനങ്ങൾക്ക് വെള്ളം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് വർഷത്തിന്റെ ഭൂരിഭാഗവും ജലദൗർലഭ്യം അനുഭവപ്പെടുകയും കുടിവെള്ള ആവശ്യം വർദ്ധിച്ചുകൊണ്ടിരിക്കുകയും അതേസമയം സ്വാഭാവിക സ്രോതസ്സുകൾ ശുഷ്കമായിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നദികളിലെയും തോടുകളിലെയും നീരൊഴുക്ക് സ്ഥാപിക്കുക, കാലവർഷ സമയത്ത് ലഭിക്കുന്ന അധികജലം തടഞ്ഞുനിർത്തി സമീപ പ്രദേശത്തെ ഭൂജലവിതാനം താഴാതെ നിലനിർത്തുക, കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കും ആവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് തടയണകൾ/റെഗുലേറ്ററുകൾ നിർമ്മിക്കുന്നത്. തടയണകൾ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ വിവിധ പദ്ധതികളിൽ (നബാർഡ് പദ്ധതി, ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ, കാസർഗോഡ് പാക്കേജ്) ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു. പണി പൂർത്തിയാക്കിയ തടയണകളിൽ വെള്ളം ശേഖരിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷം ചെക്ക് ഡാം & റെഗുലേറ്റർ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 190 ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചതിൽ 95 തടയണകൾ പൂർത്തീകരിച്ചു. 37 പ്രവൃത്തികൾ പുരോഗതിയിലാണ്. മറ്റുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ നബാർഡിന്റെ ധനസഹായത്തോടകൂടി തടയണകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

കാവേരി നദീജല ട്രൈബ്യൂണൽ വയനാട് ജില്ലയിലെ കബനി സബ് ബേസിനിലെ പദ്ധതികൾക്കായി അനുവദിച്ച ജലത്തിന്റെ വിഹിതം ഉപയോഗപ്പെടുത്തുന്നതിനായി 2015-16-ൽ രണ്ട് ആർ.സി.ബി.കൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) ഓഫീസിൽ സ്വീകരിച്ചുവരുന്നു. കൂടാതെ നടപ്പ് സാമ്പത്തിക വർഷം പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 35 കോടി രൂപ ചെലവിൽ 24 ചെക്ക് ഡാമുകളും ഒരു റെഗുലേറ്ററും ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. പാലക്കാട് ജില്ലയിലെ ഭവാനി സബ് ബേസിനിൽ അനുവദിച്ച ജലം ഉപയോഗപ്പെടുത്തുന്നതിനായി 3 തടയണകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഇതിൽ 2 തടയണകളുടെ പണി പുരോഗതിയിലാണ്.

നദികളിലേയ്ക്ക് കടലിൽനിന്നും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി 2016-17 സാമ്പത്തിക വർഷം 56 പ്രവൃത്തികൾക്ക് (താൽക്കാലിക തടയണകൾ) ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതുവഴി ഒരു പരിധിവരെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സാധിക്കുന്നതാണ്.

കാസർഗോഡ് പാക്കേജിൽ 2015-16 വർഷത്തിൽ അംഗീകരിച്ച 18 പ്രവൃത്തികളിൽ (ചെക്ക് ഡാം/വി.സി.ബി.) 5 എണ്ണം പൂർത്തിയായി. 10 പ്രവൃത്തികൾ പുരോഗമിക്കുന്നു. ബാക്കി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) ഓഫീസിൽ സ്വീകരിച്ചുവരുന്നു.

(ബി) കേരള വാട്ടർ അതോറിറ്റി നദികളിൽ ലഭ്യമായ നീരൊഴുക്ക് പരമാവധി സംരക്ഷിച്ചുനിർത്താൻ ആവശ്യമായ സ്ഥലങ്ങളിലെല്ലാം താൽക്കാലിക തടയണകൾ നിർമ്മിച്ചുവരുന്നു. കൂടാതെ ജല അതോറിറ്റിയുടെ നിലവിലുള്ള സ്രോതസ്സുകളിലെ ചെളിയും മാലിന്യവും നീക്കം ചെയ്തും ഇൻഫിൽട്രേഷൻ ഗ്യാലറികൾ പുനരുദ്ധരിച്ചും നീർച്ചാലുകൾ നിർമ്മിച്ചും ജല ലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. അതുപോലെതന്നെ കയങ്ങളിൽ ലഭ്യമായ ജലം കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളിൽ എത്തിച്ച് പമ്പ് ചെയ്യുന്നതിനുള്ള സംവിധാനവും ചെയ്യുന്നുണ്ട്.

പുഴയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ചെരിവും അനുസരിച്ച് പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും നിർദ്ദേശങ്ങൾ മുൻനിർത്തി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ജനങ്ങൾക്ക് വെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

**ജലസ്രോതസ്സുകൾ**

138 (2631) <u>ശ്രീ. ജെയിംസ് മാത്യു:</u>

<u>ശ്രീ. കെ. ആൻസലൻ:</u>

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്:</u>

<u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലക്ഷാമം രൂക്ഷമായി കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജലസ്രോതസ്സുകൾ നവീകരിക്കാനും ജലസ്രോതസ്സുകളിൽ തടയണകൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ പാറക്കുളങ്ങളിലെ വെള്ളം ഉപയോഗ യോഗ്യമാണോ എന്ന് പരിശോധിച്ച് ഉപയോഗപ്രദമെങ്കിൽ ഏറ്റെടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ജലസ്രോതസ്സുകളുടെ നവീകരണം, ജലസ്രോതസ്സുകളിൽ തടയണ നിർമ്മാണം എന്നീ പ്രവൃത്തികൾ സാമ്പത്തിക ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കാറുണ്ട്. കേരളത്തിന്റെ സമഗ്ര വികസനം മുന്നിൽക്കണ്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നാല് മിഷനുകളിൽ ഒന്നായ ഹരിത കേരളം മിഷനിൽ ജലവിഭവ സംരക്ഷണം എന്ന മേഖല ഉൾപ്പെടുത്തിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ കുളങ്ങളും തോടുകളും പുനരുജ്ജീവിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള പ്രവർത്തനങ്ങളും രണ്ടാം ഘട്ടത്തിൽ നദികൾ, കായലുകൾ മറ്റ് ജലസ്രോതസ്സുകൾ ഉൾപ്പെടെയുള്ളവയുടെ ശുചീകരണ നവീകരണ പ്രവർത്തനങ്ങളും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഹരിതകേരള മിഷന്റെ പ്രവർത്തനങ്ങൾക്ക് 8-12-2016-ൽ തുടക്കം കുറിച്ചിട്ടുണ്ട്. സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി തടയണ കെട്ടുക, ജലം പമ്പ് ചെയ്യാൻ ഉപയോഗിക്കുന്ന കിണറുകൾ വൃത്തിയാക്കുക, ഗ്യാലറികളിൽ തടസ്സങ്ങൾ നീക്കി നീരൊഴുക്ക് സുഗമമാക്കുക, ചാലുകൾ കീറി സ്രോതസ്സുകളിലേയ്ക്കുള്ള ഒഴുക്ക് വർദ്ധിപ്പിക്കുക എന്നിവ ആവശ്യാനുസരണം നടപ്പിലാക്കുന്നുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റി ആവശ്യത്തിന് ജലലഭ്യതയുള്ള പാറമടകൾ, കുളങ്ങൾ തുടങ്ങിയ സ്രോതസ്സുകൾ കണ്ടെത്തി ഗുണനിലവാര പരിശോധന നടത്തി അവ ഉപയോഗപ്പെടുത്താനുള്ള സാദ്ധ്യത പരിശോധിക്കാൻ ഫീൽഡ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വാട്ടർ സപ്ലൈ സ്കീം**

139 (2632) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര വാട്ടർ സപ്ലൈ സ്കീം 1972-ൽ തുടങ്ങിയതിനാലും നിലവിലെ ട്രീറ്റ്മെന്റ്പ്ലാന്റ് അപര്യാപ്തമായതിനാലും പുതിയ പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടി എന്തായെന്ന് വ്യക്തമാക്കാമോ;

(ബി) നെയ്യാറ്റിൻകര വാട്ടർ അതോറിറ്റി 45 വർഷം മുൻപ് സ്ഥാപിച്ച വിതരണ പൈപ്പുകൾ പലതും കാലപ്പഴക്കം ചെന്ന് നിരന്തരം പൊട്ടുന്നതിനാൽ പഴയത് മാറ്റി പുതിയ വിതരണ പൈപ്പുകൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിക്കുവേണ്ടി 15 എം.എൽ.ഡി. ശേഷിയുള്ള ഒരു പുതിയ ജലശുദ്ധീകരണശാലക്കും അനുബന്ധ ഘടകങ്ങൾക്കുമായി 1500 ലക്ഷം രൂപ മതിപ്പ് ചെലവ് കണക്കാക്കിയിട്ടുള്ള ഒരു പദ്ധതിയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.

(ബി) കാലപ്പഴക്കം ചെന്ന പൈപ്പുകൾ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി എല്ലാ വർഷവും ഘട്ടംഘട്ടമായി മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ജലചോർച്ച തടയാനായി 2016-17 പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതി (കിഫ്ബി)യിൽ ഉൾപ്പെടുത്തി ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിന് മറുകിൽ-മാറനല്ലൂർ, കോട്ടമുകൾ ജംഗ്ഷൻ-മേലരിയോട് ഭാഗത്ത് പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനായി 146 ലക്ഷം രൂപയുടെയും തൊഴുക്കൽ സോൺ-കാളിപ്പാറ-തൊഴുക്കൽ മുതൽ നെയ്യാറ്റിൻകര സമ്പ് വരെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി 141 ലക്ഷം രൂപയുടെയും പദ്ധതികൾക്ക് കേരള വാട്ടർ അതോറിറ്റിക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

**പുലിമുട്ട് നിർമ്മാണം**

140 (2633) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുലിമുട്ടുകളുടെ നിർമ്മാണത്തിനായി ഈ സാമ്പത്തിക വർഷം എന്ത് തുകയാണ് ഇതുവരെ അനുവദിച്ചത്;

(ബി) പ്രത്യേക നിക്ഷേപ പദ്ധതിയുടെ ഭാഗമായിട്ടാണോ ഈ തുക അനുവദിക്കുന്നത്; വ്യക്തമാക്കാമോ;

(സി) പുലിമുട്ടുകളുടെ നിർമ്മാണ പ്രവർത്തനം എവിടെയൊക്കെയാണ് ഈ സാമ്പത്തിക വർഷം ആരംഭിച്ചതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പുലിമുട്ടുകളുടെ നിർമ്മാണത്തിനായി ഈ സാമ്പത്തിക വർഷം 36.50 കോടി രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്. കൂടാതെ കൊല്ലം വെള്ളനാം തുരുത്തിൽ ഐ.ആർ.ഇ. ലിമിറ്റഡിന്റെ ഡെപ്പോസിറ്റ് സ്കീമിൽ പുലിമുട്ട് നിർമ്മാണത്തിനായി 9.2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) അല്ല; നബാർഡ് ധനസഹായമായി 22 കോടി രൂപയും സംസ്ഥാന വിഹിതമായി 14.50 കോടി രൂപയുമാണ് അനുവദിച്ചിട്ടുള്ളത്.

(സി) ഈ സാമ്പത്തിക വർഷം ആറാട്ടുപുഴ പ്രദേശത്ത് കാർഗിലിലും അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ പുറക്കാട്ടും ബീമാപള്ളിയിൽ തയ്ക്കാപള്ളി മുതൽ ചെറിയതുറ കുരിശ്ശടി വരെയുള്ള 1.25 കിലോമീറ്റർ ഭാഗത്തും കോഴിക്കോട് ജില്ലയിലെ കല്ലായി അഴിമുഖത്തും പുലിമുട്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ചേർത്തല അർത്തുങ്കൽ പ്രദേശത്ത് 11.50 കോടി രൂപയുടെ പുലിമുട്ട് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**സ്ഥിരം തടയണ**

141 (2634) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിലെ കരിമ്പുഴയിൽ ശ്രീകൃഷ്ണപുരത്ത് സ്ഥിരം തടയണ നിർമ്മിക്കുന്നതിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തടയണ നിർമ്മാണത്തിനായി വിശദമായ എസ്റ്റിമേറ്റും പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) എത്ര കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) പ്രസ്തുത തടയണ നിർമ്മാണത്തിനായി KIIDC-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. KIIDC-യുടെ നിർദ്ദേശപ്രകാരം പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി മണ്ണ് പരിശോധന നടത്തുന്നതിന് തിരുവനന്തപുരം ഗവ. എഞ്ചിനീയറിംഗ് കോളേജ് ആവശ്യപ്പെട്ട 5.20 ലക്ഷം രൂപ കൊടുത്തിരുന്നതിനെത്തുടർന്ന് മണ്ണ് പരിശോധന നടത്തിയിട്ടുമുണ്ട്. പ്രോജക്ട് റിപ്പോർട്ട് ലഭിക്കേണ്ടതുണ്ട്.

ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിലെ കരിമ്പുഴയിൽ ശ്രീകൃഷ്ണപുരത്ത് സ്ഥിരം തടയണ നിർമ്മിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായി വരികയാണ്. അതിന്റെ ഭാഗമായി തിരുവനന്തപുരം ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തെ മണ്ണ് പരിശോധന നടത്തി (സോയിൽ ഇൻവെസ്റ്റിഗേഷൻ) റിപ്പോർട്ട് നൽകുവാനായി ഏൽപ്പിച്ചിരിക്കുകയാണ്. സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് KIIDC എസ്റ്റിമേറ്റും പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നതാണ്.

**തോടിന്റെ അരികുകെട്ടൽ**

142(2635) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെള്ളിമാട്കുന്ന്-വാപ്പോളിത്താഴം പ്രദേശത്ത് തോടിന്റെ അരികുകെട്ടുന്നതുമായി ബന്ധപ്പെട്ട അപേക്ഷ എന്നാണ് ലഭിച്ചതെന്ന് വിശദമാക്കുമോ;

(ബി) ഈ വിഷയത്തിൽ ഇതു വരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഈ പ്രവൃത്തി എന്നു മുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) 27-8-2014-ൽ അപേക്ഷ എം.ഐ. ഡിവിഷൻ കോഴിക്കോടിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ 26 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് PRICE മുഖാന്തരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് സൂപ്രണ്ടിംഗ് എഞ്ചിനീയർ അനുമതിക്കായി സമർപ്പിച്ചിരുന്നു. എന്നാൽ ഫണ്ടിന്റെ ലഭ്യതയും സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ മുൻഗണനാ ലിസ്റ്റ് പ്രകാരവുമാണ് 2016-17-ൽ സാമ്പത്തികാനുമതി നൽകിയത്. അതിൽ പ്രസ്തുത പ്രവൃത്തി ഉൾപ്പെട്ടിട്ടില്ല. വരുന്ന സാമ്പത്തിക വർഷത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ചും പ്രവൃത്തിയുടെ ആവശ്യകത കണക്കിലെടുത്തും വേണ്ടുന്ന നടപടികൾ സ്വീകരിക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## ചെക്ക് ഡാമിലെ ചോർച്ച

143 (2636) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നഗരസഭയേയും കോഡൂർ ഗ്രാമപഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന കടലുണ്ടിപ്പുഴയിലെ നമ്പ്രാണി ചെക്ക് ഡാമിലെ ചോർച്ച പരിഹരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്

(ബി) നമ്പ്രാണി ചെക്ക് ഡാമിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കുവേണ്ടി 160 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## കുടിവെള്ളത്തിന്റെ ദുരുപയോഗം

144 (2637) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ, എയർപോർട്ട്, വിവിധ സർക്കാർ സ്ഥാപനങ്ങൾ, ആശുപത്രികൾ ഹോസ്റ്റലുകൾ തുടങ്ങിയവ കുടിവെള്ളം മറ്റാവശ്യങ്ങൾക്ക് ധാരാളമായി ദുരുപയോഗം ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കടുത്ത വരൾച്ചയിൽ കുടിവെള്ളം ബഹു ഭൂരിപക്ഷത്തിനും കിട്ടാക്കനിയായി മാറിക്കൊണ്ടിരിക്കുമ്പോൾ കുറ്റകരമായ ഈ ധൂർത്തിനെതിരെ വാട്ടർ അതോറിറ്റി എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന സർക്കാരിന്റെ കീഴിലെ ആധുനിക സ്വീവേജ് പ്ലാന്റിൽ നിന്നും. കുടിവെള്ളത്തിനൊഴികെയുള്ള ആവശ്യങ്ങൾക്ക് ഉപയുക്തമായ ലക്ഷക്കണക്കിന് ലീറ്റർ ജലം ഈ കടുത്തവരൾച്ചയിലും പ്രതിദിനം പാഴാക്കി കളയുന്ന കാര്യം ജലവിഭവവകുപ്പിന് അറിവുണ്ടോ;

(ഡി) എങ്കിൽ അത് ഉപയോഗപ്പെടുത്താൻ വാട്ടർ അതോറിറ്റി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട വിഭാഗവുമായി ഏകോപനമുണ്ടാക്കി ആ ജലം ഉപയോഗപ്പെടുത്തി കുടിവെള്ളത്തിന്റെ ദുരുപയോഗം തടയാനും, അലംഭാവം കാട്ടിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാനും തയ്യാറാകുമോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരത്തിൽ ദുരുപയോഗം ശ്രദ്ധയിൽപ്പെട്ട സർക്കാർ സ്ഥാപനങ്ങളിലെ മേധാവികളോട് ഇത് ഒഴിവാക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളാൻ ആവശ്യപ്പെട്ടിട്ടുണ്ട്. സ്വകാര്യ സ്ഥാപനങ്ങൾ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടതിന് പിഴ, കണക്ഷൻ വിച്ഛേദിക്കൽ തുടങ്ങിയ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ പത്രമാധ്യമങ്ങളിൽക്കൂടി ജലം ദുരുപയോഗം ചെയ്യുന്നതിന് എതിരെയുള്ള അറിയിപ്പുകൾ നൽകാറുണ്ട്. കുടിവെള്ളത്തിന്റെ ദുരുപയോഗം തടയുന്നതിന് ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് രൂപീകരിച്ച് തുടർച്ചയായി പരിശോധനകൾ നടത്തിവരുന്നു. ആവശ്യമെങ്കിൽ പോലീസിന്റെ സഹായം തേടാറുണ്ട്.

(സി-ഇ) ഈ വെള്ളം റെയിൽവേ സ്റ്റേഷൻ, എയർപോർട്ട്, ആശുപത്രികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ചെടികൾ നനയ്ക്കാനും ടോയ്‌ലറ്റ് ഫ്ലഷിംഗ്, നടപ്പാതകൾ, ട്രാക്കുകൾ, നിലം എന്നിവ കഴുകുന്നതിനും ഉപയോഗിക്കുന്നതായി തെളിഞ്ഞിട്ടുണ്ട്. മേൽ പ്രസ്താവിച്ച ആവശ്യങ്ങൾക്ക് വെള്ളം നൽകിവരുന്നുണ്ട്. ആവശ്യക്കാർക്ക് ടാങ്കറിൽ നിറച്ചുകൊടുക്കാനുള്ള സംവിധാനം പ്ലാന്റിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ടാങ്കറുമായി വരുന്ന ആർക്കും വെള്ളം കൊണ്ടുപോകാവുന്നതാണ്. എന്നാൽ ആവശ്യക്കാർ വളരെ കുറവാണ്. ഇക്കാര്യത്തിൽ കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരാരും വീഴ്ച വരുത്തിയതായി കണ്ടിട്ടില്ല.

**കുഴൽക്കിണർ**

145 (2638) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള ക്ഷാമം നേരിടുന്ന വീടുകളിൽ സർക്കാരിൽ നിന്നും (ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നും) കുഴൽക്കിണർ നിർമ്മിച്ച് നൽകുന്നുണ്ടോ; ഇതിന് ഏതു തരത്തിലാണ് തുക ഈടാക്കുന്നത് വിവരിക്കുമോ;

(ബി) ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് കുഴൽകിണർ നിർമ്മിയ്ക്കാൻ ആവശ്യമായ യന്ത്ര/വാഹന സാമഗ്രികൾ നിലവിലുണ്ടോ;

(സി) കേരളത്തിലെ ഓരോ ജില്ലയിലും ഉള്ള ഇതിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) സർക്കാരിൽ നിന്നും കുഴൽക്കിണർ നിർമ്മാണം ലഭിയ്ക്കാത്തതിനാൽ പ്രൈവറ്റ് ആൾക്കാർ കുഴൽക്കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട് അമിതചാർജ് വാങ്ങി ജനങ്ങളെ കബളിപ്പിയ്ക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഭൂജല വകുപ്പ് കുടിവെള്ളത്തിനും കാർഷികാവശ്യത്തിനുമായി കുഴൽക്കിണറുകൾ നിർമ്മിച്ചുനൽകുന്നുണ്ട്. വിവിധതരം കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിന് ഈടാക്കുന്ന തുക സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്.

(സി) കുഴൽക്കിണർ നിർമ്മിക്കുന്നതിന് ആവശ്യമായ യന്ത്ര സാമഗ്രികളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി*ചേർത്തിരിക്കുന്നു.

(ഡി&ഇ)സംസ്ഥാനത്ത് ധാരാളം സ്വകാര്യ ഏജൻസികൾ കുഴൽക്കിണർ നിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുണ്ട്. സ്വകാര്യ റിഗ്ഗുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ ഭൂജലവകുപ്പ് സ്വീകരിച്ചുവരുന്നു. സ്വകാര്യ ഏജൻസികൾ അമിത നിരക്കുകൾ ഈടാക്കുന്നതായുള്ള പരാതി, വരൾച്ചയുമായി ബന്ധപ്പെട്ടു ചേർന്ന സർവ്വകക്ഷി യോഗത്തിൽ ഉന്നയിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിക്കുവാൻ ഭൂജല വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ഭൂജല വകുപ്പ്**

146 (2639) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ ഭൂജല വകുപ്പിന്റെ പ്രവർത്തനം ശരിയായ ദിശയിൽ നയിക്കുന്നതിനാവശ്യമായ ജീവനക്കാർ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നം പരിഹരിക്കാനായി ഏറ്റവും കൂടുതൽ പ്രവൃത്തികൾ നടക്കുന്ന ചിറ്റൂർ താലൂക്ക് കേന്ദ്രീകരിച്ച് ഒരു പുതിയ സബ്-ഓഫീസ് ആരംഭിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

ഉണ്ട്. സബ് ഓഫീസ് പുതിയതായി ആരംഭിക്കുവാനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

**കിണറുകൾ റീ-ചാർജ് ചെയ്യുന്ന പദ്ധതി**

147 (2640) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലം ലഭ്യത ഉറപ്പു വരുത്തുന്നതിനായി കിണറുകൾ റീ-ചാർജ്ജ് ചെയ്യുന്ന പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പാക്കി എന്ന് വ്യക്തമാക്കുമോ;

(ബി) ജല ദുർവിനിയോഗം കുറയ്ക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഭൂജല വകുപ്പ് കൃത്രിമ ഭൂജല സംപോഷണം പദ്ധതി ഭൂജല സംരക്ഷണത്തിനായി നടപ്പിലാക്കിവരുന്നു. ഈ സാമ്പത്തിക വർഷത്തിൽ 40 ലക്ഷം രൂപ 'ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും' എന്ന പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. ഇതിൽ 10 തുറന്ന കിണർ റീചാർജിംഗ് പദ്ധതി പൂർത്തീകരിച്ചുകഴിഞ്ഞു. 41 പദ്ധതികൾക്കുള്ള ഭരണാനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. പ്രവൃത്തികൾ വിവിധ ജില്ലകളിൽ പുരോഗമിച്ചുവരുന്നു. പാലക്കാട്, തിരുവനന്തപുരം ജില്ലകളിൽ തുറന്ന കിണർ വഴിയുള്ള റീ-ചാർജിംഗ് പദ്ധതികൾ പൂർത്തീകരിച്ചു.

(ബി) ഭൂജല സംപോഷണത്തിന്റെ ആവശ്യകതയെക്കുറിച്ചും ഭൂജലത്തിന്റെ ഉപയോഗം, നിയന്ത്രണം, ക്രമീകരണം എന്നിവയെക്കുറിച്ചും പൊതുജനങ്ങൾക്കും മറ്റും ബോധവൽക്കരണം നടത്തുന്നതിനായി ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുന്നുമുണ്ട്. ജലം ദുരുപയോഗം ചെയ്യുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചും അവബോധം സൃഷ്ടിച്ചുവരുന്നുണ്ട്. കൂടാതെ ഇത് സംബന്ധിച്ച് നിരന്തരം പത്രമാധ്യമങ്ങൾ വഴി പ്രചാരണം നടത്തുന്നുമുണ്ട്.

## കുഴൽക്കിണർ നിർമ്മാണം

148 (2641) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളത്തിനായി സ്വന്തം വീടിന്റെ പരിസരത്ത് കുഴൽ കിണർ നിർമ്മിയ്ക്കുന്നതിന് എതിരെ എന്തെങ്കിലും പുതിയ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങളും ഉത്തരവും ലഭ്യമാക്കുമോ;

(ബി) സ്വന്തമായി കുടിവെള്ളത്തിനായി കുഴൽ കിണർ നിർമ്മിച്ചാൽ ഇതിന് ആകുന്ന വലിയ തുകയ്ക്ക് സർക്കാരിൽ നിന്നും എന്തെങ്കിലും സബ്സിഡി നിലവിൽ നൽകുന്നുണ്ടോ; വിവരിക്കുമോ;

(സി) ഇല്ലെങ്കിൽ സബ്സിഡി നൽകാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം അധ്യായം 14, ചട്ടം 93(എ) അനുസരിച്ച് കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിന് അതാത് പഞ്ചായത്തിന്റെ അനുമതി ആവശ്യമാണ്. പഞ്ചായത്തിൽനിന്നും ഈ അനുമതി ലഭിക്കുന്നതിന് കുഴൽക്കിണർ നിർമ്മാണ നോഡൽ ഏജൻസിയായ ഭൂജല വകുപ്പിന്റെ നിരാക്ഷേപ പത്രം ആവശ്യമാണ്. കൂടാതെ സ്വകാര്യ വ്യക്തികൾ നടത്തുന്ന കുഴൽക്കിണർ നിർമ്മാണം ഭൂജല വകുപ്പിലെ ജില്ലാ ഉദ്യോഗസ്ഥന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്ക് ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിന്റെ വ്യവസ്ഥകളനുസരിച്ച് നിർത്തിവയ്ക്കാവുന്നതാണെന്ന നിർദ്ദേശം റവന്യൂ വകുപ്പ് നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(ബി&സി) ഭൂജല വകുപ്പ് ചെറുകിട നാമമാത്ര കർഷകർക്ക് ഭൂജല സർവ്വേ നടത്തി ഡ്രില്ലിംഗ് ചാർജ്ജിന്റെ 50 ശതമാനം സബ്സിഡി നിരക്കിൽ കുഴൽക്കിണറുകൾ നിർമ്മിച്ചുനൽകുന്നുണ്ട്. ചെറുകിട നാമമാത്ര കർഷകർ പ്രദേശത്തെ കൃഷി ഓഫീസറുടെ സാക്ഷ്യപത്രം ഇതിനായി ഹാജരാക്കേണ്ടതുണ്ട്.

---

\+ ലൈബ്രറിയൽ വച്ചിട്ടുണ്ട്

**കുന്നമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി**

149 (2642) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിലെ 'കുന്നമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി'യുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പദ്ധതി വൈകുന്നതിന്റെ കാരണം വിശദമാക്കുമോ;

(സി) പദ്ധതി പ്രദേശത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ ത്വരിത നടപടി സ്വീകരിക്കുമോ;

(ഡി) പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കുന്നമ്മൽ പദ്ധതിയുടെ 95 ശതമാനം പ്രവൃത്തികളും പൂർത്തീകരിച്ചു. റോ വാട്ടർ പമ്പ് ഹൗസിൽ 1-3-2017-ന് കറന്റ് കണക്ഷൻ ലഭിച്ചു. പമ്പ് സെറ്റുകൾ, ട്രീറ്റ്മെന്റ് പ്ലാന്റ്, പമ്പിംഗ് മെയിനുകൾ എന്നിവ ട്രയൽ റൺ നടത്തി പ്രവർത്തനശേഷി ഉറപ്പുവരുത്തിയശേഷം കായക്കൊടി പഞ്ചായത്തിൽ മേയ് 2017-നകം പൂർണ്ണമായി ജലവിതരണം നടത്താൻ സാധിക്കുന്നതാണ്. ഗ്രാവിറ്റി പൈപ്പ് ലൈനിലുള്ള ഇന്റർകണക്ഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് ട്രയൽ റൺ നടത്തി ബാക്കിയുള്ള നാദാപുരം, കുറ്റ്യാടി, നരിപ്പറ്റ, വളയം, വാണിമേൽ, തൂണേരി എന്നീ പഞ്ചായത്തുകളിൽ ജൂലൈ 2017-നകം കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഗ്രാവിറ്റി പൈപ്പ് ലൈൻ പ്രവൃത്തിയേറ്റെടുത്ത കോൺട്രാക്ടർക്ക് കുടിശ്ശിക ബിൽ പാസ്സാക്കി കിട്ടാത്തതിനാൽ കോൺട്രാക്ടർ പ്രവൃത്തി നിർത്തിവച്ചിരിക്കുകയാണ്. കൂടാതെ കുറ്റ്യാടി നാദാപുരം എസ്.എച്ച് 38-ലും വാണിമേൽ പഞ്ചായത്തിലെ വക്കോയി റോഡിലും റോഡ് കട്ടിംഗ് പെർമിഷൻ ലഭിക്കാനുണ്ട്. എന്നാൽ കേന്ദ്ര സഹായത്തോടെയുള്ള NRDWP പദ്ധതികൾക്കുള്ള കേന്ദ്ര ധനസഹായം ഗണ്യമായി വെട്ടിക്കുറച്ചതുകാരണം കോൺട്രാക്ടർക്ക് നൽകുവാനുള്ള കുടിശ്ശികയും റോഡ് കട്ടിംഗ് അനുമതിക്കായി പി.ഡബ്ല്യൂ.ഡി.യിൽ ഒടുക്കേണ്ടതായ തുകയും ഉൾപ്പെടെ പദ്ധതി നിർവ്വഹണത്തിനാവശ്യമായ തുക കണ്ടെത്താൻ സാധിക്കാത്തത് പദ്ധതി നിർവ്വഹണം വൈകുന്നതിന് കാരണമായിട്ടുണ്ട്. ഇതിനുപുറമേ വിവിധ സ്ഥലങ്ങളിൽ റോഡ് വെട്ടിപ്പൊളിക്കുന്നതിനെതിരെയുള്ള നാട്ടുകാരുടെ പ്രതിഷേധവും പദ്ധതി പൂർത്തീകരണത്തിന് കാലതാമസം വരുത്തുന്നുണ്ട്.

(സി&ഡി) നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിച്ച് 31-7-2017-നകം കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## പമ്പ് സെറ്റുകൾ മാറ്റി സ്ഥാപിക്കൽ

150 (2643) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പിംഗ് വിഭാഗത്തിലെ പഴഞ്ചനും, കാര്യക്ഷമത നഷ്ടപ്പെട്ടതുമായ പമ്പ് സെറ്റുകൾ മാറ്റി സ്ഥാപിക്കാത്തതാണ് കുടിവെള്ള ക്ഷാമത്തിന് പ്രധാന കാരണം എന്നത് വസ്തുതയാണോ;

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഇപ്രകാരമുള്ള എച്ച്.പി. പമ്പുകളും എൽ.പി. പമ്പുകളും മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പമ്പുകൾ മാറ്റി സ്ഥാപിച്ചുവെന്നും ഇതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അല്ല.

(ബി) ഇപ്പോൾ സംസ്ഥാനത്ത് കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളിലെ കടുത്ത വരൾച്ച ശുദ്ധജല ക്ഷാമത്തിന് കാരണമായിട്ടുണ്ട്. സ്റ്റേറ്റ് പ്ലാനിൽ ഭരണാനുമതി ലഭിച്ച പമ്പുസെറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടുതൽ പമ്പ് സെറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിലേയ്ക്കായി സ്റ്റേറ്റ് പ്ലാനിലും കിഫ്ബി ധനസഹായത്തിനും വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## വെട്ടിയാർ കുടിവെള്ള പദ്ധതി

151 (2644) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തഴക്കര പഞ്ചായത്തിലെ വെട്ടിയാർ കുടിവെള്ള പദ്ധതി 2016-17-ലെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണ, സാങ്കേതിക അനുമതികൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കുന്നതിന് എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.

**ജലചോർച്ച**

152 (2645) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളിൽ അങ്ങിങ്ങായി പൈപ്പ് ലൈനുകൾ പൊട്ടി ജലം ഒഴുകിപ്പോകുന്നത് പരിഹരിക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ കീഴിൽ ഓരോ ഓഫീസിലും ഒരു എമർജൻസി ടാസ്ക് ഫോഴ്സിനെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പൈപ്പ് പൊട്ടിയുണ്ടാകുന്ന ജലചോർച്ച തടയുന്നതിൽ കേരള വാട്ടർ അതോറിറ്റി കാണിക്കുന്ന അലംഭാവവും ഇതിലൂടെയുണ്ടാകുന്ന ജലനഷ്ടവും പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വാട്ടർ അതോറിറ്റി നേരിട്ട് ലീക്ക് പരിഹരിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾത്തന്നെ നിലവിലുണ്ട്. കൂടാതെ കരാറുകാരെ ഒഴിവാക്കി നേരിട്ടുതന്നെ ലീക്കുകൾ പരിഹരിക്കുന്നതിന് പ്രത്യേകം ടാസ്ക് ഫോഴ്സ് 'ബ്ലൂ ബ്രിഗേഡ്' എന്ന പേരിൽ പ്രധാന പദ്ധതി പ്രദേശങ്ങളിൽ നിലവിലുണ്ട്. ഇത് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലേക്കും വ്യാപിപ്പിക്കാൻ തീരുമാനം എടുത്തിട്ടുണ്ട്.

(ബി) കരാറുകാർ വഴിയും 'ബ്ലൂ ബ്രിഗേഡ്' യൂണിറ്റുകൾ വഴിയുമാണ് അറ്റകുറ്റപ്പണികൾ നടത്തുന്നത്. എന്നാൽ തിരക്കേറിയ റോഡുകളിൽ റോഡ് മുറിക്കാനുള്ള അനുമതി ലഭിക്കാനുള്ള കാലതാമസംമൂലം അറ്റകുറ്റപ്പണികൾക്ക് താമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സാഹചര്യങ്ങളിൽ

ബന്ധപ്പെട്ട വകുപ്പിന്റെ സഹകരണത്തോടെ കഴിയുന്നത്ര വേഗത്തിൽ അറ്റകുറ്റപ്പണികൾ നടത്തി ജലവിതരണം പുനഃസ്ഥാപിക്കുന്നുണ്ട്. ഈ വരൾച്ചാ കാലത്ത് പൈപ്പ് ലീക്കുകൾ ശ്രദ്ധയിൽപ്പെട്ട് 12 മണിക്കൂറിനുള്ളിൽ കേടുപാടുകൾ തീർക്കുവാൻ യത്നിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് ജലനഷ്ടം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ 18004255313 എന്ന ടോൾ ഫ്രീ നമ്പരിലേയ്ക്ക് വിളിക്കാവുന്ന തരത്തിൽ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

**അനധികൃത കുടിവെള്ള വിതരണം**

153 (2646) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളവും അല്ലാത്തുമായ വെള്ളം വാഹനങ്ങളിൽ കയറ്റി വിതരണം നടത്തുന്നതിന് ലൈസൻസ് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പലസ്ഥലങ്ങളിൽ നിന്നും അനധികൃതമായി മോശമായ വെള്ളം ശേഖരിച്ച് കുടിവെള്ളമെന്നപേരിൽ ജനങ്ങൾക്ക് നൽകി അമിത ചാർജ്ജ് ഈടാക്കി കൊള്ളയടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) കുടിവെള്ളം ഇല്ലാത്ത സ്ഥലങ്ങളിൽ പ്രൈവറ്റ് ലോറികളിൽ വെള്ളം എത്തിച്ച് കൊടുക്കുന്നതിന് വെള്ളത്തിന്റെ അളവ് അനുസരിച്ച് വില നിശ്ചയിക്കാൻ തയ്യാറാകുമോ;

(ഡി) ഇപ്രകാരമുള്ള കുടിവെള്ള ബിസിനസ്സിനെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്ന് കുടിവെള്ളത്തിന്റെ പേരിൽ ജനങ്ങളെ കൊള്ളയടിക്കുന്നത് അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നത് പ്രായോഗിമല്ലാത്തതോ അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന ജനവാസം കുറഞ്ഞ മലയോര പ്രദേശങ്ങളിലോ ടാങ്കർ ലോറി വഴി കുടിവെള്ള വിതരണം നടത്തേണ്ട അടിയന്തര സാഹചര്യം കണക്കിലെടുത്ത് ജില്ലാ കളക്ടർമാർക്ക് തങ്ങളുടെ വിവേചനാധികാരം ഉപയോഗിച്ച് അനുമതി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്

സംബന്ധിച്ച് കളക്ടർമാർ വ്യക്തമായ നിബന്ധനകളോടെ ഗ്രാമപഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ കുടിവെള്ള വിതരണം നടത്തേണ്ടതാണെന്നും ഇതിനായി ജി.പി.എസ്. ഘടിപ്പിച്ച ടാങ്കർ ലോറികൾ ഉപയോഗിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ടാങ്കർ ലോറികൾക്ക് 1000 ലിറ്ററിന് 60 രൂപ എന്ന നിരക്കിലാണ് വില നിശ്ചയിച്ചിരിക്കുന്നത്.

(ഡി) ഉപയോഗയോഗ്യമല്ലാത്ത ജലവിതരണം തടയുവാൻ ജില്ലാകളക്ടർമാരുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**എക്കൽ നീക്കം ചെയ്യൽ**

154 (2647) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ ജലവിതരണത്തിനായി നിർമ്മിച്ച കനാലുകളിൽ എക്കൽ വന്നടിഞ്ഞ് ജലസംഭരണം കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചിമ്മിനി ഡാമിൽ നിന്നും വിടുന്ന വെള്ളം ജില്ലയുടെ വടക്കൻ മേഖലയിലേക്കെത്തുന്നതിൽ കുളവാഴയും ചണ്ടിയുമുണ്ടാക്കുന്ന തടസ്സങ്ങൾക്കു പുറമേ കനാലിന്റെ ആഴം കുറഞ്ഞു വരുന്നതും കാരണമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) അടിയന്തരമായി കനാലുകളിലെ എക്കൽ നീക്കം ചെയ്ത് നീരൊഴുക്കിന്റെ തടസ്സം നീക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിലയിരുത്തിയിട്ടുണ്ട്.

(സി) കോൾ കനാലുകളിലെ കുളവാഴയും ചണ്ടിയും നീക്കം ചെയ്യുന്നതിനായി ഓരോ വർഷവും ബജറ്റിൽ വകയിരുത്തുന്ന തുകയിൽ അവ നീക്കം ചെയ്തതിനുശേഷം ബാക്കിയുള്ള തുക മാത്രമേ കനാലിന്റെ അറ്റകുറ്റപണികൾക്കുവേണ്ടി ഉപയോഗിക്കുവാൻ സാധിക്കുകയുള്ളു. കനാലുകളിൽനിന്നും എക്കൽ നീക്കം ചെയ്യുന്നതിനുവേണ്ടി അധിക ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഇതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ജലക്ഷാമം**

155 (2648) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ജലാശയങ്ങളിലെ നീരുറവ നിലച്ച് കൊണ്ടിരിക്കുന്നു എന്നും നാട്ടിലെ കിണറുകൾ വറ്റിയടിഞ്ഞിരിക്കുന്നു എന്നും പാടങ്ങൾ ഉണങ്ങി വിണ്ടുകീറിയിരിക്കുന്നു എന്നും ജലക്ഷാമം രൂക്ഷമായിരിക്കുന്നു എന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനെതിരെ സർക്കാർ എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ ഇപ്പോൾ നടപ്പിലാക്കിയ ഹരിത കേരളം പദ്ധതിയിൽ നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതുവഴി പ്രാദേശികതലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്തുന്നതാണ്. ഇതിന്റെ ആദ്യഘട്ടമായി 320 കോടി രൂപ ചെലവഴിച്ച് 9453 കുളങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ജല അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകളിൽ ജല ലഭ്യത ഉറപ്പാക്കുന്നതിനാവശ്യമായ താൽക്കാലിക തടയണകൾ, ഉപ്പുവെള്ള നിയന്ത്രണത്തിനാവശ്യമായ താൽക്കാലിക ബണ്ടുകൾ എന്നിവയും നിർമ്മിച്ചുവരുന്നു. നിലവിലുള്ള തടയണകളിലും റെഗുലേറ്ററുകളിലും ഷട്ടറുകളിട്ട് പരമാവധി ജലം സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ 445 എൽ.ഐ. സ്കീമുകൾ പ്രവർത്തനക്ഷമമാക്കി കൃഷിക്കാവശ്യമായ ജലം നൽകിവരുന്നു. ജലസേചന വകുപ്പിന് കീഴിലുള്ള ജലസംഭരണികളിൽ ഇപ്പോൾ ശേഷിക്കുന്ന ജലം കുടിവെള്ളത്തിനായി മാത്രം ഉപയോഗിക്കുവാൻ വരൾച്ചാ അവലോകന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് അനുഭവപ്പെടുന്ന രൂക്ഷമായ വരൾച്ച നേരിടുന്നതിനായി ഭൂജല വകുപ്പ് കുഴൽക്കിണറുകൾ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളും കുഴൽക്കിണർ കൈപ്പമ്പ് പദ്ധതികളും രാജീവ് ഗാന്ധി പദ്ധതിയിൻകീഴിൽ കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്നു. കൂടാതെ 1240.33 ലക്ഷം രൂപ രാജീവ്

ഗാന്ധി പദ്ധതിയിൽപ്പെടുത്തി വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഭൂജല വകുപ്പിന് നൽകിയിട്ടുണ്ട്. 5505 കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും 585 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനുമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 2906 കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും 90 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

കൂടാതെ, കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ കാലവർഷത്തിലുണ്ടായ കുറവ് പരിഗണിച്ച് വിവിധ നദികളിലെ ജല ദൗർലഭ്യത്തിനുള്ള സാദ്ധ്യത കണക്കിലെടുത്ത് കുടിവെള്ളക്ഷാമം നേരിടാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പുവരുത്തുന്നു.
2. ഇറിഗേഷൻ, വൈദ്യുത വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
3. അടിക്കടി ലീക്കുമൂലം ജല നഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകി ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നു.
4. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്താനുള്ള പ്രവൃത്തികൾ നടപ്പാക്കുന്നു.
6. തദ്ദേശഭരണ സ്ഥാപനങ്ങൾ റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ കിയോസ്കുകൾ വഴി ജലവിതരണം നടത്തുന്ന സ്ഥലങ്ങളിലേയ്ക്ക് ആവശ്യമായ കുടിവെള്ളം ജല അതോറിറ്റിയുടെ വിവിധ പദ്ധതികളിൽനിന്നും നൽകുന്നതാണ്.
7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നു.

8. കൂടുതൽ പമ്പിംഗ് ആവശ്യമായ സ്ഥലങ്ങളിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നുണ്ട്.

9. ആവശ്യമാകുന്ന സ്ഥലങ്ങളിൽ വാൽവുകൾ നിയന്ത്രിച്ച് സാദ്ധ്യമായ അളവിൽ എല്ലാവർക്കും ജലലഭ്യത ഉറപ്പാക്കുന്നു.

10. ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നുണ്ട്.

11. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിനും ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ഉപയോഗപ്പെടുത്തുകയും നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

12. പ്രതിമാസം 50 കിലോ ലിറ്ററിനുമുകളിൽ ഉപഭോഗം കണക്കാക്കുന്ന പുതിയ കണക്ഷനുകൾ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

13. നിലവിൽ കൂടുതലായി ജലം ഉപയോഗിക്കുന്ന വ്യാവസായിക വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

14. ജലശുദ്ധീകരണശാലകളിൽ ബാക്ക് വാഷിംഗ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് കഴിയുന്നത്ര നിയന്ത്രിക്കുന്നുണ്ട്.

15. വളരെക്കാലമായി കേടായ വാട്ടർ മീറ്റർ മാറ്റിവയ്ക്കാത്ത ഉപഭോക്താക്കൾക്ക് കണക്ഷൻ വിച്ഛേദിക്കുവാൻ നോട്ടീസ് നൽകുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനകം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽവച്ച് മേഖലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വരൾച്ച സംബന്ധിച്ച് വിശദമായ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ തീരുമാനിച്ച കാര്യങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് വീഡിയോ കോൺഫറൻസ് വഴി അവലോകനവും നടത്തിയിരുന്നു.

പാറമടകൾ, കുളങ്ങൾ തുടങ്ങിയ സ്രോതസ്സുകൾ കണ്ടെത്തി ഗുണനിലവാര പരിശോധന നടത്തി അവ ഉപയോഗപ്പെടുത്താനുള്ള സാദ്ധ്യത പരിശോധിക്കാൻ ഫീൽഡ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2017 മേയ് മാസത്തിനുമുമ്പ് പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ കഴിയുന്ന നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ തെരഞ്ഞെടുത്ത് യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 40 കോടി രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. ഈ തുക വിവിധ ജില്ലകളിലായി മുൻഗണനാടിസ്ഥാനത്തിലുള്ള പ്രവൃത്തികൾ ചെയ്യാൻ വിനിയോഗിക്കുന്നതാണ്.

**കുടിവെള്ള വിതരണം**

156 (2649) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിൽ കുഴൽ കിണറുകൾ കുഴിക്കുന്നതിന് നിയന്ത്രണങ്ങൾ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ഭൂജലത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനുംവേണ്ടി 2002-ലെ കേരള ഭൂജലം (ക്രമീകരണവും നിയന്ത്രണവും) ആക്റ്റ് നിലവിലുണ്ട്. ഇതനുസരിച്ച് ബ്ലോക്കുകൾ വിജ്ഞാപനം ചെയ്യപ്പെടുകയും ഇവിടങ്ങളിൽ ഭൂജല ഉപയോഗത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടത്തിലെ അധ്യായം 14, ചട്ടം 93(എ) അനുസരിച്ച് കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിന് അതാത് പഞ്ചായത്തിന്റെ അനുമതി ആവശ്യമാണ്. പഞ്ചായത്തിൽനിന്നും ഈ അനുമതി ലഭിക്കുന്നതിന് ഭൂജല വകുപ്പിന്റെ നിരാക്ഷേപ പത്രം ആവശ്യമാണ്.

കൂടാതെ സ്വകാര്യ വ്യക്തികൾ നടത്തുന്ന കുഴൽക്കിണർ നിർമ്മാണം ഭൂജല വകുപ്പിലെ ജില്ലാ ഉദ്യോഗസ്ഥന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്ക് ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിന്റെ വ്യവസ്ഥകളനുസരിച്ച് നിയന്ത്രണ വിധേയമാക്കണമെന്ന നിർദ്ദേശം റവന്യ വകുപ്പ് നൽകിയിട്ടുണ്ട്.

**നദികളിലെ മാലിന്യം**

157 (2650) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിലും മറ്റു ജലസ്രോതസ്സുകളിലും വീടുകളിലെയും മറ്റു സ്ഥാപനങ്ങളിലെയും അഴുക്കു ചാലുകൾ തുറന്നുവിട്ട് മലിനപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജലസ്രോതസ്സുകൾ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഇത്തരക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ ജലസ്രോതസ്സുകളിലെ മലിനീകരണവുമായി ബന്ധപ്പെട്ട നടപടികൾ നിലവിൽ സ്വീകരിക്കുന്നത് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയാണ്. കേരള പഞ്ചായത്തീരാജ്/മുനിസിപ്പാലിറ്റീസ് നിയമത്തിൽ ഭേദഗതി വരുത്തിയാണ് മലിനീകരണത്തിനെതിരെ നടപടിയെടുക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുള്ളത്. ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെയുള്ള നടപടി വ്യവസ്ഥകൾ കർക്കശമാക്കി ഉൾപ്പെടുത്തി 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കണസർവേഷൻ ആക്റ്റ് ഭേദഗതി വരുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

**വാട്ടർ അതോറിറ്റി എടുത്ത വായ്പ**

158 (2651) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ഏജൻസികളിൽ നിന്നും വാട്ടർ അതോറിറ്റി എടുത്ത വായ്പയുടെ നിലവിലെ തുക എത്രയാണ്;

(ബി) വായ്പയുടെ വിശദാംശങ്ങൾ ഏജൻസി തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത വായ്പകൾ തിരിച്ചടവിന് പ്രതിമാസം പലിശ ഇനത്തിൽ കണ്ടെത്തേണ്ട തുകയുടെ കണക്ക് വിശദമാക്കുമോ?

ഉത്തരം

(എ) 1. വാട്ടർ അതോറിറ്റി നടപ്പാക്കുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ടിന് ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി (ജൈക്ക)-യിൽ നിന്നും 2216.74 കോടി രൂപ വായ്പയായി എടുത്തിട്ടുണ്ട്. 10 വർഷത്തെ ഗ്രെയ്സ് പീരീഡിന് ശേഷം 20 വർഷംകൊണ്ട് പ്രസ്തുത വായ്പ മുഴുവൻ തിരിച്ചടയ്ക്കണം. കേന്ദ്ര സർക്കാരാണ് പലിശ സഹിതം വായ്പ തിരിച്ചടയ്ക്കുന്നത്.

2. എൽ.ഐ.സി-യിൽനിന്നും വിവിധ കുടിവെള്ള പദ്ധതികൾക്കായി എടുത്ത വായ്പയിൽ ഇനി ഒടുക്കാനുള്ള തുക 31-12-2016 വരെ 70.68 കോടി രൂപയാണ്.

(ബി) 1. ജൈക്കയിൽ നിന്നും മൂന്ന് പ്രത്യേക വായ്പാ കരാറുകളിലായി ഇതുവരെ 2216.74 കോടി രൂപ വായ്പയായി ലഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരും ജപ്പാൻ ബാങ്കും തമ്മിലാണ് കരാർ ഒപ്പിട്ടിട്ടുള്ളത്. ഒന്നു മുതൽ മൂന്നുവരെ ഘട്ടങ്ങളിലായി യഥാക്രമം 25-02-1997, 30-03-2007, 31-03-2009 തീയതികളിൽ വായ്പാകരാറുകൾ ഒപ്പുവച്ചു. ഇപ്രകാരം ഇതുവരെ യഥാക്രമം 423.35 കോടി, 1427.35 കോടി, 366.04 കോടി രൂപ വായ്പയായി ലഭിച്ചു.

2. പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ് ആയിരുന്ന കാലത്ത് നിലവിലുണ്ടായിരുന്ന എൽ.ഐ.സി. വായ്പാതുകയായ 32.82 കോടി രൂപ 1984-ൽ കേരള വാട്ടർ അതോറിറ്റിയായി രൂപീകൃതമായപ്പോൾ ഏറ്റെടുക്കുകയുണ്ടായി. തുടർന്ന് പല വർഷങ്ങളിലായി പല പദ്ധതികൾക്കായി 2002-03 സാമ്പത്തിക വർഷം വരെ വായ്പയെടുക്കുകയും അവ യഥാസമയം തിരിച്ചടച്ചുവരികയും ചെയ്യുന്നു. 31-12-2016 വരെയുള്ള വായ്പാകുടിശ്ശിക 70.68 കോടി രൂപയാണ്.

(സി) 1. ജൈക്ക മുഖാന്തരം ലഭിച്ച വായ്പ 10 വർഷത്തെ ഗ്രെയ്സ് പീരീഡിനുശേഷം 20 വർഷം കൊണ്ട് മുഴുവൻ തിരിച്ചടയ്ക്കണം. കേന്ദ്ര സർക്കാരാണ് പലിശ സഹിതം വായ്പ തിരിച്ചടയ്ക്കുന്നത്. പലിശ അർദ്ധ വാർഷികമായാണ് നൽകേണ്ടത്. ഒന്നു മുതൽ മൂന്നുവരെ ഘട്ട

വായ്പകൾക്ക് യഥാക്രമം 2.1%, 1.3%, 1.2% ആണ് വാർഷിക പലിശനിരക്ക്.

2. 2016-17 സാമ്പത്തിക വർഷം പലിശയിനത്തിൽ ആകെ 7.28 കോടി രൂപ എൽ.ഐ.സി.ക്ക് അടയ്ക്കുകയുണ്ടായി. ഇത് പ്രതിമാസ കണക്കനുസരിച്ച് ഏകദേശം 61 ലക്ഷം രൂപ വരും. ഇതിന്റെ വാർഷിക പലിശനിരക്ക് 9.5% ആണ്. കൃത്യമായി അടച്ചാൽ 0.5% റിബേറ്റ് ലഭിക്കും. ഇതിനാൽ 9% മാത്രമേ പലിശയായി ഇത്തവണ നൽകിയിട്ടുള്ളൂ.

**വാട്ടർ അതോറിറ്റിയെ ലാഭകരമാക്കൽ**

159 (2652) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. എൽദോസ് കുന്നപ്പിള്ളി:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളക്കരം വർദ്ധിപ്പിക്കാതെ, ഈ ഗവൺമെന്റിന്റെ കാലത്ത് വാട്ടർ അതോറിറ്റിയെ ലാഭകരമായ സ്ഥാപനമാക്കുമെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) വാട്ടർ അതോറിറ്റിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഭരണ തലത്തിൽ എന്തെല്ലാം പരിഷ്കരണ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) വെള്ളക്കരം വർദ്ധിപ്പിക്കാതെ വാട്ടർ അതോറിറ്റിയെ ലാഭകരമായ സ്ഥാപനമാക്കുന്നതിനായി കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ മൂലധനമാക്കി മാറ്റുകയും ചെയ്തത് ഇതിന്റെ ഭാഗമാണ്. വാട്ടർ

അതോറിറ്റിയുടെ ജല വിതരണ ശൃംഖലയിലെ ജല ചോർച്ച തടയുന്നതിന് പഴക്കം ചെന്ന എല്ലാ പൈപ്പുകളും പമ്പുകളും മാറ്റിസ്ഥാപിക്കുക, ഒട്ടനവധി പദ്ധതികൾ ചെറിയ തുക ചെലവഴിച്ച് പൂർണ്ണമായും വിനിയോഗ സജ്ജമാക്കുക, നഗരമേഖലയിലെ ചില പദ്ധതികൾ മുൻഗണന നൽകി പൂർത്തീകരിക്കുക, ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നിവവഴി കേരള വാട്ടർ അതോറിറ്റിയെ ലാഭകരമായ സ്ഥാപനമാക്കുവാൻ കഴിയുന്നതാണ്.

**കുടിശ്ശിക ഇനത്തിൽ ലഭിക്കേണ്ട തുക**

160 (2653) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാട്ടർ അതോറിറ്റിക്ക് കുടിശ്ശിക ഇനത്തിൽ ലഭിക്കേണ്ട എത്ര തുക സമാഹരിക്കാൻ സാധിച്ചു എന്ന് വിശദമാക്കുമോ;

(ബി) കുടിശ്ശിക സമാഹരണത്തിനായി വാട്ടർ അതോറിറ്റിയിൽ പ്രത്യേക ക്രമീകരണങ്ങൾ നടത്തിയിരുന്നോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) 99.89 കോടി രൂപ.

(ബി) കുടിശ്ശിക സമാഹരണത്തിനായി വാട്ടർ അതോറിറ്റിയിൽ പ്രത്യേക ക്രമീകരണങ്ങൾ നടത്തിയിരുന്നു. ഗവൺമെന്റ്, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തീർപ്പാക്കുന്നതിനുള്ള അധികാരം എല്ലാ ഡിവിഷനുകളിലും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകി. കുടിശ്ശിക പിരിച്ചെടുക്കാൻ ഡിമാന്റ് നോട്ടീസ്, ഡിസ്കണക്ഷൻ നോട്ടീസ് എന്നിവ കേരള വാട്ടർ അതോറിറ്റി നൽകുകയും കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളിൽ റവന്യൂ ഓഫീസർ നേരിട്ട് പോയി കുടിശ്ശിക പിരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കുടിശ്ശിക തവണകളായിട്ട് അടയ്ക്കുവാനുള്ള സൗകര്യം ചെയ്തു കൊടുക്കുകയും ഉപഭോക്താക്കളുടെ സൗകര്യാർത്ഥം കളക്ഷൻ ക്യാമ്പുകൾ സംഘടിപ്പിച്ച് കുടിശ്ശിക നിവാരണം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. നിലവിലുള്ള ഉത്തരവ് അനുസരിച്ച് കുടിശ്ശിക

തവണകളാക്കി അടച്ച് തീർക്കാൻ ഉപഭോക്താക്കളെ അനുവദിക്കുന്നു. കൂടാതെ സർക്കാർ മേഖലയിലെ കുടിശ്ശികകൾ ബന്ധപ്പെട്ട വകുപ്പ് മേധാവികളുടെ ശ്രദ്ധയിൽപ്പെടുത്തി പിരിച്ചെടുക്കാൻ ശ്രമിക്കുന്നുണ്ട്. പത്രമാധ്യമങ്ങളിലൂടെ ഉപഭോക്താക്കൾക്ക് അറിയിപ്പ് നൽകുകയും റവന്യൂ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് സ്ക്വാഡ് തിരിച്ച് കുടിശ്ശിക പിരിക്കാനുള്ള ഊർജ്ജിത ശ്രമങ്ങൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## കുടിവെള്ള വിൽപ്പന കമ്പനികളുടെ നിയന്ത്രണം

161 (2654) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമിതമായി ഭൂഗർഭജലം ഊറ്റിയെടുത്ത് വില്ക്കുന്ന കുടിവെള്ള വില്പന കമ്പനികളെ വരൾച്ചാകാലത്ത് നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കുപ്പിവെള്ള കമ്പനികൾ ജലശുദ്ധീകരണ ജോലികൾ ഭാഗികമായി മാത്രം നിർവ്വഹിച്ച് അമിത വില്പന ഈടാക്കി ചൂഷണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇങ്ങനെ കണ്ടെത്തിയ ഏതെങ്കിലും സ്ഥാപനത്തിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഭൂജല വകുപ്പ് ശാസ്ത്രീയപഠനങ്ങൾ നടത്തി, മറ്റു ജലസ്രോതസ്സുകളെ ബാധിക്കാത്ത രീതിയിൽ സുരക്ഷിതമായ അളവിലാണ് കുപ്പിവെള്ള കമ്പനികൾക്ക് ഭൂജലം ഉപയോഗിക്കാനുള്ള എൻ.ഒ.സി നൽകുന്നത്. രൂക്ഷമായ വരൾച്ചയുടെ പശ്ചാത്തലത്തിൽ ഭൂജല വകുപ്പിൽനിന്നും എൻ.ഒ.സി ലഭ്യമാക്കിയിട്ടുള്ള കുപ്പിവെള്ള കമ്പനികൾക്ക് ദുരന്തനിവാരണ അതോറിറ്റിയുടെ നിർദ്ദേശപ്രകാരം ഭൂജല ഉപയോഗം 75% കുറയ്ക്കുന്നതിനുള്ള നിർദ്ദേശം വകുപ്പ് നൽകിയിട്ടുണ്ട്.

(ബി & സി) പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഭക്ഷ്യസുരക്ഷാ വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങളാണ് ജലത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നത്. അമിത വില ഈടാക്കി ചൂഷണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കുടിവെള്ള ക്ഷാമം**

162 (2655) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ച നേരിടുന്നതിന്റെ ഭാഗമായി, കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ജവലിഭവ വകുപ്പ് ആവിഷ്കരിച്ചിരിക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

ഉത്തരം

ജലസേചന വകുപ്പ്:

വരൾച്ച നേരിടുന്നതിന്റെ ഭാഗമായി നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതുവഴി പ്രാദേശികതലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്തുന്നത് ലക്ഷ്യമിട്ട് ജലസേചനവകുപ്പ് ഹരിതകേരളം പദ്ധതി നടപ്പിലാക്കുന്നു. ടി പദ്ധതിയുടെ ആദ്യഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 9453 കുളങ്ങൾ നവീകരിച്ച് കുളങ്ങളിലെ മാലിന്യം, ചെളി, പായൽ ഇവ നീക്കം ചെയ്ത് അവയുടെ സംഭരണശേഷി വർദ്ധിപ്പിച്ച് ജലലഭ്യത ഉറപ്പാക്കാൻ ഉദ്ദേശിക്കുന്നു. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയാണ് പ്രവൃത്തി നടപ്പിലാക്കുന്നത്. ഇതിനായുള്ള വിശദാംശങ്ങൾ ജില്ലാ ഭരണാധികാരികൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ തടയണകൾ, വി.സി.ബി./ ആർ.സി.ബി.കൾ എന്നിവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. പൂർത്തീകരിച്ച തടയണകൾ/വി.സി.ബി.കൾ/ആർ.സി.ബി എന്നിവയിൽ ഷട്ടർ ഇട്ട് വെള്ളം സംഭരിച്ചിട്ടുണ്ട്. നദികളിലേയ്ക്ക് കടലിൽനിന്നും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി 2016-17 സാമ്പത്തിക വർഷം വിവിധ ജില്ലകളിലായി 56 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികളുടെ പ്രവർത്തനം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ഇതുവഴി ഒരു പരിധിവരെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സാധിക്കുന്നതാണ്.

കേരള ജല അതോറിറ്റി:

വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 40 കോടി രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് വിവിധ ജില്ലകളിലായി

മുൻഗണനാടിസ്ഥാനത്തിൽ പ്രവൃത്തികൾ ചെയ്യാൻ ഉദ്ദേശിക്കുന്നു. ഇതുവരെ ഏകദേശം 200-ലധികം വിവിധ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇത്തരം നടപടികൾമൂലം ജലസ്രോതസ്സുകളിൽ ലഭ്യമായ ജലം തടഞ്ഞുനിർത്തി സംരക്ഷിക്കാനും കുടിവെള്ള പദ്ധതികൾ കാര്യമായ മുടക്കം കൂടാതെ പ്രവർത്തിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.

ഭൂജല വകുപ്പ്:

സംസ്ഥാനത്ത് അനുഭവപ്പെടുന്ന വരൾച്ച നേരിടുന്നതിനായി 1240.33 ലക്ഷം രൂപ രാജീവ്ഗാന്ധി പദ്ധതിയിൻകീഴിൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. 5505 കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികൾക്കും 585 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനുമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 2726 കൈപമ്പുകളുടെ അറ്റകുറ്റപ്പണികളും 88 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

ജലനിധി:

സംസ്ഥാനത്തെ കുടിവെള്ളക്ഷാമം നേരിടുന്നതിനായി ജലനിധി രണ്ടാംഘട്ട പദ്ധതി മുഖേന താഴെപ്പറയുന്ന അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു:

1. പൂർത്തീകരണ ഘട്ടത്തിലുള്ള 166 പദ്ധതികൾ ഫെബ്രുവരി-ഏപ്രിൽ മാസങ്ങളിലായി കമ്മീഷൻ ചെയ്ത് 21,000 വീടുകൾക്ക് കുടിവെള്ളം എത്തിക്കാൻ സാധിക്കുന്നതാണ്.

2. വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുമൂലം വൈകുന്ന പദ്ധതികൾക്ക് അടിയന്തിരമായി കണക്ഷൻ ലഭ്യമാക്കി പദ്ധതി കമ്മീഷൻ ചെയ്യുന്നതാണ്. ഇതുവഴി ഏകദേശം 2700 വീടുകൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതാണ്.

3. സ്രോതസ്സിന്റെയും ജലസംഭരണിയുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും ജലവിതരണ പൈപ്പുകൾ സ്ഥാപിച്ചുവരുന്നതുമായ പദ്ധതികൾക്ക് (ബാച്ച് 3-ൽ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്തുകളിലെ) എത്രയുംവേഗം വൈദ്യുതി കണക്ഷൻ സ്ഥാപിച്ച് ഭാഗികമായെങ്കിലും

ജലവിതരണം ആരംഭിക്കുവാൻ കഴിയുന്നതാണ്. ഇപ്രകാരം 100 പദ്ധതികളിലായി 5500 കുടുംബങ്ങൾക്ക് വരൾച്ചാകാലത്ത് കുടിവെള്ളം എത്തിക്കുവാൻ സാധിക്കുമെന്ന് കണക്കാക്കുന്നു.

4. ഭൂജലസംരക്ഷണവും-പരിപോഷണവും ജലനിധി പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നുണ്ട്. തടയണകൾ, കിണർ റീചാർജ്ജ്, സ്രോതസ്സ് സംരക്ഷണം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. പദ്ധതി നടപ്പാക്കിവരുന്ന പഞ്ചായത്തുകളിൽ 1562 ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരിക്കുന്നു. ഇതിൽ 1499 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ പൂർത്തീകരിച്ച് വേനൽക്കാലത്ത് ജലനിധി പദ്ധതികളിൽ ജലലഭ്യത ഉറപ്പുവരുത്താൻ ശ്രമിക്കുന്നുണ്ട്.

5. ജലസ്രോതസ്സുകൾ വറ്റുന്ന പഞ്ചായത്തുകളിലെ സാദ്ധ്യമായ സ്ഥലങ്ങളിൽ ബോർവെൽ വഴി ഭൂഗർഭജലം പ്രയോജനപ്പെടുത്താനും ഉദ്ദേശിക്കുന്നു.

6. ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും ജലസംരക്ഷണം വഴിയും ജലവിനിയോഗം നിയന്ത്രിച്ചും വരൾച്ചയെ നേരിടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**തടയണകൾ**

163 (2656) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ പെരിയാർ നദിയിൽ തടയണകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പെരിയാറിൽ ഏതെല്ലാം ഭാഗങ്ങളിലാണ് തടയണ നിർമ്മിക്കുവാൻ പദ്ധതി ഉള്ളത്?

ഉത്തരം

(എ) ഇപ്പോഴത്തെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പെരിയാർ നദിയിൽ താഴെപ്പറയുന്ന നാല് താൽക്കാലിക തടയണകൾ നിർമ്മിച്ചുവരുന്നു.

1. പാണംകുഴിക്കടവ് - (വേങ്ങൂർ പഞ്ചായത്ത്)
2. കപ്രിക്കാട് - (കൂവപ്പടി പഞ്ചായത്ത്)
3. പള്ളിക്കടവ് - (മലയാറ്റൂർ - നീലീശ്വരം പഞ്ചായത്ത്)
4. മലയാറ്റൂർ കൊമേന്ത പള്ളിക്കു സമീപം - (മലയാറ്റൂർ - നീലീശ്വരം പഞ്ചായത്ത്)

(ബി) പെരിയാറിനുകുറുകെ താഴെപ്പറയുന്ന സ്ഥലങ്ങളിൽ സ്ഥിരം തടയണകൾ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതാപഠന നടപടികളും പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

1. മലയാറ്റൂർ - നീലീശ്വരം പഞ്ചായത്തിൽ ഈറ്റക്കടവ് ഭാഗത്ത് തടയണ നിർമ്മാണം
2. മലയാറ്റൂർ - നീലീശ്വരം പഞ്ചായത്തിൽ പള്ളിക്കടവ് ഭാഗത്ത് തടയണ നിർമ്മാണം
3. മലയാറ്റൂർ - നീലീശ്വരം പഞ്ചായത്തിൽ ആറാട്ടുകടവ് ഭാഗത്ത് തടയണ നിർമ്മാണം
4. കൂവപ്പടി പഞ്ചായത്തിൽ കപ്രിക്കാട് ഭാഗത്ത് തടയണ നിർമ്മാണം
5. വേങ്ങൂർ പഞ്ചായത്തിൽ പാണംകുടി ഭാഗത്ത് തടയണ നിർമ്മാണം
6. കാഞ്ഞൂർ പഞ്ചായത്തിൽ പാറക്കടവ് ഭാഗത്ത് തടയണ നിർമ്മാണം

**കുടിവെള്ളം**

164 (2657) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായിട്ടുള്ള കോഴിക്കോട് കൂളിമാട് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും ചാത്തമംഗലം, മാവൂർ പഞ്ചായത്തുകൾക്ക് കുടിവെള്ളം ലഭ്യമാക്കണമെന്ന ആവശ്യം സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കുളിമാട് ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നും മാവൂർ പഞ്ചായത്തിലേയ്ക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് നിലവിലുള്ള പൈപ്പ് മാറ്റിയിടുന്നതിനുള്ള മൂന്ന് കോടി രൂപയുടെ പ്രൊപ്പോസൽ കിഫ്ബിയിൽ ഉൾപ്പെടുത്തി തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ മാവൂർ ചാത്തമംഗലം ഉൾപ്പെടെ 9 പഞ്ചായത്തുകൾക്കായുള്ള പദ്ധതിയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് കോഴിക്കോട് പി.പി.ഡി. വിഭാഗം പരിശോധിച്ചുവരുന്നു.

**ജപ്പാൻ കുടിവെള്ള പദ്ധതി**

165 (2658) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഴയുടെ അഭാവം കാരണം രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നതിന്റെ പശ്ചാത്തലത്തിൽ കോഴിക്കോട് ജില്ലയിലെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൈപ്പിടൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലേക്കായി ഉദ്യോഗസ്ഥ തലത്തിലും ഭരണതലത്തിലും മന്ത്രിതലത്തിലും നടന്ന യോഗങ്ങളുടെ അടിസ്ഥാനത്തിൽ പി.ഡബ്ല്യു.ഡി., എൻ.എച്ച്., കോർപ്പറേഷൻ എന്നീ ഏജൻസികളിൽനിന്നും റോഡ് കട്ടിംഗിനുള്ള അനുവാദം ലഭ്യമായി തുടങ്ങിയിട്ടുണ്ട്. കൂടാതെ ആസന്നമായ വരൾച്ച പരിഗണിച്ച് വേഗത്തിൽ തീർക്കാൻ കഴിയുന്ന പൈപ്പുലൈനുകളിലെ ഇന്റർകണക്ഷനുകൾ മുൻഗണനാക്രമത്തിൽ പൂർത്തിയാക്കി സാദ്ധ്യമായ പ്രദേശങ്ങളിൽ ഈ വരൾച്ചാക്കാലത്തു തന്നെ ശുദ്ധജലം എത്തിക്കുവാനുള്ള ത്വരിത നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**കുടിവെള്ളക്ഷാമം**

166 (2659) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ കുടിവെള്ളക്ഷാമം രൂക്ഷമായ കേന്ദ്രങ്ങളിൽ ശുദ്ധജലമെത്തിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കുടിവെള്ളക്ഷാമം നേരിടുന്നതിനായി കാസർഗോഡ് ജില്ലയിലെ തടയണകളുള്ള 7 പദ്ധതികളിൽ ഷട്ടർ താഴ്ത്തിയും 2 പദ്ധതികളിൽ താൽക്കാലിക തടയണ നിർമ്മിച്ചും കുടിവെള്ളം സംഭരിച്ചു നിർത്താൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൈപ്പ് ലൈനുകളുടെ പൊട്ടൽമൂലമുള്ള ചോർച്ച തടയാൻ അറ്റകുറ്റപ്പണികൾ അടിയന്തിര പ്രാധാന്യത്തോടെ ചെയ്തുവരുന്നു. ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ ടാങ്കർ ലോറികളിൽ ശുദ്ധജലം നിറയ്ക്കാൻ 22 ഫില്ലിംഗ് സ്റ്റേഷനുകൾ സജ്ജീകരിച്ചിട്ടുണ്ട്.

2016-17-ലെ പുതുക്കിയ ബജറ്റിൽ 10 മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കുമായി പ്രഖ്യാപിച്ച പദ്ധതികളിൽ കാസർഗോഡ് ജില്ലയിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി (കിഫ്ബി) കാസർഗോഡ് മുനിസിപ്പാലിറ്റിക്കും ചെമ്മനാട് പഞ്ചായത്തിനുംവേണ്ടി 76 കോടി രൂപയുടെ കുടിവെള്ള പദ്ധതി ഒന്നാംഘട്ടത്തിനായി ഭരണാനുമതിയും കിഫ്ബിയിൽനിന്നും അംഗീകാരവും ലഭ്യമാക്കിയിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു കോടി രൂപയുടെ വിവിധ പദ്ധതികൾ നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

കൂടാതെ 2016-17-ലെ സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി നിലവിലുള്ള പദ്ധതികളിലെ വിവിധ പ്രവൃത്തികൾക്ക് 68 ലക്ഷം രൂപയുടെ ഭരണാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്.

ജലചോർച്ച തടയാനായി 2016-17-ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി ഉപ്പളക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ശുദ്ധീകരണശാല മുതൽ ഉപ്പളവരെയുള്ള പഴക്കം ചെന്നതും കേടായതുമായ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ - 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

താഴെപ്പറയുന്ന 2 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

1. കാസർഗോഡ് കുടിവെള്ള പദ്ധതി - വിദ്യാനഗർ കേരള വാട്ടർ അതോറിറ്റി കോമ്പൗണ്ട് മുതൽ കാസർഗോഡ് പഴയ ബസ് സ്റ്റാൻഡ് വരെയുള്ള പഴക്കം ചെന്നതും കേടായതുമായ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ - 250 ലക്ഷം രൂപ.

2. ബദിയടുക്ക നീർച്ചാൽ വില്ലേജുകൾക്കുള്ള കുടിവെള്ള പദ്ധതി - പഴക്കം ചെന്നതും കേടായതുമായ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ - 250 ലക്ഷം രൂപ.

കൂടാതെ വിവിധ പദ്ധതികളിലെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിലേക്കായി 194 ലക്ഷം രൂപയുടെ പ്രൊപ്പോസലുകൾ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചു .

കാസർഗോഡ് ജില്ലയിൽ കുടിവെള്ളക്ഷാമം രൂക്ഷമായ കേന്ദ്രങ്ങളിൽ ഭൂജല വകുപ്പ് 133 ബോർവെൽ കൈപ്പമ്പുകൾ റിപ്പയർ ചെയ്ത് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 8 ചെറുകുടിവെള്ള പദ്ധതി നടത്തുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ ഒരു കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപ്പണി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 7 എണ്ണത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

ലോകബാങ്ക് ധനസഹായത്തോടെ കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്ന ജലനിധി പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ പുത്തിഗെ, പുല്ലൂർ പെരിയ, പടന്ന, ബളാൽ, പൈവളികെ, ദേലംപാടി, ഈസ്റ്റ് എളേരി, ബെല്ലൂർ, മീഞ്ച, കിണാനൂർ-കരിന്തളം എന്നീ പഞ്ചായത്തുകളിൽ കുടിവെള്ള വിതരണ പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആവശ്യാധിഷ്ഠിത പദ്ധതിയായ ജലനിധിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ 178 സ്കീമുകൾക്ക് സാങ്കേതികാനുമതി നൽകുകയും ഇതിൽ 104 സ്കീമുകൾ കമ്മീഷൻ ചെയ്യുകയും ഇതിലൂടെ 9559 കുടുംബങ്ങൾക്ക് കുടിവെള്ളം നിലവിൽ നൽകിവരികയും ചെയ്യുന്നു. ബാക്കിയുള്ള സ്കീമുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അതീവ വേഗത്തിൽ പുരോഗമിച്ചുവരുന്നു.

## കുടിവെള്ള പദ്ധതി

167 (2660) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും കുടിവെള്ള പദ്ധതിക്ക് പ്രാഥമികാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിന്റെ ഡി.പി.ആർ (detailed project report) തുടർ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) കാസർഗോഡ് ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി (കിഫ്ബി) കാസർഗോഡ് മുനിസിപ്പാലിറ്റിക്കും ചെമ്മനാട് പഞ്ചായത്തിനുംവേണ്ടി 76 കോടി രൂപയുടെ കുടിവെള്ള പദ്ധതി ഒന്നാംഘട്ടത്തിനായി ഭരണാനുമതിയും കിഫ്ബിയിൽനിന്നും അംഗീകാരവും ലഭ്യമാക്കിയിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ ജലചോർച്ച തടയാനായി 2016-17 പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി 300 ലക്ഷം രൂപയുടെ ഉപ്പളക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ശുദ്ധീകരണശാല മുതൽ ഉപ്പളവരെയുള്ള പഴക്കം ചെന്നതും കേടായതുമായ പൈപ്പുകൾ മാറ്റി സ്ഥാപിക്കലിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

താഴെപ്പറയുന്ന 2 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

1. കാസർഗോഡ് കുടിവെള്ള പദ്ധതി - വിദ്യാനഗർ കേരള വാട്ടർ അതോറിറ്റി കോമ്പൗണ്ട് മുതൽ കാസർഗോഡ് പഴയ ബസ് സ്റ്റാന്റ് വരെയുള്ള പഴക്കം ചെന്നതും കേടായതുമായ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ - 250 ലക്ഷം രൂപ.

2. ബദിയടുക്ക നീർച്ചാൽ വില്ലേജുകൾക്കുള്ള കുടിവെള്ള പദ്ധതി - പഴക്കം ചെന്നതും കേടായതുമായ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ - 250 ലക്ഷം രൂപ.

ജലനിധി രണ്ടാംഘട്ടം - ബാച്ച് 3-ൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ മീഞ്ച, കിണാനൂർ-കരിന്തളം ഗ്രാമപഞ്ചായത്തുകളെയാണ് കുടിവെള്ള പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. മീഞ്ച പഞ്ചായത്തിൽ ആകെയുള്ള 30 കുടിവെള്ള പദ്ധതികളിൽ 25 എണ്ണത്തിന് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്.

കിനാനൂർ കരിന്തളം പഞ്ചായത്തിൽ ആകെയുള്ള 33 പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. മീഞ്ച പഞ്ചായത്തിൽ 21 ജലനിധി പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കി അവയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. അവയുടെ ആകെ തുക 910.38 ലക്ഷം രൂപയാണ്.

കിനാനൂർ-കരിന്തളം പഞ്ചായത്തിലെ 33 കുടിവെള്ള പദ്ധതികൾക്കായി 2031.31 ലക്ഷം രൂപയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

**സബ്ഡിവിഷൻ ഓഫീസുകൾ**

168 (2661) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ സർക്കാർ കാലത്ത് അനുവദിക്കപ്പെട്ട താലൂക്കുകളിൽ വാട്ടർ അതോറിട്ടി, ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, ഇൻലാന്റ് നാവിഗേഷൻ എന്നിവയുടെ സബ്ഡിവിഷൻ ഓഫീസുകൾ എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

മഞ്ചേശ്വരത്ത് മൈനർ ഇറിഗേഷന്റെ സബ് ഡിവിഷനും രണ്ട് സെക്ഷൻ ഓഫീസുകളും നിലവിലുണ്ട്. ടി താലൂക്കുകളിൽ ജല അതോറിറ്റി, ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, ഇൻലാൻഡ് നാവിഗേഷൻ എന്നിവയുടെ പുതിയ സബ് ഡിവിഷൻ ഓഫീസുകൾ ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**വരൾച്ചയും കുടിവെള്ളക്ഷാമവും**

169 (2662) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ച നേരിടുന്നതിനായി കുറ്റ്യാടി നിയോജക മണ്ഡലത്തിൽ എന്തെങ്കിലും പ്രത്യേക പദ്ധതികൾക്ക് ജലവിഭവവകുപ്പ് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) ജലവിഭവ വകുപ്പിനുകീഴിൽ മണ്ഡലത്തിൽ ഇപ്പോൾ നടന്നുവരുന്ന പദ്ധതികൾ ഏതൊക്കെ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഭരണാനുമതിക്കായി സമർപ്പിക്കപ്പെട്ട പദ്ധതികൾ ഉണ്ടോ; എങ്കിൽ ഏതൊക്കെ;

(ഡി) പുതുതായി ഭരണാനുമതി ലഭിച്ച പദ്ധതികൾ ഉണ്ടെങ്കിൽ അവ ഏതൊക്കെ;

(ഇ) ധാരാളം ജല സ്രോതസ്സുകളുള്ള കുറ്റ്യാടി മണ്ഡലത്തിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ ജലവിഭവ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) <u>ജലസേചന വകുപ്പ്</u>

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പ് നിലവിലുള്ള പദ്ധതികളിലൂടെ വരൾച്ചാ നിവാരണത്തിനുള്ള പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

<u>ഭൂജല വകുപ്പ്</u>

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ഭൂജല വകുപ്പ് രാജീവ്ഗാന്ധി പദ്ധതിയിൻകീഴിൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 14 കുഴൽക്കിണർ കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികൾ ഏറ്റെടുത്ത് നടത്തുന്നുണ്ട്. ഇതിൽ ഒരെണ്ണം പൂർത്തിയായി.

<u>ജലനിധി</u>

ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കുന്ന ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി മണിയൂർ ആയഞ്ചേരി, പുറമേരി, വല്യാപ്പള്ളി ഗ്രാമപഞ്ചായത്തുകളെ നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്തിരുന്നു. വരൾച്ചയെ നേരിടുന്നതിനുള്ള അടിയന്തിര നടപടി എന്ന നിലയിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കുകൂടി രൂപം നൽകിയിട്ടുണ്ട്:

1. പൂർത്തീകരണഘട്ടത്തിലുള്ള 10 പദ്ധതികൾ മാർച്ച് - മേയ് മാസങ്ങളിലായി കമ്മീഷൻ ചെയ്ത് 2757 വീടുകൾക്കും കുടിവെള്ളം എത്തിക്കുക

2. സ്രോതസ്സിന്റെയും ജലസംഭരണികളുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും പൈപ്പുകൾ സ്ഥാപിച്ചുവരുന്നതുമായ

പദ്ധതികൾക്ക് എത്രയും വേഗം വൈദ്യുതി കണക്ഷൻ സ്ഥാപിച്ച് ഭാഗികമായെങ്കിലും ജലവിതരണം നടത്തുക.

3. ജലസംരക്ഷണവുമായി ബന്ധപ്പെട്ട ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ ജലവിനിയോഗം നിയന്ത്രിച്ചും ജലദുരുപയോഗം തടഞ്ഞും വരൾച്ചയെ നേരിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

കേരള ജല അതോറിറ്റി:

2016-17-ലെ പുതുക്കിയ ബജറ്റിൽ ജലചോർച്ച തടയാനായി പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിന് താഴെപ്പറയുന്ന രണ്ട് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. വേളം കുടിവെള്ള പദ്ധതി - പഴക്കം ചെന്നതും കേടായതുമായ എ.സി. പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ - 180 ലക്ഷം രൂപ.

2. ഒഞ്ചിയം, ചോറോട്, ഏറാമല, വില്ല്യാപ്പള്ളി വില്ലേജുകൾക്കുള്ള കുടിവെള്ള പദ്ധതി - പഴക്കം ചെന്നതും കേടായതുമായ എ.സി പൈപ്പുകൾ എടച്ചേരി ജംഗ്ഷൻ മുതൽ അമരാവതി സബ് വരെ മാറ്റി സ്ഥാപിക്കൽ - 440 ലക്ഷം രൂപ.

(ബി) ജലസേചന വകുപ്പ്

Project Maintenance Fund-ൽ ഭരണാനുമതി ലഭിച്ച മണിയൂർ ഗ്രാമപഞ്ചായത്തിലെ ചെരണ്ടത്തൂർചിറ എൽ.ഐ. സ്കീമിന്റെ ഫീൽഡ് ചാനൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

ജലനിധി

മണിയൂർ, ആയഞ്ചേരി, പുറമേരി, വല്യാപ്പള്ളി ഗ്രാമപഞ്ചായത്തുകളിൽനിന്നും ഭരണാനുമതി ലഭിച്ചിട്ടുള്ള 113 സ്കീമുകളിൽ 110 എണ്ണത്തിന് സാങ്കേതികാനുമതി നൽകുകയും 19 സ്കീമുകൾ കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ 1072 കുടുംബങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നു. ബാക്കിയുള്ളവയുടെ നിർമ്മാണപ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നു.

<u>കേരള ജല അതോറിറ്റി</u>

തിരുവള്ളൂർ പഞ്ചായത്തിലെ കയ്യാനക്കുന്നത്ത് കുടിവെള്ള പദ്ധതി MPLAD-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടങ്കൽ തുക 34.30 ലക്ഷം രൂപയാണ്.

(സി) <u>ജലസേചന വകുപ്പ്</u>

ഉണ്ട്. കുറ്റ്യാടി പുഴയിലെ പെരിഞ്ചേരിക്കടവ് എന്ന സ്ഥലത്ത് ഒരു റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് 57.50 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

<u>ജലനിധി</u>

വല്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽനിന്നും താഴെപ്പറയുന്ന 2 സ്കീമുകൾ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

1. കീഴാൻ പുണ്യത്ത്
2. കുറുപ്പച്ചാൻകുന്ന്

<u>കേരള ജല അതോറിറ്റി</u>

2016-17-ലെ പുതുക്കിയ ബജറ്റിൽ ജലചോർച്ച തടയാനായി പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിന് :

1. വേളം കുടിവെള്ള പദ്ധതി - (പഴക്കം ചെന്നതും കേടായതുമായ എ.സി. പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ - 180 ലക്ഷം രൂപ.)
2. ഒഞ്ചിയം, ചോറോട്, ഏറാമല, വില്ല്യാപ്പള്ളി വില്ലേജുകൾക്കുള്ള കുടിവെള്ള പദ്ധതി - (പഴക്കം ചെന്നതും കേടായതുമായ എ.സി പൈപ്പുകൾ എടച്ചേരി ജംഗ്ഷൻ മുതൽ അമരാവതി സബ് വരെ മാറ്റി സ്ഥാപിക്കൽ - 440 ലക്ഷം രൂപ) എന്നിവയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) മണിയൂർ ഗ്രാമപഞ്ചായത്തിലെ ചെരണ്ടത്തൂർചിറ, എൽ.ഐ. സ്കീമിന്റെ ഫീൽഡ് ചാനൽ നിർമ്മാണം എന്നിവയ്ക്ക് Project Maintenance Fund-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഇ) ജലസേചന വകുപ്പ്

കുറ്റ്യാടി പുഴയിലെ അധികജലം സംഭരിക്കുന്നതിനുവേണ്ടി പെരിഞ്ചേരിക്കടവ് എന്ന സ്ഥലത്ത് ഒരു റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിലൂടെ പുഴയിലെ ജലനിരപ്പ് ഉയരുകയും പരിസരപ്രദേശങ്ങളിലെ ജലലഭ്യത വർദ്ധിക്കുകയും ചെയ്യും. കൂടാതെ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായുള്ള ഹരിത കേരളം പദ്ധതിയിൽ കുളങ്ങളുടെ നവീകരണവും ഉൾപ്പെടുത്തിയിട്ടുണ്ട്.

ജലനിധി

ഭൂജലസംരക്ഷണവും പരിപോഷണവും ജലനിധി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നു. തടയണകൾ, കിണർ റീ-ചാർജ്ജ്, സ്രോതസ്സ് സംരക്ഷണം തുടങ്ങിവ ഇതിൽ ഉൾപ്പെടുന്നു.

കേരള ജല അതോറിറ്റി

തിരുവള്ളൂർ പഞ്ചായത്തിലെ കയ്യാനക്കുന്നത്ത് കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി നടന്നുവരുന്നു. കൂടാതെ ആയഞ്ചേരി പഞ്ചായത്തിലെ കയ്യടിപ്പാറ കുടിവെള്ള പദ്ധതിക്ക് MLA ADF-ൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപ മതിപ്പുചെലവിൽ ഒരു പദ്ധതി തയ്യാറാക്കിവരുന്നു.

**ഗവണ്മെന്റ് ഹൈസ്കൂളിൽ കുടിവെള്ളം**

170 (2663) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കുറ്റിക്കാട്ടൂർ ഗവ.ഹൈസ്കൂളിൽ കുടിവെള്ളമെത്തിക്കുന്നത് സംബന്ധിച്ച് ബാലാവകാശ കമ്മീഷൻ വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വാട്ടർ കണക്ഷൻ നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബാലാവകാശ കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ജൈക്ക പദ്ധതിയുടെ പെരുവയൽ പഞ്ചായത്തിലെ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് കുറ്റിക്കാട്ടൂർ ഗവൺമെന്റ് ഹൈസ്കൂളിൽ കുടിവെള്ളം എത്തിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ റോഡ് കട്ടിംഗ് അനുമതി ലഭിക്കേണ്ടതുണ്ട്. ഇതിന് കേരള വാട്ടർ അതോറിറ്റി അപേക്ഷ നൽകിയിട്ടുണ്ട്. ആയത് ലഭ്യമായാൽ പൈപ്പിന്റെ പ്രവൃത്തി പൂർത്തീകരിച്ച് സ്കൂളിൽ കുടിവെള്ളം എത്തിക്കുവാൻ സാധിക്കുന്നതാണ്. പൈപ്പ് ലൈനിന്റെ പ്രധാന പ്രവൃത്തിയായ കുറുക്കേടത്ത് കടവ് പുഴയ്ക്ക് കുറുകെയുള്ള HDPE പൈപ്പിടൽ പുരോഗമിക്കുന്നു.

**മൂവാറ്റുപുഴ നദി**

171 (2664) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നദിയുടെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മാലിന്യങ്ങൾ വലിച്ചെറിഞ്ഞും അഴുക്കുചാലുകൾ തുറന്നുവിട്ടും പുഴ മലിനമാക്കുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ആവശ്യത്തിന് തടയണകൾ സ്ഥാപിച്ച് പുഴയും ജലവും സംരക്ഷിക്കുന്നതിനുള്ള സമഗ്ര പദ്ധതി തയ്യാറാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പുഴ മലിനമാകുന്നത് തടയുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും കീഴിലാണ് നിർവ്വഹിച്ചുവരുന്നത്.

(സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആവശ്യത്തിനു തടയണകൾ സ്ഥാപിച്ച് പുഴയും ജലവും സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## പോള നീക്കം ചെയ്യൽ

172 (2665) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടിലെ തോടുകളിലെല്ലാം പോള നിറഞ്ഞു കിടക്കുന്നതുമൂലം ജലഗതാഗതത്തിനും പാടശേഖരങ്ങളിൽ നിന്നും കറ്റകളും നെല്ലും നീക്കം ചെയ്യുന്നതിനും മറ്റുപയോഗങ്ങൾക്കും ബുദ്ധിമുട്ടുകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുട്ടനാടിൽ വ്യാപകമാകുന്ന പോള നീക്കം ചെയ്യുന്നതിനും ഇവ ഇനിയും വ്യാപകമാകുന്നത് തടയുന്നതിനും നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ജലഗതാഗതത്തിന് തടസ്സം വരുന്ന ഭാഗങ്ങളിൽ മറ്റു പ്രവൃത്തികളോടൊപ്പം താൽക്കാലികമായി പോള നീക്കം ചെയ്യാറുണ്ട്. കുട്ടനാട്ടിൽ വ്യാപകമാകുന്ന പോള നീക്കം ചെയ്യുന്നതിനും ഇവ ഇനിയും വ്യാപകമാകുന്നത് തടയുന്നതിനുമായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റവും അത്യാവശ്യമുള്ള സ്ഥലങ്ങളിൽ പോള വാരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ജലസേചന വകുപ്പിലെ മെക്കാനിക്കൽ വിഭാഗത്തിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വാട്ടർ ഹയാസിന്ത് ഹാർവെസ്റ്റർ എന്ന യന്ത്രം ഇതിനായി ഉപയോഗപ്പെടുത്തുന്നതാണ്.

## നെന്മാറയിലെ കുടിവെള്ള പ്രശ്നം

173 (2666) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ മുതലമട പഞ്ചായത്തിൽ രണ്ട് ഡാമുകൾ ഉണ്ടായിട്ടും മുതലമട, കൊല്ലങ്കോട്, എലവഞ്ചേരി എന്നീ പഞ്ചായത്തുകളിലെ രൂക്ഷമായ കുടിവെള്ള പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മീങ്കര, ചുള്ളിയാർ ഡാമുകളിൽ വെള്ളം എത്തിക്കുന്നതിനായി നിലവിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) കുരിയാർകുറ്റി പുഴയിലൂടെ ഒഴുകിപോകുന്ന വെള്ളം ചുള്ളിയാർ ഡാമിൽ എത്തിക്കുന്ന എന്തെങ്കിലും പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ഈ പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മീങ്കര ഡാമിൽ നിലവിൽ കേരള ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതിയുണ്ട്. പ്രസ്തുത ജലസംഭരണിയിലേയ്ക്ക് ചിറ്റൂർ പുഴയിൽനിന്നും പറമ്പിക്കുളം ആളിയാർ ജലം എത്തിക്കുന്നുണ്ട്. മീങ്കര ഡാമിലേയ്ക്ക് ജലമെത്തിക്കുന്നതിനായി 03-03-2017 മുതൽ കമ്പാലത്തറ ഏരിയയിൽ ജലം സംഭരിക്കുന്നുണ്ട്.

(സി & ഡി) ജലസേചന വകുപ്പ് നേരത്തേ വിഭാവനം ചെയ്ത കുരിയാർകുറ്റി-കാരപ്പാറ പദ്ധതിക്കുപകരം പരിസ്ഥിതിക്ക് അധികം ദോഷം തട്ടാത്ത വിധത്തിൽ ചാലക്കുടിപ്പുഴ ബേസിനിലെ കാരപ്പാറ അരുവിയിൽ ലഭ്യമാകുന്ന ഒഴുക്ക് ഭാരതപ്പുഴയിൽ എത്തിക്കുന്നതിനുള്ള ഒരു പദ്ധതിയുടെ പ്രാഥമിക രൂപരേഖ ജലസേചന വകുപ്പ് തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ കാരപ്പാറയിൽ ഒരു ചെറിയ ഡാം നിർമ്മിച്ച് ആ അരുവിയിൽ ലഭ്യമാകുന്ന വെള്ളത്തെ ഒരു ടണൽ വഴി കൊണ്ടുവന്ന് ചുള്ളിയാറിനു മുകളിൽ മുതലമട ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന സ്ഥലത്ത് ഒരു ചെറിയ ഡാം നിർമ്മിച്ച് അവിടെ സംഭരിച്ച് ഉപയോഗിക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഇതിൽ രണ്ടു സ്ഥലത്ത് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും പദ്ധതിയിട്ടിട്ടുണ്ട്. വന്യജീവി സങ്കേതമുൾപ്പെടുന്ന വനഭൂമിക്ക് പുറത്താണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

## കുപ്പിവെള്ള നിർമ്മാണ യൂണിറ്റ്

174 (2667) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുപ്പി വെള്ള നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കുപ്പി വെള്ള നിർമ്മാണ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് അനുവദിച്ചിട്ടുള്ള ബോർവെല്ലിന്റെ നിബന്ധനകൾ വ്യക്തമാക്കുമോ;

(സി) അരുവികൾ, നദികൾ, തോടുകൾ തുടങ്ങിയവയിൽ നിന്ന് ജലമെടുത്ത് ശുദ്ധീകരിക്കുന്നതിന് ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) ജനങ്ങൾക്ക് ലഭിക്കുന്ന കുപ്പിവെള്ളം ശുദ്ധമാണെന്ന് ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ താഴെ വിവരിക്കുന്നു:

1. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് തലത്തിൽ നിർമ്മാണത്തിനുള്ള അനുമതി.
2. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്.
3. ഫാക്ടറീസ് & ബോയിലേഴ്സിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്.
4. ഫയർ & സെയ്ഫ്റ്റി ആക്ടിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്.
5. ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്.
6. ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡിന്റെ സർട്ടിഫിക്കറ്റ്.
7. ഫുഡ് ആന്റ് സേഫ്റ്റി സ്റ്റാന്റേർഡ് ഓഫ് ഇന്ത്യയുടെ സർട്ടിഫിക്കറ്റ്.
8. സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിന്റെ രജിസ്ട്രേഷൻ.
9. ജലസ്രോതസ്സുകളിൽനിന്നും ജലമെടുക്കുന്നതിനുള്ള ജലവിഭവ വകുപ്പിന്റെ അനുമതി.

ഭൂജല വകുപ്പിന്റെ ജില്ലാതലത്തിലുള്ള ഓഫീസുകളിൽ ലഭിക്കുന്ന വ്യാവസായികാടിസ്ഥാനത്തിലുള്ള അപേക്ഷകളിൽ വിശദമായ പഠനങ്ങൾ നടത്തി റിപ്പോർട്ട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാതല കമ്മിറ്റിയിൽ പരിഗണിച്ച് അനുയോജ്യമായ അപേക്ഷകൾ സംസ്ഥാന ഭൂജല അതോറിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും കമ്മിറ്റി അന്തിമമായ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നു. സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ്, വ്യവസായ വകുപ്പ് അതത് പഞ്ചായത്ത്/മുനിസിപ്പൽ പ്രദേശങ്ങളിലെ പ്രതിനിധി, കേന്ദ്ര ഭൂജല ബോർഡ് പ്രതിനിധി എന്നിവർ ഉൾപ്പെട്ടതാണ് ജില്ലാതല അവലോകന കമ്മിറ്റി. പമ്പിംഗ് ടെസ്റ്റ് നടത്തി പരിസര പ്രദേശങ്ങളിലെ ജലസ്രോതസ്സുകളെ ബാധിക്കാത്ത തരത്തിലാണ് ഇത്തരം കമ്പനികൾക്ക് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുന്നത്. പ്രതിദിനം ഉപയോഗിക്കാവുന്ന ജലത്തിന്റെ അളവ് പമ്പിംഗ് ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ നിജപ്പെടുത്തിയിട്ടുണ്ട്. ഇത് അവലോകനം ചെയ്യുന്നതിനും സംവിധാനമുണ്ട്. അമിതമായി ജലചൂഷണം നടത്തുന്നുവെന്ന് ബോദ്ധ്യപ്പെട്ടാൽ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ (കെ.ഐ.ഐ.ഡി.സി) കീഴിൽ പ്രവർത്തിക്കുന്ന കുപ്പിവെള്ള നിർമ്മാണ യൂണിറ്റിന് ഉപരിതല ജലമാണ് ഉപയോഗിക്കുന്നത്.

ഭൂജല വകുപ്പ് ശാസ്ത്രീയമായ പഠനങ്ങൾ നടത്തി കുഴൽക്കിണറുകളിൽ നിന്നും പരമാവധി എടുക്കാവുന്ന ജലത്തിന്റെ അളവ് നിജപ്പെടുത്തിയിട്ടുണ്ട്.

(സി) കെ.ഐ.ഐ.ഡി.സി.-യുടെ കീഴിൽ പ്രവർത്തിക്കുന്ന യൂണിറ്റിന് ജലവിഭവ വകുപ്പിന് കീഴിലുള്ള മൂവാറ്റുപുഴ വാലി പ്രോജക്ടിന്റെ ഡാമിൽനിന്നും നിശ്ചയിച്ചിട്ടുള്ള നിരക്കിൽ തുക കെട്ടി ജലമെടുക്കുവാനുള്ള അനുമതിയുണ്ട്.

(ഡി) കെ.ഐ.ഐ.ഡി.സി. കുപ്പിവെള്ളം ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിനുമുമ്പ് ബി.ഐ.എസ്. നിഷ്കർഷിച്ചിട്ടുള്ള എല്ലാ ഗുണമേന്മാ ടെസ്റ്റുകളും സ്ഥാപനത്തിൽ തന്നെയുള്ള ലാബിൽ നടത്തി ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്. കേരള സർക്കാരിന്റെ ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന്റെയും ബി.ഐ.എസ്.ന്റെയും പരിശോധനകൾ നടത്തുന്നുണ്ട്.

**പുതിയ കുടിവെള്ള പദ്ധതികൾ**

175 (2668) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജക മണ്ഡലത്തിൽ പുതിയതായി കുടിവെള്ള പദ്ധതികൾ ഏതെങ്കിലും പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ശുദ്ധജലക്ഷാമം നേരിടുന്ന പത്തനംതിട്ട ജില്ലയിൽ പുതിയ ജല സ്രോതസ്സുകൾ കണ്ടെത്തുവാനുള്ള പഠനം നടത്തുന്നുണ്ടോ;

(സി) പമ്പ് ഹൗസുകളിൽ, നിലവിൽ 10 വർഷത്തിൽ കൂടുതൽ പഴക്കമുള്ള മോട്ടോറുകൾ മാറ്റി പുതിയത് സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) പുതിയ മോട്ടോറുകൾ വാങ്ങുമ്പോൾ സർക്കാരിന് എത്ര ലക്ഷം രൂപയുടെ അധികബാധ്യത ഉണ്ടാകും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-18 വർഷത്തേക്കുള്ള ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കേരള വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചുവരുന്നു.

(ഡി) എല്ലാ പമ്പ്സെറ്റുകളും മാറ്റി സ്ഥാപിക്കുന്നതിന് 739.95 ലക്ഷം രൂപയുടെ അധിക ബാദ്ധ്യത ഉണ്ടാകുന്നതാണ്.

**മേജർ കുടിവെള്ള പദ്ധതി**

176 (2669) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റ് കേന്ദ്രവും തീർത്ഥാടന കേന്ദ്രവും മത്സ്യത്തൊഴിലാളികളും കശുവണ്ടി തൊഴിലാളികളും തിങ്ങി പാർക്കുന്നതുമായ വർക്കലയിൽ കുടിവെള്ളക്ഷാമം രൂക്ഷമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരം ജില്ലയിൽ ഏറ്റവും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന സ്ഥലമായ വർക്കലയിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഒരു മേജർ കുടിവെള്ള പദ്ധതി നടപ്പിലാക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വർക്കല മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ പുനരുദ്ധാരണത്തിനുവേണ്ടി 130 കോടി രൂപ മതിപ്പുചെലവ് കണക്കാക്കിയുള്ള ഒരു പദ്ധതിയുടെ പേഴ്സ്പെക്ടീവ് പ്ലാൻ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**കെട്ടിട സമുച്ചയം**

177 (2670) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിൽ പ്രവർത്തിക്കുന്ന വിവിധ വാട്ടർ അതോറിറ്റി ഓഫീസുകൾക്ക് കെട്ടിട സമുച്ചയം പണിയുന്നതിനുള്ള ഭൂമി ലഭ്യമാണോ; വിശദമാക്കാമോ;

(ബി) ഭൂമി ലഭ്യമാണെങ്കിൽ ടി ഓഫീസുകൾക്കുള്ള കെട്ടിട നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) കെട്ടിട നിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ലഭ്യമാണ്. കേരള വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള പയ്യന്നൂർ വില്ലേജിലെ ആർ.എസ്. നമ്പർ 73/14 ബി-യിൽപ്പെട്ട 9 സെന്റ് ഭൂമിയാണ് കെട്ടിടം നിർമ്മിക്കുന്നതിനായി ഉദ്ദേശിക്കുന്നത്.

(ബി & സി) കെട്ടിടം നിർമ്മിക്കുന്നതിനുള്ള റഫ് കോസ്റ്റ് എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

**കുട്ടനാടിന്റെ കുടിവെള്ളപ്രശ്നം**

178 (2671) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടിന്റെ കുടിവെള്ളപ്രശ്നം പരിഹരിക്കാൻ, ജപ്പാൻ കുടിവെള്ള പദ്ധതിയുടെ മാതൃകയിൽ, എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കുട്ടനാടിന്റെ കുടിവെള്ള പ്രശ്നവും ഓര് പ്രശ്നവും പരിഹരിക്കാൻ വിശദമായ പഠനം നടത്തി നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കുട്ടനാട് പ്രദേശത്തെ ജലക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിനു വേണ്ടി ഒരു സമഗ്ര കുടിവെള്ള പദ്ധതിക്ക് കേരള വാട്ടർ അതോറിറ്റി രൂപം നൽകിയിട്ടുണ്ട്. കഴിഞ്ഞ പൊതുബജറ്റിൽ പ്രഖ്യാപിച്ച കുട്ടനാട് സമഗ്രകുടിവെള്ള പദ്ധതിക്കുവേണ്ടിയുള്ള 195 കോടി രൂപയുടെ എസ്റ്റിമേറ്റ് പ്രത്യേക നിക്ഷേപപദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

(ബി) തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ താഴ്ത്തി ഓരുവെള്ളം കുട്ടനാട്ടിൽ കയറുന്നത് തടഞ്ഞിട്ടുണ്ട്. വിവിധ കൈത്തോടുകളിൽ കൂടി ഓരുവെള്ളം കയറാതിരിക്കാൻ മൈനർ ഇറിഗേഷൻ, ചെങ്ങന്നൂരിന്റെയും കെ.ഡി. ഡിവിഷൻ, തണ്ണീർമുക്കത്തിന്റെയും കീഴിൽ ചേർത്തല, അമ്പലപ്പുഴ താലൂക്കുകളിലും വിവിധ പഞ്ചായത്തുകൾ, പാടശേഖര സമിതികൾ എന്നിവ മുഖാന്തരവും ഓരുമുട്ടുകൾ നിർമ്മിച്ചുവരുന്നു. പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുവാൻ വിശദമായ പഠനങ്ങൾ ആവശ്യമാണെങ്കിൽ നടത്താവുന്നതാണ്.

**കുടിവെള്ളക്ഷാമം**

179 (2672) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് ഏതൊക്കെ വൻകിട,ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ; ഓരോന്നിനും എത്ര വീതം തുകയാണ് അനുവദിക്കപ്പെട്ടിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) വരൾച്ചാബാധിത സംസ്ഥാനം എന്ന നിലയിൽ കേന്ദ്ര സർക്കാരിൽ നിന്നും ജലക്ഷാമം പരിഹരിക്കാൻ വേണ്ടി എത്ര തുക അനുവദിക്കപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;വേനൽ കടുത്തതോടെ ജനങ്ങൾ നേരിടുന്ന ശുദ്ധജലക്ഷാമം പരിഹരിക്കാൻ ഓരോ ജില്ലകൾക്കും അനുവദിക്കപ്പെട്ട തുക എത്രയാണ്?

<u>ഉത്തരം</u>

(എ) <u>ജലസേചന വകുപ്പ്</u>

കുടിവെള്ള ലഭ്യത ഉറപ്പാക്കുക എന്ന ഉദ്ദേശ്യലക്ഷ്യങ്ങളോടെ തടയണകൾ, വി.സി.ബി./ആർ.സി.ബി.കൾ എന്നിവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. പൂർത്തീകരിച്ച തടയണകൾ/വി.സി.ബി.കൾ/ആർ.സി.ബി. ഇവയിൽ ഷട്ടർ ഇട്ട് വെള്ളം സംഭരിച്ചിട്ടുണ്ട്. നദികളിലേയ്ക്ക് കടലിൽനിന്നും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി 2016-17 സാമ്പത്തിക വർഷം വിവിധ ജില്ലകളിലായി 56 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ പ്രവർത്തനം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ഇവ പൂർത്തിയാകുന്നതോടെ ഒരു പരിധിവരെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സാധിക്കുന്നതാണ്.

<u>കേരള ജല അതോറിറ്റി</u>

1. കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സുകളിലെ ജലം സംരക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഇതിന്റെ ഭാഗമായി തടയണകൾ നിർമ്മിക്കുകയും വിവിധ ചിറകളിൽ പുനരുദ്ധാരണ പ്രവൃത്തികളേറ്റെടുത്ത് ജലം സംരക്ഷിച്ച് വിവിധ ശുദ്ധീകരണപ്രക്രിയകളിലൂടെ ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. ലീക്കുകൾമൂലമുള്ള ജലനഷ്ടം ഒഴിവാക്കുന്നതിന് ലീക്കുകൾ ശ്രദ്ധയിൽപ്പെട്ടാൽ 24 മണിക്കൂറിനകം പരിഹരിക്കാറുണ്ട്.

3. ജലദൗർലഭ്യം നേരിടുന്ന ഉയർന്ന പ്രദേശങ്ങളിൽ വാൽവുകൾ ക്രമീകരിച്ചും പമ്പിംഗ് സമയം ദീർഘിപ്പിച്ചും ജലലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4. പമ്പ് ഹൗസുകളിലെ പമ്പുകൾ അറ്റകുറ്റപ്പണികൾ നടത്തി കാര്യക്ഷമമാക്കുന്നതിനും ശേഷികൂടിയ പമ്പുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

5. ജലമോഷണം, ജലചൂഷണം എന്നിവ തടയുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

6. നിലവിൽ നിർമ്മാണത്തിലിരിക്കുന്ന ശുദ്ധജലവിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഭൂജല വകുപ്പ്

കുടിവെള്ളലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ ഭൂജലപര്യവേക്ഷണം നടത്തി കുഴൽക്കിണറുകൾ നിർമ്മിച്ച് ജലലഭ്യതയുള്ള കിണറുകളിൽ ചെറുകിട കുടിവെള്ള പദ്ധതികളും ജലലഭ്യത കുറഞ്ഞ കിണറുകളിൽ കൈപ്പമ്പ് പദ്ധതികളും രാജീവ്ഗാന്ധി പദ്ധതിയിൻകീഴിൽ ഭൂജലവകുപ്പ് നടപ്പിലാക്കിവരുന്നു. 2016-17 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി അനുവദിച്ച ഒരു കോടി രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. 32 ചെറുകിട കുടിവെള്ള പദ്ധതികളും 81 കുഴൽക്കിണർ നിർമ്മാണവും 20 കൈപ്പമ്പ് പദ്ധതികളും 810 ഹാൻഡ് പമ്പ് അറ്റകുറ്റപ്പണികളും ഇതുവരെ ഈ പദ്ധതിയിൻകീഴിൽ പൂർത്തീകരിച്ചിട്ടുണ്ട്. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി രാജീവ്ഗാന്ധി പദ്ധതിയിൽപ്പെടുത്തി 1240.33 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 5505 കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും 585 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനുമുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇതിൽ 2991 കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും 93 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

ജലനിധി:

കുടിവെള്ളക്ഷാമം നേരിടുന്ന പഞ്ചായത്തുകളിൽ ജലലഭ്യത ഉറപ്പാക്കുന്നതിന് ലോകബാങ്ക് സഹായത്തോടെ ജലനിധി രണ്ടാംഘട്ട പദ്ധതി ജലനിധി മുഖേന 119 പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു. 2017-18 കാലയളവിലേയ്ക്ക് 1022 കോടി രൂപ മുതൽമുടക്കി കുടിവെള്ളക്ഷാമം നേരിടുന്ന ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കർമ്മപരിപാടികൾ നടപ്പാക്കിവരുന്നു. കൂടാതെ ജലനിധി പദ്ധതികളുടെ ജലസ്രോതസ്സുകളിൽ കുടിവെള്ളലഭ്യത ഉറപ്പാക്കുന്നതിന് ജലസംരക്ഷണം, ഭൂജല പരിപോഷണം എന്നീ കർമ്മ പദ്ധതികളും ജലനിധി ആവിഷ്കരിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതികളുടെ പ്രവർത്തനത്തിനായി ബജറ്റിൽ വകയിരുത്തിയ തുക വിവിധ ഘട്ടങ്ങളിലായി അനുവദിച്ചിട്ടുണ്ട്. കേരളത്തിൽ ഇപ്പോൾ അനുഭവപ്പെടുന്ന വരൾച്ച നേരിടുന്നതിന്റെ ഭാഗമായി കഴിയുന്നത്ര കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് ജനങ്ങൾക്ക് കുടിവെള്ള സൗകര്യം നൽകാനുള്ള നടപടികൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു.

(ബി) കേരള ജല അതോറിറ്റി:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് കിഫ്ബി (KIIFB), NABARD RIDF-XXII എന്നിവയിലുൾപ്പെടുത്തി അനുമതി നൽകിയ ശുദ്ധജല വിതരണ പദ്ധതികളുടെയും പൂർത്തീകരിച്ച പദ്ധതികളുടെയും വിവരങ്ങൾ അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

ഭൂജല വകുപ്പ്

സംസ്ഥാനത്ത് ഭൂജല വകുപ്പ് കുഴൽക്കിണറുകൾ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം* ആയി ചേർക്കുന്നു.

ജലനിധി

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 152 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം* ആയി ചേർക്കുന്നു.

(സി) കേന്ദ്രസഹായം ലഭിക്കുന്നതിനായി താൽക്കാലിക തടയണകൾക്കും മറ്റ് അറ്റകുറ്റപ്രവൃത്തികൾക്കുമായി 9.38 കോടി രൂപയുടെ പ്രൊപ്പോസൽ ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യു) വകുപ്പിന്റെ പരിഗണനയിലാണ്.

**കുടിവെള്ളത്തിന്റെ ദുരുപയോഗം**

180 (2673) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയിൽ നിന്നുമുള്ള കുടിവെള്ളം സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും കൂടിയ വിലയ്ക്ക് മറിച്ച് വിൽക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ പ്രവണത തടയുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

(സി) കുടിവെള്ളത്തിന്റെ ദുരുപയോഗം തടയുന്നതിനും പാഴാക്കൽ തടയുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ശുദ്ധജലത്തിന്റെ ദുരുപയോഗം നിരുത്സാഹപ്പെടുത്തുന്നതിനും ഉപഭോഗം പരമാവധി കുറയ്ക്കുന്നതിനും ജലസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ദൃശ്യ-ശ്രവ്യ-പത്രമാധ്യമങ്ങൾ വഴിയുള്ള പ്രചാരണം, സോഷ്യൽ മീഡിയ വഴിയുള്ള ബോധവൽക്കരണം മുതലായവ നടത്താൻ ഉദ്ദേശിക്കുന്നു. കൂടാതെ ജലം ദുരുപയോഗം ചെയ്യുന്നത് കണ്ടെത്താനും തടയാനുമായി ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ച് കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് സംബന്ധിച്ച് നിരന്തരം പത്രമാധ്യമങ്ങൾവഴി പ്രചാരണം നടത്തുന്നുമുണ്ട്.

**ജലമെത്തിക്കാനുള്ള പദ്ധതികൾ**

181 (2674) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലദൗർലഭ്യമുള്ള ഇടങ്ങളിൽ വെള്ളമെത്തിക്കാനുള്ള പദ്ധതികൾ മങ്കട മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട എല്ലാ ജലാശയങ്ങളുടെയും 500 മീറ്റർ അകലത്തിൽ തടയണകൾ നിർമ്മിച്ച് ജലസംരക്ഷണം ഉറപ്പാക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ മങ്കട മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്തുവരുന്നു;

(സി) വരൾച്ച രൂക്ഷമായ പ്രദേശങ്ങളിൽ ജി.പി.എസ്. ഘടിപ്പിച്ച വാഹനങ്ങൾ വഴി വെള്ളമെത്തിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) മൂർക്കനാടിനും സമീപ പ്രദേശങ്ങൾക്കുമുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി മങ്കട മണ്ഡലത്തിൽ മൂർക്കനാട്, കുറുവ, കൂട്ടിലങ്ങാടി, മങ്കട, പുഴക്കാട്ടിരി, മക്കരപ്പറമ്പ് പഞ്ചായത്തുകളിൽ വിതരണ ശൃംഖലയുടെ പ്രവൃത്തി പുരോഗമിക്കുന്നു. പൂർത്തിയായ സ്ഥലങ്ങളിലെല്ലാം പുതിയ വാട്ടർ കണക്ഷനുകൾ നൽകി

കുടിവെള്ളക്ഷാമം പരിഹരിച്ചുവരുന്നുണ്ട്. കൂടാതെ നിലവിലുള്ള മങ്കട ഗ്രാമീണ ജലവിതരണ പദ്ധതിയിൽനിന്നും കുടിവെള്ള വിതരണം നടത്തിവരുന്നുണ്ട്.

ജലസേചന വകുപ്പിനുകീഴിൽ മങ്കട മണ്ഡലത്തിൽ ജലദൗർലഭ്യം ലഘൂകരിക്കുന്നതിന്റെ ഭാഗമായി പൂർത്തിയായ തടയണകളിൽ ഷട്ടറുകൾ ഇട്ട് വെള്ളം തടഞ്ഞുനിർത്തിയിട്ടുണ്ട്.

(ബി) എല്ലാ ജലാശയങ്ങളിലും തടയണകൾ നിർമ്മിച്ച് ജലസംരക്ഷണം ഉറപ്പാക്കുമെന്ന പ്രഖ്യാപനത്തിന്റെ ആദ്യഘട്ടമായി മങ്കട മണ്ഡലത്തിലെ പുഴക്കാട്ടിരി പഞ്ചായത്തിലെ വാർഡ് 17-ൽ ചെറുപുഴത്തോടിന് കുറുകെ നാലാംപാടം എന്ന സ്ഥലത്തെ ചെക്ക്ഡാം, കൂട്ടിലങ്ങാടി പഞ്ചായത്തിലെ ചെറുപുഴയിൽ വി.സി.ബി.-കം-ബ്രിഡ്ജ് എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(സി) വാട്ടർ കിയോസ്കുകൾ പ്രായോഗികമല്ലാത്തതും രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നതുമായ പ്രദേശങ്ങളിൽ ജി.പി.എസ്. ഘടിപ്പിച്ച വാഹനങ്ങളിൽ നേരിട്ട് കുടിവെള്ളമെത്തിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മുടങ്ങിക്കിടക്കുന്ന ശുദ്ധജല പദ്ധതികൾ**

182 (2675) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുതും വലുതുമായ എത്ര ശുദ്ധജല പദ്ധതികൾ മുടങ്ങിക്കിടപ്പുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) മുടങ്ങിക്കിടക്കുന്ന ശുദ്ധജല പദ്ധതികൾ പുനരുജ്ജീവിപ്പിക്കുവാൻ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ;

(സി) മേൽപ്പറഞ്ഞ ശുദ്ധജല പദ്ധതികൾക്കായി ആകെ ചെലവായ തുക എത്രയാണ് എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ചെറുതും വലുതുമായ 25 ശുദ്ധജല പദ്ധതികൾ മുടങ്ങിക്കിടപ്പുണ്ട്. പദ്ധതികളുടെ പട്ടിക അനുബന്ധം* ആയി ചേർക്കുന്നു.

(ബി) സ്ഥല പരിമിതിമൂലം മുടങ്ങിക്കിടക്കുന്ന ശുദ്ധജല പദ്ധതികൾക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളോട്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ മറ്റ് വകുപ്പുകളിലുള്ള കാലതാമസം ഒഴിവാക്കിക്കിട്ടാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലം മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് തുക കണ്ടെത്തേണ്ടതുണ്ട്.

(സി) കേരള ജല അതോറിറ്റിയുടെ കീഴിലെ ശുദ്ധജല പദ്ധതികൾക്കായി ഇതുവരെ 5881.129 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക**

183 (2676) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെള്ളക്കരയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക എത്ര രൂപയാണ്; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) ഇതിൽ വൻതുക ഒടുക്കാനുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് കുടിശ്ശിക ഈടാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനായി ഡിമാന്റ് നോട്ടീസും ഡിസ്കണക്ഷൻ നോട്ടീസും നൽകുകയും കുടിശ്ശിക വരുത്തി കണക്ഷൻ വിച്ഛേദിച്ചിട്ട് കുടിശ്ശിക അടയ്ക്കാഞ്ഞാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കുടിശ്ശിക തവണകളായിട്ട് അടയ്ക്കുന്നതിനും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം കുടിശ്ശിക അടയ്ക്കുന്നതിനുമുള്ള സൗകര്യം ഉപഭോക്താക്കൾക്ക് നൽകിവരുന്നു.

**യാത്രയ്ക്കിടെ മരണം**

184 (2677) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃത്യനിർവ്വഹണത്തിനായുള്ള യാത്രയ്ക്കിടെ വാഹനാപകടത്തിൽ 20-11-2015-ന് മരണമടഞ്ഞ കേരള വാട്ടർ അതോറിറ്റി ചാലക്കുടി സെക്ഷൻ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഓഫീസിലെ ഫിറ്റർ ടി. വി. ശിവഷാജന്റെ കുടുംബത്തിന് ലഭിക്കേണ്ട ഇൻഷ്വറൻസ് ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ശിവഷാജന്റെ ഭാര്യ ശ്രീമതി രേഖാമോൾക്ക് ഇൻഷ്വറൻസ് ആനുകൂല്യം ഉടൻ ലഭ്യമാക്കുന്നതിനും ഇവർക്ക് ആശ്രിത നിമയനം ലഭിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ചാലക്കുടി സബ് ഡിവിഷനിലെ ഹെഡ് ഫിറ്റർ ആയിരുന്ന ടി. വി. ശിവഷാജന്റെ മാസശമ്പളത്തിൽനിന്നും കുറവ് ചെയ്ത 2015-ലെ ഇൻഷ്വറൻസ് പ്രീമിയം ചാലക്കുടി സബ് ഡിവിഷൻ ഓഫീസിൽനിന്നും ഇൻഷ്വറൻസ് വകുപ്പിൽ അടച്ചിരുന്നില്ല. എന്നാൽ 2013, 2014 വർഷങ്ങളിലെ പ്രീമിയം തുക സമയബന്ധിതമായി അടച്ചിരുന്നതുമാണ്. പ്രീമിയം തുക കൃത്യമായി അടയ്ക്കുന്നതിൽ വീഴ്ച സംഭവിച്ചതിനാൽ ക്ലെയിം പരിഗണിക്കുവാൻ സാധിക്കുകയില്ലെന്ന് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് അറിയിച്ചിരുന്നു. എന്നാൽ ഈ വിഷയത്തിൽ ഒരു പ്രത്യേക മാനുഷിക പരിഗണന നൽകി പരേതനായ ശിവഷാജന്റെ കുടുംബത്തിന് ഇൻഷ്വറൻസ് ആനുകൂല്യം നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയിരുന്നു. പരേതനായ ടി. വി. ശിവഷാജന്റെ ശമ്പളത്തിൽ നിന്നും ഇൻഷ്വറൻസ് പ്രീമിയം ഈടാക്കുകയും ടിയാന്റേതല്ലാത്ത കാരണത്താൽ ടി തുക ഇൻഷ്വറൻസ് വകുപ്പിന് കൊടുക്കുന്നതിൽ വീഴ്ച സംഭവിക്കുകയും ചെയ്ത സാഹചര്യത്തിൽ പരേതന്റെ കുടുംബത്തിന് അവകാശപ്പെട്ട തുക കേരള വാട്ടർ അതോറിറ്റി ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള ഒരു ശിപാർശ വരുന്ന കേരള വാട്ടർ അതോറിറ്റിയുടെ ബോർഡ് യോഗത്തിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. ടി തുക ഇൻഷ്വറൻസ് വകുപ്പ് അനുവദിച്ചാൽ ആയത് കേരള വാട്ടർ അതോറിറ്റിയിൽ തിരികെ നൽകിക്കൊള്ളാമെന്ന വ്യവസ്ഥ പ്രകാരമാണ് ശിപാർശ ബോർഡിന്റെ പരിഗണനയ്ക്കായി വയ്ക്കുന്നത്.

മരണപ്പെട്ട ടി. വി. ശിവഷാജന്റെ ഭാര്യ ശ്രീമതി രേഖാമോളുടെ ആശ്രിതനിയമനത്തിനുള്ള അപേക്ഷ 31-12-2016-ൽ കേരള വാട്ടർ അതോറിറ്റി ഹെഡ് ഓഫീസിൽ ലഭിച്ചിട്ടുണ്ട്. ടി. അപേക്ഷ കേരള വാട്ടർ അതോറിറ്റി ബോർഡിന്റെ അംഗീകാരത്തോടെ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## വിദ്യാഭാസ ആനുകൂല്യങ്ങൾ

185 (2678) ശ്രീ. രാജു എബ്രഹാം:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ലഭിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ;എങ്കിൽ വരുത്തിയ വർദ്ധനവ് എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(സി) ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികളുടെ പോക്കറ്റ് മണി, ഹോസ്റ്റൽ ഡേ അലവൻസ് എന്നിവ വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ഡി) ഐ.ടി.ഐ. വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണ പരിപാടി ആരംഭിച്ചിട്ടുണ്ടോ;

(ഇ) മുൻ സർക്കാരിന്റെ കാലത്ത് പ്രസ്തുത വിഭാഗം വിദ്യാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങൾ കുടിശ്ശികയായിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നൽകുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ)

1. പ്രീമെട്രിക് സ്കോളർഷിപ്പ്
2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്
3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്
4. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് (100% CSS)
5. 9, 10 ക്ലാസ്സുകളിലെ പ്രീ-മെട്രിക് സ്കോളർഷിപ്പ് (100% CSS)

6. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് (2.5 ലക്ഷം രൂപയിൽതാഴെ വാർഷിക കുടുംബ വരുമാനമുള്ളവർക്ക്)

7. സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് 5,500 രൂപ.

8. ലാപ്ടോപ്പ് വാങ്ങുന്നതിന് 25,000 രൂപ.

9. പ്രാരംഭച്ചെലവുകൾ

10. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കായുള്ള ധനസഹായം

11. അയ്യങ്കാളി ടാലന്റ് സെർച്ച് & ഡെവലപ്മെന്റ് സ്കീം

12. വിഷൻ 2013-മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി.

13. പ്രത്യേക പ്രോത്സാഹന സമ്മാനം (എസ്.എസ്.എൽ.സി, +2, ടി.ടി.സി., ഡിപ്ലോമ, ഡിഗ്രി, പി.ജി., പ്രൊഫഷണൽ കോഴ്സുകൾക്ക് ഉന്നത വിജയം കരസ്ഥമാക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക്)

14. ബുക്ക് ബാങ്ക് സ്കീം (50% CSS)

15. പാരലൽ കോളേജുകളിൽ പഠിക്കുന്നവർക്ക് ധനസഹായം

(ബി) വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ തുക 25% വർദ്ധിപ്പിച്ചിട്ടുണ്ട്. 25-06-2016-ലെ സർക്കാർ ഉത്തരവ് (എം.എസ്.)43/2016/പജപവവിവ. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം* ചെയ്യുന്നു.

(സി) വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് തലത്തിൽ പോക്കറ്റ്മണി 25% ഉയർത്തി. ഹോസ്റ്റൽ ഡേ അലവൻസ് 25 രൂപയായിരുന്നത് 100 രൂപയാക്കി.

(ഡി) ആരംഭിച്ചിട്ടുണ്ട്. 44 ഐ.ടി.ഐ.കളിലെ 1800 വിദ്യാർത്ഥികൾക്ക് ഇതിന്റെ ഗുണം ലഭിക്കുന്നുണ്ട്.

(ഇ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ കുടിശ്ശികയില്ലാതെ യഥാസമയം വിതരണം ചെയ്യുന്നുണ്ട്. അപേക്ഷയിലെ സാങ്കേതിക തകരാറുകൾ കാരണം അനുമതി നൽകുവാൻ താമസമുണ്ടായ ക്ലെയിമുകൾ തകരാറുകൾ പരിഹരിച്ച് വിതരണം ചെയ്തുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പകൽ വീടുകൾ

186 (2679) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മണ്ഡലത്തിൽ ഏതെല്ലാം പട്ടികജാതി കോളനികളിൽ പകൽ വീടുകൾ നിർമ്മിച്ചിട്ടുണ്ട്;

(ബി) ഇതിൽ ഏതെല്ലാം പകൽവീടുകൾ പ്രവർത്തനം ആരംഭിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പകൽ വീടുകളുടെ പ്രവർത്തനം ആരംഭിക്കുവാൻ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ;

(ഡി) പകൽ വീടുകൾക്ക് പ്രവർത്തന ഫണ്ട് അനുവദിയ്ക്കുവാൻ എന്തെങ്കിലും പദ്ധതികൾ പട്ടികജാതി വികസന വകുപ്പിന് കീഴിലുണ്ടോ?

ഉത്തരം

(എ) ആലുവ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ പട്ടികജാതി വകുപ്പുമുഖേന പകൽവീടുകൾ നിർമ്മിച്ചിട്ടില്ല.

(ബി & സി) ബാധകമല്ല.

(ഡി) ഇല്ല.

## സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

187 (2680) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം പര്യാപ്ത ഗ്രാമം എന്ന പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര പട്ടികജാതി കോളനികളിൽ വികസന പ്രവൃത്തികൾ നടത്തിയിട്ടുണ്ട്;അവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) പല കോളനികളിലും ഇതുവരെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പ്രവൃത്തി കളാണെന്നും ഏത് ഏജൻസിയാണ് പ്രവൃത്തി ഏറ്റെടുത്തതെന്നും വ്യക്തമാക്കാമോ; പൂർത്തിയാകാത്ത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്വയം പര്യാപ്ത ഗ്രാമം എന്ന പദ്ധതി പ്രകാരം സംസ്ഥാനത്ത് 216 പട്ടികജാതി കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

**ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി**

188 (2681) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വിഭാഗ സമുദായങ്ങൾക്ക് നൽകുന്ന പദ്ധതികളിലെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പട്ടിക വിഭാഗ സമുദായത്തിൽപ്പെട്ടവർക്ക് നൽകുന്ന ചികിത്സ സഹായം കാലോചിതമായി വർദ്ധിപ്പിക്കുമോ?

ഉത്തരം

(എ&ബി)പട്ടിക വിഭാഗ സമുദായങ്ങൾക്ക് നൽകിവരുന്ന വിവാഹധനസഹായവും മിശ്ര വിവാഹ ധനസഹായവും ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള വരുമാന പരിധി ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

**വയനാട് ജില്ലയിൽ പ്രഖ്യാപിച്ച പദ്ധതികൾ**

189 (T*2682) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻവർഷങ്ങളിൽ വയനാട് ജില്ലയിൽ മാവോയിസ്റ്റ് ഭീഷണിയുടെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച പട്ടികജാതി പട്ടികവർഗ്ഗ വികസന ക്ഷേമ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഈ പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(സി) ഈ പദ്ധതികൾക്കായി ജില്ലയിൽ എത്ര തുക ചെലവഴിച്ചു?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ്

വയനാട് ജില്ലയിൽ മാവോയിസ്റ്റ് ഭീഷണിയുടെ പശ്ചാത്തലത്തിൽ പട്ടികജാതി വികസന വകുപ്പ് ക്ഷേമപദ്ധതികൾ ഒന്നും നടപ്പിലാക്കുന്നില്ല.

പട്ടികവർഗ്ഗ വികസന വകുപ്പ്

മാനന്തവാടി താലൂക്കിൽ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ 12 കോളനികളിൽ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തുമുഖേന സമഗ്ര വികസന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ്:

സമഗ്ര വികസന പദ്ധതി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച് ലഭ്യമായിട്ടുള്ള വിശദാംശങ്ങൾ ഇനം തിരിച്ച് അനുബന്ധമായി* ചേർക്കുന്നു.

(സി) പട്ടികവർഗ്ഗ വികസന വകുപ്പ്:

സമഗ്ര വികസന പദ്ധതിക്കായി 5 കോടി രൂപയാണ് ആകെ വകയിരുത്തിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിന് തുക ചെലവഴിക്കുന്നത് മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് മുഖേനയാണ്. ആയതിന്റെ ചെലവ് വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**ഐ.ടി.ഐ കെട്ടിടനിർമ്മാണം**

190 (2683) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിനു കീഴിലുള്ള പരവൂർ ഐ.ടി.ഐ. കെട്ടിടനിർമ്മാണ പ്രവൃത്തി സംബന്ധിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറി ആഫീസിൽ നിലവിലുള്ള 15448/A1/2015/പജപവവിവ. നമ്പർ ഫയലിൽ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കെട്ടിടനിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ;

(സി) കഴിവതും വേഗത്തിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ

ഉത്തരം

(എ&ബി) ആദ്യത്തെ കരാറുകാരൻ പ്രവൃത്തി നടത്തിപ്പിൽ വീഴ്ചവരുത്തിയതിനാൽ ടിയാൾക്കെതിരെ നടപടികൾ തുടങ്ങിയിട്ടുണ്ട്. നിലവിലുള്ള എസ്റ്റിമേറ്റ് തുകയിൽ ഉൾപ്പെടുന്ന രീതിയിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ ധനകാര്യ വകുപ്പിന്റെ അനുമതിയോടെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

**തൊഴിൽ നൈപുണ്യ പദ്ധതികൾ**

191 (2684) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ സമുദായങ്ങളിൽപ്പെട്ട യുവതി യുവാക്കൾക്ക് തൊഴിൽ നൈപുണ്യം നേടുന്നതിനുള്ള പ്രത്യേക പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) അതിനായി ഈ സർക്കാർ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ്:

സംസ്ഥാനത്തെ പട്ടികജാതി സമുദായത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് തൊഴിൽ നൈപുണ്യം നേടുന്നതിലേക്കായി എക്സ്റേ വെൽഡിംഗ്, അലൂമിനിയം ഫാബ്രിക്കേഷൻ, സ്റ്റീൽ സ്ട്രക്ചറൽ ഫാബ്രിക്കേഷൻ, ഫോർക്ക് ലിഫ്റ്റ് ക്രെയിൻ, ജെ.സി.ബി., ഇലക്ട്രിക്കൽ വയറിംഗ്, ഡി.റ്റി.പി., ടെയ് ലറിംഗ് & എംബ്രോയിഡറി, പ്ലാസ്റ്റിക് പ്രോഡക്ട് ഡിസൈനിംഗ് & ഡെവലപ്മെന്റ്, LED ബൾബ് നിർമ്മാണം, സോഫ്റ്റ്‌വെയർ വികസന പരിശീലനം, മറ്റ് IT related കോഴ്സുകൾ, മറ്റ് സോഫ്റ്റ് സ്കിൽ പരിശീലന പരിപാടികൾ എന്നിവയിൽ വകുപ്പ് നേരിട്ടും പ്രത്യേക ഏജൻസികൾ വഴിയും ട്രെയിനിംഗ് നൽകിവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ്:

സംസ്ഥാനത്തെ പട്ടികവർഗ്ഗ യുവാക്കൾക്ക് 'സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം' എന്ന ബജറ്റ് ശീർഷകപ്രകാരം വിവിധ നൈപുണ്യ വികസന പരിശീലനങ്ങൾ, സ്വയംതൊഴിലിനുള്ള ധനസഹായം എന്നിവ നൽകിവരുന്നു. കൂടാതെ വിവിധ സ്കീമുകളായ കോർപ്പസ് ഫണ്ട്, ആർട്ടിക്കിൾ 275 (1), എസ്.സി.എ.ടു. ടി.എസ്.പി. കേന്ദ്ര സർക്കാരിന്റെ ധനസഹായം മുഖേനയും പട്ടികവർഗ്ഗക്കാരായ യുവാക്കളുടെ നൈപുണ്യ വികസനത്തിനായി പദ്ധതികൾ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യ വികസനം നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) മിൽമയുമായി സഹകരിച്ച് ഐസ് ക്രീം കനോപ്പി എന്ന പേരിൽ സഞ്ചരിക്കുന്ന വിൽപ്പനശാലയ്ക്ക് രൂപം നൽകിയിട്ടുണ്ട്. (എറണാകുളം, കോട്ടയം, ഇടുക്കി, തൃശ്ശൂർ ജില്ലകളിലായി 40 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുകയും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ ടി പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ ഘട്ടത്തിലുമാണ്.)

ഇതിനുപുറമെ പരമ്പരാഗത കന്നുകാലി വളർത്തൽ പദ്ധതിയിലൂടെ സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി പശു വളർത്തൽ കേന്ദ്രങ്ങൾ എറണാകുളം (50 കുടുംബങ്ങൾ), കാസർഗോഡ് (100 കുടുംബങ്ങൾ) തുടങ്ങിയ ജില്ലകളിൽ പ്രവർത്തനം ആരംഭിക്കുന്നതിന്റെ പ്രാരംഭഘട്ടത്തിലാണ്. കുടുംബശ്രീ മുഖേന അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വനിതകൾക്ക് വിത്തുവിതരണ പദ്ധതിയുടെ ഭാഗമായി 18.71 ലക്ഷം രൂപയുടെ പദ്ധതിക്കും കൂടാതെ കുടുംബശ്രീ മുഖേന പട്ടികവർഗ്ഗ സുസ്ഥിര വികസന പദ്ധതിക്കായി സ്വയംസഹായ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് 350 ലക്ഷം രൂപക്കും സർക്കാർ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. അട്ടപ്പാടി തുടങ്ങിയ മേഖലകളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഈ ഉൽപ്പന്നങ്ങൾക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനും കുടുംബശ്രീയുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുമായി സഹകരിച്ച് അവരുടെ ഉൽപ്പന്നങ്ങളുടെ കച്ചവടകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ നിർമ്മാണ മേഖലയിൽ തൊഴിലവസരങ്ങൾ പട്ടികവർഗ്ഗക്കാർക്ക് ലഭിക്കുന്നതിനായി ബയോപോളിമർ സയൻസ് ആന്റ് ടെക്നോളജി എന്ന സ്ഥാപനവുമായി സഹകരിച്ച് 75 പേർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുള്ള

പദ്ധതി പ്രാരംഭഘട്ടത്തിലാണ്. ഇപ്രകാരം പരമ്പരാഗത തൊഴിൽ മേഖലയിൽ, ആധുനിക മേഖലയിലുണ്ടാകുന്ന തൊഴിൽ അവസരങ്ങൾ ഒരുപോലെ പട്ടികവർഗ്ഗക്കാർക്ക് പ്രയോജനം ലഭിക്കുന്ന രീതിയിലുള്ള പദ്ധതിയാണ് ആവിഷ്കരിച്ചുവരുന്നത്. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ മുഖേന 250 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ ഡിപ്ലോമ കോഴ്സിനും 100 വിദ്യാർത്ഥികൾക്ക് 3 വർഷത്തെ ഡിപ്ലോമ കോഴ്സിനും പരിശീലനം നൽകിവരുന്നു.

ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ മുഖേന അട്ടപ്പാടിയിലെ 50 പട്ടികവർഗ്ഗക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം (DCA) നടപ്പാക്കുന്നതിന്റെ പ്രാരംഭഘട്ടത്തിലാണ്. ഇതിനു പുറമെ പട്ടികവർഗ്ഗക്കാർക്ക് അവരിഷ്ടപ്പെടുന്ന മേഖലയിൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള ധനസഹായം വകുപ്പ് നേരിട്ട് നൽകിവരുന്നു. 2016-17 വർഷത്തിൽ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സർക്കാർ സ്ഥാപനവുമായി സഹകരിച്ച് 640 പേർക്ക് നൈപുണ്യ വികസനത്തിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനുമായി 334.10 ലക്ഷം രൂപ ചെലവുവരുന്ന ഒരു പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ എ.എസ്.എ.പി. പോലുള്ള പദ്ധതികളിലും പ്രത്യേക നൈപുണ്യ വികസന പദ്ധതികളിലും മോഡൽ റസിഡൻഷ്യൽ സ്കൂളിലെ കുട്ടികൾക്ക് വിവിധ തൊഴിലധിഷ്ഠിത പരിശീലനം നൽകിവരുന്നു.

**ചികിത്സാ ധനസഹായം**

192 (2685) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേലക്കര മണ്ഡലത്തിൽ ഇതുവരെ എത്ര പട്ടികജാതി വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് ചികിത്സാധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്;

(ബി) എത്ര ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേലക്കര മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 546 പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ആകെ 87,93,500 (ആകെ എൺപത്തി ഏഴ് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി അഞ്ഞൂറ് ) രൂപ അനുവദിച്ചിട്ടുണ്ട്.

## മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

193 (2686) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര, വടക്കാഞ്ചേരി എന്നിവിടങ്ങളിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പട്ടികജാതി വിഭാഗത്തിലെ ആൺകുട്ടികൾക്കു മാത്രമുള്ളതാണ് എന്നത് കണക്കിലെടുത്ത് ഈ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് റസിഡൻഷ്യൽ പഠനസൗകര്യം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) പരിശോധിക്കുന്നതാണ്.

## ആശിക്കും ഭൂമി ആദിവാസിക്ക് എന്ന പദ്ധതി

194 (2687) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശിക്കും ഭൂമി ആദിവാസിക്ക് എന്ന പദ്ധതിയിലൂടെ വീടും സ്ഥലവും ലഭിച്ചിരുന്ന തൃക്കരിപ്പൂർ പഞ്ചായത്തിലെ രോഹിണി ബാലചന്ദ്രന് (മാവിലൻ-എസ്. ടി. വിഭാഗം) അവരുടെ ഭർത്താവ് എസ്. ടി. അല്ല എന്ന കാരണത്താൽ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിൽ നിന്നും ഇത് നിഷേധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) വാടകയ്ക്ക് താമസിക്കുന്ന ഈ കുടുംബത്തിന് ഇത്തരത്തിൽ ഒരു നടപടി മൂലം ഉണ്ടായ കഷ്ടതകൾക്ക് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കുടുംബനാഥയ്ക്ക് റേഷൻ കാർഡിലുൾപ്പടെ ഉടമസ്ഥാവകാശം വന്ന സാഹചര്യത്തിൽ കുടുംബനാഥന്റെ ജാതി മാത്രം ഈ സഹായത്തിന് പരിഗണിക്കുന്നത് ഏതു നിയമം മൂലമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രീമതി രോഹിണി ബാലചന്ദ്രൻ എന്നയാളുടെ അപേക്ഷ ലഭ്യമായിട്ടില്ല.

(ബി) മിശ്രവിവാഹദമ്പതികളിൽ ഒരാൾ പട്ടികവർഗ്ഗക്കാരനാണെങ്കിൽ ആനുകൂല്യങ്ങൾ നൽകുന്നതിന് സർക്കാർ തീരുമാനം കൈക്കൊള്ളണമെന്ന നിലപാടാണ് സർക്കാരിനുള്ളത്. ഈ നിർദ്ദേശം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(സി) ഇത് സംബന്ധിച്ച് പ്രത്യേക ഉത്തരവ് ഇറക്കേണ്ടത് സിവിൽ സപ്ലൈസ് വകുപ്പാണ്.

**പട്ടികജാതി കോളനികൾ**

195 (2688) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പട്ടികജാതി കോളനികൾ ഏതെല്ലാമെന്നും പ്രസ്തുത കോളനികളിൽ താമസിക്കുന്ന പട്ടികജാതി കുടുംബങ്ങളുടെയും ഇതര സമുദായങ്ങളുടെയും എണ്ണം എത്രയെന്നും നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പട്ടികജാതി വകുപ്പിൽ സൂക്ഷിച്ചിരിക്കുന്ന പട്ടികജാതി കോളനികളിലെ കുടുംബങ്ങളെ സംബന്ധിച്ച ലിസ്റ്റിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ലിസ്റ്റിൽ കാലോചിതമായ മാറ്റം വരുത്താത്തതിനാൽ ,കുടുംബങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതിയിൽ അർഹതപ്പെട്ട കോളനികൾ അവഗണിക്കപ്പെടുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) എറണാകുളം ജില്ലയിലെ പട്ടികജാതി കോളനികളിൽ താമസിക്കുന്ന പട്ടികജാതി കുടുംബങ്ങളുടെ എണ്ണം (നിയോജകമണ്ഡലാടിസ്ഥാനത്തിൽ) അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) അംബേദ്ക്കർ സ്വാശ്രയഗ്രാമം പദ്ധതി സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ഇത് അംഗീകരിക്കുന്നമുറയ്ക്ക് വികസന പ്രവർത്തനങ്ങൾ ആവശ്യമായ കോളനികൾ തെരഞ്ഞെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**ശുദ്ധജല വിതരണം**

196 (2689) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമവകുപ്പിന്റെ ഫണ്ട് ലഭ്യമാക്കി ,ജലവിഭവ വകുപ്പ് മുഖേന പട്ടികജാതി കോളനികളിൽ ശുദ്ധജല വിതരണം നടത്തുന്നതിലേയ്ക്ക് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വാമനപുരം നിയോജക മണ്ഡലത്തിലെ ഏതൊക്കെ പ്രദേശങ്ങളിൽ (കോളനികൾ) ആണ് ടി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതെന്ന വിശദവിവരങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം നെല്ലനാട്, വാമനപുരം, കല്ലറ, പെരിങ്ങമ്മല എന്നീ ഗ്രാമപഞ്ചായത്തുകളിലെ വിവിധ കോളനികളിൽ കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോർപ്പസ് ഫണ്ടിൽ നിന്നും തുക അനുവദിച്ച പ്രവൃത്തികൾ

197 (2690) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം ജില്ലയിൽ 2016-2017 സാമ്പത്തിക വർഷത്തിൽ എസ്.സി. കോർപ്പസ് ഫണ്ടിൽ നിന്നും തുക അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും അനുവദിച്ച തുക എത്രയെന്നും നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഉത്തരം

2016-17 സാമ്പത്തിക വർഷത്തിൽ എസ്.സി. കോർപ്പസ് ഫണ്ടിൽ നിന്നും തുക അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

## ഐ.ടി.ഐ. കെട്ടിടം

198 (2691) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന് കീഴിലുള്ള ഹരിപ്പാട് ഗവൺമെന്റ് ഐ.റ്റി.ഐ കെട്ടിടം പണിപൂർത്തിയായിട്ടുണ്ടോ;

(ബി) പുതിയ കെട്ടിടത്തിലേയ്ക്ക് നിലവിലുള്ള ഐ.റ്റി.ഐ - യുടെ പ്രവർത്തനം മാറ്റാത്തതിന്റെ കാരണമെന്താണ്;

(സി) നിലവിൽ വാടകയിനത്തിൽ പ്രതിമാസം എന്ത് തുകയാണ് ചെലവാക്കുന്നത്;

(ഡി) പുതിയ കെട്ടിടം പൂർത്തിയാക്കിയ ശേഷം നിലവിലുള്ള വാടക കെട്ടിടത്തിന് എത്ര രൂപ വാടകയിനത്തിൽ ചെലവഴിച്ചു; ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ച ഉണ്ടായിട്ടുണ്ടോ;

(ഇ) ഐ.റ്റി.ഐ.- പ്രവർത്തനം സ്വന്തം കെട്ടിടത്തിലേയ്ക്ക് അടിയന്തരമായി മാറ്റുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) പട്ടികജാതി വകുപ്പിന് കീഴിലുള്ള ഹരിപ്പാട് ഗവൺമെന്റ് ഐ.ടി.ഐ. കെട്ടിടം പണിപൂർത്തിയായിട്ടുണ്ട്.

(ബി) കെട്ടിടത്തിന്റെ ഉദ്ഘാടനം 29-2-2016-ൽ കഴിഞ്ഞെങ്കിലും മുനിസിപ്പാലിറ്റിയിൽനിന്നും കെട്ടിട നമ്പർ ലഭിക്കുന്നതും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതും വൈകിയതുമൂലം കെട്ടിടം പ്രവർത്തനക്ഷമമാക്കുവാൻ താമസമുണ്ടായി. 8-2-2017 മുതൽ ഐ.ടി.ഐ.യുടെ പ്രവർത്തനം പുതിയകെട്ടിടത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(സി) നിലവിൽ വാടകയിനത്തിൽ തുക ചെലവാക്കുന്നില്ല.

(ഡി) വാടകയിനത്തിൽ 1-3-2016 മുതൽ 7-2-2017 വരെ 78,739 രൂപ ചെലവഴിച്ചു. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പുതിയ കെട്ടിടത്തിലാണ് ഐ.ടി.ഐ. ഇപ്പോൾ പ്രവർത്തിക്കുന്നത്.

**വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി പദ്ധതികൾ**

199 (2692) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഇനി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത് എന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഗവൺമെന്റ് അംഗീകൃത കോളേജുകളിൽ B.Tech, M.Tech. MCA കോഴ്സുകൾക്ക് 1-ാം വർഷം പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനായി 25,000 രൂപ ധനസഹായം നൽകുന്ന പദ്ധതിയിൽ Polytechnic (Computer Science), B.Sc (Computer Science). M.Sc

(Computer Science), BAMS, MBA, MBBS, BDS, B.V. Sc& AH എന്നീ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുകൂടി ടി ആനുകൂല്യം അനുവദിക്കാൻ അനുമതി നൽകി. പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ലംപ്സംഗ്രാന്റും/സ്റ്റൈപ്പന്റും 25% വർദ്ധിപ്പിച്ചു. മറ്റു പദ്ധതികൾ അനുബന്ധത്തിൽ* ചേർത്തിരിക്കുന്നു.

(ബി)

1. ഗവൺമെന്റ് അംഗീകൃത കോളേജുകളിൽ സംഗീത/നൃത്ത വിഷയങ്ങൾ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങളും ആടയാഭരണങ്ങളും അനുവദിക്കുന്ന പദ്ധതി.
2. ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ ഹൈസ്കൂൾ തലത്തിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി.
3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് പദ്ധതി (5-8 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അദ്ധ്യയനവർഷാരംഭത്തിൽ ബാഗ്, ചെരിപ്പ്, കുട മുതലായവ വാങ്ങുന്നതിനു ധനസഹായം നൽകുന്ന പദ്ധതി.)

1. <u>ഗോത്ര ബന്ധു പദ്ധതി</u>

വയനാട് ജില്ലയിലെ പ്രൈമറി ക്ലാസ്സുകളുള്ള 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നവരെ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരായി നിയമിക്കുന്ന പദ്ധതി.

**പ്രത്യേക ഭവനനിർമ്മാണ പദ്ധതി**

200 (2693) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കായി പ്രത്യേക ഭവനനിർമ്മാണ പദ്ധതി ആവിഷ്കരിച്ചിരുന്നോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണം കേരളത്തിൽ എത്ര പേർക്ക് ലഭ്യമായിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക മുഴുവനായും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ടോ എന്നും ഇതിനായി എത്ര രൂപയാണ് ചെലവഴിച്ചത് എന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് പട്ടികജാതി വിഭാഗക്കാർക്കായി പ്രത്യേക ഭവനനിർമ്മാണ പദ്ധതി ആവിഷ്കരിച്ചിരുന്നില്ല. 2011-12 മുതൽ 2015-16 വരെ ഭവനനിർമ്മാണ പദ്ധതിയിൽ 24594 വീടുകൾ അനുവദിച്ചിരുന്നു. അതിൽ 11003 വീടുകൾ ഈ സർക്കാർ വരുമ്പോൾ പൂർത്തിയാക്കുവാൻ ബാക്കിയുണ്ടായിരുന്നു.

പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മിഷൻ 676 എന്ന പദ്ധതിയിൽപ്പെടുത്തി ഹഡ്കോ മുഖേന 2020 വീടുകളും ATSP-ൽ 9425 വീടുകളും (ആകെ 11445) അനുവദിച്ചിട്ടുണ്ട്. ഇതിൽ 11353 വീടുകൾ ഈ സർക്കാർ വരുമ്പോൾ പൂർത്തിയാക്കുവാൻ ബാക്കിയുണ്ടായിരുന്നു.

(ബി) 2015-16 സാമ്പത്തിക വർഷം ഹഡ്കോ ഭവന നിർമ്മാണ പദ്ധതിപ്രകാരം സംസ്ഥാനത്തൊട്ടാകെ 2020 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും എ.ടി.എസ്.പി. ഭവന നിർമ്മാണ പദ്ധതിപ്രകാരം 9425 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് അനുവദിച്ചിരുന്നു. വീട് അനുവദിച്ചതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(സി) 2015-16 സാമ്പത്തിക വർഷം ഹഡ്കോ ഭവന നിർമ്മാണത്തിനായി അനുവദിച്ച 50 കോടി രൂപയും എ.ടി.എസ്.പി. ഭവന നിർമ്മാണത്തിനായി അനുവദിച്ച 88,99,61,000 രൂപയും ടി ആവശ്യത്തിനായി ചെലവഴിച്ചിട്ടുണ്ട്.

**മധുരവേലി ഐ.ടി.ഐ.**

201 (2694) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ പട്ടികജാതി ക്ഷേമ വകുപ്പിനു കീഴിലുള്ള മധുരവേലി ഐ.ടി.സി-യുടെ കെട്ടിടനിർമ്മാണം സംബന്ധിച്ച്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പൊതുമരാമത്ത് സമർപ്പിച്ച എസ്റ്റിമേറ്റിൽ വകുപ്പ് സ്വീകരിച്ചിരിക്കുന്ന നടപടികൾ അറിയിക്കാമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ചിട്ടുണ്ടോ, അംഗീകാരം ലഭിച്ചിട്ടുണ്ടോ, വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഐ.ടി.സി.- യുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയം സർക്കാരിന്റെ പരിഗണനയ്ക്ക് അയച്ചിട്ടുണ്ടോ, സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ?

ഉത്തരം

(എ-സി) മധുരവേലി ഐ.ടി.ഐ.-യുടെ അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനുമായി പൊതുമരാമത്തു വകുപ്പ് തയ്യാറാക്കി സമർപ്പിച്ച 31.51 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 26-10-2016-നുകൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് പരിഗണിക്കുകയും പടിപ്പുര നിർമ്മാണമൊഴിച്ച് 29 ലക്ഷം രൂപയ്ക്ക് അംഗീകാരം നൽകുന്നതിന് തീരുമാനിച്ചതുപ്രകാരം 17-12-2016-ലെ സ.ഉ.(സാധാ) 2133/16/ പജപവവിവ പ്രകാരം 29 ലക്ഷം രൂപ "4225-01-800-89 (P)” എന്ന ശീർഷകത്തിൽനിന്നും റിലീസ് ചെയ്യുന്നതിന് ഭരണാനുമതി നൽകിയിട്ടുമുണ്ട്. ടി തുക പൊതുമരാമത്തുവകുപ്പിന് അനുവദിച്ചു നൽകിയിട്ടുണ്ട്.

**കോർപ്പസ് ഫണ്ട്**

202 (2695) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ചെലവഴിക്കുന്നത് സംബന്ധിച്ച നിബന്ധനകൾ എന്തൊക്കെയാണ്;

(ബി) ഇതു സംബന്ധമായി സർക്കാർ ഉത്തരവുകൾ ഉണ്ടോ; വിശദീകരിക്കാമോ;

(സി) 2016-17 വർഷം ഓരോ ജില്ലക്കും എത്ര രൂപാ വീതം നൽകി?

<u>ഉത്തരം</u>

(എ &ബി) പട്ടികജാതി ഉപ പദ്ധതിയിൽ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്ന പദ്ധതികളിലുള്ള വിടവ് നികത്തുന്നതിനായി പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിനുള്ള പദ്ധതിയാണ് പട്ടികജാതി വികസനത്തിനായുള്ള കോർപ്പസ് ഫണ്ട്.

1. കുടിവെള്ളം, ശുചിത്വം, പരമ്പരാഗതേതര ഊർജ്ജസ്രോതസ്സുകൾ, മാലിന്യ സംസ്കരണം, അടിസ്ഥാന സൗകര്യ വികസനം, വാർത്താവിനിമയ സൗകര്യങ്ങൾ എന്നിവ പട്ടികജാതി വിഭാഗക്കാർക്ക് ലഭ്യമാക്കുക.
2. ഡോക്ടർമാർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അർഹരായ വ്യക്തികൾക്ക് ചികിത്സാ ധനസഹായം നൽകുക.
3. പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള വിജ്ഞാൻവാടികളുടെയും ഹോമിയോ ഡിസ്പെൻസറികളുടെയും ആവർത്തനച്ചെലവുകൾ കണ്ടെത്തുക.
4. സ്വയംസഹായ സംഘങ്ങൾവഴി യോഗ്യതയുള്ള സഹകരണ സംഘങ്ങൾക്ക് സഹായം, ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങൾക്ക് സഹായം, വ്യവസായം, കയർ, മത്സ്യബന്ധനം, കരകൗശല വികസനം എന്നീ മേഖലകളിൽനിന്നുള്ള സഹകരണ സംഘങ്ങൾക്കുള്ള സഹായം.
5. സ്വയം പര്യാപ്തഗ്രാമം പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുകൾ
6. പട്ടികജാതി കോളനികളുടെയും ശ്മശാനത്തിന്റെയും കാവുകളുടെയും നവീകരണത്തിനാവശ്യമായ ചെലവുകൾ എന്നിവ ഇതിൽ നിന്ന് കണ്ടെത്താവുന്നതാണ്.

കൂടാതെ കോർപ്പസ് ഫണ്ടിന്റെ മൂന്നിലൊന്ന് തുക ജില്ലാതലത്തിൽ അനുവദിക്കുന്നുണ്ട്. ഇതിൽ 25 ലക്ഷം രൂപവരെയുള്ള പദ്ധതികൾക്ക് ജില്ലാ കളക്ടർമാർക്ക് ഭരണാനുമതി ഉത്തരവ് നൽകാവുന്നതുമാണ്.

ഇതുസംബന്ധിച്ച നിബന്ധനകൾ 18-09-2014-ലെ സ.ഉ.(കൈ) നമ്പർ. 68/14/പ.ജ.പ.വ.വി.വ. പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) നടപ്പ് സാമ്പത്തിക വർഷം (2016-17) പട്ടികജാതി ജനസംഖ്യയുടെ അനുപാതത്തിന്റെ അടിസ്ഥാനത്തിൽ വിവിധ ജില്ലകൾക്കായി 6100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

**അംബേദ്കർ ഗ്രാമം പദ്ധതി**

203 (2696) <u>ശ്രീ. ചിറ്റയം ഗോപകുമാർ:</u>
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u>
<u>ശ്രീ. കെ. രാജൻ:</u>
<u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളുടെ വികസനത്തിനായി അംബേദ്കർ ഗ്രാമം എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കുമോ;

(സി) എത്ര സങ്കേതങ്ങളിൽ എത്രകോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ഈ പദ്ധതി പ്രകാരം നടപ്പാക്കുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) അടിസ്ഥാന സൗകര്യങ്ങളില്ലാത്ത പട്ടികജാതി കോളനികളുടെ വികസനത്തിനായി അംബേദ്കർ ഗ്രാമം പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്.

(ബി) നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസനത്തിൽ പിന്നോക്കം നിൽക്കുന്നതുമായ കോളനികളിൽ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തി ടി കോളനികളെ മെച്ചപ്പെടുത്തുവാനാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ഇതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഒരു നിയമസഭാ മണ്ഡലത്തിലെ അടിസ്ഥാനസൗകര്യ വികസനം ആവശ്യമുള്ള 2 പട്ടികജാതി കോളനികൾ വീതം തെരഞ്ഞെടുത്ത് 280 പട്ടികജാതി സങ്കേതങ്ങൾ വികസനിപ്പിക്കാനാണുദ്ദേശിക്കുന്നത്. ഓരോ കോളനിയുടെയും വികസന പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ വീതം ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്.

**എസ്.സി. കോളനികളിൽ അംബേദ്കർ ഗ്രാമം പദ്ധതി**

204 (2697) <u>ശ്രീ. എൻ . എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളിൽ അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ പദ്ധതി സംബന്ധിച്ച കാര്യങ്ങൾ വിശദീകരിക്കുമോ;

(ബി) ഇതിനായി സംസ്ഥാനത്ത് എത്ര കോളനികളെ തിരഞ്ഞെടുത്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ; ഏതൊക്കെ കോളനികളിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്; ഒരു കോളനിയ്ക്ക് എത്ര രൂപയുടെ വികസന പദ്ധതിയാണ് ലക്ഷ്യം വക്കുന്നത്; ഇതിനായി എത്ര തുക മാറ്റി വച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും അടിസ്ഥാനസൗകര്യങ്ങൾ ആവശ്യമുള്ളതുമായ 2 കോളനികളെ ഒരു നിയമസഭാ മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്ത് ഓരോ കോളനിക്കും പരമാവധി 1 കോടി രൂപ വീതം ചെലവഴിച്ച് കോളനിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി & സി) ഇതുസംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കിവരുന്നു.

## കോർപ്പസ് ഫണ്ടിന്റെ വിനിയോഗം

205 (2698) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള കോർപ്പസ് ഫണ്ടിന്റെ കായംകുളം മണ്ഡലത്തിലെ വിനിയോഗത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള കോർപ്പസ് ഫണ്ട് ഉപയോഗിച്ച് കായംകുളം മണ്ഡലത്തിൽ താഴെപ്പറയുന്ന പ്രവൃത്തികളാണ് നടന്നിട്ടുള്ളത്.

1. ഭരണിക്കാവ് ബ്ലോക്കിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് പുത്തൻപാറ കോളനി റോഡ് കോൺക്രീറ്റിംഗും ഓടനിർമ്മാണവും എസ്റ്റിമേറ്റ് പ്രകാരം 3,20,000 രൂപയുടെ പണി തുടങ്ങിയിട്ടുണ്ട്.

2. മാവേലിക്കര ബ്ലോക്കിലെ ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്ത് കങ്കാലിൽ പട്ടികജാതി കോളനിയിലേയ്ക്കുള്ള വഴി കോൺക്രീറ്റ് ചെയ്യലും ഓടനിർമ്മാണവും എസ്റ്റിമേറ്റ് പ്രകാരം 9,02,100 രൂപയുടെ പണി തുടങ്ങിയിട്ടുണ്ട്.

## പൂർത്തിയാകാത്ത വീടുകൾ

206 (2699) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി കോളനികളിൽ പൂർത്തിയാക്കാതെ കിടക്കുന്ന വീടുകൾ പൂർത്തിയാക്കുന്നതിനും നിലവിലുള്ള വീടുകൾക്ക് അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുമുള്ള ഫണ്ട് അനുവദിക്കുമോ?

ഉത്തരം

2007-08 മുതൽ 2012-13 വർഷം വരെ അനുവദിച്ചതിൽ പണി പൂർത്തീകരിക്കാതെ അവശേഷിക്കുന്ന വീടുകൾക്ക് പഴയ നിരക്കിൽ തുക കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് ഒടുവിൽ വാങ്ങിയ ധനസഹായത്തുകയ്ക്ക് തുല്യമായ തുക (2,00,000 രൂപയ്ക്ക് ആനുപാതികമായ നിരക്കിൽ) അധിക ധനസഹായമായി അനുവദിക്കുന്നുണ്ട്. കൂടാതെ 5 വർഷം മുതൽ 25 വർഷം പഴക്കം ചെന്ന വീടുകളുടെ നവീകരണത്തിനായി ഭവന പുനരുദ്ധാരണം/അഡീഷണൽ റൂം എന്നീ പദ്ധതികൾപ്രകാരം 50,000 രൂപ ധനസഹായമായി അനുവദിക്കുന്നുണ്ട്. ഇതിനായി ഈ സാമ്പത്തിക വർഷം 265 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം പൂർത്തീകരിക്കാതെ കിടക്കുന്ന എല്ലാ വീടുകളും പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

**ചികിത്സാ ധനസഹായം**

207 (2700) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ പട്ടികജാതി വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് കോഴിക്കോട് ജില്ലയിൽ എത്ര പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട് എന്നും ആകെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ 467 പേർക്കായി ആകെ 86,43,500 രൂപ (ആകെ എൺപത്തിയാറ് ലക്ഷത്തി നാൽപ്പത്തി മൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചികിത്സാധനഹായം അനുവദിച്ചിട്ടുണ്ട്.

**ഉമ്പർനാട് ഐ.ടി.ഐ**

208 (2701) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ഉമ്പർനാട് പട്ടികജാതി വകുപ്പ് നടത്തുന്ന ഐ.ടി.ഐ. യിൽ സുരക്ഷിതമല്ലാത്ത കെട്ടിടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഐ.ടി.ഐ. യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പട്ടികജാതി വകുപ്പിൽ നിന്നും തുക അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മാവേലിക്കര ഉമ്പർനാട് പട്ടികജാതി വകുപ്പ് നടത്തുന്ന ഐ.ടി.ഐ.-യിൽ സുരക്ഷിതമല്ലാത്ത കെട്ടിടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവ ഇപ്പോൾ ഉപയോഗിക്കുന്നില്ല.

(ബി) എം.പി. ഫണ്ടുപയോഗിച്ച് (2-8-2013-ൽ) ഐ.ടി.ഐ-ക്ക് പുതിയ കെട്ടിടം പണിതുനൽകിയിട്ടുണ്ട്. കാർപെന്ററി വർക്ക്ഷോപ്പ് സ്ഥിതി ചെയ്യുന്ന പഴയ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി പി.ഡബ്ല്യൂ.ഡി. നടത്തിവരുന്നു.

**ഭവന നിർമ്മാണം**

209 (2702) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി നൽകിവരുന്ന ധനസഹായം 3 ലക്ഷം രൂപയായി മുൻ സർക്കാരിന്റെ കാലത്ത് വർദ്ധിപ്പിച്ചിരുന്നോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത വർദ്ധനവ് ഐ.എ.വൈ (ഇന്ദിരാ ആവാസ് യോജന) ഗുണഭോക്താക്കൾക്കും ബാധകമാക്കിയിരുന്നോ; വ്യക്തമാക്കുമോ;

(സി) ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയായിരുന്നു; നിലവിൽ കുടിശ്ശിക ഉണ്ടോ; വെളിപ്പെടുത്തുമോ;

(ഡി) ഏറനാട് മണ്ഡലത്തിൽ 2011-17 വർഷത്തിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്;

(ഇ) കുടിശ്ശിക തുക പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ നിന്നും അനുവദിച്ച് വീടുകളുടെ പണി അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതിക്കാർക്കുള്ള ഭവനനിർമ്മാണ ധനസഹായം 3,00,000 രൂപയായും പട്ടികവർഗ്ഗക്കാർക്കുള്ള ഭവനനിർമ്മാണ ധനസഹായം 3,50,000 രൂപയായും മുൻസർക്കാരിന്റെ കാലത്ത് വർദ്ധിപ്പിച്ചിരുന്നു.

(ബി & സി) ബാധകമാക്കിയിരുന്നു.

പട്ടികജാതിക്കാർക്ക് ഐ.എ.വൈ. പദ്ധതി പ്രകാരമുള്ള ഭവനനിർമ്മാണ ധനസഹായത്തുക 2,00,000 രൂപയിൽ നിന്നും 3,00,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും വർദ്ധിപ്പിച്ച 1,00,000 രൂപ പട്ടികജാതി വികസന വകുപ്പിൽ നിന്നും അനുവദിക്കണമെന്നും 17-7-2015-ലെ സർക്കാർ ഉത്തരവ് നമ്പർ 2174/2015/LSGD പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് നിർദ്ദേശിച്ചിരുന്നു. എങ്കിലും 2015-16 സാമ്പത്തിക വർഷം അവസാനിക്കുംവരെയും യാതൊരു തുകയും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് നൽകിയിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഈയിനത്തിൽ പട്ടികജാതി വികസന വകുപ്പ് 204.31 കോടി രൂപയും പട്ടികവർഗ്ഗ വികസനവകുപ്പ് 43.95 കോടി രൂപയും നൽകാനുണ്ടായിരുന്നു. ഈ തുക തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എസ്.സി/എസ്.ടി ഫണ്ടിൽനിന്നും വിനിയോഗിക്കണമെന്ന് 07-10-2016-ലെ സർക്കാർ ഉത്തരവ് നമ്പർ 2580/2016/LSGD പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(ഡി) പട്ടികജാതി കുടുംബങ്ങളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്. 150 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ടി കാലയളവിൽ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഇ) ഐ.എ.വൈ. ഭവന പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അധികമായി അനുവദിക്കേണ്ട തുക ജില്ല-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽപ്പെടുത്തി അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട് (7-10-2016-ലെ സ.ഉ (സാധാ) 2580/2016/തസ്വഭവ). ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പട്ടികജാതി വികസന വകുപ്പിൽനിന്നും തുക അനുവദിച്ചു നൽകുന്നതാണ്.

**അഴിമതി**

210 (2703) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ് ഭരണ കാലത്ത് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളിൽ കണ്ടെത്തിയിട്ടുള്ള അഴിമതികളിൽ ഏതെല്ലാം കേസ്സുകളിൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്;

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് ബന്ധപ്പെട്ടവർക്കെതിരെ സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ)

I. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അഴിമതിക്കേസ്സുകൾ ചുവടെ ചേർക്കുന്നു:

1. ഉത്തരമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ ഓഫീസിന്റെ അധീനതയിലുണ്ടായിരുന്ന ഐ.ടി.ഐ.-കളിൽ ഗുണനിലവാര മില്ലാത്ത ഫർണിച്ചർ, മറ്റ് ഉപകരണങ്ങൾ വാങ്ങൽ
2. ഇടുക്കി കട്ടപ്പന ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിന്റെ കീഴിൽ നടപ്പാക്കിയിരുന്ന ഭൂരഹിത പുനരധിവാസ പദ്ധതി
3. ഇടുക്കി ജില്ലയിൽ നടപ്പിലാക്കിയ 2015-16 വർഷത്തെ ഭൂരഹിത പുനരധിവാസ പദ്ധതി
4. തൃശ്ശൂർ കോട്ടോൾ നായാടി കോളനിയിൽ നടപ്പിലാക്കിയ ഭവനനിർമ്മാണം
5. പാലക്കാട് മണ്ണാർക്കാട് പട്ടികജാതി വികസന ഓഫീസിന് കീഴിൽ 2012-13, 2013-14, 2014-15 വർഷങ്ങളിൽ നടപ്പിലാക്കിയ ഭൂരഹിത പുനരധിവാസ പദ്ധതികൾ
6. പാലക്കാട് മെഡിക്കൽ കോളേജിലെ നിയമനവുമായി ബന്ധപ്പെട്ട പരാതി.

II) പട്ടികവർഗ്ഗ വികസന വകുപ്പ്

1. വയനാട് ജില്ലയിലെ അടിയ പണിയ പാക്കേജ് പദ്ധതി

2. ജനനി ജന്മരക്ഷ പദ്ധതിയിലെ ക്രമക്കേട്

(ബി) പട്ടികജാതി വികസന വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരായി എടുത്ത/സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽനിന്നും റിപ്പോർട്ട് ലഭിച്ചിട്ടില്ല.

പട്ടികവർഗ്ഗ വികസന വകുപ്പിലെ അടിയ/പണിയ പാക്കേജുമായി ബന്ധപ്പെട്ട കേസ്സിൽ അന്വേഷണോദ്യോഗസ്ഥനെ നിയമിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ജനനി ജന്മരക്ഷ പദ്ധതിയിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ബി. എസ്. പ്രേമാനന്ദനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു. ഈ കേസ്സിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പരിശോധന നടന്നുവരുന്നു.

**സ്വന്തമായി സ്ഥലവും വീടും**

211 (2704) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്രപേർക്കാണ് സ്വന്തമായി സ്ഥലവും വീടും ഇല്ലെന്ന് കണ്ടെത്തിയിട്ടുള്ളത്;

(ബി) സ്വന്തമായി സ്ഥലവും വീടും നൽകുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളും അതിന്റെ ഗുണഭോക്താക്കളുടെ എണ്ണവും വെളിപ്പെടുത്തുമോ;

(ഡി) പണി പൂർത്തിയാകാതെ കിടക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ വീടുകൾ പൂർത്തീകരിക്കുന്നതിന് എന്ത് തുകയാണ് നടപ്പ് ബജറ്റിൽ നീക്കിവച്ചിരുന്നത്; അതിൽ ഇതിനകം എന്ത് തുക ചെലവഴിച്ചു;

(ഇ) വീടിനോടൊപ്പം പഠനമുറികൾ സജ്ജീകരിക്കുന്ന പദ്ധതി പ്രകാരം എത്രപേർക്ക് ധനസഹായം അനുവദിച്ചെന്നും എത്ര പഠനമുറികൾ പൂർത്തിയാക്കിയെന്നും അറിയിക്കുമോ?

ഉത്തരം

(എ)

| 1-4-2016-ലെ സ്ഥിതി | പട്ടികജാതി വിഭാഗം | പട്ടികവർഗ്ഗ വിഭാഗം |
|---|---|---|
| സ്വന്തമായി സ്ഥലമില്ലാത്തവർ | 30698 | 12435 |
| സ്വന്തമായി വീടില്ലാത്തവർ | 26210 | 15149 |

(ബി) ഭൂമിയില്ലാത്ത പട്ടികജാതിക്കാർക്കായി ഭൂരഹിത പുനരധിവാസ പദ്ധതിയും സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർക്കായി ഭവനനിർമ്മാണ ധനസഹായ പദ്ധതിയും നടപ്പാക്കുന്നു. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകൽ പദ്ധതി, ആദിവാസി പുനരധിവാസ മിഷൻ, വനാവകാശ നിയമം എന്നീ പദ്ധതികൾ പ്രകാരം ഭൂമിയും ഭവനരഹിതർക്ക് ജനറൽ ഹൗസിംഗ്, ഹഡ്കോ ഭവന നിർമ്മാണം, എ.റ്റി.എസ്.പി. ഭവനനിർമ്മാണം, വനബന്ധു കല്യാൺ യോജന എന്നീ പദ്ധകിളിലുൾപ്പെടുത്തി വീടുകളും അനുവദിക്കുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയും ഗുണഭോക്താക്കളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

പട്ടികജാതി വികസന വകുപ്പ്:

1. ഭൂമി അനുവദിച്ചു നൽകിയ ഭൂരഹിതരുടെ എണ്ണം : 3413
2. ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനായി ഭൗതിക ലക്ഷ്യം നിശ്ചയിച്ചു നൽകിയവരുടെ എണ്ണം : 15000
3. 2007-08 മുതൽ 2015-16 വരെ അനുവദിച്ച വീടുകളുടെ പൂർത്തീകരണം/പുതിയ വീടുകളുടെ നിർമ്മാണത്തിനുമായി അനുവദിച്ച തുക : 265 കോടി

4. 2007-08 മുതൽ 2015-16 വരെ അനുവദിച്ച വീടുകളിൽ പൂർത്തിയാകാതെ അവശേഷിച്ച (16363) വീടുകളിൽ പൂർത്തീകരിച്ചവയുടെ എണ്ണം: 4201

5. 2016-17 വർഷം അനുവദിച്ച വീടുകളിൽ ഒന്നാംഗഡു അനുവദിച്ച വീടുകളുടെ എണ്ണം : 11029

6. രണ്ടാംഗഡു അനുവദിച്ച വീടുകളുടെ എണ്ണം : 3389

7. മൂന്നാംഗഡു അനുവദിച്ച വീടുകളുടെ എണ്ണം : 1109

8. പൂർത്തീകരിച്ച വീടുകളുടെ എണ്ണം : 355

പട്ടികവർഗ്ഗ വികസന വകുപ്പ്:

1. വിവിധ ഭവനനിർമ്മാണ പദ്ധതികളിലുൾപ്പെടുത്തി വീട് അനുവദിച്ചവരുടെ എണ്ണം: 6709

2. ഭൂമി അനുവദിച്ചവരുടെ എണ്ണം: 56

3. വാങ്ങിയ ഭൂമിയുടെ അളവ്: 25.588 ഏക്കർ

4. ഇതിനായി ചെലവഴിച്ച തുക: 5,65,75,800

(ഡി) (എ) പട്ടികജാതി വികസന വകുപ്പ്

2007-08 മുതൽ അനുവദിച്ച വീടുകളിൽ പൂർത്തിയാകാത്ത വീടുകളുടെ പൂർത്തീകരണത്തിനും 2016-17 വർഷത്തെ വീടുകളുടെ നിർമ്മാണത്തിനും ഭവന പുനരുദ്ധാരണ പദ്ധതിക്കുമായി വകയിരുത്തിയിട്ടുള്ള തുക : 265 കോടി രൂപ

ഇതിനകം ചെലവഴിച്ച തുക: 213,73,06,500 രൂപ

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ്

പണി പൂർത്തിയാകാതെ കിടക്കുന്ന വീടുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിച്ച തുക : 166,78,94,000 രൂപ

നാളിതുവരെ ചെലവഴിച്ച തുക : 154,65,05,162 രൂപ

(ഇ) പട്ടികജാതി വികസന വകുപ്പ്

പഠനമുറി സജ്ജീകരിക്കുന്ന പദ്ധതി പരിശോധിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിൽ കമ്മ്യൂണിറ്റി പഠനമുറി പദ്ധതി നടപ്പാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ ആനുകൂല്യങ്ങൾ**

212 (2705) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സ്കീം അനുസരിച്ച് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മാത്രമായി അനുവദിച്ച ആനുകൂല്യങ്ങൾ അവർക്കുതന്നെ ലഭ്യമാക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെന്ന് വിശദമാക്കുമോ;

(ബി) കേന്ദ്ര സർക്കാർ 2016-17 വർഷത്തിൽ എത്ര തുകയാണ് ഇതിനായി അനുവദിച്ചിട്ടുള്ളതെന്നും ഇതിൽ എത്ര തുകയാണ് ചെലവാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുതന്നെ ചെലവഴിക്കുന്നുവെന്ന് കൃത്യമായി മോണിട്ടർ ചെയ്യുന്നതിന് ജില്ലാകളക്ടർ അദ്ധ്യക്ഷനായി എം.എൽ.എ.മാർ ഉൾപ്പെടുന്ന കമ്മിറ്റിയും ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മിറ്റിയും നിലവിലുണ്ട്. ഇതിനുപുറമേ സംസ്ഥാന തലത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി വിലയിരുത്തി വരുന്നു.

17-7-2012-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 1013/2012/പജപവവിവ പ്രകാരം പട്ടികവർഗ്ഗവികസനവകുപ്പ് ഡയറക്ടർ ചെയർമാനും ജോയിന്റ് ഡയറക്ടർ കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളായും രൂപീകരിച്ച കമ്മിറ്റി സംസ്ഥാന തലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ടും ജില്ലാകളക്ടറുടെ

അദ്ധ്യക്ഷതയിൽ ജില്ലാ തലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു. കൂടാതെ പട്ടികവർഗ്ഗക്കാർക്കുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകിവരുന്നത്.

പട്ടികജാതിക്കാരുടെ വികസനത്തിനായുള്ള നിർമ്മാണ പ്രവൃത്തികളുടെ ഫീസിബിലിറ്റിയും വ്യക്തിഗത ആനുകൂല്യങ്ങൾക്ക് ആവശ്യമായ ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള രേഖകളും ബന്ധപ്പെട്ട ജില്ലാ/ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാർ പരിശോധിച്ച് ഉറപ്പുവരുത്തുകയും എല്ലാ പദ്ധതികളും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പദ്ധതി പുരോഗതി അവലോകനം ചെയ്തുംവരുന്നു

(ബി) 2016-17 വർഷം കേന്ദ്ര സർക്കാർ പട്ടികവർഗ്ഗക്കാർക്കായി പട്ടികവർഗ്ഗ വികസന വകുപ്പിന് അനുവദിച്ച തുകയും ചെലവഴിച്ച തുകയുടെ വിവരവും ചുവടെ ചേർക്കുന്നു:

| പദ്ധതി | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| എസ്.സി.എ. ടു ടി.എസ്.പി | 841.8 | 527.99 |
| ആർട്ടിക്കിൾ 275 (1) | 636.27 | 208.43 |

കൂടാതെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനും പ്രീ-മെട്രിക് സ്കോളർഷിപ്പിനും 2012-13 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെയുള്ള സംസ്ഥാനം ചെലവഴിച്ചതിന്റെ അരിയർ തുകയായ 3122 ലക്ഷം രൂപയും 845.25 ലക്ഷം രൂപയും യഥാക്രമം കേന്ദ്രസർക്കാർ 2016-17 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. സി.സി.ഡി പദ്ധതിയിൽ 1 കോടി രൂപ 2016-17 വർഷത്തിൽ അനുവദിച്ചിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പിൽ 2016-17 വർഷത്തെ ബജറ്റിൽ അനുവദിച്ചിരുന്ന തുകയുടെയും ചെലവിന്റെയും വിവരം അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹോസ്റ്റലുകളുടെ നവീകരണം

213 (2706) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകളുടെ മുഴുവൻ പ്രീ-മെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും നവീകരിച്ച് നല്ല പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദവിവരം നൽകുമോ;

(ബി) ദീർഘനാളായി പണി പൂർത്തീകരിക്കാത്ത എത്ര ഹോസ്റ്റലുകൾ വകുപ്പുകളിലുണ്ട്; ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസനവകുപ്പിനുകീഴിലെ മുഴുവൻ ഹോസ്റ്റലുകളും നവീകരിച്ച് നല്ല പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ കീഴിലുള്ള പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾക്ക് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും നവീകരിക്കുന്നതിനുമായി തുക അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമാകാത്ത നവീകരണം ആവശ്യമുള്ള എല്ലാ ഹോസ്റ്റൽ കെട്ടിടങ്ങൾക്കും ആവശ്യമായ പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് എല്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന എല്ലാ പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും നവീകരിച്ച് നല്ല പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രീ-മെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനായി ഹോസ്റ്റലുകളിലെ അടിസ്ഥാനസൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് യൂനിസെഫ് നിഷ്കർഷിച്ച മാതൃകയിൽ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് പി.ഒ/ടി.ഡി.ഒ.-മാർക്ക് നിർദ്ദേശം നൽകുകയും ആയതിന്റെ

അടിസ്ഥാനത്തിൽ പ്രൊപ്പോസൽ ലഭ്യമാക്കുകയും ചെയ്തുവരുന്നു. ലഭ്യമായ പ്രൊപ്പോസലുകൾ പ്രകാരം ഹോസ്റ്റലുകളുടെ നവീകരണം നടപ്പിലാക്കിവരികയും ചെയ്യുന്നു.

(ബി) പട്ടികജാതി വികസന വകുപ്പിനുകീഴിൽ 2014-15 സാമ്പത്തിക വർഷം അനുമതി ലഭിച്ചതും പണി പൂർത്തിയാകാത്തതുമായ 7 ഹോസ്റ്റലുകളുണ്ട്. അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ ദീർഘനാളായി പണി പൂർത്തീകരിക്കാത്ത ഹോസ്റ്റലുകൾ ഇല്ല എന്ന വിവരം അറിയിക്കുന്നു.

ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ഹോസ്റ്റലുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഹോസ്റ്റലിന്റെ പേര് | ഭരണാനുമതി ലഭ്യമായ തീയതി | പണി ആരംഭിച്ച തീയതി |
|---|---|---|---|
| 1 | പ്രീ-മെട്രിക് ഹോസ്റ്റൽ, ഇരുമ്പുപാലം, ഇടുക്കി | 5-9-2014 | 2-3-2016 |
| 2 | പ്രീ-മെട്രിക് ഹോസ്റ്റൽ, വട്ടവട, ഇടുക്കി | 3-10-2015 | 19-3-2016 |
| 3 | പ്രീ-മെട്രിക് ഹോസ്റ്റൽ, മീനാക്ഷിപുരം, പാലക്കാട് | 17-11-2015 | 28-10-2016 |
| 4 | പ്രീ-മെട്രിക് ഹോസ്റ്റൽ, ആറളം, കണ്ണൂർ | 17-11-2015 | ടി ഹോസ്റ്റൽ നിർമ്മാണം ആരംഭിക്കുന്നതിലേക്കായി 18-01-2017-ൽ കരാർ ഉടമ്പടി ഒപ്പ് വച്ചിട്ടുണ്ട്. |
| 5 | പ്രീ-മെട്രിക് ഹോസ്റ്റൽ, ഷോളയൂർ(100 ബോയ്സ്) പാലക്കാട് | 9-12-2011 | 20-3-2013 |
| 6 | പ്രീ-മെട്രിക് ഹോസ്റ്റൽ, (60 ബോയ്സ്) പാലക്കാട് | 07-07-2015 | 12-7-2016 |
| 7 | പ്രീ-മെട്രിക് ഹോസ്റ്റൽ, മുള്ളൻകൊല്ലി, വയനാട് | 28-05-2014 | 29-12-2014 |

## പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിലെ പദ്ധതികൾ

214 (2707) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൻ കീഴിൽ 2011 മുതൽ ഓരോ വർഷവും ഉൾപ്പെടുത്തിയ പദ്ധതികളും വകയിരുത്തിയ തുകയും ചെലവാക്കിയ തുകയും എത്രെയന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇവയിൽ 2011 മുതൽ ഓരോ വർഷവും പ്രഖ്യാപിച്ചതും വകയിരുത്തിയതുമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എത്രയെന്നും, വിതരണം നടത്തിയ തുക എത്രയെന്നും ഇനിയും നല്കുവാനുള്ള തുക എത്രയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത വകുപ്പ് പ്രഖ്യാപിച്ച മത്സര പരീക്ഷാധനസഹായം, മൺപാത്രതൊഴിലാളി ധനസഹായം എന്നിവ ഉൾപ്പെടെയുള്ള മറ്റു തൊഴിലാളി സഹായ നിധികൾ, അഭിഭാഷക ഗ്രാന്റുകൾ, വിദേശ പഠന സ്കോളർഷിപ്പുകൾ, പെൻഷനുകൾ, ഓട്ടോമൊബൈൽ പരിശീലനം എന്നിവയുൾപ്പെടെയുള്ളവയ്ക്ക് എത്ര തുക വകയിരുത്തിയെന്നും എത്ര തുക വിതരണം ചെയ്തുവെന്നുമുള്ള 2011 മുതലുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) 2016-17 സാമ്പത്തിക വർഷത്തെ ഇവയുടെ പ്രഖ്യാപന തുക എത്രയെന്നും നാളിതുവരെ നല്കിയവ എത്രയെന്നും ഇനംതിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ -ഡി) വിവരം ശേഖരിച്ചുവരുന്നു.

## സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

215 (2708) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വയം പര്യാപ്തഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം പഞ്ചായത്തിലെ ഏഴിലോട് ചക്ലിയ

കോളനിയുടെയും മാടായി ഗ്രാമ പഞ്ചായത്തിലെ മൂലക്കീൽ കോളനിയുടെയും നിർമ്മാണ പുരോഗതി അറിയിക്കാമോ; ഇവയുടെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം പഞ്ചായത്തിലെ ഏഴിലോട് ചക്ലിയ കോളനിയുടെയും മാടായി ഗ്രാമപഞ്ചായത്തിലെ മൂലക്കീൽ കോളനിയുടെയും നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു:

ഏഴിലോട് ചക്ലിയ കോളനി

1. വീടുകളുടെ പ്ലാസ്റ്ററിംഗ് -15 പേരെ തെരഞ്ഞെടുത്തു; പൂർത്തിയായി.
2. വീടുകളുടെ വൈറ്റ് വാഷ്- 25 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു. 15 എണ്ണം പൂർത്തിയായി. 8 എണ്ണം പൂർത്തിയാകാനുണ്ട്.
3. വീടുകളുടെ തറയിൽ ടൈൽസ് പതിപ്പിക്കുന്ന പദ്ധതി - 21 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു. പൂർത്തിയായത്- 17 പൂർത്തിയാകാത്തത് - 4
4. വീടുകളുടെ ജനൽ, വാതിൽ റിപ്പയർ - 18 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു. പണി ആരംഭിച്ചിട്ടില്ല.
5. വീടുകളുടെ മേൽക്കൂര റിപ്പയർ - ഒരു ഗുണഭോക്താവിനെ തെരഞ്ഞെടുത്തു. പണി ആരംഭിച്ചിട്ടില്ല.
6. റോഡ് ടാറിംഗ് - പൂർത്തിയായി
7. കുഴൽക്കിണർ - പൂർത്തിയായി
8. കുഴൽക്കിണർ പമ്പ് സെറ്റ് സ്ഥാപിക്കൽ - പൂർത്തിയായിട്ടില്ല.
9. വാട്ടർ സപ്ലൈ - 66 വ്യക്തിഗത ഗുണഭോക്താക്കൾക്കും സാംസ്കാരിക നിലയം, അങ്കണവാടി, സ്കൂൾ എന്നിവക്കും കണക്ഷൻ ലഭിച്ചിട്ടുണ്ട്. എന്നാൽ സാംസ്കാരിക നിലയം, സ്കൂൾ, അങ്കണവാടി എന്നിവിടങ്ങളിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതി കറന്റ് കണക്ഷൻ ലഭിക്കാത്തതിനാൽ പൂർണ്ണമായിട്ടില്ല. മാർച്ച് 31-നകം തന്നെ കറന്റ് കണക്ഷൻ ലഭ്യമാക്കി മുഴുവൻ പദ്ധതികളും പൂർത്തിയാക്കുമെന്ന് ഏജൻസിയായ FIT അറിയിച്ചിട്ടുണ്ട്.

മൂലക്കീൽ കോളനി

1. കുടിവെള്ളം - കുടിവെള്ള പദ്ധതിക്കായി 27,00,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ടി തുക കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.
2. വേലായുധൻ പീടിക- പഞ്ചായത്ത് കിണർ റോഡ് പൂർത്തീകരിച്ചിട്ടില്ല.
3. മൂലക്കീൽ പാലം - പടന്നപാലം റോഡ് പൂർത്തീകരിച്ചിട്ടില്ല.
4. ഇന്ദിരാജി ക്ലബ് - സ്വാമി മഠം ഫുട്പാത്ത് പൂർത്തീകരിച്ചു.
5. രണ്ട് തോട്- ദമയന്തി വീട് ഫുട്പാത്ത് പൂർത്തീകരിച്ചു.
6. രാജൻ പീടിക - രാഘവൻ വീട് ഫുട്പാത്ത് പുരോഗമിക്കുന്നു.
7. നാരായണൻ കട - രാജൻ വീട് ഫുട്പാത്ത് പുരോഗമിക്കുന്നു.

**കുടിവെള്ള പദ്ധതികൾ**

216 (2709) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ൽ നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളിലാണ് കുടിവെള്ള പദ്ധതികൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയുടെയും പദ്ധതി നടപ്പിലാക്കാൻ ചുമതലപ്പെടുത്തിയ ഏജൻസിയുടെയും വിശദാംശം നൽകുമോ;

(സി) ഓരോ പദ്ധതിയും സമയബന്ധിതമായി പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2016-17-ൽ നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളിലാണ് കുടിവെള്ള പദ്ധതികൾ അനുവദിച്ചിട്ടുള്ളതെന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുകയും പദ്ധതി നടപ്പിലാക്കാൻ ചുമതലപ്പെടുത്തിയ ഏജൻസിയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഓരോ പദ്ധതിയും സമയബന്ധിതമായി പൂർത്തിയാക്കാൻ നിർവ്വഹണോദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം

217 (2710) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് മണ്ഡലത്തിൽ സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പട്ടികജാതി കോളനികൾ ഏതെല്ലാമാണെന്നു വ്യക്തമാക്കുമോ;

(ബി) 2013-14 കാലഘട്ടത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയ അപ്പോളോ കോളനി, തൃപ്പാദം കോളനി എന്നീ പട്ടികജാതി കോളനികളിലെ പദ്ധതി പൂർത്തിയായോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) നെടുമങ്ങാട് മണ്ഡലത്തിൽ സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള പട്ടികജാതി കോളനികൾ താഴെപ്പറയുന്നു:

1. തോന്നയ്ക്കൽ കോളനി
2. അപ്പോളോ കോളനി
3. ശ്രീപാദം കോളനി
4. മരുതൂർ - മാഞ്ഞാംകോട് കോളനി

(ബി) പദ്ധതി പൂർത്തിയായിട്ടില്ല. അപ്പോളോ കോളനിയുടെ പ്രവൃത്തികൾ ഒന്നാം ഘട്ടത്തിലും ശ്രീപാദം കോളനിയുടെ പ്രവൃത്തികൾ രണ്ടാം ഘട്ടത്തിലുമാണ്.

## വിധവയുടെ അപേക്ഷ

218 (2711) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാൻഹോളിൽ വീണ് മരണപ്പെട്ട കോട്ടയം ജില്ലയിൽ കാണക്കാരി പഞ്ചായത്തിലെ ദേവസ്യാ ചാക്കോയുടെ വിധവയായ ശ്രീമതി ലിസി ജോസഫ് സമർപ്പിച്ച അപേക്ഷയിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ അപേക്ഷയിൽ കാലതാമസം ഉണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ; ഈ അപേക്ഷ തീർപ്പാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) പട്ടികജാതി വകുപ്പ് ഡയറക്ടർ ഓഫീസിൽ ഇതു സംബന്ധിച്ച് നിലവിലുള്ള A5/6333/2016 നമ്പർ ഫയലിൽ ഇതുവരെ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; ഈ ഫയൽ തീർപ്പാക്കാൻ ഡയറക്ടറേറ്റിൽ ഉണ്ടായ കാലതാമസം അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രീമതി ലിസി ജോസഫ് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) പട്ടികജാതി വികസന ഡയറക്ടറേറ്റിൽ ശ്രീമതി ലിസി ജോസഫിന്റെ അപേക്ഷ സംബന്ധമായ ഫയൽ നിലവിലില്ല. പട്ടികജാതി വികസന ഡയറക്ടറേറ്റിൽ A5/6333/2016 എന്ന ഒരു ഫയൽ നിലവിലില്ല എന്നും അറിയിക്കുന്നു.

**അംബേദ്ക്കർ സ്വാശ്രയ ഗ്രാമം പദ്ധതി**

219 (2712) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്ക്കർ സ്വാശ്രയ ഗ്രാമം പദ്ധതി പ്രകാരം പട്ടികജാതി കോളനികളുടെ വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ തിരഞ്ഞെടുത്ത കോളനികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) അംബേദ്ക്കർ ഗ്രാമം പദ്ധതിയിൽ പട്ടികജാതി സങ്കേതങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് ഒരു സങ്കേതത്തിൽ ഒരു കോടി രൂപയുടെ പദ്ധതികൾ ഏറ്റെടുക്കുവാനാണ് ഉദ്ദേശിക്കുന്നത്. എം.എൽ.എ.-മാർ തെരഞ്ഞെടുക്കുന്ന സങ്കേതങ്ങളുടെ ലിസ്റ്റ് തയ്യാറായി വരുന്നു.

## പുതിയ കോഴ്സുകൾ

220 (2713) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ഉമ്പർനാട് പട്ടികജാതി ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(ബി) പട്ടികജാതി വകുപ്പിന്റെ ഫണ്ടുപയോഗിച്ച് ഐ.ടി.ഐ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇതിനാവശ്യമായ നിർദ്ദേശം വകുപ്പ് തലത്തിൽ നൽകുമോ?

### ഉത്തരം

(എ) മാവേലിക്കര ഉമ്പർനാട് പട്ടികജാതി ഐ.ടി.ഐ.യിൽ കാർപെന്റർ, എം.ആർ.ടി.വി. എന്നീ ട്രേഡുകളാണ് ഉണ്ടായിരുന്നത്. ഇതിൽ എം.ആർ.ടി.വി. ട്രേഡ് ഡിജിഇ&ടി നിർത്തലാക്കിയതിനാൽ ഈ അദ്ധ്യയനവർഷം ഇലക്ട്രോണിക്സ് മെക്കാനിക് ട്രേഡ് ആരംഭിച്ചിട്ടുണ്ട്.

(ബി) നിലവിൽ എം.പി. ഫണ്ടുപയോഗിച്ച് കെട്ടിടം പണിത് പ്രവർത്തിക്കുന്നു. കാർപെന്ററി വർക്ക്ഷോപ്പിന്റെ അറ്റകുറ്റപ്പണികൾ പി.ഡബ്ല്യു.ഡി. ചെയ്തുവരുന്നു. ഐ.ടി.ഐ. നവീകരണത്തിന് ഫണ്ട് ആവശ്യമായിവന്നാൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## അടിസ്ഥാനസൗകര്യ വികസനം

221 (2714) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-കുരിയാർകുറ്റി കോളനിയിൽ എന്തെല്ലാം അടിസ്ഥാന വികസന സൗകര്യങ്ങൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോളനിയിലേയ്ക്കുള്ള റോഡിന്റെ ശോചനീയാവസ്ഥ, വൈദ്യുതി കണക്ഷന്റെ അഭാവം എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പറമ്പിക്കുളം കുരിയാർക്കുറ്റി കോളനിയിൽ അടിസ്ഥാന സൗകര്യ വികസനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സോളാർ വൈദ്യുതീകരണം, സമ്പൂർണ്ണ ഭവനനിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കി വരുന്നു.

(ബി & സി) ഉൾവന മേഖലയിൽ വരുന്ന കോളനിയിൽ നിലവിലുള്ള റോഡ് ശോചനീയാവസ്ഥയിലാണ്. വൈദ്യുതിപ്രശ്നം സോളാർ വൈദ്യുതീകരണത്തോടെ പരിഹരിച്ചിട്ടുണ്ട്. റോഡിന്റെ പുനരുദ്ധാരണം നടത്തുന്നതിന് വനം വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുന്നതാണ്.

**അടിസ്ഥാന സൗകര്യങ്ങൾ**

222 (2715) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾക്ക് അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമുണ്ടോ; വാടകക്കെട്ടിടത്തിലും, സ്വന്തം കെട്ടിടത്തിലും പ്രവർത്തിക്കുന്ന ഹോസ്റ്റലുകളുടെ മെയിന്റനൻസ് സമയബന്ധിതമായി നടക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാർഡന്മാരുടെ അഭാവമുണ്ടോ എന്നും ആവശ്യത്തിന് ഫർണിച്ചറുകൾ ലഭ്യമാണോ എന്നും വ്യക്തമാക്കുമോ ; ട്യൂഷൻ നൽകുന്നതിന് അദ്ധ്യാപകരുണ്ടോ എന്നും അവരുടെ പ്രതിഫലം വർദ്ധിപ്പിക്കുമോ എന്നും വ്യക്തമാക്കുമോ ; വിദ്യാർത്ഥികളുടെ മെസ്സ് ഫീ, പോക്കറ്റ് മണി എന്നിവ വർദ്ധിപ്പിക്കുമോ; വ്യക്തമാക്കുമോ

(സി) പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് പരീക്ഷാ പരിശീലനത്തിനായി ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു; ഇവിടെ നിന്നും പരീക്ഷ യോഗ്യത നേടിയവർ എത്ര; വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമുള്ള ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം നിലവിലില്ല. വാടക കെട്ടിടങ്ങളിലും സ്വന്തം കെട്ടിടങ്ങളിലും പ്രവർത്തിക്കുന്ന ഹോസ്റ്റലുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സ്ഥിര വാർഡന്മാരുടെ അഭാവമുള്ള ഹോസ്റ്റലുകളിൽ എംപ്ലോയ്മെന്റിൽനിന്നും താൽക്കാലികമായി വാർഡന്മാരെ നിയമിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ ഫർണിച്ചറുകൾ ലഭ്യമാണ്. പ്രീ-മെട്രിക് ഹോസ്റ്റലിൽ ട്യൂഷൻ നൽകുന്നതിന് അദ്ധ്യാപകരുണ്ട്. അവരുടെ പ്രതിഫലം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

മെസ് ഫീ വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. പോക്കറ്റ് മണി പ്രീ-മെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്ക് 100 രൂപയിൽ നിന്നും 130 രൂപയായും പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ 150 രൂപയിൽ നിന്നും 190 രൂപയായും 23-7-2016-ന് വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ വാർഡന്മാരുടെ ഒഴിവുകളുള്ള സ്ഥലങ്ങളിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനാൽ വാർഡന്മാരുടെ അഭാവമില്ല. എല്ലാ ഹോസ്റ്റലുകളിലും ഫർണിച്ചറുകൾ ആവശ്യത്തിന് ലഭ്യമാണ്. എല്ലാ പ്രീ-മെട്രിക് ഹോസ്റ്റലുകളിലും ട്യൂഷൻ നൽകുന്നതിന് പാർട്ട് ടൈം ട്യൂട്ടർമാരുടെ സേവനം ലഭ്യമാണ്. 31-1-2016-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 09/2016/പജപവവിവ പ്രകാരം ട്യൂട്ടർമാരുടെ ഓണറേറിയം 1500 രൂപയിൽ നിന്നും 5500 രൂപയായി ഉയർത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. പോക്കറ്റ് മണി 190 രൂപയിൽ നിന്നും 50 ശതമാനം വർദ്ധിപ്പിക്കുന്നതിനായി പ്രൊപ്പോസൽ പരിഗണനയിലാണ്.

പട്ടികജാതി വികസന വകുപ്പിനുകീഴിൽ തിരുവനന്തപുരം ജില്ലയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നു. 2002 മുതൽ 2016 വരെ 12 പേർ വിവിധ സിവിൽ സർവ്വീസുകൾ നേടിയിട്ടുണ്ട്. പരീക്ഷാ യോഗ്യത നേടിയവരുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം* ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഭവനനിർമ്മാണ പദ്ധതികൾ**

223 (2716) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2007 മുതൽ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിയ ഭവനനിർമ്മാണ പദ്ധതികളിൽ ഇതുവരെയും പണി പൂർത്തിയാക്കാത്ത വീടുകളുണ്ടോ; ഉണ്ടെങ്കിൽ അവയുടെ ബ്ലോക്ക് തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) പണി പൂർത്തിയാകാത്ത വീടുകളുടെ പൂർത്തീകരണത്തിന് തുക അനുവദിക്കാൻ ആലോചനയുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ബ്ലോക്ക് തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) 2007-08 മുതൽ അനുവദിച്ചതിൽ പണി പൂർത്തിയാകാത്ത വീടുകളിൽ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് സ്പിൽ ഓവർ പദ്ധതിപ്രകാരം പുതുക്കിയ നിരക്കിന് ആനുപാതികമായ തുക അനുവദിച്ചു നൽകുന്നുണ്ട്. കൂടാതെ 2007-08 മുതൽ 2013-14 വരെയുള്ള വീടുകളിൽ പണി പൂർത്തിയാകാതെ അവശേഷിക്കുന്ന പഴയ നിരക്കിൽ തുക കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് ഒടുവിൽ വാങ്ങിയ ധനസഹായത്തുക 2,00,000 രൂപയ്ക്ക് ആനുപാതികമായ നിരക്കിൽ അധികധനസഹായമായി അനുവദിക്കുകയും ചെയ്യുന്നുണ്ട്. ഇതുവഴി മുഴുവൻ സ്പിൽ ഓവർ വീടുകളും പൂർത്തീകരിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**ജോലി സമയം**

224 (2717) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിലെ വാർഡൻമാരുടെ ജോലിസമയം നിജപ്പെടുത്തിയിട്ടുണ്ടോ;

(ബി) വാർഡൻമാർക്ക് വകുപ്പിലെ ക്ലാർക്ക്/ഓഫീസർ തസ്തികകളിലേയ്ക്ക് പ്രമോഷന് ക്വാട്ട അനുവദിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) നിജപ്പെടുത്തിയിട്ടില്ല.

(ബി) പരിശോധിക്കുന്നതാണ്.

**പട്ടികവർഗ്ഗക്കാർക്കാരുടെ ആനുകൂല്യങ്ങൾ**

225 (2718) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സ്കീം അനുസരിച്ച്, പട്ടിക വർഗ്ഗക്കാർക്കായി അനുവദിച്ച ആനുകൂല്യങ്ങൾ അവർക്ക് തന്നെ ലഭ്യമാക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തുന്നതിന്, വകുപ്പിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; ഇതിന്റെ പ്രവർത്തനരീതി എങ്ങനെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നാളിതുവരെ ഏതെങ്കിലും സ്കീമിൽ പട്ടിക വർഗ്ഗക്കാർക്കായി അനുവദിച്ച ആനുകൂല്യം മറ്റ് വിഭാഗക്കാർ കയ്യടക്കിയതായോ നേടിയെടുത്തതായോ വകുപ്പിന് വിവരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികൾ അർഹതപ്പെട്ട പട്ടികവർഗ്ഗ ക്കാർക്കുതന്നെ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

1. കോളനിയിലെ ഊരുകൂട്ട ചർച്ചയിലൂടെ പദ്ധതിയിൽ നിഷ്കർഷിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ഗുണഭോക്താക്കളെ കണ്ടെത്തുന്നു.

2. പട്ടികവർഗ്ഗക്കാർക്കുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകിവരുന്നത്.

3. പട്ടിവർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുതന്നെ ചെലവഴിക്കുന്നുവെന്ന്

കൃത്യമായി മോണിട്ടർ ചെയ്യുന്നതിന് ജില്ലാകളക്ടർ അദ്ധ്യക്ഷനായി എം.എൽ.എ.-മാർ ഉൾപ്പെടുന്ന കമ്മിറ്റിയും ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മിറ്റിയും നിലവിലുണ്ട്. ഇതിനുപുറമേ സംസ്ഥാന തലത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി വിലയിരുത്തി വരുന്നു.

4. 17-7-2012-ലെ സർക്കാർ ഉത്തരവ് (സാധാ) നം.1013/2012/പജപവിവ പ്രകാരം പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർ ചെയർമാനും ജോയിന്റ് ഡയറക്ടർ കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളായും രൂപീകരിച്ച കമ്മിറ്റി സംസ്ഥാനതലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ടും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു.

(ബി) പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ മറ്റു വിഭാഗക്കാർ കയ്യടക്കിയതായോ നേടിയെടുത്തതായോ വകുപ്പിന് വിവരം ലഭിച്ചിട്ടില്ല.

**ദുരിതാശ്വാസ നിധി**

226 (2719) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മുതൽ നാളിതുവരെ പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖേനയുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര അപേക്ഷകൾക്ക് ധനസഹായം നൽകി ഉത്തരവായിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പേർക്ക് തുക വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വിഭാഗത്തിന് നൽകിയിട്ടുള്ള ധനസഹായം സംബന്ധിച്ച മണ്ഡലം തിരിച്ചുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിൽ ആകെ - 37 നിയമസഭാ മണ്ഡലങ്ങളിലായി 428 അപേക്ഷകർക്ക് ധനസഹായം നൽകി ഉത്തരവായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | നിലമ്പൂർ | 1 |
| 2 | ഏറനാട് | 1 |
| 3 | ഇടുക്കി | 4 |
| 4 | വൈപ്പിൻ | 2 |
| 5 | മൂവാറ്റുപുഴ | 2 |
| 6 | കളമശ്ശേരി | 1 |
| 7 | അങ്കമാലി | 1 |
| 8 | പെരുമ്പാവൂർ | 1 |
| 9 | മണ്ണാർക്കാട് | 8 |
| 10 | ഇരിക്കൂർ | 9 |
| 11 | മട്ടന്നൂർ | 2 |
| 12 | പേരാവൂർ | 29 |
| 13 | ഏറ്റുമാനൂർ | 1 |
| 14 | കാഞ്ഞിരപ്പള്ളി | 1 |
| 15 | വയനാട് | 9 |
| 16 | മാനന്തവാടി | 10 |
| 17 | റാന്നി | 58 |
| 18 | കോന്നി | 27 |
| 19 | അടൂർ | 2 |

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | |
|---|---|---|
| 20 | ആറന്മുള | 1 |
| 21 | സുൽത്താൻ ബത്തേരി | 11 |
| 22 | അരുവിക്കര | 1 |
| 23 | കാട്ടാക്കട | 1 |
| 24 | നെന്മാറ | 31 |
| 25 | മലമ്പുഴ | 1 |
| 26 | ആലത്തൂർ | 3 |
| 27 | ചാലക്കുടി | 13 |
| 28 | ഒല്ലൂർ | 29 |
| 29 | പുതുക്കാട് | 1 |
| 30 | ചേലക്കര | 2 |
| 31 | ചേർത്തല | 6 |
| 32 | പുനലൂർ | 2 |
| 33 | മഞ്ചേശ്വരം | 24 |
| 34 | കാസർഗോഡ് | 20 |
| 35 | ഉദുമ | 27 |
| 36 | കാഞ്ഞങ്ങാട് | 63 |
| 37 | തൃക്കരിപ്പൂർ | 23 |

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം അനുബന്ധമായി* ചേർത്തിരിക്കുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിൽ 397 പേർക്ക് തുക വിതരണം ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന രേഖകളും ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പും ലഭ്യമാക്കുന്ന മുറയ്ക്ക് ബാക്കിയുള്ള 31 പേർക്കും തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## 'ആശിക്കും ഭൂമി ആദിവാസിക്ക് ' പദ്ധതി

227 (2720) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നടപ്പാക്കിയ 'ആശിക്കും ഭൂമി ആദിവാസിക്ക്' പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പുമായി ഉയർന്നുവരുന്ന അഴിമതി ആക്ഷപങ്ങൾ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) വയനാട് ജില്ലയിൽ 271 ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് 23,90,78,260 രൂപ ചെലവഴിച്ച് 89.831 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ പുനരധിവാസത്തിന്റെ ഭാഗമായി ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതിയിൽ ക്രമക്കേടുകളുണ്ടോ എന്നത് സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തിവരികയാണ്.

## സ്ഥിരം അദ്ധ്യാപകർ

228 (2721) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരുടെ എത്ര ഒഴിവുകളുണ്ട്; മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് ഈ ഒഴിവുകൾ തടസ്സമാകുന്നുണ്ടോ;

(ബി) അദ്ധ്യാപക ഒഴിവുകൾ നികത്തുന്നതിനുള്ള ബുദ്ധിമുട്ട് എന്താണ്; പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ലൈബ്രറി, ലബോറട്ടറി , സ്മാർട്ട് ക്ലാസ്സ് റൂമുകൾ എന്നിവ എല്ലാ സ്കൂളുകളിലും ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പ്രയോജനം വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വികസനവകുപ്പിന് കീഴിലുള്ള എം.ആർ.എസ്-കളിൽ സ്ഥിരം അദ്ധ്യാപകരുടെ 85 ഒഴിവുകളുണ്ട്. ഈ ഒഴിവുകളിലേയ്ക്ക് അദ്ധ്യയന വർഷാരംഭത്തിൽ തന്നെ അതത് വർഷക്കാലത്തേയ്ക്ക് നിയമനം നടത്തുന്നുണ്ട്.

(ബി) അദ്ധ്യപക തസ്തികകൾ പൊതുവിദ്യാഭ്യാസവകുപ്പ്, ഹയർ സെക്കൻഡറി വകുപ്പ് എന്നിവയ്ക്ക് കീഴിലാണുള്ളത്. ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച തുടർനടപടികൾ ടി വകുപ്പുകളാണ് ചെയ്തു വരുന്നത്.

(സി) ലൈബ്രറി, ലബോറട്ടറി എന്നിവ എല്ലാ എം.ആർ.എസ്-കളിലും നിലവിലുണ്ട്. 7 എം.ആർ.എസ്-കളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള എം.ആർഎസ്.-കളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയവ വിദ്യാർത്ഥികൾക്ക് ഫലപ്രദമായ രീതിയിൽ ലഭ്യമാക്കുന്നുണ്ട്.

**ആദിവാസി കുടുംബങ്ങൾക്ക് ഭൂമി**

229 (2722) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ എത്ര ആദിവാസി കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം ഭൂമി നൽകിയിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(ബി) ഇനി എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകാൻ കഴിയുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ആദിവാസി കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം ഭൂമി നൽകിയ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കോളനിയുടെ പേര് | ഭൂമി(ROR) നൽകിയത് | ഭൂമി വിസ്തൃതി (ഹെക്ടർ) |
|---|---|---|---|
| 1 | പൂപ്പാറ | 40 | 28.5850 |
| 2 | ചെറുനെല്ലി | 5 | 2.5879 |
| 3 | 5-ാം കോളനി | 17 | 1.8354 |
| 4 | കച്ചിത്തോട് | 13 | 3.9920 |
| 5 | കുരിയാർകുറ്റി | 58 | 5.3534 |
| 6 | തേക്കടി അല്ലിമൂപ്പൻ കോളനി | 63 | 22.9660 |
| 7 | തേക്കടി 30 ഏക്കർ | 33 | 13.7671 |
| 8 | സുങ്കം കോളനി | 84 | 2.1874 |
| 9 | എർത്ത് ഡാം കോളനി | 41 | 0.8274 |
| 10 | കടവ് കോളനി | 49 | 0.7425 |
| | | 403 | 82.8441 |

(ബി) നെന്മാറ നിയോജകമണ്ഡലത്തിൽനിന്ന് നിലവിൽ വനാവകാശ നിയമപ്രകാരം ഭൂമി നൽകുന്നതിന് അപേക്ഷകൾ തീർപ്പാക്കുവാൻ ബാക്കിയില്ല.

### കോളനികളുടെ വികസനം

230 (2723) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിന് വേണ്ടി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ,മലപ്പുറം ജില്ലയിലെ കോളനികളുടെ പട്ടിക നിയോജകമണ്ഡലം തിരിച്ച് നൽകാമോ;

(സി) പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൂടുതലായി പഠിക്കുന്ന വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യവികസനത്തിന് വേണ്ടി നിലവിൽ പദ്ധതികൾ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സ്വയംപര്യാപ്ത ഗ്രാമം, ഗാന്ധി ഗ്രാമം എന്നീ പദ്ധതികൾ പ്രകാരമാണ് സംസ്ഥാനത്തെ പട്ടികജാതി കോളനികളുടെ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നത്. നടപ്പ് സാമ്പത്തികവർഷം 216 കോളനികളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.

പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനത്തിനായി പട്ടികവർഗ്ഗ മേഖലയിലെ ശുദ്ധജലം, റോഡ്, വൈദ്യുതി, പാർപ്പിടം മുതലായ അടിസ്ഥാന സൗകര്യ വികസനം, വിദ്യാഭ്യാസം, ജീവനോപാധി പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കായി ഹാംലെറ്റ് വികസന പദ്ധതി നടപ്പിലാക്കിവരുന്നു. 2016-17 വർഷം 10 കോടി രൂപ വകയിരുത്തി 10 പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഹാംലെറ്റ് വികസന പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസനത്തിനുവേണ്ടി സാധാരണ പട്ടികവർഗ്ഗ വിഹിതത്തിന് പുറമെയുള്ള ഒരു പ്രത്യേക പാക്കേജാണ് അഡീഷണൽ ട്രൈബൽ സബ് പ്ലാൻ (എ.ടി.എസ്.പി). എ.ടി.എസ്.പി. പദ്ധതിയിൽ മുൻ സർക്കാരിന്റെ കാലത്ത് ഏറ്റെടുത്തിട്ടുള്ളതും പൂർത്തീകരിക്കാത്തതുമായ സ്പിൽ ഓവർ വീടുകളുടെ പൂർത്തീകരണത്തിനായി 2016-17 വർഷത്തെ എ.ടി.എസ്.പി. പദ്ധതിയിൽ നിന്നും 13678.19 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. ശേഷിക്കുന്ന തുകയായ 1321.81 ലക്ഷം രൂപ മലപ്പുറം ജില്ലയിലെ സ്പിൽ ഓവർ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി അനുവദിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

കൊല്ലം ജില്ലയിലെ കരിയോട്ടുമല, പത്തനംതിട്ട ജില്ലയിലെ ചാലക്കയം, വയനാട് ജില്ലയിലെ നെല്ലറച്ചാൽ, പരുർക്കുന്ന്, കുഞ്ഞോം എന്നീ പട്ടികവർഗ്ഗ കോളനികളിൽ മോഡൽ കോളനി പദ്ധതി നടപ്പിലാക്കിവരുന്നു.

ഇവയ്ക്ക് പുറമേ കോർപ്പസ് ഫണ്ട്, ആർട്ടിക്കിൾ 275 (1), എസ്.സി.എ ടു ടി.എസ്.പി., പൂൾഡ് ഫണ്ട് എന്നിവ ഉപയോഗിച്ചും വിവിധ വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) പട്ടികജാതി കോളനികളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ കോളനികളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(സി) പട്ടികജാതി വിദ്യാർത്ഥികൾ കൂടുതലായി പഠിക്കുന്ന വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യവികസനത്തിനുവേണ്ടി നിലവിൽ പദ്ധതികളില്ല.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൂടുതലായി പഠിക്കുന്ന വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി പട്ടികവർഗ്ഗ പ്രദേശങ്ങളിലെ സൗകര്യങ്ങളുടെ വികസനം എന്ന ശീർഷകത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുറഞ്ഞത് 20 ശതമാനം വിദ്യാർത്ഥികളുള്ള സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. 2016-17 സാമ്പത്തികവർഷം 250 ലക്ഷം രൂപ ടി പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

## മെസ്സ് അലവൻസ്

231 (2724) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹോസ്റ്റലുകളിലെ ഓരോ കുട്ടിക്കും മെസ്സ് അലവൻസ് ഇനത്തിൽ മാസം എത്ര രൂപ വീതം അനുവദിച്ചു നൽകുന്നുണ്ടെന്ന് മെട്രിക്, പോസ്റ്റ് മെട്രിക് തലത്തിൽ പ്രത്യേകം വ്യക്തമാക്കുമോ;

(ബി) മെസ്സ് അലവൻസ് തുക കാലോചിതമായി ഉയർത്തി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹോസ്റ്റലുകളിലെ പ്രീ-മെട്രിക് വിദ്യാർത്ഥിക്ക് പ്രതിമാസം 2000 രൂപയും പോസ്റ്റ് മെട്രിക് വിദ്യാർത്ഥിക്ക് പ്രതിമാസം 2300 രൂപയും മെസ്സ്ചാർജ് ഇനത്തിൽ അനിവദിച്ചുവരുന്നു.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഹോസ്റ്റൽ കെട്ടിടം**

232 (2725) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിലൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹോസ്റ്റലിന് സ്വന്തമായി കെട്ടിടം ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹോസ്റ്റലിന് ആവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത ഹോസ്റ്റലിന് സ്വന്തമായി സ്ഥലവും കെട്ടിടവും എന്ന് യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഉണ്ട്. അയിലൂർ പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനായി ചിറ്റൂർ താലൂക്കിലെ അയിലൂർ വില്ലേജിൽ റീസർവ്വെ നമ്പർ 133/4-ൽപ്പെട്ട 0.4481 ഹെക്ടർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം വാങ്ങുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

**പട്ടികവർഗ്ഗക്കാർക്കുള്ള പ്രൊപ്പോസലുകൾ**

233 (2726) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട് ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അനുമതിക്കായി സമർപ്പിച്ച എത്ര പ്രപ്പോസലുകൾക്ക് സംസ്ഥാന തല വർക്കിംഗ് ഗ്രൂപ്പ് അനുമതി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

2016-17 വർഷം കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അനുമതിക്കായി സമർപ്പിച്ച പ്രൊപ്പോസലുകളിൽ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരം ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതി | തുക |
|---|---|---|
| 1 | കരിയാർപ്പ്-ബിരിക്കുളം റോഡ് ടാറിംഗ് കിനാനൂർ കരിന്തളം | 15,00,000 |
| 2 | ആലക്കുഴി ഉരിട്ടിക്കുന്ന് റോഡ് ടാറിംഗ്, കോടോം ബേളൂർ പഞ്ചായത്ത് | 7,60,000 |
| 3 | പയ്യങ്ങാനം കോളനി റോഡ് ടാറിംഗ്, കിറ്റിക്കോൽ | 13,30,000 |
| | ആകെ | 35,90,000 |

**അട്ടപ്പാടിയിലെ ശിശുമരണം**

234 (2727) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ശിശുമരണങ്ങൾ സംബന്ധിച്ച് ഏതെങ്കിലും വിദഗ്ധസംഘം പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അട്ടപ്പാടിയിൽ എത്ര ശിശുമരണങ്ങൾ ഉണ്ടായി;

(സി) അട്ടപ്പാടിയിലെ ഗർഭിണികളായ ആദിവാസി സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും മതിയായ പോഷകാഹാരവും ചികിത്സയും നൽകുന്നതിലുണ്ടായ വീഴ്ചയാണ് ശിശുമരണം ഉണ്ടാകുന്നതിനുള്ള കാരണം എന്ന കാര്യം പരിശോധിക്കുമോ;

(ഡി) ശിശുമരണങ്ങൾ ഒഴിവാക്കുവാൻ പോഷകാഹാരവും ചികിത്സയും അവർക്ക് ഉറപ്പുവരുത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2013-ൽ അട്ടപ്പാടി മേഖലയിൽ ആദിവാസി ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ യൂണിസെഫ്, ഡോ. ഇക്ബാൽ കമ്മിറ്റി, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, തൃശ്ശൂർ മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ നേതൃത്വത്തിലുള്ള സംഘം, ഹൈദ്രാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷൻ എന്നീ സംഘങ്ങൾ അട്ടപ്പാടി മേഖലയിൽ പഠനം നടത്തിയിട്ടുണ്ട്.

(ബി & സി) 8 മരണങ്ങൾ സംഭവിച്ചിട്ടുണ്ട്. കുഞ്ഞുങ്ങൾക്ക് ജന്മനാലോ പിന്നീടോ ഉണ്ടായ അസുഖങ്ങളെ തുടർന്നാണ് ഇവ സംഭവിച്ചിട്ടുള്ളത്. ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായിരുന്നതായി ആരോഗ്യവകുപ്പ് മരണം സംബന്ധിച്ച റിപ്പോർട്ടുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. വീടുകളിൽ നടന്നിരുന്ന പ്രസവം, കുടുംബത്തിൽ നിന്നും പ്രസവ പരിചരണം ലഭിക്കാതിരുന്നത്, ചികിത്സാ വൈമുഖ്യം, വാഹന സൗകര്യത്തിന്റെ അഭാവം, മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസ്സം തുടങ്ങിയവയായിരുന്നു പ്രധാന കാരണങ്ങൾ. പോഷകാഹാര കുറവുമൂലം മരണം സംഭവിച്ചിട്ടില്ല. സർക്കാർ വകുപ്പുകളുടെ നിരന്തര ഇടപെടൽ നിമിത്തം ഇത്തരം കാരണങ്ങൾക്ക് പരിഹാരം കണ്ടെത്തി മരണനിരക്ക് കുറച്ചുകൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ നടപ്പാക്കുന്ന എല്ലാ ക്ഷേമപദ്ധതികളും പട്ടികവർഗ്ഗക്കാരുടെ സമഗ്ര പുരോഗതി ലഭ്യമാക്കിയിട്ടുള്ളതാണ്. പട്ടികവർഗ്ഗ വികസനവകുപ്പ് മുഖേന ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഗർഭാവസ്ഥയുടെ 3-ാം മാസം മുതൽ 18 മാസം വരെ സ്വന്തം നിലയ്ക്ക് ആവശ്യമായ പോഷകാഹാരം വാങ്ങുന്നതിനായി പ്രതിമാസം 1000 രൂപ വീതം നൽകുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ജനനീ ജന്മരക്ഷാ പദ്ധതി, സിക്കിൾസെൽ അനീമിയ രോഗികൾക്ക് മരുന്നും മറ്റ് ജീവനോപാധികളും വാങ്ങുന്നതിനായി പ്രതിമാസം 2000 രൂപ സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പൂർണ്ണമായും സൗജന്യ ചികിത്സ നൽകുന്നതിനുവേണ്ടി നടപ്പിലാക്കിവരുന്ന സമഗ്ര ആരോഗ്യസുരക്ഷാ പദ്ധതി, ഭക്ഷ്യസഹായ പദ്ധതി എന്നിവയും സാമൂഹ്യനീതി വകുപ്പ് മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകുന്ന പദ്ധതിയും പട്ടികവർഗ്ഗക്കാർക്ക് പാകം ചെയ്ത ഭക്ഷണം അവരവരുടെ ഊരുകളിൽ

എത്തിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധനസഹായത്തോടെ കുടുംബശ്രീ മുഖേന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയും നടപ്പിലാക്കിവരുന്നു. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയുടെ കീഴിൽ 3 ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു. കൂടാതെ ആധുനിക സൗകര്യങ്ങളോടുകൂടിയ ഓപ്പറേഷൻ തിയേറ്റർ, ഐ.സി.യു എന്നിവയും ഈ ആശുപത്രിയിലുണ്ട്. അട്ടപ്പാടിയിൽ 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു. ആരോഗ്യം, സാമൂഹ്യനീതി, പട്ടികവർഗ്ഗ വികസനം, കുടുംബശ്രീ, തദ്ദേശസ്വയംഭരണം, പോലീസ്, കൃഷി, മൃഗസംരക്ഷണം, റവന്യൂ എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഊർജ്ജിത പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഫലമായി 2016-ൽ ശിശുമരണം 8 ആക്കി കുറയ്ക്കാൻ സാധിച്ചു. 2013-ൽ 31 ഉം, 2014-ൽ 15 ഉം 2015-ൽ 14 ഉം ആയിരുന്നു. 2017-ൽ ഇതുവരെ രണ്ട് ശിശുമരണങ്ങളാണ് ഉണ്ടായിട്ടുള്ളത്. കേരളത്തിന്റെ ശിശുമരണനിരക്ക് 13 ആയിരിക്കെ അട്ടപ്പാടിയിലേത് 9 ആക്കി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ ഭക്ഷ്യ-പോഷകാഹാര സുരക്ഷ ഉറപ്പുവരുത്തുന്നതിലേക്കായി തിന, ചോളം, ചാമ, റാഗി തുടങ്ങിയ ധാന്യങ്ങളുടെ പരമ്പരാഗത കൃഷി രീതികൾ പ്രോൽസാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിപുലമായ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു:

ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി പട്ടികവർഗ്ഗ വികസനവകുപ്പ് മുഖേന ജനനീ ജന്മരക്ഷാ പദ്ധതി നടപ്പിലാക്കുന്നു. ഗർഭാവസ്ഥയുടെ 3-ാം മാസം മുതൽ കുഞ്ഞിന് 1 വയസ്സ് തികയും വരെ പ്രതിമാസം 1000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. ഇവർക്ക് സ്വന്തം നിലയ്ക്ക് പോഷകാഹാരം വാങ്ങി കഴിക്കുന്നതിനുവേണ്ടിയാണ് ഈ തുക നൽകുന്നത്. ഈ സാമ്പത്തിക വർഷം ആകെ 1 കോടി രൂപ അട്ടപ്പാടി മേഖലയിൽ ഈ പദ്ധതിപ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

സിക്കിൾസെൽ അനീമിയ രോഗികൾക്ക് ആവശ്യമായ മരുന്നും മറ്റു ജീവനോപാധികളും വാങ്ങുന്നതിനായി പ്രതിമാസം 2,000 രൂപ വീതം ധനസഹായം നൽകുന്നു. ഇതിലേക്കായി ഈ സാമ്പത്തികവർഷം 6 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സമഗ്ര ആരോഗ്യസുരക്ഷാ പദ്ധതിപ്രകാരം സർക്കാർ

ആശുപത്രികളിൽ സമ്പൂർണ്ണ സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. ഇതിലേക്കായി കോട്ടാത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിക്ക് 70 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ അട്ടപ്പാടി ഐ.റ്റി.ഡി.പി. ഓഫീസർക്ക് ഈ ഇനത്തിൽ 47 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

ഭക്ഷ്യ സഹായ പദ്ധതിപ്രകാരം പഞ്ഞമാസങ്ങളിലും മൺസൂൺ കാലത്തും മേഖലയിലെ കാടർ, കുറുമ്പർ തുടങ്ങിയ പ്രത്യേക ദുർബ്ബല ഗോത്ര വിഭാഗങ്ങൾക്ക് അരി (25 കി. ഗ്രാം), വൻപയർ (2 കി. ഗ്രാം), കടല (2 കി. ഗ്രാം), വെളിച്ചെണ്ണ (1 ലിറ്റർ), പഞ്ചസാര (2 കി. ഗ്രാം), ചായപ്പൊടി (500 ഗ്രാം), ചെറുപയർ (2 കി. ഗ്രാം) എന്നിവ വിതരണം ചെയ്യുന്നു. മറ്റു വിഭാഗങ്ങൾക്ക് അരി (15 കി. ഗ്രാം), ചെറുപയർ (1 കി. ഗ്രാം), കടല (1 കി. ഗ്രാം), കരുപ്പെട്ടി/ശർക്കര (1 കി. ഗ്രാം) എന്നീ അളവിലും വിതരണം നടത്തിവരുന്നു.

സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ അങ്കണവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകിവരുന്നു. പ്രീ-സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവയും വിതരണം ചെയ്യുന്നു. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് സബല കിറ്റുകൾ വിതരണം നടത്തുന്നു. 157 ഊരുകൾ കേന്ദ്രീകരിച്ച് അട്ടപ്പാടിയിലെ മുഴുവൻ കുടുംബങ്ങൾക്കുമായി കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കിവരുന്നു. കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ഈ സാമ്പത്തിക വർഷം 3.5 കോടി രൂപ കുടുംബശ്രീ മിഷന് പട്ടികവർഗ്ഗ വികസനവകുപ്പ് നൽകിയിട്ടുണ്ട്.

ആരോഗ്യവകുപ്പ് മുഖേന സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

1. സ്ക്രീനിംഗ് നടത്തി തൂക്കക്കുറവുള്ള കുട്ടികളെ കണ്ടെത്തി വേണ്ട ചികിത്സ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു.
2. പോഷകാഹാരക്കുറവുള്ള കുട്ടികൾക്ക് യൂണിസെഫ്, നാഷണൽ ന്യൂട്രീഷൻ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ നേതൃത്വത്തിൽ പോഷകാഹാര പുനരധിവാസ കേന്ദ്രങ്ങൾ 3 എണ്ണം അനുവദിച്ചു. അതിലേക്കായുള്ള ട്രെയിനിംഗ്, കെട്ടിടങ്ങൾ, വാഹനങ്ങൾ, ഭക്ഷണ സാധനങ്ങൾ എന്നിവയ്ക്കായി അട്ടപ്പാടി പാക്കേജിലൂടെ 4.33 കോടി രൂപ ആരോഗ്യ കേരളം വഴി ലഭ്യമാക്കി.

3. ഗർഭിണികൾക്ക് അയൺ ഫോളിക് ആസിഡ് ഗുളികകളുടെ ലഭ്യത ഉറപ്പുവരുത്തി.

4. 24 സബ് സെന്ററുകൾ റിപ്പയർ ചെയ്ത് ജെ.പി.എച്ച്.എൻ-മാർക്ക് താമസയോഗ്യമാക്കി 24 മണിക്കൂർ പ്രവർത്തന സജ്ജമാക്കി.

5. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ (കോട്ടാത്തറ) തൂക്കക്കുറവുള്ള കുഞ്ഞ് ജനിച്ചാൽ അതിനെ സംരക്ഷിക്കുന്നതിനുള്ള ഉപകരണങ്ങൾ, ഡോക്ടർമാർക്കും നഴ്സുമാർക്കും ട്രെയിനിംഗ് എന്നിവ നൽകി.

6. ശിശുരോഗ വിദഗ്ദ്ധനേയും ഗൈനക്കോളജിസ്റ്റിനെയും അനസ്തേഷ്യ ഡോക്ടറെയും സർജനെയും നിയമിച്ചു.

7. നവജാത ശിശു ഐ.സി.യു. സ്ഥാപിച്ചു.

8. പാരാ മെഡിക്കൽ ജീവനക്കാർക്കും മറ്റും ട്രെയിനിംഗ് നൽകി.

9. ഡോക്ടർ, നഴ്സ് മറ്റ് ആശുപത്രി ജീവനക്കാർ എന്നീ വിഭാഗങ്ങളിൽ പുതിയ 75 തസ്തികകൾ സൃഷ്ടിച്ചു.

10. ആരോഗ്യവകുപ്പ് ജീവനക്കാരുടെ സേവനം മെച്ചപ്പെടുത്താൻ വേണ്ടി 20 ശതമാനത്തിലധികം ഡി.എ. അനുവദിച്ചു. ഡോക്ടർമാർക്ക് 20,000 രൂപ അധികം നൽകുവാൻ തീരുമാനമായി.

11. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ രക്ത സംഭരണ യൂണിറ്റും അൾട്രാസൗണ്ട് സ്കാനിംഗും ആരംഭിച്ചു.

12. ആദിവാസി ഗർഭിണികളുടെ പ്രസവം എപ്പോഴും പറഞ്ഞ തീയതിക്കു മുമ്പേ ആയതിനാൽ വീടുകളിലെ പ്രസവം ഒഴിവാക്കാൻ ഇ.ഡി.സി. മോണിറ്ററിംഗ് സെൽ ആരംഭിച്ചു. എൻ.ആർ.സി.-യിൽ അഡ്മിറ്റാവാത്ത കുട്ടികൾക്ക് സി.സാം പരിപാടി ആരംഭിച്ചു. ഇതുവഴി വീടുകളിലേയ്ക്ക് പോഷകാഹാരം എത്തിക്കുവാനുള്ള നടപടി സ്വീകരിച്ചു.

13. 3 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾകൂടി ആരംഭിച്ചു. ആകെ 5 മൊബൈൽ യൂണിറ്റുകൾ ദിവസവും ഊരുകളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

14. ജാതക്, ജനനി എന്നീ സോഫ്റ്റ്‌വെയറുകൾ തയ്യാറാക്കി ശിശുക്കളുടെ തൂക്കവും ഗർഭിണികളുടെ ആരോഗ്യവും ദിനംപ്രതി മേലധികാരികൾക്ക് ലഭ്യമാക്കി.
15. പോഷകാഹാരക്കുറവും രക്തം കുറഞ്ഞ കുഞ്ഞുമുള്ള ഗർഭിണികളേയും കോട്ടാത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ 3 മാസത്തോളം താമസിപ്പിച്ച് തൂക്കമുള്ള കുഞ്ഞാക്കി പ്രസവിപ്പിക്കാൻ നടപടി ഉണ്ടായി.
16. കൗമാര പ്രായത്തിലുള്ള പെൺകുട്ടികൾക്ക് 18 വയസ്സാകുമ്പോൾ 45 കിലോ ശരീരഭാരം ഉണ്ടാക്കുന്ന രീതിയിലുള്ള ആരോഗ്യ ബോധവൽക്കരണ പരിപാടികളും മെൻസ്ട്രുവൽ ഹൈജീൻ പരിപാടികളും ആരംഭിച്ചു.
17. സ്കൂളുകൾ കേന്ദ്രീകരിച്ച് 'ഒരുമ' എന്ന പേരിൽ ഹെൽത്ത് ക്ലബ്ബുകൾ കൂടുതൽ കാര്യക്ഷമമാക്കി.
18. അട്ടപ്പാടിയിൽ 14-10-2016 മുതൽ 33 സ്കൂളുകളിൽ പൂർണ്ണമായും കുട്ടികളെ ഹീമോഗ്ലോബിൻ, ബി.എം.ഐ. (ബോഡി മാസ് ഇൻഡക്സ്) പരിശോധനകൾക്ക് വിധേയമാക്കി ക്യാമ്പുകളും ആരംഭിച്ചു. 5-12-2016-ന് തീർന്ന ക്യാമ്പിന്റെ വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | ആകെ സ്കൂൾ | 33 |
| 2 | ആകെ വിദ്യാർത്ഥികൾ | 10800 |
| 3 | ആകെ കളക്ട് ചെയ്ത സാമ്പിൾ | 9800 |
| 4 | ആകെ ടെസ്റ്റ് ചെയ്ത സാമ്പിൾ | 9800 |
| 5 | എച്ച്.ബി. 10-ന് താഴെ ഉള്ളവർ | 554 |
| 6 | എച്ച്.ബി. 7-ന് താഴെ ഉള്ളവർ | 29 |

ഗുരുതരമായ രക്തക്കുറവുള്ള 29 കുട്ടികളെയും കോട്ടാത്തറ ഗവണ്മെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ കൊണ്ടുവരികയും വിദഗ്ദ്ധ ചികിത്സ നൽകുകയും ചെയ്തു. 554 കുട്ടികളുടെ വൈദ്യപരിശോധന അതാത് സ്കൂളുകളിൽ നടന്നുവരുന്നു. അവരുടെ പോഷകക്കുറവ് പരിഹരിക്കാൻ വിരമരുന്ന്, ആരോഗ്യ വിദ്യാഭ്യാസം, സ്കൂളിൽ നിന്നും അങ്കണവാടിയിൽ നിന്നും കമ്മ്യൂണിറ്റി കിച്ചനിൽ നിന്നും പ്രത്യേകം ഭക്ഷണം എന്നിവ നൽകൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ കുട്ടികൾ തുടർ നിരീക്ഷണത്തിലാണ്.

ഗുരുതരമായ പോഷകാഹാരക്കുറവുള്ള കുട്ടികളുടെ എണ്ണം 299-ൽ നിന്നും 24 ആയി കുറയ്ക്കാൻ കഴിഞ്ഞു.

19. ആരോഗ്യം, സാമൂഹിക നീതി, പട്ടികവർഗ്ഗ വികസനം, കുടുംബശ്രീ, തദ്ദേശഭരണം, പോലീസ്, കൃഷി, മൃഗസംരക്ഷണം, റവന്യൂ എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഊർജ്ജിത പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഫലമായി 2016-ൽ ശിശുമരണം 8 ആക്കി കുറയ്ക്കാൻ സാധിച്ചു. 2013- ൽ 31-ഉം 2014-ൽ 15-ഉം 2015-ൽ 14 -ഉം ആയിരുന്നു. 2017-ൽ ഇതു വരെ രണ്ട് ശിശുമരണങ്ങളാണ് ഉണ്ടായിട്ടുള്ളത്. കേരളത്തിന്റെ ശിശുമരണ നിരക്ക് 13 ആയിരിക്കെ അട്ടപ്പാടിയിലേത് 9 ആക്കി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

കൂടാതെ അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ ഭക്ഷ്യ-പോഷകാഹാര സുരക്ഷ ഉറപ്പുവരുത്തുന്നതിലേക്കായി തിന, ചോളം, ചാമ, റാഗി തുടങ്ങിയ ധാന്യങ്ങളുടെ പരമ്പരാഗത കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിപുലമായ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

## ഒ.ബി.സി. സംവരണം

235 (2728) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശൈവ വെള്ളാള സമുദായത്തിൽ ഉൾപ്പെട്ടവർക്ക് ഒ.ബി.സി. സംവരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

### ഉത്തരം

ഉണ്ട്. ശൈവ വെള്ളാള സമുദായം നിലവിൽ ഒ.ബി.സി.. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത സമുദായത്തെപ്പറ്റിയുള്ള കിർത്താഡ്സിന്റെ പഠന റിപ്പോർട്ട് ലഭിച്ചശേഷം ആയത് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ശിപാർശ ചെയ്ത് ലഭ്യമാക്കിയാൽ മാത്രമേ സർക്കാരിന് ഈ വിഷയം പരിഗണിക്കുവാൻ കഴിയൂ. ശൈവ വെള്ളാള സമുദായത്തെപ്പറ്റിയുള്ള പഠനത്തിനാവശ്യമായ പ്രാഥമികവും ദ്വിതീയവുമായ വിവര ശേഖരണം കിർത്താഡ്സ് പൂർത്തിയാക്കി കഴിഞ്ഞു. മാർച്ച് 31-നകം പഠനറിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് കിർത്താഡ്സ് അറിയിച്ചിട്ടുണ്ട്.

**പ്രൊഫ. പി. എൻ. ശങ്കരൻ കമ്മീഷൻ**

236 (2729) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശ്വകർമ്മജരുടെ പ്രശ്നങ്ങൾ പഠിക്കുവാൻ മുൻ സർക്കാർ നിയോഗിച്ച പ്രൊഫ. പി. എൻ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ & ബി) വിശ്വകർമ്മജരുടെ പ്രശ്നങ്ങൾ പഠിക്കുവാൻ നിയോഗിച്ചിരുന്ന പ്രൊഫ. പി. എൻ. ശങ്കരൻ കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. ആയത് ലഭിച്ചശേഷം മാത്രമേ ശിപാർശകൾ പരിശോധിക്കുവാൻ കഴിയൂ.

(സി) റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലിരിക്കുകയാണ്.

**മത്സരപ്പരീക്ഷാ കേന്ദ്രങ്ങൾ**

237 (2730) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക ക്ഷേമ വകുപ്പിന് കീഴിൽ വിദ്യാർത്ഥികൾക്ക് മൽസര പരീക്ഷകൾക്ക് പരിശീലനം നൽകുന്ന കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വകുപ്പിന് കീഴിൽ സിവിൽ സർവ്വീസ് പരിശീലന കേന്ദ്രങ്ങളുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഇത്തരം കേന്ദ്രങ്ങളിലെ ജിവനക്കാരുടെ നിയമനത്തിന് സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) പിന്നാക്ക ക്ഷേമ വകുപ്പിന് സ്വന്തമായി പരിശീലന കേന്ദ്രങ്ങൾ ഇല്ല. എന്നാൽ എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം പദ്ധതിക്ക് കീഴിൽ വിദ്യാർത്ഥികൾക്ക് ഇതിനായി സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്.

(സി) ബാധകമല്ല.

**കൂടുതൽ ആനുകൂല്യങ്ങൾ**

238 (2731) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗ കോർപ്പറേഷൻ വഴി കൂടുതൽ ആനുകൂല്യങ്ങൾ നല്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ കോർപ്പറേഷൻ വഴി നൽകുന്ന പദ്ധതികളിൽ നിബന്ധനകൾ ലഘൂകരിക്കുന്നതിനു നടപടികൾ ഉണ്ടാകുമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ദേശീയ ഏജൻസികളായ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി.), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നിവയുടെ വായ്പാ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. ഈ ഏജൻസികളുടെ പദ്ധതി വ്യവസ്ഥകളിൽ വരുത്തുന്ന ഭേദഗതികൾക്ക് അനുസൃതമായി കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നത് പരിശോധിക്കുന്നതാണ്.

(ബി) ദേശീയ ഏജൻസികളുടെ പദ്ധതി നിബന്ധനകൾ പാലിക്കുന്നതിന് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ബാദ്ധ്യസ്ഥമായിരിക്കുന്നതിനാൽ നിബന്ധനകൾ ലഘൂകരിക്കുന്ന വിഷയം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

## പിന്നോക്ക ക്ഷേമവകുപ്പിന്റെ പ്രവർത്തനം

239 (2732) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിന് രൂപീകരിച്ച പിന്നോക്ക ക്ഷേമവകുപ്പിന്റെ പ്രവർത്തനം വിലിയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരത്തെ ആസ്ഥാന ഓഫീസിലും, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ മേഖലാ ഓഫീസുകളിലും ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ താളം തെറ്റുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മേല്പറഞ്ഞ ഓഫീസുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികയും, നിലവിലുള്ള ജീവനക്കാരുടെ എണ്ണവും നൽകുമോ;

(ഡി) അനുവദിക്കപ്പെട്ട തസ്തികകളിലേയ്ക്ക് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സം നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തടസ്സം മാറ്റി ആവശ്യമായ ജീവനക്കാരെ ആസ്ഥാന ഓഫീസിലും, മേഖലാ ഓഫീസുകളിലും നിയമിച്ച് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. വകുപ്പുതലത്തിലും സെക്രട്ടറി തലത്തിലും അവലോകനം നടത്തി പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായും വേഗത്തിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 2011 ഡിസംബറിൽ നിലവിൽ വന്ന വകുപ്പിൽ ഫീൽഡുതല പദ്ധതികൾ 2012-13 മുതലാണ് ആരംഭിച്ചത്. വകുപ്പിന് രണ്ടു മേഖലാ ഓഫീസുകൾ ആരംഭിച്ചത് 2014-15-ലാണ്. ഓരോ മേഖലക്കും ഏഴു ജില്ലകളുടെ വീതം ചുമതലയാണുള്ളത്. സംസ്ഥാനത്തെ 70 ശതമാനത്തോളം ജനസംഖ്യയുള്ള

പിന്നോക്ക സമുദായങ്ങളുടെ ഉന്നമനത്തിനായി വിവിധതരം ക്ഷേമപദ്ധതികളും വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളും സ്കോളർഷിപ്പുകളും വകുപ്പ് മുഖേന നടത്തിവരുന്നുണ്ട്. പട്ടികജാതി വികസന വകുപ്പുമുഖേന നിലവിൽ വിതരണം ചെയ്യുന്ന ഒ.ബി.സി./ഒ.ഇ.സി. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പിന്നോക്ക സമുദായ വികസനവകുപ്പ് മുഖേന വിതരണം നടത്തുന്നതിനുവേണ്ട പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഫീൽഡുതല പരിശോധന വേണ്ടിവരുന്ന സ്കീമുകൾ നടപ്പിലാക്കുമ്പോൾ ജില്ലാതല ഓഫീസുകളില്ലാത്തത് വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതോടെ മെച്ചപ്പെട്ട സേവനം വേഗത്തിലും ഫലപ്രദമായും ഗുണഭോക്താക്കൾക്ക് നൽകാൻ കഴിയും.

(സി) ഡയറക്ടറേറ്റ് തിരുവനന്തപുരം

| തസ്തിക | എണ്ണം |
|---|---|
| ഡയറക്ടർ | 1 |
| സീനിയർ ഫിനാൻസ് ഓഫീസർ | 1 |
| ഡെപ്യൂട്ടി ഡയറക്ടർ | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| ജൂനിയർ സൂപ്രണ്ട് | 1 |
| ക്ലാർക്ക് | 6 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| ഓഫീസ് അറ്റൻഡന്റ് | 2 |
| ഡ്രൈവർ | 1 |
| പാർട്ട് ടൈം സ്വീപ്പർ | 1 |

മേഖലാ ഓഫീസ്, എറണാകുളം

| തസ്തിക | എണ്ണം |
|---|---|
| ഡെപ്യൂട്ടി ഡയറക്ടർ | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| ക്ലാർക്ക് | 2 |
| ഓഫീസ് അറ്റൻഡന്റ് | 1 |

മേഖലാ ഓഫീസ്, കോഴിക്കോട്

| തസ്തിക | എണ്ണം |
|---|---|
| ഡെപ്യൂട്ടി ഡയറക്ടർ | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| ക്ലാർക്ക് | 2 |
| ഓഫീസ് അറ്റൻഡന്റ് | 1 |

ആകെ 26 തസ്തികകൾ; 14 തസ്തികകളിൽ സ്ഥിര ജീവനക്കാരുണ്ട്. നിലവിൽ 12 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിൽ 2 തസ്തികകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും 10 തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിലും ജീവനക്കാർ ജോലി ചെയ്തുവരുന്നു.

(ഡി) സ്പെഷ്യൽ റൂൾസ് ഇല്ലാത്തതിനാൽ പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് കഴിഞ്ഞിട്ടില്ല. സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നതുവരെ എക്സിക്യൂട്ടീവ് ഓർഡറിലൂടെ നിയമനം നടത്തുന്നതിന് പി.എസ്.സി.യുടെ അനുമതി തേടിയിട്ടുണ്ട്. അനുമതി ലഭിച്ചാലുടൻ പി.എസ്.സി. വഴി നിയമനം നടത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ക്ഷേമ പദ്ധതികൾ**

240 (2733) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്ക വിഭാഗ ക്ഷേമ പദ്ധതികൾ യഥാസമയം നടപ്പാക്കുന്നതിൽ കഴിഞ്ഞ അഞ്ച് വർഷക്കാലമായി വന്നിട്ടുള്ള അപാകതകളും ഉദ്യോഗസ്ഥ വീഴ്ചകളും എന്താണെന്ന് ഈ സർക്കാർ പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ വിഭാഗത്തിലും വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കാനുള്ള വിദ്യാർത്ഥികൾ എത്ര വീതമാണെന്നും എത്ര കുട്ടികൾക്ക് വീതം ആനുകൂല്യം ലഭ്യമാക്കി എന്നും കഴിഞ്ഞ അഞ്ച് വർഷത്തെ കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഇനത്തിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി ഓരോ വർഷവും വകയിരുത്തിയ തുക, വിതരണം ചെയ്ത തുക എന്നിവ എത്ര വീതമാണെന്ന് വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഡി) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഓരോ വർഷവും എത്ര അപേക്ഷകൾ (വിദ്യാഭ്യാസ ആനുകൂല്യം) നിഷേധിച്ചു എന്നും എന്തു കാരണങ്ങളാലാണിത് എന്നും വ്യക്തമാക്കുമോ;

(ഇ) ഇത്തരം വിഭാഗങ്ങളെ പ്രതിനിധീകരിക്കുന്ന സംഘടനകൾ ഏതെല്ലാമെന്നും ഇവർ ഇവ സംബന്ധിച്ച് പരാതികൾ നൽകിയിരുന്നോ എന്നും ഇതിൽ മുൻസർക്കാർ നടപടി എന്തായിരുന്നു എന്നും ഈ സർക്കാർ പ്രസ്തുത പരാതികളിന്മേൽ എന്തു തീരുമാനം നാളിതുവരെ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വികസന വകുപ്പിലെ ചില പദ്ധതികളിലെ നടത്തിപ്പിൽ പാകപ്പിഴകൾ സംഭവിച്ചിട്ടുള്ളതായി ആക്ഷേപം ഉയർന്നിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പുതലത്തിലും ധനകാര്യ പരിശോധനാ വിഭാഗം മുഖേനയും അന്വേഷിച്ച് നടപടി സ്വീകരിച്ചുവരുന്നു.

ജനനി ജന്മരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് ധനവിനിയോഗത്തിൽ ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് 10-8-2016-ലെ സ.ഉ (കൈ) നമ്പർ 64/16/പജ.പവ.വിവ. പ്രകാരം പദ്ധതി നടത്തിപ്പ് സമയത്ത് അസിസ്റ്റന്റ് ഡയറക്ടർ (വിദ്യാ) ചുമതലയുള്ള ഉദ്യോഗസ്ഥനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവായിട്ടുണ്ട്.

പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നതിൽ ഈ ആഫീസിന്റെ ഭാഗത്തുനിന്നും വിഴ്ചയുണ്ടായിട്ടില്ല. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് വിതരണം ചെയ്തിട്ടുള്ളത്. കഴിഞ്ഞ അഞ്ച് വർഷക്കാലവും ലഭ്യമായ ഫണ്ട് പൂർണ്ണതോതിൽ ചെലവഴിച്ചിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പിൽ പാലക്കാട് മെഡിക്കൽ കോളേജിലെ നിയമനങ്ങളെ സംബന്ധിച്ച ആക്ഷേപങ്ങൾ പരിശോധിക്കുകയും ആയത് ഇപ്പോൾ വിജിലൻസ് പരിഗണനയിലുമാണ്. കൂടാതെ, ഐ.ടി.ഐ.കളിൽ ഗുണനിലവാരമില്ലാത്ത ഫർണിച്ചറുകളും ഉപകരണങ്ങളും വാങ്ങിയത്, ഇടുക്കി, മണ്ണാർക്കാട്, കട്ടപ്പന ബ്ലോക്കുകളിൽ ഭൂരഹിത ഭവനരഹിത പദ്ധതി നടപ്പാക്കിയത് എന്നിവ സംബന്ധിച്ച അപാകതകൾ പരിശോധിച്ചുവരികയാണ്.

പിന്നോക്ക സമുദായ ക്ഷേമ വകുപ്പിൽ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പട്ടികജാതി വികസന വകുപ്പ്

വിദ്യാർത്ഥികളുടെ വിവരം അനുബന്ധമായി * ചേർത്തിരിക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ്

വിദ്യാർത്ഥികളുടെ വിവരം അനുബന്ധമായി*ചേർത്തിരിക്കുന്നു.

പിന്നോക്ക സമുദായ ക്ഷേമ വകുപ്പ്

അഞ്ചു വർഷത്തെ കണക്കു വിവരങ്ങൾ അനുബന്ധമായി*ചേർത്തിരിക്കുന്നു.

(സി) പട്ടികജാതി വികസന വകുപ്പ്

വിവരങ്ങൾ അനുബന്ധമായി *ചേർക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ്

വിവരങ്ങൾ അനുബന്ധമായി *ചേർക്കുന്നു.

പിന്നോക്ക സമുദായ ക്ഷേമ വകുപ്പ്

വിവരങ്ങൾ അനുബന്ധമായി*ചേർക്കുന്നു.

(ഡി) പട്ടികജാതി വികസന വകുപ്പ്

അർഹരായവരുടെ അപേക്ഷകളൊന്നും ഈ ആഫീസ് നിരസിച്ചിട്ടില്ല. വിശദവിവരങ്ങൾ അനുബന്ധമായി*ചേർക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ്

കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ നിരസിച്ച അപേക്ഷ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി *ചേർത്തിരിക്കുന്നു.

പിന്നോക്ക സമുദായ ക്ഷേമ വകുപ്പ്

അർഹരായവരുടെ അപേക്ഷകളൊന്നും ഈ ആഫീസ് നിരസിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) സംഘടനകളുടെ ക്രോഡീകരിച്ച പട്ടിക സൂക്ഷിച്ചുവരുന്നില്ല. ഒട്ടനവധി പരാതികളും നിവേദനങ്ങളും ലഭിക്കുന്നുണ്ടെങ്കിലും അവ വിവിധ ആവശ്യങ്ങളും വിഷയങ്ങളും അടങ്ങുന്നവയാണ്.

സംഘടനകൾ വഴി ലഭ്യമായ പരാതികൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**നിയമ മേഖലയിലെ പരിഷ്കാരങ്ങൾ**

241 (2734) ശ്രീ. മുല്ലക്കര രത്നാകരൻ:

ശ്രീമതി ഗീതാ ഗോപി:

ശ്രീ. സി. കെ. ആശ:

ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമ മേഖലയിൽ നടത്തിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) അഭിഭാഷക ക്ഷേമനിധിയിൽ ഏതൊക്കെ ആനുകൂല്യങ്ങളാണ് പുതുതായി കൊണ്ടുവന്നതെന്ന് വിശദമാക്കുമോ;

(സി) ജൂനിയർ അഭിഭാഷകർക്ക് സ്റ്റൈപ്പന്റ് അനുവദിക്കുന്നതിനുള്ള നിയമം ഭേദഗതി ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള അഡ്വക്കേറ്റ്സ് ക്ഷേമനിധിയിലേയ്ക്കുള്ള കോർട്ട് ഫീ വിഹിതം 70 ശതമാനമായി ഉയർത്തി. വ്യവഹാരികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് 10 ശതമാനം കോർട്ട് ഫീ വിഹിതം ഫണ്ടിൽനിന്നും അനുവദിക്കുന്നതിന് നിയമ ഭേദഗതി കൊണ്ടുവന്നു. കേരളത്തിൽ നിലവിലുള്ള നിയമങ്ങൾ പരിശോധിച്ച് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും കാലഹരണപ്പെട്ടവ ഉണ്ടെങ്കിൽ ആയവ ഒഴിവാക്കുന്നതിനും പുതുതായി നിയമങ്ങൾ രൂപീകരിക്കേണ്ടതുണ്ടെങ്കിൽ അതു സംബന്ധിച്ചുമുള്ള പഠനം നടത്തി ശിപാർശകൾ സമർപ്പിക്കുന്നതിനുമായി കേരള നിയമ പരിഷ്കരണ കമ്മീഷൻ രൂപീകരിക്കുന്നതിന് സർക്കാർ നടപടികൾ എടുത്തുവരുന്നു.

(ബി) 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്ടിൽ വരുത്തിയ ഭേദഗതി മുഖേന കേരള അഭിഭാഷക ക്ഷേമനിധിയിൽനിന്ന് താഴെപ്പറയുന്ന ആനുകൂല്യങ്ങൾക്ക് പുതുതായി വ്യവസ്ഥ ചെയ്തിട്ടുണ്ട്:

1. അഭിഭാഷക ക്ഷേമനിധി വിരമിക്കൽ ആനുകൂല്യം നിലവിലുണ്ടായിരുന്ന അഞ്ചു ലക്ഷം രൂപയിൽ നിന്ന് പത്തു ലക്ഷം രൂപയായി വർദ്ധിപ്പിച്ചു;

2. മെച്ചമായ ലീഗൽ സർവ്വീസ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് അഭിഭാഷകരുടെ നിയമവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയും അവരുടെ ശേഷി കൂട്ടുന്നതിനുമായി കേരളാ ബാർ കൗൺസിൽ സ്ഥാപിക്കുന്ന അഭിഭാഷക അക്കാഡമിക്ക് സഹായം നൽകുന്നതിനും;

3. ജൂനിയർ അഭിഭാഷകർക്ക് 3 വർഷംവരെ കേരള അഭിഭാഷക ക്ഷേമനിധി ട്രസ്റ്റി കമ്മിറ്റി കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതും സർക്കാർ അംഗീകരിക്കുന്നതുമായ നിരക്കിൽ സ്റ്റൈപ്പന്റ് നൽകുന്നതിനും;

4. ക്ഷേമനിധിയിലെ അംഗങ്ങൾക്ക് മേജർ ശസ്ത്രക്രിയ ഉൾപ്പെടുന്ന ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്ന സംഗതിയിലോ ക്യാൻസർ ചികിത്സക്കും മറ്റു ഗുരുതര രോഗങ്ങൾക്കുള്ള ചികിത്സക്കും വേണ്ടിയോ മൂന്ന് വർഷക്കാലയളവിലേയ്ക്ക് ഒരു ലക്ഷം രൂപ നൽകുന്നതിനും;

5. മറ്റു സർവ്വീസുകളിലെ സേവനകാലം 5 വർഷത്തിൽ അധികരിക്കുകയില്ലെങ്കിലോ പ്രതിമാസ വിരമിക്കൽ ആനുകൂല്യങ്ങളോ പെൻഷനോ അയ്യായിരം രൂപയിൽ കവിയുകയില്ലെങ്കിലോ മറ്റു സർവ്വീസിൽനിന്ന് വിരമിച്ചതിനുശേഷം അഭിഭാഷകരായി എൻറോൾ ചെയ്യുന്ന ആളുകളെ ക്ഷേമനിധിയിൽ ചേർക്കുന്നതിനും.

(സി) മുപ്പത് വയസ്സ് പൂർത്തിയാകാത്തതും ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതുമായ എൻറോൾ ചെയ്തു 3 വർഷം വരെയുള്ള ജൂനിയർ അഭിഭാഷകർക്ക് കേരള അഭിഭാഷക ക്ഷേമനിധിയിൽനിന്നും സ്റ്റൈപ്പന്റ് നൽകുന്നതിനായി വ്യവസ്ഥ ഉൾപ്പെടുത്തി 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്ടിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

## ജില്ലാ നിയമ ഓഫീസറുടെ നിയമനം

242 (2735) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിയമ നയത്തിന്റെ ഭാഗമായി ഇതുവരെ എത്ര ജില്ലകളിൽ ജില്ലാ നിയമ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്;

(ബി) ബാക്കിയുള്ള ജില്ലകളിൽ ആയത് നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാന വ്യവഹാരനയത്തിന്റെ ഭാഗമായി ഇതുവരെ 11 ജില്ലകളിൽ നിയമ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്.

(ബി) മലപ്പുറം, കണ്ണൂർ, തൃശ്ശൂർ എന്നീ ജില്ലകളിൽ നിയമ ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

## നാടക കലാപരിപാടികൾ

243 (2736) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. അനിൽ അക്കര:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംഗീത നാടക അക്കാദമി സംസ്ഥാനത്ത് ഉടനീളം നടത്തി വന്നിരുന്ന പ്രതിവാര-പ്രതിമാസ നാടക കലാപരിപാടികൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടക്കുന്നുണ്ടോ;

(ബി) കേരള സംഗീത നാടക അക്കാദമി പ്രതിവാര-പ്രതിമാസ നാടക കലാ പരിപാടികൾ സംഘടിപ്പിക്കുന്നതിനുവേണ്ടി പ്രതിവർഷം എത്ര തുക ചെലവഴിച്ചിരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) പ്രതിവാര നാടക പരിപാടികൾ എല്ലാ നിയോജകമണ്ഡലങ്ങളിലും സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ചെലവിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു:

| പരിപാടികളുടെ വിരവങ്ങൾ | സാമ്പത്തിക വർഷം | | | |
|---|---|---|---|---|
| | 2012-13 | 2013-14 | 2014-15 | 2015-16 |
| പ്രതിവാര നാടകം | -- | 70,82,480 | 93,55,728 | 83,42,518 |
| മറ്റ് കലാപരിപാടികൾ | 15,90,716 | 36,37,394 | 48,66,944 | 65,72,923 |
| ആകെ | 15,90,716 | 1,07,19,874 | 1,42,22,672 | 1,49,15,441 |

(സി) ഇക്കാര്യം സംഗീത നാടക അക്കാദമിയുടെ ശ്രദ്ധയിൽപ്പെടുന്നതുന്നതാണ്.

**മലയാള ഭാഷയുടെ ഉപയോഗം**

244 (2737 ) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള ഭാഷയുടെ ഉപയോഗം വ്യാപകമാക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാം;

(ബി) സംസ്ഥാനത്ത് ഏതെല്ലാം വകുപ്പുകളിൽ മലയാള ഭാഷ പൂർണ്ണമായും ഉപയോഗിക്കുന്നുണ്ട് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഭരണരംഗത്ത് മലയാളഭാഷയുടെ ഉപയോഗം വ്യാപകമാക്കുന്നതിന് സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. 1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്ടിന്റെ അടിസ്ഥാനത്തിൽ, നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴ്, കന്നഡ എന്നിവയും ഉപയോഗിക്കേണ്ട സാഹചര്യങ്ങൾ ഒഴികെയുള്ള എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും എല്ലാ വകുപ്പുകളിലും സ്ഥാപനങ്ങളിലും മലയാളം മാത്രം

ഉപയോഗിക്കണമെന്ന് സൂചിപ്പിക്കുന്ന വിജ്ഞാപനം 2015-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം കേരളത്തിലെ എല്ലാ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഭരണഭാഷ മലയാളമാണ്. ഭാഷാമാറ്റം ത്വരിതപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഔദ്യോഗികഭാഷ സംബന്ധിച്ച ഉന്നതതല സമിതിയും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല സമിതിയും വകുപ്പുതലവന്റെ അദ്ധ്യക്ഷതയിൽ ഔദ്യോഗികഭാഷാ വകുപ്പുതല സമിതിയും ജില്ലാ തലത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനും ജില്ലാ ഓഫീസർമാർ അംഗങ്ങളുമായ ജില്ലാതല ഔദ്യോഗികഭാഷാ ഏകോപന സമിതിയും പ്രവർത്തിച്ചുവരുന്നു.

കേരളത്തിലെ ഭരണഭാഷാ വ്യാപനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ ഓഫീസുകളുടെയും ഓഫീസർമാരുടെയും പേരുകൾ മലയാളത്തിലും ഇംഗ്ലീഷിലും എഴുതി പ്രദർശിപ്പിക്കണം. സർക്കാർവക വാഹനങ്ങളിലെ ബോർഡുകൾ മലയാളത്തിൽക്കൂടി എഴുതി പ്രദർശിപ്പിക്കണം. സർക്കാർ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും വെബ്സൈറ്റുകളിലെ വിവരങ്ങൾ മലയാളത്തിൽക്കൂടി ലഭ്യമാക്കണം. ഭരണരംഗത്ത് യൂണീക്കോഡ് ഫോണ്ടുകൾ മാത്രമേ ഉപയോഗിക്കാവൂ. വിവിധ വകുപ്പുകളിലെ ആഭ്യന്തര പരിശോധനാ സംവിധാനത്തിൽ 'ഭാഷാമാറ്റ പുരോഗതി' എന്ന വിഷയംകൂടി ഉൾപ്പെടുത്തി പരിശോധിക്കണം. മന്ത്രിസഭായോഗത്തിനുള്ള കുറിപ്പുകളും യോഗനടപടി കുറിപ്പുകളും മലയാളത്തിലായിരിക്കണം. " മലയാളം നമ്മുടെ ഭരണഭാഷ" , " ഹർജികളും നിർദ്ദേശങ്ങളും ദയവായി മലയാളത്തിൽ നൽകുക" എന്ന ബോർഡ് എല്ലാ ഓഫീസുകളിലും പ്രദർശിപ്പിക്കണം. ഔദ്യോഗികഭാഷ സംബന്ധിച്ച ഉത്തരവുകൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. വിവിധ വകുപ്പുകൾ പ്രസിദ്ധീകരിക്കുന്ന ഭരണ റിപ്പോർട്ടുകൾ മലയാളത്തിലായിരിക്കേണ്ടതാണ്. വിവിധ വകുപ്പുകളിലെ കോഡുകൾ, മാന്വലുകൾ, ചട്ടങ്ങൾ, ഫാറങ്ങൾ തുടങ്ങിയവ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുന്നതിനായി ഓരോ വകുപ്പിലും ഡെപ്യൂട്ടി സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ പരിഭാഷാ സെൽ രൂപവൽക്കരിക്കേണ്ടതാണ്. മലയാളം ഉപയോഗിക്കേണ്ട സാഹചര്യത്തിൽ ഈ വ്യവസ്ഥ ലംഘിച്ചുകൊണ്ട് മലയാള ഭാഷയിലല്ലാത്ത കത്തുകളോ ഉത്തരവുകളോ പുറപ്പെടുവിച്ചതായി പൊതുജനങ്ങളിൽനിന്ന് പരാതി ലഭിച്ചാൽ അതിന്മേൽ ഒരു മാസത്തിനുള്ളിൽ നടപടി സ്വീകരിക്കുന്നതാണ് തുടങ്ങിയ നിരവധി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ഭരണമാധ്യമം

മാതൃഭാഷയായ മലയാളത്തിലാണെന്ന് അതത് വകുപ്പദ്ധ്യക്ഷന്മാർ കർശനമായും ഉറപ്പുവരുത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണഭാഷാ വ്യാപനത്തിന് സഹായിക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രോൽസാഹനമായി ഭരണഭാഷാ സേവന പുരസ്കാരവും ഭരണഭാഷാ ഗ്രന്ഥരചനാ പുരസ്കാരവും നൽകിവരുന്നു. മാത്രവുമല്ല ഭാഷാമാറ്റ പ്രവർത്തനത്തിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ജില്ലക്കും വകുപ്പിനും പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്.

ഭരണഭാഷ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്ക് ഐ.എം.ജി. കേന്ദ്രങ്ങളിലൂടെ മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം, ഭരണഭാഷാ പരിശീലനം എന്നിവ നൽകിവരുന്നു. ആധുനിക സാങ്കേതികവിദ്യയിലധിഷ്ഠിതമായ ഭരണഭാഷയുടെ വ്യാപനത്തിന് സഹായകമായി ഭരണഭാഷ സംബന്ധിച്ച ഒരു 'ഓൺലൈൻ നിഘണ്ടു' ഔദ്യോഗിക ഭാഷാവകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഭരണരംഗത്ത് ഇന്നുപയോഗിക്കുന്ന ഇരുപതിനായിരത്തോളം പദങ്ങളും പ്രയോഗങ്ങളും അവയുടെ നിരവധി മലയാള രൂപങ്ങളും 'ഭരണമലയാളം' എന്ന ഓൺലൈൻ നിഘണ്ടുവിൽ ചേർത്തിട്ടുണ്ട്.

(ബി) ഔദ്യോഗികഭാഷാവകുപ്പ്, കേരളനിയമസഭ

## സാംസ്കാരിക സമുച്ചയങ്ങൾ

245 (2738) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ കേന്ദ്രങ്ങളിൽ കേരള നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനായി നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് ഇതിനായി സ്ഥലം ലഭ്യമായിട്ടുള്ളത്;

(സി) എറണാകുളം ജില്ലയിൽ സ്ഥലം ലഭ്യമായിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) എറണാകുളം, ഇടുക്കി, പാലക്കാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ സ്ഥലം ലഭ്യമാണെന്ന് അതത് ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കവടിയാറിലെ റവന്യൂ വകുപ്പിന്റെ ഭൂമി

പരിഗണിക്കുവാൻ സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ ശിപാർശ ചെയ്തിട്ടുണ്ട്. കൊല്ലം താലൂക്കിൽ ടൂറിസം വകുപ്പിന്റെ സ്ഥലം പരിഗണിക്കണമെന്ന് സ്ഥലം എം.എൽ.എ. അറിയിച്ചിട്ടുണ്ട്.

(സി) എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിൽ നടമ-തെക്കുംഭാഗം വില്ലേജിൽ ബ്ലോക്ക് 372-ൽ റീസർവ്വേ 47-ൽ ഉൾപ്പെട്ട തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലം സാംസ്കാരിക സമുച്ചയത്തിനായി പരിഗണിക്കാവുന്നതാണെന്ന് എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കുമാരനാശാൻ സ്മാരകം**

246 (T*2739) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് പല്ലന കുമാരനാശാൻ സ്മാരകത്തിന്റെ നവീകരണത്തിനായി നടത്തിവരുന്ന പ്രോജക്ടിന്റെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) പ്രോജക്ടിന്റെ നിർവ്വഹണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം എന്താണ്; നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പല്ലന മഹാകവി കുമാരനാശാൻ സ്മാരകം പുനർ നിർമ്മിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുംവേണ്ടി സംസ്ഥാന ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയ 4.80 കോടി രൂപയുടെ പദ്ധതിയുടെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൽസ് (ലിമിറ്റഡ്) എന്ന സ്ഥാപനത്തെയാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ പദ്ധതി പ്രവർത്തനങ്ങളിൽ കാലതാമസം വരുത്തിയതിനെത്തുടർന്ന് ടി ഏജൻസിയെ ചുമതലയിൽനിന്നും നീക്കം ചെയ്യുകയും ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

---

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## സംസ്ഥാനതലത്തിൽ അവാർഡ്

247 (2740) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാംസ്കാരിക രംഗത്തെ പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദീകരിക്കുമോ;

(ബി) സാംസ്കാരിക രംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നവർക്ക് സംസ്ഥാന തലത്തിൽ അവാർഡ് ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് (KIIFB)-യുടെ സാമ്പത്തിക സഹായത്തോടെ താഴെപ്പറയുന്ന മൂന്ന് ബൃഹത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

i. എല്ലാ ജില്ലകളിലും നവോത്ഥാന നായകരുടെ പേരിൽ സാസ്കാരിക സമുച്ചയം.

ii. കേരളത്തിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്കായി തിരുവനന്തപുരം ചിത്രാഞ്ജലി സ്റ്റുഡിയോ കോമ്പൗണ്ടിൽ സ്ഥിരം വേദി.

iii. തിരുവനന്തപുരത്തെ ചിത്രാഞ്ജലി സ്റ്റുഡിയോ അന്താരാഷ്ട്ര ഫിലിം സിറ്റിയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി.

iv. 2017-18 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ വിവിധ ജില്ലകളിൽ തിയേറ്ററുകൾ ആരംഭിക്കാനുള്ള പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

v. ശ്രീനാരായണ ഗുരുവിന്റെ 'നമുക്ക് ജാതിയില്ല' വിളംബരത്തിന്റെ നൂറാം വാർഷികം ലൈബ്രറി കൗൺസിൽ, പി.ആർ.ഡി. വകുപ്പുമായി ചേർന്ന് സംസ്ഥാന വ്യാപകമായി സംഘടിപ്പിച്ചു. ഗുരുവിന്റെ 'നമുക്ക് ജാതിയില്ല' വിളംബരം കലണ്ടർ രൂപത്തിൽ പ്രിന്റ് ചെയ്ത് വീടുകളിൽ എത്തിക്കുന്ന പരിപാടി നടപ്പിലാക്കി.

vi. കലാകാരന്മാരുടെ പെൻഷൻ ഇരട്ടിയാക്കി വർദ്ധിപ്പിച്ചു.

vii. സാംസ്കാരിക പ്രവർത്തനങ്ങൾക്ക് സ്ഥാപനങ്ങൾക്ക് നൽകുന്ന ധനസഹായത്തിന്റെ മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുന്നതിന് വിദഗ്ദ്ധ സമിതിയെ നിയോഗിച്ചു.

viii. അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി ശിപാർശയിൽ പറയുംപ്രകാരം സിനിമാ മേഖലയിലെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് റെഗുലേറ്ററി സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

(ബി) സാംസ്കാരിക രംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നവർക്ക് സംസ്ഥാന തലത്തിൽ താഴെപ്പറയുന്ന അവാർഡുകൾ നൽകി വരുന്നു:

| | മേഖല | പുരസ്കാരം |
|---|---|---|
| 1 | സാഹിത്യം | - എഴുത്തച്ഛൻ പുരസ്കാരം |
| 2 | കഥകളി | - സംസ്ഥാന കഥകളി പുരസ്കാരം |
| 3 | വാദ്യകല | - പല്ലാവൂർ അപ്പുമാരാർ പുരസ്കാരം |
| 4 | നൃത്തം | - സംസ്ഥാന നൃത്ത നാട്യ പുരസ്കാരം |
| 5 | ചിത്രകല | - രാജാ രവിവർമ്മ പുരസ്കാരം |
| 6 | സംഗീതം | - സ്വാതി പുരസ്കാരം |

## സാസ്കാരിക സമുച്ചയം

248 (2741) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ മൺമറഞ്ഞുപോയ വിഖ്യാതരായ കലാ സാഹിത്യ രാഷ്ട്രീയ പ്രമുഖരുടെ നാമധേയത്തിൽ ഒരു സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്ന കാര്യം ആലോചിക്കുമോ;

(ബി) ശ്രീ. പി. കെ. കുഞ്ഞച്ചന്റെ നാമധേയത്തിൽ ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിൽ ഒരു ടൗൺഹാൾ നിർമ്മിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ& ബി) ഇപ്പോൾ പരിഗണനയിലില്ല. എന്നിരുന്നാലും ഇതുസംബന്ധിച്ച് വ്യക്തമായ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. എല്ലാ ജില്ലകളിലും നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു.

**സഞ്ചരിക്കുന്ന ചിത്രശാല**

249 (2742) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലളിത കലാ അക്കാദമി ചിത്ര-ശില്പ കലകളെ ജനകീയമാക്കുന്നതിനും ആർട് ഗാലറികൾ ഇല്ലാത്ത സ്ഥലങ്ങളിൽ കലാ പ്രദർശനം സംഘടിപ്പിക്കുന്നതിനുമായി, 2016 ജനുവരിയിൽ ആരംഭിച്ച ഇന്ത്യയിലെ ആദ്യത്തെ സഞ്ചരിക്കുന്ന ചിത്രശാല ഇതുവരെ എവിടെയൊക്കെ പ്രദർശനം സംഘടിപ്പിച്ചു.;

(ബി) സഞ്ചരിക്കുന്ന ചിത്രശാല ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

(സി) സഞ്ചരിക്കുന്ന ചിത്രശാലയുടെ പ്രദർശനം ഗ്രാമ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതുവരെ എത്ര ആളുകൾ സഞ്ചരിക്കുന്ന ചിത്രശാലയിലെ പ്രദർശനം ആസ്വദിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) സഞ്ചരിക്കുന്ന ചിത്രശാലക്ക് എത്ര തുക ചെലവഴിച്ചു?

ഉത്തരം

(എ) കേരള ലളിതകലാ അക്കാദമിയുടെ സംരംഭമായ സഞ്ചരിക്കുന്ന ചിത്രശാല ഇതുവരെ താഴെ ചേർത്തിരിക്കുന്ന സ്ഥലങ്ങളിൽ പ്രദർശനം സംഘടിപ്പിച്ചിട്ടുണ്ട്:

1. വൈക്കം ബോട്ട് ജെട്ടി
2. കൊടകര വിദ്യാനികേതൻ സ്കൂൾ

3. മലപ്പുറം മലയാള സർവ്വകലാശാല
4. കണ്ണൂർ സർവ്വകലാശാല
5. വാസായ് (മഹാരാഷ്ട്ര) പൈതൃകോത്സവം
6. കോട്ടയം സി.എം.എസ്. കോളേജ്
7. പൊന്നാനി എം.വി. ഹൈസ്കൂൾ
8. കിളിമാനൂർ രാജാരവിവർമ്മ സ്മാരക മന്ദിരം
9. മൂന്നാർ ഫ്ലവർഷോ
10. പെരുമ്പാവൂർ നാഗഞ്ചേരി മന
11. കോഴിക്കോട് സർവ്വകലാശാല ക്യാമ്പസ്
12. പാലക്കാട് ഇന്ദിരാഗാന്ധി സ്റ്റേഡിയം
13. ഇടപ്പള്ളി രാഘവൻ സാംസ്കാരിക കേന്ദ്രം
14. കടുങ്ങല്ലൂർ രാജശ്രീ എസ്.എം.എം. സീനിയർ ഹയർ സെക്കൻഡറി സ്കൂൾ.
15. തലയോലപറമ്പ് ദേവസ്വം ബോർഡ് കോളേജ്
16. രാജഗിരി ഹയർ സെക്കൻഡറി സ്കൂൾ, എറണാകുളം
17. പട്ടാമ്പി സംസ്കൃത കോളേജ്
18. വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്
19. തിരുവനന്തപുരം മുനിസിപ്പൽ ഗ്രൗണ്ട്
20. തിരുവനന്തപുരം കോർപ്പറേഷൻ
21. ഹൈദ്രാബാദ് പൈതൃകോത്സവം

(ബി) പ്രവർത്തിക്കുന്നുണ്ട്.

(സി) പരിഗണിക്കുന്നതാണ്.

(ഡി) സഞ്ചരിക്കുന്ന ചിത്രശാല ആരംഭിച്ച നാൾ മുതൽ നിരവധി ആളുകളാണ് പ്രദർശനം കണ്ടിട്ടുള്ളത്. ഇതിന് കൃത്യമായ ഒരു കണക്ക് നൽകാൻ സാധിക്കുകയില്ലെങ്കിലും ചുരുങ്ങിയത് ഒരു ലക്ഷത്തിൽപരം ആളുകളെങ്കിലും പ്രദർശനം ആസ്വദിച്ചിട്ടുണ്ടാവുമെന്ന് ലളിതകലാ അക്കാദമി വിലയിരുത്തിയിട്ടുണ്ട്.

(ഇ) സഞ്ചരിക്കുന്ന ചിത്രശാലയുടെ എഞ്ചിനടക്കം സജ്ജീകരണത്തിനായി 36,80,395 രൂപയും തുടർന്ന് പരിപാടികൾക്കായി അനുബന്ധ ചെലവുകളടക്കം 20,91,489 രൂപയും ചെലവായിട്ടുണ്ട്.

## 'ശിൽപ്പഗ്രാമം' പദ്ധതി

250 (2743) <u>ശ്രീ. പി. ഉണ്ണി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പൂക്കോട്ട്കാവ് ഗ്രാമ പഞ്ചായത്തിലെ കല്ലുവഴിയിൽ നിന്നും കരിങ്കൽ ശില്പങ്ങൾ, മുളകൊണ്ട് നിർമ്മിക്കുന്ന കരകൗശലവസ്തുക്കൾ, കളിമൺ ശില്പങ്ങൾ മുതലായവ വിദേശ രാജ്യങ്ങളിലേക്കും, മറ്റ് ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിലേക്കും കയറ്റുമതി ചെയ്യപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ തൊഴിലും ജീവിതവും മെച്ചപ്പെടുത്തുന്നതിനും കലാമൂല്യം പ്രചരിപ്പിക്കുന്നതിനും ലക്ഷ്യം വച്ച് 'ശില്പഗ്രാമം' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) കരിങ്കൽ ശിൽപ്പങ്ങളും മുളകൊണ്ട് നിർമ്മിക്കുന്ന കരകൗശല വസ്തുക്കളും കളിമൺ ശിൽപ്പങ്ങളും വിദേശ രാജ്യങ്ങളിലേക്കും ഇതര സംസ്ഥാനങ്ങളിലേക്കും കയറ്റുമതി ചെയ്യപ്പെടുന്നതിന് സാദ്ധ്യതയുള്ളപക്ഷം ലളിതകലാ അക്കാദമി മുഖേന ശിപാർശകൾ ലഭ്യമാക്കി പരിശോധിച്ച് അനുയോജ്യമെങ്കിൽ പൂക്കോട്ട് ഗ്രാമ പഞ്ചായത്തിൽ 'ശിൽപ്പഗ്രാമം' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

**സാംസ്കാരിക കേന്ദ്രം**

251 (2744) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ നാടൻ കലാരൂപങ്ങളുടെ പ്രഭവപ്രദേശവും അതിപ്രശസ്തരായ സാഹിത്യകാരന്മാർ ജീവിച്ചിരുന്ന സ്ഥലവുമായ കരുനാഗപ്പള്ളിയിൽ ഒരു സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കരുനാഗപ്പള്ളി ബ്ലോക്ക് ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടം ഈ ആവശ്യത്തിന് ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ &ബി) ഇപ്പോൾ പരിഗണനയിലില്ല. എന്നിരുന്നാലും ഇതുസംബന്ധിച്ച് വ്യക്തമായ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ എല്ലാ ജില്ലകളിലും നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരികയാണ്.

**കലാകാരന്മാർക്കുള്ള പെൻഷൻ**

252 (2745) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാരൻമാർക്കുള്ള പെൻഷൻ 1500 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) നിലവിൽ എത്ര അവശ കലാകാരൻമാർക്കാണ് പെൻഷൻ അനുവദിച്ചിട്ടുള്ളത്;

(സി) പ്രസ്തുത പെൻഷൻ തുകയിൽ കുടിശ്ശികയുണ്ടോ; എത്ര മാസം കുടിശ്ശികയുണ്ട്;

(ഡി) പടയണി, തെയ്യം, മേളപ്രമാണിമാർ എന്നിവർക്ക് കൂടി പെൻഷൻ അനുവദിക്കുന്നതിനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എത്രപേർക്ക് പെൻഷൻ അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2951 പേർക്ക് നിലവിൽ കലാകാര പെൻഷൻ നൽകിവരുന്നു.

(സി) ഇല്ല.

(ഡി) 734

**ക്ഷേമ പ്രവർത്തനങ്ങൾ**

253 (2746) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാംസ്കാരിക വകുപ്പ് മുഖാന്തരം അവശകലാകാരന്മാർക്ക് നടപ്പാക്കി വരുന്ന ക്ഷേമപ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഇപ്രകാരം സർക്കാർ സഹായം ലഭ്യമായിട്ടുള്ള എത്ര കലാ-സാംസ്കാരിക, സാഹിത്യ പ്രവർത്തകർ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) സാംസ്കാരിക വകുപ്പ് മുഖാന്തിരം കലാകാരന്മാർക്ക് 1500 രൂപ പ്രതിമാസ പെൻഷനും ചികിത്സാ സഹായവും കൂടാതെ പ്രശസ്തരായ കലാകാരന്മാരുടെ ആശ്രിതരായ 9 പേർക്ക് പ്രതിമാസം 4000 രൂപ വീതവും ഒരാൾക്ക് പ്രതിമാസം 5000 രൂപയും ധനസഹായമായി നൽകിവരുന്നു.

(ബി) നിലവിൽ 2951 പേർക്ക് കലാകാര പെൻഷൻ നൽകിവരുന്നു.

(സി) ഇവരുടെ ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | കലാകാര പെൻഷൻ കൈപ്പറ്റുന്നവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 538 |
| കൊല്ലം | 252 |
| പത്തനംതിട്ട | 51 |

| | |
|---|---|
| ആലപ്പുഴ | 507 |
| കോട്ടയം | 135 |
| ഇടുക്കി | 10 |
| എറണാകുളം | 252 |
| തൃശ്ശൂർ | 231 |
| പാലക്കാട് | 263 |
| മലപ്പുറം | 88 |
| കണ്ണൂർ | 288 |
| കോഴിക്കോട് | 161 |
| വയനാട് | 5 |
| കാസർഗോഡ് | 170 |

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

254 (2747) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്, സ്കൂൾ വിദ്യാർത്ഥികൾക്കായി ആവിഷ്കരിച്ച് നടപ്പാക്കുന്ന വിവിധ പരിപാടികൾ ഏതൊക്കെയാണ്;

(ബി) ഇക്കഴിഞ്ഞ അദ്ധ്യയനവർഷം ഇത്തരത്തിൽ ഓരോ മണ്ഡലത്തിലും ഏതെല്ലാം പരിപാടികളാണ് നടപ്പാക്കിയത് എന്ന് അറിയിക്കാമോ;

(സി) വരും വർഷങ്ങളിൽ വിദ്യാർത്ഥികൾക്കായി കൂടുതൽ ആകർഷകമായ രീതിയിൽ ഇത്തരം പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്കായി നിലവിൽ സെമിനാർ, യൂത്ത് പാർലമെന്റ് മത്സരങ്ങൾ, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, ഉപന്യാസം/ക്വിസ്/പ്രസംഗ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചുവരുന്നു

(ബി) ഇക്കഴിഞ്ഞ അദ്ധ്യയന വർഷം ഇത്തരത്തിൽ ഓരോ മണ്ഡലത്തിലും നടപ്പാക്കിയ പരിപാടികൾ താഴെപ്പറയുന്നവയാണ്;

<u>സ്കൂളുകളിലെ സെമിനാറുകൾ</u>

i. കൊച്ചി, അങ്കമാലി, കളമശ്ശേരി, മട്ടന്നൂർ, ഇടക്കാട്, പേരാവൂർ, കാഞ്ഞങ്ങാട്, മഞ്ചേശ്വരം, ചവറ, പത്തനാപുരം, പുനലൂർ, പൂഞ്ഞാർ, കോഴിക്കോട് നോർത്ത്, കൊടുവള്ളി, എലത്തൂർ, കുന്ദമംഗലം, കോട്ടയ്ക്കൽ, താനൂർ, വേങ്ങര, ഏറനാട്, പെരിന്തൽമണ്ണ, മണ്ണാർക്കാട്, തൃത്താല, കോന്നി, റാന്നി, വടക്കഞ്ചേരി, നാട്ടിക, ചാലക്കുടി, വാമനപുരം, വട്ടിയൂർക്കാവ്, ചിറയിൻകീഴ്, നെടുമങ്ങാട്, മാനന്തവാടി, കൽപ്പറ്റ.

<u>യൂത്ത് പാർലമെന്റ് മത്സരങ്ങൾ</u>

ii. കളമശ്ശേരി, മൂവാറ്റുപുഴ, ദേവികുളം, ഇടുക്കി, ഉടുമ്പൻചോല, കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ, ഏറ്റുമാനൂർ, കടുത്തുരുത്തി, പൂഞ്ഞാർ, കൊങ്ങാട്, മണ്ണാർക്കാട്, പാലക്കാട്, തൃത്താല, അടൂർ, ആറന്മുള, തിരുവല്ല, ആറ്റിങ്ങൽ, കാട്ടാക്കട, നെടുമങ്ങാട്, നെയ്യാറ്റിൻകര, തിരുവനന്തപുരം, വാമനപുരം, വട്ടിയൂർക്കാവ്, ചേലക്കര, ഇരിങ്ങാലക്കുട, കയ്പമംഗലം, കൊടുങ്ങല്ലൂർ, കുന്ദംകുളം, പുതുക്കാട്, വടക്കഞ്ചേരി, കൽപ്പറ്റ, മാനന്തവാടി, സുൽത്താൻ ബത്തേരി.

<u>ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്</u>

iii. ആലുവ, തൊടുപുഴ, ഏറ്റുമാനൂർ, തിരൂർ, തരൂർ, തിരുവല്ല, അടൂർ, നെടുമങ്ങാട്, കഴക്കൂട്ടം, വട്ടിയൂർക്കാവ്, കൽപ്പറ്റ.

<u>പാർലമെന്ററി ലിറ്ററസി ക്ലബ്ബ്</u>

iv. അമ്പലപ്പുഴ, മൂവാറ്റുപുഴ, കൂത്തുപറമ്പ്, ചടയമംഗലം, കൊട്ടാരക്കര, ഏറ്റുമാനൂർ, പൂഞ്ഞാർ, എലത്തൂർ, പേരാമ്പ്ര, പെരിന്തൽമണ്ണ, മങ്കട, കോട്ടയ്ക്കൽ, വേങ്ങര, ആലത്തൂർ, തൃത്താല, മണ്ണാർക്കാട്, നെന്മാറ, കോന്നി, വാമനപുരം, ചിറയിൻകീഴ്, കൊടുങ്ങല്ലൂർ.

(സി) നടപടി സ്വീകരിക്കുന്നതാണ്.

## പുതിയ ഡയറക്ടറേറ്റ്

255 (2748) ശ്രീ. കെ. മുരളീധരൻ:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമ മേഖലയിൽ പുതിയ ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി നൽകിയ റിപ്പോർട്ടിലെ ശിപാർശകൾക്ക് അനുസൃതമായിട്ടാണോ ഡയറക്ടറേറ്റ് രൂപീകരിക്കുന്നത്;

(സി) 1958 ലെ കേരള സിനിമാ റെഗുലേഷൻ നിയമം ഇക്കാര്യത്തിനായി ഭേദഗതി ചെയ്യുവാൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) സിനിമാ മേഖലയിൽ പുതിയ ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ നിലവിൽ തീരുമാനിച്ചിട്ടില്ല. എന്നാൽ സിനിമാ മേഖലയിലെ മാറ്റങ്ങളും പരിഷ്കാരവും ശിപാർശ ചെയ്യുന്ന അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന ശിപാർശയായ സിനിമാ റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് സിനിമാ മേഖലയിലെ പ്രമുഖരുമായി ചർച്ച നടത്തി നിയമ നിർമ്മാണം നടത്തുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. പ്രസ്തുത നിയമം തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കെ.എസ്.എഫ്.ഡി.സി.വക തിയേറ്റർ

256 (2749) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മുനിസിപ്പാലിറ്റിയുടെ സ്ഥലത്ത് കെ.എസ്.എഫ്.ഡി.സി. വക തിയേറ്റർ സമുച്ചയം സ്ഥാപിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ചാലക്കുടി മുനിസിപ്പാലിറ്റി തിയേറ്റർ നിർമ്മാണത്തിനായി നിർദ്ദേശിച്ച സ്ഥലത്ത് തിയേറ്റർ സമുച്ചയം നിർമ്മിക്കുന്നത് സംബന്ധിച്ച സാദ്ധ്യതകൾ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ പരിശോധിച്ചു വരികയാണ്.

**മൾട്ടിപ്ലക്സ് തിയേറ്റർ**

257 (T*2750) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ ചാരുമ്മൂട് കേന്ദ്രമാക്കി മൾട്ടിപ്ലക്സ് തിയറ്റർ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

മാവേലിക്കര മണ്ഡലത്തിലെ ചാരുമ്മൂട് കേന്ദ്രമാക്കി തിയേറ്റർ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമായിട്ടില്ല. അതിനാൽ തിയേറ്റർ നിർമ്മാണസാദ്ധ്യത പരിശോധിച്ചിട്ടില്ല.

**സ്ഥിരം വേദി**

258 (2751) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് സ്ഥിരം വേദി എന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സ്ഥിരം വേദി യാഥാർത്ഥ്യമാക്കുമ്പോൾ ഇപ്പോൾ അനുവദിക്കുന്ന പ്രതിനിധികളുടെ എണ്ണം വെട്ടിക്കുറയ്ക്കാൻ സാധ്യതയുണ്ടോ; മേളയിലെ പങ്കാളിത്തം സംബന്ധിച്ച് സർക്കാർ നിലപാട് എന്താണ്;

(സി) നിലവിൽ സംഘടിപ്പിക്കുന്ന രീതി മാറ്റി സ്ഥിരം വേദിയിലാക്കുന്നത് കൊണ്ടുള്ള മെച്ചം ഏതൊക്കെ മേഖലകളിൽ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ഡി) നല്ല സിനിമകൾ കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി ജില്ലകൾ കേന്ദ്രീകരിച്ച് ഇത്തരം അന്താരാഷ്ട്ര ചലച്ചിത്രമേളകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോ കോമ്പൗണ്ടിൽ നിന്നും കേരള സംസ്ഥാന ചലചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ഏകദേശം 15 ഏക്കർ സ്ഥലം ചലച്ചിത്രോത്സവത്തിന് സ്ഥിരം വേദി നിർമ്മിക്കുന്നതിന് കൈമാറുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രസ്തുത പദ്ധതിക്കായി 50 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. തീയേറ്ററുകൾ, കൺവെൻഷൻ സെന്റർ, ഓഫീസ്, സെമിനാർ ഹാൾ, മീഡിയ റൂം, ഗസ്റ്റ് ഹൗസ് എന്നിവ ഉൾപ്പെടുന്ന വിവിധോദ്ദേശ്യ ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സാണ് വിഭാവനം ചെയ്യുന്നത്. ഇതിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിനുള്ള വിദഗ്ദ്ധരെ തെരഞ്ഞെടുക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം (ആർ.എഫ്.പി.) കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തെരഞ്ഞെടുക്കുന്ന വിദഗ്ദ്ധ ഏജൻസി ഡി.പി.ആർ. തയ്യാറാക്കുന്നതാണ്.

(ബി) ഇല്ല. 15,000 ഡെലിഗേറ്റുകളുടെ പങ്കാളിത്തമാണ് ഉദ്ദേശിക്കുന്നത്.

(സി) സ്ഥിരം വേദിയാക്കുന്നതുകൊണ്ട് സർക്കാരിനും ചലചിത്ര അക്കാദമിക്കും ഇപ്പോൾ തിയേറ്റർ വാടകയിനത്തിൽ നൽകിവരുന്ന ചെലവ് കുറയ്ക്കാൻ സാധിക്കും. മാത്രമല്ല സ്ഥിരം വേദിയാകുന്നതുകൊണ്ട് താഴെപ്പറയുന്ന സൗകര്യങ്ങൾ ഒരുക്കുവാൻ കഴിയുന്നതാണ്.

1. 2500 പേർക്ക് ഇരിക്കാവുന്ന ഒരു കൺവെൻഷൻ സെന്റർ
2. 1000 പേർക്ക് ഇരിക്കാവുന്ന ഒരു തിയേറ്റർ
3. 100 മുതൽ 800 പേർക്കുവരെ ഇരിക്കുവാൻ സൗകര്യമുള്ള എട്ടോളം തീയേറ്ററുകൾ
4. ചലചിത്ര അക്കാദമിക്ക് ഓഫീസ് കെട്ടിടം
5. ഒരു ഓപ്പൺ തിയേറ്റർ , ലൈബ്രറി, ആർക്കൈവ്സ്, റിസർച്ച് സെന്റർ, മീഡിയ, സെമിനാർ മുറികൾ, സിനിമാ ആസ്വാദകർക്ക് താമസിക്കുവാനുള്ള സൗകര്യങ്ങൾ
6. ഫിലിം മ്യൂസിയം.

(ഡി) ഉണ്ട്. അന്താരാഷ്ട്ര ചലചിത്ര മേളകളിലൂടെ നല്ല സിനിമകൾ കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി ആവശ്യാനുസരണം അക്കാദമിയുടെ ടൂറിംഗ് ടാക്കീസ് വഴി സിനിമകൾ പ്രദർശിപ്പിച്ചുവരുന്നുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 AM]

## II. അടിയന്തരപ്രമേയം

### സദാചാര ഗുണ്ടായിസം

മി. സ്പീക്കർ: ലോക വനിതാ ദിനമായ ഇന്നലെ എറണാകുളം നഗരത്തിന്റെ ഹൃദയഭാഗമായ മറൈൻ ഡ്രൈവിൽ പോലീസിനെയും മാധ്യമപ്രവർത്തകരെയും മുൻകൂട്ടി അറിയിച്ചുകൊണ്ട് ഒരുപറ്റം ശിവസേനാ പ്രവർത്തകർ പ്രകടനമായെത്തി പോലീസിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ സദാചാര ഗുണ്ടായിസം നിയന്ത്രിക്കാനോ അവിടെയുണ്ടായിരുന്ന യുവതീയുവാക്കളെ കയ്യേറ്റം ചെയ്യുകയും അസഭ്യവാക്കുകൾ വിളിച്ചു പറയുകയും കടന്നാക്രമിക്കുകയും ചെയ്തത് തടയുവാനോ കഴിയാത്തതും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, കാലടി, അഴീക്കൽ തുടങ്ങിയ സ്ഥലങ്ങളുൾപ്പെടെ സംസ്ഥാനത്ത് പലയിടത്തും നടക്കുന്ന ഇത്തരം സദാചാര ഗുണ്ടാവിളയാട്ടങ്ങൾക്ക് മുമ്പിൽ പോലീസ് നോക്കുകുത്തിയായി മാറുന്ന സാഹചര്യവുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ ഹൈബി ഈഡൻ, പി. കെ. ബഷീർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇന്നലെ മറൈൻ ഡ്രൈവിൽ ശിവസേനാ പ്രവർത്തകർ പ്രകടനമായി വന്ന് മരത്തണലിൽ ഇരുന്ന സ്ത്രീകളെയും പുരുഷന്മാരെയും അടിച്ചും വിരട്ടിയും തടയാൻ ശ്രമിച്ചവരെ അസഭ്യം പറഞ്ഞ് ഭീഷണിപ്പെടുത്തി ഓടിക്കുകയുണ്ടായി. പിരിഞ്ഞുപോകാൻ ആവശ്യപ്പെട്ട പോലീസിന്റെ ആജ്ഞയെ ധിക്കരിച്ച് പ്രവർത്തി തുടരുകയായിരുന്നു. ഇക്കാര്യത്തിന് ശിവസേനാ പ്രവർത്തകരായ 20 പേരെ പ്രതികളാക്കി എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ IPC 143, 147, 149, 353, 354 A, 506 (2), 308 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 684/2017 ആയി കേസ് രജിസ്റ്റർ ചെയ്തു. ഈ കേസ്സിന്റെ പ്രാധാന്യം കണക്കിലെടുത്ത് അന്വേഷണത്തിനായി എറണാകുളം സെൻട്രൽ പോലീസ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എട്ട് പ്രതികളെ അറസ്റ്റ് ചെയ്യുകയും ശേഷിക്കുന്ന പ്രതികളെ പിടികൂടുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരികയുമാണ്. ശിവസേനാ പ്രവർത്തകരെ തടയാനോ പിന്തിരിപ്പിക്കാനോ കാര്യക്ഷമമായി പ്രവർത്തിക്കാതിരുന്നത് പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണെന്നുകണ്ട്

എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ എസ്. വിജയശങ്കറെ അന്വേഷണവിധേയമായി സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും, സബ് ഇൻസ്പെക്ടർ നിതീഷ്, സീനിയർ സി.പി.ഒ.-മാരായ ഹരികൃഷ്ണൻ, അരുൺകുമാർ സി.പി.ഒ.-മാരായ സുധീർ ബാബു, രാജേഷ്, സജീവൻ, ഇർഷാദ് എന്നിവരെ ശിക്ഷാനടപടികളുടെ ഭാഗമായി ജില്ലാ സായുധസേനാ ക്യാമ്പിലേയ്ക്ക് സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്. 9-2-2017-ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് സംഭവത്തിൽ ജിജേഷ് നൽകിയ പരാതിയിലും യൂണിവേഴ്സിറ്റി കോളേജ് വിദ്യാർത്ഥിനിയുടെ പരാതിയിലും കേസ് എടുത്തിട്ടുണ്ട്. കാലടി സർവ്വകലാശാല യുവജനോത്സവം കണ്ട് മടങ്ങുകയായിരുന്ന പൂർവ്വവിദ്യാർത്ഥികളെ ആക്രമിച്ച സംഭവത്തിൽ കാലടി പോലീസ് സ്റ്റേഷനിൽ കേസ് എടുത്തിട്ടുണ്ട്. 14-2-2017-ന് ഉച്ചയ്ക്ക് 12.00 മണിയോടെ കൊല്ലം അഴീക്കൽ ബീച്ച് സന്ദർശിച്ച യുവതിയെയും യുവാവിനെയും ആക്രമിക്കുകയും അക്രമികളിലൊരാൾ യുവതിയുടെ മൊബൈൽ ഫോൺ പിടിച്ചുവാങ്ങി നശിപ്പിക്കുകയും ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്തു. മേൽ സംഭവത്തിന് ഓച്ചിറ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംഭവത്തിൽ ഉൾപ്പെട്ട അഞ്ച് പ്രതികളെയും 18-2-2017-ന് അറസ്റ്റ് ചെയ്ത് ബഹുമാനപ്പെട്ട കരുനാഗപ്പള്ളി ജെ.എഫ്.എം. കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തിട്ടുള്ളതാണ്. വീഡിയോ പകർത്തി സോഷ്യൽ മീഡിയകളിൽ പ്രചരിപ്പിച്ചതിലുള്ള മനോവിഷമത്തിൽ 23-02-2017-ന് അനീഷ് പാലക്കാട് ജില്ലയിലെ അഗളി കാരറ എന്ന സ്ഥലത്തെ വീടിന് സമീപം മരത്തിൽ തൂങ്ങിമരിച്ചതായി കാണപ്പെട്ടു. അനീഷിന്റെ പിതാവിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് Cr. PC 174 -ാം വകുപ്പ് പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. അനീഷിന്റെ വീട്ടിൽ നിന്ന് കണ്ടെടുത്ത ആത്മഹത്യാക്കുറിപ്പിൽ തന്റെ മരണത്തിന് ഉത്തരവാദികൾ ധനേഷ്, രമേഷ് എന്നിവരാണെന്ന് എഴുതിയിട്ടുള്ളതിനാൽ അവരെ പ്രതികളാക്കുകയും Cr. PC 174 എന്നത് 306 IPC ആയി ഭേദഗതി വരുത്തി കേസന്വേഷണം തുടരുകയുമാണ്. സംസ്ഥാനത്ത് സദാചാര പോലീസ് ചമഞ്ഞ് അക്രമപ്രവർത്തനങ്ങൾ നടത്തുന്ന ചില സംഘടനകളും ചെറുസംഘങ്ങളുമുണ്ട്. പോലീസ് പട്രോളിംങ് ഏർപ്പെടുത്തിയും വനിതാ പോലീസ് ഉൾപ്പെടെ നിരവധി പോലീസ് ഉദ്യോഗസ്ഥരെ ബസ് സ്റ്റാൻഡ്, റെയിൽവേ സ്റ്റേഷൻ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ നിയോഗിച്ചും പിങ്ക് ബീറ്റ് കാര്യക്ഷമമാക്കിയും സദാചാര പോലീസ് ചമയുന്നവരെ കണ്ടെത്താനുള്ള ശ്രമം നടത്തിവരുന്നുണ്ട്. ജനമൈത്രീ ജാഗ്രതാ സമിതികളും ജനമൈത്രീ പോലീസും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റും ഇക്കാര്യത്തിൽ ജാഗരൂകരാണ്. സ്കൂൾ, കോളേജ് തലങ്ങളിൽ ബോധവൽക്കരണവും വനിതകൾക്കായുള്ള സ്വയം പ്രതിരോധ പരിശീലന പരിപാടിയും നടത്തിവരുന്നുണ്ട്. ജനമൈത്രീ പോലീസ് പദ്ധതി, സ്റ്റുഡന്റ്സ്

പോലീസ് കേഡറ്റ് പദ്ധതി എന്നിവയുടെയും മറ്റും ഭാഗമായി സമൂഹത്തിലും വിദ്യാർത്ഥികൾക്കിടയിലും ഇക്കാര്യത്തിൽ ബോധവൽക്കരണം നടത്തിവരുന്നു. സദാചാര പോലീസ് ചമഞ്ഞ് സ്വൈരജീവിതം കെടുത്തുന്ന സംഘടനകളായാലും വ്യക്തികളായാലും അവർക്കെതിരെ നടപടി സ്വീകരിക്കാൻ അമാന്തം കാണിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യത്തക്ക പ്രശ്നമായി ഇത് മാറുന്നില്ല.

ശ്രീ. ഹൈബി ഈഡൻ: സർ, 'സദാചാര പോലീസ് ചമഞ്ഞ് സ്വീകരിക്കുന്ന നടപടികൾ സർക്കാർ ഗൗരവതരമായി തന്നെ കാണുന്നു. അനീഷ് ആത്മഹത്യ ചെയ്യാനിടയായ സംഭവം ദൗർഭാഗ്യകരം തന്നെയാണ്. അതിലും ഫലപ്രദമായ നടപടിയാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഒരുതരത്തിലുമുള്ള അലംഭാവവും അക്കാര്യത്തിൽ ഉണ്ടായിട്ടില്ല. ഇത്തരം ആളുകൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കുക തന്നെ ചെയ്യും. സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.' പത്ത് ദിവസങ്ങൾക്ക് മുമ്പ് 28-2-2017-നാണ് സഭയിൽ അങ്ങ് ഈ പ്രഖ്യാപനം നടത്തിയത്. പത്ത് ദിവസങ്ങൾക്ക് ഇപ്പുറം നമ്മളെയെല്ലാം അപമാനിക്കുന്ന തരത്തിൽ കേരളത്തിന്റെ സാംസ്കാരിക മുഖത്തിനുതന്നെ അധിക്ഷേപം പടർത്തുന്ന തരത്തിലുള്ള സംഭവമാണ് എറണാകുളം മറൈൻ ഡ്രൈവിൽ അരങ്ങേറിയത്. ഇന്നലെ മാധ്യമങ്ങളിൽ വന്ന വാർത്തകളാണ് നമ്മൾ എല്ലാവരും ശ്രദ്ധിച്ചിട്ടുള്ളത്. എറണാകുളം നഗരത്തിന്റെ ഹൃദയഭാഗത്തെ മറൈൻ ഡ്രൈവ് തദ്ദേശ-വിദേശ ടൂറിസ്റ്റുകളും ഐ.ടി. കമ്പനി ജീവനക്കാരും ഉൾപ്പെടെ ധാരാളം ആളുകൾ എത്തിച്ചേരുന്ന പ്രദേശമാണ്. ഗ്ലോബൽ ടൂറിസം മാപ്പിൽതന്നെ ഒരു ബ്രാൻഡ് നെയിമായി മാറിയ മറൈൻ ഡ്രൈവിൽ ഇന്നലെ ശിവസേന സംഘടനാ ഭാരവാഹികളായ ഏകദേശം പത്ത് പേർ അവിടെ എത്തിച്ചേർന്ന ആൺകുട്ടികളെയും പെൺകുട്ടികളെയും ദമ്പതികളെയും അധിക്ഷേപിക്കുകയും അസഭ്യവർഷം ചൊരിഞ്ഞുകൊണ്ട് അവരെ മർദ്ദിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണുണ്ടായത്. ഇന്നത്തെ പത്രങ്ങളുടെ തലവാചകങ്ങൾ ശ്രദ്ധിക്കാം. "പോലീസ് ശവമായി, ശിവസേന വിളയാടി" എന്ന് കേരള കൗമുദിയിലും "കാടത്തം പോലീസ് നോക്കിനിന്നു" എന്ന് മലയാള മനോരമയിലും "അതിക്രമം നിർത്തു" എന്നത് മംഗളം ദിനപത്രത്തിലും വന്ന റിപ്പോർട്ടാണ്. "മറൈൻ ഡ്രൈവിൽ ചൂരലുമായി വീണ്ടും ശിവസേന" എന്ന വാർത്ത ഇന്നലത്തെ മംഗളം ദിനപത്രത്തിൽ വന്നതാണ്. ലോക വനിതാ ദിനമായ ഇന്നലെ എല്ലാ മാധ്യമ സ്ഥാപനങ്ങളിലേയ്ക്കും അറിയിപ്പ് കൊടുക്കുകയും പത്രങ്ങളിൽ ആ റിപ്പോർട്ട് വരികയും ചെയ്തതിനുശേഷമാണ് കേരളത്തിൽ യാതൊരു വേരുമില്ലാത്ത ഒരു കടലാസ് സംഘടനയായ ശിവസേന ഈ അക്രമത്തിന് മുതിർന്നത്. പോലീസിന്റെ intelligence failure ആണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്.

സ്പെഷ്യൽ ബ്രാഞ്ചിന് റിപ്പോർട്ടുണ്ടായിട്ടും അവിടെക്കൂടിനിന്ന ആളുകൾ പ്രതികരിച്ചിട്ടും കേരളത്തിന്റെ പോലീസ് പത്തോളം വരുന്ന ശിവസേനയുടെ ക്രിമിനലുകൾക്ക് ഒത്താശ ചെയ്ത് അഴിഞ്ഞാട്ടത്തിന് കൂട്ടുനിന്ന എന്നുള്ളത് അത്യന്തം ദൗർഭാഗ്യകരമായ ഒരു സ്ഥിതിവിശേഷമാണ്.

അങ്ങ് കേരളത്തിൽ റെക്കോർഡ് നേടാൻ പോകുന്ന ഒരു മുഖ്യമന്ത്രിയാണ്. ഒരു ദിവസംതന്നെ ഏറ്റവുമധികം പോലീസ് ഓഫീസർമാരെ സ്ഥലംമാറ്റുകയും സസ്പെൻഡ് ചെയ്യുകയും ചെയ്തതിന്റെ ക്രെഡിറ്റ് കേരളത്തിന്റെ ചരിത്രത്തിൽ അങ്ങേയ്ക്ക് ലഭിക്കുകയാണ്. വാളയാർ സംഭവവുമായി ബന്ധപ്പെട്ട് താങ്കൾ പോലീസിനെ സസ്പെൻഡ് ചെയ്തു, സ്ഥലം മാറ്റി. ഈ വിഷയത്തിലും പോലീസിനെതിരെ സ്വീകരിച്ച നടപടികളെക്കുറിച്ച് അങ്ങ് പറഞ്ഞു. ആർട്ടിക്കിൾ 19 (1) (d)-യിൽ 'Every citizen has the right to move freely throughout the territory of India'. ഇത് ഭരണഘടന നൽകുന്ന വലിയൊരു അവകാശമാണ്. കേരളത്തിന്റെ വ്യാവസായിക തലസ്ഥാനത്തെ ഏറ്റവും പ്രശസ്തമായ മറൈൻ ഡ്രൈവിൽ ആളുകൾക്ക് നടക്കാൻ സാധിക്കുകയില്ലെങ്കിൽ ഈ പോലീസിന്റെ കീഴിൽ എവിടെയാണ് ആളുകൾക്ക് നടക്കാൻ കഴിയുക. ഇന്നലെ വൈകിട്ട് മൂന്നര മണിയോടുകൂടി അത്യന്തം അപമാനകരമായ സംഭവം അരങ്ങേറിയത് നമ്മളെല്ലാവരും കാണുകയുണ്ടായി. നാമെല്ലാം വിദ്യാർത്ഥി യുവജന സംഘടനയിലൂടെ വന്നവരാണ്. സമരം പ്രഖ്യാപിച്ചാൽ പോലീസ് അത് നേരിടുന്നതിനുള്ള മുൻകരുതലെടുക്കും. ബാരിക്കേഡ് തീർക്കും, അവിടെ വരുന്ന ആളുകൾക്കുനേരെ ജലപീരങ്കി ഉപയോഗിക്കും. ഈ സ്ഥലങ്ങളിലെല്ലാം പോലീസ് ലാത്തിയുമായിട്ടാണല്ലോ പോകുന്നത്. ചൂരലുമായി വരുന്ന ശിവസേനക്കാരുടെ മുമ്പിൽ പോലീസിന്റെ ആ ലാത്തി പൊങ്ങാത്തത് എന്തുകൊണ്ടാണ്? ഇത് ഫെയ്സ്ബുക്കിലും പത്രങ്ങളിലുമെല്ലാം വന്നൊരു പടമാണ് (പടം ഉയർത്തി കാണിച്ചു). ഇതിൽ പറഞ്ഞിരിക്കുന്നത് മുഖ്യമന്ത്രി പിണറായി വിജയനും മന്ത്രിമാർക്കും അഭിവാദ്യങ്ങൾ എന്നാണ്. താങ്കളുടെ പടംവച്ച് തിരുവനന്തപുരം ജില്ലയിൽ ശിവസേന നടത്തിയ പ്രകടനമാണ്. ശിവസേനയ്ക്കുമുമ്പിൽ ശ്രീ. പിണറായി വിജയന്റെ പോലീസിന്റെ ലാത്തി പൊങ്ങാത്തതെന്താണ്? ചൂരൽ വലിച്ചെടുക്കാൻപോലും പോലീസ് തയ്യാറാകാതിരുന്നത് എന്തുകൊണ്ടാണ്? "ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ കാലത്താണ് വിദ്യാർത്ഥി സംഘടനകൾക്ക് നേരെ ഇലക്ട്രിക് ലാത്തി ഉപയോഗിച്ചത്. ഇലക്ട്രിക് ലാത്തിയൊന്നും ഉപയോഗിക്കുന്നതിനോട് ഞങ്ങൾക്ക് യോജിപ്പില്ല.* .....(ബഹളം)....

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം നിലനിർത്താൻ തീരുമാനിച്ചു. (ഫയൽ നമ്പർ 1073/ ഇ.ബി./2017/നി.സെ. തീയതി 9-3-2017)

മി. സ്പീക്കർ: അടിയന്തരപ്രമേയത്തിനിടയിൽ പോയിന്റ് ഓഫ് ഓർഡർ അവതരിപ്പിക്കാൻ കഴിയില്ല. അടിയന്തരപ്രമേയം കഴിഞ്ഞിട്ട് സമയം തരാം.

ശ്രീ. ഹൈബി ഈഡൻ: സർ, എനിക്ക് പറയാനുള്ളതെല്ലാം പറഞ്ഞുകഴിഞ്ഞിട്ടേ ഇരിക്കുന്നുള്ളൂ. ഭീഷണിയും ഒച്ചപ്പാടുംകൊണ്ട് എന്നെ ഇരുത്താൻ സാധിക്കുകയില്ല. ഇത് ശിവസേനയുടെയോ മറൈൻ ഡ്രൈവിലെയോ മാത്രം വിഷയമല്ലെന്ന് നിങ്ങൾ മനസ്സിലാക്കണം. കഴിഞ്ഞ കുറേ നാളുകളായി കേരളത്തിൽ നിരന്തരമായി നടക്കുന്ന സദാചാര ഗുണ്ടായിസത്തിനെതിരെ ഈ സഭ ഉണരേണ്ടതിന്റെ ആവശ്യകതയാണ് ഞാൻ ബോദ്ധ്യപ്പെടുത്തുന്നത്. അത് ഇവർക്കുംകൂടി വേണ്ടിയാണ് പറയുന്നത്. പോലീസുകാർ എവിടെയാണ് ലാത്തി പ്രയോഗിക്കുന്നത്? മുളവുകാട് സി.പി.ഐ.(എം)-ന്റെ ബ്രാഞ്ച് സെക്രട്ടറി മൂന്ന് വയസ്സുള്ള ബാലികയെ പീഡിപ്പിച്ചു. അവിടെ നാട്ടുകാർ സമരം നടത്തിയപ്പോൾ ഔഷൻ എന്ന ചെറുപ്പക്കാരന്റെ തല അടിച്ചുപൊട്ടിക്കാനാണ് ലാത്തി ഉപയോഗിച്ചത്. വടക്കാഞ്ചേരിയിൽ സ്ത്രീ പീഡനം നടത്തിയ ജയന്തൻ എന്ന സി.പി.ഐ.(എം) നേതാവിനെ പിടിക്കാൻവേണ്ടി പോലീസ് സ്റ്റേഷനിലേയ്ക്ക് മാർച്ച് നടത്തിയ ഈ സഭയിലെ ഒരംഗമായ ശ്രീ. അനിൽ അക്കരയുടെ തല പൊട്ടിക്കാനാണ് ലാത്തി ഉപയോഗിച്ചത്. അല്ലാതെ ശിവസേനക്കാർക്കെതിരെ പിണറായി വിജയന്റെ പോലീസിന്റെ ലാത്തി ഉയരുകയില്ല. ഇത് അസഹിഷ്ണുതയാണ്. കേരളത്തിലെ സെൻട്രൽ ഐ.ജി. ഓഫീസിന്റെ, കേരള ഹൈക്കോടതിയുടെ, എറണാകുളം കമ്മീഷണർ ഓഫീസിന്റെ മൂക്കിനുതാഴെയാണ് ഈ സംഭവം നടന്നതെന്നുള്ളത് ഇതിന്റെ ഗൗരവം വർദ്ധിപ്പിക്കുകയാണ്. കുറച്ച് പോലീസുകാരെ സ്ഥലം മാറ്റിയതുകൊണ്ട് കേരളത്തിനുണ്ടായ അപമാനം മാറ്റാൻ സാധിക്കുമോ? ഈ സദാചാര ഗുണ്ടായിസം എന്തുകൊണ്ട് കേരളത്തിൽ തുടരുന്നു എന്നുള്ളതാണ് നമ്മൾ മനസ്സിലാക്കേണ്ട ഒരു പ്രധാന കാര്യം. ചെറുപ്പക്കാരനായ അനീഷിന്റെ കാര്യം ഇവിടെ പറഞ്ഞു. അവിടെ വന്ന ശിവസേനയുടെ ഒരു പ്രവർത്തകൻ ഇതുമുഴുവൻ മൊബൈൽ ഫോണിൽ റെക്കോർഡ് ചെയ്തിട്ടുണ്ട്. ആ മൊബൈൽ ഫോൺ പിടിച്ചെടുക്കാൻ പോലീസ് എന്ത് നടപടി സ്വീകരിച്ചു? ഇത്തരം വിഷയങ്ങൾ സോഷ്യൽ മീഡിയയിൽ പ്രചരിപ്പിക്കുന്നതോടുകൂടി വീണ്ടും അനീഷുമാർ കേരളത്തിലുണ്ടാകാൻ പോകുകയാണ്. ഇത്തരം വിഷയങ്ങളിലെല്ലാം പോലീസിനെതിരെ നടപടിയെടുക്കുന്നതല്ലാതെ കാര്യക്ഷമമായ ഒരിടപെടലും ഉണ്ടായിട്ടില്ല. ഈ ഘട്ടത്തിനുശേഷമാണ് സൈബർ ലോകത്തേക്ക് സൈബർ ഗുണ്ടകൾ കടക്കുന്നത്. വളരെ ഗൗരവത്തോടുകൂടി യുട്യൂബിലും സോഷ്യൽ മീഡിയയിലും വരുന്ന ഈ പ്രചരണത്തിനെതിരെ നമ്മൾ തയ്യാറെടുക്കേണ്ടിയിരിക്കുന്നു. "മഹാരാഷ്ട്രയിലെ നവ നിർമ്മാൺ സേനയെപ്പോലെ, മംഗലാപുരത്തെ ശ്രീരാമസേനയെപ്പോലെ, കോഴിക്കോട്ടെ ഹനുമാൻ സേനയെപ്പോലെ, ബാംഗ്ലൂരിലെ ബജ്റംഗ്ദൾ പോലെയുള്ള സംഘടനകളുടെ മറ്റൊരു രൂപമാണ് കേരളത്തിലെ യൂണിവേഴ്സിറ്റി കോളേജിലെ എസ്.എഫ്.ഐ. പ്രവർത്തകരെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഫാസിസത്തെ ഒരുപോലെ നേരിടണം. ആർ.എസ്.എസ്.-നും

ശിവസേനയ്ക്കുമെതിരെ മാത്രമല്ല ഫാസിസം ആര് നടത്തിയാലും അതിനെ എതിർക്കപ്പെടേണ്ടതാണ്.* ബഹുമാന്യനായ മുഖ്യമന്ത്രി കോൺഗ്രസ് ഗവൺമെന്റിന്റെ പോലീസിന്റെ സാന്നിദ്ധ്യത്തിലാണ് മംഗലാപുരത്തുപോയി പ്രസംഗിച്ചത്. അത് മറൈൻ ഡ്രൈവിലെ ഗുണ്ടകളും പോലീസും കേട്ടില്ല. കേരളത്തിലെ പോലീസ് അത് കേൾക്കാൻ തയ്യാറായില്ല. പ്രശസ്തനായ ഇംഗ്ലീഷ് എഴുത്തുകാരൻ ജോർജ് ഓർവെലിന്റെ 'Animal Farm' എന്ന പുസ്തകത്തിൽ 'All animals are equal. But some animals are more equal than the others' എന്നുപറയുന്നുണ്ട്. എന്നുപറഞ്ഞാൽ എസ്.എഫ്.ഐ. പ്രവർത്തകർക്ക് ഒരു നിയമം.

മി. സ്പീക്കർ: അങ്ങ് നോട്ടീസിലില്ലാത്ത കാര്യങ്ങളാണ് പറയുന്നത്.

ശ്രീ. ഹൈബി ഈഡൻ: സർ, ഒരു സാഹിത്യകാരനെ ക്വാട്ട് ചെയ്യാൻ എഴുതിത്തരേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: യൂണിവേഴ്സിറ്റി കോളേജുമായി ബന്ധപ്പെട്ട വിഷയമൊന്നും അങ്ങ് എഴുതി തന്നിട്ടില്ല.

ശ്രീ. ഹൈബി ഈഡൻ: സർ, യൂണിവേഴ്സിറ്റി കോളേജിലെ വിഷയം കൃത്യമായും ഞാൻ എഴുതിതന്നിട്ടുണ്ട്.

മി. സ്പീക്കർ: നല്ല നിലയിൽ അങ്ങ് മനോഹരമായി കാര്യങ്ങൾ പ്രസന്റ് ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. അതിനിടയിലാണ് ഈ കാര്യങ്ങൾ പറയുന്നത്. ...(ബഹളം)...

ശ്രീ. ഹൈബി ഈഡൻ: സർ, ഞാൻ എഴുതി കൊടുത്തിട്ടുണ്ട്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു കാര്യം ചോദിക്കാനുണ്ട്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ഫെബ്രുവരി 9-ാം തീയതി അശ്മിത, സൂര്യഗായത്രി, ജിജേഷ് എന്നീ മൂന്നുപേർക്കുനേരെയുണ്ടായ അക്രമം നമുക്കറിയാം. ഇന്ന് മാർച്ച് 9-ാം തീയതിയാണ്. സെക്രട്ടേറിയറ്റിന്റെ മൂക്കിനുതാഴെയുള്ള യൂണിവേഴ്സിറ്റി കോളേജിൽ സ്വൈരവിഹാരം നടത്തുന്ന, ക്ലാസ്സിൽ കയറാത്ത, അക്രമ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ഏതെങ്കിലും ഒരു എസ്.എഫ്.ഐ. പ്രവർത്തകനെ പിടിക്കാൻ കേരളത്തിലെ പോലീസിന് സാധിച്ചിട്ടുണ്ടോ? ഞാൻ അശ്മിത എന്ന കുട്ടിയുമായി ഫോണിൽ സംസാരിച്ചു. ....(ബഹളം).... ആ കുട്ടി എന്നെ അഭിസംബോധന ചെയ്തത് സഖാവെ എന്നാണ്. എസ്.എഫ്.ഐ. അനുഭാവിയാണെന്ന് എനിക്ക് മനസ്സിലായി. ഏതായാലും കെ.എസ്.യു.-വോ കോൺഗ്രസ്സോ അല്ല. ഒരു മാസം കഴിഞ്ഞിട്ടും ആ കുട്ടികളെ ക്രൂരമായി മർദ്ദിച്ച പ്രതികളെ അറസ്റ്റുചെയ്യാൻ ഈ ഗവൺമെന്റിന്റെ പോലീസ് തയ്യാറായിട്ടില്ല.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്... അങ്ങയുടെ സമയം കഴിഞ്ഞു.

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം നിലനിർത്താൻ തീരുമാനിച്ചു.
(ഫയൽ നമ്പർ 1073/ഇ.ബി./2017/നി.സെ. തീയതി 9-3-2017)

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, സജിത്ത്, രജീഷ്, ഷബാന, തസ്ലീം എന്നിവരെ അറസ്റ്റ് ചെയ്യാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. ഫാസിസത്തിന്റെ മുഖം ഒന്നുതന്നെയാണ്. രാഷ്ട്രീയ ഫാസിസം നടത്തിയാലും വർഗ്ഗീയ ഫാസിസം നടത്തിയാലും അത് എതിർക്കപ്പെടേണ്ടതുതന്നെയാണ്. ശിവസേനയ്ക്ക് നേതൃത്വം കൊടുത്ത, ഈ അക്രമപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത ടി. കെ. അരവിന്ദൻ എന്നയാൾക്കെതിരെ ബഹുമാന്യനായ ശർമ്മാജിയുടെ മണ്ഡലത്തിലെ ഇളങ്കുന്നപ്പുഴ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1216/2014 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇളങ്കുന്നപ്പുഴ ഹൈസ്കൂളിലെ ഒരു അദ്ധ്യാപകന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ടി. കെ. അരവിന്ദനെതിരെ വകുപ്പ് 354 ചുമത്തി. 'Outraging the modesty of a woman'. ബധിരയും മൂകയുമായ ഒരു സ്വീപ്പറെ അധിക്ഷേപിച്ചതിന്റെ പേരിൽ, പീഡിപ്പിക്കാൻ ശ്രമിച്ചതിന്റെ പേരിൽ റിമാൻഡിൽ കഴിഞ്ഞ ഒരു പ്രതിയാണ് സദാചാര ഗുണ്ടായിസവുമായി മറൈൻ ഡ്രൈവിലേയ്ക്ക് കടന്നുവന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ധാരാളം റിപ്പോർട്ടുകൾ വായിച്ചല്ലോ; ഒരു കൊട്ടം ക്രിമിനൽ, സ്ത്രീപീഡനം നടത്തുന്ന ഒരാൾ സദാചാര ഗുണ്ടയായി ചമഞ്ഞ് എറണാകുളത്ത് മറൈൻ ഡ്രൈവിലേയ്ക്ക് കടന്നുവന്നപ്പോൾ അതിന്റെ ബേസിക് ഇൻഫർമേഷൻപോലും കേരളത്തിലെ സ്പെഷ്യൽ ബ്രാഞ്ചിന് കിട്ടിയില്ലെന്ന് പറയുന്നതാണ് ഈ ഗവൺമെന്റിന്റെ ആഭ്യന്തര വകുപ്പിലെ ഏറ്റവും വലിയ വീഴ്ച.

<u>മി. സ്പീക്കർ:</u> പ്ലീസ് കൺക്ലൂഡ് .... 13 മിനിട്ടായി.....

<u>ശ്രീ. ഹൈബി ഈഡൻ:</u> സർ, ഒരുപാട് വിഷയങ്ങൾ ഈ ഗവൺമെന്റുമായി ബന്ധപ്പെട്ടുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ വളരെ ഗുരുതരമായ പ്രശ്നങ്ങളാണ് സദാചാര ഗുണ്ടായിസവുമായി ബന്ധപ്പെട്ട് നടന്നത്. ഇന്നലെ അഹമ്മദാബാദിൽ നടന്ന സംഭവം, ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ചടങ്ങിലേയ്ക്ക് കടന്നുവന്ന തട്ടമിട്ട വനിതാ പഞ്ചായത്ത് വൈസ് പ്രസിഡന്റിനെയും മെമ്പർമാരെയും കയറാൻ അനുവദിക്കാത്ത ഫാസിസം തന്നെയാണ് കേരളത്തിലെ സി.പി.ഐ.(എം)-ഉം എസ്.എഫ്.ഐ.-യും നടത്തിക്കൊണ്ടിരിക്കുന്നത്. രണ്ടിന്റെയും മുഖം ഒന്നുതന്നെയാണ്.

<u>മി സ്പീക്കർ</u>: പ്ലീസ്......... അവസാനിപ്പിക്കു. 13 മിനിട്ട് കഴിഞ്ഞു. ഇതൊരു കീഴ്വഴക്കമാക്കരുത്.

<u>ശ്രീ. ഹൈബി ഈഡൻ:</u> സർ, രണ്ടുതരം സദാചാരങ്ങളാണ് പോലീസ് മറൈൻ ഡ്രൈവിലുണ്ടാക്കിയത്. വടിയിൽ കാവിക്കൊടി കെട്ടിയ ശിവസേനക്കാരും കയ്യിൽ ലാത്തി പിടിച്ച പോലീസുകാരും ഒരുപോലെയാണ്

ഇന്നലെ പെരുമാറിയത്. പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ ഈ ഗുരുതരമായ വീഴ്ച, കേരളത്തിൽ ഒരു പരമ്പരയായി തുടർന്നുവരികയാണ്. ആക്രമിക്കപ്പെടുന്ന ഇരയ്ക്ക് നീതി കിട്ടാത്ത ഒരു സാഹചര്യം ഇന്ന് കേരളത്തിലുണ്ട്. 'Everybody is equal in the eyes of law' എന്നു പറയുന്നതുപോലെ തന്നെ ഈ ഗവൺമെന്റിന്റെ മുമ്പിൽ എല്ലാവരും ഒരുപോലെയാണ്. പിഞ്ചുകുഞ്ഞുങ്ങളാണെങ്കിലും വീട്ടമ്മമാരാണെങ്കിലും സിനിമാ നടിമാരാണെങ്കിലും എല്ലാവരും പീഡനത്തിനിരയായിക്കൊണ്ടിരിക്കുകയാണ്. ഈ ഗൗരവകരമായ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നതാണ് എന്റെ ആവശ്യം. ഇത് ഗുരുതരമായ വിഷയമായി കണ്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നതിൽ ലവലേശം ആത്മാർത്ഥതയുണ്ടെങ്കിൽ സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഒരു കാര്യത്തിൽ ആർക്കും സംശയമില്ല, ഇന്നലെ മറൈൻ ഡ്രൈവിൽ നടന്നത് കേരളത്തിനാകെ അപമാനകരമായ ഒരു സംഭവമാണ്. അതിൽ സമൂഹം സ്വാഭാവികമായും അമർഷം പ്രകടിപ്പിക്കുകയും ചെയ്തു. അതുപോലെതന്നെ അവിടെ ശിവസേനയുടെ ഒരു സംഘമാണ് ഈ പറയുന്ന ആക്രമണത്തിന് തയ്യാറായത്. ശിവസേന കേരളത്തിലെ ഒരു വലിയ സംഘടനയല്ലെന്ന് ബഹുമാന്യനായ അംഗം പറഞ്ഞ കാര്യവും ശരിയാണ്. അത്തരമൊരു സംഘം ഈ തരത്തിലൊരു ആക്രമണം നടത്തുമ്പോൾ അവിടെയുണ്ടായിരുന്ന സബ് ഇൻസ്പെക്ടറും പോലീസ് പാർട്ടിയും വേണ്ടരീതിയിൽ ഇടപെട്ടില്ല എന്നതുതന്നെയാണ് ഇതിൽ ഗൗരവമായി കാണുന്ന പ്രശ്നം. അതിന്റെ ഭാഗമായി തന്നെയാണ് സബ് ഇൻസ്പെക്ടറെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തത്. മറ്റുള്ളവരെ ശിക്ഷാനടപടികളുടെ ഭാഗമായി ഇന്നുള്ള സ്ഥലത്തുനിന്നും മാറ്റി നിർത്തുകയും ചെയ്തു. ഇത്തരം കാര്യങ്ങളിൽ സർക്കാരിന്റെ നിലപാട് വളരെ വ്യക്തമാണ്. നമ്മുടെ സംസ്ഥാനത്ത് ഒരുതരത്തിലുള്ള സദാചാരഗുണ്ടാ പ്രവർത്തനവും അനുവദിക്കുന്ന പ്രശ്നമില്ല. സ്ത്രീപീഡനക്കാരൻ സദാചാരഗുണ്ടയായി മറൈൻ ഡ്രൈവിലെത്തിയെന്ന് അദ്ദേഹം തന്നെ ഇവിടെ സൂചിപ്പിച്ചു, സദാചാരഗുണ്ടകളായി ചമയുന്നവരെല്ലാം സദാചാരക്കാരാണെന്ന് ധരിക്കേണ്ടതില്ല. അവർതന്നെ ഒരു പ്രത്യേകതരത്തിലുള്ള ഗുണ്ടകളാണ്. ഇത്തരത്തിലുള്ള അക്രമങ്ങൾ ആവർത്തിക്കുന്നവർക്കെതിരെ ഗുണ്ടാനിയമമടക്കം പ്രയോഗിക്കാൻ സർക്കാർ തയ്യാറാകുകതന്നെ ചെയ്യും. 'കാപ്പ' ഉപയോഗിക്കുന്നത് സംബന്ധിച്ച് സർക്കാരിന് ഒരു പ്രഖ്യാപിത നിലപാടുണ്ട്; രാഷ്ട്രീയക്കാർക്കെതിരെ 'കാപ്പ' ഉപയോഗിക്കില്ലെന്ന് പറഞ്ഞിട്ടുണ്ട്. അത് ഇത്തരത്തിലുള്ളവർക്ക് ബാധകമല്ല. ശിവസേന എന്നൊരു സംഘടനയുടെ

ഭാഗമായി, സദാചാരഗുണ്ടകളായി രംഗത്ത് വരികയാണെങ്കിൽ അത്തരം ആളുകൾക്കെതിരെ രാഷ്ട്രീയക്കാർക്കെതിരെ 'കാപ്പ' ഉപയോഗിക്കില്ല എന്ന സർക്കാർ നിലപാട് ബാധകമാക്കില്ല. അത്തരം ആളുകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകതന്നെ ചെയ്യും. ഇവിടെ സഞ്ചാര സ്വാതന്ത്ര്യത്തിന്റെ കാര്യം ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിക്കുകയുണ്ടായി. അക്കാര്യത്തിൽ ഒരു തർക്കവുമില്ല. സഞ്ചാര സ്വാതന്ത്ര്യത്തിന്റെ പ്രശ്നമല്ല ഇവിടെ വരുന്നത്. ഇവിടെ ഒരു യുവാവും യുവതിയും ഒന്നിച്ച് നടക്കാൻ പാടില്ലായെന്നാണ് ചിലർ ധരിക്കുന്നത്. അത് ഒരു പ്രത്യേക മാനസികാവസ്ഥയുടെ ഭാഗമാണ്. ആ ഭാഗം ഞാൻ അവസാനം പറയാം.

ഇവിടെ പോലീസിന്റെ ലാത്തി ഉയരുന്നില്ല എന്ന പ്രശ്നം അദ്ദേഹം ഉന്നയിച്ചിട്ടുണ്ട്. അത് ഗൗരവമായി തന്നെയാണ് സർക്കാർ കാണുന്നത്. ഇത്തരം ആളുകൾക്കുനേരെ ഉയരാനുള്ളതാണ് പോലീസിന്റെ കയ്യിലുള്ള ലാത്തി എന്നുതന്നെയാണ് സർക്കാർ കാണുന്നത്. ഒരു സംശയവും വേണ്ട, അത്തരത്തിലുള്ള നടപടികളുണ്ടായാൽ ആ സ്ഥലങ്ങളിൽ ശക്തമായ രീതിയിൽ ഇടപെടുക എന്നതുതന്നെയാണ് പോലീസിന്റെ ഭാഗത്ത് നിന്നുണ്ടാകേണ്ടത്. അതിന് ലാത്തി ഉപയോഗിക്കണമെങ്കിൽ ലാത്തി ഉപയോഗിക്കുന്ന സ്ഥിതിയുമുണ്ടാകും. കാരണം സദാചാരഗുണ്ടകളെ ഇവിടെ അഴിഞ്ഞാടാൻ അനുവദിക്കില്ല. ഞാൻ മംഗലാപുരത്തു പോയതിനെക്കുറിച്ച് ഇതിന്റെ ഭാഗമായി പറയേണ്ടതില്ലെന്നാണ് എനിക്ക് തോന്നുന്നത്. കോൺഗ്രസ്സിന്റെ തണലിൽ ഞാൻ അവിടെ പോയതാണെന്ന് അദ്ദേഹം പരാമർശിക്കുകയുണ്ടായി. എന്തായാലും അത് ഞാൻ ഇപ്പോൾ പരാമർശിക്കാൻ പോകുന്നില്ല. ആ തരത്തിൽ പറയേണ്ടതില്ലായിരുന്നുവെന്നാണ് എനിക്ക് തോന്നുന്നത്. ഇവിടെ എസ്.എഫ്.ഐ.-യെയും ആർ.എസ്.എസ്.-നെയും ഒരേപോലെ താരതമ്യപ്പെടുത്തുന്ന നിലപാട് ആരെയാണ് ന്യായീകരിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുന്നത്? എസ്.എഫ്.ഐ. എന്നത് കേരളത്തിലെ ഏറ്റവും കരുത്തുറ്റ വിദ്യാർത്ഥി സംഘടനയാണെന്ന് എല്ലാവർക്കും അറിയാം. ജനാധിപത്യത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടി നല്ല രീതിയിൽ പോരാടിയിട്ടുള്ള ഒരു സംഘടനയാണത്. അത്തരം ഒരു സംഘടനയെ ആർ.എസ്.എസ്.നോട് താരതമ്യപ്പെടുത്തുമ്പോൾ അതിന്റെ ഫലം എന്താണ്; ആർ.എസ്.എസ്.നെ ന്യായീകരിക്കാനും ശുദ്ധീകരിക്കാനും വേണ്ടി ഇത്തരത്തിലൊരു വാദഗതി ഉയർത്തുകയാണ് ചെയ്തത്. അതിനെക്കാളും പ്രധാനപ്പെട്ടതാണ് 'ആനിമൽ ഫാം' എന്ന നോവലിനെക്കുറിച്ച് അദ്ദേഹം പറഞ്ഞത്. ജോർജ് ഓർവെൽ ആണ് 'ആനിമൽ ഫാം' എഴുതിയത്. എന്തിനാണ് അത് എഴുതിയത്; സോഷ്യലിസത്തെയും സോവിയറ്റ് യൂണിയനെയും

ആക്ഷേപിക്കാൻ വേണ്ടിയാണ് അത് എഴുതിയത്. ശ്രീ. ഹൈബി ഈഡന്റെ നേതാവ് ജവഹർലാൽ നെഹ്റു ഓർവെല്ലിനോടല്ല താൽപ്പര്യം പ്രകടിപ്പിച്ചിരുന്നത്, സോവിയറ്റ് യൂണിയനോടായിരുന്നു ആഭിമുഖ്യം പ്രകടിപ്പിച്ചിരുന്നത്. അവർ ജവഹർലാൽ നെഹ്റുവിനെ തള്ളിയോയെന്ന് അറിയില്ല. ബഹുമാന്യനായ ഹൈബി ഈഡന്റെ കാലമായപ്പോൾ ആഭിമുഖ്യം ഈ പറഞ്ഞ ഫാസിസത്തോടായി. ഫാസിസത്തിന്റെ സ്വയം പ്രഖ്യാപിത പിൻതുണക്കാരനെന്നാണ് ഓർവൽ തന്നെത്തന്നെ വിശേഷിപ്പിച്ചിരുന്നത്. ഫാസിസത്തിന്റെ പിൻതുണക്കാരൻ എങ്ങനെയാണ് ശ്രീ. ഹൈബി ഈഡന്റെ ആചാര്യനായി മാറുന്നത്? ഇവിടെ പുരുഷാധിപത്യപരമായ ഒരു സാമൂഹ്യാവസ്ഥയുടെ ഭാഗമായി ഇന്നും നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന വികലമായ ഒരു മനോഘടനയാണ് സദാചാര പോലീസിംഗിന് പിന്നിലുള്ളത്. പുരുഷന്റെ കൽപ്പനപ്രകാരം വീട്ടിനുള്ളിലെ ഇരുട്ടിൽ തളയ്ക്കപ്പെടേണ്ടവളാണ് സ്ത്രീയെന്ന പ്രാകൃതബോധമാണ് ഇവരെ നയിക്കുന്നത്. സ്ത്രീക്ക് പുരുഷനുള്ള ഒരു അവകാശവും സ്വാതന്ത്ര്യവും അധികാരവുമില്ലെന്ന മനോഭാവത്തോടെ അവരെ അടിച്ചമർത്തുന്ന ഒരു രീതി സമൂഹത്തിൽ നേരത്തേ നിലനിന്നിരുന്നു. അത് വളർന്നു വന്നിരുന്നു. 'നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി', സ്ത്രീ സ്വാതന്ത്ര്യം അർഹിക്കുന്നില്ലെന്ന സൂക്തം മുൻനിർത്തി പ്രവർത്തിക്കുന്ന വർഗ്ഗീയ പ്രസ്ഥാനങ്ങൾ ഈ നിലപാടിനെ കൂടുതൽ ശക്തിപ്പെടുത്തുകയാണ് ചെയ്തത്. അതേ പ്രസ്ഥാനത്തിന്റെ ആൾക്കാരാണ് പലയിടത്തും സദാചാര പോലീസിംഗിന് ഇറങ്ങുന്നതെന്നതും ശ്രദ്ധിക്കപ്പെടേണ്ട കാര്യമാണ്. ഇവർ സ്ത്രീയെ പതിനെട്ടാം നൂറ്റാണ്ടിലെ ഇരുട്ടിലേയ്ക്ക് പിന്തള്ളാനാണ് ശ്രമിക്കുന്നത്. നവോത്ഥാന പ്രസ്ഥാനം ഉയർത്തിയ ചിന്തകളും സ്ത്രീ വിമോചനത്തിന്റെ ആശയധാരകളും ഇവിടെ ശക്തിപ്പെടുത്തിയിട്ടുണ്ട്. വി. ടി. ഭട്ടതിരിപ്പാടിനെയും പ്രേംജിയെയും ഇ. എം. എസ്.-നെയും എം.ആർ. ബി.-യെയും പോലുള്ളവർ ഇവിടെ കൊണ്ടുവന്ന 'അടുക്കളയിൽ നിന്നും അരങ്ങത്തേക്ക്' എന്ന പുതുചിന്തയുടെ വെളിച്ചം തല്ലിക്കെടുത്താനാണ് ഇക്കൂട്ടർ ശ്രമിക്കുന്നത്. സ്ത്രീയും പുരുഷനും പൊതുമണ്ഡലത്തിൽ ഒരുമിച്ച് പ്രവർത്തിച്ചാൽ, ഒരു കാറിൽ യാത്ര ചെയ്താൽ, ഒരു മുറിയിൽ ഒരുമിച്ചിരുന്ന് സംസാരിച്ചാൽ, കോഫി ഹൗസിൽ ഒരുമിച്ചിരുന്ന് ചായ കഴിച്ചാൽ അതൊക്കെ അവിഹിതമാണെന്ന് കരുതുകയും അവരെ ആക്രമിക്കുകയും ചെയ്യുന്നത് വികലമായ മാനസികാവസ്ഥയെയാണ് കാണിക്കുന്നത്. ഈ മാനസികാവസ്ഥ സൃഷ്ടിച്ചതിലും ശക്തിപ്പെടുത്തിയതിലും വർഗ്ഗീയ പ്രസ്ഥാനത്തിന് വലിയ പങ്കുണ്ടെന്ന് നാം കാണണം. സ്ത്രീയും പുരുഷനും സഹകരിച്ച് പ്രവർത്തിക്കുന്നത് ഇന്ത്യൻ സംസ്കാരത്തിന് എതിരാണെന്ന ഇവരുടെ വാദത്തിൽ ഈ നിലപാട് നിഴലിച്ച് കാണാം. കാലത്തെയും ലോകത്തെയും

പിന്നോട്ടടുപ്പിക്കുന്ന, സ്ത്രീയെ അടിമയാക്കി ഇരുട്ടറയിലടയ്ക്കാൻ വ്യഗ്രത കാണിക്കുന്ന, വർഗ്ഗീയ പ്രേരിതമായ സദാചാര പോലീസിംഗ് അനുവദിക്കുന്ന പ്രശ്നമേയില്ല. അതുകൊണ്ടുതന്നെ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നാണ് വ്യക്തമാക്കാനുള്ളത്.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

10.00 AM]

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളത്തിന്, നമ്മുടെ നാടിന് എന്താണ് സംഭവിക്കുന്നത്? വിശ്വസിക്കാൻ കഴിയാത്ത കാര്യങ്ങളാണ് നമ്മൾ ഓരോ ദിവസവും കേട്ടുകൊണ്ടിരിക്കുന്നത്. ഒരു ഭാഗത്ത് പിഞ്ചു കുഞ്ഞുങ്ങൾ ചീന്തിയെറിയപ്പെടുന്നു; വീടിന്റെ കഴുക്കോലിൽ കുട്ടികളുടെ മൃതശരീരം കിടന്ന് ആടുന്നു; പ്രശസ്തയായ നടിപോലും തിരക്കേറിയ നഗരത്തിൽ ഓടുന്ന വാഹനത്തിൽ മാനഭംഗത്തിന് ഇരയാകുന്നു; ദൈവത്തിന്റെ പ്രതിപുരുഷൻ തന്നെ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ ഗർഭിണികളാക്കുന്നു; പഠിക്കാനിറങ്ങുന്ന കുട്ടികളെ കൂട്ടത്തോടെ പിടിച്ചുകൊണ്ടുപോയി ബലാൽസംഗം ചെയ്യുന്നു. ഇപ്പോൾ ടെലിവിഷൻ തുറക്കാൻതന്നെ ഭയമാണ്. ഏത് നിമിഷമാണ് പുതിയ പീഡനത്തിന്റെ കഥ ഫ്ലാഷായി വരുന്നതെന്ന് അറിയാൻ കഴിയാത്ത അവസ്ഥയാണ് നമ്മുടെ നാട്ടിലുള്ളത്. ഇതിന്റെയൊക്കെ ഞെട്ടലിൽ കേരളം മരവിച്ചു നിൽക്കുകയാണ്. ആ സാഹചര്യത്തിലാണ് മറൈൻ ഡ്രൈവിൽ ഇന്നലെ ശിവസേനയുടെ നേതൃത്വത്തിലുണ്ടായ കാട്ടാളത്തം കേരളം ഞെട്ടലോടെ ശ്രവിച്ചത്. പട്ടാപ്പകൽ മറൈൻ ഡ്രൈവിൽ സംസാരിച്ചുകൊണ്ടിരുന്ന പെൺകുട്ടികളെയും ആൺകുട്ടികളെയും ശിവസേനക്കാർ കമ്പുകളും ചൂരലുകളുമായി വന്ന് അടിച്ചോടിച്ചുവെന്നത് സാംസ്കാരിക കേരളത്തിന് സംഭവിച്ച ഏറ്റവും വലിയ അപമാനമാണ്. എൽ.ഡി.എഫ്. ഭരണത്തിന്റെ കീഴിൽ ആർക്കും എന്ത് തോന്ന്യാസവുമാകാമെന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണമല്ലേ ഇത്? ഇവിടെ സാമൂഹ്യവിരുദ്ധരും ഗുണ്ടകളും അഴിഞ്ഞാടുന്നു. സദാചാരഗുണ്ടകൾക്ക് ഒരു നിയന്ത്രണവുമില്ലാതെ ഇഷ്ടംപോലെ പ്രവർത്തിക്കാൻ അവസരമുണ്ടാകുന്നു. ഈ സംസ്ഥാനത്ത് ഭരണമുണ്ടോയെന്ന് ചോദിക്കേണ്ടിവരുന്ന സാഹചര്യത്തിലേക്കാണ് നമ്മൾ എത്തുന്നത്. ആൺകുട്ടിയും പെൺകുട്ടിയും ഒരുമിച്ചിരുന്ന് വർത്തമാനം പറഞ്ഞാൽ ആകാശം ഇടിഞ്ഞു വീഴുമോ? 20-7-2012-ൽ ശ്രീ. കോടിയേരി ബാലകൃഷ്ണനുവേണ്ടി ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച ഒരു അടിയന്തരപ്രമേയമുണ്ട്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. നമ്മുടെ സംസ്ഥാനത്ത്

പേപ്പട്ടികളെ ഓടിക്കുന്നതുപോലെയാണ് കുട്ടികളെ ഇന്നലെ ശിവസേനക്കാർ അടിച്ചോടിച്ചത്. പോലീസ് മൂകസാക്ഷികളായി നോക്കിനിന്നു. ഇവിടെ ഇന്റലിജന്റ്സ് റിപ്പോർട്ടുണ്ടായിരുന്നുവെന്നാണ് പത്രവാർത്തകൾ വന്നത്. ഒരു ദിവസം മുൻപുതന്നെ ശിവസേനക്കാർ പത്രത്തിൽ വാർത്ത കൊടുത്തുവെന്നാണ് പറഞ്ഞത്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോലീസ് ഉച്ചയോടെ മറൈൻ ഡ്രൈവിലെത്തി പതിനാറോളം കുട്ടികളെ എഴുന്നേൽപ്പിച്ചുവിട്ടു. പോലീസ് അവരുടെ മേൽവിലാസം കുറിച്ചെടുത്തു. ഇതെന്ത് സമീപനമാണ്; മറൈൻ ഡ്രൈവിൽ സംസാരിച്ചുകൊണ്ടിരുന്ന കുട്ടികളുടെ മേൽവിലാസം എഴുതിയെടുത്ത് അവരെ അവിടെ നിന്നും എഴുന്നേൽപ്പിച്ചുവിടുകയാണ് ചെയ്തത്. ഇന്റലിജന്റ്സ് റിപ്പോർട്ട് കിട്ടിയിട്ടും പോലീസ് എന്തുകൊണ്ട് നടപടി സ്വീകരിച്ചില്ല? ഗവൺമെന്റ് മറുപടി പറയേണ്ട കാര്യമല്ലേ; പോലീസിന്റെ ഭാഗത്തുനിന്നും എന്തുകൊണ്ട് നടപടി ഉണ്ടായില്ല? മാത്രമല്ല, പോലീസും എസ്.ഐ.-യും ഈ സംഭവം നോക്കി നിൽക്കുകയായിരുന്നു. ഈ കുട്ടികളെ അടിച്ചോടിച്ച സംഭവത്തിൽ മൂകസാക്ഷികളായിട്ടാണ് പോലീസ് അവിടെ നിന്നത്. അവർക്ക് സംരക്ഷണം കൊടുക്കുകയാണ് പോലീസ് ചെയ്തത്. ശിവസേനക്കാർക്ക് എല്ലാ സംരക്ഷണവും പോലീസ് കൊടുത്തതായിട്ടാണ് അവിടെ നിന്നും കിട്ടുന്ന വിവരങ്ങൾ. അവർ രഹസ്യമായി വന്നതല്ല. മുൻകൂട്ടി അറിയിച്ച് വന്നവരെ എന്തുകൊണ്ട് പോലീസ് തടഞ്ഞില്ല; ശ്രീ. ഹൈബി ഈഡൻ സമരങ്ങളെ എങ്ങനെ നേരിടുന്നുവെന്ന് പറഞ്ഞല്ലോ. ശിവസേനക്കാർ പ്രകടനമായി ബാനർ ഉയർത്തി കടന്നുവന്ന് കുട്ടികളുടെ നേരെ നിന്ദ്യമായി പെരുമാറിയിട്ട് പോലീസ് മിണ്ടാതിരുന്നുവെന്നത് ഏറ്റവും പ്രസക്തമായ കാര്യമാണ്. വലിയ കമ്പ് ഉപയോഗിച്ച് ശിവസേനക്കാർ അക്രമം നടത്തുമ്പോൾ പോലീസ് കാഴ്ചക്കാരായി മൗനമായി നോക്കിനിന്നു. പോലീസ് എല്ലാവിധ സംരക്ഷണവും കൊടുത്തതായിട്ടാണ് കാണാൻ കഴിയുന്നത്. ഇവരെ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോകുന്ന കാഴ്ച ഇന്നലെ ടെലിവിഷനിൽ കണ്ടു. വിനോദസഞ്ചാരത്തിന് പോകുന്നതുപോലെ ആർത്തുല്ലസിച്ച് ആളുകളെ കയ്യുയർത്തി അഭിവാദ്യം ചെയ്തുകൊണ്ടാണ് ഇവർ പോലീസ് സ്റ്റേഷനിലേയ്ക്ക് പോകുന്നത്. പ്രത്യേക കരുതലോടുകൂടിയാണ് ഇവരെ പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോയത്. ലജ്ജകൊണ്ട് തലകുനിക്കേണ്ട ഒരു സംഭവമാണ് ഇന്നലെ എറണാകുളം മറൈൻ ഡ്രൈവിലുണ്ടായത്. കേരളത്തിൽ ഗുണ്ടകൾക്ക് ചൂട്ട് പിടിക്കുന്ന പോലീസ് ശിവസേനയ്ക്ക് കുടപിടിച്ചു കൊടുത്തുവെന്നതാണ് ഇവിടെ കാണാൻ കഴിയുന്നത്. സദാചാരത്തിന്റെ മൊത്തക്കച്ചവടം ശിവസേനക്കാരെ ആരാണ് ഏൽപ്പിച്ചിട്ടുള്ളത്? ഇത് ബോംബെയോ ബാൽതാക്കറെയുടെ നാടോ അല്ല, ഇത് കേരളമാണെന്ന് ശിവസേനക്കാർ ഓർക്കണം. ഇത്തരം ഫാസിസ്റ്റ് നടപടികൾ കേരളത്തിൽ അനുവദിക്കാൻ പാടില്ലാത്തതാണ്. ഇത്

എങ്ങനെയുണ്ടാകുന്നു; ഒരു സംഭവമുണ്ടായാൽ പോലീസ് നടപടിയുണ്ടാകണം. യൂണിവേഴ്സിറ്റി കോളേജിൽ ഒരു പെൺകുട്ടിക്കും ആൺകുട്ടിക്കും ഉണ്ടായ സംഭവം, എസ്.എഫ്.ഐ.-ക്കാരാണ് പ്രതികളെന്നുള്ളതുകൊണ്ട് അവരുടെ പേരിൽ ഇതുവരെ ഒരു നടപടിയും പോലീസ് എടുത്തിട്ടില്ല, അവരെ അറസ്റ്റ് ചെയ്തിട്ടില്ല. യൂണിവേഴ്സിറ്റി കോളേജിലെ സദാചാര ഗുണ്ടകളായ എസ്.എഫ്.ഐ.-ക്കാർക്കെതിരെ എന്തുകൊണ്ട് നടപടിയെടുത്തില്ല; അവരെ പോലീസ് എന്തുകൊണ്ട് അറസ്റ്റുചെയ്തില്ല? ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ എസ്.എഫ്.ഐ.-ക്കാരെക്കുറിച്ച് പറഞ്ഞു. മഹാരാജാസ് കോളേജ് പ്രിൻസിപ്പലിന്റെ കസേര കത്തിച്ച, പാലക്കാട് വിക്ടോറിയ കോളേജ് പ്രിൻസിപ്പലിന്റെ ശവസംസ്കാരം പ്രതീകാത്മകമായി നടത്തിയ അതേ ആളുകൾ തന്നെയാണ് യൂണിവേഴ്സിറ്റി കോളേജിൽ സദാചാര ഗുണ്ടായിസം നടത്തുന്നത്. ഇതാണോ ജനാധിപത്യത്തിനും സോഷ്യലിസത്തിനും വേണ്ടി നിൽക്കുന്ന ഒരു സംഘടന; ഇവരെ കേരളത്തിലെ ജനങ്ങൾക്ക് വിശ്വസിക്കാൻ കഴിയുമോ? പാവപ്പെട്ട ഒരു കുട്ടിയുടെ ജീവന് യാതൊരു വിലയുമില്ലാതായി മാറി. കരുനാഗപ്പള്ളിയിലെ അഴീക്കലിൽ സദാചാരഗുണ്ടകളുടെ പെരുമാറ്റംകൊണ്ട് മനംനൊന്ത് ആത്മഹത്യ ചെയ്യേണ്ടിവന്ന അനീഷ് എന്ന ചെറുപ്പക്കാരന്റെ ജീവത്യാഗത്തിന് ഒരു വിലയുമില്ലാതായി മാറിയില്ലേ? വടകര മടപ്പള്ളി കോളേജിലുണ്ടായ സംഭവം, നിലമ്പൂരിൽ മാധ്യമപ്രവർത്തകയെയും സഹോദരനെയും സുഹൃത്തിനേയും സദാചാര ഗുണ്ടകൾ ആക്രമിച്ച സംഭവം, തിരുവനന്തപുരം മ്യൂസിയത്ത് പിങ്ക് പോലീസ് പാവപ്പെട്ട ചെറുപ്പക്കാരെ ആക്രമിച്ച സംഭവം, കൊടുങ്ങല്ലൂരിൽ മധ്യവയസ്കനെ വൈദ്യുതി തൂണിൽ കെട്ടിയിട്ട് അടിച്ച സംഭവം, ഇന്നലെ അതുപോലെ ഗുരുതരമായ സംഭവമുണ്ടായി. ഇപ്പോൾ ഉത്സവം നടക്കുന്ന ഗുരുവായൂർ അമ്പലത്തിലേയ്ക്ക് ചാവക്കാട് നിന്നും പണം കൊടുത്ത് വാങ്ങിക്കൊണ്ടുപോയ പതിനയ്യായിരം ലിറ്റർ വെള്ളം മുഴുവൻ എസ്.ഐ.-യുടെ സാന്നിദ്ധ്യത്തിൽ സദാചാര ഗുണ്ടകൾ തടഞ്ഞുനിർത്തി ഒഴുക്കിവിട്ടു. ഇതുകാരണം ഇന്ന് ഗുരുവായൂർ അമ്പലത്തിൽ നടക്കുന്ന ഉത്സവത്തിന് വളരെയധികം ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. കണ്ടാണശ്ശേരി എസ്.ഐ.-യുടെ സാന്നിദ്ധ്യത്തിലാണ് വെള്ളം മുഴുവൻ ഒഴുക്കിവിട്ടത്. ഗുരുവായൂരിന്റെ പ്രസാദ ഊട്ട് മുടങ്ങാൻ പോകുന്നു. സദാചാരഗുണ്ടകൾ പോലീസിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ ഏറ്റവും ക്രൂരമായ സംഭവമാണ് ഇവിടെയുണ്ടായത്. ഇത് ഒരു രോഗലക്ഷണം മാത്രമല്ല, ഒരു രോഗമാണ്. ജോർജ്ജ് ഓർവെല്ലിന്റെ നോവലിനെപ്പറ്റി ശ്രീ. ഹൈബി ഈഡൻ സംസാരിച്ചപ്പോൾ ബഹുമാന്യനായ മുഖ്യമന്ത്രി ഒരു കാര്യം പറഞ്ഞു, '1984' എന്നതും 'ആനിമൽ ഫാം' എന്നതുമൊക്കെ നമുക്കെല്ലാവർക്കും അറിയാവുന്ന നോവലുകളാണ്. ലക്ഷക്കണക്കിന് ആളുകളെ കൊന്നൊടുക്കിയ സ്റ്റാലിനെയല്ല

നെഹ്റു പ്രകീർത്തിച്ചത്. നെഹ്റു പ്രകീർത്തിച്ചത് ക്രൂഷ്ചേവിനെപ്പോലെയുള്ള മഹാന്മാരെയാണ്. ചരിത്രം അത് നമ്മെ പഠിപ്പിക്കുന്നുണ്ട്. അതുകൊണ്ട് നെഹ്റു എന്നും സോഷ്യലിസ്റ്റ് ചിന്തകൾ ഉയർത്തിപ്പിടിച്ച, മതേതര ചിന്തകൾ ഉയർത്തിപ്പിടിച്ച ഒരു നേതാവ് തന്നെയായിരുന്നു. അതിൽ ആർക്കും സംശയം വേണ്ട. ഇന്ന് കേരളീയ പൊതുസമൂഹം ഇത്രമാത്രം അപമാനിക്കപ്പെടുന്നു വെന്നുള്ളത് ഈ ഗവൺമെന്റ് ഗൗരവത്തോടെ കാണുന്നില്ല. ഒരു സംഭവമുണ്ടായാൽ ആ സംഭവത്തെ ഗവൺമെന്റ് എങ്ങനെ നോക്കിക്കാണുന്നു, അത് എങ്ങനെ നേരിടുന്നുവെന്നതാണ് പ്രശ്നം. പോലീസിന്റെ അനാസ്ഥയും ഗവൺമെന്റിന്റെ കെടുകാര്യസ്ഥതയും കൊണ്ടാണ് ഇത്തരത്തിലുള്ള സംഭവങ്ങൾ വർദ്ധിച്ചു കൊണ്ടിരിക്കുന്നത്. സദാചാര ഗുണ്ടായിസം പെരുകിക്കൊണ്ടിരിക്കുന്നു. കുട്ടികൾക്കും സ്ത്രീകൾക്കും ഇവിടെ സഞ്ചരിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകുന്നു. ഇത് കേരളമാണ്. കേരളത്തിന്റെ ആത്മാഭിമാനത്തെ സ്പർശിക്കുന്നവിധത്തിൽ സാമൂഹ്യവിരുദ്ധരും ഗുണ്ടകളും സദാചാര പോലീസും അഴിഞ്ഞാടുമ്പോൾ മൗനമായിരിക്കുന്ന ഒരു മുഖ്യമന്ത്രിയെയാണ് നമ്മൾ കാണുന്നത്. അദ്ദേഹത്തിന്റെ പ്രസംഗം ഞാൻ കേട്ടു. സാരോപദേശം കൊണ്ടൊന്നും കാര്യമില്ല. ശക്തമായ നടപടി സ്വീകരിക്കേണ്ട കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് ഇത്തരം സംഭവങ്ങൾ ഓരോ ദിവസവും ആവർത്തിക്കുന്നത്. ഞാൻ ഗുരുവായൂരിലെ കാര്യം പറഞ്ഞു. അത് മുഖ്യമന്ത്രി പരിശോധിക്കണം. ഒരു എസ്.ഐ.-യുടെ സാന്നിദ്ധ്യത്തിലാണ് ഈ സംഭവമുണ്ടായത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, സാധാരണഗതിയിൽ ഇവിടെ പറഞ്ഞ സംഘടനകൾക്ക് അത്തരത്തിൽ ഇടപെടാൻ കഴിയുന്ന ഒരു സ്ഥലമല്ല ഗുരുവായൂർ. എന്താണ് സംഭവിച്ചതെന്ന് ഗൗരവമായി പരിശോധിക്കാം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉത്തരവാദിത്വബോധത്തോടെയാണ് ഇക്കാര്യം ഉന്നയിച്ചത്. എന്റെ കയ്യിൽ ആ വിവരമില്ല. അദ്ദേഹം ഉന്നയിച്ചത് ശരിയായിരിക്കാനാണ് സാദ്ധ്യത. ശരിയല്ലാത്ത കാര്യം അദ്ദേഹം പറയുകയില്ല. അങ്ങനെയാണെങ്കിൽ കർക്കശമായ നടപടി അക്കാര്യത്തിലുണ്ടാകും. അവിടെ ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും ഒരുക്കും. എന്താണ് അവിടെ സംഭവിച്ചതെന്ന് പരിശോധിക്കാം.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഗുരുവായൂരിൽ ഉത്സവം നടക്കുന്ന സമയമാണ്, ഇന്ന് പ്രസാദ ഊട്ടാണ്. ക്ഷേത്രത്തിലേയ്ക്ക് ആവശ്യമുള്ള 15000 ലിറ്റർ വെള്ളം ഗുരുവായൂർ ഭരണസമിതി ആവശ്യപ്പെട്ടതനുസരിച്ച് ചാവക്കാടുനിന്ന് വിലകൊടുത്തു വാങ്ങിക്കൊണ്ടുവരികയായിരുന്നു. അപ്പോഴാണ് സദാചാരഗുണ്ടകളായ ഒരുക്കൂട്ടം ആളുകൾ തടഞ്ഞത്.

<u>മി. സ്പീക്കർ</u>: ചാവക്കാട്ടുള്ള വെള്ളം വേണ്ടെന്നാണോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അമ്പലത്തിലേയ്ക്ക് ആവശ്യമായ വെള്ളമാണ്. കണ്ടാണശ്ശേരി എസ്.ഐ. അത് നോക്കിനിന്നു. അദ്ദേഹത്തിന്റെ മൗനാനുവാദത്തോടെയാണ് ഈ സംഭവം അവിടെയുണ്ടായത്. ബഹുമാന്യനായ മുഖ്യമന്ത്രി അത് അന്വേഷിക്കാമെന്ന് പറഞ്ഞത് നന്നായി.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, കണ്ടാണശ്ശേരിയിൽനിന്നും വെള്ളം എടുക്കുന്നതുമായി ബന്ധപ്പെട്ട് തർക്കമുണ്ടായിരുന്നു. ഞാൻ കളക്ടറുമായി സംസാരിച്ച് വെള്ളം കൊണ്ടുവരുന്നതിനുള്ള തടസ്സം നീക്കിയതാണ്. അന്ന് യഥാർത്ഥത്തിൽ വെള്ളം കൊണ്ടുവരുന്നതിന് എതിരുനിന്നത് അങ്ങയുടെ പാർട്ടിയിൽപ്പെട്ട രണ്ട് കൗൺസിലർമാരായിരുന്നുവെന്നകാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ..............(ബഹളം)...................

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട ഗുരുവായൂർ മെമ്പർ ഇതിനെ രാഷ്ട്രീയവൽക്കരിച്ചത് തികച്ചും പ്രതിഷേധാർഹമായ കാര്യമാണ്, തെറ്റായ കാര്യമാണ്. മുഖ്യമന്ത്രി അത് അന്വേഷിക്കാമെന്ന് പറഞ്ഞു. XXXXXX* മുഖ്യമന്ത്രി അന്വേഷിക്കാമെന്ന് പറഞ്ഞല്ലോ...(ബഹളം)........

<u>മി. സ്പീക്കർ</u>: ആ പ്രസ്താവന വേണ്ടിയിരുന്നില്ല. XXXXX* ആ ഭാഗം സഭാരേഖകളിൽ ഉണ്ടാകില്ല. ..............(ബഹളം)...................

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, ഗുരുവായൂർ ദേവസ്വം ബോർഡ് ചെയർമാൻ എന്നെ വിളിച്ച് പറഞ്ഞതനുസരിച്ചാണ് ഞാൻ ഇക്കാര്യം ഇവിടെ ഉന്നയിച്ചത്. ഞാൻ വളരെ ഉത്തരവാദിത്വത്തോടുകൂടി ഉന്നയിച്ച ഒരു കാര്യമാണ്. ഞാൻ ഇതിനകത്ത് രാഷ്ട്രീയം പറഞ്ഞതല്ല. ഞാൻ എന്ത് രാഷ്ട്രീയമാണ് പഞ്ഞത്? ശ്രീ. കെ. വി. അബ്ദുൾ ഖാദർ രാഷ്ട്രീയം പറഞ്ഞു. ഞാൻ രാഷ്ട്രീയം പറഞ്ഞില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം അന്വേഷിക്കാമെന്ന് പറഞ്ഞു. അങ്ങയെ ഇന്നലെ രാത്രി അറിയിച്ചതല്ലേ; ദേവസ്വം വകുപ്പുമന്ത്രിയെ അറിയിച്ചതല്ലേ? ഞാൻ വഴങ്ങുന്നില്ല, ....(ബഹളം)..... ഞാൻ മുഖ്യമന്ത്രി പറഞ്ഞതിനെ മുഖവിലയ്ക്കെടുക്കുന്നു; ഇക്കാര്യം മുഖ്യമന്ത്രി അന്വേഷിക്കാമെന്ന് പറഞ്ഞതിനെ സ്വാഗതം ചെയ്യുന്നു. 15000 ലിറ്റർ വെള്ളം ഒരു എസ്.ഐ.-യുടെ നേതൃത്വത്തിൽ ടാങ്കിൽനിന്ന് തുറന്നുവിടുക എന്നുപറഞ്ഞാൽ ശ്രദ്ധ അനാവശ്യമല്ലേ; ഒരു തുള്ളി വെള്ളത്തിനുവേണ്ടി കേഴുന്ന കേരളത്തിൽ 15000 ലിറ്റർ വെള്ളം തുറന്നുവിടുക എന്നുപറയുന്നത് മര്യാദയാണോ; ഇത് എന്ത് ന്യായമാണ്? മറൈൻ ഡ്രൈവിൽ ഇന്നലെയുണ്ടായ സംഭവം ഒരിക്കലും ന്യായീകരിക്കാൻ കഴിയാത്തതാണ്. കേരളത്തിലെ സാമൂഹിക ജീവിതത്തിനും സാംസ്കാരിക പാരമ്പര്യത്തിനും എതിരെയുള്ള ശക്തമായ കടന്നാക്രമണമായിട്ടാണ് എനിക്ക് ഇതിനെ കാണാൻ കഴിയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങയുടെ പ്രസംഗം വളരെ നന്നായിട്ടുണ്ട്; പക്ഷേ അങ്ങയുടെ പ്രവൃത്തി ഒട്ടും ശരിയല്ല,

* സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു

എന്നാണ് എനിക്ക് പറയാനുള്ളത്. പ്രസംഗംകൊണ്ട് കാര്യമില്ല, ശക്തമായ നടപടിയുണ്ടാകണം. മംഗലാപുരത്ത് നമ്മൾ കണ്ടു, ശ്രീരാമസേന, ബജ്റംഗ്ദൾ ഉൾപ്പെടെയുള്ള സേനകൾ നമ്മുടെ സാംസ്കാരിക പൈതൃകത്തിന് നേരെയും സാംസ്കാരികമായ നമ്മുടെ ഉയർന്ന ചിന്തകൾക്കുനേരെയും വെല്ലുവിളി ഉയർത്തുമ്പോൾ അതിനെ കണ്ടില്ലെന്ന് നടിക്കാൻ നമുക്ക് സാദ്ധ്യമല്ല. ഗവൺമെന്റ് ഇക്കാര്യത്തിലൊക്കെ പരാജയപ്പെടുകയാണ്. ഗവൺമെന്റ് നടപടി സ്വീകരിക്കുന്നില്ല. മാത്രമല്ല, ശക്തമായ നടപടി എടുത്തില്ലെങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കും. അതുകൊണ്ട് ഗവൺമെന്റിന്റെ ഈ നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണ്. രണ്ട് പോലീസ് ഉദ്യോഗസ്ഥരെ ട്രാൻസ്ഫർ ചെയ്തതുകൊണ്ടോ സസ്പെൻഡ് ചെയ്തതുകൊണ്ടോ ഇതവസാനിക്കില്ല. ശക്തമായ സർക്കാർ നടപടിയിലൂടെ മാത്രമേ സദാചാര പോലീസിനെ നിയന്ത്രിക്കാൻ കഴിയുകയുള്ളൂ. അക്കാര്യത്തിൽ ഈ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. അതിൽ ശക്തമായ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ബഹുമാനപ്പെട്ട യു.ഡി.എഫ്. അംഗങ്ങൾ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്നലെ രാത്രി ഈ സംഭവം എന്നെ അറിയിച്ചില്ലേ എന്ന് ചോദിക്കുകയുണ്ടായി. ദേവസ്വം വകുപ്പുമന്ത്രി എന്ന നിലയിൽ ഗുരുവായൂർ ദേവസ്വത്തിന്റെ ചെയർമാൻ ...(ബഹളം)...ഞാൻ പറയുന്നത് ഒന്ന് കേൾക്കു...ഒരു സെക്കന്റ് കേൾക്കാനുള്ള........ ...(ബഹളം)...

മി. സ്പീക്കർ: അങ്ങ് പറഞ്ഞോളൂ.....

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇന്നലെ രാത്രി എന്നോട് സംസാരിച്ചില്ല. ഇന്ന് രാവിലെ ബഹുമാനപ്പെട്ട പീതാംബരക്കുറുപ്പ് എന്നെ വിളിച്ച് ഇന്നലെ രാത്രിയുണ്ടായ സംഭവത്തെ സംബന്ധിച്ച് പറഞ്ഞു. നിശ്ചയമായും അക്കാര്യം അന്വേഷിക്കാം; ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് ബഹുമാനപ്പെട്ട ദേവസ്വം ബോർഡ് പ്രസിഡന്റിനോട് ഞാൻ പറയുകയും ചെയ്തതായിരുന്നു. ഇന്നലെ രാത്രിയല്ല, ഇന്ന് രാവിലെ ഞാൻ വരുന്നതിന് തൊട്ടുമുമ്പാണ് അദ്ദേഹം എന്നെ വിളിച്ച് സംസാരിച്ചത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഗുരുവായൂർ അമ്പലത്തിലേയ്ക്കും അവിടെയുള്ള ഹോട്ടലുകളിലേയ്ക്കും റസ്റ്റോറന്റുകളിലേയ്ക്കും വെള്ളം കൊണ്ടു വരുന്നത് തൈക്കാട് പ്രദേശത്തുനിന്നാണ്. ദേവസ്വം ബോർഡിന്റെ കീഴിലുള്ള ചാവക്കാട് മണത്തലയിൽനിന്നും വെള്ളം നിർബാധം കൊണ്ടു വരുന്നുണ്ട്. തൈക്കാട്

ഭാഗത്തുനിന്നും വെള്ളം കൊണ്ടുവരുന്നതിനെതിരായി അവിടത്തെ രണ്ട് കൗൺസിലർമാരുടെ നേതൃത്വത്തിൽ പ്രതിഷേധമുണ്ടായി. കോൺഗ്രസ്സിന്റെ നേതാവായ ശ്രീ. ജോയ് ചെറിയാൻ കൗൺസിലറാണ്. ശ്രീ. റഷീദ് അവിടത്തെ ലീഗ് കൗൺസിലറാണ്. ഈ രണ്ട് കൗൺസിലർമാരുടെ നേതൃത്വത്തിൽ തടഞ്ഞതിനെത്തുടർന്ന് വെള്ളം കൊണ്ടുവരാൻ കഴിഞ്ഞില്ല. ഇക്കഴിഞ്ഞ 7-ാം തീയതി അവിടത്തെ റസ്റ്റോറന്റ് ഉടമകളും ഹോട്ടലുടമകളും ഹോട്ടലുകളും റസ്റ്റോറന്റുകളും തുറക്കില്ലെന്ന് പ്രഖ്യാപിച്ചു. ഈ വിവരം അവർ എന്നെ അറിയിച്ചു. അതേത്തുടർന്ന് ഞാൻ തൃശ്ശൂർ ജില്ലാ കളക്ടറുമായും നഗരസഭാ അധികൃതരുമായും ബന്ധപ്പെട്ടു. ഇങ്ങനെ വെള്ളം കൊടുക്കാതിരിക്കുന്നത് ശരിയല്ലെന്ന് ഞാൻ പറഞ്ഞു. കാരണം വർഷങ്ങളായി വെള്ളം കൊടുത്തുകൊണ്ടിരിക്കുന്നതാണ്, അത് തടയാൻ കഴിയില്ല. ഇതിനനുസരിച്ച് ഒരുത്തരവുണ്ടാകണമെന്ന് കളക്ടറോട് ഞാൻ പറഞ്ഞു. അദ്ദേഹം 6-ാം തീയതി തന്നെ ഈ വിഷയം സംബന്ധിച്ച് ഒരുത്തരവ് തയ്യാറാക്കി. ആ ഉത്തരവിൽ ഒരു കാരണവശാലും ഗുരുവായൂരിലേയ്ക്കുള്ള വെള്ളം തടയാൻ പാടില്ലെന്ന കാര്യം പ്രഖ്യാപിച്ചു. അതിനുവേണ്ടി മുൻകൈ എടുത്തയാളാണ് ഞാൻ. ******* ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ചത് തെറ്റായ കാര്യമാണ്. ഈ നിയമസഭയിൽ ഒരു പ്രതിപക്ഷനേതാവ് ഉപയോഗിക്കാൻ പാടില്ലാത്ത പ്രയോഗമാണ് അദ്ദേഹം പറഞ്ഞത്. ഞാൻ കഴിഞ്ഞ മൂന്ന് ടേമിൽ ഗുരുവായൂരിൽ ജയിച്ചത് ആ നാട്ടിലെ മുഴുവൻ ജനങ്ങളുടെയും വോട്ടുവാങ്ങിക്കൊണ്ടാണ്; അദ്ദേഹത്തെപ്പോലുള്ള ഒരാൾ ഒരിക്കലും ഇത് പറയാൻ പാടില്ലായിരുന്നു. ഇതാണ് എനിക്ക് പറയാനുള്ളത്.

<u>മി. സ്പീക്കർ</u>: ***** എന്ന് ചോദിച്ചത് സഭാരേഖകളിൽ ഉണ്ടാകില്ല.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, അത് നന്നായി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഭാഗത്തുനിന്ന് ഉണ്ടാകാൻ പാടില്ലാത്ത ഒരു നിലപാട് തന്നെയാണുണ്ടായത്. അത് നീക്കം ചെയ്യാൻ തീരുമാനിച്ചത് വളരെ ഉചിതമായി. ഇതെല്ലാം കാണുമ്പോൾ എനിക്ക് തോന്നുന്നത് ശിവസേനക്കാരെ വാടകയ്ക്ക് എടുത്തതാണോ എന്നാണ്. ഇതിന്റെ പിന്നിൽ അത്യന്തം ഹീനമായ ഉദ്ദേശ്യങ്ങൾ ഉണ്ടായിരുന്നോയെന്ന് ഞാൻ സംശയിക്കുകയാണ്. ഇന്ന് ഇവിടെ എല്ലാവരും വന്നിരിക്കുകയാണല്ലോ; ഇരിക്കുന്നത് വെറുതയല്ല, ഇന്നലത്തെ നാടകത്തിന് പിന്നിൽ......(ബഹളം).......ഇന്നലത്തെ നാടകത്തിന് പിന്നിൽ ഇവരുടെ കൈകൾ ഇല്ലേയെന്ന് സംശയിക്കേണ്ടതായിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടാണ് ഇവിടെ വന്നിരിക്കുന്നത്. വാടകയ്ക്ക് എടുത്തതിന്റെ ഭാഗമായിട്ടാണോ ഇതെന്ന് സംശയിക്കേണ്ടതുണ്ട്. അതാണിവിടെ കാണുന്നത്..............(ബഹളം).....

(മുഖ്യമന്ത്രിയുടെ വിവാദ പരാമർശത്തിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തി കൊണ്ടിരുന്നു.)

---

* സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്...............(ബഹളം)..... ശ്രീ. ഷാഫി പറമ്പിൽ, പ്ലീസ്...പ്ലീസ്....സീറ്റിലേയ്ക്ക് പോകൂ....സീറ്റിലേയ്ക്ക് പോകൂ......പ്ലീസ്....പ്ലീസ്.... ശ്രീ. എ. എൻ. ഷംസീർ................ഇത് നിയമസഭയാണെന്ന് മറക്കേണ്ട, നിങ്ങൾ സീറ്റിലേയ്ക്ക് പോകൂ......എന്താണ് നിങ്ങളുടെ ആവശ്യം; ചെയർ എഴുന്നേറ്റ് നിന്നാൽ സീറ്റിലിരിക്കണമെന്ന മര്യാദയുണ്ട്... അറിയാമോ.... പ്ലീസ്...പ്ലീസ് ....സീറ്റിലേയ്ക്ക് പോകൂ...സീറ്റിലേയ്ക്ക് പോകൂ.... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് സംസാരിക്കണമെങ്കിൽ നിങ്ങൾ സീറ്റിലേയ്ക്ക് പോകൂ....(ബഹളം).....അങ്ങ് സംസാരിക്കണം....സീറ്റിലേയ്ക്ക് പോകൂ....നിങ്ങൾ സീറ്റിൽ പോയിരിക്കൂ.... ദയവായി സീറ്റിൽ പോയിരിക്കൂ..... ദയവായി സീറ്റിൽ പോയിരിക്കൂ....... ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കട്ടെ.... അതുവേണ്ട... അത് ശരിയല്ല. ...... (ബഹളം)....... സഭാനടപടികൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 10.26-ന് നിർത്തിവച്ച സഭ രാവിലെ 11.35-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ പുനരാരംഭിച്ചു.)

മി. സ്പീക്കർ: അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് വാക്കൗട്ട് പ്രസംഗം നടത്തുന്നതുമായി ബന്ധപ്പെട്ട് സഭയിൽ തികച്ചും നിർഭാഗ്യകരമായ സംഭവങ്ങളാണ് നടന്നത്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തങ്ങളുടെ നിലപാടുകൾ വിശദീകരിക്കുകയുണ്ടായി. സഭാനടപടികൾ ശരിയായ രീതിയിൽ നടന്നുപോകണമെന്ന കാര്യത്തിനാണ് ചെയർ എപ്പോഴും പ്രാമുഖ്യം നൽകുന്നത്. ബഹുമാനപ്പെട്ട അംഗങ്ങൾ തങ്ങളുടെ പ്രസംഗങ്ങളിലും പ്രവർത്തനങ്ങളിലും അങ്ങേയറ്റം സംയമനം പാലിക്കേണ്ടതുണ്ടെന്ന് ചെയർ പലപ്പോഴും ഓർമ്മപ്പെടുത്താറുണ്ട്. ഇക്കാര്യത്തിൽ എന്തെങ്കിലും വ്യതിയാനങ്ങളുണ്ടാകുന്ന സന്ദർഭങ്ങളിലാണ് ചെയറിന് ഇടപെടേണ്ടിവരുന്നത്. അല്ലാതെ ചെയർ ഒരിക്കലും പക്ഷപാതം കാണിക്കാറില്ല. നമ്മുടെ പെരുമാറ്റച്ചട്ടം അനുശാസിക്കും പ്രകാരം ഏതെങ്കിലും സാഹചര്യത്തിൽ സഭയിൽ ചെയർ എഴുന്നേറ്റാൽ ഉടൻതന്നെ അംഗങ്ങൾ തങ്ങളുടെ സീറ്റിൽ ഉപവിഷ്ടരാകേണ്ടതാണ്. ഇക്കാര്യവും ഇന്ന് പൂർണ്ണമായി ലംഘിക്കപ്പെട്ടു. സഭയിലെ പുതിയ അംഗങ്ങൾക്ക് ഇക്കാര്യത്തിൽ ധാരണക്കുറവുണ്ടാകാം. സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ എല്ലാവരും സഹകരിക്കാത്ത സാഹചര്യം വന്നാൽ നിയമസഭയുടെ അന്തസ്സ് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുമെന്ന് എല്ലാവരും ഓർമ്മിക്കേണ്ടതാണ്. അത്യന്തം നിർഭാഗ്യകരമായ ഇത്തരം സാഹചര്യങ്ങൾ നിയമസഭാ നടപടിക്രമങ്ങളിൽനിന്നും ഒഴിവാക്കാനാവശ്യമായ ഉത്തരവാദിത്വവും ധാർമ്മികതയും അംഗങ്ങൾ പാലിക്കണമെന്ന് ചെയർ അഭ്യർത്ഥിക്കുകയാണ്. സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ എല്ലാവരും സഹകരിക്കണമെന്ന് ചെയർ വീണ്ടും അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): വാക്കൗട്ട് പ്രസംഗം നടത്തുന്ന സന്ദർഭത്തിൽ ഞാൻ മറൈൻ ഡ്രൈവിൽ നടന്ന സംഭവങ്ങൾ വിശദീകരിക്കുകയാണുണ്ടായത്. ഗുരുവായൂർ ക്ഷേത്രത്തിലെ ഉത്സവവുമായി ബന്ധപ്പെട്ട് അവിടെ വെള്ളം കിട്ടുന്നില്ലെന്നും അത് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയെ രാവിലെ അറിയിച്ചിട്ടുണ്ടെന്നും അവിടേയ്ക്ക് കൊണ്ടുവന്ന 15000 ലിറ്റർ വെള്ളം എസ്.ഐ.-യുടെ സാന്നിദ്ധ്യത്തിൽ ഒഴുക്കിവിട്ടുവെന്നുമുള്ള ഗുരുതരമായ പ്രശ്നം സഭയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തണമെന്ന് ഗുരുവായൂർ ദേവസ്വം ബോർഡ് ചെയർമാൻ ശ്രീ. എൻ. പീതാംബരക്കുറുപ്പ് ഇന്ന് രാവിലെ പറയുകയുണ്ടായി. അതുകൊണ്ടാണ് ഗുണ്ടാ അക്രമങ്ങളുടെ ഭാഗമായി ഞാൻ ഇത് പറഞ്ഞത്. എനിക്ക് വളരെ ഇഷ്ടമുള്ള ഒരു മെമ്പറാണ് ശ്രീ. കെ. വി. അബ്ദുൾ ഖാദർ. ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ എല്ലാ പരിപാടിയിലും പങ്കെടുത്തിട്ടുണ്ട്. എന്റെ പ്രസംഗത്തിനിടയിൽ ഞാൻ അദ്ദേഹത്തിന് വഴങ്ങിക്കൊടുക്കുകയായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിൽ രണ്ട് കോൺഗ്രസ് കൗൺസിലർമാർക്കെതിരെ രാഷ്ട്രീയമായ അഭിപ്രായം പ്രകടിപ്പിച്ചപ്പോൾ ഞാൻ അതിനെതിരായി പ്രതികരിക്കുക മാത്രമാണ് ചെയ്തത്. ശ്രീ. കെ. വി. അബ്ദുൾ ഖാദറിന് ഗുരുവായൂർ അമ്പലത്തിൽ എന്താ കാര്യമെന്ന് ഞാൻ ചോദിച്ചതായി ഒരു പ്രചരണം ഇവിടെ നടക്കുന്നുണ്ട്. അതൊക്കെ തെറ്റായ കാര്യമാണ്. വെള്ളം ഒഴുക്കിവിടുന്നതിനെ എന്തിനാണ് അങ്ങ് ന്യായീകരിക്കുന്നതെന്നാണ് ഞാൻ ചോദിച്ചത്. രേഖ പരിശോധിച്ചാൽ അറിയാം. മാത്രമല്ല, അങ്ങ് അത് സഭാരേഖയിൽനിന്ന് നീക്കം ചെയ്തതിനോട് എനിക്ക് അഭിപ്രായ വ്യത്യാസമുണ്ട്. അത് സഭാരേഖയിൽ കിടക്കുന്നതു തന്നെയാണ് നല്ലത്. കാരണം, ഞാൻ അങ്ങനെ ചോദിച്ചിട്ടില്ലല്ലോ; അങ്ങ് അത് പരിശോധിച്ച് ചെയ്യേണ്ടതായിരുന്നു. അത് പോകട്ടെ, അതങ്ങയുടെ ഡിസ്ക്രീഷനാണ്. സാധാരണഗതിയിൽ ഞങ്ങൾ വാക്കൗട്ട് പ്രസംഗം നടത്തുമ്പോൾ മുഖ്യമന്ത്രി എഴുന്നേൽക്കാറില്ല. മുഖ്യമന്ത്രി ഈ സഭയുടെ നാഥനാണ്. സഭ നടത്തിക്കൊണ്ടുപോകേണ്ടതിന്റെ ഉത്തരവാദിത്വം ഏറ്റവും കൂടുതലുള്ളത് ബഹുമാനപ്പെട്ട സ്പീക്കർക്കും മുഖ്യമന്ത്രിക്കുമാണ്. ആ സമയത്ത് ബഹുമാന്യനായ മുഖ്യമന്ത്രി എഴുന്നേറ്റുനിന്ന് ശിവസേനക്കാരെ വാടകയ്ക്കെടുത്ത് കൊണ്ടുവന്നത് ഞങ്ങളാണെന്നുള്ള പരാമർശം നടത്തിയത് അത്യന്തം ഖേദകരമായിപ്പോയി. ഒരിക്കലും പാടില്ലാത്തതാണ്. തന്നെയുമല്ല, മുഖ്യമന്ത്രി ഒരിക്കലും വെല്ലിൽ ഇറങ്ങാൻ പാടില്ലാത്ത ഒരാളാണ്. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ എത്രയോ തവണ എന്തെല്ലാം പ്രകോപനങ്ങൾ ഉണ്ടായിട്ടുണ്ട്. സഭ നടക്കുമ്പോഴോ അല്ലാത്തപ്പഴോ ഒരിക്കലും മുഖ്യമന്ത്രി വെല്ലിൽ ഇറങ്ങുന്നത് ശരിയായ നടപടിയല്ല. അതുകൊണ്ട്, ഞങ്ങൾ വാടകയ്ക്കെടുത്ത് കൊണ്ടുവന്നവരാണ് ശിവസേനക്കാർ എന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രയോഗം പിൻവലിക്കണമെന്ന്

ബഹുമാനപ്പെട്ട ചെയറിലൂടെ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. അതൊരിക്കലും ശരിയായ നടപടിയല്ല. ഞങ്ങളുടെ ഇന്റഗ്രിറ്റിയെ ചോദ്യം ചെയ്യുന്ന തരത്തിൽ ബഹുമാന്യനായ മുഖ്യമന്ത്രി പരാമർശം നടത്തിയത് വളരെ ദൗർഭാഗ്യകരമാണ്. ബഹുമാനപ്പെട്ട സഭാനേതാവ് കൂടിയായ മുഖ്യമന്ത്രി അത് പിൻവലിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>) : സർ, ഗുരുവായൂരിലെ വെള്ളത്തിന്റെ കാര്യമാണ് ഇവിടെ ഒരു പ്രശ്നമായി നിൽക്കുന്നത്. അതുകൂടി ഇതിന്റെ കൂട്ടത്തിൽ പറയേണ്ടതുണ്ടെന്നാണ് തോന്നുന്നത്. തൃശ്ശൂർ ചൊവ്വല്ലൂർപ്പടിയിൽ കുട്ടൻ എന്നയാളിന്റെ സ്ഥലത്ത് പത്തോളം കുഴൽക്കിണറുകളിൽനിന്നും വ്യാവസായികാടിസ്ഥാനത്തിലും മറ്റും കുടിവെള്ളം ലോറികളിൽ കയറ്റി പോകുന്നതിൽ നാട്ടുകാർക്ക് എതിർപ്പുണ്ടായിരുന്നു. ഗുരുവായൂർ നഗരസഭയിൽ ഇതുമായി ബന്ധപ്പെട്ട് ചർച്ച നടത്തി, രാവിലെ ആറുമണിമുതൽ വൈകിട്ട് ആറുമണിവരെയുള്ള സമയത്ത് 2000 ലിറ്ററിന്റെ ചെറിയ ടാങ്കറുകളിൽ വെള്ളമെടുക്കാമെന്ന് നാട്ടുകാർ സമ്മതിച്ചിട്ടുള്ളതാണ്. 8-3-2017-ന് രാത്രി 9 മണിയോടെ ഗുരുവായൂർ ദേവസ്വം ഏർപ്പാട് ചെയ്ത കരാറുകാർ പതിനായിരം ലിറ്ററിന് മുകളിലുള്ള വലിയ ടാങ്കറുകളിൽ വെള്ളമെടുക്കാനെത്തി. കുറച്ചുഭാഗം വെള്ളം നിറച്ചപ്പോൾ കോൺഗ്രസ്സ്, ലീഗ് കൗൺസിലർമാരുടെ നേതൃത്വത്തിൽ 400-ഓളം നാട്ടുകാർ ചേർന്ന് തടഞ്ഞു. വിവരമറിഞ്ഞ് പോലീസെത്തി നാട്ടുകാരുമായി സംസാരിച്ചപ്പോൾ വെള്ളം കയറ്റാൻ സമ്മതിക്കില്ലെന്നും നിറച്ച വെള്ളം ഒഴുക്കിക്കളഞ്ഞാൽ മാത്രമെ വാഹനം വിടുകയുള്ളൂവെന്നും ശഠിച്ചു. തുടർന്ന് വന്നവർതന്നെ വെള്ളമൊഴുക്കിയ ശേഷം വാഹനം കൊണ്ടുപോയി. ഗുരുവായൂർ അമ്പലത്തിലെ ആവശ്യത്തിന് കണ്ടാണശ്ശേരിയിലുള്ള അമ്പലംവക കിണറിൽനിന്നാണ് സ്ഥിരമായി വെള്ളമെടുക്കുന്നത്. ആ നിലയ്ക്ക് വലിയ ടാങ്കറുമായി ചൊവ്വല്ലൂർപ്പടിയിൽ വെള്ളമെടുക്കാനെത്തിയത് നാട്ടുകാരിൽ സംശയം ജനിപ്പിച്ച സാഹചര്യത്തിലാണ് അവർ വാഹനം തടഞ്ഞത്. പിന്നീട് ചെറിയ ടാങ്കറുകളിൽ വെള്ളം കൊണ്ടുപോകാൻ ജില്ലാകളക്ടറുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ നാട്ടുകാർ അനുവദിച്ചുവെങ്കിലും ഗുരുവായൂർ ദേവസ്വം അതിന് തയ്യാറായില്ല. നാട്ടുകാരുടെ കിണറുകളിലെ വെള്ളത്തിന്റെ അളവ് കുറഞ്ഞുകൊണ്ടിരുന്നതിനാലാണ് വാഹനം തടഞ്ഞത്. ഇതാണ് അതുമായി ബന്ധപ്പെട്ട വിവരം.

ഇവിടെ അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട ചർച്ചയിൽ ഞാൻ നിലപാട് വ്യക്തമാക്കിയതാണ്. ശിവസേനയാണ് ഈ പ്രകടനം നടത്തിയത്. അക്കാര്യത്തിൽ വീഴ്ച കാണിച്ച എസ്.ഐ.-യെ അന്വേഷണ വിധേയമായി

സസ്പെൻഡ് ചെയ്യുകയും അതോടൊപ്പമുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥരെയാകെ നടപടിയുടെ ഭാഗമായി അവിടെനിന്ന് മാറ്റുകയും ചെയ്തു. അതോടൊപ്പം ഇത്തരം പ്രവൃത്തികൾ ആവർത്തിക്കുന്നവർക്കെതിരെ ഗുണ്ടാനിയമം അനുസരിച്ച് നടപടിയെടുക്കുന്നതാണെന്നും പറഞ്ഞു. ശിവസേനയുടെ കാര്യത്തിൽ സാധാരണ ഗതിയിൽ എൽ.ഡി.എഫ്. ആയാലും യു.ഡി.എഫ്. ആയാലും ഒരേ നിലപാട് സ്വീകരിക്കുന്നതാണ്. ഇതേവരെയുള്ള അവസ്ഥ അങ്ങനെയാണ്. പക്ഷേ ഇവിടെ കണ്ടത് പതിവിൽനിന്നും വ്യത്യസ്തമാണ്. സഭാനടപടികളാകെ സ്തംഭിപ്പിക്കുന്ന തരത്തിൽ യു.ഡി.എഫ്.ലെ എം.എൽ.എ.-മാർ സഭയുടെ വെല്ലിലിറങ്ങി മുദ്രാവാക്യം വിളിക്കുന്ന കാഴ്ചയാണ് കണ്ടത്.അതിനിടയ്ക്കാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ വിവാദ പരാമർശത്തെക്കുറിച്ചുള്ള ബഹളം വന്നത്. ആ ബഹളം വലിയ തോതിൽ ഉയരുമ്പോൾ അങ്ങ് ആ പരാമർശം രേഖയിലുണ്ടാകില്ലെന്ന് പറഞ്ഞു. അത് വളരെ ഉചിതമായ ഒരു നടപടിയായിരുന്നു. ആ ബഹളം തുടരുമ്പോൾ, ബഹളത്തിന്റെ അടിസ്ഥാനമെന്താണെന്നാണ് ഞാൻ ചോദിച്ചത്. അതായത് സാധാരണഗതിയിൽ എല്ലാപേർക്കും സ്വീകാര്യമായ ഒരു നിലപാടാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. അത്തരമൊരു ഘട്ടത്തിൽ സഭാനടപടികളാകെ സ്തംഭിപ്പിക്കുന്ന തരത്തിലുള്ള ഇടപെടൽ തീർത്തും അനൗചിത്യമായിട്ടേ കാണാൻ കഴിയൂ. അതിന്റെ ഭാഗമായാണ് വെല്ലിലിരിക്കുന്നവരെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഇവർ ഇങ്ങനെ ഇരിക്കുന്നത് കാണുമ്പോൾ ഇവർ വാടകയ്ക്കെടുത്തതാണോ ഈ ശിവസേനക്കാരെയെന്ന് സ്വാഭാവികമായും സംശയം തോന്നില്ലേ എന്ന മട്ടിലോ മറ്റോ ഉള്ള പരാമർശം വന്നത്. അപ്പോൾ ഇവിടെ എന്താണ് കണ്ടത്? ഒരു സംസാരത്തിൽ ചിലപ്പോൾ എതിർപ്പുകളും പ്രതിഷേധങ്ങളുമെല്ലാം ഉണ്ടാകാം. ഇങ്ങേയറ്റത്ത് വന്നുനിന്നാണ് ഒരംഗം എന്റെ നേരെ വലിയ തോതിൽ ആക്രോശിക്കുന്നത് കണ്ടത്. എന്തെല്ലാം ആക്രോശങ്ങൾ കണ്ടതാണ് ഞങ്ങളൊക്കെ. ആ വന്നയാൾ അത് മനസ്സിലാക്കേണ്ടേ? എന്താണ് അയാൾ ഉദ്ദേശിച്ചത്? ഈ സഭയിൽ മുമ്പ് പല കാര്യങ്ങളും നടന്നിട്ടുണ്ടല്ലോ. ഈ സഭയിൽ ധാരാളം പ്രതിഷേധങ്ങൾ നടന്നിട്ടുണ്ടല്ലോ. ആ പ്രതിഷേധങ്ങൾ നടന്ന ഏതെങ്കിലുമൊരു ഘട്ടത്തിൽ ഈ സീറ്റിലിരിക്കുന്ന ഒരാളുടെ നേരെ അന്നത്തെ പ്രതിപക്ഷം ഏതെങ്കിലും തരത്തിലുള്ള ഒരു നടപടിയിലേയ്ക്ക് പോയിട്ടുണ്ടോ?.....ബഹളം.. എന്തൊരു ആക്രോശമായിരുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, അന്ന് കസേര ഇളക്കിമാറ്റിയതോ?

ശ്രീ. പിണറായി വിജയൻ : സർ, പ്രതിഷേധങ്ങൾ പല രൂപത്തിലുണ്ടാകും. ഞാൻ ചോദിക്കുന്നത് ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോയെന്നാണ്. .....ബഹളം..

മി. സ്പീക്കർ : ദയവായി അദ്ദേഹത്തെ സംസാരിക്കാൻ അനുവദിക്കു പ്ലീസ്...

ശ്രീ. പിണറായി വിജയൻ: സർ, അതോടൊപ്പം ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറഞ്ഞു, ഞാൻ വെല്ലിലിറങ്ങിയെന്ന്. ഞാൻ ഏത് ഘട്ടത്തിലാണ് വെല്ലിലിറങ്ങിയത്? ഇവിടെ സംഭവിച്ചത്, അങ്ങ് സഭ നിർത്തിവച്ച് പോയപ്പോൾ ഇവിടെ എല്ലാപേരും കൂടിനിൽക്കുകയായിരുന്നു. എന്റെ സുഹൃത്തുക്കളായ പലരും ആ കൂട്ടത്തിലുണ്ടായിരുന്നില്ലേ? അവരോടുകൂടി ഞാൻ പറയുകയാണ്. സഭ നിർത്തിവച്ച് ബഹുമാനപ്പെട്ട സ്പീക്കർ പോയിക്കഴിഞ്ഞു. സഭ നിർത്തിവച്ചാൽ പിന്നെ നമ്മളെല്ലാം കൂടിനിൽക്കുന്ന സ്ഥലമാണിത്. എന്റെ ധാരാളം സുഹൃത്തുക്കൾ ഇവിടെ നിൽക്കുകയായിരുന്നു. എന്താണ് അയാൾ കാണിച്ചത്? ആളിന്റെ പേര് പറയുന്നില്ല. ഈ പറയുന്ന ആൾക്കാരോട് ഞാൻ ചോദിക്കുകയാണ് അയാൾ എന്താണ് കാണിച്ചത്? വിരട്ടാനാണോ ഭാവം? അങ്ങനെ വിരട്ടാൻ സാധിക്കുമോ? ഇതാണ് ഞാൻ ചോദിക്കുന്നത്. അത് സ്വാഭാവികമല്ലേ? പരിധികൾ ലംഘിച്ചുകൊണ്ടുള്ള നിലപാടുകൾ ഇവിടെയുണ്ടാകാൻ പാടില്ല. അതാണ് നാം ഓർക്കേണ്ട കാര്യം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശിവസേനക്കാരെ വാടകയ്ക്കെടുത്തുവെന്നുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരാമർശം പിൻവലിക്കണമെന്നാണ് എനിക്ക് അദ്ദേഹത്തോട് അഭ്യർത്ഥിക്കാനുള്ളത്. കാരണം അത് ശരിയായ നടപടിയല്ല. ഞങ്ങൾ പിൻതുടരുന്ന രാഷ്ട്രീയത്തിനും നിലപാടുകൾക്കും വ്യത്യസ്തമായ നിലയിൽ സഭാനേതാവായ മുഖ്യമന്ത്രി അങ്ങനെയൊരു പരാമർശം നടത്തുവാൻ പാടില്ലായിരുന്നു. അദ്ദേഹം അത് പിൻവലിക്കുന്നതാണ് ഏറ്റവും ഉചിതം.

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ പറഞ്ഞത്, ഈ ഇരുത്തം കണ്ടാൽ ഇവർ ശിവസേനക്കാരെ വാടകയ്ക്കെടുത്തതാണോ എന്ന് തോന്നിപ്പോകുമെന്നാണ്. ആ ഇരുത്തമാണ് അത് പറയിപ്പിച്ചത്. അതാണ് വസ്തുത.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും അവരവരുടെ നിലപാടുകൾ വിശദീകരിച്ചിരിക്കുകയാണ്. .....ബഹളം.. അങ്ങനെയുണ്ടാകാനുള്ള സാഹചര്യവും ഇവിടെ വിശദീകരിച്ചു. അത് മനസ്സിലാക്കി സഭാംഗങ്ങൾ സഭാനടപടികളുമായി സഹകരിക്കണം. ദയവായി സീറ്റിലിരിക്കണം. പോയിന്റ് ഓഫ് ഓർഡർ ......ബഹളം.. ശ്രീ. ഇ. പി. ജയരാജൻ ദയവായി സീറ്റിലിരിക്കൂ...

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ പ്രതിപക്ഷ നേതാവ് പറഞ്ഞ പരാമർശം എല്ലാവരും കേട്ടതാണ്. പക്ഷേ അദ്ദേഹം

പറഞ്ഞതുപോലെ ദൗർഭാഗ്യവശാൽ അത് രേഖയിൽനിന്നും നീക്കം ചെയ്തു. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ സ്റ്റേറ്റ്മെന്റ്, ഞങ്ങൾ ശിവസേനക്കാരെ വാടകയ്ക്കെടുത്തതാണെന്നുള്ള സ്റ്റേറ്റ്മെന്റ് അദ്ദേഹം പിൻവലിക്കണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു. അത് പിവൻവലിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറായില്ല. അതുകൊണ്ട് അത് റൂൾ 307 അനുസരിച്ച് രേഖകളിൽനിന്നും നീക്കം ചെയ്യാൻ ബഹുമാനപ്പെട്ട സ്പീക്കർ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ പറഞ്ഞകാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം*. .....ബഹളം.... നിങ്ങൾ പറയുന്നത് എനിക്ക് മനസ്സിലാകുന്നില്ല. .....ബഹളം..... രണ്ടും തമ്മിൽ വ്യത്യാസമുണ്ടെന്ന് ദയവായി നിങ്ങൾ മനസ്സിലാക്കണം. .....ബഹളം..... ഞാൻ പറയുന്നത് കേൾക്കാൻ നിങ്ങൾ തയ്യാറുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പറഞ്ഞത് ആരും ആവശ്യപ്പെടാതെ തന്നെ രേഖയിൽ നിന്നും മാറ്റി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ആവർത്തിച്ച് പറഞ്ഞ കാര്യം അങ്ങ് സഭാ രേഖകളിൽനിന്നും പിൻവലിക്കാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഇന്നത്തെ സഭാ നടപടികൾ ബഹിഷ്കരിക്കുകയാണ്.

മി. സ്പീക്കർ : രണ്ടു കാര്യങ്ങളും തമ്മിൽ വ്യത്യാസമുണ്ട്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തിയതിനുശേഷം യു.ഡി.എഫ്. അംഗങ്ങൾ ഒന്നടങ്കം സഭാനടപടികൾ ബഹിഷ്കരിച്ച് മുദ്രാവാക്യം വിളിച്ചുകൊണ്ട് പുറത്തേയ്ക്കു പോയി)

മി. സ്പീക്കർ: ഓർഡർ....ഓർഡർ.... ഇന്നത്തെ ശ്രദ്ധ ക്ഷണിക്കൽ, സബ്മിഷൻ എന്നിവ റദ്ദ് ചെയ്യുകയാണ്. എന്നിരുന്നാലും ശ്രദ്ധ ക്ഷണിക്കലിനും സബ്മിഷനുമുള്ള മറുപടികൾ ബന്ധപ്പെട്ട മന്ത്രിമാർ സഭയുടെ മേശപ്പുറത്ത് വച്ചതായി പരിഗണിക്കുന്നു*. അത് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ലഭ്യമാക്കേണ്ടതുണ്ട്.

---

* അനുബന്ധമായി ചേർക്കുന്നു.

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം നിലനിർത്താൻ തീരുമാനിച്ചു. (10-3-2017-ലെ ഫയൽ നം.1072/ ഇ.ബി/ 2017/നി.സെ.)

# III. മേശപ്പുറത്തുവച്ച കടലാസുകൾ

## ചട്ടം 236(6) പ്രകാരമുള്ളത്

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ് സ്ഥാപനം |
| II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 2015-16 | പൊതുഭരണ (ബജറ്റ്‌വിംഗ്) വകുപ്പ് |
| III—നീതിന്യായ നിർവ്വഹണം | 2015-16 | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (കേരള ഭരണ നിർവ്വഹണ മദ്ധ്യസ്ഥ കോടതി) |
| XVII—വിദ്യാഭ്യാസം,കായിക വിനോദം, കല, സംസ്കാരം | 2015-16 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്) |
| XXIV—തൊഴിലുംതൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2015-16 | പ്രവാസി കേരളീയ കാര്യ വകുപ്പ് |
| XXXVII—വ്യവസായങ്ങൾ | 2015-16 | ഇലക്ട്രോണിക്സ് ആന്റ് വിവര സാങ്കേതികവിദ്യാ വകുപ്പ് (ഐ.ഐ.ഐ.ടി. വലവൂർ, കോട്ടയം) |
| XLI—ഗതാഗതം(ഉൾനാടൻ ജലഗതാഗതം) | 2015-16 | ജലവിഭവ വകുപ്പ് |

2. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXV— (പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക വിഭാഗങ്ങൾ/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2015-16 | പിന്നോക്കസമുദായ വികസന വകുപ്പ് |

3. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ് സ്ഥാപനം |
| XI—ജില്ലാഭരണവും പലവകയും XVI—പെൻഷനും പലവകയും | 2013-14 | റവന്യൂ (ലാന്റ് റവന്യൂ കമ്മീഷണറേറ്റ്) |
| XI—ജില്ലാഭരണവും പലവകയും XVI—പെൻഷനും പലവകയും | 2014-15 | റവന്യൂ (ലാന്റ് റവന്യൂ കമ്മീഷണറേറ്റ്) |
| XI—ജില്ലാഭരണവും പലവകയും XVI—പെൻഷനും പലവകയും | 2015-16 | റവന്യൂ(ലാന്റ് റവന്യൂ കമ്മീഷണറേറ്റ്) |
| XVI—പെൻഷനും പലവകയും | 2013-14 | റവന്യൂ (ലാന്റ് അക്വിസിഷൻ ) |
| XVI—പെൻഷനും പലവകയും | 2014-15 | റവന്യൂ(ലാന്റ് അക്വിസിഷൻ) |
| XXI—ഭവനനിർമ്മാണം | 2014-15 | ഭവനനിർമ്മാണ(എ) വകുപ്പ് |
| XXI—ഭവനനിർമ്മാണം | 2015-16 | ഭവനനിർമ്മാണ(എ) വകുപ്പ് |

4. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XX—ശുദ്ധജലവിതരണവും ശുചീകരണവും | 2015-16 | റവന്യൂ (ദേവസ്വം) |

5. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തികവർഷം | വകുപ്പ്/സ്ഥാപനം |
| XX—ശുദ്ധജലവിതരണവും ശുചീകരണവും | 2015-16 | കേരള വാട്ടർ അതോറിറ്റി |
| XXIX—കൃഷി | 2015-16 | ജലവിഭവ വകുപ്പ് |

6. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXVII—വ്യവസായങ്ങൾ | 2013-14 | ദി കേരള സിറാമിക്സ് ലിമിറ്റഡ്<br>സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്<br>ആട്ടോകാസ്റ്റ് ലിമിറ്റഡ്<br>സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് |
| XXXVII—വ്യവസായങ്ങൾ | 2014-15 | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്<br>ആട്ടോകാസ്റ്റ് ലിമിറ്റഡ്<br>സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് |
| XXXVII വ്യവസായങ്ങൾ | 2015-16 | ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് |

7. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി മേശപ്പുറത്ത് വയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തികവർഷം | വകുപ്പ്/സ്ഥാപനം |

| | | |
|---|---|---|
| XXXIII—മത്സ്യബന്ധനം | 2015-16 | മത്സ്യബന്ധന വകുപ്പ് |

8. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തികവർഷം | വകുപ്പ്/സ്ഥാപനം |
| XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും | 2010-11 | തൊഴിലും പുനരധിവാസവും (ജി) വകുപ്പ് |
| XXIV തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും | 2014-15 | തൊഴിൽ കോടതി, വ്യാവസായിക ട്രിബ്യൂണലുകൾ, കിലെ |

9. മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തികവർഷം | വകുപ്പ്/സ്ഥാപനം |
| XL തുറമുഖങ്ങൾ | 2015-16 | തുറമുഖ വകുപ്പ് |

10. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തികവർഷം | വകുപ്പ്/സ്ഥാപനം |
| XXIX കൃഷി | 2015-16 | കേരള കാർഷിക സർവ്വകലാശാല<br>കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ |
| XXIX കൃഷി | 2014-15 | കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ |

11. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തികവർഷം | വകുപ്പ്/സ്ഥാപനം |
| XV—പൊതുമരാമത്ത് | 2015-16 | പൊതുമരാമത്ത് |

12. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തികവർഷം | വകുപ്പ് സ്ഥാപനം |
| XXX—ഭക്ഷ്യം | 2015-16 | ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് |

## IV. റിപ്പോർട്ട് സമർപ്പണം

1. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ പന്ത്രണ്ട് മുതൽ ഇരുപത്തിയൊൻപത് വരെയുള്ള റിപ്പോർട്ടുകൾ:

ശ്രീ. സി. ദിവാകരൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പന്ത്രണ്ട് മുതൽ ഇരുപത്തിയൊൻപത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

2. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്:

ശ്രീ. എ. എം. ആരിഫ്: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

3. സബ്ജക്ട് കമ്മിറ്റി V-ന്റെ 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട്:

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, സബ്ജക്ട് കമ്മിറ്റി V-ന്റെ ചെയർമാനായ ഞാൻ 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## V. ധനകാര്യം

### 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 12,14,05,000 രൂപയുടെയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 44,93,28,000 രൂപയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,41,40,000 രൂപയുടെയും സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 50,25,25,000 രൂപയുടെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 19,44,01,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 35,84,06,000 രൂപയുടെയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 857,61,00,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,88,89,000 രൂപയുടെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 62,91,47,000 രൂപയുടെയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 36,03,97,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,00,98,000 രൂപയുടെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 136,25,31,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 7,50,00,000 രൂപയുടെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 733,59,73,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 910,06,38,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 561,55,10,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 290,11,22,000 രൂപയുടെയും സാമൂഹിക സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1960,55,38,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 44,00,00,000 രൂപയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 47,10,46,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 238,48,89,000 രൂപയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 182,33,48,000 രൂപയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 50,08,31,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പട്ടികജാതി/ പട്ടികവർഗ്ഗ/ മറ്റു പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 137,30,39,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 442,55,80,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 81,57,12,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 26,92,58,000 രൂപയുടെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,10,00,000 രൂപയുടെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,85,42,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 160,73,37,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 388,27,30,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 58,28,39,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,44,11,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയങ്ങളെ പിൻതാങ്ങുന്നു.

<u>ശ്രീ. എം. സ്വരാജ്</u>: ബഹുമാനപ്പെട്ട സ്പീക്കർ, രാവിലെ അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഹൈബി ഈഡൻ പ്രസംഗിക്കുന്നതിന് ഇടയിൽ തീർത്തും അടിസ്ഥാനരഹിതമായ ചില പരാമർശങ്ങൾ നടത്തുകയുണ്ടായി. അതിലൊന്ന്, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കുന്ന സമയത്ത് സമരം നടത്തിയ വിദ്യാർത്ഥികൾക്കുനേരെ ഇലക്ട്രിക് ലാത്തി ഉപയോഗിച്ചു എന്നുള്ളതാണ്. അത് തീർത്തും അടിസ്ഥാനരഹിതമാണ്. ഇലക്ട്രിക് ലാത്തി ഉപയോഗിച്ചത് അതിനുമുൻപുള്ള യു.ഡി.എഫ്. ഭരണകാലത്താണ്. കേരളത്തിൽ ആദ്യമായി പരിയാരത്ത് ആ ലാത്തി ഉപയോഗിക്കുന്ന സമയത്ത് ഗുരുതരമായി പരിക്കേറ്റവർ എസ്.എഫ്.ഐ.-യുടെ നേതാക്കളായിരുന്ന അനീഷും പ്രണവുമായിരുന്നു. അതിനുശേഷം ഇടതുമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഇലക്ട്രിക് ലാത്തി വിദ്യാർത്ഥി സമരങ്ങൾക്ക് നേരെ ഉപയോഗിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. സഭയെ തെറ്റിദ്ധരിപ്പിക്കുംവിധമാണ് അദ്ദേഹം ഇവിടെ സംസാരിച്ചിട്ടുള്ളത്. രണ്ടാമതായി, സദാചാര പോലീസ് വിഷയത്തിൽ വർഗ്ഗീയ ഫാസിസ്റ്റ് സംഘടനകൾക്കൊപ്പം എസ്.എഫ്.ഐ.-യെയും ബന്ധപ്പെടുത്തി അദ്ദേഹം പ്രസംഗിക്കുകയുണ്ടായി. എല്ലാ യൂണിവേഴ്സിറ്റി യൂണിയനുകളിലും ഐ.ടി.ഐ., പോളിടെക്നിക് യൂണിയനുകളിലും വിജയിച്ച കേരളത്തിലെ ഏറ്റവും മഹത്തായ ഒരു വിദ്യാർത്ഥി സംഘടനയാണ് എസ്.എഫ്.ഐ. അതിനെ വർഗ്ഗീയ ഫാസിസ്റ്റുകളുമായി കൂട്ടിക്കലർത്തി പറയുന്നത് തെറ്റിദ്ധാരണാജനകവും അപകീർത്തികരവുമാണ്. അതുകൊണ്ട് ചട്ടം 307 പ്രകാരം അപകീർത്തികരവും അടിസ്ഥാനരഹിതവുമായ കാര്യങ്ങൾ രേഖയിൽനിന്ന് നീക്കം ചെയ്യണം എന്നാവശ്യപ്പെടുകയാണ്.

<u>മി.സ്പീക്കർ</u>: പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്*

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

12.03 PM]

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ഈ നിയമസഭയിൽ ഏതാനും നിമിഷങ്ങൾക്കുമുൻപ് കാണേണ്ടിവന്ന കാഴ്ചകൾ കേരളത്തിലെ മതനിരപേക്ഷ മനസ്സിനെ ഞെട്ടിക്കുന്നതാണ്. ഈ സഭയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ 'ശ്രീ. കെ. വി. അബ്ദുൾ ഖാദറിന് ഗുരുവായൂരിൽ എന്താണ് കാര്യം' എന്ന ചോദ്യം വർഷങ്ങൾക്കുമുമ്പ് കേരളത്തിൽ ആർ. എസ്. എസ്. നേതാക്കളുടെ നാവിൽനിന്ന് നമ്മൾ കേട്ടതാണ്. ബഹുമാന്യനായ മന്ത്രി ഡോ. കെ. ടി. ജലീലിന് എന്താ ശബരിമലയിൽ

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം നിലനിർത്താൻ തീരുമാനിച്ചു. (10-3-2017-ലെ ഫയൽ നമ്പർ 1072/ഇ.ബി/2017/നി.സെ)

കാര്യമെന്ന് ചോദിച്ച ആർ. എസ്. എസ്.-ന്റെയും, വിശ്വഹിന്ദു പരിക്ഷത്തിന്റെയും അതേ നാക്കാണ്, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ നാക്കായി ഇപ്പോൾ മാറിയത് എന്ന സാക്ഷ്യപ്പെടുത്തലാണ് ഇവിടെ കണ്ടത്. ആർ.എസ്.എസ്.ന്റെ മാത്രം ഏജന്റുമാരല്ല, ഇവർ ശിവസേനയുടെയും ഏജന്റുമാരായി മാറിയിരിക്കുന്നു എന്നതിന്റെ സാക്ഷ്യപത്രമാണ് ഈ സഭയിലാകെ നമുക്ക് കാണാൻ കഴിഞ്ഞത്. ഇവർ ശിവസേനക്കാരെ വാടകയ്ക്കെടുത്തതാണോ എന്നതാണല്ലോ തർക്കം. എനിക്ക് തോന്നുന്നത് ഇവരെ ശിവസേനക്കാർ പർച്ചേസ് ചെയ്തു കഴിഞ്ഞിരിക്കുന്നു എന്നതിന്റെ തെളിവാണ് നടുത്തളത്തിലേയ്ക്കിറങ്ങി ആർ.എസ്.എസ്., സംഘപരിവാർ ശക്തികൾക്കുവേണ്ടി ഇവർ നടത്തിയ ഈ കോപ്രായമെന്നാണ്. കേരളത്തിന്റെ സമാരാദ്ധ്യനായ മുഖ്യമന്ത്രിക്കുനേരെ വിരൽ ചൂണ്ടിയത് പാലക്കാട്ടുനിന്ന് എത്തിച്ചേർന്ന ഒരു മെമ്പറാണ്. ആ ജില്ലയിലെ ബി.ജെ.പി.യുടെ വോട്ട് വാങ്ങി, ഈ സഭയിൽ എത്തിച്ചേർന്ന മെമ്പർ, കേരളത്തിലെ വർഗ്ഗീയ ഭ്രാന്തൻമാരെ തളയ്ക്കാനുള്ള, ഇന്ത്യയുടെ മതനിരപേക്ഷതയുടെ കൊടിക്കൂറ ഉയർത്തിപ്പിടിക്കാനുള്ള പോരാട്ടത്തിന് നേതൃത്വം കൊടുക്കുന്ന മഹാനായ മുഖ്യമന്ത്രിയുടെ നേരെ വിരൽ ചൂണ്ടുന്നത് കേരളം ഒരു ഘട്ടത്തിലും പൊറുക്കാൻ പോകുന്നില്ല. അതിന് ഞങ്ങൾ മറുപടി പറയിക്കുമെന്ന് അവരെ ഓർമ്മപ്പെടുത്തുകയാണ്.

ഉപധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട് ബജറ്റിനെ ശക്തിപ്പെടുത്താനുള്ള നീക്കമാണല്ലോ ഗവൺമെന്റ് ഇവിടെ നടത്തുന്നത്. എന്റെ ജില്ലയായ പാലക്കാടിന്റെ കിഴക്കൻ മേഖലയിൽ ഒരു പ്രത്യേകതരം കരച്ചിലുണ്ട്. കണ്ണോക്ക് എന്നാണ് അത് അറിയപ്പെടുക. മരണവീടുകളിലെ ബന്ധുജനങ്ങളുടെ തീവ്ര ദു:ഖാവിഷ്ക്കാരമായിട്ടാണ് 10 ദിവസം നീണ്ടുനിൽക്കുന്ന ഈ കണ്ണോക്ക് എന്ന ഏർപ്പാട് തുടങ്ങിയത്. എന്നാൽ പിന്നീട് പല രസകരമായ കൂട്ടിച്ചേർക്കലുകളും ഈ കരച്ചിലിൽ കടന്നു വരികയുണ്ടായി. മരണപ്പെട്ട ആളുടെ അനന്തര സ്വത്തവകാശികൾ തങ്ങളാണെന്ന് സമർത്ഥിക്കാനുള്ള പല കൂട്ടിച്ചേർക്കലുകളും ഈ കരച്ചിലിനിടയിൽ കേൾക്കാൻ കഴിയും. ഈ നിയമസഭയിലെ പ്രതിപക്ഷ മെമ്പർമാരുടെ പ്രസംഗം കേൾക്കുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് ഒരു കണ്ണോക്ക് കരച്ചിലാണ്. പിതാവിന്റെ സഹോദരി മരിച്ചതറിഞ്ഞ് എത്തിയ മരുമകളുടെ കരച്ചിലാണ് ഞാൻ പണ്ടു കേട്ടത്, അത് എനിക്ക് ഓർമ്മ വരികയാണ്. വിവാഹം കഴിക്കാത്ത അമ്മായിക്ക് അനന്തരാവകാശികളില്ല എന്നറിയാവുന്ന മരുമകൾ, 30 വർഷം അസുഖ ബാധിതയായി കിടപ്പിലായിരുന്ന അമ്മായിയെ തിരിഞ്ഞു നോക്കാത്ത മരുമകൾ, മരിച്ചുകഴിഞ്ഞപ്പോൾ ഓടിയെത്തി നെഞ്ചത്തടിയും നിലവിളിയും തുടങ്ങി. ആ കരച്ചിലിനിടയിലും തനിക്ക്

ലഭിക്കേണ്ട അവകാശ വാദത്തെക്കുറിച്ച് അവർ പറയുന്നുണ്ടായിരുന്നു. നല്ല താളത്തിലായിരുന്നു,

'അമ്മായീ കണ്ണ് തുറക്ക് ... ആരാ വന്നതെന്ന് നോക്കമ്മായീ
ചക്കര മകളല്ലേ, കുട്ടിക്കാലത്ത് അമ്മായി തന്ന മാങ്ങയും
ചക്കയും, തിന്നു ഞാൻ എറിഞ്ഞ വിത്തു മുളച്ചാണീ
പറമ്പിലെ മരങ്ങളെല്ലാമുണ്ടായതെന്നെനിക്കറിയാം അമ്മായീ
അമ്മായിയുടെ കമ്മലും വളയും എനിക്ക് നല്ല ചേർച്ചയാണെന്ന്
പണ്ടമ്മായി പറഞ്ഞത് എനിക്കോർമ്മയുണ്ടമ്മായീ
അതെല്ലാം എന്നോട് എടുത്തുകൊണ്ടുപോകാൻ എപ്പോഴും
പറയില്ലേ അമ്മായീ, ഞാൻ എടുത്തുകൊണ്ടുപോകാം അമ്മായീ'

എന്നൊക്കെ പറഞ്ഞിട്ടാണ് ആ കരച്ചിൽ. കമ്മലും വളയുമെല്ലാം ഉറപ്പിക്കാനുള്ള സൂത്രമാണ് ആ കണ്ണോക്ക് കരച്ചിലിനിടയിൽ പലപ്പോഴും നടക്കുക. ഇതിന് സമാനമാണ് നാട് നശിച്ചെന്ന് മുറവിളികൂട്ടുന്ന പ്രതിപക്ഷം ആ മുറവിളിക്കിടയിലും കിഫ്ബിയിലാണെങ്കിലും പ്രവാസി ചിട്ടിയിലാണെങ്കിലും അത് എനിക്ക് തരാമെന്ന് പറഞ്ഞില്ലേ മന്ത്രീ, അത് കാണുന്നില്ലല്ലോ എന്നാണ് ഈ കണ്ണോക്ക് കരച്ചിൽ. ഈ സർക്കാർ ഏതെങ്കിലും പാർട്ടിയുടെ എം.എൽ.എ.-മാരാണോ മണ്ഡലത്തിലെന്നു നോക്കിയല്ല വികസന തന്ത്രവും സമ്പത്തു വിതരണവും രൂപപ്പെടുത്തുന്നത് എന്നതറിഞ്ഞിട്ടും എന്തിനാണ് പ്രതിപക്ഷം ഇങ്ങനെ വാവിട്ട് നിലവിളിക്കുന്നതെന്നു മനസ്സിലാകുന്നില്ല. എന്റെ മണ്ഡലമായ ആലത്തൂരിലെ ജനത എക്കാലവും എൽ.ഡി.എഫ്.-ന് 55 ശതമാനത്തിലധികം വോട്ടുനൽകുന്ന മണ്ഡലമാണ്. എന്നാൽ ഈ ബജറ്റിൽ ആദ്യ പ്രഖ്യാപനം വന്നപ്പോൾ എൽ.ഡി.എഫ്.-ന് അത്രയൊന്നും വോട്ടില്ലാത്ത, ശ്രീ. എൻ. ഷംസുദ്ദീൻ പ്രതിനിധീകരിക്കുന്ന മണ്ണാർക്കാടിന് ആലത്തൂരിനേക്കാളും അഞ്ചിരട്ടി തുകയാണ് വകയിരുത്തിക്കൊടുത്തത്. എന്നിട്ടും ശ്രീ. എൻ. ഷംസുദ്ദീൻ രോദനം തന്നെയാണ് ഇവിടെ നടത്തിയത്. മറ്റൊരു മെമ്പർ പറയുന്നതു കേട്ടു വിഭവങ്ങൾ ഇല്ലാത്ത വിരുന്നാണ് ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബജറ്റ് എന്ന്. അദ്ദേഹത്തിന്റെ മാത്രം വാക്കല്ല അത്. പ്രതിപക്ഷത്തിന്റെതന്നെ ആരോപണമാണതെന്നാണ് അദ്ദേഹം പറഞ്ഞത്. അവർക്ക് അത് തോന്നാൻ ന്യായമായ കാരണമുണ്ട്. കഴിഞ്ഞ അഞ്ച് വർഷം കണ്ണിൽ കണ്ടതും കയ്യിൽ കിട്ടിയതും എല്ലാം വാരിയെടുത്ത് തേരാപാരാ ഓട്ടത്തിലായിരുന്നല്ലോ; ഖജനാവിലെ അവസാനത്തെ നാണയവും കവർന്നെടുത്തവർ അനന്ത വിഹായസ്സിലേയ്ക്കല്ല, വിജയേട്ടൻ പറഞ്ഞതുപോലെ തേരാപാരാ തന്നെയാണ്

ഓടിയത്. മണ്ണും മരവും സോളാർ എനർജിയും കുടിവെള്ളവും കുടിയൻമാരുടെ വെള്ളവും എന്തിനധികം ബജറ്റുപോലും വിറ്റ് കാശ് കട്ടവരായതുകൊണ്ടാണ്, വിഭവങ്ങൾ ഒന്നും ഇല്ലാത്ത നാടാണ് കേരളമെന്ന് പറയാൻ കാരണം. കഴിഞ്ഞ സർക്കാരിന്റെ അവസാന നാളുകളിലെ കട്ടുംവെട്ടിലൂടെ ആയിരക്കണക്കിന് കോടി രൂപ നഷ്ടപ്പെട്ടു എന്നാണ് സി.ആന്റ് എ.ജി.-യുടെ പുതിയ കണ്ടെത്തൽ. ഹരിപ്പാട് മെഡിക്കൽ കോളേജിന് ഭൂമി അനുവദിച്ചതിൽ നടന്ന ചട്ടലംഘനം മുതൽ നെൽവയൽ സംരക്ഷണ നിയമം കാറ്റിൽ പറത്തിയതും മെത്രാൻ കായൽ വിറ്റ് കാശാക്കാൻ നോക്കിയതും ബാർ മുതലാളിമാരെ കൊതിപ്പിച്ച് കോടികൾ തട്ടാൻ നടത്തിയ നീക്കത്തിനിടയിലെ കാണാക്കഥകളുമുണ്ട് അക്കൂട്ടത്തിൽ. നികുതി നിർണ്ണയത്തിലെ ബോധപൂർവ്വമായ തെറ്റുകളിലൂടെ നഷ്ടപ്പെടുത്തിയ മൂവായിരം കോടി രൂപയുടെ അന്വേഷണവഴികളും അപ്പുറത്തിരിക്കുന്നവരുടെ, ഇപ്പോൾ ഇവിടെനിന്ന് ഇറങ്ങിപ്പോയവരുടെ വീട്ടിലേയ്ക്കുള്ളതാണല്ലോ. അവരാണ് ഈ നാട് മുടിച്ചവർ. കേരളീയരുടെ കുലം മുടിച്ചവരാണ് ഈ സഭവിട്ട് ഇപ്പോൾ ഇറങ്ങിപ്പോയവർ. ഇടതുപക്ഷം ജനപക്ഷ വികസനത്തിന്റെ നേരവകാശികളാണ്. ആരെങ്കിലും ഉണ്ടാക്കിവെച്ചത് എടുത്ത് ആർക്കെങ്കിലും വിതരണം ചെയ്യുന്ന ഒരു നയമല്ല ഞങ്ങളുടെ വികസനനയം. ഇല്ലാത്തവർക്കുവേണ്ടി സമ്പത്ത് കണ്ടെത്തി വിതരണം ചെയ്യുന്നതാണ് ഞങ്ങളുടെ നയം. അതാണ് കിഫ്ബിയും പ്രവാസി ചിട്ടിയും മറ്റിതര ജനകീയാസൂത്രണ ബദലുകളുമെല്ലാം. നിലാവുദിച്ചു വരുമ്പോൾ കൂകിവിളിച്ച് ചന്ദ്രനെ പിൻമാറ്റാൻ ശ്രമിക്കുന്ന വിവരംകെട്ട കുറുക്കൻമാരായി ഇവർ ആരു മാറിയാലും അവർ ഈ നാട്ടിൽ അപഹാസ്യരാകുമെന്ന് ഞാൻ പ്രതിപക്ഷത്തെ ഓർമ്മപ്പെടുത്തുകയാണ്. വെള്ളിവെളിച്ചത്തിന്റെ വിപ്ലവം നടപ്പിലാക്കുന്ന എൽ.ഡി.എഫ്. എല്ലാ വീട്ടിലും വൈദ്യുതി കണക്ഷനും ഇന്റർനെറ്റ് കണക്ഷനും സാദ്ധ്യമാക്കാൻ പോകുകയാണ്.

സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ തുടർച്ചയായി കേവലം 18 മാസത്തിനകം 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റും മറ്റുള്ളവർക്കെല്ലാം കുറഞ്ഞ ചെലവിൽ ഇന്റർനെറ്റും നൽകുമെന്നാണ് പ്രഖ്യാപനം. ഈ കണക്ഷനുകളെല്ലാം വീട്ടിലെത്തുമ്പോൾ കേരളത്തിലെ മറ്റൊരു കണക്ഷൻ വിച്ഛേദിക്കപ്പെടും. അതാണ് കേരളത്തിലെ ജനങ്ങളും യു.ഡി.എഫ്. രാഷ്ട്രീയവും തമ്മിലുള്ള കണക്ഷൻ. പ്രതിപക്ഷത്തിന്റെ അവസാനത്തെ ഫ്യൂസും അടിച്ചുപോകുന്ന തരത്തിലുള്ള തീരുമാനവും മുന്നേറ്റവുമാണ് ഇടതുപക്ഷത്തിന്റേതെന്ന് പ്രതിപക്ഷത്തെ ഞാൻ ഓർമ്മപ്പെടുത്തുകയാണ്. കേരളത്തിന്റെ അന്നം മുടക്കാൻ 'ഭക്ഷ്യഭദ്രതാ' നിയമമെന്ന കള്ളപ്പേരിൽ 'ക്ഷാമഭദ്രതാ' നിയമം അണിയറയിൽ അണിയിച്ചൊരുക്കിയവരും ഇപ്പോൾ അരങ്ങത്ത് ആരാച്ചാരെപ്പോലെ ക്ഷാമഭദ്രത നിയമത്തിന്റെ

ളുക്കകയറുമായി കേരളത്തെ തേടിവരുന്നവരും ഒന്നിച്ച് ഈ നാടിനെ വെല്ലുവിളിക്കുകയാണ്. അതാണ് നമ്മൾ ഇപ്പോൾ ഇവിടെക്കണ്ട കാഴ്ച. ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും കോൺഗ്രസ്സും ഒന്നാണെന്ന് തെളിയിക്കുന്ന കാഴ്ചയാണ് നിമിഷങ്ങൾക്കുമുമ്പ് ഈ സഭയിൽ കണ്ടത്. അവരുടെ അനുയായികൾ ഈ സഭയിൽ കേഴുന്നത് കേട്ടു. അരി കിട്ടാതായപ്പോൾ എന്തിനാണ് തോമസ് മാഷിന്റെ പേര് പറഞ്ഞ് സമയം കളയുന്നത് എന്നാണ് എന്റെ സുഹൃത്ത് ശ്രീ. എൻ. ഷംസുദ്ദീനും മറ്റ് പലരും ചോദിച്ചത്. നിങ്ങളാരു പറഞ്ഞാലും കേരളത്തിന്റെ അന്നംമുട്ടിച്ച് അരി മുടക്കിയവരെ, അത് മുൻ മന്ത്രിയാണെങ്കിലും, കേന്ദ്ര മന്ത്രിയായാലും, പ്രധാനമന്ത്രിയാണെങ്കിലും വിരോധമില്ല, വിടില്ല ഞങ്ങൾ. ഈ കേരളം മറുപടി പറയിക്കാൻ പോകുകയാണ് എന്ന് നിങ്ങളെ ഓർമ്മപ്പെടുത്തുകയാണ്. നിങ്ങൾ അരി മുടക്കിയാലും ഞങ്ങൾ ഈ നാട്ടുകാർക്ക് അരി നൽകുമെന്നുറപ്പാണ്. റേഷൻ സബ്സിഡി 900 കോടി രൂപയും റേഷൻകടകളെ നവീകരിക്കാൻ 117 കോടി രൂപയും സിവിൽ സപ്ലൈസ് കോർപ്പറേഷന് 200 കോടി രൂപയും കൺസ്യൂമർ ഫെഡിന് 150 കോടി രൂപയും ഈ ബജറ്റിലൂടെ നൽകാൻ തീരുമാനിച്ചത് അരി നൽകാൻ വേണ്ടിത്തന്നെയാണ്, ഭക്ഷ്യധാന്യ വിതരണത്തിനാണ്. എന്റെ നാട്ടിൽ 'നശിച്ചുപോകും' എന്ന് അർത്ഥം വരുന്ന മറ്റൊരു പദമാണ് 'അരി ഒടുങ്ങിപ്പോകും' എന്നത്. നാട്ടുകാർ സാധാരണ ഉപയോഗിക്കുന്ന പദമാണത്. കേരളത്തിന്റെ കഞ്ഞികുടി മുട്ടിക്കാൻ ശ്രമിച്ച വലതുപക്ഷ വർഗ്ഗീയ രാഷ്ട്രീയത്തെ എന്റെ നാട്ടുകാർ ശപിക്കുന്നതും ആ വാക്കുപയോഗിച്ചാണെന്ന് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പ്രതിപക്ഷം അരിമുടക്കിയവർ മാത്രമല്ല അക്ഷരം മുടക്കിയവരുമാണ്. കേരളത്തിന്റെ സമീപ ഭൂതകാലത്ത് പുസ്തകം കത്തിച്ചും അദ്ധ്യാപകനെ ചവിട്ടിക്കൊന്നും അപഥസഞ്ചാരം നടത്തിയവരുടെ ചിതയൊരുക്കുന്ന യജ്ഞമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. 45,000 ക്ലാസ്സ് റൂമുകൾ ഹൈടെക്കാക്കുന്നതിനും 140 സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കുന്നതിനും ആയിരം കുട്ടികളിൽ കൂടുതലുള്ള സർക്കാർ വിദ്യാലയങ്ങൾക്ക് 500 കോടി രൂപ നൽകാനുള്ള പ്രഖ്യാപനവും കേട്ട് സാക്ഷരകേരളം തൊഴുകയ്യോടെ എൽ.ഡി.എഫ്. സർക്കാരിനെ വാഴ്ത്തുന്ന കാഴ്ചയാണ് ഇന്ന് കേരളം ദർശിക്കുന്നത്.

കരളലിയിപ്പിക്കുന്ന കർഷകരുടെ കണ്ണീരണിഞ്ഞ 5 വർഷത്തെ കഥകൾക്ക് കേരളത്തിൽ ഇനി സ്ഥാനമുണ്ടാകില്ലെന്ന ഉഗ്രപ്രഖ്യാപനമാണ് സർക്കാർ തീരുമാനങ്ങളായി വരുന്നത്. കൃഷിക്ക് 2,106 കോടി രൂപ വകയിരുത്തിയ സർക്കാർ 700 കോടി രൂപ നെല്ല് സംഭരണത്തിന് നൽകിയിരിക്കുന്നു. യു.ഡി.എഫ്.-ന്റെ ഭരണത്തിൽ, ഇവിടെനിന്ന് ഇറങ്ങിപ്പോയതുപോലെ

വിളവെടുപ്പ് കാലത്ത് ഓഫീസ് പൂട്ടി സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ ഇറങ്ങിപ്പോയിരുന്ന കാലമായിരുന്നു അത്. എന്നാൽ ഇപ്പോൾ കൊയ്ത്തു കഴിഞ്ഞാൽ പാടവരമ്പത്ത് നെല്ലളക്കാൻ ആളുമായെത്തുന്ന ഉദ്യോഗസ്ഥരെയാണ് കേരളം കണ്ടുകൊണ്ടിരിക്കുന്നത്. അതാണ് ഇടതുപക്ഷം. കേന്ദ്ര ബജറ്റിൽ 72,500 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിൽപ്പനയിലൂടെ സമാഹരിക്കുമെന്ന് പ്രഖ്യാപിച്ചപ്പോൾ കേരളത്തിലെ സർക്കാർ പൊതുമേഖലകളുടെ ഒറ്റ ഓഹരിപോലും ഞങ്ങൾ വിൽക്കില്ലെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. യു.ഡി.എഫ്. തകർത്തെറിഞ്ഞ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളേയും നവീകരിച്ച് പ്രവർത്തനക്ഷമമാക്കാൻ നൂറുകണക്കിന് കോടി രൂപ നൽകുന്ന ഈ സർക്കാർ അദ്ധ്വാനിക്കുന്ന ജനസമൂഹത്തോടൊപ്പമാണെന്ന് ഒരിക്കൽക്കൂടി പ്രഖ്യാപിക്കുന്നു, അതോടൊപ്പം ഇന്ത്യയെ പഠിപ്പിക്കുകയും ചെയ്യുകയാണ്.

കേന്ദ്ര സർക്കാർ അധികാരത്തിലെത്തിയപ്പോൾ ആസൂത്രണ കമ്മീഷനെ പിരിച്ചുവിട്ടു. കേരളം ഇവിടെ ആസൂത്രണം ജനങ്ങളിലേയ്ക്ക് ഇറക്കിവിടുകയാണ്. 26500 കോടി രൂപയുടെ പദ്ധതി, ആസൂത്രണച്ചുമതലകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരിക്കുന്നു. മറ്റെല്ലാ ഏജൻസികളിൽനിന്നും ലഭിക്കുന്ന പണവും ചേർത്ത് 34537 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആസൂത്രണത്തിനും നിർവ്വഹണത്തിനും നൽകുകയാണ്. ഇങ്ങനെ എല്ലാ കാലത്തും മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്ന ഇടതുപക്ഷം വീണ്ടും കേരളത്തെ നവീകരിക്കുന്നതിനുള്ള പോരാട്ടത്തിനിറങ്ങുകയാണ്. മാനവികതയുടെ ആ മഹത്തായ പാരമ്പര്യത്തെ തകർക്കാൻ വർഗ്ഗീയ-പ്രതിലോമ ശക്തികൾ ശ്രമിക്കുമ്പോൾ ജനകീയ ബദലുകൾ സൃഷ്ടിക്കാൻ നേതൃത്വം നൽകുന്ന ഈ ഗവൺമെന്റിനെ കരിവാരിത്തേച്ച് ആർ.എസ്.എസ്.-ന്റെയും സംഘപരിവാർ ശക്തികളുടെയും പിണിയാളന്മാരായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രതിപക്ഷത്തിന് നാട് മാപ്പുനൽകില്ലെന്നത് ഉറപ്പാണ്. അതനുസ്മരിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്തുണയ്ക്കുന്നു.

12.16 PM]

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: സർ, 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സസന്തോഷം സ്വാഗതം ചെയ്യുകയാണ്. ദീർഘവീക്ഷണത്തോടുകൂടി എല്ലാ ജനവിഭാഗങ്ങളുടെയും പുരോഗതിയും കേരളത്തിന്റെ സമഗ്ര വികസനവും ലക്ഷ്യമിട്ടുകൊണ്ട് കേരളത്തിൽ മതേതരത്വം നിലയുറപ്പിക്കുന്നതിനുവേണ്ടിയുള്ള വികസനോന്മുഖമായിട്ടുള്ള ബജറ്റാണിത്. ഇതിനെ എതിർക്കുന്നവരെ കാണുമ്പോൾ എനിക്ക് ഓർമ്മവരുന്നത്

ശ്രീ. സച്ചിതാനന്ദന്റെ ഗദ്യരൂപത്തിലുള്ള കവിതയുടെ സാരമാണ്. മനുഷ്യൻ രണ്ട് രൂപത്തിലാണുള്ളത്. ഒന്ന്, മറ്റുള്ളവരുടെ കുറ്റങ്ങളെല്ലാം നോക്കിയിരുന്ന് അവരെ ഇടയ്ക്കിടയ്ക്ക് നശിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നവർ; രണ്ടാമത്തെ വിഭാഗമെന്ന് പറയുന്നത് ജനങ്ങൾക്കിടയിൽ പ്രവർത്തിച്ചുകൊണ്ട് അവരുടെ കാര്യങ്ങളെല്ലാം നടത്തിക്കൊടുക്കുന്നവർ. ഇവർ തീർച്ചയായിട്ടും ലക്ഷ്യത്തിലെത്തുമെന്നതും ഇവരെ നശിപ്പിക്കാൻ ശ്രമിക്കുന്നവർ ഇല്ലാതാകുമെന്നതുമാണ് ഈ കവിതയുടെ സാരം. തീർച്ചയായിട്ടും കോൺഗ്രസ്സുകാർ നശിച്ചുകാണണമെന്ന ആഗ്രഹം ഞങ്ങളെപ്പോലുള്ള ഇടതുപക്ഷ പ്രസ്ഥാനത്തിലുള്ളവർക്കൊന്നുംതന്നെയില്ല. ഇതിന് ബദലായി മൃദു സമീപനം സ്വീകരിച്ച് കോൺഗ്രസ്സുകാർ ഹിന്ദു വർഗ്ഗീയതയോട് നിലയുറപ്പിക്കുന്നുണ്ടെങ്കിൽ ഫാസിസ്റ്റ് രൂപത്തിലുള്ള ഹിന്ദു വർഗ്ഗീയത ഇന്ത്യയിൽ വളർന്നുവരും. അതുകൊണ്ട് കോൺഗ്രസ്സ് നശിക്കണമെന്നൊന്നും ഞങ്ങൾ ആഗ്രഹിക്കുന്നില്ലെന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

കേരളത്തിലെ നവോത്ഥാന നായകരായിട്ടുള്ള ശ്രീനാരായണ ഗുരുവും അയ്യൻകാളിയും പണ്ഡിറ്റ് കറുപ്പനും അയ്യാവൈകുണ്ഠസ്വാമികളുമെല്ലാം ചേർന്ന് ഉയർത്തിപ്പിടിച്ച് സാംസ്കാരിക കേരളമാക്കി മാറ്റിയ നമ്മുടെ സംസ്ഥാനത്തെ പുറകോട്ടടിപ്പിക്കാനുള്ള ശ്രമങ്ങളാണ് വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾ ഇന്ന് ഈ മണ്ണിൽ നടത്തിക്കൊണ്ടിരിക്കുന്നത്. അതിനെയെല്ലാം അതിജീവിച്ചുകൊണ്ടാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ കേരളത്തിൽ വളർന്നുവന്നത്. ഇ.എം.എസ്. മന്ത്രിസഭയിലൂടെ ജന്മിത്തമില്ലാതാക്കിയും ജാതീയതയില്ലാതാക്കിയും എല്ലാവർക്കും വിദ്യാഭ്യാസവും പൊതുവിതരണ സമ്പ്രദായത്തിലൂടെ എല്ലാവർക്കും ഭക്ഷണവും വീടും എല്ലാ ജനവിഭാഗങ്ങൾക്കും ആരോഗ്യവും നൽകി കേരളത്തെ ഇന്നത്തെ നിലയിലെത്തിച്ചതിൽ നിർണ്ണായകമായിട്ടുള്ള പങ്കാണ് ഇടതുപക്ഷ പ്രസ്ഥാനങ്ങൾ വഹിച്ചിട്ടുള്ളത്. ആ പാത പിന്തുടർന്നുകൊണ്ടു തന്നെയാണ് ഇടതുപക്ഷ പ്രസ്ഥാനവും ഇടതുപക്ഷ ഗവൺമെന്റും ഇന്നൊരു പുതിയ കേരളത്തിനുവേണ്ടി, ജനപക്ഷത്തുനിന്നുള്ളൊരു വികസനം ഇവിടെ അവതരിപ്പിക്കുന്നത്. കേവലം സാമ്പത്തിക വളർച്ച മാത്രമല്ല, പകരം സാമൂഹിക വികസനത്തിലൂന്നിയൊരു വികസന പരിപാടിയാണിത്. കേരളത്തിന്റെ ഉൽപ്പാദനമേഖലയെ വീണ്ടെടുത്തും ഭക്ഷ്യോൽപ്പാദനത്തിന് ഊന്നൽ നൽകിയും പരിസ്ഥിതിയെ സംരക്ഷിച്ചും സാമൂഹ്യനീതി ഉറപ്പുവരുത്തിക്കൊണ്ടുമുള്ള വികസന ബജറ്റാണിത്. തീർച്ചയായിട്ടും ഡോ. ടി. എം. തോമസ് ഐസക്കിന്റെ ഈ ബജറ്റിനെ അഭിനന്ദിക്കുകയാണ്. അടിസ്ഥാന ജനവിഭാഗങ്ങളെ ഉന്നതിയിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടി പ്രഖ്യാപിച്ചിട്ടുള്ള നാല് മിഷനുകളിലൊന്നാണ് ലൈഫ് മിഷൻ. കേരളം എത്ര പുരോഗമിച്ചെങ്കിലും നാല് ലക്ഷത്തോളം വരുന്ന വീടില്ലാത്ത ആളുകൾ ഇന്നും

കേരളത്തിൽ ജീവിക്കുന്നുണ്ട്; കൂരകളിൽ ജീവിക്കുന്നവരുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. അതിനെയെല്ലാം മറികടക്കുവാൻ 5 വർഷത്തിനുള്ളിൽ പൂർണ്ണമായി എല്ലാ ജനവിഭാഗങ്ങൾക്കും വീട് വച്ചുകൊടുക്കാനുള്ള നടപടിയുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്.

രണ്ടാമത്തേതാണ് ആർദ്രം പദ്ധതി. ക്യാൻസർ, വൃക്ക രോഗികളുടെ എണ്ണം ഇന്ന് വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഈ രോഗങ്ങൾ വരുന്ന പാവപ്പെട്ടവർക്ക് ചികിത്സിക്കാൻ സ്വന്തം വീട് വിൽക്കേണ്ടിവരുന്നു. തന്റെ കുടുംബം ഇല്ലാതാകുന്നുവെന്ന് തിരിച്ചറിഞ്ഞുകൊണ്ടു തന്നെ സ്വയം മരണത്തിലേയ്ക്ക് അടുക്കുന്നവരാണ് ഈ രോഗികൾ. ഇതിനുള്ള കാരണക്കാർ കഴിഞ്ഞ കാലങ്ങളിൽ കേന്ദ്രം ഭരിച്ചുകൊണ്ടിരുന്ന കോൺഗ്രസ്സ് ഗവൺമെന്റും ഇന്ന് ഭരിച്ചുകൊണ്ടിരിക്കുന്ന ബി.ജെ.പി. ഗവൺമെന്റുമാണെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇവരാണ് മരുന്നുകളുടെ വില വർദ്ധിപ്പിക്കാനും ഉൽപ്പാദിപ്പിക്കുവാനുമുള്ള അധികാരം സ്വകാര്യ-വിദേശ കമ്പനികൾക്ക് നൽകി കേരളത്തിലും മരുന്നിന്റെ വില വർദ്ധിക്കുന്നതിനും സാധാരണക്കാരായ ജനവിഭാഗങ്ങളെ സ്വയം മരണത്തിലേയ്ക്ക് എത്തിക്കുന്നതിനും നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുള്ളത്. കൂടാതെ സ്വകാര്യ കുത്തക കമ്പനിക്കാരെയും വിദേശ കമ്പനിക്കാരെയും ആകർഷിക്കുന്ന തരത്തിൽ സാമ്പത്തിക മാറ്റമുണ്ടാക്കിയതിന്റെ ഫലമായാണ് ഇതെല്ലാം സംഭവിച്ചിരിക്കുന്നതെന്നും നമുക്ക് കൃത്യമായും അറിയാവുന്ന കാര്യങ്ങളാണ്. ഇതിന് ഉത്തരവാദികളായിട്ടുള്ളവർ കോൺഗ്രസ്സുകാർ തന്നെയാണെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. കുടുംബച്ചെലവിന്റെ 13.9 ശതമാനം ചികിത്സയ്ക്കാണ് ചെലവഴിക്കുന്നതെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. അതിദരിദ്ര വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം 31.7 ശതമാനവും ചികിത്സയ്ക്കാണ് ചെലവഴിക്കുന്നത്. കടബാദ്ധ്യതയുടെ 12 ശതമാനം ചികിത്സയ്ക്കായാണ് വരുന്നത്. ഭൂമി വിൽപ്പനയുടെ 7.2 ശതമാനം ചികിത്സയ്ക്കായാണ് വരുന്നത്. കൂടാതെ അതിദരിദ്ര വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം 12.3 ശതമാനം ഭൂമി വിൽപ്പനയും നടക്കുന്നത് ചികിത്സയ്ക്കാണ്. സാധാരണക്കാരന് എന്ത് രോഗം വന്നാലും ചികിത്സയ്ക്കായി ഗവൺമെന്റ് ആശുപത്രികളിൽ കയറിച്ചെല്ലുവാൻ കഴിയുന്ന തരത്തിലുള്ള ചികിത്സാ നടപടികളാണ് ഈ സർക്കാർ നടപ്പിലാക്കുന്നത് എന്നത് സന്തോഷകരമായ കാര്യമാണ്. എല്ലാ ജനവിഭാഗങ്ങൾക്കും ചികിത്സയും മരുന്നും ലഭ്യമാക്കാനുള്ള ഇടമായി ഗവൺമെന്റ് ആശുപത്രികളെ മാറ്റുന്നതിന് അഞ്ചുവർഷംകൊണ്ട് നടപടികൾ സ്വീകരിക്കുമെന്നുതന്നെയാണ് ഈ ഗവൺമെന്റ് പറഞ്ഞിട്ടുള്ളത്.

പ്രപഞ്ചത്തിൽ ജീവന്റെ തുടിപ്പ് നിലനിർത്തുന്ന ഭൂമിയിൽ ഉണ്ടായേക്കാവുന്ന ഭീതിയെക്കുറിച്ച് എല്ലാവർക്കും നല്ല ധാരണയുണ്ട്. 44 നദികളും അസംഖ്യം പുഴകളും ശുദ്ധജല തടാകങ്ങളും കുളങ്ങളും കിണറുകളും ഉണ്ടായിരുന്ന നമ്മൾ ഇന്ന് ശുദ്ധജലത്തിനായി നെട്ടോട്ടമോടേണ്ട അവസ്ഥയിലാണ്. ഇത് കണ്ടുകൊണ്ടു തന്നെയാണ് ഒ.എൻ.വി. കുറുപ്പ് ഈ വരികളെഴുതിയത്:

ആടിമുകിൽമാല കുടിനീര് തിരയുന്നു!

ആതിരകൾ കുളിരു തിരയുന്നു.

ആവണികളൊരു കുഞ്ഞുപൂവ് തിരയുന്നു!

ആറുകളൊഴുക്ക് തിരയുന്നു!

കേരളം നാളെകളിൽ ഒരു തുള്ളിവെള്ളംപോലും കിട്ടാത്ത വരൾച്ചയിലേയ്ക്കാണ് പോകുന്നതെന്ന് നാമെല്ലാം മനസ്സിലാക്കണം. നമ്മുടെ തണ്ണീർത്തട സംരക്ഷണ നിയമങ്ങളിലെല്ലാംതന്നെ ഭേദഗതി വരുത്തണം. നമ്മുടെ കുളങ്ങളും കിണറുകളും കായലുകളുമെല്ലാം നികത്തുന്ന രീതിയിൽ കഴിഞ്ഞ ഗവൺമെന്റും അതുപോലെ കേന്ദ്ര ഗവൺമെന്റും സ്വീകരിച്ച തെറ്റായ നടപടികളും ഭൂമാഫിയകൾക്കുവേണ്ടിയുള്ള നിലപാടുകളുമാണ് ഈ അവസ്ഥയ്ക്ക് കാരണം. കേന്ദ്ര സർക്കാരിന്റെ അതേ നടപടികൾതന്നെ കേരളത്തിലേക്കും കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങളാണ് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചത്. പെപ്സികോള കമ്പനിയ്ക്കും കൊക്കോകോള കമ്പനിയ്ക്കും മോൺസാന്റോ, വിജയമല്യ തുടങ്ങിയവർക്കുമെല്ലാം നമ്മുടെ ഭൂമിയും വെള്ളവും ചൂഷണം ചെയ്യാനുള്ള അധികാരം കൊടുത്തതോടുകൂടിയാണ് ഇന്നത്തെ അവസ്ഥയിലേയ്ക്ക് ഇന്ത്യയും കേരളവും വരുവാനുള്ള സാഹചര്യങ്ങളുണ്ടായത് എന്നത് വ്യക്തമായ കാര്യമാണ്.

പൊതു വിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി ഏതൊരു മേഖലയിലും സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് അവരുടേതായ ഐഡന്റിറ്റി ഉണ്ടാക്കുന്ന രീതിയിൽ വിദ്യാഭ്യാസ മേഖലയെ മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ സ്കൂളുകളിലും സ്മാർട്ട് ക്ലാസ്സുകൾ കൊണ്ടുവരാനും എല്ലാ സ്കൂളുകളും ഹൈടെക് ആക്കുന്നതിനും 1000 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും ആവശ്യമായ പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. അക്കാദമിക് നിലവാരവും ഭൗതികസാഹചര്യങ്ങളും ഉയർത്തുകയും ഏതൊരു രാജ്യത്തെയും വിദ്യാർത്ഥികളോട് കിടപിടിക്കുന്ന രീതിയിൽ നമ്മുടെ ഓരോ വിദ്യാർത്ഥിയെയും വാർത്തെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടിയാണ് മുന്നോട്ടുപോകുന്നത്. ഞാൻ അധികം നീട്ടിക്കൊണ്ടുപോകാൻ ആഗ്രഹിക്കുന്നില്ല. വ്യക്തമായ ധാരണയോടുകൂടി, പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കുവേണ്ടി നിൽക്കുന്ന ഒരു ഗവൺമെന്റാണിതെന്നുള്ള കാര്യംകൂടി നമ്മൾ തിരിച്ചറിയേണ്ടതുണ്ട്; തിരിച്ചറിയേണ്ടത് തീർച്ചയായും കോൺഗ്രസ്സുകാർതന്നെയാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഭിന്നശേഷിക്കാർക്ക് സ്ഥിരം ജോലി എന്നത് ഏറ്റവും സന്തോഷകരമായ ഒരു പദ്ധതിയാണ്. ഓട്ടിസം ബാധിച്ച കുട്ടികളുടെ മാതാപിതാക്കൾക്ക് ജോലി സംവരണവും വീട് നിർമ്മിച്ച കൊടുക്കുന്നതിനുള്ള പരിഗണനയുംകൂടി നൽകണമെന്ന് ഞാൻ ഈ അവസരത്തിൽ അപേക്ഷിക്കുകയാണ്. അതുപോലെ ഭിന്നശേഷിക്കാരായ സ്ത്രീകൾക്ക് തൊഴിൽ നൽകുന്നതിനുവേണ്ടി ഷെൽട്ടേർഡ് വർക്ക്ഷോപ്പുകൾ സംസ്ഥാനത്ത് സ്ഥാപിക്കുന്നതാണ്. വയോജനങ്ങൾക്ക് അവശ്യസാധനങ്ങൾ നൽകുന്നതിന് 'സ്വയംപ്രഭ' പദ്ധതി നടപ്പിലാക്കാനും ട്രാൻസ്ജെണ്ടർ വിഭാഗത്തിലുള്ളവർക്ക് തൊഴിൽ നൈപുണ്യ പരിപാടി നടപ്പിലാക്കാനും തീരുമാനിച്ചതിലൂടെ എല്ലാ ജനവിഭാഗങ്ങളെയും ഈ ഗവൺമെന്റ് പരിഗണിക്കുന്നു എന്നാണ് നാം മനസ്സിലാക്കേണ്ടത്. സ്ത്രീകളെക്കുറിച്ച് ഒരു വാക്കുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. സ്ത്രീ ശാക്തീകരണത്തെക്കുറിച്ചും സ്ത്രീകളെക്കുറിച്ചും പറയുമ്പോൾ ഒ.എൻ.വി. കുറുപ്പിന്റെ 'അമ്മ' എന്ന കവിതയെക്കുറിച്ച് ഓർക്കാതിരിക്കാൻ കഴിയില്ല.

'...... ചന്തമോലുന്നൊരാവലംകൈയും
ഞെട്ടിൽനിന്ന് പാൽ തുള്ളികളൂറും
മട്ടിലുള്ളൊരാനഗ്നമാം മാറും
കണ്ടുണർന്നെന്റെയുള്ളിലെ പൈതൽ
അമ്മ അമ്മയെന്നാർത്തു നിൽക്കുന്നു.'

സ്നേഹനിധിയായ ഈ അമ്മമാരെയും സഹോദരിമാരെയും സംരക്ഷിക്കുവാനും അവർക്ക് ശക്തി നൽകി ഉയർത്തികൊണ്ടുവരുവാനും പൊതു സമൂഹവും ഗവൺമെന്റും ബാദ്ധ്യസ്ഥരാണ്. കേരളത്തിന് അമ്മമാരുടെ, സഹോദരിമാരുടെ പോരാട്ടത്തിന്റെ നവോത്ഥാന കാലഘട്ടത്തിന്റെ ചരിത്രവുമുണ്ട്. പഴയ തിരുവിതാംകൂറിൽ നിലനിന്നിരുന്ന ഏറ്റവും ലജ്ജാകരമായ നികുതിയിനമായിരുന്നു മുലക്കരം. മുലക്കരം കൊടുക്കാൻ കഴിയാത്ത നങ്ങേലി സമരം നടത്തി. വിളക്കു കത്തിച്ചുവച്ച്, രണ്ടു മുലയും അറുത്ത് ഇലയിൽ വച്ച് രക്തസാക്ഷിയായ നങ്ങേലിയെ നമുക്ക് മറക്കാൻ കഴിയില്ല. കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് തുടക്കം കുറിച്ച ചാന്നാർ ലഹളയെ നമുക്ക് മറക്കാൻ കഴിയുകയില്ല. വി. ടി. ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽ നിന്നും അരങ്ങത്തേയ്ക്ക്' എന്ന നാടകത്തിൽ നമ്പൂതിരി സ്ത്രീകൾ നടത്തിയ പോരാട്ടങ്ങളെ നമുക്ക് മറക്കാൻ കഴിയുകയില്ല. കൂടാതെ താത്രിക്കുട്ടിയുടെ പോരാട്ടങ്ങളും മൂക്കു കുത്തുവാൻ ഈഴവ സ്ത്രീകൾ നടത്തിയ പോരാട്ടങ്ങളും മാലയിടാനും മാറു മറയ്ക്കുവാനും പുലയ സ്ത്രീകൾ നടത്തിയ പോരാട്ടങ്ങളും ചരിത്രത്തിന്റെ ഭാഗമാണ്. എന്തായാലും സ്ത്രീശാക്തീകരണത്തെയും സ്ത്രീകളെയും നമുക്ക് സംരക്ഷിക്കപ്പെടേണ്ടതുണ്ട്. അത് നമ്മുടെ ബാദ്ധ്യതയാണ് എന്നുമാത്രം പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിനെ പൂർണ്ണസന്തോഷത്തോടുകൂടി സ്വാഗതം ചെയ്തുകൊണ്ട് നിർത്തുന്നു.

12.28 PM]

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ഈ ബജറ്റിന്റെ ഒരു സവിശേഷത, ഇതൊരു പക്ഷപാതിത്വ ബജറ്റാണ് എന്നുള്ളതാണ്. പക്ഷേ, പക്ഷപാതിത്വം കാണിച്ചിരിക്കുന്നത് പാവപ്പെട്ടവരോടും ദുർബല വിഭാഗത്തോടുമാണ്. പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിന് 3351 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ജനസംഖ്യയിൽ 9.1 ശതമാനമാണ് നമ്മുടെ സംസ്ഥാനത്തെ പട്ടികജാതി/പട്ടിക വർഗ്ഗം. എന്നാൽ മൊത്തം പദ്ധതിയടങ്കലിന്റെ 9.81 ശതമാനമാണ് അവർക്കുവേണ്ടി വകയിരുത്തിയിരിക്കുന്നത്. ജനസംഖ്യാനുപാതികമായി അർഹതപ്പെട്ടതിലും അധികമായി പദ്ധതി വിഹിതം അവർക്ക് നൽകിയിരിക്കുന്നു എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ജനസംഖ്യയുടെ 1.45 ശതമാനം മാത്രമാണ് പട്ടികവർഗ്ഗക്കാർ. പക്ഷേ, പദ്ധതിയുടെ അടങ്കലിന്റെ 2.83 ശതമാനമാണ് പട്ടികവർഗ്ഗത്തിനുവേണ്ടി വകയിരുത്തിയിരിക്കുന്നത്. അതുകൊണ്ടാണ് ദുർബല വിഭാഗത്തോട് പക്ഷപാതിത്വമുള്ള ബജറ്റാണെന്ന് ആമുഖമായി ഞാൻ പറഞ്ഞത്. ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ പട്ടികജാതിക്കാർക്ക് അധികം ലഭിച്ചത് 188 കോടി രൂപയും പട്ടികവർഗ്ഗകാർക്ക് 366 കോടി രൂപയുമാണ്. അർഹതപ്പെട്ടതിന്റെ എത്രയോ അധികമാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകിയിട്ടുള്ളതെന്നത് ഈ ബജറ്റിന്റെ ഒരു പ്രത്യേകതയായി നമുക്ക് കാണാൻ സാധിക്കും.

നമ്മുടെ കലാലയങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗം, ന്യൂനപക്ഷം തുടങ്ങിയ വിഭാഗങ്ങൾക്ക് സ്കോളർഷിപ്പും മറ്റ് ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്. പക്ഷേ ചില ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ലഭിക്കുന്നത് കേന്ദ്രസർക്കാരിന്റെ സ്കോളർഷിപ്പാണ്. ഇക്കാര്യത്തിൽ വലിയൊരു അന്തരമുണ്ട്. സ്കൂളുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം, പിന്നോക്ക വിഭാഗം, ന്യൂനപക്ഷ വിഭാഗം എന്നിവർക്കെല്ലാം പല വഴിക്കാണ് സ്കോളർഷിപ്പ് വരുന്നതെങ്കിലും ഇതൊക്കെ ഒരേ ക്ലാസ്സിലാണ് ലഭിക്കുന്നത്. കർഷകർക്കും വൃദ്ധർക്കും വികലാംഗർക്കുമുള്ള പെൻഷൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 1100 രൂപയാക്കി ഏകീകരിച്ച സാഹചര്യത്തിൽ സ്കൂളുകളിലെ വ്യത്യസ്ത വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന സ്കോളർഷിപ്പുകൾ ഏകീകരിക്കാനുള്ള നടപടി സ്വീകരിക്കണം. അല്ലെങ്കിൽ പ്രതിപക്ഷം ഇതൊക്കെ മുതലെടുക്കാനുള്ള സാദ്ധ്യതയുണ്ട് എന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ചർച്ചിനേക്കാൾ വലിയ കുരിശ്ശടിയാണ് പാലോളി കമ്മീഷൻ റിപ്പോർട്ട് എന്ന് ചിലർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സച്ചാർ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ചാണ് ഇത് സൂചിപ്പിച്ചത്. ഇതിലെ തെറ്റിദ്ധാരണ എന്നുപറയുന്നത്,

ഇന്ത്യയിലെ മുഴുവൻ ന്യൂനപക്ഷ വിഭാഗങ്ങളുടെയും സ്ഥിതിഗതികൾ പഠിക്കുന്നതിനായി നിയോഗിക്കപ്പെട്ട ഒരു സമിതിയല്ല സച്ചാർ കമ്മീഷൻ. പലർക്കും അങ്ങനെ ഒരു ധാരണയുണ്ട്. മുസ്ലീം വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥയെ സംബന്ധിച്ച് പഠിക്കാനാണ് കേന്ദ്രസർക്കാർ സച്ചാർ കമ്മീഷനെ നിയോഗിച്ചത്. പ്രസ്തുത റിപ്പോർട്ട് നടപ്പാക്കാനുള്ള ഉത്തരവാദിത്വം കേന്ദ്രസർക്കാരിനാണ്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ ഇന്നുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. മുസ്ലീം വിഭാഗങ്ങൾക്ക് മാത്രമായി കേന്ദ്രസർക്കാർ നടപ്പാക്കുന്ന ഒരേയൊരു പദ്ധതിയാണ് മദ്രസ്സ നവീകരണ പദ്ധതി. ബാക്കിയുള്ളതൊക്കെ മറ്റ് ന്യൂനപക്ഷ വിഭാഗങ്ങൾക്കു വേണ്ടിയുള്ളതാണ്. ചില ആളുകൾ പ്രത്യേകിച്ച്, മുസ്ലീം ലീഗുകാർ അത് കേന്ദ്ര സർക്കാർ കൊടുത്തതാണെന്ന് പറയുകയുണ്ടായി. യഥാർത്ഥത്തിൽ, പാലോളി കമ്മിറ്റി ശിപാർശകൾ കേരളത്തിന്റെ സാഹചര്യങ്ങളുമായി വലിയ രീതിയിൽ യോജിക്കുന്നില്ലെന്ന് നമുക്ക് അറിയാം. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളേക്കാൾ പിന്നിലാണ് മുസ്ലീം സമൂഹത്തിന്റെ സ്ഥിതിയെന്നാണ് സച്ചാർ കമ്മിറ്റി റിപ്പോർട്ടിൽ വ്യക്തമായി പറഞ്ഞിട്ടുള്ളത്. പക്ഷേ ഇതിൽനിന്നും തികച്ചും വ്യത്യസ്തമാണ് കേരളത്തിലെ സ്ഥിതി. ആ വ്യത്യസ്ത സമീപനത്തിലാണ് കേരളത്തിന്റെ കാര്യങ്ങൾ പഠിക്കുന്നതിനായി പാലോളി കമ്മീഷൻ നിയോഗിക്കപ്പെട്ടതും 14 ജില്ലകളിലും സന്ദർശനം നടത്തി റിപ്പോർട്ട് സ്വരൂപിച്ചിട്ടുള്ളതും. കേരളത്തിലെ മുസ്ലീം പെൺകുട്ടികൾക്ക് ഉന്നത പഠനത്തിനുള്ള സൗകര്യങ്ങളില്ല എന്നാണ് പാലോളി കമ്മീഷൻ റിപ്പോർട്ടിന്റെ കണ്ടെത്തൽ. ബാക്കിയുള്ള കാര്യത്തിലൊക്കെ അവർ വളരെ മുന്നിലാണ്. കേരളത്തിലെ മുസ്ലീം പെൺകുട്ടികളാണ് ഏറ്റവും പിന്നിലുള്ളത്. മുസ്ലീം പെൺകുട്ടികൾ സ്കൂൾ തലത്തിൽ പിന്നോക്കമല്ല, എന്നാൽ ഉന്നത വിദ്യാഭ്യാസത്തിന് അവർക്ക് ആവശ്യമായ സൗകര്യങ്ങളില്ല എന്നുള്ളതാണ്. അതിനനുസൃതമായാണ് മുസ്ലീം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തിയത്. അത് എല്ലാ വിഭാഗങ്ങൾക്കുമുള്ള സ്കോളർഷിപ്പല്ല, മറിച്ച് മുസ്ലീം വിദ്യാർത്ഥികൾക്ക് മാത്രമുള്ളതാണ്. കേന്ദ്രസർക്കാർ നടപ്പാക്കിയ സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള സ്കോളർഷിപ്പല്ല കേരളത്തിൽ കൊടുക്കുന്നത്. പാലോളി കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ഏർപ്പെടുത്തിയ സ്കോളർഷിപ്പിന്റെ പേര് സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് എന്നാക്കി മാറ്റുകയാണ് മുസ്ലീംലീഗുകാർ ഭരണത്തിൽ വന്നപ്പോൾ ചെയ്തത്. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം സൂചിപ്പിച്ചതുപോലെ, സ്കോളർഷിപ്പിന് സി.എച്ച്. മുഹമ്മദ് കോയയുടെ പേര് നൽകിയതിൽ ഞങ്ങൾക്ക് ആർക്കും വിരോധമില്ല. പക്ഷേ, സ്വന്തമായി ഒരു സ്കോളർഷിപ്പ് ഉണ്ടാക്കിയിട്ട് ഈ പേര് കൊടുത്തിരുന്നെങ്കിൽ അത് കൂടുതൽ നന്നാകുമായിരുന്നുവെന്ന് മാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

പാലോളി കമ്മീഷൻ ശിപാർശ അനുസരിച്ച് ധാരാളം കാര്യങ്ങൾ ചെയ്തല്ലോ. നമുക്കറിയാം, അലിഗഡ് സർവ്വകലാശാലയുടെ ഓഫ് ക്യാമ്പസ്സിനായി 300 ഏക്കർ സ്ഥലമെടുത്തത് ബഹുമാനപ്പെട്ട എം. എ. ബേബിയാണ്. എല്ലാവരും ചേർന്ന് വില നിശ്ചയിച്ചാണ് 300 ഏക്കർ സ്ഥലം വാങ്ങി അലിഗഡ് സർവ്വകലാശാലയുടെ ഓഫ് ക്യാമ്പസ് സ്ഥാപിച്ചത്. അവർ ഒരു EFLU (English & Foreign Languages University) കൊണ്ടുവന്നിരുന്നല്ലോ? പ്രസ്തുത സർവ്വകാലശാല മലപ്പുറത്തും പാണക്കാട്ടും വേണമെന്ന് പറഞ്ഞിരുന്ന ആളുകൾ ഒരു ഇഫ്ലു സർവ്വകലാശാല പാണക്കാട് കൊണ്ടുവരികയുണ്ടായി. ഇപ്പോൾ അതിന്റെ സ്ഥിതി എന്താണ്? അത് ജീവിച്ചിരിപ്പുണ്ടോ മരിച്ചുപോയോ എന്നുള്ളത് ആർക്കും അറിയില്ല. ഇതുസംബന്ധിച്ച് ആരും ഒരു അക്ഷരവും ഉരിയാടുന്നില്ല. സച്ചാർ കമ്മീഷൻ റിപ്പോർട്ടിനെയും പാലോളി കമ്മീഷൻ റിപ്പോർട്ടിനെയും സംബന്ധിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത്, ചർച്ചിനേക്കാൾ വലിയ കുരിശ്ശടിയായി നിങ്ങൾ ഇതിനെ വ്യാഖ്യാനിക്കേണ്ട എന്നാണ്. ഇത് രണ്ടും രണ്ട് വിഷയങ്ങളാണെന്നുള്ളത് വ്യക്തമാക്കാനാണ് ഞാൻ ഇത്രയും കാര്യങ്ങൾ വിശദമായി പറഞ്ഞത്. ന്യൂനപക്ഷ വിഭാഗത്തെക്കുറിച്ച് പറയുമ്പോൾ, ഇത് ഈ ഗവൺമെന്റിന്റേതല്ല, കേന്ദ്ര സർക്കാരിന്റേതാണെന്ന് പറയുന്ന ആളുകളോട് എനിക്ക് ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, കേന്ദ്രസർക്കാർ അവരുടെ വിഹിതം കഴിഞ്ഞ തവണയുണ്ടായിരുന്ന 30 ശതമാനത്തിൽ നിന്നും 16 ശതമാനമായി കുറച്ചിരിക്കുന്നു. എന്നാൽ കഴിഞ്ഞ പ്രാവശ്യത്തെ ബജറ്റിൽ 50 കോടി രൂപയിൽനിന്ന് 90 കോടി രൂപയായാണ് ന്യൂനപക്ഷ ക്ഷേമത്തിനുള്ള ബജറ്റ് വിഹിതം വർദ്ധിപ്പിച്ചിട്ടുള്ളത് എന്നുകൂടി ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. പാലോളി കമ്മീഷൻ ശിപാർശപ്രകാരം നടപ്പാക്കേണ്ട വിഷയങ്ങളിൽ എവിടെയൊക്കെയാണ് കുറവ് വന്നിട്ടുള്ളത്? ആ കാര്യങ്ങളാണ് കമ്മീഷൻ ശിപാർശയായി സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത ശിപാർശയനുസരിച്ചുള്ള നടപടികളുമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

വികസന പ്രവർത്തനങ്ങൾക്ക് പണം എവിടെയാണ്; എന്താണ് കിഫ്ബി എന്നൊക്കെ ചില ആളുകൾ ചോദിക്കുകയുണ്ടായി. കൊച്ചി മെട്രോ, വിഴിഞ്ഞം തുറമുഖം പദ്ധതികൾക്കായി ഈ ബജറ്റിൽ എവിടെ നിന്നാണ് പണം കണ്ടെത്തിയതെന്ന് ആരും ചോദിച്ചില്ല. പ്രസ്തുത പദ്ധതികൾ ഈ സർക്കാർ നടപ്പാക്കിവരികയാണ്. കിഫ്ബി എന്ന് പറയുന്നത് പുതിയൊരു സംവിധാനമല്ല. നേരത്തേ ഉണ്ടായിരുന്ന കിഫ്ബി എന്ന സംവിധാനത്തിൽ ചില നിയമഭേദഗതികൾ വരുത്തിക്കൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. എടുത്തുപറയേണ്ട ഒരു വസ്തുത, അഴിമതി ഇല്ലാതാക്കാൻ വേണ്ടി മുൻ സി.&എ.ജി.

കൂടിയായ വിനോദ് റായിയെ കിഫ്ബിയുടെ ഉപദേശക സമിതി ചെയർമാനാക്കി എന്നുള്ളതാണ്. ക്ലീൻ ഇമേജുകൊണ്ട് തന്റെ ഔദ്യോഗിക ജീവിതം സമ്പന്നമാക്കിയിട്ടുള്ള ഒരാളെ ഇത്തരമൊരു സ്ഥാനത്ത് നിർത്തുകവഴി സർക്കാരിന്റെ ഉദ്ദേശ്യം വ്യക്തമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ നേരത്തേ ചില ചർച്ചകളിൽ വന്നൊരു കാര്യമുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പിന്നോക്ക വിഭാഗത്തിലെ 30-ഓളം വിഭാഗങ്ങളെ ഒ.ഇ.സി. വിഭാഗത്തിൽ ഉൾപ്പെടുത്തുകയുണ്ടായി. അതിന് നേരിടേണ്ടി വന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ചും ബജറ്റിൽ റീ-അലോക്കേഷൻ വരുത്തേണ്ടത് സംബന്ധിച്ചുമൊക്കെയുള്ള കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ ഒ.ബി.സി. വിഭാഗത്തിലുള്ള മിക്കവാറും എല്ലാവരും ഒ.ഇ.സി.-യുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നവരായി മാറിയിട്ടുണ്ട്. ഇനി ഇതിൽ കുറച്ച് വിഭാഗം മാത്രമേ ഒ.ഇ.സി.-യുടെ ആനുകല്യങ്ങൾ ലഭിക്കാത്തവരായിട്ടുള്ളൂ. ന്യൂനപക്ഷ സമുദായങ്ങൾ പിന്നോക്ക സമുദായത്തിന്റെ ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കേണ്ടതില്ല എന്നൊരു ഉത്തരവ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പുറപ്പെടുവിച്ചിട്ടുണ്ട്. അത് ശരിയായൊരു ഉത്തരവാണെന്ന് എനിക്ക് തോന്നുന്നില്ല.

കഴിഞ്ഞ നിയമസഭയിൽ ഞാൻ ലോക്കൽ ഫണ്ട് അക്കൗണ്ടസ് കമ്മിറ്റിയിലെ ഒരു അംഗമായിരുന്നു. പ്രസ്തുത കമ്മിറ്റിയിൽ ഗവൺമെന്റ് ഗ്രാന്റ് കൊടുക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും പ്രശ്നങ്ങൾ വരും. വഖഫ് ബോർഡ്, ഹജ്ജ് കമ്മിറ്റി, ക്ഷേത്രങ്ങളുടെ കാര്യങ്ങൾ, ദേവസ്വത്തിന്റെ കാര്യങ്ങളൊക്കെ ഇതിൽ ഉൾപ്പെടും. ദേവസ്വത്തിന്റെ കണക്ക് എൽ.എഫ്.എ. കമ്മിറ്റി പരിശോധിക്കേണ്ടതില്ല എന്ന് തീരുമാനം എടുക്കുകയും അക്കാര്യം അവർ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയെ അറിയിക്കുകയുമുണ്ടായി. ഈ കമ്മിറ്റിയിൽ ഹിന്ദുക്കളല്ലാത്ത മെമ്പർമാർ ഉണ്ടെന്നും, അതുകൊണ്ട് നിയമസഭാ സമിതി ദേവസ്വത്തിന്റെ കണക്കുകൾ പരിശോധിക്കേണ്ടതില്ലെന്നുമുള്ള നിലപാടാണ് അവരെടുത്തത്. പ്രസ്തുത കമ്മിറ്റിയുടെ അന്നത്തെ ചെയർമാനും മെമ്പർമാരും അത് അനുവദിച്ചില്ല. ഇക്കാര്യത്തിൽ സമിതി ദേവസ്വം വകുപ്പ് സെക്രട്ടറിയെ വിളിച്ചുവരുത്തി. ഗവൺമെന്റിൽനിന്നും ഗ്രാന്റ് ലഭിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും കണക്കുകൾ പരിശോധിക്കാൻ നിയമസഭാ സമിതിയായ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിക്ക് അവകാശമുണ്ടെന്ന് പറയുകയുണ്ടായി. ഞാൻ ഇവിടെ ഇത് പറയാനുള്ള കാരണം, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നേരത്തേ പ്രസംഗിച്ചപ്പോൾ ഗുരുവായൂരിന്റെ കാര്യത്തിൽ, അവിടത്തെ എം.എൽ.എ. ശ്രീ. കെ. വി. അബ്ദുൾ ഖാദർ ആണെന്ന് അദ്ദേഹത്തിന് അറിയാം, ശ്രീ. കെ. വി. അബ്ദുൾ ഖാദറിന് എന്താണ് കാര്യമെന്ന് ചോദിക്കുകയുണ്ടായി.

ചില ആളുകളുടെ മനസ്സിലുള്ള കാര്യം ദേഷ്യം വരുമ്പോൾ പുറത്തുവരുമെന്നുള്ളത് സ്വാഭാവികമാണ്. യഥാർത്ഥത്തിൽ, ബഹുമാനപ്പെട്ട സ്പീക്കർ ജയിച്ചുവന്നത് പൊന്നാനി മണ്ഡലത്തിൽനിന്നാണ്. പൊന്നാനി എന്നുപറയുന്നത് കേരളത്തിലെ മുസ്ലീം വിഭാഗങ്ങളുടെ മെക്കയാണ്. അവിടെനിന്നാണ് ശ്രീ. പി. ശ്രീരാമകൃഷ്ണൻ വിജയിച്ച് കേരള നിയമസഭയുടെ സ്പീക്കറായി വന്നത്. ഗുരുവായൂർ എന്ന് പറയുന്നത്, ഇന്ത്യയിലെ മൊത്തം ഹിന്ദുസഹോദരന്മാരുടെയും പ്രത്യേകമായൊരു ആരാധനാ കേന്ദ്രമാണ്. അവിടെനിന്നും ജയിച്ചുവന്ന ആളുടെ പേര് ശ്രീ. കെ. വി. അബ്ദുൾ ഖാദർ എന്നാണ്. അതുപോലെ ശബരിമല സ്ഥിതിചെയ്യുന്ന റാന്നി മണ്ഡലത്തിൽനിന്നും വിജയിച്ചുവന്നത് ശ്രീ. രാജു എബ്രഹാമാണ്. അതൊക്കെ ഇഷ്ടപ്പെടാത്ത ആളുകളാണ് നമ്മുടെ സഭയിലുള്ളത്. ബഹുമാനപ്പെട്ട എ. കെ. ആന്റണി പറഞ്ഞതുപോലെ, പകൽ കോൺഗ്രസ്സും രാത്രി ആർ.എസ്.എസ്.-ഉം ആകുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് വന്നുപെട്ടതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, നമ്മുടെ സംസ്ഥാനത്ത് കോൺഗ്രസ്സ് പകലും ആർ.എസ്.എസ്. ആയിരിക്കുന്നുവെന്ന് തെളിയിച്ചിട്ടുണ്ട്.

ശ്രീ. പി. ടി. എ. റഹീം: സർ, പല സംസ്ഥാനങ്ങളിലും മുഖ്യമന്ത്രിമാർ ഉൾപ്പെടെ മന്ത്രിസഭ ഒന്നാകെയാണ് അപ്പുറത്തേക്ക് പോകുന്നതെന്ന് നമുക്കറിയാം. പകലും രാത്രിയും മാത്രമല്ല, 24 മണിക്കൂറും അങ്ങനെ ആയതുകൊണ്ടാണ് അത് പുറത്തുവന്നത് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട ഹൈബി ഈഡൻ ഫാസിസത്തിന്റെ മുഖം ഒന്നുതന്നെയാണെന്ന് നേരത്തെ ഇവിടെ സൂചിപ്പിച്ചിരുന്നു. ഗുജറാത്തിലെ കോൺഗ്രസ് എം.പി. ആയിരുന്ന ഇഹ്സാൻ ജഫ്രി ജീവനോടെ ചുട്ടുകൊല്ലപ്പെട്ട ആളാണ്. അദ്ദേഹത്തിന്റെ വീട് ആദ്യമായല്ല കത്തിക്കുന്നത്, 1969-ലും അദ്ദേഹത്തിന്റെ വീട് കത്തിച്ചിട്ടുണ്ട്. അദ്ദേഹവും കുടുംബവും 1969-ൽ വീട് കത്തിയതിനാൽ അഭയാർത്ഥി ക്യാമ്പിൽ താമസിക്കുകയും വീണ്ടും തിരികെവന്ന് അവിടെത്തന്നെ വീട് നിർമ്മിച്ച് താമസിക്കുകയും ചെയ്തു. അതുകൊണ്ട് ബി.ജെ.പി.-യും കോൺഗ്രസ്സും ഒന്നാണ് എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. 1969-ലും 1992-ലുമൊക്കെ ബെഞ്ച് മാറിയിരുന്നു എന്നല്ലാതെ അവരുടെ മനോഭാവത്തിൽ മാറ്റം വന്നിട്ടുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. എറണാകുളത്ത് മറൈൻ ഡ്രൈവിലുണ്ടായ ഒരു വിഷയം ഇവിടെ സൂചിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നതിനുമുമ്പുതന്നെ ഇങ്ങനെയൊരു ഗൂഢാലോചന നടന്നിട്ടുണ്ടെന്ന് ഞാൻ പറഞ്ഞിരുന്നു. കാരണം പോലീസ് നേരത്തേതന്നെ അവിടെനിന്ന് എല്ലാ ആളുകളെയും ഒഴിപ്പിച്ചിരുന്നു.

പിന്നീട് ഇവർ ചില ആളുകളെ അവിടെ കൊണ്ടുവരികയും മാധ്യമങ്ങളെയും മറ്റും അറിയിച്ച് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു. പോലീസുകാരും ഇതിന് കൂട്ടുനിന്നോ എന്ന കാര്യത്തിൽ സംശയമുണ്ട്. ഇതൊരു ഗൂഢാലോചന തന്നെയാണ്, അതാണ് രാവിലെ ഇവിടെ കണ്ടത്. അല്ലാതെ നിയമസഭ സ്തംഭിപ്പിക്കാനുള്ള സാഹചര്യമൊന്നും ഇന്നത്തെ ചർച്ചയിൽ ഉണ്ടായിട്ടില്ല, ഇത് പ്രീ-പ്ലാൻഡായി നടത്തിയ സംഭവമാണ്. അതുകൊണ്ടു തന്നെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, നേരത്തേ പ്ലാൻ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് മാധ്യമങ്ങളെയും മറ്റും വരുത്തി അവിടെ എല്ലാ സൗകര്യവും ചെയ്തതെന്ന്. എല്ലാ ആളുകളെയും പോലീസ് അവിടെനിന്ന് മാറ്റിയിരുന്നു. അതിനുശേഷം ഇവർക്ക് ഓടിക്കാനായി ആളുകളെ അവിടെ കിട്ടിയതെങ്ങനെ എന്നതുകൂടി പോലീസ് അന്വേഷിക്കണം

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. വി. അബ്ദുൾ ഖാദർ]

നമ്മുടെ സംസ്ഥാനത്ത് ധാരാളം കാര്യങ്ങൾ ഇപ്പോൾ നന്നായി നടക്കുന്നുണ്ട്. വിദ്യാഭ്യാസ രംഗത്ത് ഒരു പുത്തനുണർവുണ്ടായിരിക്കുന്നു. നമ്മുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ സ്കൂളുകളിലും വിദ്യാഭ്യാസ സമിതികൾ രൂപീകരിച്ചുകൊണ്ടിരിക്കുകയാണ്. കാർഷിക രംഗത്തുണ്ടായതുപോലെ വിദ്യാഭ്യാസ രംഗത്തും എല്ലാ സ്കൂളുകൾക്കും നന്നാവണമെന്ന ചിന്ത വന്നിട്ടുണ്ട്. ഇങ്ങനെയുള്ള കാര്യങ്ങളിൽ ഏറ്റവും ഉചിതമായൊരു ബജറ്റാണിത്. അതോടൊപ്പം ഞാൻ എഴുതിക്കൊടുത്ത കടലാസ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയിൽനിന്നും മിസ്പ്ലേസ് ചെയ്തുപോയോ എന്ന് സംശയമുണ്ട്. അത് കണ്ടെത്തി അക്കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഉപധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

12.43 PM]

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ഈ ബജറ്റിൽ വിദ്യാഭ്യാസം, ആരോഗ്യം, റോഡ്, പട്ടികജാതി-പട്ടികവർഗ്ഗം, കുടിവെള്ളം എന്നിവയ്ക്കൊക്കെ ധാരാളം തുക വകയിരുത്തിയിട്ടുണ്ട്. ഇവിടെ ഗവൺമെന്റ് വലിയൊരു മാറ്റം കൊണ്ടുവരുമെന്ന പ്രതീക്ഷയാണ് ജനങ്ങൾക്കുള്ളത്. ഈ നൂറ്റാണ്ടിൽ കേരളം കണ്ടതിൽവച്ച് ഏറ്റവും രൂക്ഷമായ വരൾച്ച നേരിടുകയാണ്. വരൾച്ചയുടെ ദുരിതം നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഇനിയൊരു വരൾച്ച ഉണ്ടാകാതിരിക്കാനാവശ്യമായ മുൻകരുതലുകൾ സ്വീകരിക്കണം. വരൾച്ച നേരിടാൻ ബന്ധപ്പെട്ട വകുപ്പുകളും ഉദ്യോഗസ്ഥരും

വേണ്ടത്ര ശ്രദ്ധിച്ചിട്ടുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഈ ബജറ്റിൽ മേജർ, മീഡിയം ഇറിഗേഷൻ പ്രോജക്ടുകൾക്ക് വേണ്ടത്ര ശ്രദ്ധ നൽകിയിട്ടില്ലെന്ന് എനിക്ക് തോന്നുന്നു. ഇതിനായി വകയിരുത്തിയിരിക്കുന്നത് 413 കോടി രൂപയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇത് ശ്രദ്ധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ തുക എന്തിനാണ് നീക്കിവച്ചിരിക്കുന്നതെന്നുകൂടി അങ്ങ് പരിശോധിക്കണം. ലോക ബാങ്ക് സഹായം പൂർണ്ണമായി ലഭിക്കേണ്ട Dam Rehabilitation and Improvement Project (DRIP)-ന് 250 കോടി രൂപ നീക്കിവച്ചു. ലോക ബാങ്കിന്റെ സഹായമെങ്ങനെയാണ് ഈ ബജറ്റിൽ വരുന്നത്? അത് വളരെ ഗൗരവമായി അങ്ങ് പരിശോധിക്കണം. അതുപോലെതന്നെ നബാർഡിന്റെ സഹായവും, ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ 40 കോടി രൂപ നീക്കിവച്ചിട്ടുണ്ട്, 40 കോടി രൂപയും ചെലവഴിച്ച ശേഷമാണ് കിട്ടുന്നത്. അതും ബജറ്റിൽ വന്നിട്ടുണ്ട്. അതായത് 413 കോടി രൂപയിൽ 123 കോടി രൂപയാണ് ബാക്കി പ്രോജക്ടുകൾക്കായി നീക്കിവച്ചിട്ടുള്ളത്. മേജർ ഇറിഗേഷൻ പദ്ധതിക്കുള്ള 123 കോടി രൂപയിൽ ഏകദേശം 76 കോടി രൂപ ശമ്പളത്തിനുവേണ്ടി ചെലവാകും. 53 കോടി രൂപയാണ് മേജർ ഇറിഗേഷൻ പ്രോജക്ടിന് ലഭിക്കുന്നത്. 53 കോടി രൂപയിൽ മുല്ലപ്പെരിയാറിന് 5 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മാണം നടക്കില്ലെന്ന് എല്ലാവർക്കുമറിയാം. അതുപോലെ ഇടമലയാർ പദ്ധതിക്കായി 20 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. അതിൽ ശമ്പളത്തിനായി 10.5 കോടി രൂപ. ബാക്കി അതിൽ എത്ര തുകയാണുള്ളത്? ബാക്കിയുള്ള തുകയാണ് അനുബന്ധ സർവ്വീസുകൾക്കായി ലഭിക്കുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇറിഗേഷൻ പ്രോജക്ടുകൾ ആരംഭിച്ചിട്ട് എത്ര വർഷമായെന്നും അപ്പോൾ എത്ര രൂപയാണ് വകയിരുത്തിയിരുന്നതെന്നും ഇപ്പോൾ എത്ര ചെലവാക്കിയിട്ടുണ്ടെന്നും ബഹുമാനപ്പെട്ട അംഗം പരിശോധിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, 140 കോടി രൂപ എന്നത് 670 കോടി രൂപയായി. 7 ചീഫ് എഞ്ചിനീയർമാരും അനുബന്ധ സ്റ്റാഫുകളും ഉണ്ടായിരുന്നിട്ടും ഇവിടെ എന്താണ് ചെയ്തിട്ടുള്ളത്? അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇടപെട്ട് ഇതിനൊരു പോംവഴിയുണ്ടാക്കണം. 7 ചീഫ് എഞ്ചിനീയർമാർ ഉണ്ടായിരുന്നിട്ടും കഴിഞ്ഞ 20 വർഷമായി ഒരു പ്രോജക്ടുപോലും എടുത്തിട്ടില്ല. അത് നമ്മൾ പരിശോധിക്കേണ്ടേ; ഇത് നമ്മുടെ നാടിന് ലഭിക്കേണ്ട പ്രോജക്ടുകളല്ലേ? 30 ടി.എം.സി. ജലം കാവേരിയിൽ അനുവദിച്ചുതന്നു; അതിനായുള്ള പ്രോജക്ട്

ബജറ്റിൽ കൊണ്ടുവരേണ്ടതല്ലേ? കബനിയിലെ പ്രോജക്ട് പൂർത്തിയാക്കണമെങ്കിൽ 4000 കോടി രൂപയാണ് വേണ്ടത്. മലമ്പുഴയിലേത് 6 ടി.എം.സി. ജലമാണ്. 30 ടി.എം.സി. ജലത്തിനായി 6 ടി.എം.സി.യുള്ള 5 ഡാമിന്റെ നിർമ്മാണം നമുക്ക് അനുവദിച്ചുകിട്ടിയതാണ്. അത് നമ്മൾ ഉപയോഗിക്കുന്നില്ല എന്നതാണ് സങ്കടകരം. ക്യാഷ് ക്രോപ്പുകൾക്കാണ് ഇതുകൊണ്ട് കൂടുതൽ ഗുണം ലഭിക്കുന്നത്. അതിനാൽ 5 വർഷം കൊണ്ട് 4000 കോടി രൂപയുടെ ഇരട്ടിയിലധികം തുക തിരിച്ചുലഭിക്കും. എന്നാൽ ഇതിനായി ആവശ്യത്തിന് തുക വകയിരുത്താൻ സാധിച്ചിട്ടില്ല. 5 കോടി രൂപയാണ് തടയണയ്ക്കായി വകയിരുത്തിയിരിക്കുന്നത്. പണം എങ്ങനെ കണ്ടെത്തുമെന്നും പ്രോജക്ടുകൾ നമുക്ക് അനുകൂലമായി കൊണ്ടുവരാൻ സാധിക്കുന്നത് സംബന്ധിച്ചും വളരെ ഗൗരവമായി ആലോചിക്കണം. അതുപോലെ നിലവിലുള്ള പദ്ധതികളുടെ മെയിന്റനൻസ് നടത്താത്തതിനാൽ 40 ശതമാനം ജലം പാഴായിപ്പോവുകയാണ്. 2013-ൽ എ.ഐ.ബി.പി.-യിൽ തുക വയ്ക്കേണ്ടതാണ്; പ്രോജക്ട് കൊടുക്കേണ്ടതാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് കുറ്റകരമായ അനാസ്ഥയാണ് അക്കാര്യത്തിൽ കാണിച്ചത്. അതിന്റെ ഫലം ഇപ്പോൾ അനുഭവിക്കുകയാണ്. അതിന് കിട്ടേണ്ട തുക ഇപ്പോൾ കിട്ടാത്ത അവസ്ഥ വന്നിരിക്കുകയാണ്. മെയിന്റനൻസ് നടത്താതെ എല്ലാ കനാലുകളും പൊട്ടിപ്പൊളിഞ്ഞ് അവിടെ മരങ്ങൾ വളർന്നുനിൽക്കുകയാണ്. അതിന്റെ മെയിന്റനൻസ് നടത്തിയാൽ 40 ശതമാനം ജലം സംരക്ഷിക്കാൻ കഴിയും. അതിന് തുക വകയിരുത്തിയിട്ടില്ല. അതുപോലെ ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാൻ തയ്യാറാക്കിയിരുന്നുവെങ്കിൽ തുക കേന്ദ്ര ഗവൺമെന്റിൽനിന്നുതന്നെ ലഭിക്കുമായിരുന്നു. നമ്മൾ ഇതിനായി കുറച്ചുതുക നീക്കിവയ്ക്കേണ്ട ആവശ്യമേയുള്ളൂ. ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാൻ തയ്യാറാക്കാൻ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. എല്ലാ ജില്ലയ്ക്കും പ്ലാൻ തയ്യാറാക്കാനായി 10 ലക്ഷം രൂപ നൽകിയെങ്കിലും അതിനായി ഒരു സംവിധാനവും ചെയ്തില്ല. ഞങ്ങളെല്ലാംകൂടി ബഹളമുണ്ടാക്കിയതിനാൽ പാലക്കാട് ചെറിയൊരു വർക്കുമാത്രം നടത്തിയിട്ടുണ്ട്. ബാക്കി ഒരു സ്ഥലത്തും നടത്തിയിട്ടില്ല. Per drop more crop എന്നതാണ് ഇതിന്റെ മുദ്രാവാക്യം. എന്നാൽ നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട് പി.എം.കെ.എസ്.വൈ.-യിൽനിന്ന് 52000 കോടി രൂപയാണ് നേടിയെടുത്തത്. അതുപോലെ മറ്റ് പല സംസ്ഥാനങ്ങളും പ്രോജക്ട് കൊടുത്ത് എല്ലാ ഏർപ്പാടും ചെയ്തുകഴിഞ്ഞു. നമ്മൾ ഇനിയും അതിന്റെ ഒരു കാര്യവും തുടങ്ങിയിട്ടില്ല. അതുകൊണ്ട് ബഹുമാന്യരായ മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും ഇക്കാര്യത്തിൽ ഇടപെടണം. സ്റ്റേറ്റ് ഇറിഗേഷൻ പ്ലാനും ഒന്നുമായിട്ടില്ല. അത് സമർപ്പിച്ച്

തമിഴ്നാടിന് ലഭിച്ചതിനേക്കാൾ കൂടുതൽ പണം വാങ്ങാനുള്ള നടപടി സ്വീകരിക്കണം. കാരണം ക്യാഷ് ക്രോപ് കൂടുതലുള്ള സ്ഥലമായതിനാൽ കൂടുതൽ കൊടുത്താൽ രണ്ടിരട്ടിയോ മൂന്നിരട്ടിയോ വിളവുണ്ടാക്കാൻ സാധിക്കും. അത് മുഴുവൻ ജി.സി.എഫ്.-ന്റെ ഗ്രാന്റാണ്. ആ പ്രോജക്ടും ഇതുവരെ തുടങ്ങിയിട്ടില്ല. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കത്തയച്ചതിനുശേഷം അതിൽ ചീഫ് സെക്രട്ടറി ഇടപെട്ടുവെങ്കിലും പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. മറ്റ് സംസ്ഥാനങ്ങളെല്ലാം പ്രോജക്ട് സമർപ്പിച്ചുകഴിഞ്ഞു. അതിനുള്ള നടപടി സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്.

മഴനിഴൽ പ്രദേശങ്ങൾക്ക് പ്രത്യേക പദ്ധതി ആവിഷ്കരിക്കൽ എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽതന്നെ ഉണ്ടായിരുന്നതാണ്. ഇതു സംബന്ധിച്ച് ഇറിഗേഷൻ വകുപ്പിന്റെ ഭാഗത്തുനിന്നും പ്രോജക്ട് വന്നിട്ടില്ല. കാർഷിക മേഖല തകർച്ച നേരിടുകയാണ്. അഞ്ച് ഏക്കറിൽ നെൽക്കൃഷി ചെയ്യുന്ന കർഷകന്റെ വരുമാനം എത്രയാണെന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോട് ചോദിച്ചപ്പോൾ, അദ്ദേഹം എഴുതിത്തന്ന മറുപടി ഒരു മാസത്തെ വരുമാനം 5000 രൂപയെന്നാണ്. ഒരു കർഷകന്റെ കുടുംബത്തിന് 5000 രൂപകൊണ്ട് ജീവിക്കാൻ കഴിയുമോ? അതുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രകടന പത്രികയിൽ രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ പറയുന്നത്. അതിൽ ഒന്ന്, നെൽക്കൃഷി ചെയ്യുമ്പോൾ റോയൽറ്റി കൊടുക്കണമെന്നതാണ്. ഒരു ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുമ്പോൾ ഗ്രൗണ്ട് വാട്ടറായും മറ്റും സമൂഹത്തിനുണ്ടാകുന്ന ഗുണം 22.5 ലക്ഷം രൂപയാണെന്നാണ് യു.എൻ. റിപ്പോർട്ട്. അതുകൊണ്ട് പ്രകടനപത്രികയിൽ പറഞ്ഞ റോയൽറ്റി ഉണ്ടാകണം. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ലാഭത്തിന്റെ ഒരു വിഹിതം കർഷകന് നൽകണമെന്ന് പ്രകടന പത്രികയിൽ പറഞ്ഞത് നടപ്പാക്കിയാൽ നെൽക്കൃഷിക്കാരെ രക്ഷിക്കാൻ കഴിയും. ടി.ഡി.എസ്.-ൽ കൂടിയല്ലാതെ 40 ലക്ഷം ടൺ അരി കിട്ടുന്നുണ്ട്. അതിൽനിന്ന് ഒരു രൂപ മാറ്റിവച്ചാൽ 400 കോടി രൂപ കിട്ടും. 400 കോടി രൂപ കിട്ടിയാൽ ഒരു ഏക്കർ കൃഷി ചെയ്യാൻ 15,000 രൂപ ബോണസ് നൽകുമ്പോൾ 2,500 രൂപ വച്ച് മൂന്ന് തൊഴിലാളികൾക്ക് ബോണസ് കൊടുക്കാം. അതിന് 50 കോടി രൂപയുണ്ട്.

മി. ചെയർമാൻ: പ്ലീസ്...അവസാനിപ്പിക്കൂ. അനുവദിച്ച സമയം കഴിഞ്ഞു. 1.5 മിനിട്ട് കൂടുതലുമായി.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പ്രതിപക്ഷമില്ലല്ലോ. രണ്ട് മിനിട്ടിനുള്ളിൽ ഞാൻ അവസാനിപ്പിക്കാം.

മി. ചെയർമാൻ: അതുപറഞ്ഞിട്ട് കാര്യമില്ല. സമയക്രമം പാലിച്ച് പോകുന്നതാണ് നല്ലത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അതുകൊടുത്താൽ അവർക്ക് പ്രോവിഡന്റ് ഫണ്ടും പെൻഷനും ചികിത്സാ സൗകര്യവും ഏർപ്പെടുത്താം. അത്തരത്തിൽ കൃഷിയിലേയ്ക്ക് ആളുകളെ ആകർഷിച്ചാൽ മാത്രമേ കൃഷി നഷ്ടപ്പെടാതെ പിടിച്ചുനിർത്താൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഇക്കാര്യം ഗൗരവത്തിലെടുത്താൽ കൃഷി നിലനിർത്താനും വരൾച്ചയെ നേരിടാനും സാധിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

12.54 PM]

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ശക്തമായി പിന്തുണയ്ക്കുന്നു. ബജറ്റിന്റെയും ഉപധനാഭ്യർത്ഥനകളുടെയും ഉള്ളടക്കം പരിശോധിക്കുമ്പോൾ ദേശീയ രംഗത്ത് ഇന്ന് നിലനിൽക്കുന്ന സ്ഥിതിഗതികളുമായി ബന്ധപ്പെടുത്താതെ ആലോചിക്കാനാകില്ല. ഇന്ത്യൻ സമ്പദ് വ്യവസ്ഥ രോഗലക്ഷണങ്ങൾ കാണിക്കാൻ തുടങ്ങിയിരിക്കുന്നുവെന്ന് പ്രശസ്തരായിട്ടുള്ള അർത്ഥശാസ്ത്ര വിദഗ്ദ്ധർ അടുത്ത കാലത്ത് പ്രസ്താവിച്ചതായി വായിച്ചറിയാൻ കഴിഞ്ഞു. അതിവേഗം വളരുന്ന സമ്പദ് വ്യവസ്ഥയെന്ന് ഗവൺമെന്റ് നിരന്തരം വിശേഷിപ്പിക്കുമ്പോഴാണ് അതിനുള്ളിൽ ദൗർബ്ബല്യങ്ങൾ പ്രകടമാകുന്നത്. രാജ്യത്തെ ഉൽപ്പാദനശേഷി വിനിയോഗിക്കപ്പെടുന്നില്ല. രാജ്യത്തെ സമ്പത്തിന്റെ 58 ശതമാനം ഒരു വിഭാഗം അതിസമ്പന്നരുടെ കയ്യിലാണെന്ന് ദാരിദ്ര്യ നിർമ്മാർജ്ജനരംഗത്ത് ഡൽഹി കേന്ദ്രമായി പ്രവർത്തിക്കുന്ന പ്രമുഖ സന്നദ്ധ സംഘടനയായ Oxfam വ്യക്തമാക്കിയിരിക്കുകയാണ്. ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യാൻ സാധിക്കുന്നില്ല; ഇന്ത്യയുമായി വ്യാപാര ബന്ധമുള്ള പ്രമുഖ രാജ്യങ്ങളെല്ലാം സാമ്പത്തിക പ്രതിസന്ധിയിലുമാണ്. രാജ്യത്തെ മൂലധന നിക്ഷേപം ആകർഷകമാക്കാൻ അനവധി നടപടികൾ കൈക്കൊണ്ടിട്ടും സ്വകാര്യ മൂലധന നിക്ഷേപത്തേക്കാൾ വിദേശ മൂലധന നിക്ഷേപമാണ് വർദ്ധിക്കുന്നത്. 2013 ഏപ്രിൽ മുതൽ 2016 ജൂൺ വരെ പൊതുമേഖലാ ബാങ്കുകൾ എഴുതിത്തള്ളിയ കിട്ടാക്കടം 1.54 ലക്ഷം കോടി രൂപയാണ്. അതിൽ കോർപ്പറേറ്റുകളുടെ പണമാണ് ഭൂരിഭാഗവും. 63 വ്യവസായ പ്രമുഖരുടെ 7016 കോടി രൂപയണ് എസ്.ബി.ഐ. മാത്രം വേണ്ടെന്നുവച്ചത്. പ്രചാരത്തിലുണ്ടായിരുന്ന കറൻസിയുടെ ഏതാണ്ട് 40 ശതമാനത്തോളം വരുന്ന തുകയാണ് ബാങ്കുകളുടെ കിട്ടാക്കടം. 50 ശതമാനത്തോളം തുക വൻകിട

കോർപ്പറേറ്റുകളുടേതാണ്. തകരുന്ന ബാങ്കുകളുടെ ധനകാര്യ സ്ഥിരതയ്ക്കുവേണ്ടി ശ്രീ. നരേന്ദ്ര മോദി നടത്തിയ അഭ്യാസമാണ് നോട്ട് പിൻവലിക്കൽ. ദ്രുതഗതിയിൽ മാറ്റം സംഭവിക്കുന്ന ആഗോളവൽകൃത ലോകത്തിന്റെ ഭാഗമാണ് കേരളവും. അത്തരം സാഹചര്യത്തിൽ മത്സരസ്വഭാവമുള്ളതും പ്രാപ്യവും വാസയോഗ്യമായതും സുരക്ഷിതവുമായ പ്രദേശമാണ് കേരളമെന്ന് ഉറപ്പാക്കുന്നതിനെ ആശ്രയിച്ചാണ് നമ്മുടെ സംസ്ഥാനത്ത് വികസനം സാദ്ധ്യമാകുന്നത്. ഇത് കൈവരിക്കുന്നതിന് ആവശ്യമായ സാമ്പത്തിക ചുറ്റുപാട് സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. സ്വതന്ത്രവും തുറന്നതും നൂതന ആശയങ്ങളെ സ്വാഗതം ചെയ്യുന്നതുമായ സമ്പദ് വ്യവസ്ഥയ്ക്ക് അടിത്തറ പാകാൻ കഴിയുമെന്നും ഇതിന്റെ ഫലമായി വികസനത്തിനുവേണ്ടി ഉത്തേജനം സാദ്ധ്യമാക്കുമെന്നും നാം ഉറച്ച് വിശ്വസിക്കുകയാണ്. കേരളത്തിന്റെ മത്സരക്ഷമത വളർത്തുകയും ഭാവി സാമ്പത്തിക വികസനം ശക്തിപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ ജനനേതാക്കൾ സാമ്പത്തിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും ആവശ്യമായ നിർണ്ണായക തീരുമാനങ്ങളെടുക്കുകയും അവ ഇച്ഛാശക്തിയോടെ നടപ്പാക്കുകയും ചെയ്തുവരുന്നുണ്ട്.

കേരളത്തിന്റെ വികസനത്തിന്, വൻകിട പദ്ധതികൾക്ക് ബജറ്റിലൂടെ പണം കണ്ടെത്തി ബജറ്റിലൂടെ തന്നെ ചെലവഴിച്ചിട്ടുള്ള കീഴ്വഴക്കം ഒഴിവാക്കുന്ന ഇടതുപക്ഷത്തിന്റെ പുതിയ ആശയമാണ് കിഫ്ബി. ഇതിനകം 48 പദ്ധതികൾക്കായി 4004 കോടി രൂപയ്ക്ക് അംഗീകാരം നൽകുകയുണ്ടായി. നവകേരള മിഷന്റെ നാല് ഘടകങ്ങളാണ് ബജറ്റിന്റെ അന്തർധാര. സർവ്വസ്പർശിയായ നവകേരള മിഷൻ നൂതനമായ ഒരു സംരംഭമാണ്. അതിലേയ്ക്ക് യാഥാർത്ഥ്യ ബോധത്തോടെയുള്ള ചുവടുവയ്പാണ് 2017-18-ലെ ബജറ്റെന്ന് മനസ്സിലാക്കാൻ കഴിയും. സ്ത്രീതുല്യത വാക്കുകളിൽനിന്ന് പ്രവർത്തിയിലേയ്ക്ക് എത്തിക്കാനുതകുന്ന അനവധി നിർദ്ദേശങ്ങൾ ബജറ്റിലുണ്ട്. അതിന് പ്രത്യേക വകുപ്പ് രൂപീകരിക്കാനുള്ള ഉദ്ദേശ്യം സർക്കാരിനുണ്ടെന്നറിഞ്ഞതിൽ കേരളം ഏറെ അഭിമാനിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെ കേന്ദ്രം പൂർണ്ണമായി അവഗണിച്ചിട്ടും സംസ്ഥാന ബജറ്റിൽ അവർക്ക് ജനസംഖ്യാനുപാതത്തേക്കാൾ കൂടുതൽ തുക വകയിരുത്തിയ സംസ്ഥാനമാണ് കേരളം. അതിന്റെ ഖ്യാതി കേരളത്തിനുണ്ട്. കേന്ദ്ര സർക്കാർ എൽ.ഐ.സി. അടക്കമുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിൽപ്പനയിലൂടെ മൂലധന സമാഹരണത്തിന് ലക്ഷ്യമിടുമ്പോൾ കേരളം കെ.എസ്.ആർ.ടി.സി. അടക്കമുള്ള സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ പടിപടിയായി ലാഭത്തിലാക്കാനുള്ള ശ്രമം ആരംഭിച്ചുകഴിഞ്ഞു. വരുന്ന നാല് വർഷംകൊണ്ട് കെ.എസ്.ആർ.ടി.സി.-ക്ക് 3000 കോടി രൂപയുടെ പാക്കേജാണ് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളത്.

ലാഭകരമാക്കണമെന്ന പ്രത്യേക നിബന്ധന അനുസരിച്ചാണ് 3000 കോടി രൂപ ഗവൺമെന്റ് മാറ്റിവച്ചത്. സമൂഹത്തിന്റെ മുഖ്യധാരയിൽ ഇടംപിടിക്കാത്തവർക്ക് വേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങളാണ് വികസനത്തിന്റെ അവിഭാജ്യ ഘടകമെന്ന് അംഗീകരിക്കുകയാണ് ബജറ്റ്. അർഹരായ എല്ലാവരേയും സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ വലയത്തിൽ കൊണ്ടുവരാനുള്ള ശ്രമമാണ് ബജറ്റെന്ന് ഈ സന്ദർഭത്തിൽ അഭിമാനത്തോടെ പറയാൻ ആഗ്രഹിക്കുകയാണ്. ധനമില്ലായ്മയുടെ അവസ്ഥയിൽ അടിസ്ഥാന സൗകര്യ വികസനത്തിലൂടെ മൂലധനച്ചെലവ് വർദ്ധിപ്പിച്ച് കേരളത്തെ രക്ഷിക്കാനുള്ള ഭാവനാപൂർണ്ണവും യാഥാർത്ഥ്യബോധവും പ്രായോഗികവുമായ നിർദ്ദേശങ്ങളാണ് ധനകാര്യ വകുപ്പുമന്ത്രി മുന്നോട്ടുവയ്ക്കുന്നത്. കേരളത്തിന്റെ പരിസ്ഥിതിയും ജൈവ വൈവിദ്ധ്യവും സംരക്ഷിക്കുന്നതിനും മനുഷ്യജീവിത നിലവാരം ഉയർത്താൻ സഹായിക്കുന്നതുമായ ഇടതുപക്ഷ വികസന പരിപ്രേഷ്യത്തിന്റെ പ്രായോഗിക രൂപമാണ് ഹരിത കേരള മിഷൻ എന്ന് പറയാതിരിക്കാൻ കഴിയില്ല. കേരളീയ വികസന പരിപ്രേഷ്യത്തിന്റെ ആണിക്കല്ല് അതിന്റെ പാരിസ്ഥിതിക വീക്ഷണമാണ്. സംസ്ഥാനത്തിന്റെ പാരിസ്ഥിതിക സവിശേഷതകൾ നഷ്ടപ്പെടുന്നത് നമുക്ക് ഭാവിയിൽ വിലയ്ക്ക് വാങ്ങാനോ പുനഃസൃഷ്ടിക്കാനോ കഴിയില്ല. പാരിസ്ഥിതിക മൗലികവാദം അംഗീകരിക്കാനുമാവില്ല. പരിസ്ഥിതിയെ സംരക്ഷിക്കണം. പ്രകൃതിയോട് പടവെട്ടി വളർന്ന മനുഷ്യന്റെ ആവശ്യങ്ങൾ നമുക്ക് നിർവ്വഹിക്കാൻ കഴിയണം. മലയോര ഹൈവേ തീരദേശ ഹൈവേ ദേശീയപാത, ജലപാത ഇവയിലെല്ലാം കേരളത്തിൽ ഭാവിയിൽ വരുത്താൻ പോകുന്ന മാറ്റം ചെറുതായിരിക്കില്ല; ഏറ്റവും വലുതായിരിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം. ഇന്നലെയും ഇന്നുമായി ബദൽ എവിടെയെന്ന് പ്രതിപക്ഷനേതാവടക്കമുള്ളവർ നിയമസഭയിൽ ചോദിക്കുകയുണ്ടായി. കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള ബദൽ ഈ ബജറ്റിലുടനീളം പരിശോധിച്ചാൽ വ്യക്തമായി മനസ്സിലാക്കാൻ കഴിയും. ഇന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയിലില്ലെങ്കിലും അദ്ദേഹം ശ്രദ്ധിക്കുകയും സഭാരേഖ പഠിക്കുകയും ചെയ്യുമെന്നാണ് ഞാൻ കരുതുന്നത്. ഇവിടെ സ്റ്റാലിനെ സംബന്ധിച്ച് പരാമർശിച്ചു കണ്ടു. സോവിയറ്റ് യൂണിയന്റെ വളർച്ച, ലോക രാജ്യങ്ങൾക്ക് നൽകിയ സംഭാവന എന്നിവയെക്കുറിച്ച് നമുക്കറിയാം. 1917-ൽ സ്വതന്ത്രമായ, ലോകത്ത് വളരെയധികം പിന്നിൽനിന്ന സോവിയറ്റ് യൂണിയൻ ലോകത്തൊരു സൂപ്പർ പവറാകാൻ നടത്തിയ പരിശ്രമം നമ്മുടെ ചരിത്രത്തിലുണ്ട്. 1921-ൽ മഹാനായ ലെനിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച ന്യൂ എക്കണോമിക് പോളിസി, 1928 ആദ്യം മുതൽ 1932 അവസാനംവരെ 5 വർഷക്കാലം സ്റ്റാലിന്റെ നേതൃത്വത്തിൽ നടത്തിയ പഞ്ചവത്സര പദ്ധതികൾ, സോവിയറ്റ് സമൂഹത്തിന് വരുത്തിയ വമ്പിച്ച മാറ്റം ലോക ജനത ശ്രദ്ധിച്ചുവെന്ന് മാത്രമല്ല, അത് മനസ്സിലാക്കാനുള്ള അവസരവും ലഭിച്ചു. 1947-ൽ

സ്വാതന്ത്ര്യം ലഭിക്കുമ്പോൾ പ്രധാനമന്ത്രിയായി അവരോധിതനായ ജവഹർലാൽ നെഹ്റു, ഇന്ത്യയെ എങ്ങനെ മുന്നോട്ട് നയിക്കാം, ഈ രാജ്യത്തിന്റെ പിന്നോക്കാവസ്ഥ എങ്ങനെ പരിഹരിക്കാം എന്നതിനെ കുറിച്ചൊക്കെ ചിന്താധീനനായിരുന്നുവെന്നാണ് രേഖകളിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. അദ്ദേഹം ആദ്യം പോയത് അമേരിക്കയിലാണ്. ഈ രാജ്യത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ സഹായ ഹസ്തം നീട്ടിയത് അമേരിക്കയുടെ മുന്നിലാണ്. അമേരിക്ക അത് നിഷേധിച്ചു. എന്നാൽ സോവിയറ്റ് യൂണിയൻ ഇന്ത്യയ്ക്കാവശ്യമായ സഹായം നൽകി. വ്യവസായങ്ങൾ ആരംഭിക്കാൻ ഇന്ത്യയെ സഹായിച്ചു. ക്രൂഷ്ചേവ് എന്ന വ്യക്തിയോട് കാണിക്കുന്ന അനുഭാവം മാത്രമാണ് ഇവിടെ ശ്രീ. രമേശ് ചെന്നിത്തല പ്രകടിപ്പിച്ച വികാരത്തിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. സോവിയറ്റ് നാട്ടും സോവിയറ്റ് ജനതയും സോവിയറ്റ് ഭരണകൂടവും ഇന്ത്യയ്ക്കുനൽകിയ സംഭാവന അവർ വിസ്മരിക്കുകയാണ്. സ്റ്റാലിനെ അധിക്ഷേപിക്കുകയാണ്. ലോക ചരിത്രത്തെക്കുറിച്ച് അദ്ദേഹം ശരിയായ തോതിൽ മനസ്സിലാക്കിയിട്ടുണ്ടോ എന്നെനിക്കറിയില്ല. സോവിയറ്റ് യൂണിയൻ തകർന്നതിന്റെ വിഷമതകൾ കോൺഗ്രസ്സ് പാർട്ടിയും അനുഭവിക്കുകയാണ്. ഈ രാജ്യത്ത് അപകടമുണ്ടായ സന്ദർഭങ്ങളിലെല്ലാം സോവിയറ്റ് യൂണിയനുണ്ടായിരുന്നുവെന്നത് കോൺഗ്രസ് മനസ്സിലാക്കുന്നത് നല്ലതായിരിക്കും. സോവിയറ്റ് യൂണിയൻ ഉണ്ടായിരുന്നുവെങ്കിൽ ഇന്ന് കോൺഗ്രസ് ദേശീയരംഗത്ത് കുറച്ചുകൂടി പ്രബലമായ ഒരു പാർട്ടിയായി നിലകൊള്ളുമായിരുന്നു. ഇന്ത്യൻ രാഷ്ട്രീയത്തിലെ കോൺഗ്രസ്സിന്റെ അസാന്നിദ്ധ്യം പല മേഖലകളിലു മുണ്ടാകുന്നത് അവരുമായുണ്ടായിരുന്ന പഴയ സൗഹൃദം ഉപയോഗിച്ച് ഈ രാജ്യത്ത് ഒരു ദേശീയ പ്രസ്ഥാനം സംഘടിപ്പിക്കാൻ നടത്തിയ പരിശ്രമം പുതിയ കാലയളവിൽ വിഫലമായി എന്നുള്ളതുകൊണ്ടാണെന്ന് അവർ മനസ്സിലാക്കുന്നില്ല.

<u>ശ്രീ. എം. സ്വരാജ്</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പരാമർശത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. പ്രതിപക്ഷ നേതാവ് രാവിലെ പറഞ്ഞത് സ്റ്റാലിനോട് നെഹ്റുവിന് ഒരു താൽപ്പര്യവുമുണ്ടായിരുന്നില്ല, ക്രൂഷ്ചേവിനോടെന്തോ ഒരു ചെറിയ താൽപ്പര്യമുണ്ട് എന്ന നിലയ്ക്കാണ്. യഥാർത്ഥത്തിൽ സ്റ്റാലിനെക്കുറിച്ച് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഒരിക്കൽ പരാമർശിച്ചത് "ലോക സമാധാനത്തിനുവേണ്ടി പോരാടുന്ന യോദ്ധാവാണ് സ്റ്റാലിൻ" എന്നാണ്. 1957 മാർച്ചുമാസം 6-ാം തീയതി മാതൃഭൂമി ദിനപത്രത്തിലെ ഒന്നാം പേജിലെ പ്രധാന വാർത്തതന്നെ അതായിരുന്നു. നമ്മുടെ പ്രതിപക്ഷ നേതാവ് ഇതൊന്നും ശ്രദ്ധിക്കുകയോ നെഹ്റുവിനെക്കുറിച്ചുതന്നെ കാര്യമായി മനസ്സിലാക്കുകയോ ചെയ്യാത്ത ഒരാളാണോ,അതോ മനസ്സിലാക്കിയിട്ടും മറച്ചുവയ്ക്കുന്നതാണോ; എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഇക്കാര്യത്തിൽ ചരിത്രം മനസ്സിലാക്കുന്ന ആളല്ല ശ്രീ. രമേശ് ചെന്നിത്തലയെന്നത് വ്യക്തമാണ്. സ്റ്റാലിനും നെഹ്റുവും അന്തരിക്കുന്നതുവരെ അവർ പരസ്പരം പ്രകടിപ്പിച്ച സൗഹാർദ്ദവും സ്നേഹവും അദ്ദേഹത്തിന്റെ ചില പുസ്തകങ്ങളിൽനിന്ന് വായിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ചരിത്രം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പഠിക്കുന്നില്ല; ലോക രാഷ്ട്രീയമോ ഇന്ത്യൻ രാഷ്ട്രീയമോ പഠിക്കുന്നില്ല. ആരെങ്കിലും എഴുതിക്കൊടുക്കുന്ന ഒരു കുറിപ്പുവച്ച് ഇവിടെനിന്ന് നടത്തുന്ന അഭ്യാസ പ്രകടനമല്ലാതെ ഇന്ത്യൻ രാഷ്ട്രീയ യാഥാർത്ഥ്യങ്ങളിലേയ്ക്ക് കടന്നുചെല്ലാൻ അദ്ദേഹം മുതിരുന്നില്ല എന്നതാണ് ലജ്ജാകരമായിട്ടുള്ള അവസ്ഥയെന്ന് ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഇവിടെ ബജറ്റിനെക്കുറിച്ച് വെറും സ്വപ്നമാണ്, സങ്കൽപ്പമാണ്, ഭാവനപൂർണ്ണമാണ് എന്നെല്ലാം അദ്ദേഹം പറയുകയുണ്ടായി. ഇവിടെ എന്ത് സങ്കൽപ്പമാണ് ഈ ബജറ്റിലൂടെ ധനകാര്യ വകുപ്പുമന്ത്രി പ്രകടിപ്പിച്ചിട്ടുള്ളതെന്നറിയില്ല. സ്വപ്നം വേണ്ടേ, സ്വപ്നം കാണണ്ടേ? ഞാൻ മുൻ രാഷ്ട്രപതി എ. പി. ജെ. അബ്ദുൽ കലാമിനെ ഉദ്ധരിക്കുകയാണ്. " Dream is not that you see in sleep, dream is something that does not let you sleep (ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം, നമ്മുടെ ഉറക്കം നഷ്ടപ്പെടുത്തുന്നതെന്താണോ അതാണ് സ്വപ്നം) എന്ന് അദ്ദേഹം പറയുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെയും കോൺഗ്രസ്സിന്റെയും ഉറക്കം നഷ്ടപ്പെടുത്തുന്നതാണ് ഈ ബജറ്റ് എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. അദ്ദേഹം അതുമാത്രമല്ല പറഞ്ഞത്; " Dream, dream, dreams transform into thoughts and thoughts results in action" (സ്വപ്നം കാണുക, ആ സ്വപ്നങ്ങളെക്കുറിച്ച് ചിന്തിക്കുക, ആ ചിന്തകളെ പ്രവർത്തികളിലൂടെ സഫലമാക്കുക) കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സമൂഹത്തിൽ ഇത് സഫലമാക്കാനാണ് ഈ ബജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. ഭാവിയിൽ കേരളത്തിൽ അത് സഫലമാകും എന്ന കാര്യംകൂടി അറിയിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

1.07 PM]

പ്രൊഫ. കെ. യു. അരുണൻ: സർ, ആദ്യമായി 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർഥനകളെ ഞാൻ പിന്താങ്ങുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ബജറ്റിലുടനീളം കാണാൻ കഴിയുന്നത് ശ്രീ. എം. ടി. വാസുദേവൻ നായരെക്കുറിച്ചോ അദ്ദേഹത്തിന്റെ കൃതികളിൽനിന്ന് ഉദ്ധരിച്ച ഭാഗങ്ങളോ ആണ്. അതും അങ്ങേയറ്റം ഹൃദ്യമാണ്. ഒരുപക്ഷേ തൊട്ടതെല്ലാം പൊന്നാക്കിയ മറ്റൊരു

പ്രതിഭാശാലിയായ സാഹിത്യകാരനെ മലയാളത്തിൽ വേറെ നമുക്ക് കാണാൻ കഴിയില്ല. ഏറ്റവും നല്ല ചെറുകഥാകൃത്ത്, ഏറ്റവും നല്ല നോവലിസ്റ്റ്, ഏറ്റവും നല്ല തിരക്കഥാകൃത്ത്, മാതൃഭൂമി ദിനപ്പത്രത്തിന്റെ മുൻ എഡിറ്റർ, ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷനിലെ വിസിറ്റിംഗ് പ്രൊഫസർ, ധാരാളം ലളിത-ഉപന്യാസങ്ങളുടെ ഉടമ എന്നീ നിലകളിൽ പ്രശസ്തനാണ്. അദ്ദേഹത്തിന്റെതന്നെ ഒരു ചെറുകഥയെ ആസ്പദമാക്കി നിർമ്മിക്കുകയും സംവിധാനം ചെയ്യുകയും ചെയ്ത 'നിർമ്മാല്യം' എന്ന സിനിമ വളരെ പ്രശസ്തമാണ്.

മി. ചെയർമാൻ: ഒരു നാടകവും രചിച്ചിട്ടുണ്ട്.

പ്രൊഫ. കെ. യു. അരുണൻ: സർ, ഉണ്ട്. ഞാൻ പറഞ്ഞുവരികയാണ്., 'നിർമ്മാല്യം' എന്ന സിനിമയ്ക്ക് ദേശീയ അവാർഡ് കിട്ടി. പി. ജെ. ആന്റണിക്കും അവാർഡ് കിട്ടി. അതിലെ വിഷയം ഒരു ചെറുകഥയെ ആസ്പദമാക്കിയാണ്. അതിന്റെ കഥ ഞാനിപ്പോൾ പറയുന്നില്ല. അദ്ദേഹത്തിന്റെ നാടകം "ഗോപുരനടയിൽ", 'കളിതുടങ്ങട്ടേ' എന്നുപറഞ്ഞാണ് ആരംഭിക്കുന്നത്. വരാനിരിക്കുന്ന ആഗോളവൽക്കരണ കാലഘട്ടത്തിലെ സാമ്പത്തിക നയങ്ങൾ ഇന്ത്യൻ ഭരണാധികാരിവർഗ്ഗം നടപ്പാക്കുമെന്ന് മുൻകൂട്ടി കണ്ടിട്ട് "കളിനടക്കട്ടെ" എന്ന് അന്നേ പറഞ്ഞു. അത് ദാർശനികമായതാണ്. ശ്രീ. എം. ടി. വാസുദേവൻ നായരെക്കുറിച്ച് സൂചിപ്പിക്കുന്നതോടൊപ്പം ശ്രീ. കെ. വി. അബ്ദുൾ ഖാദറിന് ഗുരുവായൂരിൽ എന്താ കാര്യം എന്ന് നേരത്തേ ചോദിച്ചല്ലോ, അബ്ദുൾ ഖാദർ ശ്രീ. എം .ടി. വാസുദേവൻ നായരുടെ അസുരവിത്ത് എന്ന നോവലിലെ വളരെ പ്രധാനപ്പെട്ട ഒരു കഥാപാത്രമാണ്. ഗോവിന്ദൻകുട്ടി പിന്നീട് അബ്ദുൾ ഖാദർ ആകുകയാണ് ചെയ്തത്. അതുകൊണ്ടുള്ള പ്രതിഷേധംകൂടി ബഹുമാനപ്പെട്ട രമേശ് ചെന്നിത്തലയുടെ രസനാഗ്രത്തിൽ നിന്ന് അടർന്നു വീണോ എന്ന സംശയം ഈ പരിശുദ്ധമായ വേദിയിൽ ഞാൻ ഉന്നയിക്കുകയാണ്. അബ്ദുൾ ഖാദറായ ഗോവിന്ദൻ കുട്ടിക്ക് പഴയൊരു ബന്ധത്തിൽ, അല്ലെങ്കിൽ ചത്ത പെണ്ണിന്റെ മുല ചപ്പിക്കുടിക്കുന്ന ഒരു കുട്ടിയെ കിട്ടി. അയാൾ ആ കുട്ടിയേയും കൊണ്ട് നാടുവിടുകയാണ്. പണ്ട് ഗോവിന്ദൻ കുട്ടി, ഇപ്പോൾ അബ്ദുൾ ഖാദർ. അപ്പോൾ രണ്ടുഭാഗത്തു നിന്നുമുള്ള, ന്യൂനപക്ഷ വർഗ്ഗീയതയുടെയും ഭൂരിപക്ഷ വർഗ്ഗീയതയുടെയും ശക്തരായ തീവ്രവാദികൾ അവനോട് നീ എങ്ങോട്ടു പോകുന്നുവെന്ന് ചോദിച്ചു. 'ഞാൻ ഈ ഗ്രാമം വിടുകയാണ്. എന്തിന്? ഇവിടെ ജീവിക്കാൻ കൊള്ളില്ല. അപ്പോൾ ഈ കുട്ടിയെ നീ എന്തായി വളർത്തും?' കുട്ടിയെ കിട്ടിയതാണ്. രണ്ടുഭാഗത്തു നിന്നുള്ളവരും ഉച്ചത്തിൽ ചോദിച്ചു, 'എങ്ങനെ വളർത്തും?' ഇങ്ങനെ പരസ്പരം ഉച്ചത്തിൽ രണ്ട് ഭാഗത്തു നിന്നും ചോദ്യമുയർന്നപ്പോൾ ധൈര്യപൂർവ്വം തിരിഞ്ഞു നിന്നുകൊണ്ട് ഞാനിവനെ മനുഷ്യനായി വളർത്തുമെന്ന് ഗോവിന്ദൻ കുട്ടി അഥവാ അബ്ദുൾ ഖാദർ പറഞ്ഞു.

പക്ഷേ കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ ഭരണം, കേരളത്തിലുണ്ടാകുന്ന നവജാത ശിശുക്കൾക്ക് ഒരു വിശ്വപൗരനായി, മതേതര പൗരനായി വളരാനുള്ള എല്ലാ അവസരങ്ങളും നിഷേധിച്ച, കെട്ട ഭരണമായിരുന്നു. എം.ടി.-യുടെ അസുരവിത്ത് എന്ന നോവൽ മാത്രമല്ല, നാലുകെട്ടിലെ അപ്പുണ്ണി എന്ന കഥാപാത്രത്തെയും ഇവിടെ പരാമർശിക്കാം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് വളരെ നന്ദിയുണ്ട്. ഇങ്ങനെയൊരു കഥാകൃത്തിനെ അന്വേഷിച്ച് നടന്നുകൊണ്ട് ആത്മാവ് കണ്ടെത്തുകയാണ്. നമ്മുടെ നിയമസഭയുടെ പ്രശ്നവും ആത്മാവ് കണ്ടെത്തലാണ്. ജനങ്ങളുടെ ആത്മാവിലേയ്ക്ക് ചൂഴ്ന്നിറങ്ങാനുള്ള വ്യഗ്രത അല്ലെങ്കിൽ ഹൃദയ വിശാലത, തൃഷ്ണ, ത്വര ഇവയൊക്കെ നാം പ്രകടിപ്പിക്കണമെന്ന് എം.ടി.-യുടെ വാക്കുകളിലുണ്ട്. അതുകൊണ്ടാണ് വെറുതെ നിലനിൽക്കാൻ മാത്രമല്ല ചെറുത്തു നിൽപ്പുകൂടി സംഘടിപ്പിക്കണമെന്ന് എഴുതിവച്ചിരിക്കുന്നത്. നാലുകെട്ടിൽ, കോന്തുണ്ണി നായരുടെ മകൻ അവസാനം പോകുന്നത് കോന്തുണ്ണി നായർക്ക് വിഷം കൊടുത്തുകൊന്നുവെന്ന് പറയുന്നിടത്തേയ്ക്കാണ്. അത് കെട്ടുകഥയാണ് അല്ലെങ്കിൽ നുണയാണ് എന്ന അർത്ഥത്തിലായിരിക്കാം അപ്പുണ്ണി വളർന്നു വലുതാവുമ്പോൾ അഭയം തേടിപ്പോകുന്നത് ആ മുസൽമാന്റെ അടുത്തേയ്ക്കാണ്. അതിലും ധാരാളം അർത്ഥതലങ്ങൾ എം. ടി. സൂചിപ്പിക്കുന്നുണ്ട്. നാലുകെട്ട്, അസുരവിത്ത്, രണ്ടാമൂഴം, വിലാപയാത്ര ഇതിനെല്ലാം വലിയ അർത്ഥതലങ്ങളുണ്ട്. അദ്ദേഹത്തിന്റെതന്നെ 'കാലം' എന്ന നോവലിലെ പ്രധാന കഥാപാത്രമാണ് സേതു. ബൂർഷ്വാ-ഭൂപ്രഭു-ഭരണവർഗ്ഗത്തെമാത്രം താലോലിച്ചുകൊണ്ടിരിക്കുന്ന പ്രതിപക്ഷത്തിന് ഇതിലെ കഥാപാത്രത്തിന്റെ തിരക്കാണ്. സേതു എന്ന കഥാപാത്രം സുമിത്രയുടെ അരികിലേയ്ക്ക് ചെന്ന് അത്യാവശ്യം ഇണചേരലൊക്കെ നടത്തി, കളിമണ്ണു മെഴുകിയ നിലത്ത് ആ കുട്ടിയുടെ കറുത്ത് ഇടതൂർന്ന മുടി സൃഷ്ടിച്ച ചിത്രവലയത്തിൽ ക്ഷീണിച്ച് വിരലോടിച്ചു കൊണ്ടിരിക്കുമ്പോൾ തിരിഞ്ഞു നിന്നുകൊണ്ട് സുമിത്ര സേതുവിനോട് പറഞ്ഞു 'സേതു എന്നും ഒരാളെ മാത്രമേ സ്നേഹിച്ചിരുന്നുള്ളൂ, സേതുവിനെ മാത്രം'. സേതുവിന് തിരക്കല്ലേ, നമ്മുടെ യു. ഡി. എഫ്.-ന് തിരക്കല്ലേ; ബൂർഷ്വാ-ഭൂപ്രഭു ഭരണവർഗ്ഗത്തെ മാത്രം താലോലിച്ച് മുന്നോട്ടുപോകാൻ കൊതിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു.

മി. ചെയർമാൻ: സാഹിത്യ നിരൂപണം കഴിഞ്ഞു, ഇനി വിഷയത്തിലേയ്ക്ക് കടക്കാം.

ശ്രീ. മുരളി പെരുനെല്ലി: സർ, പ്രതിപക്ഷം ഗുരുവായൂർ അമ്പലത്തിൽ പോകുന്നത് തുലാഭാരം നടത്താൻ വേണ്ടി മാത്രമാണ്. എന്നാൽ ശ്രീ. കെ. വി. അബ്ദുൾ ഖാദർ ഗുരുവായൂർ മണ്ഡലത്തിലെ ഹിന്ദുവിന്റെയും മുസൽമാന്റെയും ക്രിസ്ത്യാനിയുടെയും സമസ്ത ജനങ്ങളുടെയും പ്രശ്നങ്ങൾക്കൊപ്പം നിന്നുകൊണ്ട് പ്രവർത്തിക്കുന്ന ആളാണെന്നത് അങ്ങേയ്ക്കറിയാമല്ലോ?

പ്രൊഫ. കെ. യു. അരുണൻ: സർ, ഗുരുവായൂരിൽ ശ്രീ. കെ. വി. അബ്ദുൾ ഖാദറിന് എന്താണ് കാര്യമെന്നാണ് ചോദിച്ചത്; ഗുരുവായൂരമ്പലത്തിലെന്താണ് കാര്യമെന്ന് ചോദിച്ചിരുന്നെങ്കിൽ കുറച്ചുകൂടി മനസ്സിലാക്കാമായിരുന്നു. ആ ചോദിച്ച വ്യക്തി ഇപ്പോൾ സ്ഥലത്തില്ലല്ലോ. ഗുരുവായൂർ നിയോജകമണ്ഡലത്തിലെ അധഃസ്ഥിതരായ ജനവിഭാഗങ്ങളുടേതുൾപ്പെടെ സകലജനവിഭാഗങ്ങളുടെയും അംഗീകാരമുള്ളതു കൊണ്ടാണല്ലോ അവരുടെയെല്ലാം വോട്ടുനേടി വീണ്ടുംവീണ്ടും ഇവിടെ എത്തിച്ചേർന്നത്. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അക്ഷീണമായ പരിശ്രമത്തിൽ വ്യാപൃതനായിരിക്കുന്ന ഒരു എം. എൽ. എ. ആണല്ലോ അദ്ദേഹം. ഗോവിന്ദൻ കുട്ടിയിലേയ്ക്കും എം. ടി.- യിലേയ്ക്കും ഇനിയും വരണോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, അക്കൽദാമയിൽ വിരിഞ്ഞ പൂക്കൾ എന്ന കൃതി അങ്ങ് വായിച്ചിട്ടുണ്ടോ? യേശുദേവനെ ക്രൂശിച്ചതിന് കൈക്കൂലിയായി കിട്ടിയ കാശിന് യൂദാസ് വാങ്ങിയ ഭൂമിയാണ് അക്കൽദാമ. അവിടെയാണ് അവസാനം യൂദാസ് തലതല്ലി, തലപൊട്ടി മരിക്കുന്നത്. പിന്നീട് അവിടെ വിരിയുന്ന പൂക്കൾക്ക് ശവത്തിന്റെ മണമാണ്. ആധുനിക ലോകത്തിലെ അക്കൽദാമയിൽ വിരിഞ്ഞ പൂക്കളാണ് പ്രതിപക്ഷം എന്ന് പ്രൊഫ. കെ. യു. അരുണന് ഇപ്പോൾ ഈ സാഹിത്യ കൃതികളുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ ഓർമ്മ വരുന്നുണ്ടോ?

പ്രൊഫ. കെ. യു. അരുണൻ: സർ, ഓർമ്മ വരുന്നുവെന്നു മാത്രമല്ല, അതിനുമുൻപ് ഓർമ്മ വരുന്നത് യൂദാസ് വെള്ളിക്കാശിനുവേണ്ടി ഒറ്റിക്കൊടുത്തു എന്നതാണ്. കാൽവരിയിലെ കൽപ്പപാദമെന്ന് പറയുന്ന കൈനിക്കര സഹോദരന്മാരിലൊരാളുടെ അതിമനോഹരമായ നാടകത്തിൽ ഇത് സ്വൽപ്പം നിഷേധിച്ചിട്ടുണ്ട്. രണ്ട്, യൂദാസ് ആണായിരുന്നില്ല, പെണ്ണായിരുന്നു എന്നാണ് അവസാനത്തെ കണ്ടുപിടുത്തം, പുസ്തകത്തിന്റെ പേര് ഞാൻ ഇപ്പോൾ ഓർക്കുന്നില്ല. ജീസസ് ദ ക്രൈസ്റ്റ് എന്നതുമായി ബന്ധപ്പെട്ടതാണ്. ഇവരുടെ അവസാന മിറങ്ങിയ പ്രസിദ്ധമായ പുസ്തകം 'ഡാവിഞ്ചി കോഡ്' ആണെന്നുതോന്നുന്നു. ഞാൻ സൂചിപ്പിച്ച് വന്നപ്പോൾ അത്യാവശ്യം ഇങ്ങനെ വഴുതിപ്പോവുന്നതിൽ വിരോധമില്ല എന്നതുകൊണ്ട് പറഞ്ഞതാണ്.

അതുപോലെ സ്പോർട്സിനെക്കുറിച്ചുപറയുമ്പോൾ ശ്രീജേഷ് എന്ന കായികതാരത്തെ ഓർക്കണം. ഒരുപാടുകാലം ഇന്ത്യക്ക് വല്ലപ്പോഴും സ്വർണ്ണം കൊണ്ടുവരുന്നത് ഹോക്കി മാത്രമായിരുന്നു. എന്റെ കുട്ടിക്കാലത്ത് സ്വർണ്ണം

കിട്ടാറില്ലായിരുന്നു. ഒളിമ്പിക്സിലെ മെഡൽ നില 0-0-0 ആണ്; അവസാനം ഹോക്കി കഴിയുമ്പോൾ മാത്രം 1-0-0. അങ്ങനെ നമ്മുടെ അഭിമാനമായിരുന്ന പ്രിതിപാൽ സിംഗ് ഷോർട്ട് കോർണർ വിദഗ്ദ്ധനായിരുന്നു. പിന്നീട് ഇന്ത്യയുടെ കൈയിൽനിന്ന് ഹോളണ്ടും സ്പെയിനുമൊക്കെ കൊണ്ടുപോയി. അദ്ദേഹം പിന്നീട് വർഗ്ഗീയവാദികളുടെ, ഖാലിസ്ഥാൻ വാദികളുടെ വെടിയേറ്റ് മരിക്കുക യാണുണ്ടായത്. ഞാൻ സൂചിപ്പിച്ചത് സ്പോർട്സ് മേഖല പലപ്പോഴും അവഗണിക്കപ്പെടുന്നു എന്നാണ്. പഞ്ചായത്ത് തലത്തിൽ മുഴുവൻ 200 മീറ്റർ ട്രാക്കാണുള്ളത്. എല്ലാ പഞ്ചായത്തിലും 400 മീറ്റർ ട്രാക്ക് നിർമ്മിക്കരുതോ; അതല്ലേ വേണ്ടത് ? അപൂർവ്വം ഡിസ്ട്രിക്റ്റ് ഹെഡ്ക്വാർട്ടേഴ്സിൽ മാത്രമേ ഇതുള്ളൂ. ഞാൻ നീട്ടുന്നില്ല. .....(ബഹളം).... ഞാൻ ശ്രീകൃഷ്ണക്ഷേത്രത്തിന് ഉള്ളിലേയ്ക്ക് കടക്കാറില്ല.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ജവഹർലാൽ നെഹ്റു ആരാധനാ ലയങ്ങളിലും ക്ഷേത്രങ്ങളിലും പോകുന്ന ആളായിരുന്നില്ല. ഒരു ഹിന്ദുവായ, കാശ്മീരി ബ്രാഹ്മണനായ അങ്ങ് എന്തുകൊണ്ടാണ് ഇങ്ങനെ ആരാധനാലയത്തിൽ പോകാത്തതെന്ന് അദ്ദേഹത്തിനോട് ഒരിക്കൽ പത്രക്കാർ ചോദിച്ചു. അദ്ദേഹം ആ ചെറുപ്പക്കാരായ പത്രക്കാരോട് പറഞ്ഞത്, ഇന്ത്യയിലെ എല്ലാ ദേവാലയങ്ങളുടേയും ആരാധനാലയങ്ങളുടേയും പ്രഥമ പൂജാരിയാണ് ഞാൻ. അതുകൊണ്ട് ഇന്ത്യയുടെ ദർശനക്ഷേത്രങ്ങളെന്ന് പറയുന്നത് ഭക്രാനംഗലും റൂർക്കേലയും ഭിലായിയുമാണ്. അങ്ങനെ ഇന്ത്യൻ യുവത്വത്തെയും കോൺഗ്രസ്സുകാരെയും ഉപദേശിച്ച വ്യക്തിയായിരുന്നു നെഹ്റു എന്ന കാര്യം സത്യത്തിൽ പ്രതിപക്ഷം ഓർക്കേണ്ടതല്ലേ?

പ്രൊഫ. കെ. യു. അരുണൻ : സർ, ജവഹർലാൽ നെഹ്റുവിന്റെ ഭാര്യ കമലാ നെഹ്റു യൂറോപ്പിലെ ആശുപത്രിയിൽ കിടന്നപ്പോൾ ജയിലിന്റെ കവാടങ്ങൾ തുറന്നുകിട്ടിയ സുവർണ്ണാവസരത്തിൽ നെഹ്റു പുറത്തേയ്ക്കുവരുന്നു, ഒരു എയർടിക്കറ്റ് കിട്ടുന്നു, ആ ടിക്കറ്റ് ഉപയോഗിച്ച് ആശുപത്രിയിൽ കിടക്കുന്ന കമലാ നെഹ്രുവിനെ അവസാനമായി കാണാൻ പോകുന്നു. അവരിൽനിന്ന് അവ്യക്തമായ മൊഴികൾ, വേണമെങ്കിൽ മധുരമെന്ന് പറയാം. കാരണം, മരണാസന്നയായ ഭാര്യയുടെ തലയിണയ്ക്കരികിലിരുന്ന് വാക്കുകൾ കേൾക്കുന്നൊരു ദുർവിധി. അവരുടെ അവസാന വാക്കുകൾകേട്ട് പുറത്തുവന്നപ്പോഴേയ്ക്കും ഭാര്യ മരിച്ചു. അപ്പോൾ നെഹ്റുപറഞ്ഞു, നിങ്ങൾ ഉടൻതന്നെ ജഡം സംസ്കരിച്ചതിനുശേഷം അതിൽനിന്നുള്ള ചിതാഭസ്മം എനിക്കൊരു പാത്രത്തിലാക്കിത്തരണമെന്ന്. അങ്ങനെ ചിതാഭസ്മവും കൊണ്ട് പോരുമ്പോൾ ഒരു സ്ഥലത്തുവച്ച് മുസ്സോളിനിയും കൂട്ടരും ഒരു ഇന്റർവ്യൂവിന് ക്ഷണിക്കുന്നു. അപ്പോൾ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു

പറഞ്ഞു, എന്റെ കയ്യിൽ എന്റെ പ്രിയതമയുടെ ചിതാഭസ്മമുണ്ട് എന്നുള്ളതല്ല, നിങ്ങൾ നിത്യജീവിതത്തിൽ തുടർന്നുപോരുന്ന ഈ ഫാസിസ്റ്റ് ചിന്താഗതിയുള്ളത് കൊണ്ട് എനിക്കിപ്പോൾ നിങ്ങളെ കാണാൻ കഴിയില്ല എന്ന്. ഗാന്ധിജിയെ അല്ല വെടിവച്ചുകൊല്ലേണ്ടിയിരുന്നത്, മോത്തിലാൽ നെഹ്രുവിന്റെ മകനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെയാണെന്ന് ഭാരതീയ ജനതാപാർട്ടിയുടെ സംസ്ഥാന സെക്രട്ടറി, അല്ലെങ്കിൽ ഏറ്റവും ചുരുങ്ങിയത് തൃശ്ശൂർ ജില്ലയിലെ നേതാവ് അഡ്വ. പി. ഗോപാലകൃഷ്ണൻ കേരളത്തിലെ പ്രസിദ്ധമായ ഒരു ദിനപ്പത്രത്തി ലെഴുതുകയുണ്ടായി.

<u>മി. ചെയർമാൻ :</u> പ്ലീസ് കൺക്ലൂഡ്.

<u>പ്രൊഫ. കെ. യു. അരുണൻ</u> : സർ, ഞാൻ അവസാനിപ്പിക്കാം. പരമ്പരാഗത വ്യവസായങ്ങൾക്കും പൊതുവിദ്യാഭ്യാസത്തിനും ജീവിതത്തെ തഴുകിപ്പോകുന്ന സമസ്ത മണ്ഡലങ്ങളിലുമുള്ള അധഃസ്ഥിതരായ ജനവിഭാഗങ്ങൾക്ക് സാന്ത്വനവും ആശ്വാസവും നൽകാൻവേണ്ടി ഇവിടെ അവതരിപ്പിച്ച ഈ ബജറ്റിന്മേലുള്ള ഉപധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു.

1.22 PM]

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> : സർ, ബജറ്റിലെ കടിച്ചാൽ പൊട്ടാത്ത കണക്കുകൾക്കിടയിൽ സെക്രട്ടേറിയറ്റിലെ കണക്കപ്പിള്ളമാർ തിരുകിക്കയറ്റുന്ന മുടിഞ്ഞ സാഹിത്യം വായിച്ച് കണ്ണുമിഴിക്കുന്ന ഒരു മുൻ ധനകാര്യ വകുപ്പുമന്ത്രിയുടെ ചിത്രം ഇപ്പോഴുമെന്റെ മനസ്സിലുണ്ട്. അദ്ദേഹം അതിലെ പദ്യം ചൊല്ലുന്നതുകേട്ടാൽ മരണപ്പെട്ട കവിപോലും കുഴിമാടത്തിൽനിന്ന് എണീറ്റോടും. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ വർഷത്തെ ബജറ്റിൽ എം. ടി.യുടെ എഴുത്ത് മാധുര്യത്തോടെ ലയിച്ചുകിടക്കുന്നു. അദ്ദേഹം അത് വായിച്ചു പോകുമ്പോൾ സാഹിത്യാനുഭവത്തിന്റെയൊരു അനുഭൂതി നമ്മെ വന്നുമൂടുകയും ചെയ്യുന്നു. 1,19,214 കോടി രൂപ ആകെ വരവും 1,19,601 കോടി രൂപ ആകെ ചെലവും 93,584 കോടി രൂപ റവന്യൂ വരവും 1,96,027 കോടി രൂപ റവന്യൂ ചെലവും 16,043 കോടി രൂപ കമ്മിയുമായ ഒരു ബജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. Legalized plunder അഥവാ നിയമാനുസൃത കൊള്ളയെന്ന് ഡോ. മൻമോഹൻ സിംഗ് ശരിയായി വിമർശനം ഉന്നയിച്ച നോട്ട് നിരോധനമെന്ന ജനദ്രോഹ നടപടിയുടെ പശ്ചാത്തലത്തിലാണ് ഈ ബജറ്റ് അവതരിപ്പിക്കപ്പെട്ടത്. ജീവിത വ്യവഹാരങ്ങളുടെ സമസ്ത മേഖലകളും തകർന്നടിയുമ്പോൾ പരിഹാരത്തിനായി മൂർച്ചയുള്ള ഒരു സാമ്പത്തിക തത്വശാസ്ത്രമാണ് ഡോ. ടി. എം. തോമസ് ഐസക് മുന്നോട്ടുവയ്ക്കുന്നത്.

ഇത്തരമൊരു സാഹചര്യത്തിൽ മുരടിപ്പ് ഒഴിവാക്കാൻ ഒറ്റ മാർഗ്ഗമേയുള്ളൂവെന്നും അതിന് ബജറ്റിന്റെ ചെലവുകൾ ഗണ്യമായി വർദ്ധിപ്പിച്ച് സമ്പദ്ഘടനയെ താങ്ങി ഉയർത്തുകയാണ് വേണ്ടതെന്നും ബജറ്റ് പ്രസംഗത്തിന്റെ 8-ാം ഖണ്ഡികയിൽ പറയുന്നു. രാജ്യത്തിന്റെ വളർച്ചാനിരക്ക് 6.5 ശതമാനംവരെ താഴാമെന്ന് സമ്മതിക്കുന്ന കേന്ദ്ര സർക്കാർ ഈ മാന്ദ്യകാലത്ത് ചെലവ് ചുരുക്കൽ ബജറ്റെന്ന അഭ്യാസമാണ് നടത്തുന്നത്. അവിടെയാണ് ഡോ. ടി. എം. തോമസ് ഐസക്കിന്റെ ധീരമായ നടപടി പ്രസക്തമാകുന്നത്. അതാണ് വിജയം കണ്ടിട്ടുള്ള സാമ്പത്തിക ശാസ്ത്രത്തിന്റെ ദർശനവും. ബജറ്റിലെ സാമ്പത്തിക കമ്മിയെപ്പറ്റി ആശങ്കപ്പെടുന്നവർ കാണുന്നതും അതുതന്നെയാണ്. നോട്ട് നിരോധനത്തിന്റെ വിപരീത കാലാവസ്ഥയിൽ കേരളത്തിന്റെ വളർച്ചാ നിരക്ക് നിലനിർത്താനുള്ള അശ്രാന്തപരിശ്രമം കൂടിയാണിത്. വികസന രംഗത്തെ കുതിച്ചുചാട്ടത്തിനായി 2016-17 ബജറ്റിൽ വിഭാവനം ചെയ്ത ധനസമാഹരണ സംവിധാനമായ കിഫ്ബിയിലൂടെ 15,000 കോടി രൂപയുടെ പ്രോജക്ടുകൾക്ക് മാർച്ച് മാസം അവസാനത്തോടെ അനുമതി ലഭിക്കാൻ പോവുകയാണ്. വികസന രംഗത്തെ പാഴ്ക്കിനാവെന്ന് പരിഹസിച്ചവരുടെ മുമ്പിൽ, കോട്ടയവും മലപ്പുറവും അല്ലാത്ത ജില്ലകൾ കേരളത്തിലുണ്ടോയെന്ന് സംശയിച്ചവരുടെ മുന്നിൽ വികസന വിസ്മയങ്ങളുടെ മായികസ്പർശമായി മാറുകയാണ് കിഫ്ബി. 2017-18 സാമ്പത്തിക വർഷത്തിൽ 25,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബി വഴി പ്രഖ്യാപിക്കുകയാണ്. അലാവുദ്ദീന്റെ അത്ഭുതവിളക്കുപോലെ കിഫ്ബി നോട്ടുനിരോധനകാലത്തെ ശക്തമായ പ്രതിരോധ മാർഗ്ഗമായി മാറുകയാണ്. കിഫ്ബിക്കെതിരായി വാതോരാതെ സംസാരിക്കുമ്പോഴും വിമർശിക്കുമ്പോഴും ഇതെങ്ങനെയും നടന്നുകാണണമെന്ന് വിചാരിക്കുന്നവരാണ് ഈ നിയമസഭയിലെ 141 എം.എൽ.എ.-മാരും. ഇതുതന്നെയാകും ചരിത്രം തിരുത്തി കുറിക്കാൻപോകുന്ന കിഫ്ബിയുടെ വിജയവും. ഈ ബജറ്റിൽ മറ്റൊരു ധനസമാഹരണ പദ്ധതിയും പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. നാലുകെട്ടിലെ ആമിന ഉമ്മായുടെ കുറിയെക്കുറിച്ചും അത് പകരുന്ന ആശ്വാസത്തെക്കുറിച്ചും പറഞ്ഞുകൊണ്ടാണ് കെ.എസ്.എഫ്.ഇ. നടത്തുന്ന പ്രവാസി ചിട്ടിവഴിയുള്ള ധനസമാഹരണത്തെക്കുറിച്ച് വിശദീകരിക്കുന്നത്. തീരദേശ മലയോര ഹൈവേയ്ക്കുള്ള പതിനായിരംകോടി രൂപ ചിട്ടിത്തുകവഴി ശേഖരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. എപ്പോൾ വേണമെങ്കിലും പിൻവലിക്കാവുന്ന ബോണ്ട് സൗകര്യവും ഇതിന്റെ ഭാഗമാണ്. കെ.എസ്.എഫ്.ഇ. കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ളതും 1969 മുതൽ അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിക്കുന്ന രീതിയിൽ പ്രവർത്തിക്കുന്നതുമായ ഒരു സ്ഥാപനമാണ്. 16,450 കോടി രൂപയുടെ ബിസിനസ്സാണ് കഴിഞ്ഞ വർഷം ആ സ്ഥാപനം നടത്തിയത്. തൃശ്ശൂർ ജില്ലയിലെ സ്വകാര്യ ചിട്ടിക്കമ്പനികൾ

കഴിഞ്ഞ ഒരുവർഷം 85,000 കോടി രൂപയുടെ ബിസിനസ്സാണ് നടത്തിയത്. ഈ സാമ്പത്തിക യാഥാർത്ഥ്യത്തിൽനിന്നുമാണ് വികസനത്തിന്റെ അമൃതസ്പർശമായി പ്രവാസി ചിട്ടിയുടെ പ്രവർത്തനം ആരംഭം കുറിക്കുന്നത്. ഡോ. ടി. എം. തോമസ് ഐസക് എന്ന സാമ്പത്തിക ശാസ്ത്രജ്ഞന്റെ ഭാവനാശേഷിക്കുമുന്നിൽ പ്രണാമം. വികസനത്തിന്റെ പൂക്കാലമാണ് വരാൻ പോകുന്നത്. 25,000 കോടി രൂപയുടെ പശ്ചാത്തല വികസന പരിപാടി, 5,628 കോടി രൂപയുടെ 182 റോഡുകൾ, 2,557 കോടി രൂപയുടെ 69 പാലങ്ങൾ, 1,650 കോടി രൂപയുടെ കുടിവെള്ള പദ്ധതി, 1,500 കോടി രൂപയുടെ പൊതുവിദ്യാലയ വികസന പരിപാടി, 2,500 കോടി രൂപയുടെ പൊതുജന ആരോഗ്യ പരിപാടി ഇതെല്ലാം പ്രവർത്തന ക്ഷമമാകുന്നതോടെ കേരളം അതിമനോഹരമായി പുതുക്കി പണിയപ്പെടും. ബജറ്റ് പ്രസംഗത്തിന്റെ 127- ാം ഖണ്ഡികയിൽ വിവര സാങ്കേതിക രംഗത്തെ കുതിപ്പിന്റെ നഖചിത്രം വരച്ചിടുന്നു. 549 കോടി രൂപ ഐ.ടി. മേഖലയ്ക്കായി വകയിരുത്തുന്നു. അതുപോലെ ടെക്നോപാർക്കും ഇൻഫോപാർക്കും വികസനത്തിന്റെ മറ്റൊരു തലത്തിലേയ്ക്കുയരും. എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് ആശ്വാസമായി 2020 ആകുമ്പോഴേയ്ക്കും ടെക്നോ പാർക്കിൽ ഒരു ലക്ഷം തൊഴിലവസരങ്ങളും ഇൻഫോ പാർക്കിൽ 75,000 തൊഴിലവസരങ്ങളും പുതുതായി ഉണ്ടാകുമെന്നത് നമ്മളെ സംബന്ധിച്ചിടത്തോളം എത്രയോ സന്തോഷകരമാണ്. സുപ്രസിദ്ധ ഫ്രഞ്ച് എഴുത്തുകാരനായ വിക്ടർ ഹ്യൂഗോയുടെ De Mirabau-ലെ പാവങ്ങൾ എന്ന പേരിൽ മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്ത നോവലിൽ സ്ത്രീ വിമോചനത്തിന്റെ നിരവധി സ്വപ്നങ്ങൾ അദ്ദേഹം വാരി വിതറിയിട്ടുണ്ട്. നമ്മുടെ ബജറ്റിലും ആ സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കാനുള്ള വാതായനങ്ങൾ തുറക്കുകയാണ്.

'നെല്ലിൻചുവട്ടിൽ മുളയ്ക്കും കാട്ടു-

പുല്ലല്ല സാധുപ്പുലയൻ'

എന്ന കാവ്യനിരീക്ഷണത്തിനപ്പുറത്തേയ്ക്ക് നവോത്ഥാനത്തിന്റെ കനൽ വഴിയിലൂടെ കേരളീയ സമൂഹം മുന്നേറിയിട്ടുണ്ട് എന്നത് ശരിയാണ്. എന്നാൽ പൊതു സമൂഹത്തിൽ ശിരസ്സുയർത്തി നിൽക്കാനുള്ള അവസരം പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭ്യമല്ല. അസ്പർശ്യത ഇല്ലാതായെങ്കിലും അദൃശ്യത ആപൽക്കരമായി തുടരുകയാണ്. അത് മുറിച്ചുകടക്കാൻ ജനസംഖ്യ ആനുപാതത്തേക്കാൾ കൂടുതൽ സാമ്പത്തിക വിഹിതം ഈ വിഭാഗങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി അനുവദിച്ചിരിക്കുകയാണ്. 2600 കോടി രൂപ എസ്.സി.പി.-ക്കും 750 കോടി ടി.എസ്.പി.-ക്കും നീക്കിവച്ചിട്ടുണ്ട്. ഇതോടൊപ്പംതന്നെ പ്രവാസി പെൻഷൻ 2000 രൂപയാക്കിയതും മൂന്നുകോടി

മരങ്ങൾ നട്ടുവളർത്തുന്നതും കേരളത്തിന്റെ ദീർഘകാല ആവശ്യമായ ഒരു ലക്ഷം വീട് പുതുതായി പണിയുന്നതും അതിനെല്ലാം ഉപരിയായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെയില്ലാതെ ബജറ്റ് അവതരിപ്പിക്കാൻ കഴിഞ്ഞു വെന്നുള്ളതും വലിയ നേട്ടമാണ്. ഈ ബജറ്റവതരിപ്പിച്ചത് വെള്ളിയാഴ്ചയാണെന്നത് എല്ലാപേരും ഓർക്കുന്നുണ്ടാകും. പ്രതിപക്ഷത്തെ സംബന്ധിച്ച് ദുഃഖ വെള്ളിയാഴ്ചയാണെന്നാണ് എനിക്ക് തോന്നുന്നത്. എന്നാൽ ഭരണപക്ഷത്തിനും കേരളത്തിലെ ജനങ്ങൾക്കും അത് ഗുഡ് ഫ്രൈഡെ ആയിരുന്നു. ഈസ്റ്ററിനെ വരവേൽക്കാനുള്ള ഗുഡ് ഫ്രൈഡെ. ഒറ്റ സ്നാപ്പിൽ ഒതുക്കാനാവില്ല ഒരു കർമ്മത്തിന്റെ സത്യമെന്ന് കെ. ജി. ശങ്കരപ്പിള്ള ഒരു കവിതയിൽ എഴുതിയിട്ടുണ്ട്. അത് ഈ ബജറ്റ് അവതരണത്തിലും ബാധകമാക്കാം. ബജറ്റ് അവതരണത്തിന് വരുമ്പോൾ 'സർ, 2017-18-ലെ ബജറ്റ് ഞാൻ നിയമസഭ മുമ്പാകെ അവതരിപ്പിക്കുകയാണ് ' എന്നു പറഞ്ഞാൽ ബജറ്റ് അവതരണമായി എന്ന റൂളിംഗ് ബഹുമാനപ്പെട്ട മുൻ സ്പീക്കർ എൻ. ശക്തന്റേതാണ്. 2015 മാർച്ച് 13-ന് ശ്രീ. കെ. എം. മാണി ബജറ്റ് അവതരിപ്പിച്ചപ്പോൾ 'സർ, ഞാൻ നിയമസഭ മുമ്പാകെ ബജറ്റ് അവതരിപ്പിക്കുകയാണ് ' എന്നുമാത്രമായിരുന്നു പറഞ്ഞത്. അതുപോലും ബഹളത്തിനിടയിൽ ആരും കേട്ടില്ല. അന്ന് ലഡ്ഡു പൊട്ടിച്ചവരാണ് ഇപ്പോൾ ആരാധ്യനായ ഡോ. ടി. എം. തോമസ് ഐസക്കിനെതിരെ യുദ്ധത്തിന് ഇറങ്ങുന്നതെന്ന് ഓർക്കുമ്പോൾ ദുഃഖം തോന്നുന്നു. പ്രകൃതിയെയും മാനവികതയെയും ഉയർത്തിപ്പിടിക്കുന്ന മറ്റനേകം പദ്ധതികൾ അടങ്ങിയ ഈ ബജറ്റിൽ തൃശ്ശൂർ, എറണാകുളം ജില്ലകളിലെ തീരദേശവാസികളുടെ ചിരകാലസ്വപ്നമായ അഴീക്കോട്-മുനമ്പം പാലത്തിന് 160 കോടി രൂപ അനുവദിച്ചിരിക്കുന്നു. ഇതിന് കയ്പമംഗലം മണ്ഡലത്തിന്റെ പേരിൽ ഹൃദയംഗമായ നന്ദി പറയാൻകൂടി ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

1.30 PM]

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: സർ, ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ അവതരിപ്പിച്ച ബജറ്റിനെ കേരളീയ സമൂഹവും പുറത്തുനിൽക്കുന്ന ആയിരക്കണക്കിന് മലയാളികളും അഭിനന്ദിക്കുന്നുവെന്നുമാത്രമല്ല കേരളത്തിൽ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റ് ദൂരെപ്പോയി താമസിക്കുന്നവരും പണിയെടുക്കുന്നവരുമായ മലയാളികൾക്ക് ഏറ്റവും സന്തോഷകരമായ വാർത്തയാണ്. കക്ഷി-രാഷ്ട്രീയം നോക്കാതെ എല്ലാ വിഭാഗത്തിൽപ്പെട്ടവരുടെയും നാടിന്റെയും ക്ഷേമത്തിനുവേണ്ടി അവതരിപ്പിച്ച എന്നതാണ് ഈ ബജറ്റിന്റെ ഒരു പ്രത്യേകത. ഈ ബജറ്റ് അവതരിപ്പിക്കുന്ന

കാലഘട്ടം നമുക്കെല്ലാവർക്കുമറിയാം. കേന്ദ്ര ഗവൺമെന്റിന്റെ നോട്ടു നിരോധനവുമായി ബന്ധപ്പെട്ട് നമ്മുടെ നാട് ഏറ്റവും ഞെരുങ്ങുന്ന ഒരു കാലഘട്ടത്തിലായിരുന്നു ഈ ബജറ്റ് തയ്യാറാക്കിയത്. അതിനോടനുബന്ധിച്ചുണ്ടായ ബുദ്ധിമുട്ടുകളെക്കുറിച്ചും നോട്ട് നിരോധനം നമ്മുടെ നാട്ടിലുണ്ടാക്കിയ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചുമൊക്കെ നമുക്കെല്ലാവർക്കും അറിയാം. ആ പ്രതിസന്ധിയിൽ നിന്ന് നമ്മുടെ നാട് എങ്ങനെ മറികടക്കണമെന്നതിനെക്കുറിച്ച് വളരെ ന്യായമായി, ശാസ്ത്രീയമായി അവതരിപ്പിച്ചതായതുകൊണ്ടാണ് ഈ ബജറ്റിനെ എല്ലാവർക്കും അംഗീകരിക്കാൻ കഴിയുന്നത്. നമ്മുടെ നാടിന്റെ വികസനത്തിനുവേണ്ടി ധാരാളം നിർദ്ദേശങ്ങൾ ഈ ബജറ്റിൽ വച്ചിട്ടുണ്ട്. കക്ഷിയോ രാഷ്ട്രീയമോ നോക്കാതെ എല്ലാവർക്കും തുക വകയിരുത്തി എന്നതാണ് എല്ലാവരും ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കാനുള്ള ഒരു പ്രധാനപ്പെട്ട കാര്യം.

ഞങ്ങളുടെ ജില്ലയിൽ നിന്ന് തുടങ്ങാം. കാസർഗോഡ് ജില്ലയ്ക്ക് 90 കോടി രൂപയുടെ ഒരു പുതിയ പാക്കേജ് പ്രഖ്യാപിച്ചിരിക്കുകയാണ്. അഞ്ച് അസംബ്ലി മണ്ഡലം മാത്രമുള്ള ഒരു ചെറിയ ജില്ലയാണ്. തുല്യമായി വീതിച്ചാൽ ഓരോ എം.എൽ.എ.-മാർക്കും 18 കോടി രൂപ ലഭിക്കും. ബജറ്റിൽ പറഞ്ഞ സംഖ്യക്ക് പുറമേയാണിത്. മോശമല്ലാത്ത ബജറ്റ് തുകയാണ് ജില്ലയിലെ പൊതുകാര്യങ്ങൾക്ക് വേണ്ടി ചെലവഴിക്കാൻ നീക്കിവച്ചത്. ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ ജനപ്രതിനിധികളും എം.പി.-യുമടക്കമുള്ള യോഗത്തിലാണ് 90 കോടി രൂപ എന്തിനുവേണ്ടി ചെലവഴിക്കാമെന്ന് തീരുമാനിച്ചത്. ഞങ്ങളുടെ ജില്ലയുടെ വികസനത്തിനുവേണ്ടി ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് അദ്ദേഹം ചെയ്തിട്ടുള്ളത്, അദ്ദേഹത്തെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. അതിനുപുറമെ കർണ്ണാടകത്തെ എന്റെ മണ്ഡലവുമായി ബന്ധിപ്പിക്കുന്ന ഒരു പ്രധാനപ്പെട്ട റോഡുണ്ട്. ബാംഗ്ലൂരിൽ നിന്ന് നേരെ വരുന്ന റോഡാണ്. ബേക്കൽ ടൂറിസ്റ്റ് ഏരിയയുമായി ബന്ധിപ്പിക്കുന്ന ഒരു പ്രധാനപ്പെട്ട റോഡാണ്. ആ റോഡിന്റെ വികസനത്തിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും അതിനുമുമ്പും ധാരാളം നിർദ്ദേശങ്ങൾ വച്ചെങ്കിലും ഒരു ഗവൺമെന്റും പരിഗണിച്ചില്ല. ഈ ബജറ്റിൽ ആ റോഡിനുവേണ്ടി 50 കോടി രൂപയാണ് ഡോ. ടി. എം. തോമസ് ഐസക് മാറ്റിവച്ചത്. അദ്ദേഹത്തെയും ഗവൺമെന്റിനെയും ഞാൻ വ്യക്തിപരമായി അഭിനന്ദിക്കുകയാണ്. അത്ര വലിയ ബജറ്റാണിത്. ഈ അഭിപ്രായം എനിക്ക് മാത്രമല്ല. ഈ മാസം ആറാം തീയതി രാവിലെ ദിനപ്പത്രം വായിക്കുന്ന കൂട്ടത്തിൽ വീക്ഷണം ദിനപ്പത്രവും വായിച്ചു. വീക്ഷണം കോൺഗ്രസ്സിന്റെ ദിനപ്പത്രമായതുകൊണ്ടാണ് എടുത്തുപറയുന്നത്. അഞ്ചാം തീയതി വൈകുന്നേരം കോവളം എം.എൽ.എ. കോവളം ഗസ്റ്റ് ഹൗസിൽ വച്ച് ഒരു പത്രസമ്മേളനം നടത്തി. 'ഈ

ബജറ്റിന്റെ വകയായി എന്റെ മണ്ഡലത്തിൽ ഇതുവരെ കിട്ടാത്ത സംഖ്യയാണ് അനുവദിച്ചുകിട്ടിയിട്ടുള്ളത്. 190 കോടി രൂപ കോവളം മണ്ഡലത്തിന് അനുവദിച്ചു കിട്ടിയെന്ന് കോവളം എം.എൽ.എ. ആ പത്രസമ്മേളനത്തിൽ പരസ്യമായി പറയുകയും അക്കാര്യം വീക്ഷണം ദിനപ്പത്രത്തിൽ നല്ല ഹെഡ്ഡിംഗോടെ വരികയും ചെയ്തുവെന്നുള്ളത് പ്രത്യേകതയാണ്. പക്ഷേ ഇന്ന് അവർ സഭ ബഹിഷ്കരിച്ചു പോകുകയാണ്. ബഹിഷ്കരിച്ചു പോയത് കേൾക്കാൻ കഴിയില്ല എന്നതു കൊണ്ടാണോ, ഇതിനെതിരായി വോട്ട് ചെയ്യാൻ കഴിയാത്തതുകൊണ്ടാണോ എന്നറിയില്ല. അത് അവരുടെ കാര്യമാണ്. പക്ഷേ സഭ ബഹിഷ്കരിച്ചു പോയിരിക്കുകയാണ്. കക്ഷി രാഷ്ട്രീയമില്ലാതെ എല്ലാവരെയും ഈ ബജറ്റ് പരിഗണിച്ചുവെന്ന് പറയാൻ വേണ്ടിയാണ് ഞാൻ ഈ ഉദാഹരണം പറഞ്ഞത്. കിഫ്ബിക്ക് വേണ്ടിയുള്ള ഫണ്ട് എവിടെനിന്ന് കിട്ടുമെന്നാണ് ഇവിടെ നടക്കുന്ന ചർച്ചയിൽ എല്ലാവരും ചോദിക്കുന്നത്. ഈ ബജറ്റിൽ വകയിരുത്തിയ കാര്യം കിഫ്ബിക്കുവേണ്ടി മാത്രമാണോ? ചെയ്ത ഓരോ കാര്യവും എടുത്തുനോക്കൂ. എത്ര കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഇതെല്ലാം നമ്മൾ അതാത് കാലത്ത് തീർക്കേണ്ടതാണ്. കിഫ്ബിയിൽ ഫണ്ടില്ല എന്നത് കാര്യമാണോ; അപ്പോൾ ബജറ്റ് സംഖ്യയോ? പ്രവാസികളുടെ പെൻഷൻ 500 രൂപയിൽനിന്നും ഈ ഗവൺമെന്റ് 2000 രൂപയാക്കി വർദ്ധിപ്പിച്ചു. എത്ര പ്രധാനപ്പെട്ട കാര്യമാണ്; ലോകത്തിലെ മലയാളികളെല്ലാം അഭിനന്ദിക്കാൻ പ്രധാനപ്പെട്ട കാര്യം അതുതന്നെയാണ്. ഇത് കിഫ്ബിയിൽ നിന്നും കാശ് കിട്ടി കൊടുക്കാനുള്ളതല്ല; ബജറ്റിൽ നിന്നും കൊടുക്കാനുള്ളതാണ്. പ്രവാസികളുടെ ക്ഷേമത്തിനുവേണ്ടി 18 കോടി രൂപ നീക്കിവച്ചു. അവരുടെ മരണം, വിവാഹം തുടങ്ങിയ കാര്യങ്ങൾക്കുവേണ്ടി 13 കോടി രൂപ വേറെയും നീക്കിവച്ചു. പെൻഷൻ 2000 രൂപയാക്കി എന്നുമാത്രമല്ല ഇക്കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി 32 കോടി രൂപ വേറെയും മാറ്റിവച്ചു.

നമ്മുടെ നാട്ടിലെ പ്രധാനപ്പെട്ട വിഷയമാണ് റോഡുമായി ബന്ധപ്പെട്ടുള്ളത്. എന്റെ മണ്ഡലത്തിലും എന്റെ ജില്ലയ്ക്കും മാത്രമല്ല, ഞങ്ങളുടെ ജില്ലയിലെ എല്ലാ റോഡുകൾക്കും കക്ഷി രാഷ്ട്രീയമില്ലാതെ, എല്ലാ അംഗങ്ങൾക്കും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി കോടിക്കണക്കിന് രൂപ കൊടുത്തു. കാസർഗോഡും മഞ്ചേശ്വരത്തും തൃക്കരിപ്പൂരും എല്ലാം ഒരേപോലെ കൊടുത്തു. ആരോടും വിവേചനം കാണിച്ചിട്ടില്ല. മുമ്പ് അങ്ങനെയായിരുന്നോ? മുമ്പ് ഭരണകക്ഷിക്കാർക്ക് മാത്രമാണ് നൽകിയിരുന്നത്, പ്രതിപക്ഷക്കാർക്ക് ഒന്നുമില്ല എന്ന രീതിയായിരുന്നു. പക്ഷേ നാടിന്റെ വികസനം, റോഡിന്റെ വികസനം ഏതെങ്കിലും ഒരു കക്ഷിക്കോ രാഷ്ട്രീയപാർട്ടിക്കോ അല്ല എന്ന് മനസ്സിലാക്കി ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രി കോടിക്കണക്കിന് രൂപ എല്ലാവർക്കും കൊടുത്തു. അതുകൊണ്ടാണ്

ഈ ബജറ്റിനെ ജനകീയ ബജറ്റെന്ന് ഞങ്ങൾ പറയുന്നത്. നമ്മുടെ കാർഷിക മേഖല പ്രധാനപ്പെട്ട ഘടകമാണ്. കേരളത്തിന്റെ പൊതു ഫണ്ട് ചെലവഴിക്കുന്ന കാര്യത്തിൽ 60-65 ശതമാനം സംഖ്യയും ചെലവഴിക്കുന്നത് ഉദ്യോഗസ്ഥർക്ക് വേണ്ടിയാണ്. കേരളത്തിന്റെ ജനസംഖ്യയുടെ 2.5 ശതമാനം മാത്രമേ ഉദ്യോഗസ്ഥരുള്ളൂ, ബാക്കിയുള്ള ന്യൂനപക്ഷം അടക്കമുള്ള പിന്നോക്ക വിഭാഗത്തിൽപ്പെട്ട സാധാരണക്കാരനെ സഹായിക്കുന്ന ഒരു ബജറ്റാക്കി ഇതിനെ മാറ്റാൻ കഴിഞ്ഞുവെന്നതാണ് പ്രധാനപ്പെട്ട കാര്യം. ഉദ്യോഗസ്ഥർക്കു വേണ്ടി മാത്രമല്ല ഈ ബജറ്റ്; സമൂഹത്തിലെ ഭൂരിപക്ഷം വരുന്ന കാർഷിക മേഖലയെ സഹായിക്കാൻ സാധിച്ചു. പാൽസംഘത്തിനുവേണ്ടി മാത്രം 308 കോടി രൂപ അനുവദിച്ചു. ഇതിനുമുമ്പ് ഇത്രയും തുക അനുവദിച്ചിട്ടുണ്ടോ? ഡയറി മേഖലയ്ക്ക് 97 കോടി രൂപ അനുവദിച്ചു. ക്ഷീര കർഷക പെൻഷൻ 1100 രൂപയാക്കി. ക്ഷീരമേഖല ശക്തിപ്പെട്ടെങ്കിൽ മാത്രമേ നമുക്കെല്ലാവർക്കും ജീവിക്കാൻ കഴിയൂ എന്നറിയാം. അല്ലെങ്കിൽ അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന മായം കലർന്ന പാലാണ് ഉപയോഗിക്കേണ്ടിവരിക. ആ പാൽ മാത്രം പോരാ, നമ്മുടെ നാട്ടിൽ ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കണം. ക്ഷീര കൃഷിക്കാരെ സഹായിക്കണം. അതിനുവേണ്ടി പല നടപടികളും സ്വീകരിച്ചതിന്റെ ഭാഗമായിട്ടാണ് അവരുടെ പെൻഷൻ 1100 രൂപയാക്കിയത്. ക്ഷീരസംഘങ്ങൾക്ക് 30 കോടി രൂപ വേറെയും നീക്കിവച്ചു. അതിലുപരിയായാണ് കർഷക പെൻഷൻ. കഴിഞ്ഞ ബജറ്റിൽ ഗവൺമെന്റ് അത് പ്രഖ്യാപിച്ചില്ല എന്നുപറഞ്ഞ് നമ്മുടെ നാട്ടിൽ വലിയ ആക്ഷേപമായിരുന്നു. ഇന്നലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അത് വീണ്ടും എടുത്തുപറഞ്ഞു. കർഷക പെൻഷൻ നൽകാനുള്ള നടപടികളെല്ലാം പൂർത്തീകരിച്ചുകഴിഞ്ഞു. മാർച്ചുമാസം വരെയുള്ള പെൻഷൻ മുഴുവൻ നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. നിബന്ധന മാറ്റിയത് രണ്ടാമത്തെ കാര്യം, അത് മാറ്റിയേ കഴിയൂ. എല്ലാവർക്കും മൂന്നും നാലും പെൻഷൻ വാങ്ങാൻ കഴിയില്ലല്ലോ. നിബന്ധനകൾ വച്ചുകൊണ്ട് മുഴുവൻ ആളുകൾക്കും കർഷക പെൻഷൻ നൽകാൻ തീരുമാനിച്ച ഒരു ഗവൺമെന്റിനെയും അത് പ്രഖ്യാപിച്ച ധനകാര്യ വകുപ്പ് മന്ത്രിയെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്.

നെല്ല് സംഭരത്തിനായി 700 കോടി രൂപ നീക്കിവച്ചു. നെല്ല് സംഭരിക്കാൻ 700 കോടി രൂപ നൽകിയ ഏത് ഗവൺമെന്റാണുള്ളത്? സംഭരിച്ച നെല്ലിന്റെ കാശുപോലും നൽകാത്ത അവസ്ഥയായിരുന്നു നമ്മുടെ നാട്ടിലുണ്ടായിരുന്നത്. റബ്ബർ മേഖല തകരുകയാണ്, അതിനുകാരണം കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക-രാഷ്ട്രീയ നയമാണെന്ന് എല്ലാവർക്കുമറിയാം. എന്നാൽ ചൈന ഇഷ്ടംപോലെ റബ്ബർ വാങ്ങാൻ തീരുമാനിച്ചതിന്റെ ഫലമായി ലോക മാർക്കറ്റിൽ

കുറച്ച് വില ഉയർന്നു. അതാണ് കേരളത്തിലെയും റബ്ബറിന്റെ വില വർദ്ധനവിന് പ്രധാന കാരണം. റബ്ബറിന്റെ വില 150 രൂപയിൽ കുറയാതെ നിർത്തണമെന്ന് ഗവൺമെന്റ് തീരുമാനിക്കുകയും അതിന് 500 കോടി രൂപ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിക്കുകയും ചെയ്തു. കാർഷിക മേഖലയെ ശക്തിപ്പെടുത്താൻ, അത് പാൽ ആയാലും നെല്ല് ആയാലും മറ്റു നാണ്യവിളകളായാലും എല്ലാറ്റിനെയും സഹായിക്കാൻ ധാരാളം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നത് പ്രധാനപ്പെട്ട വസ്തുതയാണ്.

കെ.എസ്.ആർ.ടി.സി.-ക്ക് 3000 കോടി രൂപ പ്രഖ്യാപിച്ചതിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരുടെ ഓവർടൈം പിൻവലിക്കുന്നുവെന്ന് ബജറ്റിൽ പറഞ്ഞിട്ടുള്ളത് നല്ല കാര്യമാണ്. ഒരു ജീവനക്കാരന് രണ്ടും മൂന്നും ദിവസത്തെ ശമ്പളം ഒന്നിച്ച് ഒരു ദിവസം കൊടുക്കുന്ന വ്യവസ്ഥ മാറ്റുന്നത് പ്രധാനപ്പെട്ട കാര്യമാണ്. അതുമാത്രമല്ല കെ.എസ്.ആർ.ടി.സി.-യുടെ തകർച്ചയെക്കുറിച്ച് ഗൗരവമായ പഠനം നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കെ.എസ്.ആർ.ടി.സി. നോക്കി നടത്തുന്നതിനുവേണ്ടി ചുമതലപ്പെടുത്തിയത് ഐ.എ.എസ്. ഉദ്യോഗസ്ഥരെയാണ്. ബസ് ഓടിക്കുന്നതിന് ഐ.എ.എസ്. ഉദ്യോഗസ്ഥർ എന്തിനാണ്; ഐ.എ.എസ്. ഉദ്യോഗസ്ഥർ എപ്പോഴെങ്കിലും ഭരണം നേരെ കൊണ്ടുപോയിട്ടുണ്ടോ? അവർ പത്ത് നിലയുള്ള കെട്ടിടം നിർമ്മിക്കുകയാണ്. അവർക്ക് എന്തിനാണ് പത്ത് നില കെട്ടിടം. തിരുവനന്തപുരത്തുള്ള കെട്ടിടം വല പിടിച്ച് കിടക്കുകയാണ്. കോഴിക്കോട് പത്ത് നില കെട്ടിടമുണ്ട്. ആരാണ് അതിനകത്ത് പോകുന്നത്; അതിന് പലിശ കൊടുക്കാൻ കഴിയുമോ; നല്ല മാനേജുമെന്റ് ആകുമ്പോൾ ആ സ്ഥാപനത്തെ സംരക്ഷിക്കാൻ കഴിയണ്ടേ? ബസ് സ്റ്റാൻഡ് നിർമ്മിക്കേണ്ടത് കോർപ്പറേഷനും മുനിസിപ്പാലിറ്റിയും പഞ്ചായത്തുമാണ്. എന്തിനാണ് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് നിർമ്മിക്കാൻ പോകുന്നത്? കെ.എസ്.ആർ.ടി.സി. എന്ന സ്ഥാപനത്തെ തകർത്തത് അതിന്റെ മാനേജ്മെന്റാണ്. ബസിന്റെ തകരാർ കണ്ടുപിടിക്കാൻ ഒരു എഞ്ചിനീയർ പോരേ; കെ.എസ്.ആർ.ടി.സി.-യുടെ എം.ഡി./മാനേജർ എന്നീ തസ്തികകളിൽ എഞ്ചിനീയറെ നിയമിച്ചാൽ പോരെ; എന്തിനാണ് ഐ.എ.എസ്. ഓഫീസർ? കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കാൻ ശേഷിയുള്ള ഉദ്യോഗസ്ഥരെ/ മാനേജ്മെന്റിനെ നിയമിക്കാത്തതിന്റെ ഫലമായാണ് ആ സ്ഥാപനം തകർന്നു പോയതെന്നാണ് എന്റെ അഭിപ്രായം. അത് ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കണം. അത് പരിശോധിക്കുമെന്ന് മന്ത്രിയുടെ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞത് നല്ല കാര്യമാണ്. മാനേജ്മെന്റുകൾക്ക് മാത്രമല്ല, ജീവനക്കാർക്കും

ഇക്കാര്യത്തിൽ വലിയ പങ്കുണ്ട്. തന്റെയും തന്റെ കുടുംബത്തിന്റെയും അതുപോലെ നാട്ടുകാരുടെയും യാത്രയ്ക്ക് ഉപകരിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. എന്നുള്ളത് ജീവനക്കാർ മനസ്സിലാക്കണം. അതിനെ സംരക്ഷിക്കാനുള്ള ധാർമ്മികത അവർക്കുണ്ടാകണം. അത് ഉണ്ടാകുന്നില്ല എന്നതാണ് പ്രധാനപ്പെട്ട കാര്യം.

പതിനാറായിരത്തി ചില്ല്വാനം ആളുകൾക്ക് അഞ്ച് വർഷത്തിനുള്ളിൽ വീട് കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരുന്നു. എന്നാൽ ഈ വർഷത്തെ ബജറ്റിൽ ഒരു ലക്ഷം പേർക്ക് വീട് കൊടുക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഭവനരഹിതരായ ആളുകൾക്ക് വീടും സ്ഥലവും കൊടുത്ത് സഹായിക്കാൻ തീരുമാനിച്ച വേറെ ഏത് ഗവൺമെന്റാണ് ഇതിനുമുമ്പുണ്ടായിട്ടുള്ളത്. ഈ ഗവൺമെന്റ് മാത്രമേ ഉണ്ടായിട്ടുള്ളൂ, അതുകൊണ്ടാണ് നാട്ടിലെ മുഴുവൻ ആളുകളും ഈ ഗവൺമെന്റിനെ അംഗീകരിക്കുന്നത്.

ആരോഗ്യ വകുപ്പിന് കോടിക്കണക്കിന് രൂപയാണ് ബജറ്റിൽ നീക്കിവച്ചിട്ടുള്ളത്. പതിമൂവായിരത്തി എഴുന്നൂറ്റി ചില്ല്വാനം ഡോക്ടർമാരെയും പതിനായിരത്തോളം നഴ്സുമാരെയും നിയമിക്കാൻ തീരുമാനിച്ചു. ഇതിനൊന്നും കിഫ്ബിയിൽ നിന്നല്ല കാശ് കൊടുക്കുന്നത്. ട്രഷറിയിൽ നിന്നും കൊടുക്കാനാണ് ബജറ്റിൽ പറഞ്ഞിരിക്കുന്നത്. അങ്ങനെ കോടിക്കണക്കിന് രൂപയാണ് നമ്മുടെ നാട്ടിലെ ആരോഗ്യ മേഖലയ്ക്കായി ഗവൺമെന്റ് മാറ്റിവച്ചത്. സാധാരണക്കാരായ ജനങ്ങൾക്ക് സൗജന്യമായി മരുന്ന് കൊടുക്കുന്നതിന് പത്ത് കോടി രൂപ മാറ്റി വച്ചിരിക്കുകയാണ്. വിലക്കയറ്റമുണ്ടാക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയത്തിന്റെ ഫലമായി സാധാരണക്കാരന് മരുന്ന് വാങ്ങാൻ കഴിയാത്ത അവസ്ഥയാണ് ഇന്ന് കേരളത്തിലുള്ളത്. മോദിയുടെ ഗവൺമെന്റ് രാജ്യമാകെ സന്ദർശനം നടത്തി ഏറ്റവും കൂടുതൽ സമ്പത്തുണ്ടാക്കിക്കൊടുത്തത് മരുന്ന് കമ്പനികൾക്കാണ്. അങ്ങനെയുള്ള കാലഘട്ടത്തിലാണ് നമ്മുടെ നാട്ടിൽ മരുന്ന് സൗജന്യമായി കൊടുക്കുന്നതിനുവേണ്ടി തുക മാറ്റിവയ്ക്കുന്നുവെന്ന് ബജറ്റിൽ പറയുന്നത്. അത്രയും മനോഹരമായ ബജറ്റായതുകൊണ്ടാണ് നമ്മുടെ നാട്ടിലെ മുഴുവൻ ആളുകളും ഈ ഗവൺമെന്റിനെ അംഗീകരിക്കുന്നത്.

വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ചിടത്തോളം 45000 ക്ലാസ്സ് മുറികൾ ഹൈടെക്കാക്കി മാറ്റാൻ തീരുമാനിച്ചിരിക്കുകയാണ്. എല്ലാ ഗവൺമെന്റ് സ്കൂളുകളും പൂട്ടിക്കോ, പകരം നമ്മുടെ നാട്ടിൽ അൺ എയ്ഡഡ് സ്കൂളുകൾ മാത്രം മതി എന്നതായിരുന്നു മുൻ ഗവൺമെന്റിന്റെ നിലപാട്. ബസിനും ഉച്ചഭക്ഷണത്തിനും മറ്റും കാശ് കൊടുക്കുന്നവന്റെ മക്കൾ മാത്രം പഠിച്ചാൽ മതി എന്നായിരുന്നു മുൻ

ഗവൺമെന്റ് തീരുമാനിച്ചത്. എന്നാൽ ഈ ഗവണ്മെന്റ് പറഞ്ഞു, സാധാരണക്കാരന്റെ മക്കൾ പഠിക്കേണ്ടത് ഗവൺമെന്റ് സ്കൂളിലാണ്. ആ ഗവണ്മെന്റ് സ്കൂളുകൾ ഹൈടെക് ആക്കണമെന്നും മറ്റ് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കണമെന്നും പറഞ്ഞതിന്റെ ഫലമായാണ് 45,000 ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുമെന്ന് ബജറ്റിൽ പ്രഖ്യാപിച്ചതും അതിനുള്ള തുക നീക്കിവച്ചതും. ഇത് കിഫ്ബിയിൽ നിന്നും കൊടുക്കാനല്ല. എല്ലാവരും കിഫ്ബിക്ക് എതിരാണ്. കിഫ്ബിയെക്കുറിച്ച് നേരത്തേ എല്ലാവരും പറഞ്ഞതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് കൂടുതലൊന്നും പറയാൻ ഉദ്ദേശിക്കുന്നില്ല. ഈ ഗവൺമെന്റ് ആറ് റവന്യൂ ജില്ലകൾ പ്രഖ്യാപിച്ചു. കോടിക്കണക്കിന് രൂപയാണ് ചെലവ് വരുന്നത്. അത് നമ്മുടെ നാട്ടിലെ കൃഷിക്കാരനും സാധാരണക്കാരനും എല്ലാവർക്കും ഉപകരിക്കുന്ന പ്രധാനപ്പെട്ട കാര്യമാണ്. എന്റെ മണ്ഡലവും ജില്ലയും തീരദേശമേഖല ഉൾപ്പെടുന്നതാണ്. 216 കോടി രൂപ തീരദേശ മേഖലയ്ക്കുവേണ്ടി മാറ്റിവച്ചത് പ്രധാനപ്പെട്ട കാര്യമാണ്. ജലസേചന വകുപ്പുമന്ത്രിയോടും ഗവൺമെന്റിനോടും പ്രധാനപ്പെട്ട ഒരു കാര്യം പറയാനുള്ളത്, ഈ തുക ചെലവഴിക്കാൻ ഉദ്യോഗസ്ഥർ സമ്മതിക്കുന്നില്ല എന്നുള്ളതാണ്. പി.ഡബ്ല്യു.ഡി. മന്ത്രി ചെയ്യുന്നതുപോലെ കർശനമായി പറഞ്ഞ് ആ ഉദ്യോഗസ്ഥന്മാരെ നിലയ്ക്ക് നിർത്താൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എന്റെ ജില്ലയിൽ കടൽഭിത്തി നിർമ്മിക്കാൻ 8 കോടി രൂപ അനുവദിച്ചതാണ്. പക്ഷേ, ഉദ്യോഗസ്ഥർ അനുവദിക്കുന്നില്ല. അതിന് ഐ.ഐ.ടി. പഠനം നടത്തണമെന്നാണ് പറയുന്നത്. ഐ.ഐ.ടി. പഠനം കേരളത്തിൽ എവിടെയുമില്ല. ഐ.ഐ.ടി. പഠനം നടത്തിയാൽ മാത്രമേ ഈ സംഖ്യ ചെലവഴിക്കാൻ സാധിക്കൂ എന്ന വ്യവസ്ഥ മാറ്റാൻ മന്ത്രിമാരും ഗവൺമെന്റും സഹായിക്കണമെന്നാണ് എനിക്ക് അവസാനമായി പറയാനുള്ളത്. വ്യവസായത്തിനും പൊതുമേഖലയ്ക്കും കുടിവെള്ളത്തിനും കൊടുത്ത കോടികളുടെ കണക്ക് പറഞ്ഞാൽ പ്രതിപക്ഷത്തുള്ളവർ ഞെട്ടിപ്പോകും. അങ്ങനെ ഏറ്റവും കൂടുതൽ സംഖ്യ പൊതുമേഖലയ്ക്ക് ചെലവഴിക്കുന്ന, പൊതുമേഖല പ്രസ്ഥാനത്തെ നിലനിർത്താൻ സഹായിക്കുന്ന ഗവൺമെന്റാണിത്. ആ ഗവൺമെന്റിന്റെ ബജറ്റിന്റെ ഭാഗമായി അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

1.45 PM]

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ദീർഘമായി മറുപടി പറയേണ്ട പ്രശ്നങ്ങളൊന്നും ഇവിടെ ഉന്നയിക്കപ്പെട്ടിട്ടില്ല. ഒരു ചെറിയ തിരുത്തുണ്ട്. ഞാൻ എഴുതി അവതരിപ്പിച്ച ബജറ്റിൽ 70-ാം പേജിൽ 157-ാം ഹെഡ്ഡിലെ 43-ാം നമ്പരായി ചേർത്തിരിക്കുന്ന 'നെടുപുഴ റെയിൽവേ

പാലം' എന്നുള്ളതിൽ ഒരു തിരുത്ത് ഉണ്ടെന്ന് നേരത്തെ പറഞ്ഞിരുന്നു. ആ തിരുത്ത് ഇല്ല. ആ ഹെഡ്ഡിലോ ടൈറ്റിലിലോ മാറ്റമില്ല, ആ ഹെഡ് അങ്ങനെതന്നെ നിൽക്കുകയാണ്. സർവ്വശ്രീ. ഡി. കെ. മുരളി, കെ. കുഞ്ഞിരാമൻ, പി. ടി. എ. റഹീം എന്നീ എം.എൽ.എ.-മാർ ആവശ്യപ്പെട്ട ചില കാര്യങ്ങൾ ബജറ്റിൽ ഇല്ലായിരുന്നെന്നും തുക കുറഞ്ഞുപോയെന്നും പറഞ്ഞിട്ടുണ്ട്. അതൊന്നും നമുക്ക് പുതിയതായി ചേർക്കാൻ കഴിയില്ല. ടൈറ്റിൽ അംഗീകരിച്ച് കഴിഞ്ഞിരിക്കുന്നു. പക്ഷെ, പൊതുമരാമത്തിന്റെ രണ്ടാം വാല്യത്തിൽ ടോക്കൺ പ്രൊവിഷനിൽ അഡീഷണൽ പണം നൽകി ആ കുറവ് പരിഹരിക്കാവുന്നതാണ്

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ആകെ ഒരു പരാമർശം വന്നത് ഇറിഗേഷനെക്കുറിച്ചാണ്. ഇറിഗേഷനിൽ മൊത്തം 762 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ മേജർ-മീഡിയം ഇറിഗേഷന് 413 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കൂടാതെ 250 കോടി രൂപയ്ക്ക് വേൾഡ് ബാങ്ക് എയിഡഡ് ആയിട്ടുള്ള ഡാം റീഹാബിലിറ്റേഷൻ പ്രോഗ്രാമുണ്ട്. അത് നമുക്ക് വായ്പായായി കിട്ടുന്നതാണ്. അത് ബജറ്റിലൂടെ ചെലവാക്കുന്നതുകൊണ്ട് സംസ്ഥാന വിഹിതവും വേൾഡ് ബാങ്കിന്റെ വിഹിതവും ഒരുമിച്ച് ചേർക്കും. സി.എസ്.എസ്. ആണെങ്കിൽ അങ്ങനെയല്ല, നമ്മൾ വയ്ക്കുന്ന വിഹിതം മാത്രമേ ചേർക്കുകയുള്ളൂ. ഇത് നമ്മുടെ ബജറ്റിൽനിന്ന് തിരിച്ചടയ്ക്കേണ്ട വായ്പയായതുകൊണ്ട് പൂർണ്ണമായും ഉൾപ്പെടുത്തും. മേജർ-മീഡിയം ഇറിഗേഷന് ഇത്രയും പണം പോരെന്നുള്ള വിമർശനമാണ് പ്രധാനമായും വന്നത്. ഒരുപക്ഷേ, പാലക്കാട് ഒഴിച്ച് ബാക്കിയുള്ളത് എങ്ങനെ അവസാനിപ്പിക്കാമെന്നുള്ളത് ഒരു പ്രശ്നമാണ്. ഒരു രൂപ മുടക്കിയാൽ അതിന് എന്ത് നേട്ടമുണ്ടാകുമെന്ന് നമ്മൾ പരിശോധിക്കണം. കല്ലട ഇറിഗേഷൻ പദ്ധതിക്ക് 700 കോടി രൂപയാണ് മുടക്കിയത്. അത് എത്ര ഏക്കർ നെൽക്കൃഷിക്കാണ് ഉപയോഗിക്കുന്നതെന്ന് പരിശോധിച്ചു നോക്കണം. ഏതായാലും റബ്ബർ പ്ലാന്റേഷനിലേയ്ക്ക് കൈവഴിയിലൂടെ വെള്ളം കൊണ്ടുപോകില്ല. ഇന്ന് കിണർ റീ-ചാർജ്ജിംഗിനാണ് നല്ല പങ്കും ഉപയോഗിക്കുന്നത്. ഇത് ഏറ്റവും ചെലവേറിയ മാർഗ്ഗമാണ്. 760 കോടി രൂപയുടെ കോസ്റ്റ് ബെനിഫിറ്റ് അനാലിസിസിൽ നിൽക്കാത്ത കാര്യമാണ്. കേരളത്തിന്റെ ഭൂപ്രകൃതിയ്ക്ക് അത് അനുയോജ്യമല്ല. പാലക്കാടിന് എക്സംപ്ഷൻ പറഞ്ഞത് സമതലം ആയതുകൊണ്ടാണ്. ബാക്കിയൊക്കെ rolling hills ആണ്. അതിനിടയിൽക്കൂടി വെട്ടി കുന്നിന്റെ മുകളിൽ വെള്ളം കയറ്റാൻ കഴിയുമോ? കേരളത്തിന്റെ ചരിത്രം പരിശോധിച്ചാൽ ഏത് കാലത്താണ് ജലസേചനത്തിന്

വേണ്ടി വൻകിട ഡാം ഉണ്ടായിട്ടുള്ളത്. തമിഴ്നാടോ, വടക്കേ ഇന്ത്യയോ എവിടെ നോക്കിയാലും അവിടത്തെ കേന്ദ്രീകൃത രാജഭരണങ്ങളെല്ലാം രൂപം കൊണ്ടിട്ടുള്ളത് വൻകിട ജലസേചന പദ്ധതികളെ നിലനിർത്താൻ വേണ്ടിയാണ്. അവിടത്തെ സമ്പദ്‌വ്യവസ്ഥ പുരാതനകാലം മുതൽ വളർന്നുവന്നിട്ടുള്ളത്, Asiatic mode of production, വലിയ ജലസേചന പദ്ധതികളെ ആസ്പദമാക്കിയാണ്. കേരളത്തിൽ സ്വാതന്ത്ര്യം കിട്ടുന്നതുവരെ നഞ്ചിനാടിന് പുറത്ത് എവിടെയാണ് ഡാമും ജലസേചന പദ്ധതിയും വന്നിട്ടുള്ളത്? ഇവിടെ നമ്മുടെ ഭൂപ്രകൃതിക്ക് അനുയോജ്യമല്ലാത്ത രീതിയിലുള്ള വൻകിട ഇറിഗേഷൻ പദ്ധതികൾ കൊണ്ടുവന്നു. അതാണെങ്കിൽ തുടങ്ങി അമ്പത് വർഷം കഴിഞ്ഞിട്ടും തീരാത്ത പദ്ധതികളല്ലേ? പുതിയ ഇറിഗേഷൻ ചാനലുകളല്ല, നിലവിൽ ക്രിയേറ്റ് ചെയ്തിട്ടുള്ളതിൽ വെള്ളമുണ്ടെങ്കിൽ അതിനെ എങ്ങനെ ഉപയോഗപ്പെടുത്താം എന്നുള്ളതാണ് പ്രധാനം. നമ്മുടെ പണം കൂടുതലും മൈനർ ഇറിഗേഷൻ, ലിഫ്റ്റ് ഇറിഗേഷൻ, റെഗുലേറ്റർ വച്ച് നദികൾ എങ്ങനെ സംഭരണികളാക്കി മാറ്റാം എന്നുള്ള കാര്യങ്ങളിൽ ഉപയോഗിക്കണം. അവിടെ നിന്ന് ലിഫ്റ്റ് ഇറിഗേഷൻ വഴി വെള്ളം നൽകാനുള്ള സംവിധാനമുണ്ടാകണം. ഇറിഗേഷൻ വേണ്ടെന്നല്ല, എന്നാൽ അതിന്റെ സ്ട്രാറ്റജിയിൽ മാറ്റം വരണം. അതുകൊണ്ടാണ് ഇത്തവണത്തെ ബജറ്റിൽ മേജർ ഇറിഗേഷൻ അവസാനിപ്പിക്കാൻ പണം കൊടുത്തിട്ടുള്ളത്. പ്ലാനിംഗ് ബോർഡിന്റെ റൈറ്റ് അപ് വായിച്ചാൽ മനസ്സിലാകും. എത്ര പെട്ടെന്ന് കഴിയുമോ അത്രയും പെട്ടെന്ന് അവസാനിപ്പിക്കുവാൻ വേണ്ടിയാണ്. നിലവിലുള്ള ഡാമുകളെ റീഹാബിലിറ്റേറ്റ് ചെയ്തുകഴിഞ്ഞാൽ പുതിയ ഡാം പണിയുന്നതിന് തുല്യമാണ്. പകുതി സ്റ്റോറേജ് കപ്പാസിറ്റിയേയുള്ളൂ. അതുകൊണ്ട് വളരെ ഉചിതമായ മാറ്റമാണ് അക്കാര്യത്തിൽ വരുത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം കെ. കൃഷ്ണൻകുട്ടി പറഞ്ഞതുപോലെ, നമുക്ക് ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാനുണ്ടാക്കേണ്ടിവരും. ഇറിഗേഷന് കേന്ദ്രാവിഷ്കൃത പദ്ധതിയിൽനിന്നും കൂടുതൽ പണം വാങ്ങണം. ഇറിഗേഷനു മാത്രമല്ല, എല്ലാറ്റിനും. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കാര്യത്തിൽ പി.എം.ജി.എസ്.വൈ. (Pradhan Mantri Gram Sadak Yojana) പോലെയുള്ള പദ്ധതികൾക്കൊക്കെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന് ഒരു അലംഭാവവുമില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിഹരിക്കാൻ എന്താണ് വേണ്ടതെന്നുള്ളതിനെ കുറിച്ച് ആലോചിക്കാവുന്നതാണ്. കൃഷി വകുപ്പിൽനിന്ന് സ്ഥിരമായി ഒരാളെ ഡൽഹിയിൽ നിർത്താൻ പോകുന്നുവെന്ന് കഴിഞ്ഞ ദിവസം കൃഷി വകുപ്പുമന്ത്രി പറഞ്ഞിരുന്നു. മൊത്തത്തിൽ സർക്കാർ അത് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പണ്ട് നെൽക്കൃഷിക്കുമാത്രമായാണ് ഡാം ഡിസൈൻ ചെയ്തത്. അതിപ്പോൾ മാറി. ക്യാഷ് ക്രോപ്പിനുകൂടി കൊടുത്താൽ വിളവ് നാലോ അഞ്ചോ ഇരട്ടിയാകും. ഏറ്റവും കൂടുതൽ വിദേശനാണ്യം കിട്ടാനുള്ള സാദ്ധ്യതയുണ്ട്. അതുകൊണ്ടിപ്പോൾ കല്ലട ഇറിഗേഷൻ പദ്ധതിക്ക് സ്പോട്ട് ഡെലിവറി സിസ്റ്റം വച്ചു. അത് പരാജയപ്പെട്ടെന്ന് പറയുന്നത് അതിന്റെ നടത്തിപ്പിന്റെ പരാജയമാണ്, ആശയത്തിന്റെ പരാജയമല്ല. ഏഴ് ചീഫ് എഞ്ചിനീയർമാരുണ്ടായിട്ടും അത് നടക്കുന്നില്ല. എന്തുകൊണ്ട് നടക്കുന്നില്ലെന്നാണ് വിലയിരുത്തേണ്ടത്. കല്ലട ഇറിഗേഷൻ പദ്ധതിയുടെ ആകെ തുക 16 കോടി രൂപയായിരുന്നു. ഇപ്പോൾ അത് 700 കോടി രൂപയായി. എന്നിട്ടാണ് അതിന്റെ ഡിസൈൻ മാറ്റി സ്പോട്ട് ഡെലിവറി സിസ്റ്റം കൊണ്ടുവന്നത്. ഇനി ഡിസൈൻ ചെയ്യുമ്പോൾ ക്യാഷ് ക്രോപ്പിനുംകൂടി ഉപയോഗപ്പെടുന്ന രീതിയിൽ ചെയ്യണം. പി.എം.ജി.എസ്.വൈ.-യിൽ വന്നുകഴിഞ്ഞാൽ അതിനെ ഡിസൈൻ ചെയ്ത് മാറ്റാനും കഴിയും. അതുകൊണ്ടാണ് ഞാനിത് പറഞ്ഞത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അക്കാര്യം പരിശോധിക്കാം. ജലസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കുളങ്ങൾ, തോടുകൾ തുടങ്ങി ഓരോ നീർത്തടത്തിലും പരമാവധി വെള്ളം സംഭരിക്കുകയും സംഭരണശേഷി കഴിഞ്ഞുള്ളതുമാത്രം പുറത്തേയ്ക്കുപോകാൻ അനുവദിക്കുകയും ചെയ്യുക എന്നുള്ളതാണ് സർക്കാർ ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന തന്ത്രം. അങ്ങനെ പരമാവധി വെള്ളം സംരക്ഷിക്കുന്നതിന്റെ ഫലമായി ഗ്രൗണ്ട് വാട്ടർ റീ-ചാർജ്ജ് ചെയ്യപ്പെടുന്നു. ആ വെള്ളം നാളികേരത്തിനും മറ്റും ഉപയോഗിക്കുന്നു; ചെറുകിട ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ കൊണ്ടുവരുന്നു. വൻകിട ജലസേചന പദ്ധതികളെ ആസ്പദമാക്കി അതിന്റെ കമാൻഡ് ഏരിയ വികസിപ്പിക്കുന്ന രീതികളിൽനിന്ന് ഇങ്ങനെയൊരു തന്ത്രത്തിലേയ്ക്ക് മാറുകയാണ്. കാരണം ഉയർന്ന സ്ഥലങ്ങളിലേയ്ക്ക് വെള്ളം കയറ്റാൻ പറ്റില്ല. സമനിലത്തിൽ മാത്രമെ ജലസേചനത്തിന് കഴിയുകയുള്ളൂ. പാലക്കാട് ജില്ലയിലെ അനുഭവം വച്ചാണ് ശ്രീ. കെ. കൃഷ്ണൻകുട്ടി പറയുന്നത്. അവിടെ തെങ്ങ് സമതലത്തിൽ തന്നെയാണ് നിൽക്കുന്നത്. അതുകൊണ്ട് പൊള്ളാച്ചിയിലേതുപോലെ അവിടെയും തെങ്ങിന് ജലസേചനം നടത്താം. ബാക്കിയുള്ള സ്ഥലങ്ങളിൽ അങ്ങനെ ചെയ്യാൻ കഴിയില്ല. എങ്കിലും അങ്ങയുടെ പോയിന്റ് വളരെ ഗൗരവമായി എടുക്കേണ്ടതുതന്നെയാണ്.

ഇന്നലെ ഇവിടെ ചർച്ച ചെയ്തപ്പോൾ നിർവ്വഹണത്തെക്കുറിച്ച് പലരും വിമർശിച്ചിരുന്നു. ഇതുവരെയും ഫണ്ടൊന്നും ചെലവാക്കാൻ കഴിഞ്ഞിട്ടില്ലല്ലോ എന്ന വിമർശനം വന്നിരുന്നു. അതുകൊണ്ട് നിർവ്വഹണത്തിന്റെ വേഗത വർദ്ധിപ്പിക്കേണ്ടതുണ്ട്. ഒരു പരിമിതിയുള്ളത്, വൻകിട സ്കീമുകളാണെങ്കിലും റോഡുകളാണെങ്കിലും പാലങ്ങളാണെങ്കിലും 20 കോടി രൂപയിൽ കൂടുതലുള്ളതേ

എടുക്കുന്നുള്ളൂ. അപ്പോൾ അത് ഡിസൈൻ ചെയ്യേണ്ടിവരും, ഇൻവെസ്റ്റിഗേറ്റ് ചെയ്യേണ്ടിവരും. അതൊക്കെ ചെയ്യാനായി ചില പരിമിതികളുണ്ട്. സാധാരണഗതിയിൽ 5000 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തി ചെയ്യുന്നതിനുള്ള ഉദ്യോഗസ്ഥരാണ് നമുക്കുള്ളത്. ഒറ്റയടിക്ക് അതിന്റെ അഞ്ചിരട്ടി (ഇരുപത്തി അയ്യായിരം കോടി രൂപയുടെ) തുകയുടെ പ്രവൃത്തി ചെയ്യണമെന്നുപറഞ്ഞാൽ അവർക്കും കഴിയുകയില്ല. അവരെയും കുറ്റപ്പെടുത്താൻ കഴിയില്ല. ഈ സാഹചര്യത്തിൽ കൂടുതൽ വേഗതയിൽ എങ്ങനെയാണ് കാര്യങ്ങൾ ചെയ്യാൻ കഴിയുക എന്നുള്ളത് പരിശോധിക്കും. അടുത്തകാലത്ത് പി.ഡബ്ല്യൂ.ഡി.-യുടെ ഡിസൈൻ വിംഗ് ശക്തിപ്പെടുത്തുന്നതിനുള്ള തസ്തികകൾ ക്രിയേറ്റ് ചെയ്തിട്ടുണ്ട്. അവർ അംഗീകരിച്ചിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളിൽ കൂടുതൽ എഞ്ചിനീയർമാരെയും മറ്റും നിയോഗിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇത്തരം മാറ്റങ്ങൾക്കാവശ്യമായ പിന്തുണ നൽകുന്നതാണ്.

സെക്രട്ടറി തലത്തിലാണ് ഇതിന്റെ റിവ്യൂ നടന്നുകൊണ്ടിരുന്നത്. മൂന്നുപ്രാവശ്യമെങ്കിലും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിനോട് ചർച്ച ചെയ്തിട്ടുണ്ട്. പുതിയ ബജറ്റിന്റെ പശ്ചാത്തലത്തിൽ ധനകാര്യ വകുപ്പുമന്ത്രികൂടി പങ്കെടുത്ത് ഓരോ ഡിപ്പാർട്ട്മെന്റിന്റെയും പ്രശ്നങ്ങൾ തീരാത്തതെന്തുകൊണ്ടാണെന്നുള്ള കാര്യങ്ങൾ അവലോകനം ചെയ്ത് വേണ്ട തിരുത്തലുകൾ വരുത്തിയിട്ടുണ്ട്. വളരെയധികം ഡിമാന്റുകളുള്ളതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർമാരുടെകൂടി ഇടപെടൽ ഉണ്ടാകണം.

ആറ്റുകാൽ ടൗൺഷിപ്പിനെക്കുറിച്ച് ഇന്നലെ പറഞ്ഞത് ഒന്നും ആയിട്ടില്ല. ആറ്റുകാൽ ടൗൺഷിപ്പിന് ആരെങ്കിലും മുൻകൈ എടുക്കണം. അത് ഉദ്യോഗസ്ഥർക്കുമാത്രം വിട്ടുകൊടുത്താൽ ശരിയാവുകയില്ല. ടൗൺഷിപ്പ് ഡിസൈനിനുള്ളിൽ എന്തുവേണമെന്നത് ഉദ്യോഗസ്ഥർക്ക് മാത്രം തീരുമാനിക്കാൻ കഴിയുന്ന കാര്യമല്ല. അവിടത്തെ ജനപ്രതിനിധികളും കോർപ്പറേഷനും മറ്റ് ബന്ധപ്പെട്ടവരുമെല്ലാം കൂടിച്ചേർന്നുമാത്രമേ ടൗൺഷിപ്പിൽ ഇന്നയിന്ന കാര്യങ്ങൾ വേണമെന്ന് പറയാൻ സാധിക്കുകയുള്ളൂ. നമ്മുടെ കൾച്ചറൽ സമുച്ചയത്തിനുള്ളിൽ എന്തെല്ലാം വേണം, അവിടത്തെ ലോക്കലായിട്ടുള്ള ആവശ്യങ്ങളെന്താണ് എന്നുള്ളതിന്റെ ഇൻപുട്ട് തയ്യാറാക്കാൻ ജനപ്രതിനിധികൾകൂടി വേണം. അതിന്റെ ഒരു കരട് ധാരണ ആയിക്കഴിഞ്ഞാൽ ഇന്ററിം ആയി ഒരു അസസ്മെന്റ് നടത്തി അതിന് എന്തെങ്കിലും മാറ്റം വേണമെന്ന് ആരെങ്കിലും തീരുമാനിച്ചാൽ അത് കിഫ്ബിയിൽനിന്നും നേരിട്ട് ചെയ്തുകൊടുക്കും. സാധാരണ ഗതിയിലുണ്ടാകുന്നതിൽ നിന്നും വ്യത്യസ്തമായി എസ്റ്റിമേറ്റും പ്ലാനും മാത്രമല്ല വേറെ പല കാര്യങ്ങളും കൂടിയുണ്ട്. എന്തുകൊണ്ടാണ് അങ്ങനെ ഇൻസിസ്റ്റ് ചെയ്യുന്നത്. വെറും എസ്റ്റിമേറ്റ് മാത്രം പോര; ഇതുകാണിച്ചാണ് വായ്പയെടുക്കുന്നത്.

ഇലക്ട്രിസിറ്റി ഡിസ്ട്രിബ്യൂഷനുവേണ്ടി ഇപ്പോൾ ആറായിരം കോടി രൂപയുടെ പ്രോജക്ട് അംഗീകരിച്ചിട്ടുണ്ട്. അതിന്റെ നിർവ്വഹണത്തിലേയ്ക്ക് കാര്യങ്ങൾ നീങ്ങുകയാണ്. ഏതെങ്കിലും വിദേശ ഏജൻസിയിൽനിന്ന് ആറായിരം കോടി രൂപയെടുക്കാൻ കഴിയുമെങ്കിൽ അവിടെയും ഇതിന്റെ പ്രോജക്ട് ഷോക്കേസ് ചെയ്യണം. നബാർഡിൽനിന്നോ നീതി ആയോഗിൽനിന്നോ 4000 കോടി രൂപ വായ്പയെടുക്കണമെങ്കിൽ അതിന്റെ പ്രോജക്ടുകളും ജസ്റ്റിഫിക്കേഷനും അവരെ കാണിക്കണം. ബോണ്ട് വയ്ക്കുകയാണെങ്കിലും ജനറലായി ഞങ്ങൾക്ക് കുറച്ച് പണം വേണമെന്നുള്ള ബോണ്ടാണോ വയ്ക്കുന്നത്; അല്ലെങ്കിൽ ഈ നൂറ് പ്രോജക്ടുകൾക്കുവേണ്ടിയുള്ള ബോണ്ടാണോ വയ്ക്കുന്നതെന്ന് പറയാൻ കഴിയണം. അതുകൊണ്ടാണ് സാധാരണ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യപ്പെടുന്ന തിനപ്പുറം കൃത്യതയും മറ്റും ഈ പ്രോജക്ടുകൾക്ക് വേണ്ടിവരുന്നത്. ഇന്നലെ ശ്രീ. കെ. എസ്. ശബരീനാഥന്റെ ചോദ്യത്തിനുള്ള ഉത്തരമായി ഞാൻ പറഞ്ഞത്, 9.5 ശതമാനമാണ് പലിശ വച്ചിരുന്നതെന്നാണ്. അപ്പോൾ അൻപതിനായിരം കോടി രൂപയുടെ പ്രോജക്ടിനും തിരിച്ചടവ് ഒരു ലക്ഷം കോടി രൂപയാകുന്നു. ഉദാഹരണത്തിന്, നാലര ശതമാനം പലിശയ്ക്ക് ഈ വായ്പ കിട്ടിയെന്നിരിക്കട്ടെ, അടുത്ത വർഷവും ഇതുപോലെ ഇരുപത്തയ്യായിരം കോടി രൂപയുടെ പ്രവൃത്തി കൊടുക്കാം. കാരണം, നബാർഡ് പോലെയുള്ള ഏജൻസികളിൽനിന്നാണ് വായ്പ എടുക്കുന്നതെങ്കിൽ 1.5 ശതമാനമോ 3.5 ശതമാനമോ പലിശയ്ക്ക് വായ്പ ലഭ്യമാണ്. ഏഴ് വർഷമല്ല, 30 വർഷത്തേക്ക് വായ്പ കിട്ടാനുള്ള സാദ്ധ്യതയുണ്ട്. അതുകൊണ്ട് ഇനിയുള്ളതെന്താണെന്ന് ഇപ്പോൾ പ്രഖ്യാപിക്കുന്നില്ലെങ്കിലും ഈ വർഷംകൊണ്ട് ഇത് അവസാനിച്ചെന്ന തെറ്റിദ്ധാരണ വേണ്ട. ഇത് വലിയൊരു ഇനിഷ്യേറ്റീവാണ്. ഇന്നലത്തെ എന്റെ വിശദീകരണത്തിൽനിന്നും ആർക്കെങ്കിലും എന്തെങ്കിലും സംശയമുണ്ടാ യിരുന്നെങ്കിൽ അത് തീർന്നുകാണുമെന്ന് ഞാൻ കരുതുകയാണ്.

<u>ശ്രീ. തോമസ് ചാണ്ടി</u>: സർ, ഇപ്പോൾ LIBO rate എത്രയാണ് ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, LIBO rate എത്രയാണെന്നറിയില്ല, രണ്ട് ശതമാനത്തിനപ്പുറം വരില്ല. ജപ്പാനിലെ ഇന്ററസ്റ്റ് റേറ്റ് 'സീറോ'-യാണ്, എന്നിട്ടും അവിടെ വളരുന്നില്ല. അതുകൊണ്ട് അവർക്ക് ഒരിക്കലും ഇന്ററസ്റ്റ് വർദ്ധിപ്പിക്കാൻ കഴിയില്ല. 'ജൈക്കാ' പദ്ധതി കൊണ്ടുവന്ന് ഒന്നര ശതമാനത്തിലും രണ്ട് ശതമാനത്തിലും വായ്പ തരാൻ ശ്രമിക്കുന്നത് അവർക്ക് വലിയ നേട്ടമുള്ളതുകൊണ്ടാണ്. അവർക്ക് സെക്യൂരിറ്റിയും ഗ്യാരന്റിയും കിട്ടും. ഇപ്പോൾ മുതൽ 30 വർഷം കഴിഞ്ഞാണ് റീപേയ്മെന്റ് വരുന്നത്. നമുക്കിത് ഉപയോഗിക്കാൻ കഴിയണം; നമ്മൾ ഇത് ഉപയോഗിക്കുന്നുണ്ട്. ഇതൊരു പുതിയ ഇനിഷ്യേറ്റീവ് ആണ്; അതിൽ യാതൊരു സംശയവും വേണ്ട. നമുക്ക് ഈ മൂലധന

നിക്ഷേപത്തെക്കുറിച്ച് മനസ്സിലാക്കാൻ കൊല്ലങ്ങൾ കാത്തുനിൽക്കേണ്ട ആവശ്യമില്ല; നാലഞ്ച് വർഷങ്ങൾക്കുള്ളിൽ കേരളത്തിൽ അതിന്റെ ഇംപാക്ട് ഉണ്ടാകും. അതിനുള്ള ഒരു ബജറ്റാണ് ഇപ്പോൾ അവതരിപ്പിച്ചത്. എസ്.ഡി.ജി.-യിൽ വച്ച 8,618 കോടി രൂപ ഇതിനകം ചെലവഴിച്ചു കഴിഞ്ഞിട്ടുള്ള പണമാണ്. അതിൽ ഏറ്റവും കൂടുതൽ വരുന്നത്, ക്ഷേമ പെൻഷനുകൾ നൽകാൻവേണ്ടിയുള്ള 2,000 കോടി രൂപയാണ്. അതുകഴിഞ്ഞാൽ പി.ഡബ്ല്യു.ഡി.-ക്ക് വേണ്ടിയുള്ള ആയിരം കോടി രൂപയാണ്. അങ്ങനെ മിക്കവാറും എല്ലായിടത്തും കൂടുതൽ പണം എസ്.ഡി.ജി.യിൽ വരുന്നുണ്ട്. എന്നാൽ അതിലൊരു പ്രശ്നം നമ്മൾ കാണേണ്ടതുണ്ട്. പണം ബജറ്റിൽനിന്നും എടുക്കുമ്പോൾ ചെലവ് കുറവാണെന്ന് പറയുകയും എന്നാൽ എസ്.ഡി.ജി. ഇങ്ങനെ നീക്കുകയും ചെയ്യേണ്ടതിന്റെ അർത്ഥമെന്താണ്? ബജറ്റ് അംഗീകരിക്കുമ്പോൾ സ്വീകരിക്കുന്ന പല കാര്യങ്ങളുമല്ല ചെയ്യുന്നത്; അതൊരു നല്ല ബജറ്റിംഗ് രീതിയല്ല. എന്നുവച്ചാൽ ബജറ്റ് തയ്യാറാക്കുന്നതിന് എല്ലാവരും കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ടെന്നാണ് സൂചിപ്പിക്കുന്നത്. ഈ സപ്ലിമെന്ററി ഡിമാന്റ്സ് പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u> : നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 12,14,05,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 44,93,28,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,41,40,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളുമെന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 50,25,25,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 19,44,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 35,84,06,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 857,61,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,88,89,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 62,91,47,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 36,03,97,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,00,98,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 136,25,31,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 7,50,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 733,59,73,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 910,06,38,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 561,55,10,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 290,11,22,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1960,55,38,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 44,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 47,10,46,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 238,48,89,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 182,33,48,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 50,08,31,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 137,30,39,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 442,55,80,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 81,57,12,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 26,92,58,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,10,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,85,42,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 160,73,37,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 388,27,30,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 58,28,39,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,44,11,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചർച്ച കൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ

മി.സ്പീക്കർ : സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,19,49,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

14,55,78,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 32,83,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 729,76,60,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 227,64,29,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ....... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മാർച്ച് 10-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 2.10-ന് പിരിഞ്ഞു.)

# VI. അനുബന്ധം

## 9-3-2017-ന് മേശപ്പുറത്തുവച്ച ശ്രദ്ധ ക്ഷണിക്കൽ, സബ്മിഷൻ എന്നിവയുടെ മറുപടികൾ

### ശ്രദ്ധ ക്ഷണിക്കൽ

(1) എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ധനസഹായം സംബന്ധിച്ച് ശ്രീ. കെ. കുഞ്ഞിരാമന്റെ ശ്രദ്ധ ക്ഷണിക്കലിന് ബഹു മാനപ്പെട്ട മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടി

"ഞങ്ങളുടെ മരണശേഷം ഈ കുഞ്ഞുങ്ങളെ എന്തു ചെയ്യും?" ഇത് എൻഡോസൾഫാൻ ദുരിതബാധിതപ്രദേശത്തെ അമ്മമാരുടെ ഈ സമൂഹത്തോടുള്ള ചോദ്യമായിരുന്നു. ഈ സർക്കാർ അധികാരത്തിൽവന്നശേഷം കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് പരിഗണനയും ആശ്വാസവും നൽകിയതിലൂടെ അവരുടെ ദുരിതം കുറച്ചെങ്കിലും കുറയ്ക്കുവാൻ കഴിഞ്ഞു എന്ന ചാരിതാർത്ഥ്യമാണുള്ളത്.

2013-ൽ നടത്തിയ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പിൽനിന്ന് തയ്യാറാക്കിയ ദുരിതാബാധിതരുടെ പട്ടികയിൽ ഉൾപ്പെടാത്തതും എന്നാൽ മാരക രോഗങ്ങളുണ്ടെന്ന് കണ്ടെത്തിയവരുമായ 128 പേർക്ക് ഒരുലക്ഷം രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും നൽകി. ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും പൂർണ്ണമായും കിടപ്പിലായവർക്കും ആധുനിക സൗജന്യചികിത്സ ഉറപ്പാക്കുക എന്നതിനാണ് പിന്നീട് ഊന്നൽ നൽകിയത്. ഒരു കേന്ദ്രീകൃത പാലിയേറ്റീവ് കെയർ സെന്റർ അഥവാ ആശുപത്രി അവിടെ സ്ഥാപിക്കേണ്ടതുണ്ട്. നിലവിലുള്ള ചികിത്സാസഹായവും യാത്രാസൗകര്യങ്ങളും മൊബൈൽ യൂണിറ്റുകളും കൂടുതൽ ഫലപ്രദമായി ഉപയോഗിക്കേണ്ടതുണ്ട്. മൂളിയാർ വില്ലേജിൽ ദുരിത ബാധിതർക്കായി 25 കോടി രൂപ എസ്റ്റിമേറ്റ് വരുന്ന 'റീഹാബിലിറ്റേഷൻ വില്ലേജ്' പ്രാവർത്തികമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ശിപാർശകൾ പലതും പ്രാവർത്തികമാക്കാൻ ആവശ്യമായ കേന്ദ്ര സഹായം ഇപ്പോഴും ലഭിച്ചിട്ടില്ല എന്നുള്ളത് ദുരിതബാധിതരുടെ പുനരധിവാസത്തിന് തടസ്സമായി നിൽക്കുകയാണ്. കാസർഗോഡ് ജില്ലയുടെ വികസനത്തിനായി പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് അംഗീകരിച്ചുവെങ്കിലും അതിലേയ്ക്കുള്ള ധനസഹായം യഥാവിധം ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടില്ല. പൂർണ്ണമായി കിടപ്പിലായവർക്ക് അഞ്ച് ലക്ഷം രൂപ, മറ്റു ശാരീരിക വൈകല്യമുള്ളവർക്ക് മൂന്ന് ലക്ഷം രൂപ, മരിച്ചവരുടെ ബന്ധുക്കൾക്ക് അഞ്ച് ലക്ഷം രൂപ, എൻഡോസൾഫാൻ തളിച്ചു തുടങ്ങിയതിനുശേഷം ജനിച്ച ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് അഞ്ച് ലക്ഷം രൂപ എന്നിങ്ങനെയാണ് നഷ്ടപരിഹാരം നൽകുന്നത്. ലഭ്യമായ ഫണ്ടുപയോഗിച്ച് ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹതപ്പെട്ടവർക്ക് 90.25 കോടി രൂപ രണ്ട് ഗഡുക്കളായി നൽകിയിട്ടുണ്ട്.

എൻഡോസൾഫാൻ രോഗബാധിതർക്ക് വിവിധ ആരോഗ്യ കേന്ദ്രങ്ങളിലായി സൗജന്യ സ്പെഷ്യലിസ്റ്റ് ആന്റ് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ, സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി (കിടപ്പിലായ രോഗികളെ നോക്കുന്നവർക്കുള്ള ധനസഹായം), ഫിസിയോ തെറാപ്പി സേവനം, ദുരിതബാധിതരുടെ സൗജന്യ റേഷൻ, ബഡ്സ് സ്കൂളുകൾ, ദുരിതബാധിതരെ ആശുപത്രികളിൽ എത്തിക്കുന്നതിനായി യാത്രാസൗകര്യം, മൊബൈൽ മെഡിക്കൽ യൂണിറ്റ്, വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവ സർക്കാർ ഫണ്ടുപയോഗിച്ചാണ് അനുവദിച്ചുവരുന്നത്. സംസ്ഥാന സർക്കാരിന്റെ ഇത്തരത്തിലുള്ള സേവനത്തെ ബഹുമാനപ്പെട്ട ഹൈക്കോടതി പ്രശംസിച്ചിട്ടുണ്ട്. കേന്ദ്ര ധനസഹായം ലഭ്യമാക്കുന്നതിനായി 2012-ൽ 483 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും ധനസഹായമൊന്നും ലഭ്യമായിട്ടില്ല. ദുരിതബാധിതർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിന് ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവുകൂടി പരിഗണിച്ച് കേന്ദ്ര സഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 14-02-2017-ന് കേന്ദ്രത്തിന് കത്തയച്ചിട്ടുണ്ട്.

(2) ഊർജ്ജസ്രോതസ്സുകളുടെ പ്രയോജനപ്പെടുത്തൽ സംബന്ധിച്ച് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ ശ്രദ്ധ ക്ഷണിക്കലിന് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ.എം. എം. മണി) നൽകിയ മറുപടി

- സംസ്ഥനത്ത് രൂക്ഷമായ വരൾച്ച നിലനിൽക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി സാധാരണഗതിയിൽ പ്രതീക്ഷിച്ചിരുന്ന 750 കോടി യൂണിറ്റ് വൈദ്യുതിയ്ക്കുള്ള വെള്ളത്തിനുപകരം ഉദ്ദേശം 400 കോടി യൂണിറ്റിനുള്ള വെള്ളമേ നമ്മുടെ ഡാമുകളിൽ ലഭിച്ചുള്ളൂ. ഇപ്പോൾ 150 കോടി യൂണിറ്റിനുള്ള വെള്ളമാണ് ശേഷിക്കുന്നത്. ഇത് അടുത്ത കാലവർഷം എത്തുന്ന ജൂൺ മാസംവരെ ഉപയോഗിക്കേണ്ടതായിട്ടുണ്ട്.

- അനുഭവപ്പെടുന്ന കടുത്ത ചൂട് വൈദ്യുതി ഉപഭോഗത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഏപ്രിൽ, മേയ് മാസങ്ങളിൽ ഉപഭോഗം വർദ്ധിക്കും. ഈ നില തുടർന്നാൽ പ്രതിദിനം 8 കോടി യൂണിറ്റ് വൈദ്യുതി വേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

- വരൾച്ച പ്രതീക്ഷിച്ചുകൊണ്ട് കഴിഞ്ഞ ജൂൺ മാസം മുതൽ വൈദ്യുതി ഉൽപ്പാദനത്തിൽ കൃത്യമായ ആസൂത്രണം നടത്താൻ കെ.എസ്.ഇ.ബി.-ക്ക് കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന് പുറത്തുനിന്ന് വാങ്ങുന്നതിനുള്ള കരാറുകൾപ്രകാരം 2016 ഡിസംബർ മുതൽ ലഭിക്കേണ്ടിയിരുന്ന വൈദ്യുതി ജൂൺ മാസം മുതൽതന്നെ നേടിയെടുത്ത് ജലവൈദ്യുതോൽപ്പാദനം കുറയ്ക്കുകയും ഡാമുകളിൽ സാധിക്കാവുന്നത്ര വെള്ളം സംഭരിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടാണ് യഥാർത്ഥ ജലലഭ്യത പകുതിയോളമായി കുറഞ്ഞിട്ടും ഇപ്പോഴും 150 കോടി യൂണിറ്റിനുള്ള വെള്ളം ഡാമുകളിൽ കരുതാൻ കഴിഞ്ഞത്.

• വേനൽക്കാലത്തെ അധിക ഉപഭോഗം കണക്കിലെടുത്ത് പുറത്തുനിന്ന് കൂടുതൽ വൈദ്യുതി ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുറത്തുനിന്ന് വൈദ്യുതി കൊണ്ടുവരുന്നതിന് ആവശ്യമായ പ്രസരണ ലൈനിന്റെ ശേഷിയില്ലായ്മ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുകയുണ്ടായി. അങ്ങനെ 2017 മാർച്ച് 31 വരെ 2110 മെഗാവാട്ട് വൈദ്യുതി കൊണ്ടുവരാനുള്ള ലൈനും കരാറുകളും ഉറപ്പിച്ചിട്ടുണ്ട്. 2017 ഏപ്രിൽ, മേയ് മാസങ്ങളിൽ അധികമായി 200 മെഗാവാട്ടുകൂടി ലഭ്യമാകുമെന്നും പ്രതീക്ഷിക്കുന്നു. പവർ എക്സ്ചേഞ്ചിൽനിന്നും മറ്റും അതതു ദിവസം കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിക്കാനുള്ള സാദ്ധ്യതയുണ്ട്. ഇതും പരമാവധി പ്രയോജനപ്പെടുത്താനാണുദ്ദേശിക്കുന്നത്. ഇക്കാര്യങ്ങളെല്ലാം പ്രതിദിനം നിരീക്ഷിക്കാനും വൈദ്യുതി ലഭ്യത ഉറപ്പുവരുത്താനും വൈദ്യുതി ബോർഡിന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

• മേൽ നടപടികളിലൂടെ മഴക്കുറവും ഉപഭോഗവർദ്ധനവും സൃഷ്ടിക്കുന്ന പ്രതിസന്ധി ഫലപ്രദമായി പരിഹരിക്കാനും ബുദ്ധിമുട്ടില്ലാതെ കൊണ്ടുപോകാനും കഴിയും. എന്നാൽ ഇത്തരം നടപടികൾ അപ്പോഴപ്പോഴുള്ള പ്രതിസന്ധികൾ നേരിടാനേ ഉതകുകയുള്ളൂ. ആത്യന്തികമായി ആഭ്യന്തര വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

• കഴിഞ്ഞ ഇടതുപക്ഷ സർക്കാർ തുടങ്ങിയ പള്ളിവാസൽ, തോട്ടിയാർ, ചാത്തങ്കോട്ടുനട പദ്ധതികൾ 2012-13-ൽ പൂർത്തിയാക്കാൻ കഴിയുമായിരുന്നതാണ്. എന്നാൽ ഈ പ്രവൃത്തികൾ കഴിഞ്ഞ 5 വർഷവും സ്തംഭിച്ചുകിടക്കുകയായിരുന്നു. ഈ പദ്ധതികൾ പുനരാരംഭിക്കാനും സമയബന്ധിതമായി പൂർത്തിയാക്കാനും നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

• ഇതിനുപുറമേ 60 മെഗാവാട്ടിന്റെ 6 പദ്ധതികളുടെ നിർമ്മാണം നടന്നുവരുന്നുണ്ട്. ഈ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കും. 156 മെഗാവാട്ട് ശേഷിവരുന്ന 16 പദ്ധതികളുടെ നിർമ്മാണം അടുത്ത രണ്ട് വർഷത്തിനുള്ളിൽ തുടങ്ങാനുദ്ദേശിക്കുകയാണ്.

• നിലവിലുള്ള പദ്ധതികളുടെ ആധുനികവൽക്കരണവും പുനരുദ്ധാരണവും ശേഷി കൂട്ടലും ആസൂത്രണം ചെയ്ത് സമയബന്ധിതമായി നടപ്പാക്കുന്നതിനും സർക്കാർ വലിയ പ്രാധാന്യം നൽകുന്നു. ഇതിന്റെ ഭാഗമായാണ് ഇടുക്കി പദ്ധതിയുടെ നവീകരണവും ആധുനികവൽക്കരണവും ഏറ്റെടുത്തിട്ടുള്ളത്.

• സോളാർ, കാറ്റ് തുടങ്ങിയ സാദ്ധ്യതകളും പരമാവധി ഉപയോഗിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കാസർഗോഡ് 200 മെഗാവാട്ടിന്റെ ഒരു സോളാർ നിലയത്തിന്റെ പണി നടക്കുകയാണ്. അത് 2017-ൽ പൂർത്തിയാകും. ഇതോടൊപ്പം മറ്റൊരു 200 മെഗാവാട്ട് പദ്ധതികൂടി ഉദ്ദേശിക്കുന്നുണ്ട്. പുരപ്പുറത്ത് സ്ഥാപിക്കുന്ന സോളാർ പാനലുകളിൽക്കൂടി മറ്റൊരു 20 മെഗാവാട്ട് ഉൽപ്പാദനം ഉദ്ദേശിക്കുന്നുണ്ട്.

• ഇടുക്കിയിലെ രാമക്കൽമേട്, പാലക്കാട്ടെ കഞ്ചിക്കോട്, അട്ടപ്പാടി, അഗളി തുടങ്ങിയ സ്ഥലങ്ങളിൽ കാറ്റാടി നിലയങ്ങൾക്ക് സാദ്ധ്യതയുണ്ട്. അതും പരമാവധി ഉപയോഗിക്കും.

• സർക്കാർ ഉടമസ്ഥതയിൽ മാത്രമല്ല സ്വകാര്യ സ്ഥാപനങ്ങളെയും വ്യക്തികളെയും വൈദ്യുതി ഉൽപ്പാദനത്തിൽ പ്രോത്സാഹിപ്പിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇപ്പോൾത്തന്നെ 50 ചെറുകിട ജലവൈദ്യുതി പദ്ധതികളുടെ ടെണ്ടർ നടപടികൾ നടന്നുവരികയാണ്.

• കേരളത്തിൽ താപനിലയങ്ങളുടെ സാദ്ധ്യതയും സർക്കാർ പരിശോധിക്കുന്നുണ്ട്. ആ നിലയിൽ കേരളത്തിന്റെ ഭാവി കണക്കിലെടുത്ത് വലിയൊരു പദ്ധതി നമുക്ക് അനിവാര്യമാണ്.

• ഇക്കാര്യങ്ങളെല്ലാം പരിഗണിക്കുമ്പോഴും പദ്ധതികളിൽനിന്ന് ലഭിക്കുന്ന വൈദ്യുതിയുടെ വില എത്രത്തോളമാകും എന്നതുകൂടി കണക്കിലെടുത്തുവേണം ഏത് പദ്ധതി സ്ഥാപിക്കണമെന്നത് തീരുമാനിക്കേണ്ടത്.

• എൽ.എൻ.ജി. ഉപയോഗിച്ചുള്ള പുതിയ നിലയങ്ങൾ തുടങ്ങുന്നത് സംബന്ധിച്ച ആലോചനകളിലും ഇത് പ്രസക്തമാണ്. എന്നാൽ വാതകത്തിന്റെ വിലയിലെ അനിശ്ചിതത്വവും എടുത്താലും ഇല്ലെങ്കിലും വാതകത്തിന്റെ വില നൽകണമെന്ന കേന്ദ്ര സർക്കാർ വ്യവസ്ഥകളും ഈ സാദ്ധ്യതയ്ക്ക് മങ്ങലേൽപ്പിച്ചിട്ടുണ്ട്. കുറഞ്ഞ വിലയ്ക്ക് ദീർഘകാല കരാറിലൂടെ വാതകം ലഭിക്കുന്നതിന് പരമാവധി ശ്രമം നടത്തുന്നുണ്ട്.

• കായംകുളത്തെ എൻ.ടി.പി.സി. നിലയത്തിന് പ്രതിവർഷം 300 കോടിയോളം രൂപ വൈദ്യുതി ഉപയോഗിക്കാതെതന്നെ നൽകേണ്ടിവരുന്നത് അവിടെനിന്ന് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് താങ്ങാനാകാത്ത വില വരുന്നതുകൊണ്ടാണ്. ഇതേ സ്ഥിതിയുള്ളതുകൊണ്ടാണ് കൊച്ചിയിലെ ബി.എസ്.ഇ.എസ്. നിലയത്തിന്റെ കരാർ പുതുക്കാത്തത്. 2015 ഒക്ടോബറിൽ ഈ സ്ഥാപനവുമായി കെ.എസ്.ഇ.ബി.-ക്കുണ്ടായിരുന്ന കരാർ അവസാനിച്ചു. ആ നിലയത്തിൽ ബാക്കി നിൽക്കുന്ന ഇന്ധനം ഉപയോഗിക്കുന്നതടക്കം ഒരു കാര്യത്തിനും 2015-നുശേഷം കെ.എസ്.ഇ.ബി.ക്ക് ബാദ്ധ്യതയില്ല. ഈ നിലയം ഏറ്റെടുക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. പക്ഷേ അത് കെ.എസ്.ഇ.ബി.-ക്ക് വലിയ ബാദ്ധ്യത സൃഷ്ടിക്കുമെന്നതിനാൽ ഇപ്പോൾ ആലോചിച്ചിട്ടില്ല.

## **സബ്മിഷൻ**

### (1) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംബന്ധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയുടെ സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടി

ഭരണത്തിൽ രണ്ടാംനിരയായി പ്രവർത്തിക്കുന്ന ജീവനക്കാരിൽ പ്രൊഫഷണലുകളുടെ അഭാവവും ഫീൽഡിലെ പരിചയക്കുറവും ഭരണ നിർവ്വഹണത്തിൽ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. വികസന വകുപ്പുകളിൽ പദ്ധതികൾ തയ്യാറാക്കുന്നതിലും അവ നടപ്പാക്കുന്നതിലും വരുന്ന പോരായ്മകൾ

പരിഹരിക്കുവാൻ പുതിയ തലമുറയുടെ സേവനംകൂടി പ്രയോജനപ്പെടുത്താനാണ് കേരള സിവിൽ സർവ്വീസ് രൂപീകരണത്തിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിന് ഉതകുംവിധം ഈ സർവ്വീസിലേയ്ക്ക് പ്രവേശിക്കുന്നതിനുമുമ്പ് പ്രസ്തുത ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനവും പ്രായോഗിക പരിജ്ഞാനവും ലഭ്യമാക്കും. അപ്രകാരമുള്ള നിയമന രീതിയാണ് പ്രധാനമായും ആവിഷ്കരിക്കുക. ഇത് സർക്കാർ അധികാരത്തിൽ വരുമ്പോൾ ജനങ്ങൾക്ക് നൽകിയ വാഗ്ദാനമായിരുന്നു; അതുകൊണ്ടുതന്നെ ഇത് നടപ്പിലാക്കുമെന്നത് സർക്കാരിന്റെ ഉത്തരവാദിത്വവുമാണ്.

സംസ്ഥാനത്ത് നിയമിക്കപ്പെട്ട ഭരണപരിഷ്കാര കമ്മീഷനുകൾ കേരള സിവിൽ സർവ്വീസ് എന്ന നിർദ്ദേശം മുന്നോട്ടുവച്ചിരുന്നു. എന്നാൽ, പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിന് നടത്തിയ ശ്രമങ്ങൾ ഫലപ്രാപ്തിയിലെത്തുകയുണ്ടായില്ല. ഈ സർവ്വീസിലെ ആകെ എണ്ണം നിശ്ചയിക്കുക ഇപ്പോൾ കണ്ടെത്തിയിട്ടുള്ള വകുപ്പുകളിലെ രണ്ടാം ഗസറ്റഡ് തസ്തികയിലെ 10 ശതമാനം ജീവനക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലായിരിക്കും. പ്രചരിപ്പിക്കുന്നതുപോലുള്ള ആശങ്കകൾ സെക്രട്ടേറിയറ്റ് ജീവനക്കാർക്കുണ്ടാകേണ്ട കാര്യമില്ല. സെക്രട്ടേറിയറ്റ് ജീവനക്കാരെ ഒഴിവാക്കുന്നത് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിന് ഗുണകരമാവില്ലെന്നാണ് സർക്കാർ കരുതുന്നത്. സെക്രട്ടേറിയറ്റിലെ രണ്ടാം ഗസറ്റഡ് പോസ്റ്റായ അണ്ടർ സെക്രട്ടറി പോസ്റ്റിന്റെ 10 ശതമാനമാണ് കെ.എ.എസ്.-ലേയ്ക്ക് മാറ്റിവയ്ക്കുക. 150 അണ്ടർ സെക്രട്ടറി പോസ്റ്റുകളാണ് നിലനിൽക്കുന്നതെങ്കിൽ 15 എണ്ണമാണ് ഇതിനുവേണ്ടി നീക്കിവയ്ക്കുക. സെക്രട്ടേറിയേറ്റ് ഇതര സർവ്വീസുകളിൽനിന്നുള്ള തസ്തികകളും കേരള സിവിൽ സർവ്വീസിൽ ഉൾപ്പെടുന്നുണ്ട്. ഇവയിലേയ്ക്കും സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് കടന്നുവരാനുള്ള അവസരമൊരുങ്ങും. ചില തസ്തികകൾ ഇല്ലാതാകുമ്പോൾ മറ്റ് മേഖലയിൽനിന്ന് വരുന്നതിലേയ്ക്ക് സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് എത്തിച്ചേരാനുള്ള സാഹചര്യംകൂടിയുണ്ട്. ഇതുകൂടി പരിഗണിച്ചാൽ ഫലത്തിൽ മേൽപ്പറഞ്ഞ കുറവ് സെക്രട്ടേറിയറ്റിലെ തസ്തികകളെ ബാധിക്കില്ലെന്ന് വ്യക്തമാണ്. മാത്രമല്ല, നാമമാത്രമായ ഈ കുറവ് വരുമ്പോൾ സെക്രട്ടേറിയറ്റിലെ ജീവനക്കാർക്ക് ഐ.എ.എസ്. പോസ്റ്റുകളിലേയ്ക്ക് എത്തുന്നതിനുള്ള സാദ്ധ്യതകൾ തുറന്നുവരികയും ചെയ്യും. ഇത്തരം കാര്യങ്ങൾ ഉൾക്കൊണ്ടുവേണം പ്രശ്നങ്ങളെ കാണേണ്ടത്. ഐ.എ.എസ്. തസ്തികയിലേയ്ക്ക് പ്രൊമോഷൻവഴി നികത്തപ്പെടാവുന്ന ഒഴിവുകളിൽ ഇപ്പോൾ കേരള സിവിൽ സർവ്വീസിൽ ഡെപ്യൂട്ടി കളക്ടർമാർ മാത്രമെ ഉൾപ്പെടുന്നുള്ളൂ. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിലവിൽ വരുന്നതോടെ കെ.എ.എസ്. ആകും കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ്.

സെക്രട്ടേറിയേറ്റിലെ സർവ്വീസ് സംഘടനകളുമായി 13-1-2017-ൽ മുഖ്യമന്ത്രി നേരിട്ടും 15-2-2017-ൽ ചീഫ് സെക്രട്ടറിയും ചർച്ച നടത്തുകയുണ്ടായി. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരംതന്നെ ചട്ടങ്ങൾക്ക് അന്തിമരൂപം നൽകുന്നതിനുമുമ്പ് ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തണമെന്ന് വ്യവസ്ഥയുണ്ട്. ജീവനക്കാരുടെ ആശങ്കകൾ ആ ഘട്ടത്തിൽ പരിശോധിച്ചുമാത്രമേ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ചട്ടങ്ങൾക്ക് അന്തിമരൂപം നൽകുകയുള്ളൂ

(2) ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ സംഭരണകേന്ദ്രം സംബന്ധിച്ച ശ്രീ. എസ്. ശർമ്മയുടെ സബ്മിഷന് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ)നൽകിയ മറുപടി

എറണാകുളം ജില്ലയിൽ എളങ്കുന്നപ്പുഴ പഞ്ചായത്തിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ അധീനതയിലുള്ള ഭൂമിയിൽനിന്നും ലീസ് വ്യവസ്ഥയിൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ഏറ്റെടുത്തിരിക്കുന്ന 30 ഏക്കർ ഭൂമിയിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന എൽ.പി.ജി. പ്ലാന്റിനെതിരെയാണ് പ്രദേശവാസികൾ സമരം നടത്തിവരുന്നത്. പുതുവൈപ്പിനിലെ പദ്ധതിക്ക് ഇന്ത്യൻ ഓയിൽ കോർപറേഷന് കേരള തീരദേശ പരിപാലന അതോറിറ്റി ശിപാർശ ചെയ്തപ്രകാരം 5-7-2010-ൽ കേന്ദ്രസർക്കാരിന്റെ വനം പരിസ്ഥിതി മന്ത്രാലയം പാരിസ്ഥിതികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പാരിസ്ഥിതികാനുമതിയിൽ പദ്ധതിപ്രദേശം കടലിന്റെ വേലിയേറ്റ രേഖയിൽനിന്നും 200 മീറ്ററിനും 300 മീറ്ററിനും ഇടയിലുള്ള സ്ഥലത്താണെന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. എന്നാൽ പദ്ധതിക്കെതിരെ ധാരാളം പരാതികളും പ്രക്ഷോഭങ്ങളും ദേശീയ ഹരിത ട്രിബ്യൂണലിൽ കേസും നിലവിലുണ്ട്.

13-7-2016-ലെ NGT-യുടെ ഉത്തരവനുസരിച്ച് പരിശോധനാസംഘം സ്ഥലം സന്ദർശിക്കുകയും കടൽ ഭിത്തിയിൽനിന്നും ചുറ്റുമതിലിലേയ്ക്കുള്ള അകലം 190 മീറ്ററാണെന്ന് കണ്ടെത്തുകയും ചെയ്തു. എന്നാൽ, 1991-ലെ തീരദേശ വിജ്ഞാപനത്തിലെ ചട്ടങ്ങൾ പ്രകാരം പെട്രോളിയം ഉൽപ്പന്നങ്ങളും ദ്രവീകരിച്ച പ്രകൃതിവാതകങ്ങളും ശേഖരിക്കുന്നതിനും അത് വീണ്ടും വാതകമാക്കുന്നതിനുമുള്ള സംവിധാനം ഒരുക്കുന്നതും CRZ ചട്ടങ്ങൾ അനുസരിച്ച് അനുവദനീയമായ പ്രവൃത്തിയാണ്. ആയതിനാൽ, ഇക്കാര്യത്തിൽ തീരദേശ നിയന്ത്രണ വിജ്ഞാപന പ്രകാരമുള്ള നിയമലംഘനമില്ല. എൽ.പി.ജി. പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സുരക്ഷ സംബന്ധിച്ച ആശങ്കയാണ് പ്രദേശവാസികളുടെ പ്രതിഷേധത്തിന് കാരണമായിട്ടുള്ളത്. എൽ.പി.ജി. സംഭരണ കേന്ദ്രം നിർമ്മിക്കുന്നതിനായി 30-6-2018 വരെ സാധുതയുള്ള ജല-വായു നിയമപ്രകാരമുള്ള കേന്ദ്രീകൃത സ്ഥാപനാനുമതി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനത്തിനിടെ വിവിധ സർക്കാർ

ഏജൻസികളുടെ പരിശോധന നടത്തുകയും യാതൊരു നിയമലംഘനവുമില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്തശേഷം മാത്രമേ മേൽപ്പറഞ്ഞ പദ്ധതി കമ്മീഷൻ ചെയ്യുവാൻ സാധിക്കുകയുള്ളൂ എന്നതിനാൽ യാതൊരുവിധ നിയമലംഘനവും ഈ പദ്ധതിയുടെ നിർമ്മിതിയിലോ നടത്തിപ്പിലോ ഉണ്ടായിരിക്കുന്നതല്ലെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്.

(3) കുടുംബകോടതി സംബന്ധിച്ച് ശ്രീ.കെ. ആൻസലന്റെ സബ്മിഷന് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടി

30 തസ്തികകൾ അനുവദിച്ചുകൊണ്ട് നെയ്യാറ്റിൻകര കുടുംബകോടതി ആരംഭിക്കണമെന്ന ശിപാർശ 29-9-2015-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ആവശ്യം പരിഗണിച്ചുവരുന്നു. കുടുംബകോടതിക്കായി ഒഴിഞ്ഞുകിടക്കുന്ന നെയ്യാറ്റിൻകര പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ പഴയ ഓഫീസ് കെട്ടിടം അനുയോജ്യമായ സ്ഥലമാണെന്നും ഈ കെട്ടിടം ജുഡീഷ്യൽ വകുപ്പിന് കൈമാറണമെന്നും ഹൈക്കോടതി രജിസ്ട്രാർ അറിയിച്ചിരുന്നു. എന്നാൽ പ്രസ്തുത കെട്ടിടത്തിൽ തിരുവനന്തപുരം റൂറൽ എ.ആർ. ഡിറ്റാച്ചുമെന്റ് ക്യാമ്പ് പ്രവർത്തനം ആരംഭിച്ചതിനാൽ കെട്ടിടം കുടുംബകോടതി ആരംഭിക്കുന്നതിന് നൽകാൻ കഴിയില്ലെന്ന് സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ കുടുംബകോടതിക്ക് അനുയോജ്യമായ മറ്റൊരു കെട്ടിടം നിർദ്ദേശിക്കുവാൻ ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(4) കുടിവെള്ള പദ്ധതി സംബന്ധിച്ച് ശ്രീ. സി. മമ്മൂട്ടിയുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) നൽകിയ മറുപടി

വെട്ടം, തലക്കാട് പഞ്ചായത്തുകൾക്കുവേണ്ടിയുള്ള 11.5 എം.എൽ.ഡി. ജല ശുദ്ധീകരണശാലയും 10.5 എം.എൽ.ഡി. ഉന്നതതല ജലസംഭരണിയും നിർമ്മിക്കുവാനായി എസ്.എൽ.എസ്.എസ്.സി. 2013-ൽ ഉൾപ്പെടുത്തി 10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. ഇതിൻപ്രകാരം പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ കേരള വാട്ടർ അതോറിറ്റി ആരംഭിച്ചുവെങ്കിലും ആദ്യത്തെ ടെണ്ടർ പത്രപ്പരസ്യം വിപുലമായ രീതിയിൽ നൽകാതിരുന്നതിനാലും രണ്ടാമത്തെ ടെണ്ടർ കരാറുകാരന് പ്രവൃത്തി പരിചയത്തിലുള്ള കുറവുമൂലവും റദ്ദാക്കേണ്ട സാഹചര്യമുണ്ടായി. തുടർന്ന് മൂന്നാമത്തെ ടെണ്ടർ നടപടികൾ പുരോഗമിക്കവേ കേന്ദ്ര സർക്കാരിന്റെ പുതിയ നിർദ്ദേശപ്രകാരം 25 ശതമാനത്തിൽ കുറവ് പുരോഗതിയുള്ള നിരവധി പദ്ധതികൾക്ക് സംസ്ഥാന സർക്കാരിന്റെ സ്വന്തം ബജറ്റിൽനിന്നും ഫണ്ട് കണ്ടെത്തി പൂർത്തീകരിക്കേണ്ടതാണെന്ന ഉത്തരവ് ലഭിച്ചു.

മേൽപ്പറഞ്ഞ വെട്ടം, തലക്കാട് പദ്ധതി ഇവയിലൊന്നായതിനാൽ ടി കുടിവെള്ള പദ്ധതിക്ക് പുതിയ ഫണ്ട് ലഭ്യമാക്കേണ്ടിയിരിക്കുന്നു. ഇതിനെത്തുടർന്ന് മൂന്നാമത്തെ ടെണ്ടർ റദ്ദുചെയ്യുകയും സമീപ പ്രദേശങ്ങളായ പുറത്തൂർ, മംഗലം, തൃപ്പങ്ങോട് പഞ്ചായത്തുകളെക്കൂടി ഉൾപ്പെടുത്തി ഒരു ബൃഹത് പദ്ധതി പുനർവിഭാവനം ചെയ്ത് ഫണ്ട് ലഭ്യത കണ്ടെത്തി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായുള്ള സർവ്വേ നടപടികൾ പുരോഗമിക്കുന്നു.

### (5) മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സംവരണം നൽകുന്നതുസംബന്ധിച്ച് ശ്രീ. സി. എഫ്. തോമസിന്റെ സബ്മിഷന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ)നൽകിയ മറുപടി

അംഗപരിമിതർക്ക് തുല്യനീതിയും അവസരവും ഉറപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ 1995-ൽ പാസ്സാക്കിയ Person with Disabilities Act പ്രകാരം സർക്കാർ നിയമനങ്ങളിൽ കാഴ്ച വൈകല്യം, ശ്രവണ വൈകല്യം, അസ്ഥി/നാഡീ വൈകല്യം എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് 1:1:1 എന്ന ക്രമത്തിൽ 3% സംവരണം നൽകി വരുന്നു.

Rights of Person with Disabilities Act, 2016 എന്ന പുതിയ കേന്ദ്രനിയമം പാസ്സാക്കിയെങ്കിലും പ്രാബല്യത്തിൽ വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. പ്രസ്തുത ആക്ട് പ്രാബല്യത്തിൽ വരുന്നതിനോടനുബന്ധിച്ച് സംസ്ഥാനത്തും ഇതിനുകീഴിൽ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതാണ്. അതിനെത്തുടർന്ന് ടി നിയമത്തിൽ മാനസിക വെല്ലുവിളി നേരിടുന്ന അംഗപരിമിതർ ഉൾപ്പെടെയുള്ള വിഭാഗങ്ങൾക്ക് വ്യവസ്ഥ ചെയ്തിട്ടുള്ള 4 ശതമാനം സംവരണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിന്റെ ആദ്യപടി എന്ന നിലയിൽ Right of Person with Disabilities Act, 2016 എന്ന പുതിയ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിനും സർക്കാർ അടിയന്തരമായി സ്വീകരിക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുമായി 9-2-2017-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചു ചേർത്ത സാമൂഹ്യനീതി, നിയമം, ഉദ്യോഗസ്ഥ ഭരണപരിഷ്കാരം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാരുടെയും ഉദ്യോഗസ്ഥരുടെയും സംസ്ഥാന വികലാംഗ കമ്മീഷണറേറ്റിലെ ഉദ്യോഗസ്ഥരുടെയും യോഗത്തിൽ അംഗപരിമിതരുടെ സംവരണം 100 പോയിന്റ് റിസർവേഷൻ റോസ്റ്ററിൽ 33, 66, 99 ടേണുകൾക്കു പകരമായി 1, 34, 67 ആയി നിശ്ചയിക്കുന്നതിന്റെ നിയമവശം പഠിക്കുന്നതിന് നിയമവകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാനസിക വെല്ലുവിളി നേരിടുന്ന അംഗപരിമിതരെക്കൂടി ഉൾപ്പെടുത്തുമ്പോൾ അതനുസരിച്ച് ടേണുകൾ പുനഃപരിശോധിക്കുന്നതാണ്.

(6) <u>കാലപ്പഴക്കം ചെന്ന പാലങ്ങൾ പുതുക്കിപ്പണിയുന്നതുസംബന്ധിച്ച ശ്രീ. പുരുഷൻ കടലുണ്ടിയുടെ സബ്മിഷന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ)നൽകിയ മറുപടി</u>

സബ്മിഷനിൽ പ്രതിപാദിച്ചിരിക്കുന്ന റോഡ് എകരൂരിൽനിന്നും ആരംഭിച്ച് കക്കയം ഡാംസൈറ്റ് വരെ എത്തുന്നു. ഇതിന് 31.70 കിലോമീറ്റർ നീളമുണ്ട്. പ്രസ്തുത റോഡിൽ കി.മീ. 3/700-ൽ തെച്ചിക്കടത്തും കി.മീ. 7/300-ൽ താഴെത്തലയാട്ടും നിലവിലുള്ള വീതികുറഞ്ഞ രണ്ട് പാലങ്ങൾ പുതുക്കിപ്പണിയേണ്ടതുണ്ട്. എം.ഡി.ആർ. നിലവാരത്തിലുള്ള റോഡിൽ പ്രസ്തുത പാലങ്ങൾക്ക് നിലവിൽ 4 മീറ്റർ വീതി മാത്രമേയുള്ളൂ. അതുകൊണ്ട് ഈ ഭാഗത്ത് ഒരു 'കുപ്പിക്കഴുത്ത്' രൂപം കൊണ്ടിട്ടുണ്ട്. പ്രസ്തുത പാലങ്ങൾ 40 വർഷത്തിനുമേൽ പഴക്കമുള്ളതാണ്. പാലങ്ങളുടെ കോൺക്രീറ്റ് കൈവരിയുടെ ചില ഭാഗങ്ങൾ ദ്രവിച്ചിട്ടുണ്ട്; കൂടാതെ പാലങ്ങളുടെ രണ്ട് ഭാഗങ്ങളിലുമുള്ള അപ്രോച്ച് റോഡുകളുടെ കരിങ്കൽ ഭിത്തികളും പാർശ്വ കെട്ടുകളും അപകട ഭീഷണിയിലുമാണ്. കോഴിക്കോട് ജില്ലയിലെ ഒരു പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമായ കക്കയം ഡാമിലേയ്ക്ക് ആയിരക്കണക്കിന് സന്ദർശകരാണ് ദിവസേന വന്നുപോയിക്കൊണ്ടിരിക്കുന്നത്. മാത്രമല്ല ഇതൊരു മലയോര പ്രദേശമായതിനാൽ ധാരാളം ഭാരം കയറ്റിയ വാഹനങ്ങൾ ബലക്ഷയമുള്ള ഈ പാലങ്ങളിലൂടെ കടന്നു പോകുന്നുണ്ട്. ഇത് അപകടഭീതി ഉയർത്തുന്നുണ്ട്. ആയതിനാൽ ഈ പാലങ്ങൾ പുതുക്കിപ്പണിയേണ്ടത് അത്യാവശ്യമാണ്. കി.മീ. 3/700-ലുള്ള പാലം പുതുക്കിപ്പണിയുന്നതിന് ഏകദേശം 140 ലക്ഷം രൂപയും 7/300-ലുള്ളതിന് 175 ലക്ഷം രൂപയും ആവശ്യമായി വരും. ഈ രണ്ട് പാലങ്ങളുടെയും പ്രവൃത്തി ഉൾപ്പെടെ പ്രസ്തുത റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനായി 15 കോടി രൂപയുടെ പ്രൊപ്പോസൽ 2017-18-ലെ ബജറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. പാലങ്ങൾക്കുള്ള ഇൻവെസ്റ്റിഗേഷൻ തയ്യാറാക്കി ഡിസൈൻ പൂർത്തിയായതിനു ശേഷം തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

(7) <u>അന്യസംസ്ഥാനത്തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. മുഹമ്മദ് മുഹസിൻ പി.യുടെ സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) നൽകിയ മറുപടി</u>

കേരളത്തിൽ തൊഴിൽ തേടിയെത്തുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിന് ഈ സർക്കാർ മുന്തിയ പരിഗണനയാണ് നൽകുന്നത്. ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിലേയ്ക്കായി 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി എന്ന പേരിൽ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതര സംസ്ഥാനത്തൊഴിലാളികളിൽ 18 വയസ്സ് പൂർത്തിയായവരും 60 വയസ്സ് കഴിയാത്തവരുമായിട്ടുള്ളവർക്ക് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം.

ടി ക്ഷേമപദ്ധതിപ്രകാരം അപകട ആശ്വാസ സഹായം, ചികിത്സാ സഹായം, ടെർമിനൽ ബെനിഫിറ്റ്, വിദ്യാഭ്യാസ ആനുകൂല്യം, സാധാരണ മരണാനന്തര ധനസഹായം, അപകട മരണ ധനസഹായം, ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം, പ്രസവ ധനസഹായം തുടങ്ങിയ ആനുകൂല്യങ്ങൾ നൽകിവരുന്നു. കൂടാതെ ഇതര സംസ്ഥാനത്തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 'ആവാസ്' എന്ന പദ്ധതിയിൻകീഴിൽ ആരോഗ്യ ഇൻഷ്വറൻസിനൊപ്പം 2 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസുകൂടി ഉൾപ്പെടുത്തുന്നതാണെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് 2-3-2017-ലെ സ.ഉ.(സാധാ) നമ്പർ 274/2017/തൊഴിൽ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(8) <u>വിദേശമദ്യ വിൽപ്പനശാലകൾ മാറ്റുന്നതുസംബന്ധിച്ച് ശ്രീ. അനിൽ അക്കരയുടെ സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) നൽകിയ മറുപടി</u>

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 15-12-2016-ലെ സി.എ 12164-12166/2016 നമ്പർ ഉത്തരവുപ്രകാരം ദേശീയ/സംസ്ഥാന പാതയോരങ്ങളിൽ നിന്നും 500 മീറ്റർ പരിധിക്കുള്ളിൽ സ്ഥിതിചെയ്യുന്ന വിദേശമദ്യ വിൽപ്പനശാലകൾ 31-3-2017-ന് മുൻപായി ദൂരപരിധി പാലിക്കുന്ന കെട്ടിടങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ സംസ്ഥാന പാതയോരത്ത് സ്ഥിതിചെയ്തിരുന്ന എഫ്.എൽ.-1 8013 നമ്പർ തിരൂർ ബിവറേജസ് ഔട്ട്ലെറ്റ് മാറ്റി സ്ഥാപിക്കുന്നതിനായാണ് ദേശീയപാതയിൽനിന്നും 3.5 കിലോ മീറ്റർ മാറി അവണ്ണൂർ പഞ്ചായത്തിലെ 03/28 നമ്പരായുള്ള ശ്രീ. എം. സുഗേഷ് എന്നയാളുടെ കെട്ടിടം കണ്ടെത്തിയത്. ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശിക്കുന്ന ദൂരപരിധിയും അബ്കാരി നിയമങ്ങളും പാലിക്കുന്നതിനാൽ ടി കെട്ടിടത്തിന് എക്സൈസ് ലൈസൻസ് ലഭിക്കുന്നതിന് KSBC അപേക്ഷ നൽകുകയുണ്ടായി. എന്നാൽ ഈ കെട്ടിടം നിശ്ചിത എല്ലുകയ്ക്ക് പുറത്തായതിനാൽ ഇതുവരെ എക്സൈസ് വകുപ്പ് ലൈസൻസ് അനുവദിച്ചിട്ടില്ല.

കൺസ്യൂമർഫെഡിന്റെ വടക്കാഞ്ചേരിയിൽ പ്രവർത്തിക്കുന്ന വിദേശമദ്യ ചില്ലറ വിൽപ്പനശാല പൂതുരുത്തി എന്ന ഒറ്റപ്പെട്ട സ്ഥലത്തേയ്ക്ക് മാറ്റാനാണുദ്ദേശിക്കുന്നത്. ഈ കെട്ടിടം ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശിക്കുന്ന ദൂരപരിധിയും അബ്കാരി നിയമങ്ങളും പാലിക്കുന്നവയാണ്. എന്നാൽ ഈ കെട്ടിടത്തിലേയ്ക്ക് എഫ്.എൽ.-1 ലൈസൻസ് മാറ്റുന്നതിനുള്ള അപേക്ഷ ഇതുവരെ കൺസ്യൂമർഫെഡ് എക്സൈസ് വകുപ്പിന് സമർപ്പിച്ചിട്ടില്ല.

ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശിക്കുന്ന ദൂരപരിധിയും അബ്കാരി നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ട് ഷോപ്പുകൾ മാറ്റി സ്ഥാപിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(9) ആർസനിക്കിന്റെ സാന്നിദ്ധ്യം സംബന്ധിച്ച് ശ്രീ. പി. ടി. തോമസിന്റെ സബ്മിഷന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടി

ബഹുമാനപ്പെട്ട അംഗത്തിന്റെ സബ്മിഷനിൽ ഉന്നയിച്ച വിഷയം ലഭ്യമായ സമയംകൊണ്ട് ഗൗരവമായി പരിശോധിക്കുകയുണ്ടായി. എന്നാൽ ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിനെ ഉദ്ധരിച്ചുകൊണ്ടുള്ള പഠനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ ആ പഠനങ്ങളെ സംബന്ധിച്ച് പ്രത്യേക പരിശോധന നടത്താൻ സാധിച്ചിട്ടില്ല.

ആർസനിക് എന്നത് പ്രകൃതിദത്തമായി രൂപപ്പെടുന്ന വിഷമയമായ രാസപദാർത്ഥങ്ങളുടെ ലോഹസങ്കരമാണ്. ഇത് മായം ചേർക്കലല്ല. മണ്ണിലും വെള്ളത്തിലും വായുവിലും ചെറിയ അളവിൽ കണ്ടുവരുന്നു. ആർസനിക് രാസപദാർത്ഥങ്ങൾ ജലത്തിൽ ലയിച്ച് മണ്ണിലൂടെ ചെടികളിലേയ്ക്ക് ആഗീരണം ചെയ്യപ്പെടുന്നു. ഇതുമൂലം ധാന്യങ്ങളിലും പച്ചക്കറികളിലും രാസവിഷാംശങ്ങൾ കാണപ്പെടുന്നു. സാധാരണയായി ഭൂഗർഭജലം കൃഷിക്കായി ഉപയോഗിക്കുന്ന പ്രദേശങ്ങളിലാണ് മണ്ണിലും ഭക്ഷ്യവിളകളിലും ആർസനിക് അംശം കണ്ടുവരുന്നത്. ആർസനിക് കലർന്ന മണ്ണിൽ നിരന്തരം പണിയെടുക്കുകയും ഈ രാസപദാർത്ഥം ഉൾക്കൊള്ളുന്ന ഭക്ഷ്യ വസ്തുക്കൾ ആർസനിക് കലർന്ന വെള്ളത്തിൽ പാചകം ചെയ്ത് നിരന്തരം ഭക്ഷിക്കുകയും ചെയ്യുന്നവരിലാണ് രോഗങ്ങൾ ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുള്ളത്. കേരളത്തിൽ അങ്ങനെയൊരു സാഹചര്യമില്ല. അരിയുടെ കാര്യത്തിൽ അന്തർദ്ദേശീയമായി അംഗീകരിക്കപ്പെട്ടിട്ടുള്ള ആർസനിക് റേഞ്ച് ഒരു കിലോഗ്രാമിൽ 0.08 മുതൽ 0.20 മില്ലിഗ്രാംവരെ എന്നതാണ്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഭക്ഷ്യ സുരക്ഷാ ചട്ടങ്ങൾ പ്രകാരം ഇത് ഒരു കിലോഗ്രാമിന് 0.80 മില്ലിഗ്രാം വരെയാകാം

കേന്ദ്ര കൃഷി മന്ത്രാലയം 2014 ഡിസംബറിൽ സംസ്ഥാന സർക്കാരുകൾക്ക് അയച്ച കത്തിൽ ഇന്ത്യയിലെ 10 സംസ്ഥാനങ്ങളിലെ 86 ജില്ലകളിൽ ഭൂഗർഭജലം ജലസേചനത്തിന് ഉപയോഗിക്കുന്നതിലൂടെ ആർസനിക് പദാർത്ഥങ്ങൾ ഭക്ഷ്യ ശൃംഖലയിൽ എത്തുന്നതിനാൽ ഇതിന്റെ കാഠിന്യം കുറയ്ക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്. കൃഷി മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങളിൽ ഭൂഗർഭജലം ഉപയോഗിച്ച് നടത്തുന്ന ശൈത്യകാല നെൽക്കൃഷി

(നവംബർ മുതൽ മേയ് വരെ) നിരുത്സാഹപ്പെടുത്തണമെന്നും ഉമിയിലും തവിടിലുമാണ് ആർസനിക് അംശം കൂടുതലെന്നതിനാൽ നെല്ല് വേവിച്ച് അരിയാക്കി ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കണമെന്നും പറയുന്നു.

സംസ്ഥാന സർക്കാർ കൺസ്യൂമർഫെഡ് കൺസോർഷ്യത്തിലൂടെ ബംഗാളിൽനിന്നും കൊണ്ടുവന്നിരിക്കുന്നത് സ്വർണ്ണ മസൂറി ഇനത്തിലുള്ള അരിയാണ്. മഴക്കാലത്ത് താഴ്ന്ന പ്രദേശങ്ങളിൽ കൃഷി ചെയ്യുന്ന നെല്ലിനമാണ് സ്വർണ്ണ. മഴക്കാലത്ത് കൃഷി ചെയ്ത് വിളവെടുക്കുന്ന നെല്ലിൽ നിന്നുണ്ടാക്കുന്ന അരിയിൽ ആർസനിക് പദാർത്ഥങ്ങൾ ദോഷകരമായ തോതിൽ അടങ്ങിയിട്ടില്ല എന്ന് കട്ടക്കിലെ ദേശീയ നെല്ല് ഗവേഷണകേന്ദ്രം ഡയറക്ടറിൽനിന്നും ബംഗാൾ കാർഷിക സർവ്വകലാശാല പ്രൊഫസർ ഡോ. കല്ലോൽ ഭട്ടചാര്യയിൽനിന്നും വിവരം ലഭിച്ചിട്ടുണ്ട്. മാത്രമല്ല ബസുമതി ഇതര അരി കയറ്റുമതി ചെയ്യുന്ന പ്രധാനപ്പെട്ട സംസ്ഥാനമാണ് ബംഗാൾ. ലോകവ്യാപാര സംഘടന നിർദ്ദേശിച്ചിട്ടുള്ള ശുചിത്വ മനാദണ്ഡങ്ങൾ പാലിച്ചുൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് മാത്രമേ കയറ്റുമതി അനുമതി ലഭിക്കുകയുള്ളൂ എന്നതും ഇവിടെ പ്രസക്തമാണ്. ബംഗാളിൽനിന്നും സിംഗപ്പൂർ, ദക്ഷിണാഫ്രിക്ക, മിഡിൽ ഈസ്റ്റ് തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് വലിയ തോതിൽ സ്വർണ്ണ ഇനത്തിൽപ്പെട്ട അരി കയറ്റുമതി ചെയ്യുന്നുണ്ട്. 2015-16 സാമ്പത്തിക വർഷം ഇന്ത്യയിൽ നിന്നും 66.66 ലക്ഷം മെട്രിക് ടൺ ബസുമതി ഇതര അരി കയറ്റുമതി ചെയ്തിട്ടുള്ളതായി ഇന്ത്യാ ഗവൺമെന്റിന്റെ വാണിജ്യ-വ്യവസായ മന്ത്രാലയം കണക്കുകൾ പുറത്തുവിട്ടിട്ടുണ്ട്.

കേരളത്തിൽ അരിയുമായി ബന്ധപ്പെട്ട് ആർസനിക് വിഷാംശങ്ങൾ ഹാനികരമായ തോതിൽ കണ്ടെത്തിയിട്ടില്ലെന്ന് കാർഷിക സർവ്വകലാശാലയുടെ റേഡിയോളജി വിഭാഗത്തിന്റെ ചുമതല വഹിക്കുന്ന ഡോ. പി. സുരേഷ് കുമാർ അറിയിച്ചിട്ടുണ്ട്. കേരളത്തിൽ ഉപയോഗിക്കുന്ന അരി സുരക്ഷിതമാണെന്ന കാര്യത്തിൽ സംശയമില്ല. മാത്രമല്ല, പരമ്പരാഗതമായി നമ്മുടെ വീടുകളിൽ അരി പാചകം ചെയ്യുന്നതിന് മുമ്പായി വെള്ളത്തിൽ നന്നായി കഴുകുകയും നല്ലതുപോലെ വേവിച്ച് കഞ്ഞിവെള്ളം ഊറ്റിക്കളയുകയും ചെയ്യുന്നതിനാൽ ആർസനിക് അംശം ഒരു വിധത്തിലും ശരീരത്തെ ബാധിക്കുകയില്ല എന്നതാണ് കാർഷിക സർവ്വകലാശാലാ വിദഗ്ദ്ധരുടെ അഭിപ്രായം. എന്നിരുന്നാലും, കേരളത്തിലെ ജനങ്ങളുടെ ഭക്ഷണ ആരോഗ്യ കാര്യങ്ങളിൽ യാതൊരുവിധ സംശയങ്ങൾക്കും ആശങ്കകൾക്കും ഭീതികൾക്കും ഇടയാകുന്ന ഒരു സാഹചര്യവുമുണ്ടാകാൻ ഈ സർക്കാർ ആഗ്രഹിക്കുന്നില്ല. ഇക്കാരണത്താൽ ബംഗാളിൽനിന്നും കൊണ്ടു വന്നിട്ടുള്ള അരി സാമ്പിളുകൾ ആർസനിക് പരിശോധകൾക്കായി NABL

അക്രെഡിറ്റേഷനുള്ള ലാബിൽ നൽകിയിരുന്നു. പരിശോധനാ റിപ്പോർട്ടുപ്രകാരം കൺസ്യൂമർഫെഡ് വിതരണം ചെയ്യുന്ന സ്വർണ്ണ അരിയിൽ കിലോഗ്രാമിന് 0.102 മില്ലിഗ്രാം മാത്രം ആർസനിക്കാണ് കണ്ടെത്തിയിട്ടുള്ളത്. ആഗോളമാനദണ്ഡമായ 0.20 മില്ലിഗ്രാമിലും ദേശീയ മാനദണ്ഡമായ 0.80 മില്ലിഗ്രാമിലും വളരെ കുറഞ്ഞ അളവ് മാത്രമാണിത്. ആകയാൽ കേരളത്തിൽ ഇപ്പോൾ വിതരണം ചെയ്യുന്ന അരിയുടെ കാര്യത്തിൽ ആശങ്കയ്ക്ക് അടിസ്ഥാനമില്ല. ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്ന വിഷാംശങ്ങൾ ഈ അരിയിലില്ല.

ഇവിടെ അവതരിപ്പിച്ച ഉപക്ഷേപത്തിന് രാഷ്ട്രീയമായ ഒരു മാനംകൂടിയുള്ളതായി ഞാൻ കണക്കാക്കുന്നു. കേരളത്തിലെ പൊതുവിപണിയിൽ അരിവില ക്രമാതീതമായി ഉയരുന്ന സാഹചര്യം മുൻനിർത്തിയാണ് അരിവില നിയന്ത്രണത്തിന് സംസ്ഥാന സർക്കാർ കൺസ്യൂമർഫെഡ് കൺസോർഷ്യം രൂപീകരിച്ച് രംഗത്തുവരുന്നത്. 2017 മാർച്ച് 10-നകം കേരളത്തിലെ അരിവിപണിയിൽ കുറഞ്ഞ നിരക്കിൽ അരി എത്തിക്കുമെന്നും ഇതിനായി ബംഗാളിൽനിന്നും അരികൊണ്ടു വരുമെന്നും സർക്കാർ ഈ സഭ മുമ്പാകെ 2-3-2017-ന് ഉറപ്പുനൽകിയിരുന്നു. ആ ഉറപ്പ് 2017 മാർച്ച് 6-ാം തീയതി സാക്ഷാൽക്കരിക്കാൻ കഴിഞ്ഞതിൽ പ്രതിപക്ഷം അസ്വസ്ഥരാണ്. പ്രതിപക്ഷം മാത്രമല്ല കേരളത്തിലെ അരി വിപണി നിയന്ത്രിച്ചിരുന്ന കള്ളക്കച്ചവടക്കാരും പൂഴ്ത്തിവയ്പുകാരും കരിഞ്ചന്തക്കാരും വിവിധ ലോബികളും അസ്വസ്ഥരാണ്. അരി ലോബികളുടെ അസ്വസ്ഥതകളുടെ പ്രതിഫലനമാകാം ഈ സമയത്ത് ഇത്തരമൊരു ഉപക്ഷേപത്തിലൂടെ പ്രതിപക്ഷം അവതരിപ്പിച്ചിരിക്കുന്നതെന്ന് ഞാൻ ന്യായമായും സംശയിക്കുന്നു. പ്രതിപക്ഷം മനസ്സിലാക്കേണ്ട മറ്റൊരു വസ്തുതകൂടിയുണ്ട്. കാലങ്ങളായി കേരള ജനത പൊതുവിതരണ സമ്പ്രദായത്തിലൂടെ ലഭിക്കുന്ന അരിയാണുപയോഗിക്കുന്നത്. കേരളത്തിന് ആവശ്യമുള്ള മൊത്തം അരിയുടെ 50-60 ശതമാനത്തോളം ഈ രീതിയിലാണ് ലഭിച്ചുവരുന്നത്. ഈ അരി കേരളത്തിലല്ല ഉൽപ്പാദിപ്പിക്കുന്നതെന്ന് നമുക്കേവർക്കും അറിയാം. ബംഗാൾ, ബീഹാർ, ഉത്തർ പ്രദേശ്, ആന്ധ്രാ പ്രദേശ്, കർണ്ണാടകം, തമിഴ്നാട്, ഒറീസ്സ തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നും ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ സംഭരിക്കുന്ന അരിയാണ് നാം ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഈ അരിക്കൊന്നും ഇല്ലാത്ത വിഷാംശം എങ്ങനെ കൺസ്യൂമർഫെഡ് മുഖാന്തരം ബംഗാളിൽനിന്നും കൊണ്ടുവരുന്ന അരിയിൽ ഉണ്ടാകുമെന്നത് നിങ്ങൾ വിലയിരുത്തണം. സംസ്ഥാന സർക്കാർ ഇന്നാട്ടിലെ ജനങ്ങളെ സംരക്ഷിക്കുന്നതിനും വിവിധ പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹാരം കാണുന്നതിനും പ്രതിജ്ഞാബദ്ധമാണ്. ആകയാൽ, അത്തരമൊരു ഉദ്യമത്തെ നിക്ഷിപ്ത

താല്പര്യക്കാർക്കും അഴിമതിക്കാർക്കും ഒപ്പംനിന്ന് തുരങ്കം വയ്ക്കാതെ, ജനങ്ങളെ ഭീതിയിലേയ്ക്ക് തള്ളിവിടാതെ പ്രതിപക്ഷം സർക്കാരിനൊപ്പം നിൽക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

(10) വന്യമൃഗശല്യം സംബന്ധിച്ച ശ്രീ. ബി. ഡി. ദേവസ്സിയുടെ സബ്മിഷന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു)നൽകിയ മറുപടി

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി നിയോജകമണ്ഡലത്തിൽപ്പെടുന്ന വാഴച്ചാൽ വനം ഡിവിഷനിലെ ആദിവാസി കോളനികളെല്ലാംതന്നെ വനത്തിനകത്ത് സ്ഥിതിചെയ്യുന്നവയാണ്. വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് നിലവിൽ കോളനികൾക്ക് ചുറ്റും സൗരോർജ്ജ വേലികൾ നിർമ്മിച്ചിട്ടുള്ളതാണ്. ഭൂരിഭാഗം സൗരോർജ്ജ വേലികളും അറ്റകുറ്റപ്പണികളുടെ അഭാവത്തിൽ വേണ്ടവിധം പ്രവർത്തിക്കാത്ത അവസ്ഥയിലാണ്. തവളക്കുഴിപ്പാറ സെറ്റിൽമെന്റ് ഉൾപ്പെടെയുള്ള കോളനികൾക്കു ചുറ്റുമുള്ള സൗരോർജ്ജ വേലികളുടെ അറ്റകുറ്റപ്പണികൾക്കായുള്ള അടങ്കലുകൾ വിവിധ വനസംരക്ഷണ സമിതികളിൽ നിന്നും ലഭ്യമാക്കി അംഗീകരിച്ച് നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷംതന്നെ മുഴുവൻ പ്രവൃത്തികളും പൂർത്തിയാക്കുന്നതാണ്.

ആനക്കയം കോളനിയിൽ പുലിയിറങ്ങിയത് ഒറ്റപ്പെട്ട സംഭവമാണ്. ആയതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം നൽകുന്നതുൾപ്പെടെയുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൊകലപ്പാറ ആദിവാസി കോളനി പ്രദേശത്ത് സ്ഥിരമായി കരടിയുടെ സാന്നിദ്ധ്യമുണ്ടായിട്ടില്ല. ഇത്തരത്തിലുള്ള വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം കാണുന്നമുറയ്ക്ക് വനം വകുപ്പ് ജീവനക്കാരുടെ സമയോചിതമായ ഇടപെടലുകളിലൂടെ അവയെ കാടിനകത്തേയ്ക്ക് കയറ്റി വിടുന്നതിനുള്ള പ്രവൃത്തികൾ ശരിയായ രീതിയിൽ ചെയ്തുവരുന്നുണ്ട്. വന്യമൃഗങ്ങൾക്ക് കുടിവെള്ളലഭ്യത ഉറപ്പു വരുത്തുന്നതിനായി വാഴച്ചാൽ വനം ഡിവിഷനിലെ വിവിധ പ്രദേശങ്ങളിലുള്ള 12 ചെക്ക് ഡാമുകളും 26 കുളങ്ങളും വൃത്തിയാക്കുകയും പുതിയ 2 കുളങ്ങൾ ഈ സാമ്പത്തിക വർഷം നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. വാഴച്ചാൽ വനം ഡിവിഷനിൽ വന്യജീവികളുടെ ആക്രമണത്തിന് വിധേയരായവർക്കുള്ള ചികിത്സാ ധനസഹായം നിലവിലെ വ്യവസ്ഥകൾക്കനുസരിച്ച് യഥാസമയം നൽകി വരുന്നുണ്ട്. നഷ്ട പരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി പരിഗണിച്ചുവരുന്നു. കൂടാതെ പട്ടയമില്ലാത്ത ഭൂമിയിൽ കാലങ്ങളായി താമസിച്ചുവരുന്നവർക്ക് വന്യജീവി ആക്രമണംമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് നിയമഭേദഗതി വേണ്ടതിനാൽ ആയത് പരിശോധിക്കേണ്ടതായുണ്ട്. നിയമപരമായി തോട്ടങ്ങൾക്ക് ലീസ് കൊടുത്ത ഭൂമിയിലെ ലയങ്ങളിൽ

താമസിക്കുന്നവർക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്നതിന് നിലവിൽ തടസ്സങ്ങളില്ല. പാലക്കാട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനം തൃശ്ശൂർ ജില്ലയിലും വിനിയോഗിച്ചുവരുന്നു. തൃശ്ശൂർ കേന്ദ്രമായി ഒരു റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. വാഴച്ചാൽ വനം ഡിവിഷനിൽ പുഴ-വനസംരക്ഷണ നിധി ഉപയോഗിച്ച് ഒരു ആംബുലൻസ് വാങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

ചാലക്കുടി ഡിവിഷനുകീഴിലുള്ള വാളറക്കുത്ത് പ്രദേശത്ത് സ്ഥലപരിശോധന നടത്തി തടയണ നിർമ്മിക്കുവാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ആയത് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഈ ഡിവിഷനു കീഴിലുള്ള ശാസ്താംപൂവ്വം, വെട്ടിക്കുഴി-പാരാംപാറ, വെട്ടിക്കുഴി-വൈശ്ശേരി, പിള്ളപ്പാറ എന്നീ ആദിവാസി കോളനി പ്രദേശങ്ങളിൽ സൗരോർജ്ജവേലി നിർമ്മിച്ചിട്ടുണ്ട്. വെട്ടിക്കുഴി മുതൽ കണ്ണൻകുഴി വരെയുള്ള പ്രദേശത്ത് സൗരോർജ്ജവേലി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ചാലക്കുടി വനം ഡിവിഷനിലെ പരിയാരം റേഞ്ചിലെ കരിക്കൊട്ടാലി-രാമവർമ്മ മേഖലയിലും വെള്ളിക്കുളങ്ങര റേഞ്ചിലെ നായാട്ടുകുണ്ടുമേഖലയിലും സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചിട്ടുണ്ട്. ഇതുകൂടാതെ കനകമല മേഖലയിൽ ചെയിൻലിങ്ക് ഫെൻസിംഗും ആനപ്പാന്തം കോളനിയോടുചേർന്ന് സൗരോർജ്ജ കമ്പിവേലിയും നിർമ്മിച്ചിട്ടുണ്ട്. മോതിരകണ്ണി മേഖലയിൽ പഞ്ചായത്ത് മുഖാന്തരം സൗരോർജ്ജ കമ്പിവേലി നിർമ്മിക്കുന്നതിനായി അടങ്കൽ തയ്യാറാക്കുകയും പഞ്ചായത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി ഡിവിഷനിലെ ചെക്ക് ഡാമുകൾ വൃത്തിയാക്കുകയും 6 പുതിയ വാട്ടർഹോളുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

വാഴച്ചാൽ വനം ഡിവിഷനിൽപ്പെടുന്ന മലക്കപ്പാറ മേഖലയിൽ തൊട്ടടുത്ത പ്രദേശമായ ഇടമലയാറിൽ നിന്ന് കാട്ടാനകൾ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമൂലം മലക്കപ്പാറയിലെ തോട്ടംതൊഴിലാളികളുടെ ലയങ്ങൾ, മറ്റു കെട്ടിടങ്ങൾ എന്നിവയ്ക്ക് നാശം സംഭവിക്കുന്നത് തടയുന്നതിനായി 24 മണിക്കൂറും ജാഗരൂഗരായിരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വന്യമൃഗങ്ങളെ ആകർഷിക്കുന്ന പൈനാപ്പിൾ മുതലായ വിളകൾ വനാതിർത്തിയോട് ചേർന്ന് കൃഷി ചെയ്യുന്നത് ഒഴിവാക്കുന്നതിന് കർഷകരെ ബോധവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ചാലക്കുടി, വാഴച്ചാൽ ഡിവിഷനുകളിൽ ആദിവാസി കോളനികളിലും മറ്റും വന്യജീവികൾ അതിക്രമിച്ച് കടക്കുന്നത് തടയാനായി ആദിവാസി വിഭാഗത്തിൽപ്പെട്ട വാച്ചർമാരുടെ സേവനം ഫലപ്രദമായി ഉപയോഗിച്ചുവരുന്നു.

വന്യജീവി ആക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടെ പ്രതിരോധ പ്രവർത്തനങ്ങൾക്കായി ജനജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിക്കുകയും ഇതിനായി 7-2-2017-ലെ നമ്പർ 21/2017/വനം പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. വന്യജീവി ആക്രമണത്തെ പ്രതിരോധിക്കാനായി നിർമ്മിച്ചുവരുന്ന സൗരോർജ്ജ കമ്പിവേലി, ആന പ്രതിരോധ കിടങ്ങുകൾ തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലാകാലങ്ങളിൽ വേണ്ട അറ്റകുറ്റപ്പണികൾ നടത്തുന്നുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടത് ജനജാഗ്രതാ സമിതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഒന്നാണ്. ജനജാഗ്രതാ സമിതികൾ രൂപീകരിക്കുന്ന നടപടികൾ നടന്നു വരികയാണ്.

(11) <u>അന്താരാഷ്ട്ര വനിതാദിനം സംബന്ധിച്ച ശ്രീ. സി. കെ. ശശീന്ദ്രന്റെ സബ്മിഷന് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടി</u>

സാർവ്വദേശീയ വനിതാ ദിനത്തോടനുബന്ധിച്ച് ബഹുമാനപ്പെട്ട പ്രധാനമന്ത്രി പങ്കെടുത്ത ദേശീയ സമ്മേളനത്തിൽ കേരളത്തിൽ നിന്നുള്ള മൂന്ന് സ്ത്രീകൾക്ക് അവരുടെ മതപരമായ ആചാരം ഉപേക്ഷിക്കാൻ നിർബന്ധിതമാകുന്ന അവസ്ഥയുണ്ടായി എന്നത് അത്യന്തം നിർഭാഗ്യകരമാണ്; പ്രതിഷേധാർഹമാണ്.

പഞ്ചായത്ത് പ്രസിഡന്റുമാരായ സ്ത്രീകൾക്കാണ് ഈ അനുഭവമുണ്ടായത്. ഇങ്ങനെയുള്ളവർക്ക് ഈ അനുഭവമുണ്ടായാൽ മറ്റുള്ളവർക്ക് എന്തു ദുരനുഭവമാണുണ്ടാകുക എന്നതും ആലോചിക്കേണ്ടതാണ്. മതപരമായ ആചാരങ്ങൾ പുലർത്താൻ ഭരണഘടന എല്ലാ അവകാശവും നൽകുന്നുണ്ട്. ആ ഭരണഘടനാ അവകാശം ലംഘിക്കപ്പെട്ടു. ഇനി മതകാര്യം മാറ്റി വയ്ക്കുക; ഏതു വസ്ത്രം ധരിക്കണമെന്ന് നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യം ഏതു പൗരനുമുണ്ട്. ആ അവകാശവും ലംഘിക്കപ്പെട്ടു. അതിനുമപ്പുറം ധരിച്ച ശിരോവസ്ത്രം അഴിപ്പിക്കുക എന്നത് സ്ത്രീത്വത്തിനെതിരായ അപമാനവും അധിക്ഷേപവുമാണ്. അതായത്, മതവിശ്വാസാധികാരം, വസ്ത്രധാരണാധികാരം, സർവ്വോപരി സ്ത്രീയുടെ അഭിമാനം കാത്തു സൂക്ഷിക്കാനുള്ള അവരുടെതന്നെ അധികാരം ഇവയൊക്കെ ധ്വംസിക്കപ്പെട്ടിരിക്കുകയാണ്. ഇതെല്ലാം ധ്വംസിക്കപ്പെട്ടതാകട്ടെ, രാജ്യത്തിന്റെ പ്രധാനമന്ത്രിയുടെ സാന്നിദ്ധ്യത്തിലായിരുന്നു എന്നതാണ് ഏറ്റവും ഗൗരവതരമായ കാര്യം. സ്വച്ഛ് ഭാരത് വിഷയത്തിൽ കേരളം മറ്റു സംസ്ഥാനങ്ങളെയപേക്ഷിച്ച് വളരെ മുമ്പിലായതിനാൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം മികവു പുലർത്തിയ 13 തദ്ദേശസ്ഥാപന ജനപ്രതിനിധികളെ ആദരിക്കാനാണ് ഡൽഹിയിലേയ്ക്ക് ക്ഷണിച്ചത്. എന്നാൽ ആദരിക്കുന്നതിനുപകരം അപമാനിക്കുകയാണുണ്ടായത്.

ഹിന്ദിയിൽ സംസാരിക്കാൻ പ്രാപ്തരായവർക്ക് മുൻനിരയിലിരിക്കാനവസരം നൽകിയിട്ടുണ്ടെന്ന് പറഞ്ഞു. എന്നാൽ ആ വാക്കും ലംഘിക്കപ്പെട്ടു. കേരളത്തിൽ നിന്നുള്ളവർക്കു സംസാരിക്കാൻ അവസരം നൽകിയില്ല. കേവലം രാഷ്ട്രീയ വിവേചനമായി മാത്രം കാണേണ്ട കാര്യമല്ല ഇത്. അതിനപ്പുറം സംസ്ഥാനത്തിനെതിരായ വിവേചനമാണ്. ഭരണഘടനയുടെ ഫെഡറൽ സ്പിരിറ്റിന്റെകൂടി ലംഘനം ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതും പ്രതിഷേധാർഹമാണ്. വേർതിരിച്ചിരുത്തി എന്നതടക്കമുള്ള കാര്യങ്ങൾ വേറെയുമുണ്ട്. എന്തായാലും മൊത്തത്തിൽ പൗരാവകാശത്തിന്റെ, ഭരണഘടനാവകാശത്തിന്റെ, സ്ത്രീത്വാഭിമാനത്തിന്റെ, ജനാധിപത്യാവകാശത്തിന്റെയൊക്കെ ലംഘനമാണിത്. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ സാന്നിദ്ധ്യത്തിലാണിത് എന്നതു ഗൗരവം വർദ്ധിപ്പിക്കുന്നു. രാജ്യം ഏത് അന്ധകാരത്തിലേയ്ക്കാണ് കടന്നെത്തുന്നത് എന്നതിന്റെ സൂചനകൂടി അടങ്ങിയിട്ടുണ്ട് ഈ സംഭവത്തിൽ. മതനിരപേക്ഷ ജനാധിപത്യ കക്ഷികൾ ജാഗ്രതയോടെ ഇരിക്കേണ്ടതിന്റെ ആവശ്യകതയെ ഇവിടെ വീണ്ടും ഓർമ്മിപ്പിക്കുന്നു.